# പൊന്നാനിയുടെ
# സാമൂഹികസാംസ്ക്കാരികചരിത്രം

**(സംശോധിതപ്പതിപ്പ്)**

**കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി**
**ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന പ്രബന്ധം**

**ഫസീല ടി. എ.**

**ഗവേഷണ കേന്ദ്രം**
**മലയാളവിഭാഗം**
**ശ്രീ കേരളവർമ്മ കോളേജ്**
**തൃശൂർ**

**ജനുവരി 2020**

# SOCIO-CULTURAL HISTORY OF PONNANI

(Corrected Copy)

*Thesis submitted to the University of Calicut for the Degree of Doctor of Philosophy*


**FASEELA T.A.**

Research Centre
Department of Malayalam
Sree Kerala Varma College Thrissur


January 2020

ഡോ. എൻ. അനിൽകുമാർ
അസ്സോസിയേറ്റ് പ്രൊഫസർ (റിട്ടയേഡ്)
റിസർച്ച് ഗൈഡ്, മലയാളവിഭാഗം
ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ 11

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി മലയാളം ബിരുദത്തിനായി സമർപ്പിക്കുന്ന *പൊന്നാനിയുടെ സാമൂഹികസാംസ്ക്കാരിക ചരിത്രം* എന്ന ഈ പ്രബന്ധം ഫസീല ടി.എ. എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തൃശൂർ

07.01.2020

ഡോ. എൻ. അനിൽകുമാർ

Dr. N. ANILKUMAR
Research Supervisor
P.G Dept. of Malayalam & Research Centre
Sree keralavarma CollegeThrissur
Kanattukara.P.O., Thrissur-680 011

ഡോ. എം. ആർ. രാജേഷ്

മലയാള  വിഭാഗം അദ്ധ്യക്ഷൻ,

ഗവേഷണ സഹമാർഗ്ഗദർശി,

ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ 11

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി മലയാളം ബിരുദത്തിനായി സമർപ്പിക്കുന്ന *പൊന്നാനിയുടെ സാമൂഹികസാംസ്ക്കാരിക ചരിത്രം* എന്ന ഈ പ്രബന്ധം ഫസീല ടി.എ. എന്റെ സഹമാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തൃശൂർ

07.01.2020

ഡോ. എം.ആർ. രാജേഷ്

Dr RAJESH M R
HOD, PG DEPT. OF
MALAYALAM & RESEARCH CENTRE
SREE KERALA VARMA COLLEGE
THRISSUR - 680 011

ഫസീല ടി.എ.

ഗവേഷക

മലയാളവിഭാഗം

ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ

# സത്യപ്രസ്താവന

*പൊന്നാനിയുടെ സാമൂഹികസാംസ്ക്കാരികചരിത്രം* എന്ന ഈ ഗവേഷണപ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും സർവകലാശാലയുടേയോ അതുപോലെയുള്ള സ്ഥാപനത്തിന്റേയോ ബിരുദത്തിനോ മറ്റ് അംഗീകാരത്തിനോ സമർപ്പിച്ചിട്ടുള്ളതല്ലെന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു.



തൃശൂർ

ഫസീല ടി. എ.

07.01.2020

# കൃതജ്ഞത

*പൊന്നാനിയുടെ സാമൂഹികസാംസ്ക്കാരികചരിത്രം* എന്ന വിഷയത്തിലുള്ള എന്റെ ഗവേഷണത്തിന്റെ ഓരോ ഘട്ടത്തിലും ആവശ്യം വേണ്ട നിർദ്ദേശങ്ങളും തിരുത്തലുകളും പ്രോത്സാഹനവും നൽകിയ എന്റെ പ്രിയഗുരുനാഥനും മാർഗ്ഗ ദർശിയുമായ ഡോ.എൻ. അനിൽകുമാർ മാഷിനോടുള്ള നന്ദി വാക്കുകൾക്കതീതമാണ്.

ഈ ഗവേഷണം പൂർത്തിയാക്കാൻ വേണ്ട ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകിയ എന്റെ സഹമാർഗ്ഗദർശി ഡോ.എം.ആർ. രാജേഷ് മാഷിനേയും നന്ദിയോടെ ഓർക്കുന്നു. ശ്രീ കേരളവർമ്മ കോളേജ് പ്രിൻസിപ്പാൾ ജയദേവൻ മാഷ്, മലയാളവിഭാഗത്തിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

ഈ ഗവേഷണത്തിനുവേണ്ട എല്ലാ സഹായങ്ങളും നൽകിയ പ്രേമലത ടീച്ചർ, കാവുമ്പായി മാഷ്, പ്രസന്നൻ മാഷ്, കൃഷ്ണ ടീച്ചർ, പ്രകാശ് ബാബു മാഷ്, സെബാസ്റ്റ്യൻ മാഷ്, പ്രിയ ടീച്ചർ, സുപ്രിയ ടീച്ചർ, മിഥുൻ, വാസുദേവൻ, ഭാഗ്യനാഥ് മേനോൻ, പ്രമോദ് മാഷ്, ബിപിൻ മാഷ്, സുധീന്ദ്രൻ മാഷ്, ഉഷചേച്ചി ഇവരോടെല്ലാമുള്ള നന്ദിയും സ്നേഹവും ഹൃദയത്തിൽ സൂക്ഷിയ്ക്കുന്നു. ഡോ. പ്രിയദർശിനി, ഡോ. കെ.ജി. രാധാകൃഷ്ണൻ, പ്രൊഫ. എൻ. ഗോകുൽദാസ് മാഷ് എന്നിവരോടും എനിക്ക് കടപ്പാടുണ്ട്. ദത്തശേഖരണത്തിനുവേണ്ടി സഹായിച്ച പൊന്നാനിയിലെ എന്റെ പ്രിയസുഹൃത്തുക്കൾക്കും നാട്ടുകാർക്കും നന്ദി. ഈ ഗവേഷണത്തിന്റെ വഴിയിൽ എല്ലാ സഹകരണങ്ങളും നൽകിയ എന്റെ കുടുംബാംഗങ്ങൾ, കൂട്ടുകാരൻ കെ.വി. വിവിധ്, കേരളസാഹിത്യ അക്കാദമി, അപ്പൻ തമ്പുരാൻ ലൈബ്രറി, ശ്രീ കേരളവർമ്മ കോളേജ് ലൈബ്രറി, സാങ്കേതികസഹായം നൽകിയ ടോറസ് ക്രിയേറ്റീവ് ഹബിലെ രേഷ്മ ഇവരെയെല്ലാം പ്രത്യേകം സ്മരിക്കുന്നു.

പ്രബന്ധരചനയുടെ വ്യത്യസ്തഘട്ടങ്ങളിൽ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിയ എല്ലാ പ്രിയപ്പെട്ടവർക്കും മനസ്സുനിറഞ്ഞ നന്ദി.

ഫസീല ടി.എ.

# ഉള്ളടക്കം

**ആമുഖം**

**അദ്ധ്യായം ഒന്ന് പൊന്നാനിയുടെ ചരിത്രവർത്തമാനങ്ങൾ** 1–40

1.1 പ്രാദേശികചരിത്രരചന

1.1.1 പ്രാദേശികചരിത്രത്തിന്റെ നിർവ്വചനങ്ങൾ

1.1.2 ചരിത്രരചനയുടെ ഉപാദാനങ്ങൾ

1.2 പൊന്നാനിയുടെ ചരിത്രം: ഉപാദാനങ്ങളും മുൻരചനകളും

1.2.1 പുരാവസ്തുപഠനങ്ങൾ: പര്യവേഷണങ്ങളും ഉത്ഖനനങ്ങളും

1.2.2 ഗ്രന്ഥവരികൾ

1.2.3 സഞ്ചാരികളുടെ കുറിപ്പുകൾ

1.2.4 സംഘംകൃതികൾ

1.2.5 മധ്യകാലസാഹിത്യം

1.2.6 ഔദ്യോഗിക റിപ്പോർട്ടുകൾ

1.2.7 ആധുനികകൃതികളും പൂർവപഠനങ്ങളും

1.2.8 വാമൊഴിപാരമ്പര്യം

1.3 പഠനഭൂമിക

1.3.1 പൊന്നാനിയുടെ അതിരുകൾ

1.3.2 പൊന്നാനിയുടെ ഭൂമിശാസ്ത്രം

1.4 ചരിത്രത്തിലെ പൊന്നാനി

1.5 പൊന്നാനിയുടെ സാമൂഹികഘടന

കുറിപ്പുകൾ

**അദ്ധ്യായം രണ്ട് പൊന്നാനി എന്ന തുറമുഖപ്പട്ടണം** 41–75

2.1 പൊന്നാനിത്തുറമുഖത്തിന്റെ പ്രാധാന്യം

2.1.1 മലബാറിലെ തുറമുഖങ്ങൾ

2.1.2 ഭാരതപ്പുഴയുടെ അഴിമുഖം

2.1.3 പൊന്നാനിത്തുറമുഖവും പാലക്കാട് ചുരവും

2.1.4 അറബികളും പൊന്നാനിത്തുറമുഖവുമായുള്ള വ്യവഹാരികബന്ധം

2.2 തിണ്ടിസ് എന്ന തൊണ്ടിപ്പട്ടണം

2.2.1 യവനസഞ്ചാരികളുടെ തിണ്ടിസ്

2.2.2 സംഘംകൃതികളിലെ തൊണ്ടിപ്പട്ടണം

2.2.3 തിണ്ടിസ് പൊന്നാനിയോ പന്തലായിനിയോ?

2.3 സാമൂതിരിയുടെ നാവികാസ്ഥാനം
2.3.1 പൊന്നാനി കീഴടക്കൽ
2.3.2 പോർച്ചുഗീസ്കാലത്തെ പൊന്നാനി
2.3.3 കുഞ്ഞാലിമരയ്ക്കാർമാർ
2.4 പൊന്നാനിത്തുറമുഖത്തിന്റെ പതനം
കുറിപ്പുകൾ
**അദ്ധ്യായം മൂന്ന് പൊന്നാനിയുടെ വാണിജ്യപാരമ്പര്യം 76–130**
3.1 പ്രാദേശികചരിത്രത്തിലെ അങ്ങാടിവഴികൾ
3.1.1 മധ്യകാലകേരളത്തിലെ അങ്ങാടികൾ
3.1.2 മണിപ്രവാളത്തിലെ അങ്ങാടിവർണന
3.2 പൊന്നാനിയിലെ വാണിജ്യകേന്ദ്രങ്ങൾ
3.2.1 പൊന്നാനി അങ്ങാടി
3.2.2 പൊന്നാനി മീൻചന്ത
3.2.3 മാറഞ്ചേരി ചന്ത
3.2.4 കണ്ണപ്പ് വാണിഭം
3.2.5 കണ്ണേങ്കാവിൽ ഉത്സവവാണിഭം
3.2.6 പൂരാടവാണിഭം
3.3 പൊന്നാനിയുടെ സമ്പദ്ഘടന
3.3.1 കാർഷികവ്യവസ്ഥയിൽനിന്നും കച്ചവടത്തിലേക്ക്
3.3.1.1 ചരക്കുപാതകളും കച്ചവടകേന്ദ്രങ്ങളും
3.3.1.2 വിപണിയും സമൂഹവും
3.3.2 കച്ചവടപാരമ്പര്യത്തിന്റെ അസ്തമനകാലങ്ങൾ
കുറിപ്പുകൾ
**അദ്ധ്യായം നാല് കടലോരജീവിതം 131–168**
4.1 മത്സ്യത്തൊഴിലാളികൾ
4.1.1 തൊഴിലുപാധികളും തൊഴിൽവൈവിധ്യങ്ങളും
4.1.2 മത്സ്യത്തൊഴിലാളികളുടെ ജീവിതം
4.2 പത്തേമാരിക്കാലം
4.2.1 പത്തേമാരികളും കച്ചവടവും
4.2.2 മഞ്ചിത്തൊഴിലാളികളുടെ ജീവിതം
4.3 തീരദേശത്തെ സ്ത്രീജീവിതങ്ങൾ
കുറിപ്പുകൾ
**അദ്ധ്യായം അഞ്ച് പൊന്നാനിയുടെ സാമുദായികജീവിതം 169–259**
5.1 കേരളത്തിലെ മക്ക
5.1.1 മഖ്ദൂമും പൊന്നാനിയും
5.1.2 പൊന്നാനിയിലെ മുസ്ലീങ്ങൾ
5.1.3 പൊന്നാനിയിലെ 'അകം' ജീവിതം
5.2 പൊന്നാനിയുടെ ബ്രാഹ്മണപാരമ്പര്യം

5.2.1 ബ്രാഹ്മണഗ്രാമങ്ങളും കൂറുമത്സരവും
5.2.2 പൊന്നാനിയിലെ ബ്രാഹ്മണഗൃഹങ്ങൾ
5.3 പൊന്നാനിയിലെ ഇതരജാതിസമൂഹങ്ങൾ
5.3.1 നായാടികൾ
5.3.2 പടന്ന സമുദായം
5.3.3 കാർഷിക സമൂഹത്തിനകത്തെ ജാതിബന്ധങ്ങൾ
5.3.4 നായർ-അമ്പലവാസി-തിയ്യ സമുദായങ്ങൾ
5.4 പൊന്നാനിയിലെ സാമുദായികജീവിതം
5.4.1 മുസ്ലീം നവോത്ഥാനവും പൊന്നാനിയും
5.4.2 നമ്പൂതിരി നവോത്ഥാനത്തിന്റെ ഈറ്റില്ലം
5.4.3 മതേതരജീവിതം
കുറിപ്പുകൾ
**അദ്ധ്യായം ആറ് സാഹിത്യം, കല, രാഷ്ട്രീയം 260–350**
6.1 പൊന്നാനിക്കളരിയുടെ സാംസ്ക്കാരിക ഭൂമിക
6.1.1 വള്ളത്തോൾ കമ്പനി
6.1.2 പൊന്നാനിക്കളരി
6.1.3 പൊന്നാനിയിലെ നാടകപ്രസ്ഥാനം
6.1.4 പൊന്നാനിക്കളരിയുടെ തുടർച്ച
6.2 പൊന്നാനിയിലെ അറബിമലയാളസാഹിത്യം
6.2.1 മാലപ്പാട്ടുകൾ
6.2.2 ഖിസ്സപ്പാട്ടുകൾ
6.2.3 കല്ല്യാണപ്പാട്ടുകൾ
6.2.4 പൊന്നാനിയുടെ ഗാനപാരമ്പര്യം
6.3 പൊന്നാനിയിലെ കലാരൂപങ്ങൾ
6.3.1 ആയോധനകലയിലെ വ്യത്യസ്ത സമ്പ്രദായങ്ങൾ
6.3.2 ചിത്രകലാപാരമ്പര്യം
6.3.3 നാടൻകലകൾ
6.4 പൊന്നാനിയിലെ രാഷ്ട്രീയം
6.4.1 പൊന്നാനിയിലെ ദേശീയപ്രസ്ഥാനം
6.4.2 സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ പൊന്നാനിയിൽ
6.5 പൊന്നാനിയുടെ സാംസ്കാരികമണ്ഡലം രാഷ്ട്രീയത്തിലും സാഹിത്യത്തിലും
കുറിപ്പുകൾ
**ഉപദർശനം 351–367**
**ഗ്രന്ഥസൂചി 368–377**
**ആവേദകസൂചി 378–381**
**അനുബന്ധങ്ങൾ 382–436**
1– പൊന്നാനിയിലെ വിവിധ സമൂഹങ്ങളുടെ പാട്ടുകൾ 382–390
2. ചിത്രങ്ങൾ 391–436

# ആമുഖം

ചരിത്രം ഭൂതകാലത്തെ സംബന്ധിച്ച അന്വേഷണമാണ്. ചരിത്രപഠനത്തിന്റെ ചരിത്രത്തിന് നൂറ്റാണ്ടുകളോളം പഴക്കമുണ്ടെങ്കിലും ഭൂതകാലത്തിൽ നിന്നും കണ്ടെത്തേണ്ടത് അവിടത്തെ അധികാരവർഗത്തിന്റെ നാൾവഴിക്കണക്കുകൾ മാത്രമല്ലെന്നും ജനജീവിതത്തിന്റെ വിശദാംശങ്ങളാണെന്നുമുള്ള കാഴ്ചപ്പാടിന് അധികം പഴക്കമില്ല. വലിയ സാമ്രാജ്യങ്ങളുടേയും ആധുനിക ദേശരാഷ്ട്രങ്ങളുടേയും അതിർത്തികളുപേക്ഷിച്ച് ചെറിയ പ്രദേശങ്ങളുടെ ചരിത്രമന്വേഷിച്ചുതുടങ്ങുന്നതും അടുത്ത കാലത്ത് തന്നെയാണ്. ചരിത്രപഠനത്തെ കുറിച്ചുള്ള ഇത്തരം പുതിയ കാഴ്ചപ്പാടുകൾ പ്രാദേശികമായ സാമൂഹിക സാംസ്കാരിക ചരിത്രപഠനത്തിന് വഴിവെച്ചു. കേരളത്തിലെ പൗരാണിക നഗരങ്ങളിലൊന്നായ പൊന്നാനിയുടെ സാമൂഹിക സാംസ്കാരിക ചരിത്രം അന്വേഷിക്കാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിയ്ക്കുന്നത്. കേരളത്തിന്റേയും മലബാറിന്റേയും ചരിത്രത്തിൽ അതീവപ്രാധാന്യമുള്ള പ്രദേശമാണ് പൊന്നാനി. നാഗരികതയുടെ ദീർഘകാലത്തെ ചരിത്രവും അതിന്റെ രാഷ്ട്രീയ പ്രാധാന്യവുമെല്ലാം പൊന്നാനിയുടെ ചരിത്രപഠനത്തെ സവിശേഷമാക്കുന്നു.

### പഠന ലക്ഷ്യം

കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ തനതായ മുദ്ര പതിപ്പിച്ച പൊന്നാനി എന്ന പ്രദേശത്തിന്റെ ചരിത്രാന്വേഷണമാണ് 'പൊന്നാനിയുടെ സാമൂഹിക സാംസ്കാരിക ചരിത്രം' എന്ന പ്രബന്ധത്തിന്റെ ലക്ഷ്യം. ക്ലാസിക്കൽ ചരിത്രരചനയിൽ ഈ പ്രദേശം അടയാളപ്പെടുത്തുന്നത് എങ്ങനെയെല്ലാമാണ് എന്ന അന്വേഷണങ്ങൾക്കപ്പുറം അതിനു പിന്നിലെ കാരണങ്ങളിലേക്കും പ്രബന്ധം കടന്നു ചെല്ലുന്നുണ്ട്. പൊന്നാനിയുടെ രാഷ്ട്രീയചരിത്രം അതിനു ചുറ്റുമുമള്ള ലോകവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതുമാത്രമല്ല, അവിടത്തെ സാമൂഹിക സാംസ്കാരിക

മണ്ഡലം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും അതിനെ നിർണയിച്ച പ്രധാന ഘടകങ്ങളെന്തെല്ലാമാണെന്നും ഈ പ്രബന്ധത്തിലൂടെ അന്വേഷിക്കുന്നു.

**പഠന മേഖല**

പൊന്നാനിയുടെ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ നിരവധി മേഖലകളിൽ ഈ പഠനം ശ്രദ്ധ ചെലുത്തുന്നു. ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, വൈദേശിക വിനിമയങ്ങൾ, ആഭ്യന്തര വാണിജ്യം, തൊഴിൽസംസ്കാരങ്ങൾ, സാമുദായിക ബന്ധങ്ങൾ, കലാ-സാഹിത്യ മേഖലകൾ എന്നിവ അവയിൽ പ്രധാനപ്പെട്ടതാണ്. ഈ മേഖലകളൊന്നും തന്നെ പരസ്പരബന്ധമില്ലാതെ വേർതിരിച്ച് മനസ്സിലാക്കാൻ സാധിക്കുന്നവയല്ല. ഭൂമിശാസ്ത്രപരമായ സവിശേഷതകളും സാമുദായിക ബന്ധങ്ങളും തൊഴിൽമേഖലയിൽ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്. കലാ-സാഹിത്യ രംഗങ്ങളിൽ മറ്റെല്ലാമേഖലകളുടേയും പ്രതിഫലനം ദൃശ്യമാണ്. ഈ പാരസ്പര്യങ്ങളെ ഉൾക്കൊണ്ടുതന്നെയാണ് പൊന്നാനിയെ സംബന്ധിച്ച വിവിധ മേഖലകളിലേക്ക് ഈ പഠനം വികസിപ്പിച്ചിട്ടുള്ളത്.

**പഠന പ്രസക്തി**

ആഗോളവത്കരണവും അത് വഴിവെച്ച ആഗോളരാഷ്ട്രവും ചെറുതും തനതുമായി നിലനിൽക്കുന്ന എന്തിനേയും അപ്രസക്തമാക്കാൻ ശ്രമിക്കുന്ന കാലത്ത് പ്രാദേശിക ചരിത്രം എന്നത് കേവലം ചരിത്രാന്വേഷണങ്ങൾക്കപ്പുറത്ത് ഒരു പ്രതിരോധ പ്രവർത്തനമായി മാറുന്നുണ്ട്. ലോകം മുഴുവൻ ചെറുകിട ഉത്പാദകരും വിതരണക്കാരും തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ, ഒരു കാലത്ത് മധ്യകേരളത്തിന്റെ വാണിജ്യനഗരമായിരുന്ന പൊന്നാനിയിലെ ചന്തകളേയും അങ്ങാടികളേയും കുറിച്ചുള്ള പഠനത്തിൽ പ്രതിരോധത്തിന്റെ ചില സാധ്യതകൾ ദൃശ്യമാകുന്നുണ്ട്. അതിനോടൊപ്പം, പോർച്ചുഗീസുകാർ മുതൽ ബ്രിട്ടീഷുകാർ വരെ സാമ്രാജ്യത്വ മോഹവുമായി ഇവിടേക്ക് വന്ന ഓരോരുത്തരോടും കലഹത്തിലേർപ്പെട്ട പൊന്നാനിയിലെ മുസ്ലീം സമുദായത്തിന്റെ ചരിത്രവും അന്വേഷണവിധേയമാക്കുന്നുണ്ട്. അത്തരത്തിൽ പ്രാദേശികമായ സാമൂഹിക ജീവിതങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക് വലിയ പ്രാധാന്യം കൈവരുന്ന സാഹചര്യത്തിലാണ് പൊന്നാനി എന്ന പ്രദേശത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രം പഠനത്തിനായി തെരഞ്ഞെടുക്കുന്നത്.

പൊന്നാനി എന്ന പ്രദേശത്തിന്റെ ചരിത്രപ്രസക്തി തുടർന്നും നിരവധി പഠനങ്ങൾക്കുള്ള സാധ്യത അതിന്റെ ചരിത്രാന്വേഷണത്തിൽ തുറന്നുവെക്കുന്നുണ്ട്. പൊന്നാനിയിലെ ആഭ്യന്തരവാണിജ്യത്തെക്കുറിച്ചുള്ള പഠനം താലൂക്ക് അതിർത്തികൾക്കകത്ത് മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ പലഭാഗങ്ങളിലേക്കും ഭാരതപ്പുഴയുടെ വടക്കുദേശങ്ങളിലേക്കും നീളുന്ന വാണിജ്യ പാതകളെ സംബന്ധിച്ചുള്ള പഠനം അനിവാര്യമാണ്. പൊന്നാനിയിലെ സ്ഥലനാമങ്ങളിൽ ധാരാളമായി ഇത്തരം വാണിജ്യപാതകളുമായുള്ള ബന്ധം കാണാം. പൊന്നാനി താലൂക്കിലെ സ്ഥലനാമചരിത്രം കൂടുതൽ സാധ്യതകളുള്ള പഠന മേഖലയാണ്. പൊന്നാനി തീരദേശത്തെ ജനജീവിതവുമായി ബന്ധപ്പെട്ട പഠനങ്ങളാണ് പ്രസക്തമായ മറ്റൊരു മേഖല. ഭൂമിശാസ്ത്രപരമായി വ്യത്യസ്തതകളില്ലെങ്കിലും സാമൂഹികവും സാംസ്കാരികവുമായി വേറിട്ടു നിൽക്കുന്ന നിരവധി ദേശങ്ങളായാണ് ഇവിടത്തെ തീരദേശവാസികൾ ജീവിക്കുന്നത്. അവരുടെ വൈവിധ്യങ്ങളെ മനസ്സിലാക്കാൻ സവിശേഷമായ അന്വേഷണങ്ങൾ അനിവാര്യമാണ്.

**പഠന രീതി**

ലോകത്തിന്റെ ചരിത്രം അതിനുള്ളിലെ ചെറുദേശങ്ങളുടെ ചരിത്രത്തെ കൂടാതെ പൂർണ്ണമാകില്ലെന്നും ദേശങ്ങളുടെ ചരിത്രം അവിടത്തെ നാടുവാഴികളുടെ നാൾവഴിക്കണക്കുകൾക്കപ്പുറത്ത് ജനതയെ കൂടാതെ കണ്ടെത്താനാകില്ലെന്നുമുള്ള തിരിച്ചറിവാണ് പ്രാദേശിക ചരിത്രപഠനത്തിനാധാരം. വ്യത്യസ്ത പ്രദേശങ്ങൾ തമ്മിലോ അതിനകത്തെ സമൂഹങ്ങൾ തമ്മിലോ ഉള്ള വ്യത്യാസങ്ങളെ അവഗണിക്കുന്ന സമീപനങ്ങളോടുള്ള പ്രതിഷേധം കൂടിയാണ് പ്രാദേശിക ചരിത്രരചന. പ്രാദേശിക ചരിത്രാന്വേഷണ രചനയ്ക്കകത്തെ സാമൂഹിക സാംസ്കാരിക ചരിത്രത്തിന്റെ രീതിശാസ്ത്രമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പൊന്നാനിയെ ചരിത്ര പ്രധാനമാക്കുന്ന വ്യത്യസ്ത ഘടകങ്ങളെ പാഠങ്ങളായി സ്വീകരിച്ചുകൊണ്ട് വിശകലനം ചെയ്യാനും അവയെ പരസ്പരം ബന്ധിപ്പിക്കാനും ഇവിടെ ശ്രമിക്കുന്നു. ചരിത്ര വിശകലനത്തിന്റെ ഏതെങ്കിലും സിദ്ധാന്തങ്ങളുപയോഗിച്ച് പൊന്നാനിയെ മനസ്സിലാക്കാനല്ല സമഗ്രമായ അതിന്റെ ചരിത്രവായനക്കുവേണ്ടി സിദ്ധാന്തങ്ങളെ ഉപയോഗിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ പഠനത്തിനായി ഉപയോഗിക്കുന്ന ഉപാദാനങ്ങളിലും അതിന്റെ വിശകലന രീതികളിലും വൈവിധ്യം ദൃശ്യമാണ്.

**പഠന പരിമിതി**

പൊന്നാനിയുടെ സാമൂഹിക സാംസ്കാരിക സവിശേഷതകളെ പൂർണമായി മനസ്സിലാക്കാൻ അങ്ങാടിയോ തീരപ്രദേശമോ മാത്രം കേന്ദ്രീകരിച്ചുകൊണ്ടുള്ള പഠനങ്ങൾ അപര്യാപ്തമാണ്. എന്നാൽ പൊന്നാനി താലൂക്കിനെ മുഴുവനായി പഠന വിധേയമാക്കുമ്പോൾ അതിന്റെ ഭൂമിശാസ്ത്രപരമായ വലിപ്പവും വൈവിധ്യവും തടസ്സമാകുന്നു. ഭൂമിശാസ്ത്രപരമായ ഈ പ്രത്യേകതയാണ് പൊന്നാനിയെ സംബന്ധിച്ച ചരിത്രപഠനത്തിൽ നേരിട്ട പ്രധാന പരിമിതി.

ഭാരതപ്പുഴയുടേയും അറബിക്കടലിന്റേയും തീരസാന്നിധ്യം പൊന്നാനിയുടെ ചരിത്രത്തിൽ പ്രധാനമാണ്. എന്നാൽ ചരിത്രാന്വേഷണത്തിൽ നേരിടുന്ന വലിയ പരിമിതികളിലൊന്ന് ഈ തീരസാന്നിധ്യം തന്നെയാണ്. പുഴവഴികളിലും കടൽ തീരങ്ങളിലുമെല്ലാം കാലാകാലങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ ചരിത്രപഠനത്തിൽ പ്രതിസന്ധി തീർക്കുന്നവയാണ്. ഈ മേഖലയിലെ പൂർവ്വപഠനങ്ങളുടെ അഭാവം പൊന്നാനിയെ കുറിച്ചുള്ള അന്വേഷണങ്ങളിലും വിടവുകൾ സൃഷ്ടിക്കുന്നു.

കേരളചരിത്രത്തിൽ തന്നെ പെരുമാൾ ഭരണകാലത്തിന്റെ അവസാനവും നാടുവാഴി ഭരണങ്ങളുടെ ആരംഭവും കുറിക്കുന്ന നൂറ്റാണ്ടുകളെ കുറിച്ച് അതിനു മുൻപും പിമ്പുമുള്ള നൂറ്റാണ്ടുകളെ അപേക്ഷിച്ച് തെളിവുകൾ കുറവാണ്. പൊന്നാനിയെക്കുറിച്ച് പഠിക്കുമ്പോഴും ഈ കാലഘട്ടത്തിന്റെ വിവരണങ്ങൾ കുറവായിപ്പോകുന്നു. വേണ്ടത്ര ഉപാദാനങ്ങൾ ഇല്ലാത്തതാണ് ഇവിടെ പ്രശ്നമെങ്കിൽ നിലവിലുള്ള ഉപാദാനങ്ങൾ പോലും പഠനത്തിന് ലഭ്യമല്ലാത്തതും പരിമിതിയാകുന്നുണ്ട്. ചരിത്രപഠനത്തിന് ഉതകുന്ന സ്രോതസ്സുകൾ പലതും സ്വകാര്യസ്വത്തായി കരുതി അടച്ചുസൂക്ഷിക്കുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്.

**പൂർവ്വകാല പഠനങ്ങൾ**

മലബാറിലെ മാപ്പിളസമുദായത്തിന്റെ ചരിത്രാന്വേഷണങ്ങളിലാണ് പൊന്നാനി എന്ന പ്രദേശത്തെ സംബന്ധിച്ച ആദ്യകാല പഠനങ്ങൾ ദൃശ്യമാകുന്നത്. പ്രൊഫ. വി. അബ്ദുറഹിമാൻ രചിച്ച 'മാപ്പിളചരിത്രശകലങ്ങൾ' ഇക്കൂട്ടത്തിലെ ആദ്യപുസ്തകമാണ്. ടി വി അബ്ദുറഹ്മാൻ കുട്ടി രചിച്ച 'പൊന്നാനി പൈതൃകവും നവോത്ഥാനവും' എന്ന പുസ്തകവും പൊന്നാനിയുടെ ചരിത്രപ്രാധാന്യത്തെ തുറന്നുകാട്ടുന്ന പഠനങ്ങളിലൊന്നാണ്. ഒരു ദേശത്തിന്റേയോ അല്ലെങ്കിൽ സമുദായത്തിന്റേയോ

വിശാലമായ ചരിത്രത്തിൽ പൊന്നാനി എന്ന പ്രദേശം എങ്ങനെയെല്ലാം അടയാളപ്പെടുത്തപ്പെടുന്നത് എന്ന അന്വേഷണമാണ് ഈ രണ്ടു പഠനങ്ങളിലും നടക്കുന്നത്. പൊന്നാനിയെ സംബന്ധിച്ച മറ്റൊരു പഠനമാണ് സാഹിത്യകാരനായ സി. അഷ്റഫ് എഡിറ്റ് ചെയ്ത 'പൊന്നാനി ഒരു ഇതിഹാസപൈതൃകത്തിന്റെ സുവർണരേഖ' എന്ന പുസ്തകം. വിവിധ മേഖലകളിലെ വിദഗ്ദ്ധർ അവരവരുടെ മേഖലകളിൽ നിന്നുകൊണ്ട് പൊന്നാനിയെ നോക്കിക്കാണുന്ന വ്യത്യസ്ത ലേഖനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. ഒറ്റപ്പെട്ട പഠനങ്ങളെന്നതിൽ കവിഞ്ഞ് സമഗ്രമായ ചരിത്രവീക്ഷണം നൽകാൻ സാധിക്കാത്തതും നഗരസഭയുടെ അതിർത്തിക്കകത്ത് നിന്നുകൊണ്ട് പൊന്നാനിയുടെ ചരിത്രം അന്വേഷിക്കുവാൻ ശ്രമിക്കുന്നതുമാണ് ഈ പുസ്തകത്തിന്റെ പ്രധാന പരിമിതി.

ഈ ന്യൂനതകളെയെല്ലാം പരിഗണിച്ചുകൊണ്ടാണ് പൂർവ്വകാലപഠനങ്ങളെ പരിശോധിക്കാൻ ശ്രമിച്ചിട്ടുള്ളത്. പൊന്നാനിയുടെ ചരിത്രത്തെ ഏതെങ്കിലും ദേശത്തിന്റേയോ സമുദായത്തിന്റേയോ ചരിത്രത്തിന്റെ അനുബന്ധമായി ഈ പ്രബന്ധത്തിൽ കാണുന്നില്ല. പൊന്നാനിയുമായി ബന്ധപ്പെട്ട വിവിധ മേഖലകളെ പരിശോധിക്കുമ്പോഴും അവയെ ഒറ്റപ്പെട്ട വിഷയങ്ങളായി പരിഗണിക്കാതിരിക്കാനും നഗരസഭയുടെ അതിരുകൾക്കകത്ത് പരമിതപ്പെടുത്താതിരിക്കാനും ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നു.

**പ്രബന്ധസ്വരൂപം**

ആമുഖവും ഉപദർശനവും കൂടാതെ ആറ് അദ്ധ്യായങ്ങളായാണ് ഈ പ്രബന്ധം ക്രമീകരിച്ചിട്ടുള്ളത്. ഒരു പ്രദേശത്തിന്റെ ചരിത്രം പഠനവിധേയമാക്കുമ്പോൾ അനിവാര്യമായും ഉണ്ടാവേണ്ട ആശയപരമായ വ്യക്തതകളും പ്രദേശത്തെക്കുറിച്ചുള്ള അടിസ്ഥാന ധാരണകളുമാണ് ഒന്നാം അദ്ധ്യായത്തിന്റെ ഉള്ളടക്കം. പ്രാദേശിക ചരിത്രരചനയെ കുറിച്ചുള്ള പ്രാഥമികമായ ചില നിരീക്ഷണങ്ങൾ ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് ചർച്ചചെയ്യുന്നു. നവീനചരിത്രരചനയെക്കുറിച്ചുള്ള ആശയങ്ങളും ചരിത്ര രചനയ്ക്കാവശ്യമായ ഉപാദാനങ്ങളെക്കുറിച്ചുള്ള അതിന്റെ സങ്കൽപങ്ങളുമാണ് ഇവിടെ പരാമർശിയ്ക്കുന്നത്. രണ്ടാമത്തെ ഭാഗത്ത് പൊന്നാനിയുടെ ചരിത്രപഠനത്തിന് ലഭ്യമായിട്ടുള്ള ഉപാദാനങ്ങളെക്കുറിച്ചും അവയുടെ സ്വഭാവങ്ങളെക്കുറിച്ചുമാണ് ചർച്ചചെയ്യുന്നത്. പഠനഭൂമിക എന്ന മൂന്നാമത്തെ ഭാഗം പഠനവിധേയമാക്കുന്ന പൊന്നാനി

എന്ന പ്രദേശത്തെ ഭൂമിശാസ്ത്രപരമായി വിശകലനം ചെയ്യുകയാണ്. പൊന്നാനിയുടെ ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായ അതിരുകളെക്കുറിച്ചും കാലക്രമത്തിൽ അതിനുണ്ടാകുന്ന പരിണാമങ്ങളെക്കുറിച്ചും ഇവിടെ ചർച്ചചെയ്യുന്നുണ്ട്. കേരളത്തിന്റേയും ഇന്ത്യയുടേയും ചരിത്രം പരിശോധിയ്ക്കുമ്പോൾ പൊന്നാനി എന്ന ദേശം എങ്ങനെയാണ് പരാമർശിയ്ക്കപ്പെടുന്നത് എന്നാണ് നാലാമത്തെ ഭാഗമായ ചരിത്രത്തിലെ പൊന്നാനി എന്ന ഉപശീർഷകത്തിനകത്ത് പരിശോധിയ്ക്കുന്നത്. പൊന്നാനിയ്ക്ക് കേരളരാഷ്ട്രീയചരിത്രത്തിലുണ്ടായിരുന്ന പ്രാധാന്യം നിമിത്തം ഈ ഭാഗം പൊന്നാനിയുടെ രേഖീയമായ രാഷ്ട്രീയചരിത്രമായി മാറുന്നു. അവസാനത്തെ ഭാഗത്ത് ചർച്ചചെയ്യുന്നത് പൊന്നാനിയുടെ സാമൂഹികഘടനയെക്കുറിച്ചുള്ള പൊതുവായ വിവരണങ്ങളാണ്. പൊന്നാനിയിലെ വർത്തമാനകാല ജീവിതത്തെക്കുറിച്ച് ഏകദേശധാരണ നിർമ്മിക്കാൻ ഇത് സഹായകമാണ്.

രണ്ടാമത്തെ അദ്ധ്യായത്തിൽ ഒരു തുറമുഖം എന്ന നിലയ്ക്കുള്ള പൊന്നാനിയുടെ ചരിത്രത്തെയാണ് പരിശോധിയ്ക്കുന്നത്. പൊന്നാനി എന്ന പ്രദേശത്തെ ചരിത്രത്തിൽ രേഖപ്പെടുത്തുന്നത് എങ്ങനെയെല്ലാമാണെന്ന് പരിശോധിയ്ക്കുമ്പോൾ അതിൽ ഏറ്റവും പ്രസക്തമായത് അതിന്റെ തുറമുഖമെന്ന ഖ്യാതിയാണെന്ന് കാണാം. പൊന്നാനി തുറമുഖം എന്തുകൊണ്ടാണ് മലബാറിലെ പ്രധാനപ്പെട്ട തുറമുഖങ്ങളിലൊന്നാകുന്നത് എന്നാണ് ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് പരിശോധിയ്ക്കുന്നത്. മലബാറിലെ തുറമുഖങ്ങളെ ലോകവ്യാപാരഭൂപടത്തിൽ അടയാളപ്പെടുത്തുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് പൊതുവായും അവ പൊന്നാനിയുടെ കാര്യത്തിൽ എങ്ങനെ പ്രവർത്തിയ്ക്കുന്നു എന്നത് സൂക്ഷ്മമായും ഇവിടെ ചർച്ചചെയ്യുന്നു. രണ്ടാമത്തെഭാഗം യവനരേഖകളിലേയും സംഘകാലസാഹിത്യത്തിലേയും പൊന്നാനിത്തുറമുഖത്തെ കുറിച്ചുള്ള അന്വേഷണമാണ്. തിണ്ടിസ് എന്നും തൊണ്ടിപ്പട്ടണം എന്നും പേരായ പുരാതനതുറമുഖത്തിന്റെ സവിശേഷതകളും അവിടത്തെ ജനജീവിതവും ഇവിടെ വിവരിയ്ക്കുന്നു. സംഘകാലത്തിനു ശേഷം തുറമുഖമെന്ന നിലയ്ക്കുള്ള പൊന്നാനിയുടെ പ്രതാപകാലം ദൃശ്യമാകുന്നത് സാമൂതിരിഭരണത്തിനു കീഴിലാണ്. ചരിത്രപരമായി അതിനുപിന്നിലെ കാരണങ്ങൾ വിശകലനം ചെയ്യുന്നതാണ് മൂന്നാമത്തെ ഭാഗം. സാമൂതിരിയുടെ അധികാരവ്യാപനവും പോർച്ചുഗീസുകാരുമായുള്ള യുദ്ധങ്ങളും എല്ലാം പഠനവിധേയമാകുമ്പോൾ തുറമുഖനഗരമെന്ന പൊന്നാനിയുടെ സവിശേഷത അവിടെയെല്ലാം പ്രത്യക്ഷപ്പെടുന്നത് കാണാനാകും. ചരിത്രത്തിൽ ഇത്രയേറെ

പ്രത്യേകതകളോടെ നിലനിന്ന ഒരു തുറമുഖം എങ്ങനെയാണ് പിന്നീട് പ്രാധാന്യമില്ലാത്തതായി മാറുന്നതെന്ന് അവസാനഭാഗത്ത് പരിശോധിയ്ക്കുന്നു. പൊന്നാനിത്തുറമുഖത്തിന്റെ ചരിത്രത്തിലെ അടയാളപ്പെടുത്തലുകളേക്കാൾ കൂടുതലായി ആ തുറമുഖം ചരിത്രത്തെ നിർണ്ണയിയ്ക്കുന്നതിൽ വഹിച്ച പങ്കാണ് ഈ അദ്ധ്യായത്തിൽ കാണാനാവുക.

ഒരുകാലത്ത് മധ്യകേരളത്തിലെ ആഭ്യന്തരവാണിജ്യത്തിന്റെ കേന്ദ്രസ്ഥാനമായി നിലനിന്നിരുന്ന പൊന്നാനിയെക്കുറിച്ചാണ് മൂന്നാമത്തെ അദ്ധ്യായം. പ്രാദേശികമായ വിനിമയബന്ധങ്ങൾക്ക് ആഗോളവത്കരണത്തിന്റെ കാലത്ത് കൈവരുന്ന പ്രാധാന്യത്തെക്കുറിച്ച് പൊന്നാനിയുടെ വാണിജ്യപാരമ്പര്യങ്ങൾ മനസ്സിലാക്കി തരുന്നുണ്ട്. പ്രാദേശികചരിത്രരചനയിൽ വിനിമയബന്ധങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളുടെ പ്രസക്തിയെസംബന്ധിച്ചും മണിപ്രവാളകൃതികൾ അതിനുള്ള ഉപാദാനങ്ങളായി മാറുന്നതിനെക്കുറിച്ചും ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് ചർച്ചചെയ്യുന്നു. കേരളത്തിലെ വാണിജ്യകേന്ദ്രങ്ങൾ വളർന്നുവന്നത് എങ്ങനെയാണെന്നും അതിൽ ജലപാതകൾക്കും കാർഷികമേഖലയ്ക്കുമുള്ള പങ്കും ഇവിടെ വിശദമാക്കുന്നു. രണ്ടാമത്തെ ഭാഗം പൊന്നാനിയിലെ പ്രസിദ്ധമായ ചില വിനിമയകേന്ദ്രങ്ങളെക്കുറിച്ചും കാലക്രമത്തിൽ അവയ്ക്കുണ്ടായ മാറ്റങ്ങളെക്കുറിച്ചുമാണ്. പൊന്നാനി അങ്ങാടി, പൊന്നാനിമീൻച്ചന്ത, മാറഞ്ചേരിച്ചന്ത, കണ്ണപ്പ് വാണിഭം, കണ്ണേങ്കാവിൽ ഉത്സവവാണിഭം, എടപ്പാൾ പൂരാടവാണിഭം എന്നിവയാണ് പഠനവിധേയമാക്കിയിട്ടുള്ള വിനിമയകേന്ദ്രങ്ങൾ. പൊന്നാനിയുടെ സാമൂഹികവും സാംസ്കാരികവുമായ ചരിത്രം പരിശോധിയ്ക്കുമ്പോൾ ആഭ്യന്തരവാണിജ്യത്തിന് അതിൽ എത്രമാത്രം സ്വാധീനമുണ്ടെന്ന് ഈ ഭാഗത്തിൽ കാണാം. അവസാനത്തെ ഭാഗം പൊന്നാനിയുടെ സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ളതാണ്. പൊന്നാനിയിലെ വാണിജ്യ മേഖലയുടെ വളർച്ചയ്ക്ക് കാരണമായ ഘടകങ്ങളും പിൽക്കാലത്ത് ഈ വാണിജ്യ മേഖലകൾ ശോഷിച്ചതിന്റെ കാരണങ്ങളും ഇവിടെ വിശകലനം ചെയ്യുന്നു. വർത്തമാന കാലത്ത് ഈ ആഭ്യന്തരവിപണിയെ വീണ്ടെടുക്കാൻ വേണ്ടി പൊന്നാനിക്കാർ നടത്തുന്ന ശ്രമങ്ങളും പരാമർശിയ്ക്കുന്നുണ്ട്.

പൊന്നാനിയിലെ കടലോരജീവിതത്തെക്കുറിച്ചുള്ളതാണ് നാലാമത്തെ അദ്ധ്യായം. കടലുമായി ബന്ധപ്പെട്ട തൊഴിലുകളിലേർപ്പെടുന്ന തീരദേശത്തെ മനുഷ്യരും അവരുടെ സംസ്കാരവുമാണ് ഇവിടെ പഠനവിധേയമാക്കുന്നത്. മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന തൊഴിലാളികളെക്കുറിച്ചാണ് ഈ അദ്ധ്യായത്തിലെ ആദ്യഭാഗം. അവരുടെ

തൊഴിലുപാധികളിലെ വൈവിധ്യവും ജീവിതരീതിയും ഇവിടെ ചർച്ചചെയ്യുന്നു. രണ്ടാംഭാഗം പൊന്നാനിയിലെ കടലോരസംസ്കാരത്തിൽ വലിയ സ്വാധീനം ചെലുത്തിയ പത്തേമാരികളെക്കുറിച്ചാണ്. പത്തേമാരികൾ പൊന്നാനിയിലെ കച്ചവടത്തിൽ ചെലുത്തിയ സ്വാധീനവും ചരക്കിറക്കങ്ങൾക്കൊപ്പം നടന്ന സംസ്കാരവിനിമയങ്ങളും ഈ ഭാഗത്ത് ചർച്ചചെയ്യുന്നു. പത്തേമാരിത്തൊഴിലാളികളുടെ ജീവിതവും അവരുടെ സംസ്കാരവുമാണ് ഈ ഭാഗത്ത് വിശകലനം ചെയ്യുന്ന മറ്റൊരു വിഷയം. തീരദേശത്തെ സ്ത്രീജീവിതങ്ങളെക്കുറിച്ചുള്ളതാണ് അവസാനത്തെ ഭാഗം. പൊന്നാനിയുടെ സാംസ്കാരികമണ്ഡലത്തിൽ തീരദേശത്തെ മനുഷ്യർ ചെലുത്തുന്ന സ്വാധീനം ഈ അദ്ധ്യായത്തിൽ ദൃശ്യമാണ്.

സാമുദായികബന്ധങ്ങളെ സംബന്ധിച്ചതാണ് അഞ്ചാമത്തെ അദ്ധ്യായം. വ്യത്യസ്ത ജാതിമതവിഭാഗങ്ങൾക്ക് വലിയസ്വാധീനമുള്ള പ്രദേശമാണ് പൊന്നാനി. അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് ഇവിടത്തെ മുസ്ലീംസമുദായത്തെക്കുറിച്ചാണ് ചർച്ചചെയ്യുന്നത്. കേരളത്തിലെ മുസ്ലീംമതവ്യാപനത്തിന്റെ സ്വഭാവവും പൊന്നാനിയിലെ മതവ്യാപനം അതിൽനിന്നും വ്യത്യസ്തമാകുന്നതെങ്ങിനെയെന്നും ഇവിടെ വിശകലനം ചെയ്യുന്നു. ഈ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് പൊന്നാനിയിലെ മാപ്പിളസമുദായത്തിന്റെ തനതുജീവിതരീതി മനസ്സിലാക്കാൻ സാധിയ്ക്കുന്നത്. പൊന്നാനിയെ കേരളത്തിലെ മുസ്ലീം അധിവാസകേന്ദ്രങ്ങളിൽ പ്രധാനപ്പെട്ടതാക്കിമാറ്റിയ മഖ്ദൂം വംശത്തെക്കുറിച്ചും പൊന്നാനിയിലെ മുസ്ലീം ജീവിതത്തിന്റെ സവിശേഷതയായ അകംസമ്പ്രദായത്തെക്കുറിച്ചും ഈ ഭാഗത്ത് ചർച്ചചെയ്യുന്നുണ്ട്. രണ്ടാംഭാഗം പൊന്നാനി പരിസരങ്ങളിലെ ബ്രാഹ്മണജനതയെക്കുറിച്ചുള്ള പഠനമാണ്. ശുകപുരം, പന്നിയൂർ എന്നുപേരായ കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ രണ്ട് ബ്രാഹ്മണഗ്രാമങ്ങളാണ് ഈ പഠനത്തിന്റെ കേന്ദ്രസ്ഥാനത്ത് വരുന്നത്. ഈ ഗ്രാമങ്ങൾ തമ്മിലുണ്ടായ കൂറുമത്സരവും അത് പൊന്നാനിയിലെ സാമുദായികവും രാഷ്ട്രീയവുമായ രംഗങ്ങളിൽ ചെലുത്തിയ സ്വാധീനവും ഇവിടെ കാണാം. മൂന്നാമത്തെ ഭാഗം പൊന്നാനിയിലെ ഇതരസമുദായങ്ങളെക്കുറിച്ചാണ്. നായാടി, പടന്ന, പറയൻ, പുലയൻ, മണ്ണാൻ, പാണൻ, തീയ്യ, നായർ മുതലായ ജാതികളുടെ പൊന്നാനിയിലെ ജീവിതം ഇവിടെ വിവരിയ്ക്കുന്നുണ്ട്. വ്യത്യസ്ത ജാതിമതസമുദായങ്ങൾ എങ്ങനെ സഹവർത്തിത്വത്തിൽ കഴിയുന്നതെന്നും പരസ്പരം കൊടുക്കൽവാങ്ങലുകളിൽ ഏർപ്പെടുന്നതെന്നും ഈ ഭാഗത്ത് കാണാം. അവസാന ഭാഗമായ 'പൊന്നാനിയിലെ സാമുദായികജീവിത്തി'ൽ പൊന്നാനിയ്ക്കകത്തു നടന്ന

നവോത്ഥാനശ്രമങ്ങളും പൊന്നാനിക്കാരുടെ മതേതരത്വസ്വഭാവവും വിശകലനം ചെയ്യുന്നുണ്ട്.

ആറാമത്തെ അദ്ധ്യായം പൊന്നാനിയിലെ കലാ-സാഹിത്യ-രാഷ്ട്രീയരംഗങ്ങളുടെ പൊതുസ്വഭാവങ്ങളെക്കുറിച്ചാണ്. മലയാളസാഹിത്യരംഗത്ത് നിലനിന്നിരുന്ന പൊന്നാനിക്കളരി എന്ന സംഘത്തെക്കുറിച്ചാണ് ഈ അദ്ധ്യായത്തിലെ ആദ്യഭാഗത്ത് ചർച്ചചെയ്യുന്നത്. പൊന്നാനിയിലെ കഥ, കവിത, നാടകം തുടങ്ങിയ മേഖലകളിൽ കഴിഞ്ഞ നൂറ്റാണ്ടിലുണ്ടായ മികച്ച സൃഷ്ടികളെ ഇവിടെ വിശകലനം ചെയ്യുന്നുണ്ട്. രണ്ടാം ഭാഗം അറബിമലയാളസാഹിത്യത്തെക്കുറിച്ചുള്ളതാണ്. പൊന്നാനിയിൽ വികസിച്ചുവന്ന മാപ്പിളപ്പാട്ടുകളും ഇവിടത്തെ ഗാനപാരമ്പര്യവുമാണ് ഈ ഭാഗത്തെ ചർച്ചയ്ക്കാധാരം. ആയോധനകല, ചിത്രകല, നാടൻകലകൾ തുടങ്ങിയ വ്യത്യസ്ത കലാരൂപങ്ങളാണ് മൂന്നാംഭാഗത്തിന്റെ ഉള്ളടക്കം. ദേശീയപ്രസ്ഥാനവും ഖിലാഫത്ത്പ്രസ്ഥാനവും സോഷ്യലിസ്റ്റ് പ്രസ്ഥാനവുമെല്ലാം ഉൾപ്പെടുന്ന പൊന്നാനിയിലെ രാഷ്ട്രീയമാണ് നാലാമത്തെ ഭാഗത്തിലുള്ളത്. അഞ്ചാംഭാഗം രാഷ്ട്രീയവും സാഹിത്യവും പരസ്പരപൂരകങ്ങളായി എങ്ങനെയാണ് പൊന്നാനിയിലെ സാംസ്കാരികമണ്ഡലത്തിൽ പ്രവർത്തിച്ചത് എന്ന് ചർച്ചചെയ്യുന്നു.

ഈ ആറ് അദ്ധ്യായങ്ങളിലൂടെ നടന്ന അപഗ്രഥനാത്മകമായ വിലയിരുത്തലുകളിലൂടെ രൂപപ്പെട്ട നിരീക്ഷണങ്ങളും നിഗമനങ്ങളും ഉപദർശനമെന്ന ഭാഗത്തിൽ കോഡ്രീകരിച്ചിരിയ്ക്കുന്നു. ഒരോ അദ്ധ്യായത്തിലും പ്രസക്തമാണെന്നു തോന്നുന്ന കാര്യങ്ങൾ കുറിപ്പായി ചേർക്കുന്നുണ്ട്. ഈ പ്രബന്ധം തയ്യാറാക്കുന്നതിൽ സഹായകമായ പുസ്തകങ്ങളുടേയും ആനുകാലികങ്ങളുടേയും വിവരങ്ങൾ ഗ്രന്ഥസൂചിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് പഠനത്തിന് സഹായകരമായ വിവരങ്ങൾ പങ്കുവെച്ച വ്യക്തികളുടെ പേരുവിവരങ്ങൾ ആവേദകസൂചിയായി നൽകുന്നു. കൂട്ടിച്ചേർക്കേണ്ട മറ്റു ചില വിവരങ്ങൾ പ്രബന്ധത്തിന് അനുബന്ധമായും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തെ സാംസ്കാരികമായി അടയാളപ്പെടുത്തുന്ന പാട്ടുകളാണ് ആദ്യത്തെ അനുബന്ധത്തിലുള്ളത്. പൊന്നാനിയുമായി ബന്ധപ്പെട്ട് പ്രസക്തമാണെന്നു തോന്നിയിട്ടുള്ള ഏതാനും ചിത്രങ്ങളും രണ്ടാമത്തെ അനുബന്ധമായി ഈ പ്രബന്ധത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യായം 1

# പൊന്നാനിയുടെ ചരിത്രവർത്തമാനങ്ങൾ

# പൊന്നാനിയുടെ ചരിത്രവർത്തമാനങ്ങൾ

കേരളത്തിലെ വിഖ്യാതമായ ഇസ്ലാമിക പഠനകേന്ദ്രം, സാമൂതിരി ഭരണകാലത്തെ തലസ്ഥാനസമാനമായ പട്ടണം, പ്രാചീനമലബാറിലെ പ്രധാനപ്പെട്ട വാണിജ്യതുറമുഖം എന്നീ നിലകളിലെല്ലാം പൊന്നാനി പ്രസിദ്ധമാണ്. എന്നാൽ സാമൂതിരി ഭരണത്തിന്റെയും മുസ്ലീം സമുദായത്തിന്റെയും ചരിത്രങ്ങളൊഴിച്ചാൽ പൊന്നാനിയെക്കുറിച്ച് ലഭ്യമാകുന്ന വിവരങ്ങൾ വളരെ കുറവാണ്. മുൻകാലങ്ങളിൽ പൊന്നാനിയെക്കുറിച്ച് അന്വേഷണങ്ങളിൽ ഏർപ്പെട്ടിരുന്ന പണ്ഡിതർപോലും ഇത്തരം കാര്യങ്ങളിൽ തന്നെയായിരുന്നു ശ്രദ്ധ പതിപ്പിച്ചിരുന്നതും. ഇതിൽനിന്നും വ്യത്യസ്തമായി പ്രാദേശികചരിത്രങ്ങൾ രചിയ്ക്കാൻ ശ്രമിച്ച പലരും പഴങ്കഥകളിലും ഇതിഹാസങ്ങളിലും മാത്രമായി പരിമിതപ്പെട്ടു. അതേസമയം ഒരു പ്രദേശത്തിലെ മുൻകാല രാഷ്ട്രീയ സാഹചര്യങ്ങളെ പരിഗണിയ്ക്കാതെ അവിടത്തെ സാമൂഹിക-സാംസ്കാരിക ചരിത്രം പഠനവിധേയമാക്കാം എന്ന തെറ്റിദ്ധാരണയും പ്രാദേശിക ചരിത്രരചനകളെ അപൂർണമാക്കുന്നു. ഒരു പ്രദേശത്തിന്റെ വർത്തമാനകാല അതിരുകൾക്കുള്ളിൽ നിന്നുകൊണ്ട് അവിടത്തെ ചരിത്രം അന്വേഷിയ്ക്കുന്നതും അതുവഴി ഭൂതകാലത്തെ കുറിച്ചുള്ള പ്രധാനവസ്തുതകൾ പലതും പരിഗണിയ്ക്കാതെ പോകുന്നതും പതിവാണ്. ലോകചരിത്രത്തേയും ഇന്ത്യാചരിത്രത്തേയും കേരളചരിത്രത്തേയും മാറ്റിനിർത്തി ക്കൊണ്ട് ഇവിടത്തെ ഒരു പ്രദേശത്തിന്റെ ചരിത്രം മാത്രം അന്വേഷിയ്ക്കുന്നതും നിരർത്ഥകമാണ്. പ്രാദേശിക ചരിത്രരചനയെക്കുറിച്ചുള്ള സമഗ്രമായ വീക്ഷണവും പഠനവിധേയമാക്കേണ്ട പ്രദേശത്തെ സംബന്ധിച്ചുള്ള ഭൂമിശാസ്ത്രപരവും

രാഷ്ട്രീയവുമായ സാമാന്യധാരണകളും ഈ പഠനങ്ങളിൽ അനിവാര്യമാണ്. പൊന്നാനിയുടെ പ്രാദേശിക ചരിത്രരചനയിൽ അനിവാര്യമായ ഇത്തരം ആശയങ്ങളാണ് ഈ അദ്ധ്യായത്തിൽ ചർച്ചചെയ്യുന്നത്.

## 1.1 പ്രാദേശിക ചരിത്രരചന

അധികാരവർഗത്തിന്റെ രേഖീയമായ ചരിത്രങ്ങളിൽ തങ്ങൾക്ക് സ്ഥാനമില്ലെന്ന അടിസ്ഥാനജനതയുടെ തിരിച്ചറിവിലാണ് പ്രാദേശിക ചരിത്രങ്ങൾ ആരംഭിക്കുന്നത്. കൈവേലക്കാരും കർഷകരുമടക്കമുള്ള സാമാന്യജനതയുടെ ചരിത്രമെന്തെന്നറിയാനുള്ള ഉപരിവർഗ്ഗ താത്പര്യമല്ല, സ്വന്തം ചരിത്രം കണ്ടെത്താനുള്ള സാധാരണക്കാരുടെ ആഗ്രഹമാണ് ഇവിടെ ചരിത്രപഠനത്തിന് വഴിവെക്കുന്നത്. ഈ കാരണത്താൽ തന്നെ കൃത്യമായി നിർവചിക്കപ്പെട്ട രീതിശാസ്ത്രത്തിനകത്തല്ല പ്രാദേശിക ചരിത്രപഠനങ്ങൾ ആരംഭിക്കുന്നത്. മറിച്ച്, കൃത്യമായ സാമൂഹിക ലക്ഷ്യങ്ങൾക്ക് അനുസരിച്ചാണ് പ്രാദേശിക ചരിത്രപഠനങ്ങളുടെ രീതിശാസ്ത്രം വികസിച്ചിട്ടുള്ളത്. ചരിത്ര പഠനത്തിനാശ്രയിക്കാവുന്ന ഉപാദാനങ്ങളേയും അവയുടെ വിശകലനരീതികളേയും വ്യത്യസ്ത വീക്ഷണങ്ങളിലൂടെ വിമർശനാത്മകമായി ഇടപെട്ടുകൊണ്ട് മാത്രമേ പ്രാദേശിക ചരിത്രപഠനം ആരംഭിക്കാനാവൂ

### 1.1.1 പ്രാദേശിക ചരിത്രത്തിന്റെ നിർവചനങ്ങൾ

മാനവരാശി സ്വായത്തമാക്കിയിട്ടുള്ള സർവതോമുഖമായ വിജ്ഞാന ശാഖകളിൽ വളരെ പ്രാധാന്യമർഹിയ്ക്കുന്ന ഒന്നാണ് ചരിത്രമെന്ന് ദാർശനികന്മാർ സിദ്ധാന്തിയ്ക്കുന്നു. ചരിത്രം എന്നാൽ ഭൂതകാലത്തെ സംബന്ധിച്ച എന്നാണ് പൊതുവായ ധാരണ. അത് ഭൂതകാലത്തിന്റെ വിവരണമോ വ്യാഖ്യാനമോ വികൃതമായ്ക്കലോ വിസ്മരിയ്ക്കലോ ആകാം. എന്നാൽ ഭൂതകാലത്തിൽ നടന്നവയൊന്നും ഇല്ലാതാക്കാൻ സാധിക്കുന്നവയല്ലല്ലോ. എന്നിരിയ്ക്കിലും ഭൂതകാലത്തെ കുറിച്ചുള്ള ചരിത്രരചനകളിൽ നിരന്തരമായ മാറ്റങ്ങൾ വന്നുകൊണ്ടിരിയ്ക്കുന്നത് എന്തുകൊണ്ടാകാം? ചരിത്രം കേവലം ഭൂതകാലത്തിന്റെ വിവരണമല്ല, വർത്തമാന കാലത്തിന്റെ വീക്ഷണകോണിലൂടെ വർത്തമാനകാലതാത്പ്പര്യങ്ങളുടെ

അടിസ്ഥാനത്തിലും ചരിത്ര രചയിതാവിന്റെ വ്യക്തിപരമായ വർഗപ്രത്യയശാസ്ത്ര-പക്ഷപാതങ്ങൾക്കനുസൃതമായും നടത്തുന്ന ഒരഭ്യാസമാണ് എന്നതുതന്നെ (പി.ഗോവിന്ദപ്പിള്ള, 2014:12). ചരിത്രരചനയെക്കുറിച്ചുള്ള ഈ ആശയം ഇന്ന് സർവ്വസ്വീകാര്യമായിട്ടുണ്ട്.

ഇന്നലെയുടെ വിവരണം എന്നതിൽ നിന്ന് മാറി വർത്തമാനകാലത്തിന്റെ വീക്ഷണകോണിലൂടെ എഴുതുന്ന ഒന്നാണ് ചരിത്രം എന്ന് വരുമ്പോൾ സാമ്പ്രദായിക ചരിത്രരചനയുടെ വീക്ഷണകോൺ ഏതായിരുന്നു എന്ന ചോദ്യം പ്രസക്തമാകുന്നു. ചരിത്രം ആണിന്റേതും അധികാരത്തിന്റേതും മാത്രമാണെന്ന് മഹാത്മാഗാന്ധി നിരീക്ഷിയ്ക്കുന്നുണ്ട്.[1] അധികാരരൂപങ്ങളുടെ കഥ പറയുന്ന വൻനിർമ്മിതികൾ മാത്രമാണ് ചരിത്രമെന്നും അത് ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ കഥ പറയുന്നില്ല എന്നുമുള്ള വിമർശനം പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കം മുതലേ ഉയർന്നു വരുന്നുണ്ട്. ജനതയെക്കൂടാതെ ചരിത്രത്തിന് സംഭവിയ്ക്കാനാവില്ലെന്ന വിവയൻ സോബ്ചാക്കിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്[2]. ഈ വസ്തുതകൾ മുൻനിർത്തിവേണം പ്രാദേശികചരിത്രം എന്ന ആശയത്തെക്കുറിച്ച് ചർച്ചചെയ്യേണ്ടത്.

രാജകൊട്ടാരങ്ങളിലെ നിത്യസംഭവങ്ങൾ രേഖപ്പെടുത്തുന്ന നാൾവഴി ലേഖകരിൽ നിന്ന് വ്യത്യസ്തമായി പ്രത്യയശാസ്ത്രപരമായ കാഴ്ചപ്പാടോടെ ചരിത്ര രചന നടത്തുന്നവർ ആധുനികകാലത്തിന്റെ വികാസത്തോടൊപ്പം രൂപപ്പെട്ടുവന്നു. ജർമ്മൻ ദാർശനികനായ റാങ്കെ വസ്തുതകളാണ് ചരിത്രമെന്ന് സിദ്ധാന്തിച്ചപ്പോൾ വസ്തുതകളുടെ വ്യാഖ്യാനമാണ് ചരിത്രമെന്നു മാർക്സിനേയും ഹെഗലിനേയും പിൻപറ്റുന്നവർ സിദ്ധാന്തിച്ചു. മാർക്സ് പ്രധാനമായും സാമ്പത്തികഘടന ചരിത്രത്തിന്റെ വികാസത്തിൽ നടത്തുന്ന സ്വാധീനതയെ ഊന്നിക്കാട്ടി. അതേ സമയം വെബ്ബർ തുടങ്ങിയ സാമൂഹികചരിത്രകാരന്മാർ മതത്തിന്റെ സ്വാധീനത്തെ എടുത്തുകാട്ടി (കെ.കെ.എൻ.കുറുപ്പ്, 2018:1112). സമൂഹങ്ങളുടെ വളർച്ചയും ഘടനയും പ്രത്യേകതകളും പ്രതിപാദിയ്ക്കുന്ന സാമൂഹിക ചരിത്രവും, സംസ്ക്കാരം, മതം, കല, സാഹിത്യം എന്നിവ ഉൾപ്പെടുന്ന സാംസ്ക്കാരിക ചരിത്രവും പിൽക്കാലത്ത് വളർന്നുവന്ന പഠനവിഭാഗങ്ങളാണ്. കീഴാളരുടെ ചരിത്രം പറയുന്ന

സബാൾട്ടേൺ ചരിത്രരചനയും സ്ത്രീപക്ഷ ചരിത്രം പറയുന്ന ഫെമിനിസ്റ്റ് ചരിത്രരചനയും പാരിസ്ഥിതിക പ്രതിസന്ധികളുടെ കാരണം കണ്ടെത്തുന്ന പാരിസ്ഥിതികചരിത്രവും ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം ഉയർന്നുവന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭം മുതലേ യുറോപ്യൻ രാജ്യങ്ങളിൽ നിലവിലുണ്ടായിരുന്ന പ്രാദേശിക ചരിത്രം എന്ന ആശയത്തിന് 1990–കളിൽ ആഗോളവത്കരണത്തിന്റെ വരവോടെ കേരളത്തിലും പ്രാധാന്യം കൈവന്നു.

സാമാന്യചരിത്രത്തെ പ്രാദേശികവത്കരിയ്ക്കുക എന്ന ആശയമോ സാമാന്യ ചരിത്രം പോലുള്ള വൻനിർമ്മിതികളുടെ നിഷേധമോ അല്ല, ഒരു പ്രദേശത്തിന്റെ ചരിത്രത്തിന് അതുൾക്കൊള്ളുന്ന വലിയ ലോകത്തിന്റെ ചരിത്രത്തിൽ പങ്കുണ്ടെന്ന സമീപനമാണ് പ്രാദേശികചരിത്രത്തിന്റെ അടിസ്ഥാനം. ചരിത്രരചനയിലെ സൂക്ഷ്മദർശിനികളുടെ ഉപയോഗം ടെലിസ്കോപ്പുകളുടെ പ്രാധാന്യത്തെ നിഷേധിയ്ക്കലല്ല എന്ന് എറിക് ഹോബ്സ്ബോം ഇതിനെക്കുറിച്ച് പറയുന്നുണ്ട് (A.M.Shinas, P.J.Vincent, 2016:15,16). സ്ഥൂലലോകത്തെ നമ്മൾ ടെലിസ്കോപ്പിലൂടെ കാണുമ്പോൾ അതിലെ ചിലയിടങ്ങളെ കൂടുതൽ സൂക്ഷ്മമായി കാണാൻ ശ്രമിയ്ക്കലാണ് സൂക്ഷ്മ ദർശിനിയുടെ ജോലി. സൂക്ഷ്മദർശിനിയിലൂടെ കാണുന്ന കാഴ്ചകൾ സ്ഥൂലലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിനെയും ടെലിസ്കോപ്പിലൂടെ കാണുന്ന കാഴ്ചകൾ സൂക്ഷ്മലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിനെയും സ്വാധീനിയ്ക്കുന്നു.

എന്നാൽ ഈ സൂക്ഷ്മലോകങ്ങളെ യാതൊരുപ്രാധാന്യവും അർഹിക്കാത്തവയായി മാറ്റുന്നതായിരുന്നു ആഗോളവത്കരണത്തിന്റെ തത്ത്വശാസ്ത്രം. അത് ഒരു പ്രദേശത്തെ അതിന്റെ ചുറ്റുപാടുകളോട് താരതമ്യം ചെയ്യുന്നതിനു പകരം ലോകത്തോട് തന്നെ താരതമ്യം ചെയ്യാൻ ആരംഭിച്ചു. പ്രാദേശികമായ അറിവുകളേയും വൈവിധ്യങ്ങളേയും അവഗണിച്ചു. ആഗോളമെന്ന് വിളിക്കുന്ന ഒരു സംസ്കാരത്തെ അത് പ്രാദേശികതയുടെ മുകളിൽ പ്രതിഷ്ഠിച്ചു. ആ അർത്ഥത്തിൽ പ്രാദേശികചരിത്രം എന്ന ആശയം ആഗോളവത്കരണത്തിന്റെ ആശയങ്ങൾക്കു നേരെയുള്ള പ്രതിരോധം കൂടിയാണ്.

ഇതുവരെയുള്ള ചരിത്രം സാമാന്യവത്കരണത്തിന്റേതായിരുന്നു, എന്നാൽ ഇനി

വേണ്ടത് വിശദാംശങ്ങളുടെ ചരിത്രമാണ് എന്നതാണ് പ്രാദേശിക ചരിത്രരചനയുടെ ആശയങ്ങളിലൊന്ന്. സ്ഥൂലചരിത്രം ജീവിതത്തിന്റെ പുറംപോക്കുകളിൽ പരതുമ്പോൾ സൂക്ഷ്മചരിത്രം ഹൃദയത്തിലേയ്ക്ക് വെളിച്ചം വീശി ഇരുളടഞ്ഞ മേഖലകളെ അനാവരണം ചെയ്യുന്നു. സ്ഥൂലചരിത്രത്തിന്റെ എറ്റവും പ്രകടമായ ഉദാഹരണം ഇന്ത്യാചരിത്രത്തെ ഉത്തരേന്ത്യൻസാമ്രാജ്യങ്ങളുടെ ചരിത്രമായി കണ്ട് ദക്ഷിണേന്ത്യയും പൂർവ്വേന്ത്യയും പോലുള്ള മേഖലകളുടെ ചരിത്രത്തെ വെറും അനുബന്ധമായി കരുതിയതാണ്. മൗര്യന്മാരുടേയും ഗുപ്തന്മാരുടേയും മുഗളന്മാരുടേയും ചരിത്രത്തിന്റെ പിന്നാമ്പുറങ്ങൾ മാത്രമായി ചാലൂക്യന്മാരെയും ചേര-ചോള-പാണ്ഡ്യന്മാരെയും വിജയനഗരസാമ്രാജ്യത്തെപ്പോലും കരുതിപ്പോന്നിരുന്ന രീതി ഇന്നും നിലനിൽക്കുന്നുണ്ട്. ദക്ഷിണേന്ത്യയുടെ ചരിത്രരചന നടത്തിയ നീലകണ്ഠശാസ്ത്രികൾ പോലും ചേരരാജ്യത്തിന്റെ ഭാഗമായിരുന്ന കേരളത്തെ തമിഴകത്തിന്റെ അതിർവരമ്പായാണ് കണ്ടിരുന്നത്(എൻ.എം.നമ്പൂതിരി, പി.കെ.ശിവദാസ്, 2009:24). കേരളത്തിന്റെ ചരിത്രം കേരളത്തിലെ ഗ്രാമങ്ങളോട് ചെയ്യുന്നതും ഇതേ വിസ്മരിക്കൽ തന്നെയാണ്.

പ്രദേശത്തിന്റെ ചരിത്രത്തെ വൻചരിത്രങ്ങൾക്ക് എതിരെ നിർത്തുക എന്നതും, വൻചരിത്രങ്ങളെ പ്രദേശത്തിനകത്ത് വിശകലനം ചെയ്യുക എന്നതും പ്രാദേശിക ചരിത്രരചനയുടെ രീതിയാണ്. പ്രാചീനം, മധ്യം, ആധുനികം എന്നിങ്ങനെ പൊതുവിൽ ഉപയോഗിയ്ക്കുന്ന കാലക്രമീകരണം യുറോപ്പിലും അതിന് പുറത്തും വ്യത്യസ്തമാകുന്നതും, സംഘകാലത്തെ ഭൂഘടന വിവരിക്കുന്ന തിണസമ്പ്രദായം കേരളത്തിന്റെ ഭൂപ്രകൃതി വർണിയ്ക്കാൻ പര്യാപ്തമാകാത്തതുമെല്ലാം പ്രാദേശിക ചരിത്രത്തെ വൻചരിത്രങ്ങൾക്ക് എതിരെ നിർത്തുന്ന ഘടകങ്ങളാണ്.[3] ഒരു പ്രദേശത്തിന്റെ ചരിത്രം പറയാൻ സാമാന്യവത്കരണത്തിന്റെ രീതിശാസ്ത്രം മതിയാകാതെ വരികയും പ്രാദേശികമായ അന്വേഷണങ്ങൾ അനിവാര്യമാവുകയും ചെയ്യുന്നു. ദേശീയവും അന്തർദേശീയവുമായി നാം കാണുന്ന സംഭവങ്ങൾ പ്രാദേശികമായി ചെലുത്തുന്ന സ്വാധീനങ്ങളും പ്രാദേശികമായ ചില സംഭവങ്ങൾക്ക് കൈവരുന്ന ദേശീയവും അന്തർദേശീയവുമായ പ്രാധാന്യവുമാണ് പ്രാദേശിക ചരിത്രരചനയുടെ മറ്റൊരു

സവിശേഷത. പൊന്നാനിയിലെ മഖ്ദൂം കുടുംബത്തിന്റെ ചരിത്രം കൊളോണിയലിസത്തിനെതിരെയുള്ള ഇന്ത്യയുടെ പ്രതിരോധചരിത്രത്തിന്റെ ഭാഗമാകുന്നതും വാസ്കോഡഗാമ കാപ്പാട് കപ്പലിറങ്ങിയത് പൊന്നാനിയുടെ പ്രാദേശിക ചരിത്രത്തിൽ ഇടംപിടിയ്ക്കുന്നതും ഇതിന് ഉദാഹരണമാണ്.

ക്ലാസിക്കൽ ചരിത്രരചനയുടെ മുകളിൽ നിന്ന് താഴോട്ടിറങ്ങുന്ന ചരിത്രം എന്ന സങ്കൽപത്തിന് വിപരീതമായി താഴേത്തട്ടിൽ നിന്ന് മുകളിലോട്ട് കെട്ടിപ്പടുക്കുന്ന ചരിത്രം എന്നതാണ് പ്രാദേശികചരിത്രരചനയുടെ രീതി.[4] പ്രാദേശികമായ സംഭവങ്ങളും സാഹചര്യങ്ങളുംകൂടിയാണ് ഇവിടെ വൻചരിത്രങ്ങളെ വിശദീകരിയ്ക്കുന്നത്. താഴേത്തട്ടിൽ വ്യക്തികളും കുടുംബങ്ങളും സമുദായങ്ങളും ഒക്കെയായി പരന്നും മുകളിലേയ്ക്ക് സാമാന്യചരിത്രത്തിന്റെ രൂപത്തിൽ കൂർത്തതുമായ ഒന്നായി അങ്ങനെ ചരിത്രം മാറുന്നു. ഒരു ഏകമാനമായ ചരിത്രം നിലനിൽക്കുന്നില്ല എന്ന തിരിച്ചറിവുണ്ടായാൽ നാട്ടുപാരമ്പര്യങ്ങളും ബൃഹദാഖ്യാനങ്ങളും ഒരേസമയം ചരിത്രപഠനത്തിനാവശ്യമായ പാഠങ്ങളായി മാറുന്നു. ലിഖിതമായ തെളിവുകൾ കൂടാതെ വാമൊഴികളും കേട്ടുകേൾവികളുമെല്ലാം അപ്പോൾ ചരിത്ര നിർമ്മിതിയ്ക്കാവശ്യമായ ഉപാദാനങ്ങളായി മാറുന്നു.

ഒരു ജനതയുടെ സാംസ്ക്കാരികമായ പ്രവർത്തനങ്ങളെല്ലാം അവരെക്കുറിച്ചുള്ള ചരിത്രപഠനത്തിന്റെ ഭാഗമാകുന്നത് സാംസ്ക്കാരികപഠനം ചരിത്രരചനയിൽ ശക്തിപ്പെടുന്നതോടെയാണ്. അതുവരെ സാഹിത്യത്തിലേയും സംഗീതത്തിലേയും ചിത്ര-ദൃശ്യകലകളിലേയും ഉദാത്തമാതൃകകളെ സംസ്കാരമായി കണ്ട് അവയിൽ നിന്നും സാംസ്ക്കാരികജീവിതം കണ്ടെത്തുന്ന കലാവിമർശന രീതിയാണ് നിലനിന്നിരുന്നത്. എന്നാൽ ഇന്ന് ഈ കലാസൃഷ്ടികളെല്ലാം തന്നെ സംസ്ക്കാരത്തിന്റെ ഉദാത്തമാതൃകകൾ എന്നതിൽ നിന്നും മാറി ഒരു സവിശേഷസംസ്ക്കാരത്തിന്റെ സൃഷ്ടികൾ എന്ന നിലയ്ക്ക് പരിഗണിച്ചു തുടങ്ങിയിരിക്കുന്നു. അങ്ങിനെ വരുമ്പോൾ വാമൊഴിയായും വരമൊഴിയായും കിട്ടുന്ന ഉപാദാനങ്ങൾ ഭൂതകാലത്തെക്കുറിച്ച് എന്തുപറയുന്നു എന്നതിനു പുറമെ എന്തുകൊണ്ട് പറയുന്നു എന്ന ചോദ്യവും ചരിത്രത്തിൽ പരിശോധിയ്ക്കേണ്ടി വരുന്നു. അങ്ങനെ സാമ്പ്രദായിക ചരിത്രരചനയിൽ കേവലം

സംഭവവിവരണങ്ങൾ മാത്രമായി ചുരുങ്ങിയിരുന്ന ഉപാദാനങ്ങൾക്ക് ആ സംഭവത്തിനു പിന്നിലെ കാരണങ്ങൾ കൂടി സൂചിപ്പിയ്ക്കുന്ന പുതിയ തലം കൈവരുന്നു.

### 1.1.2 ചരിത്രരചനയുടെ ഉപാദാനങ്ങൾ

ചരിത്രരചനയ്ക്ക് അത്യന്താപേക്ഷിതമായ ഘടകങ്ങളാണ് ഉപാദാനങ്ങൾ. ക്ലാസിക്കൽ ചരിത്രത്തെ സംബന്ധിച്ചിടത്തോളം പുരാവസ്തുക്കൾ, പുരാലിഖിതങ്ങൾ, ഔദ്യോഗിക രേഖകൾ എന്നിങ്ങനെയുള്ള മൂർത്തമായ തെളിവുകളാണ് ചരിത്ര പഠനത്തിനായി ഉപയോഗിയ്ക്കാവുന്ന മുഖ്യ ഉപാദാനങ്ങൾ. സഞ്ചാരികളുടെ കുറിപ്പുകളും സാഹിത്യ ഗ്രന്ഥങ്ങളും ഇക്കൂട്ടത്തിൽ ഉപയുക്തമാക്കാറുണ്ട്. തലമുറകളായി കൈമാറി വരുന്ന കഥകളും പാട്ടുകളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമൊക്കെയാണ് മറ്റുചില ഉപാദാനങ്ങൾ. ഇവയെ നാട്ടുപാരമ്പര്യമെന്ന് വിശേഷിപ്പിയ്ക്കാം. മൂർത്തമായ തെളിവുകൾ മാത്രം സ്വീകരിച്ചുകൊണ്ടാണ് ക്ലാസ്സിക്കൽ ചരിത്രരചനയിൽ ചരിത്ര പഠനം നടത്തുന്നത്. വാമൊഴിയായി ലഭിയ്ക്കുന്ന നാട്ടുപാരമ്പര്യങ്ങൾ കെട്ടുകഥകളും കേട്ടുകേൾവികളും മാത്രമായാണ് പരിഗണിച്ചിരുന്നത്. (ആദർശ് സി, 2013:18).

ക്ലാസ്സിക്കൽ ചരിത്രകാരന്മാർ ഉപാദാനങ്ങളുടെ വസ്തുനിഷ്ഠതയ്ക്കായിരുന്നു പ്രാധാന്യം കൽപ്പിച്ചിരുന്നത്. എന്നാൽ സംസ്ക്കാരപഠനത്തിന്റെ വികാസത്തോടെ മൂർത്തമായ ഉപാദാനങ്ങളും ചരിത്രസംഭവങ്ങളും എല്ലാം നാട്ടുപാരമ്പര്യത്തേയും വാമൊഴികളേയും പോലെ അർത്ഥോത്പാദനം നടത്താനുള്ള പാഠങ്ങൾ മാത്രമായി മാറുന്നു. അങ്ങനെയാണ് നാട്ടുപാരമ്പര്യങ്ങൾ ചരിത്രരചനയിൽ പ്രസക്തമാകുന്നത്. അവിശ്വസനീയമായ കഥപറച്ചിലുകളായി പരിഗണിച്ചിരുന്ന മണിപ്രവാളകാവ്യങ്ങൾ, വിജയഗാഥകൾ തുടങ്ങിയ സാഹിത്യരൂപങ്ങളെ സാമൂഹികബന്ധങ്ങളും വിനിമയരീതികളും തിരിച്ചറിയാനുള്ള മാർഗമായും ചരിത്രത്തിന്റെ ആധികാരിക വിവരണമായി കൽപ്പിച്ചിരുന്ന രാജശാസനങ്ങൾ, ഔദ്യോഗികരേഖകൾ എന്നിവയെ സവിശേഷസാഹചര്യത്തിൽ കൃത്യമായ അധികാരതാത്പര്യങ്ങൾക്കനുസരിച്ച് നിർമ്മിച്ച അവതരണങ്ങളായും വായിച്ചു.

പുരാവസ്തുക്കൾ, നാണയങ്ങൾ, വിദേശസഞ്ചാരികളുടെ യാത്രാവിവരണങ്ങൾ എന്നിങ്ങനെ നീളുന്ന ക്ലാസ്സിക്കൽ ചരിത്രനിർമ്മിതിയുടെ ഉപാദാനങ്ങൾ അല്ലെങ്കിൽ അവയുടെ വ്യാഖ്യാനങ്ങൾ അധികാര വ്യവസ്ഥകൾക്കും ഉന്നതശ്രേണീ ബന്ധങ്ങൾക്കും പുറമേ നിൽക്കുന്ന ജനം എന്ന വിഭാഗത്തെ എന്നും തമസ്കരിച്ചിരുന്നു. ഓരോ വ്യക്തിയ്ക്കും അവരുടെ കൂട്ടങ്ങൾക്കും വീടിനും നാടിനും ചരിത്രം പറയാനുണ്ട് എന്ന സങ്കൽപം വൻചരിത്രങ്ങളുടെ സ്വീകാര്യതയെത്തന്നെ ചോദ്യം ചെയ്തു. ഓർമ എന്ന ചരിത്രനിർമ്മിതിയുടെ ഉപാദാനം പ്രസക്തമാകുന്നത് ഈ സാഹചര്യത്തിലാണ്. സമൂഹത്തിലെ എല്ലാ മനുഷ്യരും സാമൂഹികമായ ഒരുപാട് ഓർമ്മകൾ കൂടെകൂട്ടുന്നവരായിരിയ്ക്കും. എന്നാൽ ഓർമ്മകളെല്ലാം വസ്തുതാ പരമായിരിക്കില്ല എന്നൊരു ന്യൂനത അവയ്ക്കുണ്ട്. സാമൂഹികമായ കൂട്ടായ്മകളാണ് ഓർമ്മകൾക്ക് വടിവ് നൽകുന്നത്. സ്വാനുഭവങ്ങളെക്കുറിച്ചും പാരമ്പര്യങ്ങളെ കുറിച്ചുമുള്ള കൂട്ടായ്മകളുടെ ഓർമ്മകളാണ് വാമൊഴികൾ. ഒരു ജനതയുടെ ചരിത്രം അവരുടെ തന്നെ ചരിത്രത്തെക്കുറിച്ചുള്ള ഓർമ്മകളിൽ നിന്നും കണ്ടെത്താമെന്ന സങ്കൽപമാണ് വാമൊഴിരൂപത്തിൽ ലഭിയ്ക്കുന്ന നാട്ടുപാരമ്പര്യങ്ങളെ ചരിത്ര രചനയിൽ പ്രസക്തമാക്കുന്നത്. കുടുംബപുരാണങ്ങൾ, ക്ഷേത്രചരിത്രങ്ങൾ, വിജയ ഗാഥകൾ തുടങ്ങിയ നാട്ടുപാരമ്പര്യങ്ങൾക്ക് പലപ്പോഴും ഒരു സ്വത്വരൂപം ഉണ്ടാകാറുണ്ട്[5]. അത് അതിനു ചുറ്റുമുള്ള തനിമകളെ വിസ്മരിയ്ക്കുകയോ അല്ലെങ്കിൽ എല്ലാത്തിനേയും അതിനോട് സമീകരിയ്ക്കുകയോ ചെയ്യാറുണ്ട്. ഈ ന്യൂനത ഉൾക്കൊള്ളാത്തവർ മിത്തുകളെ ചരിത്രമെന്ന് വിശേഷിപ്പിച്ച് അവതരിപ്പിയ്ക്കുകയും ചെയ്യാറുണ്ട്.

ക്ലാസ്സിക്കൽ ചരിത്രരചനയുടെ ഉപാദാനങ്ങളെ അപ്പാടെ തള്ളിക്കളയുന്നതല്ല നാട്ടുപാരമ്പര്യങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ. മറിച്ച് അതുവരെയുണ്ടായിരുന്ന ഉപാദാനങ്ങളുടെ വ്യാഖ്യാനത്തെ ചോദ്യം ചെയ്യുന്നവയായിരുന്നു. ഉദാഹരണത്തിന് കൊളോണിയൽകാലത്തെ ചരിത്രരചന ടിപ്പുവിന്റെ പടയോട്ടങ്ങളെ അന്യമതങ്ങൾക്ക് എതിരെയുള്ള യുദ്ധമായാണ് വ്യാഖ്യാനിച്ചിരുന്നത്. അതിന് തെളിവായി പടയോട്ടക്കാലത്ത് തകർത്ത ക്ഷേത്രങ്ങളുടെ വിവരങ്ങൾ ഉപയോഗിച്ചു. എന്നാൽ ക്ഷേത്രം ആരാധനാലയം മാത്രമായിരുന്നില്ല എന്നും ബ്രിട്ടീഷുകാർക്കെതിരെ പടയൊരുക്കാൻ ആവശ്യമായ വിഭവ

ശേഖരണാർത്ഥമാണ് ക്ഷേത്രങ്ങൾ കൊള്ളയടിച്ചതെന്നും കൊളോണിയൽ ചരിത്രകാരന്മാർ പറയാതെപോയി. മേൽപറഞ്ഞത് വ്യാഖ്യാനത്തിന്റെ പ്രശ്നമാണെങ്കിൽ ഉപാദാനങ്ങളെ പൂർണമായി വായിയ്ക്കാത്തതിന്റെ ഉദാഹരണങ്ങളും നിരവധിയുണ്ട്. സംസ്കാരശൂന്യമെന്നും സ്ത്രീലാവണ്യ വർണനയെന്നും പറഞ്ഞ് ചരിത്രകാരന്മാർ ഒഴിവാക്കിയിരുന്ന മണിപ്രവാളകാവ്യങ്ങൾ ഇന്ന് മധ്യകാലകേരളത്തെക്കുറിച്ച് അറിയാനുള്ള പ്രധാന ഉപാദാനങ്ങളാണ്.

ഇത്തരത്തിൽ വാമൊഴിയായും ലിഖിതമായും ലഭിയ്ക്കുന്ന നാട്ടു പാരമ്പര്യങ്ങൾക്കും ക്ലാസ്സിക്കൽ ഉപാദാനങ്ങൾക്കും സാമൂഹിക സാംസ്കാരിക ചരിത്രത്തിൽ നിർണായകമായ സ്ഥാനമുണ്ട്. മൂർത്തമോ അമൂർത്തമോ ആയ ഉപാദാനങ്ങളെ, അവ ഏതു തന്നെയായാലും, അർത്ഥവിശകലനം ചെയ്ത് കണ്ടെത്തുന്ന പാഠമാണ് ഇവിടെ ചരിത്രമെന്ന് വിവക്ഷിക്കുന്നത്. ഈ വീക്ഷണത്തോടെയാണ് പൊന്നാനിയുടെ സാമൂഹികസാംസ്ക്കാരികചരിത്രം ഇവിടെ പഠനവിധേയമാക്കുന്നത്.

### 1.2 പൊന്നാനിയുടെ ചരിത്രം: ഉപാദാനങ്ങളും മുൻരചനകളും

പൊന്നാനിയുടെ ചരിത്രപഠനത്തിന് വേണ്ടി ലഭ്യമായിട്ടുള്ള ഉപാദാനങ്ങളെ കുറിച്ചുള്ള അന്വേഷണമാണ് ഇവിടെ നടത്തുന്നത്. പുരാവസ്തുക്കൾ, പുരാലിഖിതങ്ങൾ, സഞ്ചാരികളുടെ കുറിപ്പുകൾ, സാഹിത്യം, ഔദ്യോഗിക റിപ്പോർട്ടുകൾ, വാമൊഴികൾ തുടങ്ങി വ്യത്യസ്തമേഖലകളിലുള്ള നിരവധി ഉപാദാനങ്ങൾ ഇവിടെ പഠനവിധേയമാക്കിയിട്ടുണ്ട്. ഇത്തരം തെളിവുകളും ഇതുവരെ ഇറങ്ങിയ പഠനങ്ങളും വിമർശനാത്മകമായി വിലയിരുത്തിക്കൊണ്ട് വേണം പൊന്നാനിയുടെ ചരിത്രപഠനം സാധ്യമാക്കാൻ.

#### 1.2.1 പുരാവസ്തുപഠനങ്ങൾ: പര്യവേഷണങ്ങളും ഉത്ഖനനങ്ങളും

ക്ലാസ്സിക്കൽ ചരിത്രരചനയുടെ മുഖ്യഉപാദാനങ്ങളിൽ ഒന്നാണ് പുരാവസ്തു പഠനങ്ങൾ. പര്യവേഷണങ്ങളും ഉത്ഖനനങ്ങളും നൽകുന്ന പുരാവസ്തു തെളിവുകളിൽ നിന്നാണ് പഴയ കാലത്തെ ജനജീവിതത്തെ കുറിച്ചുള്ള വിവരങ്ങൾ ചരിത്രകാരന്മാർ ഊഹിച്ചെടുക്കുന്നത്. കേരളത്തിന്റെ ഭൂമിശാസ്ത്രത്തിന് പലപ്പോഴായി വന്ന മാറ്റങ്ങളും

ആ മാറ്റങ്ങളിൽപ്പെട്ട് നിലവിലെ കരപ്രദേശങ്ങൾ പലതും നഷ്ടമായതും പുതിയ കരപ്രദേശങ്ങൾ രൂപംകൊണ്ടതും ഇത്തരം പുരാവസ്തു തെളിവുകളുടെ ലഭ്യതയെ കുറയ്ക്കുന്നുണ്ടെന്നാണ് വിശ്വാസം. എന്നാൽ ഇപ്പോഴും കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ പുതിയ ഉത്ഖനനങ്ങൾ നടക്കുകയും കൂടുതൽ കൂടുതൽ തെളിവുകൾ ലഭിയ്ക്കുകയും ചെയ്യുന്നുണ്ട്.

ഇന്നത്തെ പൊന്നാനിത്താലൂക്കിൽ ഉൾപ്പെടുന്ന പല ഇടങ്ങളിൽ നിന്നും മഹാശിലാസ്മാരകങ്ങളുടെ അവശിഷ്ടങ്ങൾ ലഭിച്ചിട്ടുണ്ട്. കുറ്റിപാല, ആലങ്കോട്, തവനൂർ, കാലടി, എടപ്പാൾ, തച്ചമ്പ്ര, തരനൂർ, കലപള്ളി, പൊന്നാനി എന്നിവിടങ്ങളാണ് കൂട്ടത്തിൽ ചിലത്(ഐ.എ.ആർ. 1965-66, 1970-71, 1978-79).[6] ശിലാഗുഹകൾ, കുടക്കല്ലുകൾ, തൊപ്പിക്കല്ലുകൾ തുടങ്ങി ലഭ്യമായ അവശിഷ്ടങ്ങളിൽതന്നെ ഏറെയും വളരെയേറെ നാശനഷ്ടങ്ങൾക്ക് വിധേയമായതാണ്. പൊന്നാനിത്താലൂക്ക് പരിധിയിലുള്ള വിവിധ കൊട്ടാരങ്ങൾ, ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവയാണ് പര്യവേഷണങ്ങൾക്ക് വിധേയമായ മറ്റു സ്ഥലങ്ങൾ. പഴയ കൊച്ചി രാജ്യത്തിന്റെ ആസ്ഥാനമായിരുന്ന പെരുമ്പടപ്പിലെ ചിത്രകൂടത്തെക്കുറിച്ച് അന്വേഷിച്ചു കൊണ്ടുള്ളവയാണ് പൊന്നാനിയിലെ മറ്റു ചില പര്യവേഷണങ്ങൾ[7]. ഈ കൊട്ടാരത്തിന്റെ അവശേഷിപ്പുകളോ അനുബന്ധങ്ങളോ ഒന്നുംതന്നെ ഇനിയും കണ്ടെത്താനായിട്ടില്ല.

### 1.2.2 ഗ്രന്ഥവരികൾ

മധ്യകാലപൊന്നാനിയുടെ ചരിത്രപഠനത്തിന്റെ മുഖ്യ ഉപാദാനമാണ് ഗ്രന്ഥവരികൾ. സാമൂതിരിവംശത്തിന്റെ വിവരങ്ങൾ പ്രതിപാദിയ്ക്കുന്ന കോഴിക്കോടൻ ഗ്രന്ഥവരികളാണ് ഇവയിൽ പ്രധാനം. രാജവംശവുമായി ബന്ധപ്പെട്ട ചടങ്ങുകളുടേയും ഉത്സവങ്ങളുടേയും വരവുചെലവു കണക്കുകളും സാമൂതിരിയുടെ നിത്യജീവിതത്തിലെ സംഭവങ്ങളുമെല്ലാമാണ് ഈ ഗ്രന്ഥവരികളുടെ പ്രമേയം. സാമൂതിരിയുടെ പ്രധാനപ്പെട്ട ക്ഷേത്രങ്ങൾക്ക് സഹായം എത്തിയ്ക്കാനും യുദ്ധത്തിനോ മാമാങ്കത്തിനോ പങ്കെടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടും സാമൂതിരി നാട്ടുരാജ്യങ്ങൾക്ക് അയയ്ക്കുന്ന അറിയിപ്പുകളും ഇതിൽ കാണാം. മാമാങ്കവുമായി ബന്ധപ്പെട്ട് എഴുതിയിരുന്ന വരവുചെലവ്

കണക്കുകളുടേയും സംഭവ വിവരണങ്ങളുടേയും രേഖകൾ ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ്. കൊച്ചി രാജവംശത്തെക്കുറിച്ച് പരാമർശിയ്ക്കുന്ന പെരുമ്പടപ്പ് ഗ്രന്ഥവരിയും പൊന്നാനിയെക്കുറിച്ചുള്ള പഠനത്തിന് ഉപയോഗിച്ചിട്ടുണ്ട്.

പൊന്നാനിത്താലൂക്കിൽ ഉൾപ്പെടുന്ന ക്ഷേത്രങ്ങളിലെ ഗ്രന്ഥവരികളാണ് പ്രധാനപ്പെട്ട മറ്റുചില ഉപാദാനങ്ങൾ. എന്നാൽ ഇവ പഠനത്തിന് വേണ്ടി ലഭ്യമാകുന്നില്ല എന്നത് പൊന്നാനിയുടേയും മധ്യകാലകേരളത്തിന്റേയും ചരിത്രരചനയിൽ വലിയ വിടവ് നിർമ്മിയ്ക്കുന്നുണ്ട്. സാമൂതിരികാലഘട്ടത്തിലെ ഗ്രന്ഥവരികൾ വിശദമായി പഠിയ്ക്കുകയും അവയെ വ്യാഖ്യാനിയ്ക്കുകയും ചെയ്ത ഡോ. എൻ. എം നമ്പൂതിരി, ഡോ. വി. വി. ഹരിദാസ് എന്നിവരുടെ സംഭാവനകൾ ഇവിടെ ശ്രദ്ധേയമാണ്. ഗ്രന്ഥവരികളും സ്ഥലനാമങ്ങളും കുടിയിരുപ്പ് രേഖകളും പ്രാദേശികചരിത്ര രചനയിലെ മുഖ്യവിഷയങ്ങളാകുന്നത് നമ്പൂതിരിയുടെ സംഭാവനകളിലൂടെയാണ്.

ഭരണകാര്യങ്ങളിലേയും ക്ഷേത്രം നടത്തിപ്പിലേയും നിത്യനിദാന ചെലവുകളാണ് ഈ ഗ്രന്ഥവരികളിലെയെല്ലാം പ്രധാന വിഷയം. സാമൂതിരിയുടെ പക്ഷം പിടിച്ചുകൊണ്ട് എഴുതിവെച്ച മറ്റനവധി ചരിത്ര സംഭവങ്ങളും ഗ്രന്ഥവരികളിൽ കാണാം. കാലാനുക്രമത്തിലല്ലാത്തതും സാമൂതിരിയുടെ പക്ഷം ചേർന്ന് രചിച്ചവയാകാമെന്നത് കൊണ്ടും ഇവ ചരിത്രപഠനത്തിന് അപര്യാപ്തമാണെന്നായിരുന്നു ആദ്യകാലത്തെ ധാരണ. എന്നാൽ അവയിൽ നിന്നും സമൂഹത്തിലെ ഉത്പാദനക്രമവും അവയുടെ ഉടമസ്ഥതയും ആയി ബന്ധപ്പെട്ട നിരവധി വിവരങ്ങൾ ലഭ്യമാകുന്നുണ്ട്.

ഗ്രന്ഥവരികളുടെ പ്രധാന ന്യൂനതകൾ അത് സമൂഹത്തിലെ ഉന്നത ശ്രേണിയിലുള്ള വിഭാഗത്തെക്കുറിച്ച് മാത്രമാണ് സംസാരിയ്ക്കുന്നത് എന്നതാണ്. രാജ്യഭരണവും ക്ഷേത്രച്ചുമതലയും നടത്തുന്ന ഒരു സൂക്ഷ്മന്യൂനപക്ഷം മാത്രമാണ് ഇതിൽ ദൃശ്യമാകുന്നത്. അതുപോലെത്തന്നെ ഗ്രന്ഥവരിയിൽ കാണുന്ന വിവരങ്ങൾ എല്ലാം അതത് കാലത്ത് രേഖപ്പെടുത്തിയതാണോ എന്നും ഉറപ്പില്ല. ആഖ്യാന ശൈലിനോക്കുമ്പോൾ പല വിവരങ്ങളും പിൽക്കാലത്ത് രേഖപ്പെടുത്തിയതാണ് എന്നു വേണം കരുതാൻ. കാലക്രമം തെറ്റിച്ചുകൊണ്ടും ചിലയിടങ്ങളിൽ വിവരങ്ങൾ കാണാം.

വർഷം സൂചിപ്പിയ്ക്കാത്ത ഗ്രന്ഥവരികളുമുണ്ട്. ഇത്തരത്തിൽ കാലക്രമം പാലിക്കാത്ത രേഖകളിൽ മുൻപ് നടന്ന വിവരങ്ങൾ പലതും ചോർന്ന് പോകുകയോ അതിശയോക്തികൾ കടന്നു വരികയോ ചെയ്തിരിയ്ക്കാം.

### 1.2.3 സഞ്ചാരികളുടെ കുറിപ്പുകൾ

ഏ.ഡി. ആദ്യ നൂറ്റാണ്ടുമുതൽ ഇന്ത്യ സന്ദർശിച്ച വൈദേശികരുടെ യാത്രാക്കുറിപ്പുകളാണ് പൊന്നാനിയെക്കുറിച്ച് ലഭ്യമായ മറ്റൊരു ഉപാദാനം. വാണിജ്യാവശ്യത്തിനും അപൂർവ്വം അവസരങ്ങളിൽ നയതന്ത്രബന്ധങ്ങൾക്കുമായി ഇവിടെവന്ന സഞ്ചാരികളുടെ കുറിപ്പുകളിൽ ഇവിടത്തെ അതിർത്തി, തുറമുഖങ്ങൾ, പട്ടണങ്ങൾ, വ്യാപാരബന്ധങ്ങൾ, അധികാരരൂപങ്ങൾ തുടങ്ങിയ വിവരങ്ങളാണ് അടങ്ങിയിട്ടുള്ളത്. ആദ്യകാലത്തെ കുറിപ്പുകളിൽ കാണുന്ന സ്ഥലനാമങ്ങൾ പലതും കൃത്യമായി നിർണയിയ്ക്കാനായിട്ടില്ല എന്നതും കുറിപ്പുകളിലെ പ്രതിപാദ്യവിഷയം അധികവും അധികാരവുമായി ബന്ധപ്പെട്ടതാണെന്നതും ഇവയുടെ പോരായ്മകളാണ്. പക്ഷേ കേരളത്തിലെ വാണിജ്യബന്ധങ്ങളേയും സാമുദായികബന്ധങ്ങളേയും കുറിച്ചുള്ള ആദ്യരേഖകൾ എന്ന നിലയിൽ സാമൂഹികചരിത്രരചനയിൽ വിദേശ സഞ്ചാരികളുടെ യാത്രാക്കുറിപ്പുകൾക്ക് പ്രാധാന്യമുണ്ട്.

'പെരിപ്ലസ് ഓഫ് ദി എറീത്രിയൻ സീ', ടോളമിയുടെ 'ഭൂമിശാസ്ത്രം', 'പ്യൂറ്റിംഗർ ടേബിൾ' തുടങ്ങിയ യവനരേഖകളിലാണ് ഈ ദേശത്തക്കുറിച്ചുള്ള ആദ്യ പരാമർശങ്ങൾ കാണാൻ കഴിയുക.[8] ഈ കൃതികളിൽ എല്ലാം സൂചിപ്പിച്ച് കാണുന്ന തിണ്ടിസ് എന്ന തുറമുഖം പൊന്നാനി ആണെന്നാണ് അനുമാനം. തിണ്ടിസിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കച്ചവടപ്രാധാന്യവും എല്ലാം അത് ശരിവെയ്ക്കുന്നു. എന്നാൽ മധ്യകാലഘട്ടത്തിലെ ചീനക്കാരുടേയോ അറബികളുടേയോ കുറിപ്പുകളിൽ പൊന്നാനിയെക്കുറിച്ചുള്ള പരാമർശങ്ങൾ കുറവാണ്. അക്കാലയളവിൽ കോഴിക്കോടിന് കൈവന്ന വാണിജ്യപ്രാധാന്യം ആകാം ഇതിന് കാരണം.

### 1.2.4 സംഘംകൃതികൾ

ഏ.ഡി. ആദ്യനൂറ്റാണ്ടുകളിൽ ദക്ഷിണേന്ത്യ കേന്ദ്രീകരിച്ച് രചിയ്ക്കപ്പെട്ട

സാഹിത്യകൃതികളാണ് സംഘംകൃതികൾ. അകനാനൂറ്, പുറനാനൂറ്, പതിറ്റുപത്ത് എന്നിവയാണ് പ്രധാന സംഘംകൃതികൾ. ചേര-ചോള-പാണ്ഡ്യ വംശങ്ങളുടെ ഭരണകാലത്ത് അവരുടെ രാജസദസ്സുകളിലെ അംഗങ്ങളോ അല്ലെങ്കിൽ രാജാക്കന്മാരെ പ്രീതിപ്പെടുത്താൻവേണ്ടി മറ്റു വ്യക്തികളോ രചിച്ചവയാണ് ഈ കൃതികൾ. അതിനാൽ തന്നെ അധികാരരൂപങ്ങളെക്കുറിച്ചുള്ള അതിവർണനകൾ സംഘസാഹിത്യത്തിൽ കാണാം. സംഘസാഹിത്യങ്ങൾക്ക് ശേഷം നാല്, അഞ്ച് നൂറ്റാണ്ടുകളിൽ രചിച്ച ചിലപ്പതികാരം, മണിമേഖലൈ എന്നീ ആദ്യകാലതമിഴ്കാവ്യങ്ങളിലും കേരളചരിത്ര നിർമ്മിതിയ്ക്ക് അനിവാര്യമായ ഉപാദാനങ്ങളുണ്ട്.

പൊതുവെ ദക്ഷിണേന്ത്യയാണ് സംഘകാവ്യങ്ങളിൽ പരാമൃഷ്ടമായിട്ടുള്ള പ്രദേശം എന്ന് പറയാറുണ്ടെങ്കിലും പശ്ചിമഘട്ടത്തിന് പടിഞ്ഞാറുള്ള പ്രദേശങ്ങളെ കുറിച്ചുള്ള വിവരങ്ങൾ കുറവാണ്. അന്നത്തെ ചേരസാമ്രാജ്യത്തിലെ പ്രധാന നഗരമെന്ന രീതിയിൽ സംഘകാവ്യങ്ങളിൽ കാണുന്ന തൊണ്ടി എന്ന പട്ടണം പൊന്നാനിയാണെന്നാണ് അനുമാനം. ജനങ്ങളേറെയും മത്സ്യബന്ധനത്തിൽ ഏർപ്പെടുകയും ധാരാളം കപ്പലുകളടുക്കുകയും ചെയ്യുന്ന തുറമുഖം എന്ന രീതിയിലാണ് തൊണ്ടിയെക്കുറിച്ചുള്ള വിവരണം. തൊണ്ടിയിലെ ജനജീവിതവും മത്സ്യബന്ധനവും തമ്മിലുള്ള ബന്ധവും ചേരരാജവംശത്തിന് അവിടെയുള്ള സ്ഥാനവും തുടങ്ങി നിരവധി വിവരങ്ങൾ സംഘംകൃതികളിൽ നിന്നും ലഭ്യമാകുന്നുണ്ട്.

### 1.2.5 മധ്യകാലസാഹിത്യങ്ങൾ

സംഘംകൃതികളിലെ പരാമർശങ്ങൾ പോലെത്തന്നെ ചരിത്രരചനയ്ക്ക് ഉപയോഗിയ്ക്കുന്ന ഉപാദാനങ്ങളാണ് മധ്യകാലകേരളത്തിലെ സാഹിത്യകൃതികളും. പതിമൂന്നാംനൂറ്റാണ്ടിൽ ആരംഭിച്ച മണിപ്രവാളസാഹിത്യമാണ് ഇതിൽപ്രധാനം. കോകസന്ദേശം, ഉണ്ണുനീലിസന്ദേശം തുടങ്ങിയ സന്ദേശകാവ്യങ്ങളും, ചെല്ലൂർനാഥസ്തവം, വാസുദേവസ്തവം, ഭദ്രകാളീസ്തവം തുടങ്ങിയ സ്തോത്രകൃതികളും, ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയാടീചരിതം തുടങ്ങിയ ചമ്പുക്കളും ഇതിൽ ഉൾപ്പെടുന്നു.

ദേവദാസീവർണ്ണനകൾ, ദേവവർണ്ണനകൾ, രാജവർണ്ണനകൾ തുടങ്ങിയവയാണ്

മണിപ്രവാളസാഹിത്യത്തിന്റെ ആഖ്യാനങ്ങളിൽ അധികവും. ഇതേകാരണത്താൽ തന്നെ ചരിത്രപഠനത്തിൽ കാര്യമായി പരിഗണനാർഹമല്ലാത്തവയായിരുന്നു ഈ കാവ്യങ്ങൾ. എന്നാൽ ഇന്ന് അങ്ങാടികൾ, വഴികൾ, ജലപ്രകൃതി, ജൈവ വൈവിധ്യം എന്നിവയെക്കുറിച്ച് അറിയാനുള്ള അമൂല്യഗ്രന്ഥങ്ങളായി മണിപ്രവാളകാവ്യങ്ങൾ പരിഗണിയ്ക്കപ്പെടുന്നുണ്ട്. കോകസന്ദേശം, ഉണ്ണിച്ചിരുതേവീചരിതം എന്നിവയാണ് ഇക്കൂട്ടത്തിൽ പൊന്നാനിയുടെ ചരിത്രപഠനത്തിന് ആശ്രയിച്ചിട്ടുള്ള കാവ്യങ്ങൾ.

### 1.2.6 ഔദ്യോഗിക റിപ്പോർട്ടുകൾ

മധ്യകാലംവരെ നിലനിന്ന അധികാരരൂപങ്ങളെക്കുറിച്ചുള്ള വിവരണങ്ങളിൽ നിന്ന് വ്യത്യസ്തമായി ജനജീവിതത്തെ കുറിച്ചുള്ള പ്രത്യക്ഷമായ വിവരങ്ങൾ കാണാനാകുന്നത് പാശ്ചാത്യരുടെ റിപ്പോർട്ടുകളിലാണ്. പതിനഞ്ചാം നൂറ്റാണ്ട് മുതലുള്ള വൈദേശികാക്രമണത്തിന്റെ കാലത്ത് പോർച്ചുഗീസ്, ഡച്ച്, ബ്രിട്ടീഷ് ഭരണകൂടങ്ങൾ തയ്യാറാക്കിയ ഔദ്യോഗിക റിപ്പോർട്ടുകളാണ് ഈ ഉപാദാനങ്ങൾ. വ്യക്തമായ കൊളോണിയൽ പക്ഷപാതങ്ങൾ ഈ റിപ്പോർട്ടുകളിലുണ്ടെങ്കിലും കേരളത്തിലെ സമ്പത്ത്, കാർഷികവിളകൾ, നാണയങ്ങൾ, കയറ്റുമതി ഉത്പന്നങ്ങളുടെ വിശദാംശങ്ങൾ എന്നിവ കൊണ്ട് സമ്പന്നമാണ് ഈ റിപ്പോർട്ടുകൾ.

അധികാരസ്ഥാനമൊഴിഞ്ഞ് പോകുന്ന ഡച്ച്ഗവർണർമാർ തങ്ങളുടെ പിൻഗാമികൾക്ക് വേണ്ടി നൽകുന്ന റിപ്പോർട്ടുകളാണ് ഇവയിൽ ആദ്യത്തേത്. 1748-ൽ ഗവർണർ സ്ഥാനമൊഴിഞ്ഞ വാൻഗൊള്ളനിസിന്റേയും 1781-ൽ സ്ഥാനമൊഴിഞ്ഞ അഡ്രിയാൻമോയൻസിന്റേയും റിപ്പോർട്ടുകളിൽ കേരളത്തെക്കുറിച്ചുള്ള വിശദവിവരങ്ങളുണ്ട്. മലബാറിന്റെ സർവ്വേ നടത്തിയ ഫ്രാൻസിസ്ബുക്കാനന്റെ റിപ്പോർട്ടാണ് പ്രാധാന്യമർഹിയ്ക്കുന്ന മറ്റൊന്ന്. 1800 ഡിസംബർ 14 ന് പൊന്നാനിയിലെത്തുന്ന ബുക്കാനൻ[8] അവിടത്തെ അങ്ങാടികൾ, അളവുതൂക്കങ്ങൾ, പച്ചക്കറി, നെല്ല് തുടങ്ങിയ ഉത്പന്നങ്ങളെക്കുറിച്ചുള്ള നേർവിവരണങ്ങൾ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1887-ൽ മദ്രാസ് പ്രവിശ്യയ്ക്കു കീഴിലുള്ള മലബാർ ജില്ലയെ കുറിച്ച് ജില്ലാകളക്ടർ വില്യം ലോഗൻ തയ്യാറാക്കിയ മലബാർ മാന്വലാണ് മറ്റൊരു

റിപ്പോർട്ട്. മലബാറിലെ ഭൂമിശാസ്ത്രം, ജനങ്ങൾ, മത സാമുദായികബന്ധങ്ങൾ, ഭാഷ, സംസ്കാരം എന്നിവയാണ് റിപ്പോർട്ടിലെ പരാമർശങ്ങൾ.

### 1.2.7 ആധുനികകൃതികളും പൂർവപഠനങ്ങളും

കേരളത്തിലെ ചരിത്രരചനാശ്രമങ്ങളിൽ ആദ്യമാതൃകകൾ എന്ന് വിശേഷിപ്പിയ്ക്കാവുന്ന രണ്ട് ഗ്രന്ഥങ്ങൾ രചിയ്ക്കപ്പെടുന്നത് പൊന്നാനി കേന്ദ്രീകരിച്ചു കൊണ്ടാണ്. പതിനാലാം നൂറ്റാണ്ടിൽ ശൈഖ്സൈനുദ്ദീൻ രണ്ടാമൻ രചിച്ച 'തുഹ്ഫത്തുൽ മുജാഹിദ്ദീൻ' എന്ന അറബി ഗ്രന്ഥമാണ് അതിൽ ആദ്യത്തേത്. 1498 മുതൽ 1583 വരെ മലബാർ തീരത്ത് പോർച്ചുഗീസുകാർ നടത്തിയ ക്രൂരപ്രവൃത്തികളുടെ വിവരണവും അന്നത്തെ കേരളീയസാമൂഹികജീവിതത്തിന്റെ നേർചിത്രവും ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിയ്ക്കുന്നു. അക്കാലത്തെ നീതിന്യായനിർവ്വഹണം, രാജ്യഭരണരീതി, ജാതിവ്യവസ്ഥ തുടങ്ങി പലതും ഈ ഗ്രന്ഥത്തിൽ വിവരിയ്ക്കുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നടന്ന ഹൈദരലിയുടെ മലബാർ ആക്രമണസമയത്തെക്കുറിച്ച് രചിയ്ക്കപ്പെട്ട 'വെള്ളയുടെ ചരിത്രമാണ്' രണ്ടാമത്തേത്. പൊന്നാനിയ്ക്ക് അടുത്തുള്ള പന്നിയൂർ ഗ്രാമത്തിലെ വെള്ള ഇല്ലത്തെ നമ്പൂതിരിയാണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ്. 1755 മുതൽ 1780 വരെ നടന്ന യുദ്ധങ്ങൾക്കും ലഹളകൾക്കും പൂർണമായ ദൃക്സാക്ഷിയാണ് ലേഖകൻ. പരമാവധി സത്യസന്ധതയോടെ ചരിത്രപരമായ വീക്ഷണങ്ങളോടെ വെള്ള നമ്പൂതിരി ആ കാലഘട്ടങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്.

പൊന്നാനിയുടെ പ്രാദേശിക ചരിത്രനിർമ്മാണത്തെകൂടി ലക്ഷ്യം വെച്ചുകൊണ്ട് രചിച്ച ചില ആധുനികകൃതികളും ഈ അവസരത്തിൽ പരാമർശിയ്ക്കപ്പെടേണ്ടതുണ്ട്. പ്രൊഫ. വി.അബ്ദുറഹിമാൻ രചിച്ച 'മാപ്പിളചരിത്രശകലങ്ങൾ' ഇക്കൂട്ടത്തിൽ ആദ്യത്തെ പുസ്തകമാണ്. രണ്ടാമതായി പരിഗണിക്കാവുന്നത് എം. ജി. എസ് നാരായണന്റെ നിർദ്ദേശങ്ങളോടെ സാഹിത്യകാരനായ സി. അഷ്റഫ് എഡിറ്റ്ചെയ്ത 'പൊന്നാനി –ഒരു ഇതിഹാസ പൈതൃകത്തിന്റെ സുവർണരേഖ' എന്ന പുസ്തകമാണ്. വിവിധ മേഖലകളിലെ വിദഗ്ദ്ധർ അവരവരുടെ മേഖലകളിൽ നിന്നുകൊണ്ട് പൊന്നാനിയെ നോക്കിക്കാണുന്ന വ്യത്യസ്ത ലേഖനങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ പുസ്തകം.

പൊന്നാനിയുടെ ചരിത്രത്തെ നിലവിലെ പൊന്നാനി മുൻസിപ്പാലിറ്റിയുടെ അതിരുകൾക്കകത്ത് നിന്നുകൊണ്ട് നോക്കിക്കാണാൻ ശ്രമിച്ചതാണ് ഈ പുസ്തകത്തിന്റെ പ്രധാന ന്യൂനത. ടി. വി. അബ്ദുറഹ്മാൻ കുട്ടി രചിച്ച 'പൊന്നാനി പൈതൃകവും നവോത്ഥാനവും' എന്ന പുസ്തകവും അതിന്റെ തന്നെ ചില ഭാഗങ്ങൾ ഉൾക്കൊള്ളുന്ന 'ചരിത്രമുറങ്ങുന്ന പൊന്നാനി' എന്ന പുസ്തകവുമാണ് മറ്റു ചിലത്. ക്ലാസ്സിക്കൽ ചരിത്രരചനയ്ക്കകത്ത് പൊന്നാനിയുടെ സാന്നിധ്യങ്ങൾ അന്വേഷിക്കുന്ന ലേഖനങ്ങളാണ് ഈ പുസ്തകങ്ങളിലേതെന്ന് പൊതുവിൽ കാണാം. പൊന്നാനിയെ കേന്ദ്രമാക്കിക്കൊണ്ട് നടന്ന വ്യത്യസ്ത സംഭവങ്ങളുടെ സമാഹാരങ്ങളായി ഈ രണ്ടു പുസ്തകങ്ങളേയും പരിഗണിക്കാം. പൊന്നാനിത്താലൂക്കിലെ പെരുമ്പടപ്പിലുള്ള വന്നേരി എന്ന പ്രദേശത്തെ കേന്ദ്രമാക്കിക്കൊണ്ട് ഒരു കൂട്ടം എഴുത്തുകാർ രചിച്ച ലേഖനങ്ങളുടെ സമാഹാരമായ 'വന്നേരിനാട്' എന്ന പുസ്തകവും ഈ പട്ടികയിൽ ഇടം പിടിക്കാൻ യോഗ്യമായ ഗ്രന്ഥമാണ്. വന്നേരിനാട്ടിലെ വിവിധ സാമൂഹിക ഘടകങ്ങളേയും ചരിത്രസംഭവങ്ങളേയും, വ്യക്തികളേയും എല്ലാം വിവരിയ്ക്കുന്ന പുസ്തകം പ്രസിദ്ധ സാഹിത്യ നിരൂപകൻ കാട്ടുമാടം നാരായണന്റെ ജന്മവാർഷികത്തിന് സുഹൃത്തുക്കൾ ചേർന്നൊരുക്കിയ സ്മരണികയാണ്.

### 1.2.8 വാമൊഴി പാരമ്പര്യം

തങ്ങളുടേയോ തങ്ങളുടെ പൂർവികരുടേയോ ഓർമ്മകളിൽ പൊന്നാനി എന്ന ദേശം എങ്ങനെയായിരുന്നു നിലനിന്നിരുന്നത് എന്ന തദ്ദേശീയരായ ജനങ്ങളുടെ ഓർത്തെടുക്കലാണ് ഈ പഠനത്തിന് ഉപയോഗിയ്ക്കുന്ന മറ്റൊരു ഉപാദാനം. വ്യക്തിപരമായ ഓർമ്മകളോ കുട്ടിക്കാലത്ത് മുതിർന്നവർ പറഞ്ഞുകേട്ടറിഞ്ഞ ഓർമ്മകളോ മാത്രമാണ് ഇവിടെ ആവേദകരിൽനിന്നും ശേഖരിയ്ക്കാൻ ശ്രമിയ്ക്കുന്നത്. കാലക്രമത്തിന്റെ പഴക്കമനുസരിച്ച് ആവേദകരുടെ സ്വന്തം ഓർമ്മകളെ വാമൊഴി ചരിത്രമെന്നും അവരുടെ പൂർവികർ പറഞ്ഞുകേട്ടറിഞ്ഞ കഥകളെ വാമൊഴി പാരമ്പര്യമെന്നും അത് ഒരു സമൂഹത്തിന്റെ ഓർമ്മയായിമാറുമ്പോൾ ഫോക്‌ലോർ എന്നും വിളിയ്ക്കാറുണ്ട്. ഇവിടെ മേൽപ്പറഞ്ഞ മൂന്ന് മാർഗങ്ങളും പ്രയോഗത്തിലുണ്ടെങ്കിലും വാമൊഴി പാരമ്പര്യമെന്ന പൊതുപദം കൊണ്ട് അതിനെ സൂചിപ്പിയ്ക്കാം.

പൊന്നാനിയിലെ വാണിജ്യബന്ധങ്ങളെക്കുറിച്ചും ജാതി-മതസമുദായങ്ങളെ കുറിച്ചും കടലോരജീവിതത്തെക്കുറിച്ചുമെല്ലാം ഇത്തരത്തിൽ വാമൊഴിയായി നിരവധി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. സാമ്പ്രദായിക ചരിത്രത്തിലെ സംഭവവികാസങ്ങൾക്ക് ഉപരിയായി തൊഴിലെടുക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതരീതികളെക്കുറിച്ച് മനസ്സിലാക്കാൻ ഈ വാമൊഴികൾ ഉപകരിയ്ക്കുന്നു. വ്യക്തിപരമായ ഓർമ്മയ്ക്ക് തെറ്റുപറ്റാം എന്നതുകൊണ്ട് കൂട്ടം ചേർന്നു നിൽക്കുന്ന സമൂഹങ്ങളിൽ നിന്നാണ് പരമാവധി വാമൊഴികളും ശേഖരിയ്ക്കുന്നത്.

**1.3 പഠനഭൂമിക**

പടിഞ്ഞാറ് അറബിക്കടലിനും വടക്ക് ഭാരതപ്പുഴയ്ക്കും ഇടയിൽ ബിയ്യം കായലും പൂക്കൈതപ്പുഴയുമായി അതിരുകൾ പങ്കിടുന്ന ഉപദ്വീപസമാനമായ ഒരു ഭൂപ്രദേശമാണ് പൊന്നാനി. ഈ പ്രദേശത്തെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട് നിലവിലെ പൊന്നാനിത്താലൂക്ക് പൂർണ്ണമായും ഉൾക്കൊള്ളുന്നതാണ് പൊന്നാനി എന്ന പേരിൽ ഇവിടെ പഠനവിധേയമാക്കുന്ന പ്രദേശം. പ്രാചീനകാലം മുതൽക്കേ കേരളത്തിലെ പ്രധാന തുറമുഖങ്ങളിലൊന്നായി നിലകൊള്ളുകയും ചരിത്ര പ്രസിദ്ധമായ നിരവധി സംഭവങ്ങൾക്ക് വേദിയാവുകയും ചെയ്ത പ്രദേശമായിരുന്നു ഇവിടം. മലബാറിന്റെ കച്ചവടചരിത്രത്തിലും രാഷ്ട്രീയചരിത്രത്തിലും ചുരുക്കം പതിറ്റാണ്ടുകൾ മുമ്പുവരെ പൊന്നാനി സവിശേഷസ്ഥാനം വഹിച്ചിരുന്നു.

പൊൻനാണയങ്ങൾ ഒഴുകിവന്ന നാടെന്ന നിലയ്ക്കാണ് പൊന്നാനിയ്ക്ക് ആ പേര് ലഭിച്ചതെന്ന് വിശ്വസിയ്ക്കുന്നവരുണ്ട്. പ്രാചീനകാലം മുതൽക്കേ അറബികളും യവനരുമായി വ്യാപാരബന്ധം ഉണ്ടായിരുന്ന പൊന്നാനിയിൽ, ഇവർ വഴി പ്രചരിച്ച പൊൻനാണയങ്ങളാണ് പൊന്നാനിയ്ക്ക് ആ പേര് നേടിക്കൊടുത്തത് എന്ന് പറയപ്പെടുന്നു. അറബികളും യവനരുമായുള്ള പൊന്നാനിയുടെ വ്യാപാരബന്ധം വസ്തുതയാണെങ്കിലും പൊന്നാനിയെന്ന പേരിന് പിന്നിൽ ഇക്കാരണമാകാൻ സാധ്യതയില്ല. പൊന്നാനിയേക്കാൾ വൈദേശികവ്യാപാരികളുമായി വ്യാപാര ബന്ധങ്ങളിൽ ഏർപ്പെട്ടിരുന്ന പ്രദേശങ്ങൾ വേറെയും കേരളത്തിലുണ്ടായിരുന്നു എന്നും പൊൻനാണയങ്ങൾ അവിടങ്ങളിലും വന്നിരിയ്ക്കാം എന്നും നാം കാണേണ്ടതുണ്ട്.

സ്വർണസമാനമായ ഭംഗിയോടെ നദിയൊഴുകിയിരുന്ന നാട് എന്നതാണ് പൊന്നാനി എന്ന പേരിനു പിന്നിലെ കാരണമെന്നാണ് മറ്റൊരഭിപ്രായം. 'വാനി' എന്ന തമിഴ്പദത്തിന്റെ അർത്ഥങ്ങളിലൊന്ന് പുഴ എന്നാണ്. പൊന്നാനിയിലെ അഴിപ്രദേശത്ത് വെച്ച് തിരൂരിൽനിന്നും വരുന്ന പൊന്നാനിപ്പുഴയും ഭാരതപ്പുഴയും ചേർന്ന് ഒന്നിയ്ക്കുന്ന ഇടം അസ്തമയസൂര്യന്റെ സ്വർണപ്രഭയാൽ പൊൻപുഴപോലെ ശോഭിച്ചിരുന്നു എന്നും, പൊൻ+വാനി=പൊൻവാനി എന്നും അത് പിന്നീട് പൊന്നാനി ആയി രൂപാന്തരപ്പെട്ടുവെന്നുമാണ് ഈ വാദം. പൊൻനാണയങ്ങളിൽ നിന്നും പൊന്നാനി എന്ന നാമമുണ്ടായി എന്നതിനേക്കാൾ സാധ്യത കൽപ്പിയ്ക്കാനാകുന്നതും ഈ സങ്കൽപ്പത്തിനാണ്.

സാമൂതിരികാലഘട്ടത്തിലെ ഗ്രന്ഥവരികളിൽ ദൃശ്യമാകുന്ന പൊന്നാനി വായ്ക്കൽ എന്ന പ്രയോഗം വാമൊഴിയായി മാറ്റം വന്നതാണ് പൊന്നാനി എന്നും കരുതപ്പെടുന്നുണ്ട്. ഇത് സത്യമാകാൻ തരമുണ്ടെങ്കിലും പൊന്നാനി വായ്ക്കൽ എന്ന പ്രയോഗത്തിന്റെ ആരംഭം മുകളിൽ സൂചിപ്പിച്ച രണ്ട് സിദ്ധാന്തങ്ങളിൽ ഏതെങ്കിലും ഒന്നിലേയ്ക്ക് തന്നെ വിരൽചൂണ്ടുന്നതാണ്. ചരിത്രപരമായി നിലനിൽപ്പില്ലാത്ത എന്നാൽ കേരളത്തിൽ മൊത്തം കേട്ടുകേൾവിയുള്ള ചില ഐതിഹ്യങ്ങളും പൊന്നാനി എന്ന പേരിന് പിന്നിലുണ്ട്.

ആഴ്വാഞ്ചേരിതമ്പ്രാക്കളുമായി ബന്ധപ്പെട്ടതാണ് ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ട ഒരു കഥ. തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിൽ മുറജപം കഴിഞ്ഞു വരുന്ന നമ്പൂതിരിയ്ക്ക് സ്വർണ്ണംകൊണ്ടുള്ള ഒരു ആനക്കുട്ടിയെ ദക്ഷിണയായി കിട്ടി. വഴിയരികിൽ വിശ്രമത്തിനിടെ നമ്പൂതിരി ആനക്കുട്ടിയെ ഒരിടത്ത് വെച്ചു. അതുവഴി വന്ന പാക്കനാർ കുസൃതിയായി നമ്പൂതിരിയോട് പറഞ്ഞു. "ചത്ത ജന്തുക്കളുടെ അവകാശം ഞങ്ങൾക്കാണ് അതിങ്ങു തരണം". നമ്പൂതിരിയ്ക്ക് വലിയ സങ്കടമായി. സംഘത്തിന്റെ നേതൃസ്ഥാനിയായ ആഴ്വാഞ്ചേരി തമ്പ്രാക്കൾ ആനയെവാങ്ങി, നിലത്തുവെച്ച് ആജ്ഞാപിച്ചു, 'നടക്കാനേ.' ഉടനെ ആന നടന്നു. അങ്ങനെ പൊൻ ആന നടന്നയിടം പൊന്നാനി ആയെന്നാണ് ഐതിഹ്യം. പൊന്നൻ എന്ന നാടുവാഴി ഭരിച്ച ദേശമായതിനാലാണ് പൊന്നാനി എന്നപേര് വന്നതെന്നും അഭിപ്രായമുണ്ട്.

ബ്രാഹ്മണർക്കും ബൗദ്ധന്മാർക്കുമിടയിൽ നടന്ന കലഹമാണ് പൊന്നാനി എന്ന പേരിന് പിന്നിലെന്നു പറയുന്ന മറ്റൊരു കഥയും നിലവിലുണ്ട്. ഒരിയ്ക്കൽ ഹിന്ദുമതത്തിനാണോ ബുദ്ധമതത്തിനാണോ മഹത്വം കൂടുതലെന്ന വാദത്തിൽ ഇരുകൂട്ടരും തമ്മിൽ തർക്കം നടന്നു. ഒടുവിൽ ഏതു മതത്തിനാണോ ശക്തി ആ മതം ഏവരും സ്വീകരിയ്ക്കണം എന്നും തീർച്ചപ്പെടുത്തി ഇരുകൂട്ടരും തമ്മിൽ ഒരു മത്സരത്തിൽ ഏർപ്പെട്ടു. സ്വർണ്ണം കൊണ്ടുണ്ടാക്കിയ രണ്ടാനകളെ ഒരു സങ്കേതം നിശ്ചയിച്ച് അവിടെ രണ്ടിടത്തായി നിർത്തി. നാല്പത്തൊന്നു ദിവസത്തിനുള്ളിൽ ആർക്കാണോ ആ കനകവാരണങ്ങൾക്കു ജീവൻ നൽകാൻ സാധിക്കുക അവരുടെമതം അധികം ശക്തിയുള്ളതാണെന്നു പ്രഖ്യാപനം ചെയ്യാമെന്നു നിശ്ചയിച്ചു.

ഒരുപക്ഷം കഴിഞ്ഞപ്പോൾ ബൗദ്ധരുടെ ആനയ്ക്ക് ജീവനുണ്ടായി. അത് ചെവിയിളക്കുവാനാരംഭിച്ചു. ഹിന്ദുക്കളുടെ ആന അപ്പോഴെല്ലാം അങ്ങനെത്തന്നെ നിന്നതേയുള്ളൂ. ഒടുവിൽ ബ്രാഹ്മണരെല്ലാം ചേർന്ന് പ്രശ്നപരിഹാരത്തിന് നാറാണത്തു ഭ്രാന്തനെ വരുത്തിയാൽ നിവൃത്തിയുണ്ടായേയ്ക്കുമെന്ന് തീരുമാനിച്ച് അതിലേയ്ക്കായി ആൾക്കാർ പോകാമെന്നു നിശ്ചയിച്ചു. ഉടനെത്തന്നെ ചിലർ പുറപ്പെടുകയും ചെയ്തു. ഭ്രാന്തനെ കണ്ടു കാര്യം ഉണർത്തിച്ച മാത്രയിൽ തന്നെ ഭ്രാന്തൻ ഇറങ്ങിപ്പുറപ്പെട്ടു. പിന്നാലെ ബ്രാഹ്മണരും അദ്ദേഹത്തെ അനുഗമിച്ചു.

വഴിവക്കത്ത് ഒരു നെടുമ്പുരയും സദ്യയും കണ്ട് ഭ്രാന്തൻ അവിടെക്കയറി ഉണ്ണാൻ ഇരുന്നു. മനസില്ലാ മനസ്സോടെ അനുഗാമികളും ഇരുന്നു. ഊണു കഴിഞ്ഞ് കൈകഴുകി പിന്നേയും നടന്നു. വഴിയ്ക്ക്വെച്ച് ഭ്രാന്തൻ ഒരു മൂശാരിപ്പുരയിൽ കയറി വെള്ളം ചോദിച്ചു. അവിടെ വെള്ളമില്ലെന്നു പറഞ്ഞപ്പോൾ ഭ്രാന്തൻ തിളച്ചുരുകുന്ന മൂശപ്പാത്രം എടുത്ത് പകുതിയോളം കുടിച്ചു, ബാക്കി കൂടെയുള്ളവർക്കു കൊടുത്തപ്പോൾ അവരതിന് ശക്തിയില്ലെന്നു പറഞ്ഞു പിൻവലിഞ്ഞു. എങ്കിൽ വരുന്ന വഴിയ്ക്ക് ഹീനജാതിക്കാരുടെ ചോറ് ഉണ്ട നിങ്ങൾക്ക് ഭ്രഷ്ടുണ്ട് എന്നു പറഞ്ഞ് ഭ്രാന്തൻ അവരെ ഭയപ്പെടുത്തി. അങ്ങിനെയെങ്കിൽ ഭ്രാന്തനും ഭ്രഷ്ടുണ്ടെന്നു പറഞ്ഞ് തർക്കിച്ചു കൊണ്ട് ഏവരും പിന്നേയും നടന്നു.

സ്ഥലത്തെത്തി വരുന്നവഴിയ്ക്കുണ്ടായതെല്ലാം ഭ്രാന്തൻ സമുദായ പ്രമാണിമാരെ

പറഞ്ഞു കേൾപ്പിച്ചു. എന്നാൽ ഭ്രാന്തനും ഭക്ഷിച്ചു അതിനാൽ അവനും ദോഷമുണ്ടെന്നു പറഞ്ഞ കൂട്ടരോട് എങ്കിൽ ഛർദ്ദിച്ചു കാണിയ്ക്കൂ അപ്പോൾ പരമാർത്ഥമറിയാമെന്നു ഭ്രാന്തൻ വെല്ലുവിളിച്ചു. ഭ്രാന്തൻ ഛർദ്ദിച്ചപ്പോൾ ഉണക്കച്ചോറും പൂവും കദളിപ്പഴവും മറ്റുള്ളവർ ഛർദ്ദിച്ചപ്പോൾ ഉണക്കമത്സ്യവും പുറത്തുവന്നു. അങ്ങനെ ഭ്രാന്തന്റെ അനുഗാമികളെ ജാതിശാസ്യവും ചെയ്തു.

ഇതിനെല്ലാം ശേഷം തർക്കത്തിന്റെ നാൽപ്പത്തിയൊന്നാം ദിവസം വന്നെത്തി. അപ്പോഴും ബൗദ്ധരുടെ ആന ചെവിയാട്ടിക്കൊണ്ടും ഹിന്ദുക്കളുടെ ആന അനങ്ങാതെയും നിന്നു. ഭ്രാന്തൻ പ്രമാണികളോടുകൂടി മുറുക്കി ഒരു കാരക്കോലും കയ്യിലെടുത്ത് ബൗദ്ധരുടെ ആനയുടെ അടുത്തുചെന്ന് അതിന്റെ പുറത്ത് ഒന്നുതുപ്പി. ഉടനെ ബൗദ്ധരുടെ ആന അനങ്ങാതെയായി. പിന്നെ ഒന്നുകൂടി മുറുക്കിത്തുപ്പി ഹിന്ദുക്കളുടെ ആനയെ ഒരടിയടിച്ചു. ഉടനെ ആനയ്ക്ക് ജീവൻ വെച്ചു. ഭ്രാന്തൻ ആനയോടു നടക്കാൻ പറഞ്ഞു, ആന നടന്നു തുടങ്ങി. പിന്നെ ഓടാനും ഓടി സമുദ്രതീരത്ത് ചെന്ന് നിൽക്കാനും കൽപ്പിച്ചു. ആന അവിടെച്ചെന്നു നിന്നു. തിരികെ പോരാൻ പറഞ്ഞപ്പോൾ തിരിച്ച് വരികയും ചെയ്തു. ഇങ്ങനെ ഭ്രാന്തന്റെ ചൊൽപ്പടിയ്ക്ക് പൊന്നാന നടന്ന പ്രദേശമെല്ലാം പൊന്നാനിയായി മാറി (അപ്പൻ തമ്പുരാൻ, 1932:42-46).

ഇത്തരത്തിൽ പൊന്നാനി എന്നപേര് വന്നതിനു പിന്നിലുള്ള കാരണങ്ങളെ കുറിച്ച് കഥയായും ചരിത്രമായും ഐതിഹ്യമായും നിരവധി അഭിപ്രായങ്ങളുണ്ട്. നിലവിലെ പൊന്നാനി എന്ന പ്രദേശം സംഘകാലം മുതൽക്കേ കേരളത്തിന്റെ ചരിത്രത്തിൽ നിലനിൽക്കുന്നുണ്ടെങ്കിലും പൊന്നാനി എന്ന സ്ഥലനാമം മധ്യകാലത്തിന്റെ അവസാനപകുതി മുതൽ മാത്രമേ പ്രചാരത്തിൽ വരുന്നുള്ളൂ. പൊന്നാനിയിലെ പ്രദേശങ്ങളെക്കുറിച്ച് സംഘകാവ്യങ്ങളിലും മണിപ്രവാള കാവ്യങ്ങളിലും ഒന്നുംതന്നെ പൊന്നാനി എന്നപേര് കാണാനാകുന്നില്ല. എന്നാൽ പിന്നീട് വരുന്ന സാമൂതിരി ഗ്രന്ഥവരികളിലും പോർച്ചുഗീസുകാരുടെ വരവിന്റെ സമയത്തും പൊന്നാനി എന്ന സ്ഥലനാമം ഒരുപാടിടങ്ങളിൽ ഉപയോഗിയ്ക്കുന്നുമുണ്ട്. ഈ കാലഘട്ടത്തിൽ കേരളത്തിലെ തുറമുഖങ്ങളെയെടുത്ത് പരിശോധിയ്ക്കുകയാണെങ്കിൽ കോഴിക്കോട് തുറമുഖത്തിന്

പൊന്നാനിയേക്കാൾ അധികം വ്യാപാര പ്രാധാന്യം അവകാശപ്പെടാൻ സാധിയ്ക്കും. അതുകൊണ്ട് തന്നെ പൊൻനാണയങ്ങൾ വന്നിരുന്ന നാട് എന്ന നിലയ്ക്കാണ് പൊന്നാനി എന്ന പേര് ഉണ്ടായത് എന്ന വിശ്വാസം നിലനിൽക്കുന്നതല്ല.

### 1.3.1 പൊന്നാനിയുടെ അതിരുകൾ

ഒരു പ്രദേശത്തിന്റെ അതിർത്തിയെ നിർണയിയ്ക്കുന്നത് അതിന്റെ ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായ പ്രത്യേകതകൾകൊണ്ടാണ്. ഭൂമിശാസ്ത്രപരമായ സവിശേഷതകൾ വളരെക്കാലം മാറ്റമില്ലാതെ തുടരുന്നവയായതിനാൽ ഭൂമിശാസ്ത്രപരമായി നിർണയിക്കപ്പെടുന്ന അതിർത്തി അങ്ങനെത്തന്നെ തുടരുന്നതാണ്. നദികൾ, കായലുകൾ, കടലുകൾ, കുന്നുകൾ, പർവ്വതങ്ങൾ എന്നിങ്ങനെയുള്ള ഭൂപ്രകൃതിയിലെ പ്രത്യേകതകളാണ് ഒരു പ്രദേശത്തെ സമീപപ്രദേശങ്ങളിൽ നിന്നും വേർതിരിയ്ക്കുന്നത്. പൊന്നാനിയുടെ കാര്യത്തിൽ പ്രധാനമായും പുഴകൾ, കായലുകൾ എന്നിവയാണ് അതിന്റെ ഭൂമിശാസ്ത്രപരമായ അതിരുകളായി വർത്തിയ്ക്കുന്നത്.

പടിഞ്ഞാറ് അറബിക്കടലിനും വടക്ക് ഭാരതപ്പുഴയ്ക്കും ഇടയിൽ ബിയ്യം കായലും പൂക്കൈതപ്പുഴയുമായി അതിരുകൾ പങ്കിടുന്ന ഉപദ്വീപസമാനമായ ഒരു ഭൂപ്രദേശമാണ് പൊന്നാനി എന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ഇവിടം കേന്ദ്രമാക്കിക്കൊണ്ട് തെക്ക്-കിഴക്ക് ദിക്കുകളിൽ ബിയ്യം കായലിന്റേയും പൂക്കൈതപ്പുഴയുടേയും ഇരു കരകളിലുമായി വ്യാപിച്ചുകിടക്കുന്ന നെൽവയലുകൾ നിറഞ്ഞ പ്രദേശത്തെ മുഴുവനായും ഒരുപ്രദേശമായി പരിഗണിയ്ക്കാവുന്നതാണ്. രാഷ്ട്രീയമായി മാറിമറിയുന്ന അതിർത്തികളിൽ നിന്നും വ്യത്യസ്തമായി ഭൂമിശാസ്ത്രപരമായി ഒന്നിച്ചു നിൽക്കുന്ന ഈ പ്രദേശത്തേയാണ് പൊന്നാനി എന്ന പേരിൽ ഇവിടെ പഠനത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്.

വളരെയധികംകാലം മാറ്റങ്ങളില്ലാതെ തുടരുന്ന ഭൂമിശാസ്ത്രപരമായ അതിരുകളിൽനിന്നും വ്യത്യസ്തമായി കാലാകാലങ്ങളിലെ ഭരണകൂടങ്ങൾ അവരുടെ താത്പര്യങ്ങൾക്കനുസരിച്ച് വരുത്തുന്ന മാറ്റങ്ങൾക്ക് വിധേയമാണ് രാഷ്ട്രീയ അതിർത്തി. പലപല നാടുവാഴികൾക്ക് കീഴിലെ ചെറുദേശങ്ങൾ ചേർന്ന് നാട്ടുരാജ്യങ്ങളാകുന്നതും,

ബ്രിട്ടീഷ്ഭരണത്തിൻകീഴിൽ അവയെല്ലാം ചേർന്ന് വലിയൊരു കോളനിയാകുന്നതും, സ്വാതന്ത്ര്യത്തിനൊപ്പം വിഭജനവും അതുവഴി രണ്ടു രാജ്യങ്ങൾ രൂപപ്പെടുന്നതും, അതിലൊന്ന് മൂന്ന് പതിറ്റാണ്ടിനുശേഷം രണ്ടു രാജ്യങ്ങളായി പിളരുന്നതും എല്ലാം ഈ രാഷ്ട്രീയമായ കാരണങ്ങളാലാണ്. ഇത്തരത്തിൽ പൊന്നാനിയുടെ അതിരുകളും വിവിധകാലങ്ങളിൽ വ്യത്യസ്തമായി തന്നെ നിലനിന്നിരുന്നു. അതുകൊണ്ട് തന്നെ അതത് കാലങ്ങളിലെ സാമൂഹിക സാഹചര്യങ്ങൾ പരിശോധിയ്ക്കേണ്ടിവരുമ്പോൾ ആ കാലഘട്ടത്തിലെ അതിരുകൾ ഏതായിരുന്നു എന്ന നിരീക്ഷണവും കൂടി നടത്തേണ്ടതായി വരുന്നു.

ഏ.ഡി. ആദ്യനൂറ്റാണ്ടുകളിൽ തമിഴകത്തിന്റെ ഭാഗമായിരുന്ന കേരളത്തെ അഞ്ച് നാടുകളായി വിഭജിച്ചിരുന്നു.[10] ഇതിൽ കുടനാട് എന്ന പ്രദേശത്തിന്റെ ഒരു ഭാഗമായിരുന്നു പൊന്നാനി. ഇപ്പോഴത്തെ തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളും കോഴിക്കോട് ജില്ലയുടെ ഏതാനും ഭാഗങ്ങളും ചേർന്നതാണ് കുടനാട്. അക്കാലത്ത് മുസിരിസ്സിനടുത്തുള്ള തിരുവഞ്ചിക്കുളം ആസ്ഥാനമാക്കി ഭരിച്ചിരുന്ന ചേര രാജാക്കന്മാരുടെ കീഴിലായിരുന്നു ഈ പ്രദേശം. കേരളത്തിൽ നെൽകൃഷി വ്യാപിയ്ക്കുന്നതിനും പറമ്പുവിളകൾ കൃഷിചെയ്യാൻ ആരംഭിയ്ക്കുന്നതിനും മുൻപുള്ള ആ കാലത്ത് ഇവിടത്തെ ജനസാന്ദ്രത ഇന്നത്തേതിൽനിന്നും വളരെ കുറവായിരുന്നു. ഈ കാലഘട്ടത്തിൽ ചേരസാമ്രാജ്യത്തിലെ പ്രധാനപട്ടണങ്ങളിൽ ഒന്നായിരുന്ന തൊണ്ടിപ്പട്ടണം എന്ന നിലയിലാണ് പൊന്നാനി അറിയപ്പെട്ടിരുന്നത്. സംഘകാല കൃതികളിൽനിന്നുള്ള വിവരങ്ങൾ വെച്ച് തീരദേശത്ത് സ്ഥിതിചെയ്യുന്ന തുറമുഖത്തോട് കൂടിയ ചെറിയ പട്ടണമായിരുന്നു ഈ പ്രദേശം. കേരളത്തിൽ കൂടുതൽ കാടുകൾ വെട്ടിത്തെളിയ്ക്കുകയും കൃഷി വ്യാപിപ്പിയ്ക്കുകയും ചെയ്ത മധ്യകാലം വരേയ്ക്കും തീരദേശത്തോട് ചേർന്നുകിടക്കുന്ന ചെറിയ പട്ടണം മാത്രമായിരുന്നിരിക്കണം പൊന്നാനി.

ചേരസാമ്രാജ്യവും പിന്നീട് വന്ന പെരുമാൾ ഭരണകാലവും അവസാനിച്ച് നാട്ടുരാജ്യങ്ങൾ രൂപപ്പെടുന്ന മധ്യകാലത്തിന്റെ ആരംഭത്തിൽ തന്നെയാകണം പൊന്നാനി ഇന്ന് കാണുന്ന ഭൂമിശാസ്ത്രപരമായ അതിർത്തി സ്വീകരിയ്ക്കുന്നത്.

എന്നാൽ ഈകാലഘട്ടത്തെ സംബന്ധിച്ച ചരിത്രപരമായ തെളിവുകൾ വിരളമായതിനാൽ പൊന്നാനി എന്ന നാട്ടുരാജ്യത്തിന്റെ ആരംഭം കണ്ടെത്തുക അസാധ്യമാണ്. മധ്യകാലത്തെ ഭൂപ്രകൃതിവർണ്ണനകൾ ഉൾക്കൊള്ളുന്ന മണിപ്രവാള കൃതികളിൽ പൊന്നാനിയുടെ കിഴക്കൻപ്രദേശങ്ങളിലുള്ള വയലുകൾ നിറഞ്ഞ പ്രദേശങ്ങൾ ദൃശ്യമാണ്.

പന്ത്രണ്ടാം നൂറ്റാണ്ടിൽ പൊന്നാനിയുടെ ഭരണം സാമൂതിരി കൈവശപ്പെടുത്തുന്നത് വരെ പൊന്നാനി ഭരിച്ചിരുന്നത് തിരുമനശ്ശേരി രാജാവായിരുന്നു. ഇന്നത്തെ പൊന്നാനി മുൻസിപ്പാലിറ്റിയുടെ അതിർത്തിപ്രദേശങ്ങൾ മാത്രം ഉൾപ്പെടുന്നതായിരുന്നു തിരുമനശ്ശേരിയുടെ ഭരണത്തിൻ കീഴിലെ പൊന്നാനി പ്രദേശം. നിലവിലെ പൊന്നാനിത്താലൂക്കിലെ മറ്റു പ്രദേശങ്ങളെല്ലാം അന്ന് കൊച്ചി രാജ്യത്തിന്റേയും വള്ളുവനാടിന്റേയും അതിർത്തിയ്ക്കുള്ളിലായിരുന്നു. മധ്യകാല കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ പൊന്നാനിയെ ശ്രദ്ധേയമാക്കുന്നത് ഈ അതിർത്തി പ്രദേശങ്ങളായിരുന്നു. വടക്ക് സാമൂതിരിനാട്, തെക്ക് കൊച്ചിരാജ്യം, കിഴക്ക് വള്ളുവനാട് എന്നിങ്ങനെയാണ് .

പതിനാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ പ്രദേശങ്ങളെല്ലാം സാമൂതിരി കീഴടക്കുന്നതോടെയാണ് ഇന്ന് പൊന്നാനിത്താലൂക്കിന്റെ അതിർത്തിയിൽ വരുന്ന പ്രദേശങ്ങളെല്ലാം രാഷ്ട്രീയമായി ഒന്നിക്കുന്നത്. തിരുമനശ്ശേരിയുടെ ഭരണത്തിലുള്ള പൊന്നാനിപ്രദേശവും വള്ളുവക്കോനാതിരിയുടെ വള്ളുവനാടും സാമൂതിരി കീഴടക്കുകയും കൊച്ചി രാജവംശത്തെ അവരുടെ ആസ്ഥാനമായ വന്നേരിയിൽനിന്നും തെക്ക് ദിക്കിലേയ്ക്ക് പിൻവലിയാൻ നിർബന്ധിതരാക്കുകയും ചെയ്തു. ഈ പ്രദേശങ്ങൾ സാമൂതിരിയുടെ ഭരണത്തിൻ കീഴിൽ നിലനിൽക്കുമ്പോഴും തിരുമനശ്ശേരി നമ്പൂതിരി തന്നെയായിരുന്നു ഇവിടത്തെ ഭരണം നിർവഹിച്ചിരുന്നത്.

1766-ൽ ടിപ്പുവിന്റെ പടയോട്ടത്തോട്കൂടി സാമൂതിരിഭരണത്തിന് അന്ത്യമാവുകയും പൊന്നാനി മൈസൂർരാജ്യത്തിന്റെ ഭാഗമാകുകയും ചെയ്തു. ടിപ്പുവിനെ പരാജയപ്പെടുത്തിയ ബ്രിട്ടീഷ്സൈന്യം നാടുവിട്ട് പോയിരുന്ന സാമൂതിരി വംശത്തെ തിരികെ കൊണ്ടുവരികയും കമ്പനിയുടെ പെൻഷൻകാരായി താമസിയ്ക്കാൻ

അനുവദിയ്ക്കുകയും ചെയ്തു. അങ്ങനെ പൊന്നാനി ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ വന്നു. ബ്രിട്ടീഷ്ഭരണത്തിൻ കീഴിൽ പൊന്നാനി ഉൾപ്പെടുന്ന പ്രദേശം മുഴുവനും ആദ്യം ബോംബെ പ്രവിശ്യയ്ക്ക് കീഴിലായി പീന്നീട് മദ്രാസ് പ്രവിശ്യയിൽ മലബാർ ജില്ലയുടെ ഭാഗമായി. 1861 ൽ ചാവക്കാട്, കൂറ്റനാട്, വെട്ടത്തുനാട് താലൂക്കുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് പൊന്നാനി താലൂക്ക് രൂപീകരിച്ചു.

1956-ൽ കേരളസംസ്ഥാനരൂപീകരണം വരേയ്ക്കും 1103.15 ച.കി.മീ. ചുറ്റളവുള്ള പൊന്നാനിത്താലൂക്ക് മദ്രാസ് പ്രവിശ്യയുടെ ഭാഗമായിത്തന്നെ തുടർന്നു. അക്കാലത്ത് തന്നെ പൊന്നാനിയുടെ ചിലഭാഗങ്ങൾ മറ്റു താലൂക്കുകളിൽ ലയിപ്പിയ്ക്കുകയും 435.08 ച.കി.മീ. ചുറ്റളവുള്ള പുതിയ താലൂക്ക് പാലക്കാട് ജില്ലയുടെ ഭാഗമാക്കുകയും ചെയ്തു. കേരളസംസ്ഥാനം രൂപീകൃതമായതിന് ശേഷം 200.35 ച.കി.മീ. ചുറ്റളവിൽ പാലക്കാട് ജില്ലയുടെ ഭാഗമായിക്കൊണ്ട് തന്നെ പൊന്നാനിത്താലൂക്കിന്റെ അതിരുകൾ പുനർനിർണയിച്ചു. ഈ പൊന്നാനിത്താലൂക്കിനെ പൂർണമായും ഉൾച്ചേർത്തു കൊണ്ടാണ് 1969 ജൂൺ 16 ന് മലപ്പുറംജില്ല രൂപീകരിയ്ക്കുന്നത് അന്നുമുതൽ പൊന്നാനിത്താലൂക്ക് മലപ്പുറം ജില്ലയുടെ ഭാഗമായി.

നിലവിൽ പെരുമ്പടപ്പ്, വെളിയങ്കോട്, മാറഞ്ചേരി, ആലങ്കോട്, നന്നംമുക്ക്, ഈഴുവത്തിരുത്തി, വട്ടംകുളം, എടപ്പാൾ, തവനൂർ, കാലടി, പൊന്നാനി എന്നിങ്ങനെ പതിനൊന്ന് വില്ലേജുകൾ പൊന്നാനിത്താലൂക്കിന്റെ പരിധിയിലുണ്ട്. തവനൂർ, വട്ടംകുളം, എടപ്പാൾ, കാലടി എന്നീ ഗ്രാമപഞ്ചായത്തുകളുൾപ്പെടുന്ന പൊന്നാനി ബ്ലോക്ക് പഞ്ചായത്തും ആലങ്കോട്, മാറഞ്ചേരി, നന്നംമുക്ക്, പെരുമ്പടപ്പ്, വെളിയങ്കോട് എന്നീ ഗ്രാമപഞ്ചായത്തുകളുൾപ്പെടുന്ന പെരുമ്പടപ്പ് ബ്ലോക്ക്പഞ്ചായത്തും പൊന്നാനി നഗരസഭയും കൂടിച്ചേർന്നതാണ് പൊന്നാനിത്താലൂക്ക്. വടക്ക് തിരൂർ താലൂക്കുമായും കിഴക്ക് ഒറ്റപ്പാലം, കുന്നംകുളം താലൂക്കുകളുമായും തെക്ക് ചാവക്കാട്, കുന്നംകുളം താലൂക്കുകളുമായും പൊന്നാനിത്താലൂക്ക് അതിർത്തി പങ്കിടുന്നു.

### 1.3.2 പൊന്നാനിയുടെ ഭൂമിശാസ്ത്രം

കേരളത്തിലെ ഏറ്റവും ചെറിയ താലൂക്കുകളിൽ ഒന്നാണ് പൊന്നാനി. എന്നാൽ

അതേസമയം ജനസാന്ദ്രതയിലും ഭൂവിനിയോഗത്തിലും കേരളത്തിലെ മറ്റു താലൂക്കുകളെ അപേക്ഷിച്ച് ശരാശരിയ്ക്ക് മുകളിലാണ് ഈ താലൂക്കിന്റെ സ്ഥാനം. മനുഷ്യോപയോഗ്യമല്ലാത്ത കാടുകളും കുന്നുകളും തീരെ കുറവാണെന്നതാണ് ഇതിനു പിന്നിലെ പ്രധാന കാരണം. പൊന്നാനിയുടെ ഭൂഘടന വലിയ കുന്നുകളും കാടുകളും ഇല്ലാത്തതാണെങ്കിലും ചെറിയ കുന്നുകളും ചെരിവുകളും ധാരാളമായി ഉള്ളതാണ് പൊന്നാനിയുടെ കിഴക്കൻഭാഗം. സമതലങ്ങളും ചതുപ്പുകളും കായൽ പ്രദേശങ്ങളുമാണ് പൊന്നാനിയുടെ മധ്യഭാഗത്ത് അധികവും. കടലോരപ്രദേശമായ പടിഞ്ഞാറൻതീരവും നദീതീരമായ വടക്കൻ അതിർത്തിയും കൂടിയാൽ പൊന്നാനിയുടെ ഭൂഘടനയുടെ ഏകദേശരൂപമാകും. മറ്റുചില ചെറുപുഴകളും കനോലി കനാലും നിരവധി തോടുകളും കൂടിച്ചേരുന്ന ജലപ്രകൃതിയും ഫലഭൂയിഷ്ഠമായ നെൽപ്പാടങ്ങളുമാണ് പൊന്നാനിയുടെ ഭൂപ്രകൃതിയിലെ മറ്റു സവിശേഷതകൾ.

പൊന്നാനിത്താലൂക്കിന്റെ പടിഞ്ഞാറ്ഭാഗം അറബിക്കടലിന്റെ തീരപ്രദേശമാണ്. പൊന്നാനി നഗരസഭ, വെളിയംങ്കോട്, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലായാണ് ഈ കടൽത്തീരം വിന്യസിയ്ക്കപ്പെട്ടിട്ടുള്ളത്. ഭാരതപ്പുഴ, പൂക്കൈതപ്പുഴ എന്നീ നദികളുടെ അഴിമുഖവും പൊന്നാനിത്താലൂക്കിലെ കടൽത്തീരത്താണ്. മലപ്പുറം ജില്ലയിലെ ഏക തുറമുഖമാണ് ഭാരതപ്പുഴയുടെ അഴിമുഖത്തിനടുത്തുള്ള പൊന്നാനിത്തുറമുഖം. ഭാരതപ്പുഴ അറബിക്കടലിൽ ചേരുന്ന അഴിമുഖമാണ് പൊന്നാനിത്താലൂക്കിന്റെ വടക്ക്-പടിഞ്ഞാറേമൂല. ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വിശാലമായ അഴിമുഖങ്ങളിലൊന്നാണ് പൊന്നാനിയിലേത്. ഗോദാവരിനദിയ്ക്ക് സമാനമായ അഴിമുഖവിശാലത പൊന്നാനിയ്ക്കുണ്ട്[11]. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി വളരെ ചെറിയ അഴിപ്രദേശമാണ് പുതുപൊന്നാനി മുനമ്പത്തേത്. പണ്ടുകാലത്ത് കാലവർഷക്കെടുതികളിൽ ഈ പ്രദേശത്തെ അഴിമുഖം ഭാഗികമായി അടയാറുണ്ട്. നിരവധി ദേശാടനപ്പക്ഷികളുടെ ആവാസകേന്ദ്രം കൂടിയാണ് പൊന്നാനിയിലെ അഴിമുഖങ്ങൾ.

പൊന്നാനിത്താലൂക്കിന്റെ വടക്കുഭാഗം ഭാരതപ്പുഴയുടെ തീരപ്രദേശമാണ്. പൊന്നാനി നഗരസഭ, തവനൂർ ഗ്രാമപഞ്ചായത്ത് എന്നിവയാണ് ഭാരതപ്പുഴയുമായി

താരതമ്യേന വലിയ അളവിൽ അതിർത്തി പങ്കിടുന്നത്. ചമ്രവട്ടം പാലം, കുറ്റിപ്പുറം പാലം എന്നിവ വടക്കുള്ള തിരൂർ താലൂക്കുമായി പൊന്നാനിയെ ബന്ധിപ്പിയ്ക്കുന്നു. പൊന്നാനിയെ ജല സമ്പുഷ്ടമാക്കുന്നതിൽ ഭാരതപ്പുഴയ്ക്ക് വലിയ പങ്കുണ്ട്. പൊന്നാനി താലൂക്കിന് നടുക്കായി വടക്കു-തെക്ക് ദിശയിൽ കിടക്കുന്ന ബിയ്യംകായലാണ് പൊന്നാനിയിലെ മറ്റൊരു പ്രധാന ജലസ്രോതസ്സ്. ഈ കായലിൽ നിന്നുമാണ് പൂക്കൈതപ്പുഴ ഉത്ഭവിച്ച് പുതുപൊന്നാനി മുനമ്പത്ത്വെച്ച് അറബിക്കടലിൽ ലയിക്കുന്നത്. പൊന്നാനിയെ നെൽകൃഷിയ്ക്ക് അനുയോജ്യമാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് ബിയ്യം കായലാണ്. ബിയ്യം കായലിന്റെ സമീപപ്രദേശങ്ങളിലാണ് പൊന്നാനിയിലെ കോൾപ്പാടങ്ങൾ സ്ഥിതിചെയ്യുന്നത്.

കടൽത്തീരത്തിന്റേയും നദീതീരത്തിന്റേയും കായലോരത്തിന്റേയും ഭൂപ്രകൃതി കഴിഞ്ഞാൽ സമതലം, ചെറിയ കുന്നുകൾ, ചതുപ്പുകൾ എന്നിങ്ങനെ മൂന്ന് വ്യത്യസ്ത ഭൂപ്രകൃതികളാണ് പൊന്നാനിയിൽ കാണാനാവുക. കായലിനോട് ചേർന്നു നിൽക്കുന്ന പ്രദേശങ്ങളിലാണ് ചതുപ്പ് പോലുള്ള ഭൂപ്രകൃതി ദൃശ്യമാകുന്നത്. നന്നംമുക്ക്, പെരുമ്പടപ്പ് എന്നീ പഞ്ചായത്തുകളിൽ ഇത്തരം പ്രദേശങ്ങൾ കാണാനാകും. ബിയ്യം കായലിന് പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ പൊതുവെ സമതലങ്ങൾ മാത്രമാണ്. ചെറിയകുന്നുകളും ഉയരംകൂടിയ സമതലങ്ങളും കൂടുതലായി കാണാനാവുക ബിയ്യംകായലിന് കിഴക്കുദിക്കിലായാണ്.

കടലിന്റേയും പുഴയുടേയും തീരത്തായതിനാൽ മണലിന്റെ അംശം കൂടുതലുള്ള മണ്ണാണ് പൊന്നാനിയിലേത്. മണലും ചെളിമണ്ണും മാത്രമുള്ളതാണ് പൊന്നാനിയുടെ പടിഞ്ഞാറേ അതിർത്തിയിലുള്ള പ്രദേശങ്ങൾ. കായലിനോട് അടുക്കും തോറും മണലിന്റെ അംശം കുറവുള്ള എക്കൽ മണ്ണും പശിമയുള്ള മണ്ണും കണ്ടുതുടങ്ങുന്നു. കൃഷിയ്ക്ക് അനുയോജ്യമായ ചുവന്നനിറമുള്ള മണ്ണും നെൽ പാടങ്ങളിലെ കളിമണ്ണും കായലിന് അടുത്തുള്ള പ്രദേശങ്ങളിൽത്തന്നെയാണ് കാണാനാവുക. മണലിന്റെ അംശമുള്ള എക്കൽമണ്ണാണ് നദീതീരങ്ങളിൽ അധികമായി കണ്ടുവരുന്നത്. ബിയ്യംകായലിന് കിഴക്കുള്ള കുന്നുകളും ചെരിവുകളും ഉയർന്ന സമതലങ്ങളും സ്ഥിതിചെയ്യുന്ന പ്രദേശത്തെ മണ്ണിന്റെ ഘടന മറ്റു പ്രദേശത്തെ മണ്ണിനെ അപേക്ഷിച്ച് വളരെ വ്യത്യസ്തമാണ്.

ഇവിടങ്ങളിൽ ചെമ്മണ്ണും ചെങ്കൽപ്പാറകളും ചീങ്കണ്ണിപ്പാറകളും കരിങ്കല്ലുകളും ഉൾക്കൊള്ളുന്ന ഭൂപ്രകൃതിയാണ് കണ്ടുവരുന്നത്. ചെമ്മണ്ണും കളിമണ്ണുമുള്ള കാർഷികപ്രധാനമായ പ്രദേശങ്ങളും ഇവിടെ ധാരാളമുണ്ട്.

കടലും രണ്ട് പുഴകളും ഒരു കായലും കൊണ്ട് തന്നെ ജലസമൃദ്ധമാണെങ്കിലും മറ്റനേകം തോടുകളും നിരവധി കുളങ്ങളും കൂടിനിറഞ്ഞതാണ് പൊന്നാനിയുടെ ജലപ്രകൃതി. ഭാരതപ്പുഴതന്നെയാണ് പൊന്നാനിയെ ജലസമൃദ്ധമാക്കുന്ന പ്രധാന ഉപരിതല ജലസ്രോതസ്സ്. കനോലികനാലും ചെറുതും വലുതുമായ നിരവധി കുളങ്ങളും പൊന്നാനിയുടെ ഉപരിതല ജലസമ്പത്ത് ഉയർത്തുന്നു. കടലിനോട് വളരെച്ചേർന്നു കിടക്കുമ്പോഴും ഇവിടത്തെ ഭൂഗർഭജലത്തെ ഉപ്പുകയറാതെ നിർത്തുന്നത് ഈ വലിയ തോതിലുള്ള ഉപരിതല ജലസ്രോതസ്സുകളാണ്. എങ്കിലും വേനൽക്കാലത്ത് ജലോപയോഗം വർദ്ധിയ്ക്കുമ്പോൾ അറബിക്കടലിൽനിന്നും ഉപ്പുവെള്ളം കയറുന്ന പ്രശ്നം പൊന്നാനിയിലെ തീരവാസികൾക്കുണ്ട്.

### 1.4 ചരിത്രത്തിലെ പൊന്നാനി

ചരിത്രത്തിന്റെ ബൃഹദാഖ്യാനങ്ങൾക്കിടയിൽ ഒരു പ്രദേശത്തിന്റെ സൂക്ഷ്മസാന്നിധ്യങ്ങൾ അന്വേഷിയ്ക്കുന്നതും പ്രാദേശികചരിത്രരചനയുടെ ഭാഗമാണ്. മലബാറിന്റേയും ഇന്ത്യയുടേയും ലോകമെങ്ങുമുള്ള മാനവരാശിയുടേയുമെല്ലാം ചരിത്രങ്ങളിൽ പൊന്നാനിയുടെ സാന്നിധ്യത്തെ ഇത്തരത്തിൽ കണ്ടെത്താൻ സാധിക്കും. ദക്ഷിണേന്ത്യയിലെ ശിലായുഗ സംസ്കാരങ്ങളുടെ വിന്യാസത്തിലും ലോക വ്യാപാരത്തിന്റെ യവനകാലഭൂപടങ്ങളിലും കേരളത്തിലെ നാടുവാഴിവാഴ്ചയുടെ വ്യാപനത്തിലും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ വൈദേശികാധിപത്യത്തിന്റേയും അതിനെതിരായ പ്രതിരോധത്തിന്റേയും ചരിത്രത്തിലുമെല്ലാം പൊന്നാനി തെളിഞ്ഞു നിൽക്കുന്നു.

പൊന്നാനിയിലെ മനുഷ്യവാസത്തെക്കുറിച്ചുള്ള ആദ്യതെളിവുകൾ എന്നത് മഹാശിലാ സംസ്ക്കാരകാലത്തെ അവശേഷിപ്പുകളാണ്. ദക്ഷിണേന്ത്യയിൽ പലയിടങ്ങളിലായി വ്യാപിച്ചു കിടക്കുന്ന മഹാശിലാസംസ്കാരത്തിന്റെ

അവശേഷിപ്പുകളിൽ ചിലത് പൊന്നാനിയിലുമുണ്ട്. ചെറിയ കുന്നുകളുടേയും താഴ്വരകളുടേയും സമീപപ്രദേശങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള കുടക്കല്ലുകളും തൊപ്പിക്കല്ലുകളുമാണ് അവയിൽ ആദ്യത്തേത്. തവനൂർപഞ്ചായത്തിലെ അന്ത്യാളംകുടം സ്കൂൾമൈതാനത്ത് നിന്നും ആലങ്കോട്പഞ്ചായത്തിലെ ഒരു സ്വകാര്യ വ്യക്തിയുടെ പറമ്പിൽ നിന്നും ഇത്തരം തെളിവുകൾ ലഭിച്ചിട്ടുണ്ട്. പല വലിപ്പത്തിലും ആഴത്തിലും കണ്ടെത്തിയ ശിലാഗുഹകളാണ് രണ്ടാമത്തേത്. തവനൂർ, കാലടി പഞ്ചായത്തുകളിൽ നിന്നും കണ്ടെത്തിയിട്ടുള്ള ശിലാഗുഹകളാണ് ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ടത്. ചരിത്രാതീതകാലംമുതൽക്ക് പൊന്നാനിയിൽ നിലനിന്നിരുന്ന മനുഷ്യസാന്നിധ്യത്തിന്റെ തെളിവുകളാണ് ഇത്തരം ശിലായുഗാവശിഷ്ടങ്ങൾ.

കേരളത്തിന്റെ എഴുതപ്പെട്ട ചരിത്രത്തിന്റെയെല്ലാം ആരംഭം ബി.സി. അവസാനനൂറ്റാണ്ടുകളും ഏ.ഡി. ആദ്യനൂറ്റാണ്ടുകളുമാണ്. ഈ കാലഘട്ടത്തിൽ യവനരും അറബികളും അടക്കമുള്ള വൈദേശികരുമായി ദക്ഷിണേന്ത്യൻ നാഗരികർക്ക് കച്ചവടബന്ധം ഉണ്ടായിരുന്നു എന്നതിനുള്ള തെളിവുകൾ ലഭ്യമാണ്. മുസിരിസ്സിനടുത്തുള്ള തിരുവഞ്ചിക്കുളം ആസ്ഥാനമാക്കി ഭരിച്ചിരുന്ന ചേരരാജാക്കന്മാരുടെ കയ്യിലായിരുന്നു ഇക്കാലത്തെ കേരളത്തിന്റെ ഭൂരിപക്ഷം പ്രദേശങ്ങളും. പഴയകാല ഗ്രീക്ക്, റോമൻ സാമ്രാജ്യങ്ങളിലെ കച്ചവടക്കാരും സഞ്ചാരികളും തയ്യാറാക്കിയ യാത്രാക്കുറിപ്പുകളും ഭൂപടങ്ങളുമാണ് ഈ കാലത്തെക്കുറിച്ചുള്ള പ്രധാന തെളിവുകൾ. അക്കാലത്ത് തിണ്ടിസ് അല്ലെങ്കിൽ തൊണ്ടി എന്ന പേരിൽ മലബാർ തീരത്ത് സജീവമായി നിലനിന്നിരുന്ന പട്ടണമായിരുന്നു ഇന്നത്തെ പൊന്നാനി.

ഏ.ഡി. ഒന്നു മുതൽ അഞ്ച് വരെയുള്ള നൂറ്റാണ്ടുകളിൽ തമിഴകത്തിന്റെ ഭാഗമായി നിന്നുകൊണ്ട് കേരളം ഭരിച്ചിരുന്ന ഒന്നാം ചേരസാമ്രാജ്യമായിരുന്നു അക്കാലത്തെ ഭരണ കർത്താക്കൾ. അക്കാലത്തെ യവനരേഖകളിൽനിന്നും ധാരാളം കപ്പലുകളടുക്കുകയും വ്യാപാരംനടക്കുകയും ചെയ്തിരുന്ന തുറമുഖനഗരമായും, സമാനകാലഘട്ടത്തിൽതന്നെ രചിയ്ക്കപ്പെട്ട സംഘകാവ്യങ്ങളിൽ നിന്നും മത്സ്യ ബന്ധനം പ്രധാന ഉപജീവന മാർഗമാക്കിയ ജനങ്ങൾ സമ്പദ്സമൃദ്ധിയോടെ താമസിച്ചിരുന്ന പട്ടണമായുമാണ് ഈ പ്രദേശം പ്രത്യക്ഷപ്പെടുന്നത്. ഏ.ഡി. എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള നൂറ്റാണ്ടുകളിലെ

പെരുമാൾവാഴ്ച്ചക്കാലമാണ് രണ്ടാം ചേരസാമ്രാജ്യം എന്ന് അറിയപ്പെട്ടിരുന്നത്. ഈ കാലഘട്ടത്തിന്റെ ആരംഭത്തിൽ ചേര രാജവംശത്തിന്റെ ഒരു ശാഖ തൊണ്ടിയിൽ താമസമാക്കിയിരുന്നു.

പെരുമാൾ ഭരണകാലത്തുതന്നെ കേരളത്തിലെ നാട്ടുരാജ്യങ്ങളിൽ ഭരണം നടത്താൻ നിയമിയ്ക്കപ്പെട്ട സ്വരൂപങ്ങൾ നിലവിലുണ്ടായിരുന്നു. പതിമൂന്നാം നൂറ്റാണ്ടിലെ പെരുമാൾഭരണത്തിന്റെ അവസാനത്തോടെ ഇത്തരം സ്വരൂപങ്ങൾ നാട്ടുരാജാക്കന്മാരായി മാറി സ്വയംഭരണം ആരംഭിച്ചു. ഈശ്വരമംഗലം ആസ്ഥാനമാക്കി വാണിരുന്ന തിരുമനശ്ശേരി രാജാവായിരുന്നു പൊന്നാനി ഭരിച്ചിരുന്നത്. കേരളത്തിലെ നാട്ടുരാജാക്കന്മാരിലെ ഒരേയൊരു ബ്രാഹ്മണകുടുംബം തിരുമനശ്ശേരി സ്വരൂപമായിരുന്നു. പടിഞ്ഞാറ് അറബിക്കടലും വടക്ക് ഭാരതപ്പുഴയും കിഴക്ക് ഉപ്പുതോടും തെക്ക് പൂക്കൈതപ്പുഴയും അടങ്ങുന്ന ഇന്നത്തെ പൊന്നാനി നഗരസഭാ പരിധിയായിരുന്നു അന്നത്തെ തിരുമനശ്ശേരിരാജ്യം. തിരുമനശ്ശേരിയ്ക്ക് കിഴക്ക്, പാലക്കാടിനു പടിഞ്ഞാറ് വരെയുള്ള, വള്ളുവക്കോനാതിരി ഭരിച്ചിരുന്ന വള്ളുവനാടും തിരുമനശ്ശേരിയ്ക്ക് തെക്ക് പെരുമ്പടപ്പ് സ്വരൂപം ഭരിച്ചിരുന്ന കൊച്ചി രാജ്യവും ആയിരുന്നു ഇന്നത്തെ പൊന്നാനിത്താലൂക്കിൽ നിലനിന്നിരുന്ന മറ്റു പ്രധാന നാട്ടുരാജ്യങ്ങൾ. പല കാലങ്ങളിലായി വള്ളുവനാടിന്റേയും കോഴിക്കോടിന്റേയും മേൽക്കോയ്മ അംഗീകരിയ്ക്കേണ്ടി വന്നിരുന്നെങ്കിലും തിരുമനശ്ശേരി രാജ്യം പൊതുവിൽ ഒരു സ്വതന്ത്രരാജ്യമായിരുന്നു. പൊന്നാനി സാമൂതിരി ഭരണത്തിനുകീഴിൽ വന്നതിനു ശേഷവും തിരുമനശ്ശേരിയ്ക്ക് നാട്ടുഭരണത്തിനുള്ള അവകാശം നിലനിന്നുപോന്നു.

പതിനഞ്ചാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ സാമൂതിരി മാമാങ്കം പിടിച്ചടക്കുന്നതു വരെ പൊന്നാനിയ്ക്ക് കിഴക്കോട്ടുള്ള കാർഷികാഭിവൃദ്ധി നിറഞ്ഞ പ്രദേശങ്ങളെല്ലാം വള്ളുവക്കോനാതിരിയുടെ കയ്യിലായിരുന്നു. കിഴക്ക് പാലക്കാടിന് അടുത്തുള്ള പത്തിരിപ്പാലംവരേയ്ക്കും, തെക്ക് കൊച്ചി രാജ്യത്തിന്റെ അതിർത്തിവരേയ്ക്കും വ്യാപിച്ചു കിടന്നിരുന്നതായിരുന്നു അന്നത്തെ വള്ളുവനാട്. ഇന്നത്തെ പെരിന്തൽമണ്ണ കേന്ദ്രമാക്കി കൊണ്ട് ആറങ്ങോട്ട് സ്വരൂപത്തിന്റെ ഭരണത്തിൻ കീഴിലായിരുന്നു ഈ പ്രദേശങ്ങൾ സ്ഥിതിചെയ്തിരുന്നത്.[12] നിലവിലെ തൃശ്ശൂർ - പാലക്കാട് പുഞ്ചപ്പാടങ്ങളിലെ വലിയ

ശതമാനവും ഉൾപ്പെട്ടിരുന്നത് വള്ളുവനാട്ടിലായിരുന്നു. കരയിലൂടേയും കടലിലൂടേയും പടനയിച്ചുവന്ന് സാമൂതിരിമാമാങ്കം പിടിച്ചെടുത്തതോടെ വള്ളുവനാടിന്റെ രാഷ്ട്രീയാധികാരം പരിമിതമായി. തിരുമനശ്ശേരി രാജാവിന്റെ സമ്മതത്തോടെ പൊന്നാനിവഴി യാത്രചെയ്താണ് സാമൂതിരിയുടെ സൈന്യം വള്ളുവനാട്ടിലേയ്ക്ക് പോയിരുന്നത്. സാമൂതിരിയുടേയും സാമൂതിരിയുമായി യുദ്ധത്തിലേർപ്പെടുന്ന അയൽനാടുകളുടേയും മധ്യേ സ്ഥിതിചെയ്യുന്ന രാജ്യം എന്ന സവിശേഷത പൊന്നാനിയെ ഈ യുദ്ധങ്ങളിലെല്ലാം കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചു.

കേരളത്തിലെ നാട്ടുരാജ്യങ്ങളുടെ രൂപീകരണകാലത്ത് തിരുമനശ്ശേരി സ്വരൂപത്തിന് തെക്ക്വശത്ത് രാജ്യഭരണം നടത്തിയിരുന്നവരായിരുന്നു പെരുമ്പടപ്പ് സ്വരൂപം. പിന്നീട് കേരളത്തിലെ മൂന്ന് പ്രധാന രാജവംശങ്ങളിലൊന്നായ കൊച്ചി രാജ്യത്തിന്റെ അധികാരികൾ ഇവരായിരുന്നു. പൊന്നാനിയ്ക്ക് തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ചെറിയൊരു ഗ്രാമമാണ് പെരുമ്പടപ്പ്. ഇവിടത്തെ നമ്പൂതിരി പെരുമാൾ രാജവംശത്തിലെ പെൺകുട്ടിയെ വിവാഹം കഴിച്ചെന്നും ചേരമാൻ പെരുമാൾ രാജ്യം പകുത്ത് നൽകി മക്കത്ത് പോയപ്പോൾ സഹോദരീപുത്രരായ അനന്തരവന്മാർക്ക് കൊച്ചി രാജ്യത്തിന്റെ ഭരണം കൈവന്നുവെന്നുമാണ് കഥ. വന്നേരിയിലെ പെരുമ്പടപ്പിലെ ചിത്രകൂടം എന്ന സ്ഥലത്തായിരുന്നു പഴയ പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആസ്ഥാനം. പതിമൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സാമൂതിരിയുടെ ആക്രമണം ശക്തമായ കാലത്ത് ചിത്രകൂടത്തിലെ കൊട്ടാരം വിട്ട് മഹോദയപുരത്തേയ്ക്ക് കൊച്ചി രാജവംശം തലസ്ഥാനം മാറ്റുകയാണുണ്ടായത്. പിന്നീട് സാമൂതിരി കൊടുങ്ങല്ലൂർ വരെ പിടിച്ചെടുത്തപ്പോൾ അവർ കൊച്ചിയിലേയ്ക്ക് താവളം മാറ്റി(റഹീം, 1994:16). നിലവിൽ ചിത്രകൂടത്തിനടുത്തുള്ള പഴയ കിണറിന്റെ അവശിഷ്ടങ്ങളും പെരുമ്പടപ്പ് എന്ന സ്വരൂപനാമവും മാത്രമാണ് കൊച്ചി രാജവംശത്തിന്റെ പൊന്നാനിത്താലൂക്കുമായുള്ള ബന്ധത്തിന് തെളിവുകളായി ശേഷിയ്ക്കുന്നത്[14].

പതിനാല്, പതിനഞ്ച് നൂറ്റാണ്ടുകളിൽ തിരുമനശ്ശേരി, വള്ളുവനാട്, പെരുമ്പടപ്പ് സ്വരൂപത്തിന്റെ ചില ഭാഗങ്ങൾ എന്നിവ സാമൂതിരിയുടെ ഭരണത്തിൻകീഴിൽ വന്നതിന് ശേഷമാണ് ഇന്ന് കാണുന്ന പൊന്നാനിത്താലൂക്കിലെ പ്രദേശങ്ങൾക്ക് ആദ്യമായി

രാഷ്ട്രീയമായ ഐക്യം സിദ്ധിയ്ക്കുന്നത് എന്ന് പറയാം. അങ്ങനെ നോക്കിയാൽ ഇന്ന് പൊന്നാനി എന്ന പേര് കൊണ്ട് നമ്മൾ മനസ്സിലാക്കുന്ന ദേശസങ്കൽപ്പങ്ങൾ സൃഷ്ടിയ്ക്കുന്നത് സാമൂതിരിയുടെ ഭരണത്തിൻകീഴിലാണെന്ന് കാണാൻ സാധിയ്ക്കും. സാമൂതിരി മേൽപ്പറഞ്ഞ പ്രദേശങ്ങളെല്ലാം കീഴടക്കിയെങ്കിലും തിരുമനശ്ശേരി നമ്പൂതിരി തന്നെയായിരുന്നു പൊന്നാനി കേന്ദ്രമാക്കിക്കൊണ്ടുള്ള നാട്ടുരാജ്യങ്ങളുടെ ഭരണം നിർവ്വഹിച്ചിരുന്നത്. കൊച്ചി രാജ്യവുമായി സാമൂതിരി നടത്തിയിരുന്ന യുദ്ധങ്ങളുടെ കേന്ദ്രസ്ഥാനമായാണ് കോഴിക്കോട്, കൊച്ചി രാജ്യങ്ങളുടെ അതിർത്തി പ്രദേശമായ പൊന്നാനിയെ സാമൂതിരി കണ്ടിരുന്നത്. അതുകൊണ്ടുതന്നെയാകാം സാമൂതിരി ഭരണത്തിൻ കീഴിൽ പൊന്നാനിയിലെ വ്യാപാരമേഖലയ്ക്ക് ഉണ്ടായതിലധികം വളർച്ച പൊന്നാനി ആസ്ഥാനമാക്കിക്കൊണ്ടുള്ള സാമൂതിരിയുടെ സൈനിക ശക്തികൾക്കു ണ്ടായത്. ഇത്തരത്തിൽ കേരളത്തിലെ നാട്ടുരാജ്യങ്ങളുടെ ആവിർഭാവത്തിലും അവയുടെ വ്യാപനത്തിലും അവർ തമ്മിൽ നടന്ന നിരന്തര സംഘർഷങ്ങളിലും പൊന്നാനി സവിശേഷമായ പങ്ക് വഹിച്ചു എന്നു മാത്രമല്ല പലപ്പോഴും ഇവയുടെയെല്ലാം കേന്ദ്രസ്ഥാനമായി ഭവിയ്ക്കുകയും ചെയ്തു.

പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനം മുതൽക്ക് നാലരനൂറ്റാണ്ട് കാലം ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നടന്ന വിവിധവൈദേശികശക്തികളുടെ ആഗമനവും അവർ തദ്ദേശീയരായ ജനതയ്ക്ക് മുകളിൽ അഴിച്ചുവിട്ട ആക്രമണങ്ങളും പ്രത്യാക്രമണങ്ങളും പ്രതിരോധങ്ങളും നിറഞ്ഞതാണ് ക്ലാസ്സിക്കൽ ചരിത്രകാരന്മാർ ആധുനിക ഇന്ത്യാ ചരിത്രമെന്ന് വിശേഷിപ്പിയ്ക്കുന്ന കാലഘട്ടം. ഈ കാലഘട്ടത്തിന്റെ ആരംഭദശയിൽ പൊന്നാനി സാമൂതിരിയുടെ രണ്ടാം തലസ്ഥാനമെന്നും നാവികാസ്ഥാനമെന്നും മറ്റും വിശേഷിപ്പിയ്ക്കത്തക്കവിധം സുപ്രധാനമായ ഇടമായി മാറിയിരുന്നു. കൂടാതെ കേരളത്തിലെ തന്നെ മുസ്ലീം ജനവിഭാഗങ്ങളുടെ പ്രധാനതാമസസ്ഥലവും ആത്മീയ കേന്ദ്രവും പൊന്നാനിയായിരുന്നു. വള്ളുവനാട്, പെരുമ്പടപ്പ് പ്രദേശങ്ങൾ കൂടി സാമൂതിരിയ്ക്ക്കീഴിൽ ഒന്നായി മാറിയതുകൊണ്ട് കാർഷികരംഗത്തും വാണിജ്യ രംഗത്തും എല്ലാം പൊന്നാനിയുടെ പ്രൗഢി പ്രകടമായിരുന്നു. മേൽ സൂചിപ്പിച്ച കാരണങ്ങൾ കൊണ്ടാണ് പിന്നീടുള്ള പൊന്നാനിയുടെ ചരിത്രം പ്രക്ഷുബ്ധമായി ത്തീർന്നത്.

1498 മെയ് 20ന് വാസ്കോഡഗാമ മലബാർതീരത്തിൽ കപ്പലടുപ്പിയ്ക്കുന്നതോടെ നൂറ്റാണ്ടുകൾ നീണ്ട കോളനിവത്ക്കരണത്തിന്റെ ചരിത്രം ആരംഭിയ്ക്കുകയായി[15]. വ്യാപാരക്കുത്തകയും മുസ്ലീംപീഡനവും ലക്ഷ്യം വെച്ചു കൊണ്ടുള്ള പോർച്ചുഗീസ് നടപടികൾക്ക് സാമൂതിരി ഐക്യപ്പെടാതായതോടെ കൊച്ചി രാജാവുമായി പോർച്ചുഗീസുകാർ സഖ്യമുണ്ടാക്കുകയും തുടർന്ന് നൂറ്റാണ്ട് ദൈർഘ്യമുള്ള യുദ്ധങ്ങൾക്ക് തുടക്കമാകുകയും ചെയ്തു. ഈ കാലഘട്ടത്തിൽ നിരവധി യുദ്ധങ്ങൾക്ക് വേദിയായതും കുഞ്ഞാലി മരയ്ക്കാർമാർ പോലുള്ള പോരാളികളെ സംഭാവന ചെയ്തതും പൊന്നാനിയായിരുന്നു. ഇടക്കാലത്ത് സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിൽ സന്ധിയിലാകുന്നതോടെ പൊന്നാനിയിൽ കോട്ടകെട്ടാനും താവളമാക്കാനും പോർച്ചുഗീസുകാർ ശ്രമിയ്ക്കുന്നുണ്ട്. എന്നാൽ പൊന്നാനിയിൽ ഒരു സ്ഥിരം കേന്ദ്രം നിർമ്മിയ്ക്കാനുള്ള അവരുടെ ശ്രമങ്ങൾ വിജയിച്ചില്ല.

പോർച്ചുഗീസുകാർക്ക് ശേഷം കേരളത്തിലേയ്ക്ക് വന്ന ഡച്ച്, ഫ്രഞ്ച് ശക്തികൾ ആദ്യമേ മനസ്സിലാക്കിയ ഒരു കാര്യം പറങ്കികളുടേത് പോലെ തദ്ദേശീയരായ അന്യമതസ്ഥരുടെ മുകളിൽ കിരാതവാഴ്ചനടത്തുന്നത് തങ്ങളുടെ വാണിജ്യ താത്പര്യങ്ങളെ പരിപോഷിപ്പിയ്ക്കില്ല എന്നതായിരുന്നു. തിരുമനശ്ശേരി രാജാവുമായി രമ്യതയിലായി അദ്ദേഹത്തിന്റെ സമ്മതത്തോടെയാണ് ഫ്രഞ്ചുകാർ പൊന്നാനിയിൽ ഒരു കേന്ദ്രം നിർമ്മിയ്ക്കുന്നത്. എന്നാൽ തന്റെ അനുമതി ഇല്ലാതെ നിർമ്മിച്ചകേന്ദ്രം 1730-ൽ സാമൂതിരി സൈന്യത്തെ ഉപയോഗിച്ച് പൊളിച്ചുകളയുകയാണുണ്ടായത്. പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ കോടതിപ്പടി കേന്ദ്രമാക്കിക്കൊണ്ട് പൊന്നാനിയിൽ അധികാരം പിടിയ്ക്കാനും അവിടെ ജീവനക്കാർക്കായി റസിഡൻഷ്യൽ ഹൗസ് നിർമ്മിയ്ക്കാനും ഡച്ചുകാർക്ക് കഴിഞ്ഞു.

ഇതിനു മുൻപ്തന്നെ പൊന്നാനിയിലും സമീപപ്രദേശങ്ങളിലും കച്ചവടാവശ്യത്തിനായി പാണ്ടികശാലകൾ തുടങ്ങാൻ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി അനുവാദം വാങ്ങിയിരുന്നു. ഈ വിധത്തിൽ വിവിധ വൈദേശികശക്തികൾ ഇന്ത്യയൊട്ടുക്കും ആധിപത്യം സ്ഥാപിച്ചു തുടങ്ങിയ കാലത്താണ് ദക്ഷിണേന്ത്യ കേന്ദ്രീകരിച്ചു കൊണ്ട് ഹൈദരലിയുടേയും ടിപ്പുവിന്റേയും പടയോട്ടങ്ങൾ ആരംഭിയ്ക്കുന്നത്. ബ്രിട്ടീഷുകാരുമായുള്ള

പോരാട്ടത്തിന് വേണ്ട വിഭവങ്ങൾ സമാഹരിയ്ക്കാനാണ് ഹൈദർ ആദ്യത്തെ തവണ കേരളത്തിലേയ്ക്കെത്തുന്നത്. 1766 ജനുവരിയിലാണ് ഹൈദരലി മകൻ ടിപ്പുവുമൊത്ത് മലബാറിലേയ്ക്ക് പ്രവേശിയ്ക്കുന്നത്. നാലായിരം കുതിരകളും എണ്ണായിരം കാലാൾ സൈന്യവും നാല് പീരങ്കികളും ഉൾപ്പെട്ടതായിരുന്നു ഹൈദരലിയുടെ സൈന്യവ്യൂഹം.

പന്ത്രണ്ട്കൊല്ലം മുൻപ് ഹൈദരലിയുടെ പടനായകനും സാമൂതിരിയും തമ്മിൽ ഉണ്ടാക്കിയ ഉടമ്പടി പ്രകാരം തരാമെന്നേറ്റപണം വാങ്ങാനായാണ് ഹൈദരലി മലബാറിലേയ്ക്ക് വരുന്നത്. വെള്ളനമ്പൂതിരി എഴുതിയ രേഖകളിൽ ഇത് വ്യക്തമാണ്. "പിന്നെ രാജ്യത്തിങ്കലെ വിശെഷം പറഞ്ഞു. കിഴക്ക് മുമ്പിനാൽ പടക്കുവന്നപ്പോൾ പന്ത്രണ്ടുലക്ഷം ഉറുപ്പിക തരാമെന്ന് വച്ച് വാങ്ങിപ്പോയല്ലോ. പിന്നെ അതുതരായ്ക കൊണ്ടും അവിടുത്തെ ഞെരുക്കം കൊണ്ടും മൂന്നുലക്ഷം ഉറുപ്പിക എന്നുവച്ചിട്ടും ഏതാനുമൊന്നും തന്നീലയല്ലോ. പിന്നെ ആട്ടെയിൽ ചാത്തുമെനൊനെ പട്ടണത്തെക്കു തന്നെ അയച്ചുവന്നുവല്ലോ. അവുടുന്നു വച്ചതു പാലക്കാട്ടു ചെരി കൂടി ഇങ്ങട്ട് ആക്കിത്തരിക എന്നും ആറുലക്ഷം ഉറുപ്പിക തരാമെന്നും വച്ചതാ, അതും തന്നതും ഇല്ലയല്ലൊ. ഇപ്പോൾ 26ലക്ഷം ഉറുപ്പിക കൊഴിക്കൊട്ടെത്തിയാൽ തരാമെന്ന് വച്ചതും തന്നീലയല്ലോ. എനി രാജ്യം വിടാതെനിന്ന് ഉറുപ്പിക എടുപ്പിക്കുക എന്നും വച്ച് എന്നു നമ്മൊടു പറഞ്ഞാറെ. അതിന്റെ അവസ്ഥ പൊലെ ഒക്കെ അങ്ങട്ടു പറയുകയും ചെയ്തു" (എൻ.എം. നമ്പൂതിരി; 2017:36). എന്നാൽ ധനനഷ്ടവും മാനനഷ്ടവും ഭയന്ന് അന്നത്തെ സാമൂതിരി വെടിപ്പുരയ്ക്ക് തീകൊടുത്ത് ആത്മഹത്യ ചെയ്യുകയും സാമൂതിരിയുടെ പിന്മുറക്കാർ ഹൈദരലിയോട് പോരാടി പരാജയപ്പെടുകയും ചെയ്തു. സാമൂതിരി നൽകാനുള്ള പണം കോഴിക്കോട് നിന്നും പിടിച്ചെടുക്കാൻ ശ്രമിച്ച് പരാജയപ്പെട്ടാണ് ഹൈദരലി പൊന്നാനിയിലെ തൃക്കാവിൽ കോവിലകത്തേയ്ക്ക് പോകുന്നത്. അവിടെവെച്ച് കൊട്ടാരത്തിലേയും ക്ഷേത്രങ്ങളിലേയും നിധികളെക്കുറിച്ചും മാമാങ്കത്തിന്റെ വിശദാംശങ്ങളെക്കുറിച്ചും അന്വേഷിച്ച് പണം കണ്ടെത്താനുള്ള മാർഗങ്ങൾ ആരായാനാണ് ഹൈദരലി ശ്രമിച്ചത്. ഇതിൽ നിന്നും വേണ്ടത്ര പണം ലഭ്യമല്ലെന്ന് കണ്ടപ്പോൾ തന്റെ ഉദ്യോഗസ്ഥരെ പൊന്നാനിയിൽ കരം പിരിക്കാൻ നിയോഗിച്ച് ഹൈദരലി തിരികെ പോയി(എം.പി.മുജീബ് റഹ്മാൻ, 2018: 33-34).

ആത്മഹത്യചെയ്ത സാമൂതിരിയുടെ പിൻമുറക്കാർ ഹൈദരലിയുടെ ഉദ്യോഗസ്ഥർക്ക് നേരെ ആക്രമണങ്ങൾ നടത്തിയെന്ന് അറിഞ്ഞാണ് രണ്ടാം തവണ മൈസൂർസൈന്യം മലബാറിലേയ്ക്കെത്തുന്നത്. ഇത്തവണ വൈരാഗ്യബുദ്ധിയോട് കൂടിയതും അക്രമാസക്തവുമായിരുന്നു ഹൈദരലിയുടെ ആക്രമണങ്ങൾ. ലഹളക്കാർ ഒളിയ്ക്കാൻ ശ്രമിച്ച തിരുന്നാവായ ക്ഷേത്രവും തൃക്കാവ് ക്ഷേത്രവും ആക്രമിയ്ക്കപ്പെട്ടു. യുദ്ധത്തിന് തയ്യാറായ പ്രധാനപ്പെട്ട ഹിന്ദുക്കളുടെ വീടുകളും ക്ഷേത്രങ്ങളും തകർക്കപ്പെട്ടു. തടവുകാരായിപ്പിടിച്ചവരിൽ പലരേയും ശിക്ഷാനടപടിയായി മതം മാറ്റലിന് വിധേയമാക്കി. സാമൂതിരിവംശത്തിലെ അവശേഷിക്കുന്നവർ എല്ലാം തിരുവിതാംകൂറിലേയ്ക്കും കൊച്ചിയിലേയ്ക്കും പലായനം ചെയ്യുകയും അങ്ങനെ സാമൂതിരി ഭരണത്തിന്റെ അന്ത്യം കുറിയ്ക്കുകയും ചെയ്തു.

1780-കളിൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി മലബാറിൽ ആധിപത്യം ചെലുത്തിത്തുടങ്ങിയതോടെ ടിപ്പുവിന്റെ നേതൃത്വത്തിൽ ഹൈദരലിയുടെ സൈന്യം വീണ്ടും കേരളത്തിലേയ്ക്ക് പടനയിച്ചു. ടിപ്പുവിന്റെ പടപ്പുറപ്പാട് അറിഞ്ഞ് ബ്രിട്ടീഷ് സൈന്യം പാലക്കാട് നിന്നും പൊന്നാനിയിലേയ്ക്ക് തങ്ങളുടെ താവളം മാറ്റി. തുടർന്ന് മൈസൂർ സൈന്യവും പൊന്നാനിയിൽ താവളം കെട്ടി പരിസരപ്രദേശങ്ങളിൽ വെച്ച് 1782 നവംബർ മാസം ബ്രിട്ടീഷുകാരുമായി പോരാടി. ഈ സമയം ഹൈദരലിയുടെ മരണവാർത്ത അറിഞ്ഞതിനെത്തുടർന്ന് ടിപ്പു പിൻവാങ്ങുകയാണ് ഉണ്ടായത്.

പിതാവിന്റെ മരണശേഷം സുൽത്താനായി മാറിയ ടിപ്പു തിരുവിതാംകൂർ രാജവംശവുമായി സഖ്യമുണ്ടാക്കി ബ്രിട്ടീഷുകാരെ പരാജയപ്പെടുത്താം എന്ന പദ്ധതിയോടെയാണ് പിന്നീട് കേരളത്തിലേയ്ക്കെത്തിയത്. എന്നാൽ തിരുവിതാംകൂർ അടക്കമുള്ള നാട്ടുരാജ്യങ്ങളിലെ രാജാക്കന്മാരിൽ അധികവും ബ്രിട്ടീഷുകാരുമായി സഖ്യംച്ചേർന്ന് ടിപ്പുവിനെതിരെ യുദ്ധത്തിന് തയ്യാറാവുകയാണ് ഉണ്ടായത്. ഇന്ത്യയിലെ വിവിധപ്രവിശ്യകളിൽ നിന്നുള്ള ബ്രിട്ടീഷ്സൈന്യങ്ങളും അവർക്കൊപ്പം നാട്ടുരാജ്യങ്ങളിലെ സൈനികരും ചേർന്നുകൊണ്ടാണ് ഇത്തവണ ടിപ്പുവിനെതിരെ പോരാടിയത്. കേണൽ സ്റ്റുവാർട്സിന്റെ നേതൃത്വത്തിൽ പാലക്കാട് കോട്ടയും കേണൽ ഹാർട്ലിയുടെ നേതൃത്വത്തിൽ ചേറ്റുവയും ചാവക്കാടും ബ്രിട്ടീഷ് സൈന്യം

പിടിച്ചെടുത്തു. ടിപ്പുവിന്റെ സേനാനായകരുടെ നേതൃത്വത്തിൽ പൊന്നാനിയിലെ പടയാളികൾ പിടിച്ചുനിന്നു. എന്നാൽ അധികം വൈകാതെ മൈസൂർ സൈന്യത്തിന് കേരളത്തിൽ നിന്നും പിൻവാങ്ങേണ്ടി വന്നു. കേരളത്തിലെ ബ്രിട്ടീഷ് സർവ്വാധിപത്യത്തിന് അതോടെ തുടക്കം കുറിയ്ക്കുകയും ചെയ്തു. 1792-ൽ ശ്രീരംഗപട്ടണത്ത്വെച്ച് ടിപ്പുവിനെ അന്തിമമായി പരാജയപ്പെടുത്തിയതോടെ വിപുലമായ ഭൂസർവേകളും തുടർനടപടികളും സ്വീകരിച്ച് മലബാറിനെ ബ്രിട്ടീഷ് ഭരണക്രമത്തിനകത്താക്കാനുള്ള നീക്കങ്ങൾ ആരംഭിച്ചു. ബ്രിട്ടീഷ്ഭരണം നിലവിൽ വന്നശേഷം പൊന്നാനി, മലബാർ ജില്ലയുടെ ഭാഗമായി മാറി(എം.പി.മുജീബ് റഹ്മാൻ, 2018: 35,36)

### 1.5 പൊന്നാനിയുടെ സാമൂഹികഘടന

രണ്ടു ജലാശയങ്ങളോടും ഒരു തുറമുഖത്തോടും ചേർന്നുനിന്നു കൊണ്ടാണ് പൊന്നാനിയുടെ സാമൂഹികസാംസ്ക്കാരിക പരിസരം രൂപംകൊള്ളുന്നത്. അതുകൊണ്ട് തന്നെ കടലും പുഴയും കച്ചവടവും ആയി ബന്ധപ്പെട്ടുകൊണ്ട് മാത്രമേ ഇവിടത്തെ സാമൂഹികഘടന ചർച്ച ചെയ്യാൻ സാധിയ്ക്കുകയുള്ളൂ. മത്സ്യബന്ധനം തൊഴിലാക്കിയവരായിരുന്നു പണ്ടുമുതലേ പൊന്നാനിയിലെ ജനങ്ങൾ. സംഘകാല സാഹിത്യകൃതികളിൽ തൊണ്ടിപ്പട്ടണത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ അവരുടെ മത്സ്യബന്ധന തൊഴിലുകളെക്കുറിച്ച് പറയുന്നുണ്ട്. ഇന്നും കടലിനോട് ചേർന്ന് കിടക്കുന്ന പൊന്നാനിയുടെ ഹൃദയഭാഗത്ത് നല്ലൊരു ശതമാനം മനുഷ്യരും കടലിനെ ആശ്രയിച്ചാണ് ജീവിയ്ക്കുന്നത്. പിൽക്കാലത്ത് സാങ്കേതിക വിദ്യയുടെ വികാസത്തോടെ പൊന്നാനിയിൽ നിന്നും ദൂരദേശങ്ങളിലേയ്ക്ക് കച്ചവടത്തിനായി പോകുന്നവരുടേയും പൊന്നാനിയിലേയ്ക്ക് കച്ചവടത്തിനായി വരുന്നവരുടേയും എണ്ണം വർദ്ധിച്ചു. അങ്ങനെയാണ് പൊന്നാനിയൊരു കച്ചവടനഗരമായി മാറുന്നത്.

പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇസ്ലാംമതം പൊന്നാനിയിലേയ്ക്ക് വ്യാപിയ്ക്കുന്ന കാലഘട്ടത്തിൽ ജാതിബദ്ധമായ ഹൈന്ദവസംസ്കാരമായിരുന്നു ഇവിടെ നിലനിന്നിരുന്നത്. മധ്യകാലത്തിന്റെ തുടക്കത്തിൽ കേരളത്തിലേയ്ക്ക് ബ്രാഹ്മണ സമൂഹം കുടിയേറിയ കാലം മുതലാണ് പൊന്നാനിയുടെ സമ്പദ്വ്യവസ്ഥയിൽ കാർഷിക

മേഖലകൾ വ്യാപിയ്ക്കുന്നതും കാർഷികവൃത്തികൾക്കു സമാന്തരമായി ജാതിയെ സംബന്ധിച്ചുള്ള വേർതിരിവുകൾ ദൃഢമായി തുടങ്ങുന്നതും. മത്സ്യബന്ധനം തൊഴിലായവർ കടൽത്തീരം കേന്ദ്രീകരിച്ചും കൃഷി തൊഴിലായവർ പുഴയുടേയും കായലിന്റേയും തീരങ്ങൾ കേന്ദ്രീകരിച്ചും ജീവിച്ചു. അതിനോടൊപ്പം തന്നെ കടലിനും പുഴയ്ക്കും സമീപത്തായുള്ള പൊന്നാനി നഗരത്തിന് ചുറ്റുമായി കച്ചവടം തൊഴിലാക്കിയവരുടെ ഒരു സമൂഹവും വളർന്നു വന്നു. ഈ കച്ചവട ബന്ധങ്ങളാണ് ഇസ്ലാംമതത്തെ പൊന്നാനിയിലേയ്ക്ക് അടുപ്പിയ്ക്കുന്നത്. സുഗന്ധവ്യഞ്ജന കച്ചവടത്തിനായി പൊന്നാനിക്കടൽക്കരയിൽ നങ്കൂരമിട്ടഅറബികൾ പൊന്നാനി നഗരപ്രദേശത്തെ പ്രമുഖകുടുംബങ്ങളുമായി വിവാഹബന്ധങ്ങളിൽ ഏർപ്പെട്ടു. ഇങ്ങനെ കച്ചവടത്തിനായി വന്ന അറബികൾക്ക് മതപ്രചരണം ലക്ഷ്യമായിരുന്നില്ല. എന്നാൽ അവർക്കൊപ്പം ചിലപ്പോഴെല്ലാം ചില അവധൂതന്മാർ കടലുകടന്നെത്തുകയും അവർ പൊന്നാനിയിലെ ജനങ്ങളെ ഇസ്ലാമിന്റെ പാതയിലേയ്ക്ക് ആകർഷിയ്ക്കുകയും ചെയ്തു.

ഇതേകാലത്ത് തൃക്കാവ് ക്ഷേത്രം കേന്ദ്രീകരിച്ചുകൊണ്ട് ഒരു ബ്രാഹ്മണ സമൂഹവും പൊന്നാനിയിൽ നിലനിന്നിരുന്നു. പതിനാലാം നൂറ്റാണ്ടിൽ സാമൂതിരി പൊന്നാനിയിൽ കോവിലകം സ്ഥാപിച്ചതോടെ അവരുടെ പ്രതാപകാലമായെന്നു പറയാം. അതേസമയം തന്നെ പൊന്നാനിത്തീരത്തെ മുക്കുവകുടുംബങ്ങളിൽ നിന്നുള്ള കുട്ടികളെ മാപ്പിളമാരാക്കുന്നതിനും സാമൂതിരി പ്രോത്സാഹനം നൽകി. സാമൂതിരിയുടെ യുദ്ധാവശ്യങ്ങൾക്ക് വേണ്ടി മറ്റു പലദേശങ്ങളിൽ നിന്നുമുള്ള മുസ്ലീങ്ങളെ ഇവിടേയ്ക്ക് കൊണ്ടുവന്നു താമസിപ്പിച്ചതും കൂടുതൽ പേരെ ഇസ്ലാംമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യാൻ പ്രേരിപ്പിച്ചതും പൊന്നാനിയുടെ സാമൂഹികഘടനയിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥയും അതിനു കീഴിലെ മോശം ജീവിതനിലവാരവും ഒരുപാട് പേരെ മതപരിവർത്തനത്തിന് പ്രചോദിപ്പിച്ചിരിയ്ക്കാം. വലിയ തോതിലുള്ള മതപരിവർത്തനങ്ങൾ ഇക്കാലത്ത് നടന്നെങ്കിലും തൊഴിൽ സ്വഭാവങ്ങളിലും സാമൂഹിക ഐക്യത്തിലും പൊന്നാനിയിൽ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല.

ഇതേ സമയം പൊന്നാനിയുടെ തെക്കുകിഴക്കൻ പ്രദേശങ്ങളിൽ കാർഷികവൃത്തി അടിസ്ഥാനമാക്കിയുള്ള ജീവിതമായിരുന്നു നിലനിന്നിരുന്നത്. കാലക്രമത്തിൽ

ഇവിടേയും മുസ്ലീം മതവ്യാപനം സംഭവിയ്ക്കുകയും പടിഞ്ഞാറൻ പൊന്നാനിയിലേത് പോലെ ഹിന്ദു-മുസ്ലീം സഹകരണത്തോടെയുള്ള ഒരു ജനജീവിതം രൂപപ്പെടുകയും ചെയ്തു. ശുകപുരം-പന്നിയൂർ ബ്രാഹ്മണഗ്രാമങ്ങൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള വേദപഠനം, വലിയ ജുമഅത്ത് പള്ളിയിലെ മഖ്ദൂമുകളുടെ നേതൃത്വത്തിലുള്ള മതപഠനം എന്നിങ്ങനെ രണ്ട് വ്യത്യസ്ത ആദ്ധ്യാത്മിക പാതകൾ ഇവിടെ ഒരേസമയം സുശക്തമായി നിലകൊണ്ടു.

ഔപചാരികമായ ഈ വിദ്യാഭ്യാസ പ്രക്രിയകളേക്കാൾ അധികം പൊന്നാനിയുടെ മതേതരമനസ്സിനെ സ്വാധീനിച്ചത് അവരുടെ തൊഴിലിടങ്ങൾ പകർന്നു നൽകിയ അറിവുകളായിരിയ്ക്കാം. കടൽ നാനാദേശങ്ങളുടെ സംസ്കാരത്തെ പൊന്നാനിയിലേക്ക് എത്തിച്ചു. പൊൻനാണയങ്ങളുമായി കച്ചവടത്തിന് വന്ന അറബികളേയും പടക്കോപ്പുകളുമായി യുദ്ധത്തിന് വന്ന പറങ്കികളേയും പൊന്നാനിയിലേയ്ക്ക് എത്തിയ്ക്കുന്നത് ഈ കടലും ഇവിടത്തെ തുറമുഖവുമായിരുന്നു. കച്ചവടത്തിനായി കടൽ കടന്നു പോയവർ മറുനാടുകളിലെ വസ്ത്രങ്ങളും ആചാരങ്ങളും പാട്ടുകളും പൊന്നാനിക്കാർക്ക് പരിചയപ്പെടുത്തി കൊടുത്തു. ഇവിടത്തെ സംസ്കാരത്തിലും സാഹിത്യത്തിലും ഈ വൈവിധ്യങ്ങളും അതിന്റെ സഹവർത്തിത്വവും ദൃശ്യമാണ്. പൊന്നാനിയുടെ ആത്മീയത മാനവികതയുടേതാണ് എന്ന് ഇന്നത്തെ പൊന്നാനിക്കാർ അവകാശപ്പെടുമ്പോൾ ചരിത്രപരമായി അത് ഒരു തുറമുഖനഗരം അവിടത്തെ വിനിമയബന്ധങ്ങളിലൂടെ നിർമ്മിച്ചെടുത്തതാണ് എന്ന് കാണാൻ സാധിക്കും.

# കുറിപ്പുകൾ

1. 2019 ജനുവരി 31 മുതൽ ഫെബ്രുവരി 3 വരെ തിരുവനന്തപുരം കനകക്കുന്നിൽ വച്ച് നടന്ന മാതൃഭൂമി ഫെസ്റ്റിവെൽ ഓഫ് ലെറ്റേഴ്സിൽ സുനിൽ പി.ഇളയിടം നടത്തിയ പ്രഭാഷണത്തിൽ നിന്ന്

2. പ്രസിദ്ധയായ അമേരിക്കൻ മാധ്യമപഠിതാവും സാംസ്കാരിക വിമർശകയുമാണ് വിവിയൻ സാബ്ചാക്.

3. സംഘകാലഘട്ടത്തിൽ പ്രദേശങ്ങളെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കനുസരിച്ച് കുറിഞ്ഞി, പാലൈ, മുല്ലൈ, മരുതം, നെയ്തൽ എന്നിങ്ങനെ അഞ്ച് തിണകളായി തിരിച്ചിരുന്നു. കാടും മലകളും നിറഞ്ഞ വനമേഖലയാണ് കുറിഞ്ഞിത്തിണ. വനനിബിഡമല്ലാത്ത മഴ കുറഞ്ഞ ഒഴിഞ്ഞപ്രദേശങ്ങളെ പാലത്തിണയെന്നും മേച്ചിൽസ്ഥലങ്ങളും കുറ്റിക്കാടുകളും നിറഞ്ഞ പ്രദേശത്തെ മുല്ലൈത്തിണയെന്നും വിളിക്കുന്നു. മരുതംതിണ കൃഷിയ്ക്കുപയോഗിയ്ക്കുന്ന സമതലസമാനമായ ഭൂമിയാണ്. നെയ്തൽതിണ തീരദേശവും(വേലായുധൻ പണിക്കശ്ശേരി, 2008:3,4). ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കപ്പുറം ഇവിടത്തെ മനുഷ്യരുടെ ജീവിതരീതികളും ആരാധനാസമ്പ്രദായങ്ങളും കൂടി പരാമർശിയ്ക്കുന്നതാണ് തിണകളെക്കുറിച്ചുള്ള പഠനം. പശ്ചിമഘട്ടത്തിനു കിഴക്കുഭാഗത്തുള്ള ഭൂപ്രകൃതികൾ എല്ലാംതന്നെ പടിഞ്ഞാറ് കാണാനാകില്ല എന്നതും ഒരേ തിണകളിൽതന്നെ ഇരുഭാഗത്തേയും ജനജീവിതം വിഭിന്നമായിരുന്നു എന്നതും തിണസങ്കൽപത്തിന്റെ പരിമിതിയാണ്.

4. ഫ്രഞ്ച് ചരിത്രകാരനായ ലൂസിയൻ ഫെവറാണ് ചരിത്രത്തെ മുകളിൽ നിന്നും താഴോട്ടല്ല താഴേ നിന്നും മുകളിലേക്കാണ് നോക്കിക്കാണേണ്ടതെന്ന് ആദ്യമായി പറയുന്നത്. സമൂഹത്തിലെ ഉന്നതകുലജാതരുടെ ചരിത്രത്തെ സാമാന്യവത്കരിയ്ക്കുന്നതിലൂടെ പൊതുസമൂഹത്തിന്റെ ചരിത്രം കണ്ടെത്താൻ സാധിയ്ക്കില്ലെന്നും, അതിനുവേണ്ടി സാധാരണക്കാരുടെ ചരിത്രങ്ങൾ കണ്ടെത്തി അവയെ കൂട്ടിയോജിപ്പിക്കണം എന്നുമായിരുന്നു ഈ പ്രയോഗത്തിന്റെ അർത്ഥം.

5. മനുഷ്യൻ വേട്ടയാടിത്തുടങ്ങിയ കാലംമുതൽക്കേ പോരാടി വിജയിക്കുന്നവരേയും വീരമൃത്യുവരിയ്ക്കുന്നവരേയും കുറിച്ചുള്ള വാഴ്ത്തലുകൾ ആരംഭിച്ചിരുന്നു. ഗുഹാചിത്രങ്ങളിലെ ആയുധധാരികളായ മനുഷ്യർമുതൽ വടക്കൻപാട്ടുകളിലെ ചേകവന്മാരുടെ വിവരണം വരെ ഈ വാഴ്ത്തലുകളുടെ വിവിധരൂപങ്ങളാണ്.

ഇത്തരത്തിൽ വാമൊഴിയായി കൈമാറുന്ന പോരാളികളെക്കുറിച്ചുള്ള വാഴ്ത്തലുകളാണ് വിജയഗാഥകൾ.

6. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ വാർഷിക പ്രസിദ്ധീകരണം ആണ് 'ഇന്ത്യൻ ആർക്കിയോളജി എ റിവ്യൂ' 1953-54 മുതൽ തുടർച്ചയായി എല്ലാവർഷവും ഇത് പ്രസിദ്ധീകരിക്കുന്നു.

7. പെരുമ്പടപ്പിലെ ചിത്രകൂടത്തിലായിരുന്നു കൊച്ചി രാജവംശം താമസിച്ചിരുന്നതെന്നും പിന്നീട് സാമൂതിരിയുടെ ആക്രമണങ്ങൾമൂലം അവിടമുപേക്ഷിച്ചു പോയതാണെന്നും പറയപ്പെടുന്നു. അതിനുശേഷവും രാജവംശത്തിലെ ഒരോ കുട്ടിയും ജനിച്ചുവീഴേണ്ടത് ഈ മണ്ണിലേയ്ക്കാണെന്ന വിശ്വാസത്താൽ ഇവിടെനിന്നും അൽപം മണ്ണ് കുട്ടികൾ ജനിക്കുമ്പോൾ അവർ കൊണ്ടുപോയിരുന്നു. ഈ മണ്ണിൽനിന്നല്ലാതെ കിരീടധാരണം നടത്താനാകില്ല എന്ന കാരണത്താൽ കിരീടം മടിയിൽവെച്ചുകൊണ്ടായിരുന്നു കൊച്ചി രാജാവ് നാടുവാണിരുന്നത്. അത്രമാത്രം പ്രധാനപ്പെട്ടതായിരുന്നു പെരുമ്പടപ്പ് സ്വരൂപത്തെ സംബന്ധിച്ചിടത്തോളം ചിത്രകൂടത്തിലെ അവരുടെ ആസ്ഥാനം. കൊച്ചി രാജവംശത്തിന്റെ ആസ്ഥാനക്ഷേത്രമായിരുന്ന കൊയപ്പുള്ളി ക്ഷേത്രവും ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. പെരുമ്പടപ്പിലെ പല സ്ഥലനാമങ്ങളും പഴയ രാജവംശത്തിന്റെ സാമീപ്യങ്ങൾ ദൃശ്യമാക്കുന്നവയാണ്. കച്ചേരിക്കാട്, തവളക്കുന്ന് (താവളക്കുന്ന് തവളക്കുന്നായി മാറിയതാകാം), പട്ടേരിക്കുന്ന് (പടയേറിക്കുന്ന് പട്ടേരിക്കുന്നായി മാറുന്നു) തുടങ്ങിയവ ഉദാഹരണമാണ്

8. പ്യൂറ്റിംഗർ ടേബിൾ വിയന്നയിലെ നാഷ്ണൽ മ്യൂസിയത്തിലാണ് നിലവിൽ സൂക്ഷിച്ചിട്ടുള്ളത്. 15-ാം നൂറ്റാണ്ടിൽ കോൺറാഡ് സെൽറ്റെസ് ആണ് ഇത് കണ്ടെടുത്തത്. അദ്ദേഹത്തിന്റെ മരണശേഷം കോൺറാഡ് പ്യൂറ്റിംഗർ ഈ ഭൂപടം പ്രസിദ്ധീകരിച്ചു. രണ്ടാം നൂറ്റാണ്ട് മുതൽ ഉപയോഗത്തിലുണ്ടായിരുന്ന യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ പ്രദേശങ്ങളുടെ ഭൂപടമാണ് പ്യൂറ്റിംഗർ ടേബിൾ (ആദർശ് സി, 2013:63).

9. ടിപ്പുസുൽത്താന്റെ പതനത്തിനുശേഷം മദ്രാസ്, മൈസൂർ, മലബാർ പ്രദേശങ്ങളിലൂടെ സഞ്ചരിച്ച് അവിടത്തെ ജനജീവിതത്തെയും ബ്രിട്ടീഷ് ഭരണസാധ്യതകളെയും കുറിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ നിയോഗിയ്ക്കപ്പെട്ട ഉദ്യോഗസ്ഥനാണ് ഫ്രാൻസിസ് ബുക്കാനൻ. 1800 ഏപ്രിൽ 23-നു ആരംഭിച്ച് 1801 ജൂലൈ 6-ന് അവസാനിച്ച യാത്രയുടെ റിപ്പോർട്ട് പിന്നീട് മൂന്ന് വാല്യങ്ങളായി ലണ്ടനിൽ നിന്നും പ്രസിദ്ധീകരിച്ചു(ഫ്രാൻസീസ് ബുക്കാനൻ, 1981:ix)

10. കുടനാട്, കുട്ടനാട്, വേണാട്, പൂഴിനാട്, കർക്കാനാട് എന്നിവയാണ് അഞ്ചുനാടുകൾ.

11. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ അഴിമുഖമാണ് ഗോദാവരി നദിയുടേത്. മൺസൂൺ കാലത്ത് മാത്രം നിറഞ്ഞൊഴുകുകയും മറ്റുകാലങ്ങളിൽ ശോഷിയ്ക്കുകയും ചെയ്യുന്ന അഴിമുഖമാണിത്. വലിപ്പത്തിൽ ഗോദാവരി നദിയേക്കാൾ ഏറെ ചെറുതാണ് ഭാരതപ്പുഴയുടെ അഴിമുഖമെങ്കിലും അവ രണ്ടിന്റേയും സ്വഭാവത്തിൽ സാമ്യതകളുണ്ട് (സി.അഷ്റഫ്, 2018:14).

12. കുന്നംകുളം-പൊന്നാനി താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന കോൾപാടമാണ് പൊന്നാനികോൾനിലം. സമുദ്രനിരപ്പിനേക്കാൾ താഴ്ന്നുകിടക്കുന്ന നെൽവയലുകളെയാണ് കോൾനിലങ്ങളെന്നു പറയുന്നത്. മലമ്പ്രദേശങ്ങളിൽ നിന്നും ജലവും മണ്ണും ഒഴുകിയെത്തുന്ന ഈ നീർത്തടങ്ങൾ അക്കാരണം കൊണ്ടുതന്നെ എല്ലാകാലത്തും വളരെയേറെ ഫലഭൂയിഷ്ഠവുമായിരിയ്ക്കും.

13. വള്ളുവനാട് വാണിരുന്ന നാടുവാഴിയുടെ സ്വരൂപനാമമായിരുന്നു ആറങ്ങോട്. ഇന്നത്തെ പെരിന്തൽമണ്ണ, തിരൂർ, മണ്ണാർക്കാട് താലൂക്കുകളും ഏറനാട്, പാലക്കാട് താലൂക്കുകളുടെ ചില ഭാഗവും ചേർന്നതായിരുന്നു പഴയ വള്ളുവനാട്. വള്ളുവനാട് ഭരിക്കുന്ന നാടുവാഴിയെ വള്ളുവക്കോനാതിരി എന്നും ആറങ്ങോട്ട് ഉടയവർ എന്നും വിളിച്ചിരുന്നു.

14. ഇന്നത്തെ പെരുമ്പടപ്പ് പഞ്ചായത്ത്ഓഫീസ്, ബ്ലോക്ക്ഓഫീസ്, വില്ലേജ്ഓഫീസ്, കൃഷിഭവൻ എന്നിവയെല്ലാം സ്ഥിതിചെയ്യുന്ന സ്ഥലം പണ്ട് വലിയപറമ്പ് എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. വലിയപറമ്പിന്റെ മറ്റൊരു പേരാണ് പെരുമ്പടപ്പായി മാറുന്നത്. ഇവിടെയാണ് പഴയ ചിത്രകൂടം എന്നാണ് സങ്കൽപ്പം. ഈ പ്രദേശത്തെ ഒരു കിണറ്റിലാണ് പുരാവസ്തുവകുപ്പിന്റെ ഉത്ഖനനങ്ങൾ നടന്നത്.

15. അന്നത്തെ പോർച്ചുഗീസ് രാജാവായ ഇമ്മാനുവൽ രാജാവിന്റെ പ്രത്യേക നിർദ്ദേശപ്രകാരമാണ് വാസ്കോ ഡ ഗാമ ഇന്ത്യയിലേയ്ക്കുള്ള സമുദ്രപാത അന്വേഷിച്ച് പുറപ്പെട്ടത്. വ്യാപാരകുത്തക മാത്രമായിരുന്നു ഗാമയുടെ ആഗമനോദ്ദേശ്യമെങ്കിലും പശ്ചിമേഷ്യയിലെ ഇസ്ലാമിക ഭരണകൂടങ്ങളുമായി ക്രൈസ്തവസഭകൾക്കുണ്ടായിരുന്ന വൈരം മലബാറിലെ മാപ്പിളമാരെ വെറുക്കുന്നതിലേയ്ക്ക് ഗാമയെ നയിച്ചു.

# അധ്യായം 2

# പൊന്നാനി എന്ന തുറമുഖപ്പട്ടണം

# പൊന്നാനി എന്ന തുറമുഖപ്പട്ടണം

ഭൂമിശാസ്ത്രപരമായി പൊന്നാനിയെ അടയാളപ്പെടുത്തുന്നത് പ്രധാനമായും ഒരു തുറമുഖപ്രദേശം എന്ന നിലയിലും ഭാരതപ്പുഴയുടെ അഴിമുഖം എന്ന നിലയിലുമാണ്. പൊന്നാനി ചരിത്രത്തിൽ ശ്രദ്ധിയ്ക്കപ്പെടുന്നതും ഈ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണമാണ്. വർത്തമാനകാലത്തും ഒരു കടലോരപ്രദേശം എന്ന നിലയിൽ തന്നെയാണ് പൊന്നാനി ശ്രദ്ധേയമാകുന്നത്. ഒരു തുറമുഖം എന്ന രീതിയിൽ പൊന്നാനിയുടെ ചരിത്രപ്രാധാന്യത്തെ പരിശോധിയ്ക്കുന്നതാണ് ഈ അധ്യായം

## 2.1 പൊന്നാനിത്തുറമുഖത്തിന്റെ പ്രാധാന്യം

ഏ.ഡി. ഒന്നാം നൂറ്റാണ്ടിൽ ഹിപ്പാലസ് എന്ന ഗ്രീക്ക് നാവികൻ ഇന്ത്യൻ മൺസൂണുകളെ തിരിച്ചറിഞ്ഞതോടെയാണ് ഇന്ത്യയും പാശ്ചാത്യലോകവും തമ്മിലുള്ള വ്യാപാരബന്ധം ശക്തമാകുന്നത്. ചെങ്കടലിൽ നിന്നും പേർഷ്യൻ ഉൾക്കടലും അറബിക്കടലും വഴി ഇന്ത്യയിലേയ്ക്കുള്ള പാത കണ്ടെത്തിയത് ഹിപ്പാലസ് ആണെന്നു പെരിപ്ലസിൽ പറയുന്നുണ്ട്. ചെങ്കടലും പേർഷ്യൻ കടലിടുക്കും അറബിക്കടലും ഇന്ത്യൻ മഹാസമുദ്രത്തിന്റെ തെക്കു-കിഴക്കൻ ഭാഗങ്ങളും ഉൾപ്പെടുന്ന ഈ സഞ്ചാരപാതയെ എറീത്രിയൻ കടലെന്നായിരുന്നു യവനന്മാർ വിളിച്ചിരുന്നത്[1]. ഈ പാതവഴി ചെങ്കടലിലെ തുറമുഖമായ ബെരിനീസിൽ നിന്നു ഇന്ത്യൻ തുറമുഖങ്ങളിലേയ്ക്ക് ധാരാളം കപ്പലുകൾ വന്നിരുന്നു. എറീത്രിയൻ കടലിലൂടെയുള്ള ഈ വ്യാപാരത്തിൽ മലബാറിലെ തുറമുഖങ്ങൾക്ക് പ്രാധാനപ്പെട്ടസ്ഥാനം ഉണ്ടായിരുന്നു. മലബാർ തീരങ്ങളേയും പശ്ചിമഘട്ടത്തേയും തമ്മിൽ ബന്ധിപ്പിയ്ക്കുന്ന ജലപാതകളും അവിടങ്ങളിൽ

ഉണ്ടായിരുന്ന സ്വാഭാവികത്തുറമുഖങ്ങളുമാണ് ഇതിനുപിന്നിലെ പ്രധാന കാരണങ്ങളെന്നു നിരീക്ഷിയ്ക്കപ്പെടുന്നു.

**2.1.1 മലബാറിലെ തുറമുഖങ്ങൾ**

തേക്ക്, ആനക്കൊമ്പ്, കുരുമുളക്, മഞ്ഞൾ മുതലായ സുഗന്ധവ്യഞ്ജനങ്ങൾ ആയിരുന്നു മലബാർ തീരത്തുനിന്ന് കയറ്റി അയച്ചിരുന്ന പ്രധാന ചരക്കുകൾ. ഇവയിൽ ഏറിയപങ്കും പശ്ചിമഘട്ട മലനിരകളിൽ ഉത്പാദിപ്പിച്ചിരുന്നവയാണ്. കുരുമുളക് അടക്കമുള്ള സുഗന്ധവ്യഞ്ജനങ്ങൾ മിക്കവാറും മലനിരകൾ ഉൾപ്പെടുന്ന കുറുഞ്ചി എന്ന തിണയിലാണ് ഉണ്ടാകുന്നതെന്ന് സംഘം കൃതികളിൽ പരാമർശമുണ്ട്. തേക്ക്, ആനക്കൊമ്പ് എന്നിവയും കുറുഞ്ചിത്തിണയുടെ സംഭാവനകളായിരുന്നു. ചെറിയ കുന്നുകളും മണൽപ്രദേശങ്ങളും ഉൾപ്പെടുന്ന മുല്ലൈ, പാലൈ എന്നീ തിണകൾക്ക് കേരളത്തിൽ പ്രാധാന്യം കുറവായിരുന്നു. കാർഷിക പ്രാധാന്യമുണ്ടായിരുന്ന മരുതംതിണ താരതമ്യേന വിസ്തൃതമായ പ്രദേശമായിരുന്നു. ഇവിടങ്ങളിലെല്ലാം നദീതീരങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് കൃഷിയും കൊടുക്കൽ-വാങ്ങലുകളിൽ അധിഷ്ഠിതമായ വ്യാപാരങ്ങളും നടന്നിരുന്നു. പശ്ചിമഘട്ടത്തിൽനിന്നും ശേഖരിയ്ക്കുന്ന ഉത്പന്നങ്ങൾ ഭക്ഷ്യവസ്തുക്കളുമായി പലകുറി കൈമാറ്റം ചെയ്താണ് നെയ്തൽ തിണയിലെ തുറമുഖങ്ങളിൽ എത്തിയിരുന്നത് (Rajan Gurukkal, M.R.Raghava Varier, 1999:177). മണിഗ്രാമം, അഞ്ചുവണ്ണം തുടങ്ങിയ വാണിജ്യ സംഘങ്ങൾ വഴിയായിരുന്നു തുറമുഖങ്ങളിലെ വ്യാപാരങ്ങൾ നടന്നിരുന്നത്.[2] അറബികൾ, യവനന്മാർ, ചീനക്കാർ, പേർഷ്യക്കാർ എന്നിവരുമായി നടന്നിരുന്ന ഈ വ്യാപാരങ്ങൾ വഴി തുണിത്തരങ്ങൾ, സൗന്ദര്യവസ്തുക്കൾ, സ്വർണനാണയങ്ങൾ, ചെമ്പുനാണയങ്ങൾ എന്നിവ മലബാറിലേയ്ക്ക് പ്രവഹിച്ചു.

മലബാറിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഇവിടങ്ങളിലെ വാണിജ്യപരമായ അഭിവൃദ്ധിയ്ക്ക് കാരണമായിട്ടുണ്ട്. ഇന്ത്യൻ ഉപദ്വീപിന്റെ തെക്ക്പടിഞ്ഞാറ് മൂലയിലുള്ള ഈ കിടപ്പിന് ഒരുപാട് പ്രത്യേകതകളുണ്ട്. ഇന്ത്യയ്ക്ക് പടിഞ്ഞാറ് നിന്നു വരുന്നവർക്ക് കിഴക്കോട്ടുള്ള യാത്രാമധ്യേ ഇടത്താവളമായും, ഇന്ത്യയ്ക്ക് കിഴക്ക് നിന്ന് വരുന്നവർക്ക്

പടിഞ്ഞാറുമായുള്ള വിനിമയകേന്ദ്രമായും ഇവിടം നിലകൊണ്ടു. ആഫ്രിക്ക, പശ്ചിമേഷ്യ, യുറോപ്പ് എന്നിവിടങ്ങളിൽ നിന്നെല്ലാം തെക്കുപടിഞ്ഞാറൻ കാറ്റിന്റെ ദിശപിടിച്ച് ഇന്ത്യയിലേയ്ക്ക് വന്നിരുന്ന വൈദേശികർ  ആദ്യം കപ്പലടുപ്പിച്ചിരുന്നത് മലബാർ തീരങ്ങളിലായിരുന്നു. ഇവിടെ നിന്നായിരുന്നു അവർ ഇന്ത്യയുടെ കിഴക്കൻ തീരങ്ങളിലേയ്ക്കും ചൈനയിലേയ്ക്കും പോയിരുന്നത്. ചീനക്കാരും, ചോളന്മാരും ഗംഗാതടവാസികളും മറ്റിന്ത്യൻനാഗരികരും യവനരുമായുള്ള വ്യാപാരബന്ധങ്ങൾ സ്ഥാപിച്ചിരുന്നത് മലബാറിലോ അറേബ്യൻ നാടുകളിലോ വെച്ചായിരുന്നു. ഇത്തരത്തിൽ  ഇന്ത്യൻ മഹാസമുദ്രത്തിന്റെ വാണിജ്യ പ്രാധാന്യം എന്തായിരുന്നോ അത് അത്രതന്നെ, അല്ലെങ്കിൽ അതിനേക്കാളേറെ, അറബിക്കടലിന്റെ പ്രാധാന്യമായി ഭവിയ്ക്കുകയും, അറബിക്കടലിന്റെ പ്രാധാന്യം അത്രതന്നെ മലബാർ തീരത്തിന്റെ പ്രാധാന്യമാവുകയും ചെയ്തു. ഈ പ്രാധാന്യമാണ് കേരളത്തെപ്പോലെ വളരെ ചെറിയൊരു പ്രദേശത്ത് ഇത്രയധികം തുറമുഖ നഗരങ്ങളെ നിർമ്മിച്ചെടുത്തത്. മലബാർ തീരത്തിന്റെ വടക്ക് മുതൽ തെക്ക് വരെ ഇന്നത്തെ കേരളാതിർത്തിയിൽ മാത്രമായി ഏഴിമല, മാടായി, വളപട്ടണം, ധർമടം, പന്തലായനി, കോഴിക്കോട്, ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ, കൊച്ചി, പുറക്കാട്, കായംകുളം, കൊല്ലം, വിഴിഞ്ഞം എന്നിങ്ങനെ അനേകം തുറമുഖങ്ങൾ  ഉണ്ടായിരുന്നത് ശ്രദ്ധേയമാണ് (K.N. Ganesh, 2016:130).

മലബാർ തീരത്തെ ഈ തുറമുഖങ്ങളുടെ ബാഹുല്യം ഇവിടത്തെ വാണിജ്യം അത്രകണ്ട് കേന്ദ്രീകൃതമല്ലായിരുന്നു എന്നുകൂടി സൂചിപ്പിയ്ക്കുന്നുണ്ട്. പ്രാദേശികമായി ഉത്പാദിപ്പിയ്ക്കുന്ന ഉത്പന്നങ്ങളും പശ്ചിമഘട്ടത്തിൽനിന്നു ശേഖരിയ്ക്കുന്ന വിഭവങ്ങളും ഒന്നോ രണ്ടോ കേന്ദ്രീകൃത വിപണികളിലേയ്ക്ക് എത്താതെ ഒരുപാട് അങ്ങാടികളിലും തുറമുഖങ്ങളിലുമായി വിതരണംചെയ്യപ്പെടുകയാണ് ഉണ്ടായിരുന്നത്. കേരളത്തിൽ കിഴക്കുപടിഞ്ഞാറ്ദിശയിൽ അങ്ങോളമിങ്ങോളമൊഴുകുന്ന ഒരുപാടു നദികൾ ഉണ്ടായിരുന്നു എന്നതു തന്നെയാകാം ഇതിനൊരു കാരണം. അതേസമയം മറ്റു ദക്ഷിണേന്ത്യൻ നഗരങ്ങളേയും കേരളത്തേയും ബന്ധിപ്പിയ്ക്കുന്ന കരമാർഗമുള്ള പാതകളും കേരളതീരത്തിന്റെ പ്രാധാന്യം വർധിപ്പിച്ചിരിയ്ക്കാം. വടക്കൻ മലബാർ – മൈസൂർ പ്രദേശങ്ങളെ ബന്ധിപ്പിയ്ക്കുന്ന ഇരിട്ടിവിടവ്, മധ്യ കേരളത്തേയും

തമിഴകത്തേയും ബന്ധിപ്പിയ്ക്കുന്ന പാലക്കാട് വിടവ്, തെക്കൻ കേരളത്തെ പാണ്ഡ്യദേശത്തോട് ബന്ധിപ്പിയ്ക്കുന്ന ചെങ്കോട്ടാവിടവ് എന്നീ ഭൂഭാഗങ്ങളും ഇതിൽ പങ്കുവഹിച്ചു. പശ്ചിമഘട്ടത്തിനു കുറുകേ പ്രകൃതിനിർമ്മിച്ച ഈ വിടവുകളെല്ലാം തന്നെ അവയിലൂടെ പശ്ചിമഘട്ടത്തിനു കിഴക്കു നിന്ന് പടിഞ്ഞാറ് മലബാർ തീരത്തേയ്ക്ക് ചരയ്ക്കെത്താൻ കാരണമായി. മധുര ആസ്ഥാനമായിരുന്ന പാണ്ഡ്യന്റെ പ്രധാന തുറമുഖമായിരുന്നു ഇന്നത്തെ കൊല്ലത്തിനടുത്തുള്ള ബക്കരയെന്ന് പെരിപ്ലസ് രേഖപ്പെടുത്തിയിട്ടുള്ളത് ഈ നിരീക്ഷണത്തിന് ശക്തിപകരുന്നതാണ്(വേലായുധൻ പണിക്കശ്ശേരി, 1984:37).

മലബാർ തീരങ്ങളിൽ താമസിച്ചിരുന്ന വിദേശികളുടെ സാന്നിധ്യമാണ് ഇവിടത്തെ തുറമുഖങ്ങളുടെ വാണിജ്യപ്രാധാന്യം ഉയർത്തിയ മറ്റൊരു ഘടകം. കേരളത്തിലേയ്ക്കുള്ള കടൽയാത്ര സാധ്യമാക്കിയ മൺസൂണുകൾ തന്നെയാണ് ഇത്തരത്തിലുള്ള വൈദേശികതാവളങ്ങൾ ഇവിടെ ഉണ്ടാകാനുള്ള കാരണം. ജൂൺ-ജൂലൈ മാസങ്ങളിലെ തെക്കുപടിഞ്ഞാറൻ മൺസൂണിനൊപ്പം മലബാർ തീരത്തെത്തുന്ന വ്യാപാരികൾ ഒക്ടോബർ അവസാനം വരുന്ന വടക്കുകിഴക്കൻ മൺസൂണിനോടൊപ്പമാണ് തിരികെപ്പോവുക. ഇതിനിടക്കുള്ള കാലഘട്ടങ്ങൾ അവർ കൂട്ടമായി കേരളതീരങ്ങളിൽ താമസിച്ചിരുന്നു. യവനന്മാരും ജൂതന്മാരും അറബികളുമെല്ലാം ഇക്കൂട്ടത്തിലുണ്ടായിരുന്നു. അതത് കാലങ്ങളിൽ കേരളത്തിലെ ഭരണാധിപന്മാർ ഇപ്രകാരം വൈദേശികർക്ക് താമസിക്കുവാൻ സ്ഥലവും സൗകര്യങ്ങളും നൽകിയിരുന്നതിന് ഒരുപാട് തെളിവുകൾ ലഭ്യമാണ്.[3] ഈ വൈദേശിക താവളങ്ങൾ വികേന്ദ്രീകൃതമായിരുന്ന കേരളത്തിലെ ചരക്ക് കൈമാറ്റങ്ങളെ അവിടങ്ങളിലേയ്ക്ക് കേന്ദ്രീകരിയ്ക്കുകയും അവരുടേതായ ഉത്പന്നങ്ങളേയും സംസ്കാരത്തേയും കേരളത്തിന് പരിചയപ്പെടുത്തുകയും ചെയ്തു. കേരളത്തിലെ ആദ്യകാല ജൂത-മുസ്ലീം പാരമ്പര്യങ്ങളെല്ലാം ആവിർഭവിയ്ക്കുന്നത് ഇത്തരം വൈദേശികബന്ധങ്ങളിലൂടെയാണ്.

മുകളിൽ വിവരിച്ച കാരണങ്ങളുടെ പശ്ചാത്തലത്തിൽ വേണം മലബാർ തീരം കേന്ദ്രമാക്കി നടന്നിരുന്ന വ്യാപാരത്തിൽ പൊന്നാനിത്തുറമുഖം വഹിച്ച പങ്കിനെ നോക്കിക്കാണേണ്ടത്.

### 2.1.2 ഭാരതപ്പുഴയുടെ അഴിമുഖം

കേരളത്തിലെ തുറമുഖ വ്യാപാരങ്ങളെ നിർണയിച്ച ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് അവയെ ഉൾപ്രദേശങ്ങളുമായി (Hinterland) ബന്ധിപ്പിയ്ക്കുന്ന ജലപാതകളായിരുന്നു. വളപട്ടണം, കണ്ണൂർ (വളപട്ടണം പുഴ), പന്തലായിനി (കോരപ്പുഴ), കോഴിക്കോട്, ബേപ്പൂർ (ചാലിയാർ), പൊന്നാനി (ഭാരതപ്പുഴ), കൊടുങ്ങല്ലൂർ, കൊച്ചി (പെരിയാർ, വേമ്പനാട്ടു കായൽ), കായംകുളം (പമ്പ), കൊല്ലം (കല്ലടപുഴ, അഷ്ടമുടിക്കായൽ) എന്നീ തുറമുഖങ്ങളുടെയെല്ലാം അടുത്തുള്ള ജലപാതകൾ ഇതിനുദാഹരണമാണ്(K.N. Ganesh, 2016:130). ഇത്തരത്തിൽ പൊന്നാനിയെ ഒരു പ്രധാന തുറമുഖമാക്കി മാറ്റുന്നത് ഭാരതപ്പുഴയുടെ പതനകേന്ദ്രം എന്ന പ്രത്യേകതയാണ്. പശ്ചിമഘട്ടത്തിലെ ആനമലയിൽ (തമിഴ്നാട് സംസ്ഥാനത്തിനകത്ത്) നിന്നുത്ഭവിച്ച് പൊള്ളാച്ചി വരെ വടക്കോട്ടും, പിന്നീട് കേരളാതിർത്തി കടന്ന് പടിഞ്ഞാറോട്ടും ഒഴുകുന്ന ഭാരതപ്പുഴയുടെ ഇരുകരകളിലും ഉള്ള സ്ഥലങ്ങളെല്ലാം ഇന്നും കാർഷികപ്രാധാന്യമുള്ള ഇടങ്ങളാണ്. പൊന്നാനി മുതൽ പാലക്കാട് വരെ ഭാരതപ്പുഴയുടെ തീരങ്ങളിൽ വിഭവകൈമാറ്റം നടക്കുന്ന അങ്ങാടികൾ വളർന്നുവന്നിരുന്നു. ഈ അങ്ങാടികൾവഴി പശ്ചിമഘട്ടത്തിൽ നിന്നും ശേഖരിയ്ക്കുന്ന വിഭവങ്ങൾ പൊന്നാനിയിലേയ്ക്കെത്തുന്നു. ഭാരതപ്പുഴയുടെ ഇരുകരകളിലുമുള്ള ഭൂപ്രദേശം മുഴുവൻ പൊന്നാനി തുറമുഖത്തിന്റെ ഹിന്റർലന്റായി പ്രവർത്തിക്കുന്നു.[4]

വടക്കൻ കേരളത്തിലെ ഇതരപ്രദേശങ്ങളെ അപേക്ഷിച്ച് ഭാരതപ്പുഴയുടെ തീരപ്രദേശങ്ങളിൽ നെൽകൃഷി വ്യാപകമായിരുന്നു എന്നതും ഈ സാഹചര്യത്തിൽ നിരീക്ഷണവിധേയമാക്കേണ്ട വസ്തുതയാണ്. കേരളത്തിന്റെ മധ്യകാലചരിത്രം പരിശോധിയ്ക്കുമ്പോൾ സമീപസ്ഥമായ ഉത്തരമലബാർ പ്രദേശങ്ങളേക്കാൾ നെൽകൃഷി ചെയ്തിരുന്നത് പൊന്നാനി, ഒറ്റപ്പാലം, തിരൂർ എന്നിവിടങ്ങളിലായിരുന്നു. ഈ കാർഷികാഭിവൃദ്ധിയെ ആശ്രയിച്ചു കൊണ്ടാണ് കൈമാറ്റ വ്യവസ്ഥയിൽ കച്ചവടം നടത്തുന്ന അങ്ങാടികൾ സജീവമാകുന്നത്. പശ്ചിമഘട്ടത്തിൽ നിന്നും ശേഖരിയ്ക്കുന്ന സുഗന്ധവ്യഞ്ജനങ്ങൾ അങ്ങാടികളിൽ വെച്ച് ഭക്ഷ്യവസ്തുക്കൾക്ക് പകരം കൈമാറ്റം ചെയ്യുന്നു. അങ്ങനെയാണ് ഈ ഉൾനാടൻ വിഭവങ്ങൾ തീരദേശത്ത് എത്തിച്ചേരുന്നത്.

ഈ വിഭവങ്ങൾ തുറമുഖത്ത് കേന്ദ്രീകരിയ്ക്കുകയും അവിടെവെച്ച് വൈദേശി-കോത്പന്നങ്ങളും വിദേശനാണയങ്ങളും പകരം വാങ്ങി വിനിമയം സാധ്യമാക്കിയിരുന്നു. ഇതായിരുന്നു മധ്യകാലത്തിന്റെ അവസാനം വരെ നിലനിന്ന വാണിജ്യവ്യവസ്ഥ.

യവനരുടെ കാലഘട്ടത്തിലെ സഞ്ചാരികളിൽ പലരും മലബാർ തീരത്ത് നിന്ന് പുഴമാർഗം തിരുന്നാവായ വരെ ചെറുകപ്പലുകളിൽ സഞ്ചരിച്ചിരുന്നുവെന്നും ഇവിടം അന്നത്തെ പ്രധാനവാണിജ്യകേന്ദ്രങ്ങളിൽ ഒന്നായിരുന്നുവെന്നും നിരീക്ഷിയ്ക്കുന്നുണ്ട് (വേലായുധൻ പണിക്കശ്ശേരി, 1984:46). തിരുന്നാവായ കേന്ദ്രീകരിച്ചു നടന്നിരുന്ന മാമാങ്കവും ഒരു വാണിജ്യോത്സവം തന്നെയായിരുന്നു. ഭാരതപ്പുഴയുടെ തീരങ്ങൾക്ക് പ്രാചീനകാലം മുതൽ സിദ്ധിച്ചിരുന്ന വാണിജ്യപ്രാധാന്യം ഇതിൽ നിന്നും വ്യക്തമാണ്. കാലക്രമേണ ഭാരതപ്പുഴ ശോഷിക്കുകയും മണലടിഞ്ഞ് ആഴം കുറയുകയും ചെയ്തതിനാലാകണം നിലവിൽ വലിയതോണികൾക്ക് പോലും സഞ്ചാര യോഗ്യമല്ലാത്ത ഇടമായി ഇവിടം മാറിയത്.

### 2.1.3 പൊന്നാനിത്തുറമുഖവും പാലക്കാട് ചുരവും

ദക്ഷിണേന്ത്യയിലെ വാണിജ്യപാതകളിൽ പശ്ചിമഘട്ടത്തിന് കുറുകേയുള്ള വിടവുകളാണ് കേരളത്തിലെ തുറമുഖ വ്യാപാരങ്ങളെ നിർണയിച്ചഘടകങ്ങളിൽ മറ്റൊന്ന്. തമിഴ്നാട്ടിൽനിന്നും ഉത്ഭവിയ്ക്കുന്ന ഭാരതപ്പുഴയുടെ കേരളത്തിലേയ്ക്കുള്ള പ്രവേശനകവാടമാണ് പാലക്കാട്. ഇവിടെത്തന്നെയാണ് പശ്ചിമഘട്ടമലനിരകളിലെ ഏറ്റവും പ്രാധാന്യമേറിയ വിടവും സ്ഥിതിചെയ്യുന്നത്. പശ്ചിമഘട്ടത്തിനു കുറുകെ വടക്ക് നീലഗിരിക്കും തെക്ക് ആനമുടിക്കും ഇടയിൽ ഇരുപത് മൈൽ ദൈർഘ്യത്തിലാണ് ഈ തുറസ് സ്ഥിതിചെയ്യുന്നത്. തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റ് വരണ്ടു കിടക്കുന്ന തമിഴ്നാട്ടിലേയ്ക്ക് കാലവർഷത്തെ എത്തിയ്ക്കുന്നതും ഡക്കാൻപീഠഭൂമിയിലെ ഉഷ്ണക്കാറ്റിനെ പാലക്കാട്ടേയ്ക്കെത്തിയ്ക്കുന്നതും കേരളത്തെ റോഡ്-റെയിൽ മാർഗങ്ങളിലൂടെ തമിഴ്നാടുമായി ബന്ധിപ്പിക്കുന്നതും ഈ ചുരമാണ്. ഇതേ വഴിയ്ക്ക് തന്നെയാണ് പശ്ചിമഘട്ടത്തിന് കിഴക്കും പടിഞ്ഞാറും സ്ഥിതിചെയ്യുന്ന സമൂഹങ്ങൾ തങ്ങളുടെ വിഭവങ്ങൾ കൈമാറിയിരുന്നത്.

സംഘകാലമെന്ന് ചരിത്രകാരന്മാർ വിശേഷിപ്പിയ്ക്കുന്ന ഏ.ഡി. ആദ്യ നൂറ്റാണ്ടുകൾതൊട്ടേ ഈ വാണിജ്യപാത സജീവമായിരുന്നു. അക്കാലത്തെ കേരളത്തിലെ പ്രധാനതുറമുഖമായിരുന്ന മുസിരിസ്സിൽ നിന്നും ചേരസാമ്രാജ്യത്തിന്റെ ആസ്ഥാനമെന്ന് വിശ്വസിയ്ക്കുന്ന കരൂരിലേയ്ക്കും മറ്റ് സംഘകാല നഗരങ്ങളിലേയ്ക്കും ഇതുവഴി കരമാർഗമുള്ള പാത ഉപയോഗത്തിൽ ഉണ്ടായിരുന്നു (Champakalakshmi, 1999:156). ഈ വഴി കിഴക്കു നിന്നും കേരളത്തിലേയ്ക്കെത്തുന്ന ചരക്കുകളിൽ ഒരു ഭാഗം ഭാരതപ്പുഴ വഴി പൊന്നാനി തുറമുഖത്തേയ്ക്കും എത്തിയിരുന്നു.[5]

പാലക്കാട്ചുരത്തിന് തെക്കും വടക്കുമായി വ്യാപിച്ചിരിയ്ക്കുന്ന ഒട്ടേറെ പുഴകളാണ് സഹ്യനു പടിഞ്ഞാറേയ്ക്കൊഴുകി പറളിയിൽവന്നു നിളയായി രൂപം കൊള്ളുന്നത്. സാമൂതിരി ഭരണത്തിന്റെ കാലഘട്ടത്തിൽ ഈ പ്രദേശങ്ങൾ മുഴുവൻ സാമൂതിരിവംശത്തിന്റെ കൈപ്പിടിയിലായിരുന്നു. നെടുങ്ങനാടും നെടുമ്പുറയൂർനാടും വെങ്ങനാട്ടുനമ്പിടിയുടെ പിൻതുടർച്ചക്കാരായ കൊല്ലങ്കോട്ടുരാജാവു ഭരിച്ചിരുന്ന ഇടങ്ങളും സാമൂതിരിയ്ക്ക് മേൽക്കോയ്മ ഉണ്ടായിരുന്ന പ്രദേശങ്ങളായിരുന്നു. ഹൈദരലി, ടിപ്പു എന്നിവരുടെ പടയോട്ടക്കാലത്തും, ബ്രിട്ടീഷ്ഭരണ കാലത്തും പാലക്കാട് ചുരത്തിന്റേയും അത് കടന്നെത്തുന്ന നദീതടത്തിന്റേയും പ്രാധാന്യത്തെക്കുറിച്ച് പരാമർശിച്ചു കാണുന്നുണ്ട്.

### 2.1.4 അറബികളും പൊന്നാനിത്തുറമുഖവുമായുള്ള വ്യാവഹാരികബന്ധം

മലബാർതീരത്തെ വാണിജ്യം അഭിവൃദ്ധിപ്പെട്ടതിന്റെ കാരണങ്ങളിൽ ഒന്ന് ഇവിടത്തെ വൈദേശികതാവളങ്ങളാണ്. മൺസൂൺ കാറ്റിന്റെ സഹായത്തോടെ ഇവിടേയ്ക്ക് വരികയും പോകുകയും ചെയ്തിരുന്ന വിദേശികൾ മൺസൂണിന്റെ ഇടവേളയിൽ മലബാറിൽ താമസമാക്കിയിരുന്നു. വികേന്ദ്രീകൃതമായി നടന്നിരുന്ന കേരളത്തിലെ ചരക്കുകൈമാറ്റങ്ങളെ തുറമുഖങ്ങളിൽവെച്ച് കേന്ദ്രീകൃതമാക്കിയത് ഇത്തരം വൈദേശികതാവളങ്ങളായിരുന്നു.

വിദേശവ്യാപാരം ശക്തിപ്പെടുന്ന ഏ.ഡി. ആദ്യ നൂറ്റാണ്ടുകളിൽ മുസിരിസ്സ്, തിണ്ടിസ്, നെൽകിണ്ടെ എന്നിവയായിരുന്നു കേരളത്തിലെ പ്രധാന തുറമുഖങ്ങൾ. അവ

യഥാക്രമം കൊടുങ്ങല്ലൂർ, പൊന്നാനി, കൊല്ലം എന്നിവയാകാനാണ് സാധ്യത. ഇതിൽ കൊടുങ്ങല്ലൂർ തുറമുഖം യവന കച്ചവടക്കാരുടേയും കൊല്ലം ജൂതന്മാരുടേയും അധീനതയിൽ ആയിരുന്നു. ഇക്കാരണത്താലാണ് അറബികളും മുസ്ലീങ്ങളും പൊന്നാനി, കോഴിക്കോട് തുടങ്ങിയ വടക്കൻമലബാർ പ്രദേശത്തെ തുറമുഖങ്ങളിൽ കേന്ദ്രീകരിച്ചത്. ഇന്ത്യയിലെ കൊളോണിയലിസത്തിന്റെ ആരംഭകാലംവരെ നിലനിന്ന അറേബ്യയുമായുള്ള ഈ വാണിജ്യബന്ധം പൊന്നാനിത്തുറമുഖത്തിന്റെ പ്രശസ്തിയ്ക്ക് പ്രധാനപ്പെട്ട കാരണമായി.

പൊന്നാനിയുടെ സാമൂഹികഘടനയെ ഇന്ന് കാണുന്നവിധം രൂപപ്പെടുത്തിയതിൽ അറബികളുമായുള്ള വാണിജ്യബന്ധത്തിന് പങ്കുണ്ട്. സുഗന്ധ വ്യഞ്ജനങ്ങളുടെ കച്ചവടത്തിനായി പൊന്നാനിയിൽ എത്തിയിരുന്ന അറബികളിൽ പലരും പൊന്നാനി പ്രദേശത്തെ പ്രമുഖകുടുംബങ്ങളുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടിരുന്നു. മറ്റുരാജ്യങ്ങളിൽപോയി തുടർച്ചയായി താമസിയ്ക്കേണ്ടി വരുന്നവർ അവിടങ്ങളിൽ വിവാഹബന്ധത്തിൽ ഏർപ്പെടുന്നത് അക്കാലത്ത് പതിവായിരുന്നു. അറബികളെ സംബന്ധിച്ച് കച്ചവടച്ചരക്കുകൾ സുരക്ഷിതമായി സൂക്ഷിയ്ക്കാൻ ഭദ്രതയുള്ള ഭവനങ്ങൾ ആവശ്യമായിരുന്നു. മൺസൂണിനവസാനം ഇവിടങ്ങളിൽ നിന്ന് സ്വദേശത്തേയ്ക്ക് പോകുന്ന അറബികൾ അടുത്ത വർഷം ഇതേ ഭവനങ്ങളിലേയ്ക്ക് തിരികെയെത്തുകയും ചെയ്തിരുന്നു(അഷ്റഫ്, 2018:77-78). സാമൂതിരിയുടെ ഭരണകാലത്തും പൊന്നാനിത്തുറമുഖത്തിന്റെ കുത്തക അറബികൾക്ക് തന്നെയായിരുന്നു. തുറമുഖ വ്യാപാരവുമായി ബന്ധപ്പെട്ട ചുമതലകളും മേൽനോട്ടങ്ങളും സാമൂതിരി ഏൽപ്പിച്ചിരുന്നതും മുസ്ലീം പ്രജകളെയായിരുന്നു.

മുകളിൽ പറഞ്ഞ കാരണങ്ങൾക്ക് ഉപരിയായി പൊന്നാനിത്തുറമുഖത്തെ പ്രസിദ്ധമാക്കിയ മറ്റൊരു ഘടകം പൊന്നാനിയുമായി സാമൂതിരിയ്ക്കുണ്ടായിരുന്ന ബന്ധങ്ങളാണ്. സാമൂതിരിവാഴ്ചയുടെ ഉയർച്ചതാഴ്ചകൾക്കും, സ്വദേശീയരും വൈദേശികരുമായി സാമൂതിരി നടത്തിയ അനവധിയുദ്ധങ്ങൾക്കും മധ്യകാലഘട്ടത്തിൽ ഈ തുറമുഖം സാക്ഷ്യം വഹിച്ചു.

**2.2 തിണ്ടിസ് എന്ന തൊണ്ടിപ്പട്ടണം**

മലബാർതീരവും വിദേശരാജ്യങ്ങളും തമ്മിലുള്ള സമുദ്രാന്തര വാണിജ്യം ആരംഭിയ്ക്കുന്ന കാലംമുതൽക്കേ കേരളത്തിലെ പ്രധാനപ്പെട്ട തുറമുഖകച്ചവട കേന്ദ്രങ്ങളിൽ ഒന്നായിരുന്നു പൊന്നാനി. ആദ്യകാല റോമൻ, യവന രേഖകളിലെ തിണ്ടിസ് എന്ന തുറമുഖവും സംഘകാലകൃതികളിലെ തൊണ്ടിയെന്ന വാണിജ്യ നഗരവും പൊന്നാനിയാണെന്നാണ് വിശ്വസിയ്ക്കുന്നത്.

സംഘകാല കൃതികളിലെ സ്ഥലനാമങ്ങൾവെച്ച് ആധുനികകാലത്തെ സ്ഥലനിർണ്ണയം നടത്തുന്നത് തീർത്തും അസാധ്യമാണ്. വൈദേശിക സഞ്ചാരികളുടെ യാത്രാക്കുറിപ്പുകളിൽ നിന്നു ലഭിയ്ക്കുന്ന വിവരങ്ങളും ഭൂപടങ്ങളിൽ നിന്നു ലഭിയ്ക്കുന്ന വിവരങ്ങളും സംഘകാലകൃതികളിലെ ഭൂവിവരണങ്ങളും പിൽക്കാലഖനനങ്ങളിൽ നിന്ന് ലഭ്യമായ ചുരുക്കം തെളിവുകളും കൂട്ടിച്ചേർത്തുക്കൊണ്ടാണ് ആധുനികകാലത്ത് സ്ഥലനിർണ്ണയം സാധ്യമാവുന്നത്.

സംഘകാലത്ത് ചേരനാട് എന്ന് വിളിച്ചിരുന്ന പ്രദേശത്തായിരുന്നു ഇന്നത്തെ കേരളത്തിന്റെ അതിർത്തിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങൾ നിന്നിരുന്നത്. വേണാട്, കർക്കാനാട്, കുട്ടനാട്, പൂഴിനാട്, കുടനാട് എന്നിവയായിരുന്നു ഇവിടത്തെ ദേശങ്ങൾ. വിഴിഞ്ഞത്തിന് കുറേ വടക്കുമുതൽ കൊല്ലത്തിന് വടക്ക് വരെയുള്ള സ്ഥലം കർക്കാനാട്. കൊല്ലത്തിന് വടക്ക് കായലും പള്ളങ്ങളും ചേർന്ന സ്ഥലം കുട്ടനാട്. തൃശ്ശൂർ ജില്ലയും തെക്കേ മലബാറും കുടനാട്. ആദ്യകാലത്ത് കുട്ടനാടും കുടനാടും മാത്രമായി ഒതുങ്ങിനിന്നിരുന്നു ചേരരാജ്യം. അക്കാലം മുതൽക്കേ പൊന്നാനി ചേരരാജ്യത്തിന്റെ ഭാഗമായിരുന്നുവെന്ന് യവന സഞ്ചാരികളുടെ കുറിപ്പുകളിൽ കാണാം.

**2.2.1 യവന സഞ്ചാരികളുടെ തിണ്ടിസ്**

കേരളത്തിലെ തുറമുഖങ്ങളെക്കുറിച്ചും അവയുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകളെക്കുറിച്ചുമുള്ള ആദ്യകാല രേഖകൾ ലഭിയ്ക്കുന്നത് റോമൻ-യവന സഞ്ചാരികളുടെ കുറിപ്പുകളിൽ നിന്നാണ്. ഏ.ഡി. ആദ്യനൂറ്റാണ്ടിൽ എഴുതപ്പെട്ടതെന്ന് വിശ്വസിയ്ക്കുന്ന 'എരീത്രിയൻ കടലിലൂടെ ഒരു കപ്പൽ യാത്ര' ('Periplus of the Erithrean

Sea') എന്ന ഗ്രീക്ക്നാവികന്റെ യാത്രാവിവരണത്തിലാണ് തിണ്ടിസിനെ കുറിച്ചുള്ള ആദ്യപരാമർശം കാണുന്നത്. റോമും കേരളതീരവും തമ്മിൽ സജീവവാണിജ്യ ബന്ധമുണ്ടായിരുന്ന ആ കാലത്ത് മറ്റുനാവികർക്ക് ഉപകാരപ്രദമായ ഒരു കൈപ്പുസ്തകം എന്ന നിലയിലാണ് ഈ ഗ്രന്ഥം രചിയ്ക്കുന്നത്.

ഇതിന്റെ ഗ്രന്ഥകർത്താവ് അജ്ഞാതനാമാവാണെങ്കിലും അദ്ദേഹം നേരിൽക്കണ്ട് തയ്യാറാക്കിയതാണ് ഇതിലെ വിവരണങ്ങൾ എന്നാണ് കരുതപ്പെടുന്നത്. പെരിപ്ലസിൽ കേരളതീരത്തെ തുറമുഖങ്ങളെക്കുറിച്ച് ഇപ്രകാരം വിവരിക്കുന്നു.

"നൗറയും തിണ്ടിസും ലുമരിക്കയിലെ വിശേഷപ്പെട്ട തുറമുഖങ്ങളാണ്. അവ കടന്നുവേണം രാജസ്ഥാനമായ മുസിരിസ്സിലും നെൽകിണ്ടയിലും എത്താൻ. തിണ്ടിസ് കടൽവക്കത്തുള്ള സ്ഥലമാണ്. ഇതു കേരോബോത്രാസിന്റെ രാജ്യത്തു സ്ഥിതിചെയ്യുന്നു. മുസിരിസ്സ് സമ്പൽസമൃദ്ധമായ ഒരു നഗരമത്രേ. ആരിക്കയിലും (അറേബ്യ) ഗ്രീസിലുംനിന്നുള്ള കപ്പൽക്കച്ചവടക്കാരെക്കൊണ്ട് അവിടെ നിറഞ്ഞിരിയ്ക്കും. മുസിരിസ്സ് നഗരം പുഴവക്കത്താണ്. അഴിമുഖത്തു നിന്ന് ഇരുപത് സ്റ്റേഡിയായും തിണ്ടിസിൽനിന്ന് അഞ്ഞൂറ് സ്റ്റേഡിയായും ദൂരം വരും.[6] മുസിരിസ്സിൽ നിന്നു കടൽവഴിയോ കായൽവഴിയോ അഞ്ഞൂറ്സ്റ്റേഡിയ ദൂരമുണ്ട് നെൽകിണ്ടയിലേയ്ക്ക്. അത് മറ്റൊരു രാജ്യമായ പാണ്ഡ്യന്റെ രാജ്യത്താണ്" (പി.കെ.പത്മനാഭൻ നായർ, 1982:23).

മുസിരിസ്സിൽനിന്ന് വടക്കുള്ള തിണ്ടിസിലേയ്ക്കും തെക്കുള്ള നെൽക്കിണ്ടയിലേയ്ക്കും അഞ്ഞൂറ് സ്റ്റേഡിയ (92കി.മി.) ദൂരമുണ്ടെന്നാണ് പെരിപ്ലസ്സിൽ പറയുന്നത്. മുസിരിസ്സ് ഇന്നത്തെ കൊടുങ്ങല്ലൂരാണെന്ന അനുമാനത്തിലാണ് മറ്റു തുറമുഖങ്ങളുടെ സ്ഥാനനിർണ്ണയം ചരിത്രകാരൻമാർ നടത്തുന്നത്. ഈ അനുമാനം ശരിയാണെങ്കിൽ തിണ്ടിസ് പൊന്നാനിയാകാനാണ് സാധ്യത. കടൽവഴിയും പുഴവഴിയുമുള്ള തിണ്ടിസിന്റെ യാത്രാ സാധ്യതകളെ പെരിപ്ലസിൽ വിശദീകരിയ്ക്കുന്നുണ്ട്. ഒരേസമയം ഒരു തുറമുഖനഗരവും പുഴയുടെ അഴിമുഖവുമെന്ന തരത്തിലുള്ള തിണ്ടിസിന്റെ ഭൂമിശാസ്ത്രവിവരണങ്ങൾ പൊന്നാനിയ്ക്കനുയോജ്യമാണ്. നൗറ, തിണ്ടിസ്, മുസിരിസ്സ് എന്നീ തുറമുഖങ്ങൾ കേരോബോത്രാസിന്റെ രാജ്യമായ

ലമരിക്കയിലാണെന്ന് പെരിപ്ലസിൽ പറയുന്നുണ്ട്. ലമരിക്ക തമിഴകമാണെന്നും, കേരോബോത്രാസ് അശോകന്റെ ശാസനങ്ങളിൽ കാണുന്ന കേരളപുത്രനും സംഘകൃതികളിലെ ചേരനുമാണെന്ന് അനുമാനിക്കാം. നൗറ കണ്ണൂരാണെന്നും, തിണ്ടിസ് പൊന്നാനിയാണെന്നും മുസിരിസ്സ് കൊടുങ്ങല്ലൂരാണെന്നും നെൽക്കിണ്ട കൊല്ലത്തിനടുത്താണെന്നും ദക്ഷിണേന്ത്യയുടെ ചരിത്രരചന നടത്തിയ നീലകണ്ഠശാസ്ത്രികൾ അനുമാനിയ്ക്കുന്നു (നീലകണ്ഠശാസ്ത്രികൾ, 1975:153).

കേരളത്തിലെ തീരങ്ങളെക്കുറിച്ചും തുറമുഖങ്ങളെക്കുറിച്ചുമുള്ള പരാമർശങ്ങൾ ഉള്ള മറ്റൊരു ഗ്രന്ഥം ഏ.ഡി. രണ്ടാം നൂറ്റാണ്ടിലെ ടോളമിയുടെ ഭൂമിശാസ്ത്രമാണ്. കടൽക്കള്ളന്മാരുടെ രാജ്യത്തിന്റെ തെക്കേ അതിർത്തി മുതൽക്ക് കേരോബോത്രാസിന്റെ രാജ്യമായ ലമരിക്കയാണ്.[7] തിണ്ടിസ് മുതൽ ബക്കരെ വരെ നീണ്ടുകിടക്കുന്നതാണ് ഈ രാജ്യം. തിണ്ടിസ്, ബ്രഹ്മകര, കറലൈ, കരിയാസ്, മുസ്സിരിസ്സ്, സുഭോസ്തോമോസ് നദീമുഖത്തുള്ള തുറമുഖം, പോതോപേരൂർ, ഷെംനെ, കോരൈയൂര, ബക്കരെ എന്നിവയാണ് കേരോബോത്രാസിന്റെ രാജ്യത്തെ കടലോര നഗരങ്ങളായി ടോളമി പറഞ്ഞിരിയ്ക്കുന്നത് (വേലായുധൻ പണിക്കശ്ശേരി, 1984:45,46).

ടോളമിയുടെ ഭൂമിശാസ്ത്രത്തിൽ സ്ഥലപരമായ ഒരുപാട് പിശകുകൾ ഉണ്ടെന്ന് നീലകണ്ഠശാസ്ത്രി പറയുന്നുണ്ട്.[8] പെരിപ്ലസിന്റെ കർത്താവിൽ നിന്ന് വ്യത്യസ്തമായി നേരിട്ടുള്ളനിരീക്ഷണങ്ങൾക്ക് പകരം സഞ്ചാരികളായ വ്യാപാരികളിൽ നിന്ന് കേട്ടറിഞ്ഞ വിവരങ്ങൾവെച്ച് രൂപപ്പെടുത്തിയതാണ് ടോളമിയുടെ ഭൂമിശാസ്ത്രം എന്നതിനാലാകാം ഇത്തരം പിഴവുകൾ.

ടോളമിയുടെ ഭൂമിശാസ്ത്രത്തിൽ പറയുന്ന ബ്രഹ്മകര എന്ന പ്രദേശം പൊന്നാനിപ്പുഴയുടെ തീരത്തുള്ള തിരുന്നാവായ ആകാമെന്ന് വേലായുധൻ പണിക്കശ്ശേരി പറയുന്നുണ്ട്. ദക്ഷിണേന്ത്യയിലെ ഒരേയൊരു ബ്രഹ്മക്ഷേത്രം തിരുന്നാവായയിൽ ആയിരുന്നെന്നും ഇതിൽ നിന്നാകാം തിരുന്നാവായയ്ക്ക് ബ്രഹ്മകര എന്ന പേര് ലഭിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു(വേലായുധൻ പണിക്കശ്ശേരി, 1984:46). തിണ്ടിസിൽ എത്തുന്ന ചെറുകപ്പലുകൾ പൊന്നാനിപ്പുഴ വഴി ബ്രഹ്മകരവരെ

പോയിരുന്നുവെന്ന നിരീക്ഷണം തിണ്ടിസ് പൊന്നാനിയാണെന്ന അനുമാനം ശരിവെയ്ക്കുന്നു.

കേരള-ഗ്രീക്ക്-റോമൻ ബന്ധങ്ങളെക്കുറിച്ചുള്ള മറ്റൊരു പ്രാചീന രേഖയാണ് പ്യൂറ്റിംഗർ ടേബിൾ. റോമൻ കച്ചവടക്കാർ ഉപയോഗിച്ചിരുന്ന റോഡ് മേപ്പാണ് പ്യൂറ്റിംഗർ ടേബിൾ. ഏ.ഡി. നാലാം നൂറ്റാണ്ടിൽ നിർമ്മിച്ച ഇതിൽ രണ്ടാംനൂറ്റാണ്ടിലേത് മുതലുള്ള വിവരങ്ങൾ അടങ്ങിയിട്ടുണ്ടെന്നാണ് കരുതുന്നത്. ഗ്രീക്കുകാരും റോമക്കാരും കേരളത്തിൽ സ്ഥിരമായി താമസിച്ചിരുന്നുവെന്ന് മനസ്സിലാക്കാവുന്ന സൂചനകൾ പ്യൂറ്റിംഗർ ടേബിളിലുണ്ട്. തിണ്ടിസ്, മുസിരിസ്സ് എന്നീ സ്ഥലനാമങ്ങൾക്ക് പുറമേ ബ്ലിങ്ക,കൊട്ടിയാര എന്നീ ചില സ്ഥലങ്ങൾ കൂടി ഇതിൽ കാണിച്ചിട്ടുണ്ട്. ദിമിരികെ എന്നെഴുതിയ വലിയ ഭാഗത്തിലാണ് ഇവയെല്ലാം(ആദർശ് സി, 2013:63).

പിന്നീടങ്ങോട്ടുള്ള നൂറ്റാണ്ടുകളിൽ തിണ്ടിസിനെ കുറിച്ചുള്ള പരാമർശങ്ങൾ കാണാനില്ല. എന്നാൽ സമാനമായ കാലഘട്ടത്തിൽ രചിയ്ക്കപ്പെട്ട സംഘംകൃതികളിൽ തൊണ്ടി എന്നു പേരായ ഒരു കടലോരപ്പട്ടണത്തെക്കുറിച്ച് പരാമർശമുണ്ട്. സംഘം കൃതികളിലെ തൊണ്ടി യവനരുടെ കുറിപ്പുകളിലെ തിണ്ടിസ് തന്നെയാകാനാണ് സാധ്യത.

### 2.2.2 സംഘംകൃതികളിലെ തൊണ്ടിപ്പട്ടണം

ഏ.ഡി. ആദ്യനൂറ്റാണ്ടുകളിൽ ദക്ഷിണേന്ത്യ കേന്ദ്രമാക്കി രചിച്ച സാഹിത്യ കൃതികളാണ് സംഘംകൃതികൾ. അകനാനൂറ്, പുറനാനൂറ്, കുറുന്തൊകൈ, പതിറ്റുപത്ത് എന്നിവയാണ് പ്രസിദ്ധമായ സംഘംകൃതികൾ. ഇവയുടെ പശ്ചാത്തലം പൊതുവെ തമിഴകമാണെന്ന് പറയുമ്പോഴും കേരളത്തിലെ പ്രദേശങ്ങളെക്കുറിച്ചും നിരവധി പരാമർങ്ങൾ സംഘംസാഹിത്യത്തിലുണ്ട്.

വിദേശസഞ്ചാരികളുടെ കുറിപ്പുകളിൽ നിന്നും വ്യത്യസ്തമായി സ്വന്തം നാട് എന്നനിലയ്ക്കാണ് സംഘംകൃതികളിൽ തൊണ്ടിയടക്കമുള്ള പട്ടണങ്ങളെല്ലാം പ്രത്യക്ഷപ്പെടുന്നത്. അതുകൊണ്ട് തന്നെ മറ്റു സ്ഥലങ്ങളുമായുള്ള ദൂരമോ, ഭൂമിശാസ്ത്രപരമായ കിടപ്പോ അല്ല, മറിച്ച് അവിടത്തെ ജനജീവിതവും, വ്യാപാരങ്ങളും

അതിനെക്കുറിച്ചുള്ള വർണ്ണനകളുമാണ് സംഘംകൃതികളിൽ കാണാനാവുക. അകനാനൂറ്, പുറനാനൂറ്, കുറുന്തൊകൈ എന്നീ സംഘം കൃതികളിൽ ചേരരാജ്യത്തെ പ്രധാനപട്ടണം എന്ന രീതിയിൽ തൊണ്ടിയെക്കുറിച്ച് പരാമർശമുണ്ട്. സംഘം കൃതികളിൽ തൊണ്ടിയെ ചേരന്റെ ഐശ്വര്യപൂർണ്ണമായ പട്ടണമായി വിശേഷിപ്പിയ്ക്കുന്ന നിരവധി സന്ദർഭങ്ങൾ കാണാൻ കഴിയും. അത്തരത്തിലുള്ള പരാമർശങ്ങളിലൊന്ന് അകനാനൂറിലെ അമ്മൂവനാറിന്റെ നെയ്തൻ പാട്ടിലേതാണ് (അകം പത്ത്).[9]

> “.......പെരുമവുരിതിനിർ
> കൊണ്ടാങ്കുപ്പെയർതൽവേണ്ടുകൊണ്ടലൊടു
> കൂരൂഉത്തിരൈപ്പുണരിയുടൈതരുമെക്കർ
> പ്പഴന്തിമിൽ കൊന്റപുരുവലൈപ്പരതവർ
> മോട്ടുമണലടൈകരൈക്കോട്ടുമീൻ കൊണ്ടി
> മണകമഴ്പാക്കത്തുപ്പകുക്കും
> വളകെഴുതൊണ്ടിയന്നവിവണലവനേ”

പി. വിശ്വനാഥമേനോൻ ഈ പാട്ടിനെ ഇപ്രകാരം വ്യാഖ്യാനിക്കുന്നു. “അല്ലയോ മഹാത്മാവേ, കിഴക്കൻ കാറ്റിനാൽ തള്ളിനീക്കപ്പെടുന്ന നിറമേറിയ തിരമാലകളോട് കൂടിയ കടൽ കുത്തിയിടിക്കുന്ന മണൽതിട്ടിലേ മണൽ തങ്ങളുടെ പഴയതോണിയെ നശിപ്പിച്ചത് കാരണം – പുതിയ വലകൾ ഉണ്ടായിരുന്നിട്ടും മുക്കുവൻമാർ മീൻ പിടിക്കാൻ കടലിൽ ചെല്ലാതെ –അടിഞ്ഞുകയറിയ മണലുണ്ടാക്കിയ കരയിൽ തനിയേവന്നകപ്പെട്ട ധാരാളം സ്രാമീൻ പിടിച്ചുകൊണ്ട് വന്നു –പൂമണം വീശുന്ന ഭാഗത്ത് അവിടത്തുകാർക്ക് പങ്കുവെച്ച് കൊടുക്കുന്നതിന് കാരണമായ – ശ്രീ തിങ്ങിയ തൊണ്ടിപ്പട്ടണം പോലെയുള്ള അവളുടെ ലാവണ്യം അവൾക്ക് സ്വന്തമായിരിക്കത്തക്ക വണ്ണം അവളേയും കൂട്ടിക്കൊണ്ട് നീ നിന്റെ നാട്ടിലേക്ക് പോകണം”(ആദർശ് സി, 2013:63).

സംഘകാലത്തെ തൊണ്ടിപ്പട്ടണത്തിന്റെ പ്രശസ്തിയും അവിടത്തെ ജനജീവിതത്തേയും, അവരുടെ ഉപജീവനത്തേയും കുറിച്ചുള്ള വിവരണങ്ങളും ഈ പാട്ടിൽ കാണാം. മത്സ്യബന്ധനം പ്രധാന ഉപജീവനമാർഗമാക്കിയിട്ടുള്ള ഒരു ജനതയെക്കുറിച്ചാണ് ഈ പാട്ടിൽ പരാമർശിയ്ക്കുന്നത്. വലിയ തോതിലുള്ള

വൈദേശിക ബന്ധമോ വാണിജ്യ പ്രാധാന്യമോ ഉള്ള നഗരമായി ഇവിടെ തൊണ്ടിയെ വിശേഷിപ്പിച്ചു കാണുന്നില്ല. കുടവായിർ കീരത്തിനാർ രചിച്ച മറ്റൊരു നെയ്തൻ പാട്ടിലും സമാനമായ പരാമർശം കാണാം.

"പെരുങ്കുടർപരപ്പാമേയിറാൽനങ്
ക്കൊടുന്തോഴിൽ മുകന്ത ചെങ്കോൽ അവ്വലൈ
നെടുന്തിമിൽ തൊഴിലൊടു വൈകിയ തന്തൈക്കു
ഉപ്പുനോടൈ നെല്ലിൻ മൂരൽ വെൺചോറു
അയിലൈതുഴന്തഅംപുളിച്ചൊരിന്തു
കൊഴുമീൻ തടിയൊടുകുറുമകൾ കൊടുക്കും
തിൺടേർപ്പൊറൈയൻ തൊണ്ടി അന്ന എം
ഒൺടൊടിഞെമുക്കാതീമോ തെയ്യ"

"നായകൻ കേട്ടുകൊണ്ടാലും, വലിയ കടൽപരപ്പിലൂടെ ചെന്ന് അവിടെ ജീവിക്കുന്ന ഇറാമീനുകൾ തുടിക്കുമാറ് ക്രൂരപ്രവൃത്തി ചെയ്ത് കൈവശപ്പെടുത്തുന്നതിനുള്ള ഉപകരണമായ ചുവന്ന കോലുകളോട് കൂടി നീണ്ട തോണിയിൽ മീൻ പിടുത്തത്തിന് മനസ്സുവെച്ച് കഴിച്ചു കൂട്ടിയ കടലോരവാസിയായ തന്റെ പിതാവിന് അവന്റെ മകളായ പെൺകിടാവ് ഉപ്പിന് വിലയായി കിട്ടിയ നെല്ലിന്റെ അരികൊണ്ട് പാകം ചെയ്ത വെളുത്ത നെല്ലരി ചോറിന് മീതെ അയില മീനിട്ട് നെയ്തുപ്പ് ചേർത്ത് പാകം ചെയ്ത നേത്രാനന്ദകരമായ പുളിങ്കറിയൊഴിച്ച് കൊഴുപ്പുള്ള ഉണക്കമീൻ പൊരിച്ച കറിയോട് കൂടി ഉണ്ണുവാൻ കൊടുക്കുന്ന സ്ഥലമായ ബലിഷ്ഠമായ തേരോട് കൂടിയ ചേരരാജാവിന്റെ തൊണ്ടിപ്പട്ടണം പോലെ ഇരിക്കുന്ന എന്റെ ഇഷ്ടതോഴിയായ ഒളി തിരളുന്ന വളകളണിഞ്ഞവളെ നീ ഇമ്മാതിരി പകൽ സങ്കേതസ്ഥാനത്ത് അടിക്കടി വന്ന് വേദനിപ്പിക്കരുത് കേട്ടോ(പി.വിശ്വനാഥമേനോൻ, 1981:60-62).

ഇവിടേയും തൊണ്ടിപ്പട്ടണത്തിലെ ജനങ്ങളുടെ കടലോരജീവിതത്തേയും മത്സ്യബന്ധനവുമായി ബന്ധപ്പെട്ടു കിടക്കുന്ന അവരുടെ ജീവിതരീതിയും കാണാൻ കഴിയും. ഉപ്പിന് വിലയായി കിട്ടിയ നെല്ലുകൊണ്ടുണ്ടാക്കിയ അരി എന്ന പ്രയോഗം

അന്നത്തെ വിനിമയബന്ധങ്ങളെ സൂചിപ്പിയ്ക്കുന്നുണ്ട്. കടലോരവാസിയായ അച്ഛൻ മത്സ്യബന്ധനത്തിന് കടലിൽ പോകുന്നുവെന്നതും കരയിലുള്ള മകൾ ഉപ്പുകുറുക്കി കൈമാറ്റം നടത്തുന്നുവെന്നതും ഇവിടെ വ്യക്തമാണ്. ബലിഷ്ഠനായ ചേരരാജാവിന്റെ തൊണ്ടിപ്പട്ടണം എന്ന പ്രയോഗം ചേരരാജ്യത്തിലെ പ്രധാനനഗരങ്ങളിലൊന്നായിരുന്നു തൊണ്ടിയെന്ന് സൂചിപ്പിയ്ക്കുന്നു. സംഘകാലത്തെ ജനങ്ങളുടെ ജീവിത രീതികൾക്ക് കൂടുതൽ പ്രാധാന്യം നൽകിയ അകംപാട്ടുകളിൽ നിന്നും വ്യത്യസ്തമായി തൊണ്ടിപ്പട്ടണം ഭരണപരമായി ചേരരാജാവിന് എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് പുറംപാട്ടുകളിൽ കാണാനാകും. പുറനാനൂറിലെ പുറം പതിനേഴിൽ പാണ്ഡ്യരാജാവിന്റെ കാരാഗൃഹത്തിൽനിന്ന് രക്ഷപ്പെട്ട് സിംഹാസനസ്ഥനാകുന്ന ചേരരാജാവിനെ പ്രകീർത്തിച്ചുകൊണ്ട് കുറുംകൊഴിയൂർ കിഴാർ പാടിയ പാട്ട് (പുറം 17) ഇതിന് ഉദാഹരണമാണ്.

“കുലൈയിറഞ്ചിയകോട്ടാഴൈ
അകൽവയൻ മലൈ വേലി
നിലവുമണൽ വിയൻകാനറ്
റെൺകഴിമിചൈച്ചുടർപ്പൂവിൻ
തണ്ടൊണ്ടിയോടടുപൊരുന
മാപ്പയമ്പിൻ പൊറൈപോറ്റാതു...”

“കുലതാഴ്ന്ന തെങ്ങും വിശാലമായ വയലും വലയാകുന്ന വേലിയും നിലാവ് പോലെ വെൺമണലും വിസ്തൃതമായ കടൽക്കരയും തെളിഞ്ഞ കായലിൽ തീപോലെ തോന്നിക്കുന്ന പൂവുമുള്ള ശീതളമായ തൊണ്ടിനാട്ടുകാരുടെ ശത്രുസംഹാരകനായ രാജാവേ...” (വി.ആർ.പരമേശ്വരൻപിള്ള, 1969:26).

ഈ പാട്ടിൽ തൊണ്ടിപ്പട്ടണത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ചേരരാജ്യത്തിനകത്ത് അതിനുള്ള പ്രാധാന്യവും ദൃശ്യമാണ്. തൊണ്ടിപ്പട്ടണത്തെ രാജവംശത്തിന്റെ പ്രധാനതുറമുഖമായി കാണിക്കുന്ന വരികൾ ചിലപ്പതികാരത്തിലും ദൃശ്യമാണ്.

"...ഓങ്കിരുംപരപ്പിൻ

പങ്ക വീട്ടത്തുത്തൊണ്ടായോ വിട്ടു

വകിലുന്തുകിലുംമാരമുംവാചവും

തൊകുകുരുപ്പുരമുംചുമന്തിടൻവന്ത

കൊണ്ടലൂലൊടുപുകത്തുകോമകമൻ കൂടൽ

വെങ്കനെടുപോൾ വിൽവിഴാക്കാണും

പകുനിമുയക്കത്തുപ്പനിയരചിയാണ്ടു ഇൻ" (ഇളങ്കോവടികൾ, 1989:344)

ചിലപ്പതികാരം മധുരകാണ്ഡത്തിലെ നഗരദർശന ഗാഥയിലുള്ള ഈ വരികൾ എസ്. രമേശൻ നായർ ഇങ്ങനെ വിവർത്തനം ചെയ്തിരിക്കുന്നു.

"വിസ്താരമേറും കടലിൽ നിരന്നു

നിൽക്കുന്ന തോണികളോരോന്നിലുംതാ

തൊണ്ടിയിൽ വാഴുമണ്ഡലനാഥർ

കൊണ്ടു കുമിക്കുന്ന കപ്പങ്ങളല്ലോ

പട്ടുകൾ ചന്ദനം കർപ്പൂരം പിന്നെ

ഗന്ധം ചുരത്തുമിനങ്ങളകിലും

പാരംപരിമളഭാരം ചുമന്നു

നേരിട്ടകമ്പടിക്കെത്തുംസമീരൻ

പിന്നാലെയാഹാ, ശിശിരമാം മന്നൻ

ഫാൽഗുനമാസംവരേക്കുമിങ്ങല്ലോ

പാണ്ഡ്യൻ ഭരിക്കും മധുരാപുരിയിൽ

കാമോത്സവം കണ്ടു മന്നൻ കുളിർക്കും

വേറേതു നാട്ടിൽ തവണ വിടാതെ

ആ നരപാലൻ വിരുന്നു വരുന്നൂ" (എസ്. രമേശൻനായർ, 1992:238)

ചേരവംശത്തിന്റെ ഒരു ശാഖ തൊണ്ടിയിൽ താമസിച്ചിരുന്നുവെന്നത് ഈ വരികളിൽ നിന്നും ദൃശ്യമാണ്. തൊണ്ടിയിൽ നിന്ന് മധുരയിലേയ്ക്ക് സമുദ്രയാത്ര നടത്തുന്നതും

യാത്രയിൽ സുഗന്ധവ്യഞ്ജനങ്ങൾ, ചന്ദനം, പട്ട് തുടങ്ങിയവ കൊണ്ടുപോയിരുന്നതും ഇവിടെകാണാം.

ചിലപ്പതികാരത്തിന്റെ കാലഗണന അഞ്ച് മുതൽ എട്ടാം നൂറ്റാണ്ട് വരെയാണെന്ന് നിർണയിയ്ക്കപ്പെട്ടിട്ടുണ്ട്. ചേരൻ ചെങ്കുട്ടുവന്റെ കണ്ണകി പ്രതിഷ്ഠയ്ക്ക് സിലോൺരാജാവായ ഗജബാഹു സന്നിഹിതനായിരുന്നു എന്ന കഥയെ ആസ്പദമാക്കിയാണ് ചിലപ്പതികാരത്തിന്റെ കാലം നിർണയിയ്ക്കപ്പെട്ടിട്ടുള്ളത്. ഭാഷാപരവും സംസ്ക്കാരികവുമായ തെളിവുകൾ വെച്ച് നോക്കുമ്പോഴും സംഘം കൃതികൾക്ക് ശേഷം ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞേ ചിലപ്പതികാരം രചിയ്ക്കപ്പെടാൻ വഴിയുള്ളൂ.

ഒന്ന്, രണ്ട് നൂറ്റാണ്ടുകളിൽ രചിയ്ക്കപ്പെട്ട അകം, പുറം പാട്ടുകളിൽ തുറമുഖമായും കടലോര നഗരമായുമാണ് തൊണ്ടിപ്പട്ടണം പ്രത്യക്ഷപ്പെടുന്നത്. ചിലപ്പതികാരത്തിന്റെ കാലമാവുമ്പോഴേയ്ക്കും ചേരവംശത്തിന്റെ ഒരുശാഖ താമസിക്കുന്ന സ്ഥലമായും, കൂടുതൽ വാണിജ്യപ്രാധാന്യമുള്ള ഒരു പട്ടണമായും തൊണ്ടിപ്പട്ടണം വികസിയ്ക്കുന്നത് കാണാം. എന്നാൽ ചിലപ്പതികാരത്തിന് ശേഷമുള്ള സംഘകാവ്യങ്ങളിലും, പില്ക്കാലത്ത്വന്ന സഞ്ചാരികളുടെ കുറിപ്പുകളിലും തൊണ്ടി, അല്ലെങ്കിൽ തിണ്ടിസ് പട്ടണത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാനില്ല. ദീർഘകാലത്തെ വിദേശവാണിജ്യബന്ധം ശരിവെയ്ക്കുന്ന ഉത്ഖനനങ്ങളും ഇവിടങ്ങളിൽ നടന്നിട്ടില്ല.

**2.2.3 തിണ്ടിസ് പൊന്നാനിയോ പന്തലായിനിയോ?**

അഞ്ച്, ആറ് നൂറ്റാണ്ടുകളിൽ സംഭവിച്ച റോമൻസാമ്രാജ്യത്തിന്റെ പതനത്തെ തുടർന്ന് പാശ്ചാത്യ-പൗരസ്ത്യ വ്യാപാരത്തിൽ ഉണ്ടായേക്കാനിടയുള്ള ഇടിവ് ആയിരിയ്ക്കാം തൊണ്ടിപ്പട്ടണത്തിന്റെ ക്ഷയത്തിന് കാരണമായതെന്ന്എം.ജി.എസ്. നാരായണൻ നിരീക്ഷിയ്ക്കുന്നുണ്ട്(MGS Narayanan, 2013:89). ഇതേ കാലഘട്ടത്തിൽ കേരളത്തിന്റെ ഭൂമിശാസ്ത്രത്തിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചുവെന്നും ചരിത്രകാരൻമാർ വിശ്വസിയ്ക്കുന്നു. മുസിരിസ്സിന്റെ പ്രധാന്യം കുറയുന്നതും കൊച്ചിതുറമുഖം പ്രത്യക്ഷപ്പെടുന്നതും കേരളത്തിലെ പല പുഴകളും ഇന്ന് കാണുന്ന

സഞ്ചാരപാതകൾ സ്വീകരിയ്ക്കുന്നതും ഈ കാലഘട്ടത്തിലാണ്. പൊന്നാനി തുറമുഖത്തിന്റെ പ്രാധാന്യം കുറയുന്നതിന് ഇത്തരം ഘടകങ്ങൾ കാരണമായിട്ടുണ്ടാകാം.

എട്ട്, പതിമൂന്ന് നൂറ്റാണ്ടുകൾക്കിടയിൽ കേരളം സന്ദർശിച്ച അറബികളുടേയോ ചീനക്കാരുടേയോ കുറിപ്പുകളിലൊന്നും തിണ്ടിസ് എന്നോ പൊന്നാനി എന്നോ ഉള്ള സ്ഥലനാമങ്ങൾ കാണാനാവുന്നില്ല. അതേ സമയം പന്തലായനി, കോഴിക്കോട്, ബേപ്പൂർ തുടങ്ങിയ സ്ഥലങ്ങൾ പരാമർശിച്ചു കാണുന്നു. ഈ സാഹചര്യത്തിലാണ് തിണ്ടിസ് പൊന്നാനിയല്ല പകരം കൊയിലാണ്ടിയ്ക്കടുത്തുള്ള പന്തലായിനിയാകാം എന്ന സംശയം ഉയർന്നുവരുന്നത്.[10] തിണ്ടിസ് കടലുണ്ടിയാണെന്ന് വില്യം ലോഗൻ പറയുന്നു. അല്ല പൊന്നാനിയാണെന്ന് നീലകണ്ഠശാസ്ത്രികളും അഭിപ്രായപ്പെടുന്നു. തൊണ്ടിക്കടുത്ത് മുത്തുവിളയുന്ന കടലോട് കൂടിയ പന്തർ എന്നു പേരായ ഊരുണ്ടായിരുന്നതായി സംഘംകൃതികളിൽ കാണുന്നു. പന്തർ പന്തലായിനിയാണെന്നും തൊണ്ടി ഇതിനടുത്താണെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. പന്തലായിനിക്കടുത്തുള്ള പള്ളിക്കര അംശത്തിൽ തൊണ്ടിയിൽ പുനത്തിൽ എന്നൊരു കുടുംബമുണ്ട്. ഇതും തൊണ്ടി പന്തലായിനിക്കടുത്താകാൻ സാധ്യത നൽകുന്നുണ്ട് (വേലായുധൻ പണിക്കശ്ശേരി, 1984:19).

പെരിപ്ലസിൽ പറയുന്ന തിണ്ടിസും കൊടുങ്ങല്ലൂരും തമ്മിലുള്ള അഞ്ഞൂറ് സ്റ്റേഡിയ എന്ന ദൂരം പന്തലായിനിയേക്കാൾ യോജിയ്ക്കുന്നത് പൊന്നാനിയ്ക്കാണ്. പൊന്നാനിയ്ക്കടുത്ത് ഈശ്വരമംഗലത്ത് നെയ്തല്ലൂർ എന്നൊരു സ്ഥലമുണ്ട്. സംഘകാലത്തെ ഉപ്പുകച്ചവടകേന്ദ്രങ്ങളായ പട്ടണങ്ങളാണ് നെയ്തല്ലൂരുകൾ. (എൻ.എം. നമ്പൂതിരി, 2018:17) സംഘം കൃതികളിലെ ഭൂമിശാസ്ത്ര വിവരണത്തിലും കടലോരപ്രദേശത്തെ നെയ്തൽ എന്നാണ് വിളിയ്ക്കുന്നത്. തൊണ്ടിയെക്കുറിച്ചുള്ള അകംപാട്ടുകളെല്ലാം നെയ്തൽപാട്ടുകളെന്ന വിഭാഗത്തിലാണ് ഉൾപ്പെട്ടിരുന്നത്. ഇത്തരം കാരണങ്ങൾ കൊണ്ടെല്ലാം തിണ്ടിസ് പൊന്നാനി തന്നെയാകാം.

എട്ട്, പതിമൂന്ന് നൂറ്റാണ്ടുകൾക്കിടയിൽ മലബാറിന്റെ വാണിജ്യഭൂപടത്തിൽ നിന്ന് പൊന്നാനി അപ്രത്യക്ഷമാകുന്നുണ്ട്. പിന്നീട് സാമൂതിരി ഭരണത്തിന്റെ വികാസത്തോടെ പൊന്നാനിത്തുറമുഖം വീണ്ടും സജീവമാകുന്നു. സാമൂതിരിയുടെ രണ്ടാം

തലസ്ഥാനമായും സൈനികാസ്ഥാനമായും നാവികാസ്ഥാനമായുമെല്ലാം പൊന്നാനിയെ ചരിത്രത്തിൽ രേഖപ്പെടുത്തുന്നു.

**2.3 സാമൂതിരിയുടെ നാവികാസ്ഥാനം**

ചേരഭരണകാലത്തെ ഏറനാട്പ്രദേശത്തിന്റെ ഭരണകർത്താക്കളായിരുന്നു നെടിയിരുപ്പ്-മുട്ടംഏറാടിമാർ. ഇവരുടെ പിന്മുറക്കാരാണ് പ്രസിദ്ധമായ സാമൂതിരിവംശം. ചേരമാൻ പെരുമാൾ രാജ്യം പകുത്ത് നൽകിയപ്പോൾ സ്വതന്ത്രരായ ഇവർ നെടിയിരിപ്പ് സ്വരൂപമെന്ന് അറിയപ്പെടുകയും തുടർന്ന് പോളനാട് കീഴടക്കി, നെടിയിരിപ്പിലെ കുടുംബ സ്ഥാനം ഉപേക്ഷിച്ച് വിക്രമപുരമെന്ന പുതിയ തലസ്ഥാനം സൃഷ്ടിയ്ക്കുകയും അവിടേയ്ക്ക് താമസം മാറുകയും ചെയ്തു. ഒരേ സമയം കോവിലും കോട്ടയുമായി പരിഗണിച്ചിരുന്ന ഈ ആസ്ഥാനമന്ദിരത്തിൽ നിന്നാണ് 'കോവിൽകോട്' എന്നും പിന്നീട് 'കോഴിക്കോട്' എന്നും സാമൂതിരിയുടെ ആസ്ഥാനത്തിന് പേരുവന്നത് (K.V. Krishna Ayyar, 1999:156).

സാമൂതിരിയുടെ വാണിജ്യപരമായ ആവശ്യങ്ങൾക്ക് ഒരു തുറമുഖം അനിവാര്യമാണെന്ന കാരണത്താലാകാം സാമൂതിരി കോഴിക്കോട് ആസ്ഥാനമാക്കുന്നത്. ഇതേകാരണത്താൽത്തന്നെയാകാം പൊന്നാനിയിലേയ്ക്ക് സാമൂതിരി നീങ്ങുന്നത് ഒപ്പം പൊന്നാനിയുടെ കാർഷികാഭിവൃദ്ധിയും അവിടത്തെ നെൽപ്പാടങ്ങളും സാമൂതിരിയെ സ്വാധീനിച്ചിട്ടുണ്ടാവാം.

**2.3.1 പൊന്നാനി കീഴടക്കൽ**

ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്തിരുന്ന പന്നിയൂർ, ചൊവ്വരം (ശുകപുരം) എന്നീ രണ്ട് ബ്രാഹ്മണഗ്രാമങ്ങളുടെ ഇടയിൽ നടന്ന കൂറുമത്സരത്തിന്റെ ഭാഗമായാണ് സാമൂതിരിയ്ക്ക് പൊന്നാനിയിലേയ്ക്കുള്ള വഴി തെളിയുന്നത്. പരശുരാമൻ കേരളത്തിൽ സ്ഥാപിച്ചുവെന്ന് പറയപ്പെടുന്ന അറുപത്തിനാല് ഗ്രാമങ്ങളിൽ രണ്ടെണ്ണമാണ് പന്നിയൂരും ശുകപുരവും. പരശുരാമനിൽ നിന്ന് ആയുധം ഉപഹാരമായി ലഭിച്ച അറുപത്തിനാലായിരം ബ്രാഹ്മണരിൽ നാലായിരം പേരും പന്നിയൂർക്കാരായിരുന്നു.

അചാരാനുഷ്ഠാനങ്ങളിലെ അപ്രമാദിത്വത്തെച്ചൊല്ലി ഇരുഗ്രാമങ്ങളും തമ്മിലുള്ള കിടമത്സരം പതിമൂന്നാം നൂറ്റാണ്ടിൽ വലിയ വഴക്കായി പരിണമിക്കുകയും അക്കാലത്തെ ദേശവാഴികളെല്ലാം ഓരോ പക്ഷങ്ങൾ പിടിച്ച് ഈ കിടമത്സരത്തിൽ പങ്കുചേരുകയും ചെയ്തു. ചൊവ്വരം ദേശത്ത് സ്ഥിതിചെയ്യുന്ന പ്രസിദ്ധമായ ദക്ഷിണാമൂർത്തി ക്ഷേത്രത്തെ ചൊല്ലി ഇരുഗ്രാമങ്ങൾക്കും ഇടയിൽ ഉണ്ടായ വഴക്കിനെത്തുടർന്ന് പന്നിയൂർ ഗ്രാമം ചൊവ്വരത്തെ ആക്രമിക്കുകയും ആറങ്ങോട്ട്, പെരുമ്പടപ്പ് സ്വരൂപങ്ങൾ ചൊവ്വരത്തോടൊപ്പം ചേർന്ന് പ്രത്യാക്രമണം നടത്തുകയും ചെയ്തു. അക്കാലത്തെ പൊന്നാനിയുടെ ഭരണാധികാരികളായിരുന്ന തിരുമനശ്ശേരി നമ്പൂതിരിമാർ പന്നിയൂർ കൂറുകാരായിരുന്നു. ഈ സാഹചര്യത്തിലാണ് തിരുമനശ്ശേരി സാമൂതിരിയുടെ സഹായം അഭ്യർത്ഥിക്കുന്നതും പ്രത്യുപകാരമായി പൊന്നാനിയുടെ അധികാരം സാമൂതിരിയ്ക്ക് നൽകുന്നതും (K.V. Krishna Ayyar, 1999:96- 99).

കിഴക്ക് പാലക്കാട് ചുരം മുതൽ പടിഞ്ഞാറ് പൊന്നാനിത്തുറമുഖം വരെ നീളുന്ന വാണിജ്യപാതയുടെ പ്രാധാന്യമാണ് തിരുമനശ്ശേരിയിൽ നിന്ന് പൊന്നാനിയും വള്ളുവക്കോനാതിരിയിൽ നിന്ന് വള്ളുവനാടും പിടിച്ചടക്കാൻ സാമൂതിരിയെ പ്രേരിപ്പിച്ച പ്രധാന സംഗതി. മാമാങ്കം രേഖകൾ പരിശോധിച്ചുകൊണ്ട് എൻ എം നമ്പൂതിരി ഇത് വിശകലനം ചെയ്യുന്നുണ്ട്.

"സാമൂതിരി വള്ളുവനാടു പിടിച്ചടക്കി കരിമ്പുഴയിൽ ഇളയരാജാവിനൊരാസ്ഥാനം പണിതു താമസിപ്പിച്ചു. അതിനുകിഴക്ക് മുഖ്യവനമേഖലകളിൽ പാലക്കാട് ചുരത്തിനടുത്ത് കുതിരവട്ടത്ത് നായരെ സ്ഥാനിയായി വാഴിച്ചു. കരിമ്പുഴക്ക് തെക്ക് നിളാതീരത്ത് പട്ടാമ്പിയിൽ പുതുശ്ശേരിതമ്പിയെയും തറക്കൽ മേനോനെയും അതിന് പടിഞ്ഞാറ് രായിരനെല്ലൂരിൽ പാറനമ്പിയെയും തമ്മെപണിക്കരെയും നമ്പിയെയും വാഴിച്ചു. പട്ടാമ്പിക്കു പടിഞ്ഞാറ് കൊടിക്കുന്നിനും പടിഞ്ഞാറ് വെട്ടത്തു രാജാവിന് അരിയിട്ടുവാഴ്ച നടത്തുന്നതിനുള്ള അധികാരവും സ്വന്തമാക്കി. അവരുടെ കളരി സംഘമായ വല്ലട്ടാവഴിസ്ഥാനിയെ തുറഅധികാരവും സർവ്വാധികാരവുമൊക്കെ നൽകി സ്വപക്ഷത്തു നിർത്തി. ഇങ്ങനെ പൊന്നാനിത്തുറ മുതൽ പാലക്കാടുചുരം വരെ പുഴയ്ക്ക്

വടക്കേക്കര സ്വന്തം പിടിയിൽ ഒതുക്കി" (എൻ.എം. നമ്പൂതിരി, 2018:15). അരിയിട്ടുവാഴ്ച കഴിഞ്ഞ് കൊടിക്കുന്നിൽ നിന്നും കിഴക്കോട്ടു പഴയ നെടുങ്ങനാട് മുഴുവൻ കടന്ന് കരിമ്പുഴയ്ക്ക് ഏറാൾപ്പാട് കൊട്ടിച്ചെഴുന്നെള്ളി. വടക്കൻ പുഴത്തട മേഖലയിൽ സ്വന്തം രാഷ്ട്രീയമേൽക്കോയ്മ ആവർത്തിച്ചുറപ്പിക്കുന്ന ചടങ്ങുണ്ട്. ഈ സ്ഥാനികളെല്ലാം നെടിയിരുപ്പ് സ്വരൂപത്തോളംതന്നെ വലിയ പ്രമാണിമാരാണെന്നും പലപ്പോഴും വ്യക്തമാകുന്നുണ്ട്. ഇവരുടെ കൈപ്പിടിയിലാണ് പുഴയുടെ വടക്കൻ മേഖല മുഴുവൻ.

പൊന്നാനിയിൽ പുഴയ്ക്ക് തെക്കേകരയിലുള്ള തിരുമനശ്ശേരിസ്ഥാനിയും, അതിനു കിഴക്ക് കക്കാട്ടുകാരണവശാഖകളും തെക്കേക്കരയിലെ പുഴത്തട ഭാഗങ്ങളിൽ സാമൂതിരിയുടെ പക്ഷക്കാരായുണ്ടായിരുന്നു. പാലക്കാടു ചുരത്തിനു തെക്ക് രാഷ്ട്രീയാധികാരവും രാജാധികാരവുമുള്ള വേങ്ങനാട്ട് നമ്പിടിയും കാവലാൾപോലെ സാമൂതിരിയ്ക്കുണ്ട്. ഇത്തരം പുഴത്തട രാഷ്ട്രീയാധികാരവ്യാപനരീതി ഭൂമേഖലയിലെ പുഴകൊണ്ടുള്ള സ്വാധീനശക്തികളെ വ്യക്തമായ്ക്കുന്നു(എം.എൻ.നമ്പൂതിരി, 2018: 15,16).

ഇപ്രകാരം പാലക്കാട് ചുരം, ഭാരതപ്പുഴയിലെ കടത്ത് രീതികൾ, പുഴയ്ക്ക് ഇരുകരകളിലുമുള്ള കൃഷി, അങ്ങാടികൾ, പുഴ അറബിക്കടലിൽ ചേരുന്ന പൊന്നാനി തുറമുഖം എന്നിവയുടെ വാണിജ്യപരമായ സാധ്യതകൾ സാമൂതിരിയെ ഈ പ്രദേശങ്ങളിലേയ്ക്ക് ആകർഷിക്കുകയും അനന്തരം സാമൂതിരിയ്ക്ക് കീഴിൽ ഈ ദേശങ്ങളിലെ വാണിജ്യം അഭിവൃദ്ധിപ്പെടുകയുമുണ്ടായി.

പൊന്നാനിയിൽ ആധിപത്യം നേടിയതിന് ശേഷം സാമൂതിരി തന്റെ മൂന്ന് കോവിലകങ്ങൾ പൊന്നാനിയിൽ സ്ഥാപിയ്ക്കുന്നുണ്ട്. തൃക്കാവിൽ കോവിലകം, വൈരനെല്ലൂർ കോവിലകം, വാകയൂർ കോവിലകം. നാട്ടുരാജ്യത്തിന്റെ വ്യാപ്തി തെക്കോട്ട് വ്യാപിച്ചതോടെ സാമൂതിരി തുടരെ പൊന്നാനിയിലും പരിസരങ്ങളിലും താമസിയ്ക്കാൻ തുടങ്ങി. പിറാർദ് ലവാലെന്ന സഞ്ചാരി ഇങ്ങനെ രേഖപ്പെടുത്തുന്നു.

"രാജാവ് (സാമൂതിരി) മിക്ക സമയത്തും ഈ രണ്ട് പട്ടണത്തിലാണ് (കോഴിക്കോടും, പൊന്നാനിയും) താമസിയ്ക്കുന്നത്. വിശേഷിച്ച് പൊന്നാനിയിൽ. കൊച്ചിരാജാവുമായി

അദ്ദേഹം തുടരെ യുദ്ധത്തിലായിരുന്നുവെന്നതിനു പുറമെ രാജ്യത്തിലെ ഏറ്റവും പ്രസന്നമായ വാസസ്ഥാനവുമാണിതെന്നതാണ് കാരണം" (വി.വി. ഹരിദാസ്, 2018:19).

കോഴിക്കോടൻ ഗ്രന്ഥവരിയിലെ ലഭ്യമായ രേഖകളിൽ ഭൂരിഭാഗവും സാമൂതിരി കോഴിക്കോട് താമസിയ്ക്കുമ്പോൾ ഉള്ളതിലേറെ പൊന്നാനിയിലും പരിസരങ്ങളിലും താമസിയ്ക്കുമ്പോഴുള്ള ചടങ്ങുകളും സംഭവങ്ങളുമാണ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്. മാമാങ്കത്തിന് തിരുവാഭരണം ഉൾപ്പെടെ എഴുന്നള്ളിയ്ക്കുന്നത് തൃക്കാവിൽ കോവിലകത്ത് നിന്നായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ രാമായണം കൂത്ത് നടക്കുമ്പോൾ തമ്പുരാൻ ശ്രീരാമപട്ടാഭിഷേകരംഗത്തുവന്ന് പട്ടാഭിഷേകം നടത്തി രാമബാണവുമായി ആരംഭിയ്ക്കുന്ന ഒരു ചടങ്ങ് കൂത്തിലുണ്ട്. വൈരനെല്ലൂർ ക്ഷേത്രത്തിലാണ് ഇത് നടന്നിരുന്നത്. കോഴിക്കോട് സാമൂതിരിയുടെ കച്ചവടത്തുറയും പൊന്നാനി അനുഷ്ഠാനത്തുറയും എന്നിങ്ങനെയായിരിയ്ക്കാം പരിഗണിച്ചിരുന്നത്. 1498-ൽ പോർച്ചുഗീസ് നാവികനായ വാസ്കോഡഗാമ കോഴിക്കോട് കപ്പലടുപ്പിയ്ക്കുമ്പോൾ സാമൂതിരി പൊന്നാനി കോവിലകത്തായിരുന്നുവെന്ന് ഗാമ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (എം.എൻ. നമ്പൂതിരി 2018:36).

### 2.3.2. പോർച്ചുഗീസ്കാലത്തെ പൊന്നാനി

1498 മെയ് 20ന് വാസ്കോഡഗാമ കാപ്പാട് കപ്പിലിറങ്ങിയത് ഇന്ത്യയുടെ ചരിത്രത്തിൽ എത്രകണ്ട് പ്രധാനപ്പെട്ടതാണോ അത്ര തന്നെ പൊന്നാനിയുടെ ചരിത്രത്തിലും പ്രധാനപ്പെട്ടതാണ്. സാമൂതിരിയുമായി പോർച്ചുഗീസുകാർ നടത്തുന്ന വ്യാപാര ചർച്ചകളിലെ പ്രധാന നിർദ്ദേശം മലബാർ തീരത്തെ അറബികളുടെ വാണിജ്യ കുത്തക അവസാനിപ്പിയ്ക്കണമെന്നതാണ്. അതോടൊപ്പം മാപ്പിളമാരെ മലബാർ തീരത്ത് നിന്നും നിരോധിയ്ക്കണമെന്നും അവർ ആവശ്യപ്പെടുന്നുണ്ട്. ഇതിനു സാമൂതിരി തയ്യാറാവാത്തതിനെത്തുടർന്നാണ് പോർച്ചുഗീസുകാർ കൊച്ചിയിലേയ്ക്ക് പോകുന്നതും ഒരു നൂറ്റാണ്ടോളം നീണ്ടുനിന്ന യുദ്ധങ്ങൾക്ക് തുടക്കമാകുന്നതും.

ക്രിസ്ത്യാനികളെയും സുഗന്ധവ്യഞ്ജനങ്ങളെയും തേടിയാണ് താൻ ഇങ്ങോട്ട്

വന്നതെന്ന് ഗാമ സാമൂതിരിയോട് പറയുന്നുണ്ട്. ഇവിടത്തെ ക്രിസ്ത്യൻ രാജാവിന്റെ അടുക്കലേയ്ക്കുള്ള മാർഗം കണ്ടുപിടിയ്ക്കാതെ തിരികെവരരുതെന്നും വന്നാൽ ശിരച്ഛേദമായിരിക്കും ശിക്ഷയെന്നും തന്റെ രാജാവ് ഉത്തരവിട്ടിട്ടുള്ളതായി ഗാമ പറയുന്നുണ്ട് (വേലായുധൻ പണിക്കശ്ശേരി, 1985:47). പതിനഞ്ചാം നൂറ്റാണ്ടിന്റെ പകുതിയിൽ തുർക്കി, ഇറാൻ-അഫ്ഗാനിസ്ഥാൻ വഴിയുള്ള വാണിജ്യ പാതകൾ തുർക്കി ഭരണകൂടം അടച്ചതും അറബികൾ വഴിയുള്ള സുഗന്ധവ്യഞ്ജന വ്യാപാരത്തിലെ വിലക്കയറ്റവും കൂടിയായപ്പോൾ ഇന്ത്യൻ തീരങ്ങളിലേയ്ക്ക് സമുദ്രപാത കണ്ടെത്തേണ്ടതും ഇവിടങ്ങളിൽവന്ന് നേരിട്ട് വാണിജ്യബന്ധങ്ങൾ സ്ഥാപിയ്ക്കേണ്ടതും യൂറോപ്പിനെ സംബന്ധിച്ച് ആവശ്യമായിത്തീർന്നു.[10] ഇതേ കാലഘട്ടത്തിൽ യൂറോപ്പിൽ സംഭവിച്ച സാങ്കേതിക വിദ്യയുടെ വളർച്ചയും ശാസ്ത്ര പുരോഗതിയും ഗാമയുടെ കേരളത്തിലേയ്ക്കുള്ള വരവ് എളുപ്പമാക്കി. തുർക്കി വാണിജ്യപാതയുടേയും അറബിക്കടൽ കേന്ദ്രീകരിച്ചുള്ള സമുദ്രപാതയുടേയും അധീശത്വം അക്കാലത്ത് അറബികൾക്കും മറ്റ് മുസ്ലീം രാജവംശങ്ങൾക്കുമായിരുന്നു. ആഫ്രിക്കയിലും പശ്ചിമപൂർവ്വേഷ്യയിലും നടന്നിരുന്ന അധികാര വടംവലികളും കൂടിയായപ്പോൾ അറബിക്കടലിലെ വ്യാപാരകുത്തക കൈക്കലാക്കുക എന്നതും അറബികളുടെ ഇവിടങ്ങളിലെ സ്വാധീനവും അതുവഴി അവർക്കുണ്ടായിരുന്ന സാമ്പത്തികാഭിവൃദ്ധിയും അവസാനിപ്പിയ്ക്കുക എന്നതും യൂറോപ്പിന്റേയും വിശേഷിച്ച് കത്തോലിക്കൻ വിശ്വാസികളായിരുന്ന പോർച്ചുഗീസ് രാജാക്കൻമാരുടേയും ആവശ്യമായിത്തീർന്നു.

മലബാർതീരത്ത് നിന്ന് മുസ്ലീങ്ങളെ നിരോധിയ്ക്കണമെന്ന ആവശ്യം സാമൂതിരി നിരസിച്ചതോടെ പോർച്ചുഗീസുകാർ കൊച്ചിരാജാവുമായി വ്യാപാരബന്ധങ്ങളിൽ ഏർപ്പെടുകയും, അത് സാമൂതിരിയ്ക്ക് കൊച്ചിരാജവംശവുമായി മുൻപേ ഉണ്ടായിരുന്ന അസ്വാരസ്യങ്ങൾ വർദ്ധിയ്ക്കുന്നതിനും സാമൂതിരിയും കൊച്ചിയും പോർച്ചുഗീസുകാരും തമ്മിലുള്ള ദീർഘകാലത്തെ യുദ്ധങ്ങൾ തുടങ്ങുന്നതിനും കാരണമാവുകയും ചെയ്തു. ഒരു വാണിജ്യ കേന്ദ്രമെന്ന നിലയിൽ നിന്ന് സാമൂതിരിയുടെ നാവികാസ്ഥാനം എന്ന നിലയിലേയ്ക്ക് പൊന്നാനിത്തുറമുഖം ഉയരുന്നത് ഇവിടം തൊട്ടാണ്.

പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അമ്പതിനായിരം നായർ പടയാളികൾ കരമാർഗവും മാപ്പിളമാരുടെ നേതൃത്വത്തിലുള്ള കപ്പലുകൾ കടൽമാർഗവും പൊന്നാനിയിൽനിന്ന് പുറപ്പെടുകയും കൊച്ചി രാജ്യത്തോടും പോർച്ചുഗീസ് കപ്പലുകളോടും ഏറ്റുമുട്ടുകയും ചെയ്തു. ഈ യുദ്ധത്തിൽ മുസ്ലീം യോദ്ധാക്കളിൽ ചിലർ രക്തസാക്ഷികളായി. കാര്യമായ വിജയമോ പരാജയമോ രണ്ടുകൂട്ടർക്കും ഉണ്ടായില്ലെങ്കിലും മഴക്കാലത്തിന്റെ വരവോടെ യുദ്ധം അവസാനിപ്പിച്ച് സാമൂതിരിയ്ക്ക് പിൻവാങ്ങേണ്ടി വന്നു. പോർച്ചുഗീസുകാരുമായി യുദ്ധംചെയ്യുന്നതിന് ശക്തമായ നാവികസേന അനിവാര്യമാണെന്ന് സാമൂതിരിയ്ക്ക് മനസ്സിലായി. ഇതേത്തുടർന്നാണ് സാമൂതിരി പൊന്നാനി ആസ്ഥാനമായി നാവിക സേന ശക്തിപ്പെടുത്തുന്നത്.

പൊന്നാനിയുടെ പ്രാധാന്യം മനസ്സിലാക്കിയ പോർച്ചുഗീസുകാർ നിരവധി തവണ അവിടേയ്ക്ക് ആക്രമണം അഴിച്ചുവിടുകയും പൊന്നാനി കേന്ദ്രീകരിച്ചുകൊണ്ട് പ്രത്യാക്രമണങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. പൊന്നാനിയിൽ പാണ്ഡിത്യത്തിനും പ്രഭുത്വത്തിനും പ്രസിദ്ധിയാർജ്ജിച്ച മഖ്ദൂം കുടുംബത്തിലെ ഷൈഖ്സൈനുദ്ദീൻ ഇബ്നുഗസ്സാലി എഴുതിയ 'തുഹ്ഫത്തുൽ മുജാഹിദീൻ ഫീഅബ്സീ അക്ബറിൽ ബുർതുക്കാലി' എന്ന ഗ്രന്ഥത്തിൽ ഇത്തരത്തിലുള്ള നിരവധി പരാമർശങ്ങളുണ്ട്.[11]

1500 ഏ.ഡി

സാമൂതിരിയോടൊപ്പം ഉണ്ടായിരുന്ന ഫന്നാൻകാരായ (പൊന്നാനി) മുസ്ലീം യോദ്ധാക്കൾ മൂന്ന് ബോട്ടുകൾ കടലിലിറക്കി. പോർച്ചുഗീസുകാരോട് അവർ നേരിട്ട് ധൈര്യപൂർവ്വം യുദ്ധം ചെയ്തു(വേലായുധൻ പണിക്കശ്ശേരി, 2015:57).

1510 ഏ.ഡി

അവർ (പോർച്ചുഗീസുകാർ) പൊന്നാനിയിൽ വന്നിറങ്ങി. കടൽക്കരയിൽ ഉണ്ടായിരുന്ന അമ്പതോളം ചെറിയകപ്പലുകൾ അഗ്നിക്കിരയാക്കി. ഇവരോട് ഏറ്റുമുട്ടിയതിൽ എഴുപതോളം മുസ്ലീം സഹോദരൻമാർ രക്തസാക്ഷികളായി (വേലായുധൻ പണിക്കശ്ശേരി, 2015:57).

1524 ഏ.ഡി

അവർ (പോർച്ചുഗീസുകാർ) പൊന്നാനിയിൽ ഇറങ്ങി അവിടത്തെ വീടുകൾ, പാണ്ടികശാലകൾ, മുസ്ലീംപള്ളികൾ എന്നിവ അഗ്നിയ്ക്കിരയാക്കി. അത്കൊണ്ട് അരിശം തീരാഞ്ഞിട്ട് കായലോരത്ത് നിറകുംഭങ്ങളുമേന്തി നിന്നിരുന്ന നിരവധി തൈത്തെങ്ങുകൾ വെട്ടിവീഴ്ത്തി(വേലായുധൻ പണിക്കശ്ശേരി, 2015:60).

1550 ഏ.ഡി

വ്യാഴാഴ്ച പ്രഭാതത്തിൽ പൊന്നാനിയിൽ ഇറങ്ങി കൊള്ള നടത്തി. അവിടെയും അനവധി വീടുകളും വലിയ ജുമഅത്ത് പള്ളി അടക്കം നാലു പള്ളികളും തീ വെച്ച് നശിപ്പിച്ചു(വേലായുധൻ പണിക്കശ്ശേരി, 2015:75).

1568 ഏ.ഡി

"ഹിജ്റ 976-ാം ആണ്ട് ജമാദുൽ ആഖിർ മാസം എട്ടാം തിയ്യതി, ശനിയാഴ്ച പൊന്നാനിക്കാരും പന്തലായനിക്കാരും സമീപദേശക്കാരും പതിനേഴ് കപ്പലിൽ പൊന്നാനിയിൽ നിന്ന് പുറപ്പെട്ടു. ഈ സംഘത്തിന് നേതൃത്വം വഹിച്ചിരുന്നത് പ്രസിദ്ധ കപ്പിത്താനും പൊന്നാനിക്കാരനുമായ കുട്ടിപ്പോക്കർ ആയിരുന്നു. ചാലിയത്തിന് സമീപം വെച്ച് പറങ്കികളും ഒരു കപ്പലുമായി കണ്ടുമുട്ടി. കൊച്ചിയിൽ നിന്ന് വരുന്ന ആ കപ്പലിൽ ആയിരത്തോളം പറങ്കികളും പുതുക്രിസ്ത്യാനികളും അടിമകളും ഉണ്ടായിരുന്നതിന് പുറമേ അനവധി യുദ്ധോപകരണങ്ങളും ഉണ്ടായിരുന്നു. മുസ്ലീങ്ങളും പറങ്കികളും തമ്മിൽ പൊരിഞ്ഞ യുദ്ധം നടന്നു. ഇതിനിടയിൽ പോർച്ചുഗീസ് കപ്പലിന് തീപിടിച്ച് നിശ്ശേഷം നശിച്ചു. അതിലുണ്ടായിരുന്ന നൂറിലധികം പോർച്ചുഗീസ് യോദ്ധാക്കളേയും പുതുക്രിസ്ത്യാനികളേയും അടിമകളേയും മുസ്ലീങ്ങൾ തങ്ങളുടെ അധീനതയിലാക്കി. ഏതാനും പീരങ്കികളും പിടിച്ചെടുത്തു. കുറേപ്പേർ മുങ്ങിമരിച്ചു. ബാക്കിയുള്ളവരെല്ലാം കത്തിച്ചാമ്പലായി.

ഈ സംഭവം കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്ക് ശേഷം ഒരുസംഘം മുസ്ലീങ്ങൾ കായൽപട്ടണം ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ അവർ ചോളമണ്ഡലത്തിൽ

നിന്ന് ധാന്യങ്ങൾ കയറ്റി തിരിച്ചുപോരുന്ന പോർച്ചുഗീസുകാരുടെ ഇരുപത്തിരണ്ട് കപ്പലുകൾ കൊള്ളയടിച്ച് അവയേയും അവയിലുണ്ടായിരുന്ന പുതുക്രിസ്ത്യാനികളേയും മൂന്ന് ആനകളേയും പിടിച്ചുപറ്റി എല്ലാം പൊന്നാനിയിലേക്ക് കൊണ്ടുവന്നു. അവർ പൊന്നാനിപ്പുഴയിൽ ഇറങ്ങി"(വേലായുധൻ പണിക്കശ്ശേരി, 2015:94).

സാമൂതിരിയും പോർച്ചുഗീസുകാരുമായി നടന്ന യുദ്ധങ്ങളിൽ പൊന്നാനിയ്ക്കുണ്ടായിരുന്ന പ്രാധാന്യം മേൽപരാമർശങ്ങളിൽ നിന്നും വ്യക്തമാണ്.

മലബാറിലെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിൽ ഒന്ന് എന്ന നിലയിലും സാമൂതിരിയുടെ പ്രധാനപ്പെട്ട നാവികസേനാംഗങ്ങളുടെ വാസസ്ഥലം എന്ന രീതിയിലും പലതവണ പോർച്ചുഗീസുകാരുടെ ആക്രമണത്തിന് വിധേയമായ പ്രദേശമാണ് പൊന്നാനി. പോർച്ചുഗീസുകാർക്ക് നേരെ സാമൂതിരി നടത്തിയ ചെറുത്തുനിൽപ്പുകൾ ആരംഭിയ്ക്കുന്നത് പൊന്നാനി കേന്ദ്രീകരിച്ചാണ്. സാമൂതിരി പോർച്ചുഗീസുകാരുമായുള്ള യുദ്ധങ്ങളിൽനിന്ന് പിന്മാറിയ ഘട്ടങ്ങളിൽപ്പോലും പൊന്നാനിയിലും സമീപ പ്രദേശങ്ങളിലുമുള്ള മാപ്പിളമാർ പോർച്ചുഗീസുകാരുമായി നിരന്തരമായ കലഹത്തിലായിരുന്നു.

പോർച്ചുഗീസുകാരുടെ ആധുനികയുദ്ധസന്നാഹങ്ങളോട് ഏറ്റുമുട്ടാൻ സാമൂതിരിയ്ക്ക് കഴിയാതെ വന്നപ്പോൾ പോർച്ചുഗീസുകാർ മൂലം കഷ്ടപ്പെട്ടിരുന്ന മറ്റ് രാജാക്കൻമാരുടെ സഹായം സാമൂതിരി അഭ്യർത്ഥിയ്ക്കുന്നുണ്ട്. ഡക്കാണിലെ സുൽത്താൻ, ഗുജറാത്ത് സുൽത്താൻ, അഹമ്മദാബാദിലെ സുൽത്താൻ, അച്ചിനിലെ നവാബ്, ഇന്ത്യയ്ക്ക് പുറത്ത് ഈജിപ്ത്, തുർക്കി, പേഴ്സ്യാ മുതലായ രാജ്യങ്ങളിലെ സുൽത്താൻമാർ എന്നിവർ 1505 മുതൽ 1580 വരെയുള്ള കാലഘട്ടത്തിൽ പോർച്ചുഗീസുകാർക്കെതിരായ യുദ്ധത്തിൽ സാമൂതിരിയെ പിന്തുണയ്ക്കുന്നുണ്ട് (വേലായുധൻ പണിക്കശ്ശേരി, 2015:100).

1505ൽ ഈജിപ്തിലെ സുൽത്താനായ ഗാനൂസിൽ ഗൗരി തന്റെ യുദ്ധമന്ത്രിയായ ഹുസൈനെ പതിമൂന്ന്കപ്പൽ നിറയെ സൈന്യവുമായി സാമൂതിരിയുടെ സഹായത്തിനയച്ചുവെന്നും അമീർ ഹുസൈൻ ഗുജറാത്തിലെ ഡ്യൂ തുറമുഖത്ത് വച്ച്

അവിടത്തെ സുൽത്താനായ മാലിക് ഇയാസുമായി ചേർന്ന് പറങ്കികളോട് പോരാടി അവരെ പരാജയപ്പെടുത്തി കപ്പലുകൾ പിടിച്ചെടുത്തുവെന്നും തുഹ്ഫത്തുൽ മുജാഹിദീനിൽ പരാമർശമുണ്ട്.

സാമൂതിരിയ്ക്കൊപ്പം നിന്ന് പോർച്ചുഗീസുകാർക്കെതിരെ വിശുദ്ധ യുദ്ധത്തിന് ആഹ്വാനം ചെയ്തുകൊണ്ടാണ് ഷൈഖ്സൈനുദ്ദീൻ മഖ്ദൂമിന്റെ തുഹ്ഫത്തുൽ മുജാഹിദീൻ തുടങ്ങുന്നത്. മുസ്ലീം പ്രദേശങ്ങളെ ആക്രമിക്കുന്ന വൈദേശികരായ അവിശ്വാസികൾക്കെതിരെ യുദ്ധത്തിന് തയ്യാറാവേണ്ടത് ഓരോ മുസ്ലീമിന്റേയും – അയാളൊരു നഗരത്തിലെ അടിമയായാലും സ്ത്രീയായാലും ആശ്രിതനായാലും അയാളുടെ യജമാനന്റെയോ ഭർത്താവിന്റെയോ ഉത്തമർണ്ണന്റെയോ സമ്മതമില്ലാതെ തന്നെ നിർവ്വഹിയ്ക്കേണ്ട കർത്തവ്യമാണെന്ന് ഷൈഖ്സൈനുദ്ദീൻ പറയുന്നു (വേലായുധൻ പണിക്കശ്ശേരി, 2015:58). വൈദേശിക ആക്രമണങ്ങൾക്കെതിരെയുള്ള യുദ്ധം അള്ളാഹുവിന്റെ മാർഗത്തിലുള്ള യുദ്ധമാണെന്നുള്ള വിശ്വാസമാവാം മലബാറിലെ മാപ്പിളസമൂഹത്തെ പോർച്ചുഗീസുകാർക്കെതിരെയുള്ള യുദ്ധത്തിൽ എല്ലാകാലത്തും ഉറപ്പിച്ചു നിർത്തിയത്. ഷൈഖ്സൈനുദ്ദീന്റേയും മഖ്ദൂം കുടുംബത്തിന്റേയും വാസസ്ഥാനം എന്ന നിലയിൽ പൊന്നാനിയിലെ ജനസമൂഹം ഈ പോരാട്ടത്തിൽ വലിയ പങ്ക് വഹിച്ചു. ആ പങ്ക് തിരിച്ചറിഞ്ഞതു കൊണ്ടാകാം എ.ഡി1578ൽ പൊന്നാനിയിലും കോഴിക്കോടും കോട്ടകെട്ടാൻ അനുവദിയ്ക്കണമെന്ന് സന്ധി സംഭാഷണത്തിൽ പോർച്ചുഗീസുകാർ ആവശ്യപ്പെട്ടപ്പോൾ കോഴിക്കോട് അനുവദിയ്ക്കാമെന്നും പൊന്നാനിയിൽ കോട്ടകെട്ടാൻ ഒരിക്കലും അനുവദിയ്ക്കില്ലെന്നും സാമൂതിരി പറഞ്ഞത്. സാമൂതിരിയുടെ നാവികത്തലവനായിരുന്ന കുഞ്ഞാലിയ്ക്ക് വലിയ സ്വാധീനം ഉണ്ടായിരുന്ന ദേശം എന്ന നിലയിലും പോർച്ചുഗീസുകാർക്ക് പൊന്നാനിയോട് വലിയ വിരോധം ഉണ്ടായിരുന്നു. പൊന്നാനി കൈവശപ്പെടുത്തിയാൽ സാമൂതിരിയുടെ സൈനികശക്തി തകർക്കാമെന്ന് പോർച്ചുഗീസുകാർ കരുതിയിരുന്നു.

### 2.3.3 കുഞ്ഞാലി മരയ്ക്കാർമാർ

മലബാർ തീരം കേന്ദ്രീകരിച്ച് പോർച്ചുഗീസുകാർക്കെതിരെ നടന്ന ഒരു നൂറ്റാണ്ട്

നീണ്ട പ്രതിരോധത്തിന്റെ നേതൃസ്ഥാനം വഹിച്ചവരായിരുന്നു കുഞ്ഞാലി മരയ്ക്കാർമാർ. കുഞ്ഞാലി മരയ്ക്കാർ ഒന്നാമൻ, രണ്ടാമൻ, മൂന്നാമൻ, നാലാമൻ എന്നിങ്ങനെ തുടർച്ചയായി നാലുപേർ മരയ്ക്കാർകുടുംബത്തിൽനിന്നും ആ സ്ഥാനത്തെത്തുകയും പോർച്ചുഗീസ് ആക്രമണങ്ങൾക്കെതിരെ പോരാടുകയും ചെയ്തു. സാമൂതിരിയുടെ നാവികത്തലവന് നൽകിയിരുന്ന സ്ഥാനപ്പേരായിരുന്നു കുഞ്ഞാലി എന്നത്. മരയ്ക്കാർ എന്ന കുടുംബപ്പേര് മരം കൊണ്ടുണ്ടാക്കിയ കപ്പലെന്ന് അർത്ഥം വരുന്ന 'മരക്കലം' എന്ന തമിഴ് വാക്കിൽ നിന്നോ, കടലിൽ പോകുന്നവരെ പൊതുവിൽ വിളിക്കുന്ന 'മുക്കുവർ' എന്ന മലയാളം വാക്കിൽ നിന്നോ ഉത്ഭവിച്ചതാവാനാണ് സാധ്യത. രണ്ടായാലും കടൽ സംബന്ധമായ തൊഴിലുകൾ ചെയ്യുന്നവർ എന്ന അർത്ഥം ഈ കുടുംബപ്പേരിനുണ്ടായിരുന്നു. കേരളത്തിലേക്ക് അരി ഇറക്കുമതി ചെയ്യുകയും മലഞ്ചരക്ക് കയറ്റുമതി ചെയ്യുകയും ചെയ്തിരുന്ന കച്ചവട കുടുംബം ആയിരുന്നു അവരുടേത് (A. Sreedhara Menon, 2006:102-103).

മരയ്ക്കാർകുടുംബത്തിന്റെ ഉത്ഭവം എവിടെനിന്നാണെന്നത് ഇന്നും തർക്കവിഷയമാണ്. അവർ പന്തലായിനികൊല്ലക്കാരാണെന്നും പോർച്ചുഗീസുകാർ പന്തലായിനിയിലെ മുസ്ലീം സമുദായത്തെ ആക്രമിച്ചപ്പോൾ തിക്കോടിയിലേക്ക് താമസം മാറിയതാണെന്നും പിന്നീട് കോട്ടയ്ക്കൽ കോട്ടകെട്ടി താമസമായെന്നും ലോഗൻ പറയുന്നു(വില്യം ലോഗൻ, 2014:330). ഏഴാം നൂറ്റാണ്ടിൽ മലബാർ തീരത്ത് വ്യാപാരത്തിന് വന്ന അറബികളുടെ പിൻമുറക്കാരാണ് മരയ്ക്കാർമാർ എന്നും വിശ്വാസമുണ്ട്. കൊച്ചി കേന്ദ്രീകരിച്ചുള്ള വ്യാപാരകുടുംബമായിരുന്നു മരയ്ക്കാർമാരുടേത് എന്നും കൊച്ചിരാജാവ് പോർച്ചുഗീസുകാരുമായി ചേർന്ന് വ്യാപാരക്കുത്തക അവർക്ക് നൽകിയപ്പോൾ സാമൂതിരിയോടൊപ്പം ചേർന്ന് പൊന്നാനിയിൽ താമസമാക്കിയവരാണ് ഇവരെന്നുമാണ് മറ്റൊരു കഥ.

സമുദ്രവ്യാപാരത്തിൽ അനുഭവസമ്പത്തും പോരാട്ടവീര്യവുമുള്ള മുഹമ്മദ് മരയ്ക്കാർ പോർച്ചുഗീസുകാരുടെ അതിക്രമങ്ങൾ കാരണം തന്റെ സഹോദരനായ ഇബ്രാഹിം മരയ്ക്കാർക്കൊപ്പം സാമൂതിരിയെ വന്നുകണ്ട്, സാമൂതിരിയും

പോർച്ചുഗീസുകാരും തമ്മിലുള്ള യുദ്ധത്തിൽ സഹായവാഗ്ദാനം നൽകുകയും ചെയ്തു. സാമൂതിരി മരയ്ക്കാരുടെ സേവനം സ്വീകരിച്ച് പ്രിയപ്പെട്ട അലി എന്നർത്ഥത്തിൽ 'കുഞ്ഞാലി' എന്ന ബഹുമതി നൽകുകയും പൊന്നാനിയിൽ കോട്ട കെട്ടാൻ അനുമതി നൽകുകയും ചെയ്തു. പൊന്നാനിയിലെ കോട്ട പിന്നീട് 'മരയ്ക്കാർ കോട്ട' എന്ന് അറിയപ്പെടുകയും കാലക്രമേണ പൊന്നാനി സാമൂതിരിയുടെ നാവികാസ്ഥാനമായി മാറുകയും ചെയ്തു.

കൊച്ചി കേന്ദ്രീകരിച്ചുകൊണ്ടായിരുന്നു മരയ്ക്കാർമാരുടെ വ്യാപാരം എന്നത് പൊതുവെ അംഗീകരിയ്ക്കപ്പെട്ട കാര്യമാണ്. അതിനുമുൻപ് അവർ എവിടെയായിരുന്നു എന്നതിലേ അഭിപ്രായവ്യത്യാസം ഉണ്ടാകുന്നുള്ളൂ. കുഞ്ഞാലിയുടെ നേതൃത്വത്തിൽ പൊന്നാനിയിൽനിന്നുള്ള ആക്രമണം ശക്തിപ്പെടുന്നതോടെ പോർച്ചുഗീസുകാർ തുടർച്ചയായി പൊന്നാനി ആക്രമിയ്ക്കുവാനും വീടുകൾക്ക് തീ വെയ്ക്കുവാനും തുടങ്ങി. ഇതിനെ തുടർന്നാണ് കുഞ്ഞാലി മൂന്നാമൻ കോട്ടയ്ക്കലിൽ കോട്ട കെട്ടി അങ്ങോട്ട് മാറുന്നത്. ലോഗന്റെ പരാമർശങ്ങളിൽ കുഞ്ഞാലിയുടെ ആസ്ഥാനം കോട്ടയ്ക്കലാണെന്ന് പറയുന്നത് ഇതു കൊണ്ടായിരിയ്ക്കണം. ഒന്നും രണ്ടും കുഞ്ഞാലിമാർ അവരുടെ ആസ്ഥാനമായി പരിഗണിച്ചിരുന്നതും അവരുടെ കാലത്ത് ആക്രമണങ്ങൾ കേന്ദ്രീകരിച്ചിരുന്നതും പൊന്നാനിയിൽ തന്നെയായിരുന്നു (പി.വി. മുഹമ്മദ് മരയ്ക്കാർ, 2009:236).

കുഞ്ഞാലി ഒന്നാമന്റെ യഥാർത്ഥ പേര് മുഹമ്മദ് മരയ്ക്കാർ എന്നാണെന്നും അതല്ല കുട്ടിആലിമരയ്ക്കാർ എന്നാണെന്നും അഭിപ്രായങ്ങളുണ്ട്. പോർച്ചുഗീസുകാരുടെ വലിയകപ്പലുകളോടും ആയുധങ്ങളോടും ചെറിയ കപ്പലുകളിൽനിന്നുള്ള നേരിട്ട യുദ്ധംകൊണ്ട് ജയിയ്ക്കാൻ ആകില്ലെന്നു മനസ്സിലാക്കിയ കുഞ്ഞാലി പോർച്ചുഗീസുകാർക്കെതിരെ കടൽവഴിയുള്ള ഗറില്ലായുദ്ധരീതി ആവിഷ്കരിച്ചു. ഭാരമേറിയ പോർച്ചുഗീസ് യുദ്ധക്കപ്പലുകളെ നേരിടാൻ ശരവേഗത്തിൽ പായുന്ന പ്രത്യേകതരം പത്തേമാരികളാണ് മരയ്ക്കാർ ഉപയോഗിച്ചത്. മുപ്പതു മുതൽ നാൽപ്പതുപേർക്ക് വരെ പോകാവുന്ന ചെറിയ വള്ളങ്ങളിൽ പോയി തീപ്പന്തമെറിഞ്ഞ് തിരികെപ്പോരുക എന്നതായിരുന്നു കുഞ്ഞാലിയുടെ രീതി. ഇത്തരം ചെറിയ

കപ്പലുകളിൽനിന്നുള്ള ആക്രമണം പോർച്ചുഗീസ് കപ്പലുകളുടെ സമുദ്രാധിപത്യം തകർക്കാനും മറ്റു വ്യാപാരക്കപ്പലുകൾക്ക് ഭയമില്ലാതെ സഞ്ചരിയ്ക്കാനും വഴിവെച്ചു. ആക്രമിച്ച് ഓടിമറയുക (Hit and Run) എന്ന യുദ്ധതന്ത്രമായിരുന്നു ഇവിടെ കുഞ്ഞാലി പ്രയോഗിച്ചിരുന്നത്. കുഞ്ഞാലിതന്ത്രം എന്നപേരിൽ ഇത് ഇന്ത്യൻ നാവികസേനയുടെ യുദ്ധപാഠങ്ങളിൽ പഠിപ്പിക്കുന്നുണ്ട്(A. Sreedara Menon, 2008:103).

കുഞ്ഞാലി ഒന്നാമന്റെ മരണശേഷം കുഞ്ഞാലി രണ്ടാമൻ സാമൂതിരിയുടെ നാവികപ്പടയുടെ നേതൃത്വം ഏറ്റെടുത്തു. കുഞ്ഞാലിരണ്ടാമന്റെ പേര് കുട്ടിപ്പോക്കർ എന്നാണെന്നും അതല്ല കുട്ടിപ്പോക്കർ കുഞ്ഞാലിരണ്ടാമന്റെ സേനാംഗമാണെന്നും അഭിപ്രായമുണ്ട്. അതേപോലെ കുഞ്ഞാലിരണ്ടാമൻ കുഞ്ഞാലിഒന്നാമന്റെ മകനാണെന്നും അതല്ല കുഞ്ഞാലിഒന്നാമന്റെ സേനാംഗമായ കുട്ടി അലിയുടെ മകനാണെന്നും അഭിപ്രായമുണ്ട്. പൊന്നാനിയിൽ ഒതുങ്ങിനിൽക്കാതെ ഗുജറാത്ത്തീരം മുതൽ സിലോൺവരെയുള്ള പ്രദേശങ്ങളിലെല്ലാം കുഞ്ഞാലി രണ്ടാമൻ പോർച്ചുഗീസ് കപ്പലുകളെ ആക്രമിച്ചു.

പട്ടുമരയ്ക്കാരെന്ന കുഞ്ഞാലി മൂന്നാമന്റെ കാലത്താണ് മരയ്ക്കാർകുടുംബം കോട്ടയ്ക്കലിലേയ്ക്ക് കോട്ടകെട്ടി മാറുന്നത്. അതിനു ശേഷം വന്ന കുഞ്ഞാലി മരയ്ക്കാർ നാലാമനെ പോർച്ചുഗീസുകാർ പിടിയിലാക്കുകയും തലവെട്ടി ഉപ്പിലിട്ട് പ്രദർശിപ്പിയ്ക്കുകയും ചെയ്തത് പ്രസിദ്ധമാണ്. ഈ കുഞ്ഞാലിനാലാമന്റെ രക്തസാക്ഷിത്വത്തോടെ അതിനു മുമ്പുള്ള കുഞ്ഞാലിമാരുടെ ചരിത്രവും മരയ്ക്കാർ വംശത്തിന്റെ പിൽക്കാലജീവിതവും വിസ്മരിയ്ക്കപ്പെട്ടു എന്നു മരയ്ക്കാർ കുടുംബത്തിന്റെ ചരിത്രാന്വേഷണം നടത്തിയ പി വി മുഹമ്മദ് മരയ്ക്കാർ തന്നെ അഭിപ്രായപ്പെടുന്നുണ്ട്(പി.വി. മുഹമ്മദ് മരയ്ക്കാർ, 2009:237).[12] ഒന്നും രണ്ടും കുഞ്ഞാലിമാരെക്കുറിച്ച് വിശദമായ വിവരങ്ങൾ ലഭ്യമല്ലാത്തതിന് ഇതും ഒരു കാരണമായിരിയ്ക്കാം.

### 2.4 പൊന്നാനിത്തുറമുഖത്തിന്റെ പതനം

പൊന്നാനിത്തുറമുഖത്തെക്കുറിച്ചുള്ള ആദ്യകാലരേഖകൾ പരിശോധിയ്ക്കുമ്പോൾ

വൈദേശിക വ്യാപാരത്തിനും ചരക്ക്കടത്തിനും പേരുകേട്ടതാണ് ഈ തുറമുഖം എന്ന് കാണാനാകും. ആദ്യകാലത്ത് ഭൂമിശാസ്ത്രപരമായ ആനുകൂല്യങ്ങൾ ഇതിനു കാരണമാകുമ്പോൾ സാമൂതിരിവാഴ്ചയുടെ കാലമെത്തുമ്പോഴേയ്ക്കും രാഷ്ട്രീയമായ കാരണങ്ങളും വർദ്ധിച്ചുവരുന്നു. പൊന്നാനിയിലെ മഖ്ദൂമുകളുടെ കേന്ദ്രസ്ഥാനവും അവർക്ക് ആഗോളമുസ്ലീം സമൂഹവുമായുള്ള ബന്ധങ്ങളുമെല്ലാം പൊന്നാനിയെ ആ ദേശങ്ങളുമായി ബന്ധിപ്പിയ്ക്കുന്നുണ്ട്. എന്നാൽ ഇതേ രാഷ്ട്രീയകാരണങ്ങളാൽ തന്നെ പിന്നീട് പൊന്നാനി നിരന്തരമായ യുദ്ധങ്ങളുടെ വേദിയായി മാറി.

സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിൽ നടന്ന യുദ്ധങ്ങളിൽ ഏറ്റവുമധികം നാശങ്ങൾ സംഭവിച്ചസ്ഥലം പൊന്നാനിതന്നെയായിരുന്നു. പിൽക്കാലത്ത് ഹൈദരലിയുടേയും ടിപ്പുവിന്റേയും പടയോട്ടങ്ങളിലും പൊന്നാനി കലാപഭൂമിയാകുന്നുണ്ട്. തുടർച്ചയായ യുദ്ധങ്ങളും അതിനുശേഷം നടന്ന അധികാര കൈമാറ്റങ്ങളുമാണ് പൊന്നാനിയിലെ വൈദേശികവ്യാപാരങ്ങളെ ഇല്ലാതാക്കുന്നത്. സാമൂതിരിയിൽനിന്നും ഹൈദരലി പൊന്നാനി പിടിച്ചെടുത്തതോടെ തുറമുഖത്തിനും വ്യാപാരത്തിനും ലഭിച്ചിരുന്ന പരിഗണനകൾ ഇല്ലാതായി. ടിപ്പുവിന്റെ മരണത്തോടെ മധ്യകേരളത്തിന്റെയാകെ അധികാരം ബ്രിട്ടീഷുകാരുടെ കയ്യിലാവുകയും പൊന്നാനി ആ അധികാരഭൂപടത്തിന്റെ തെക്കേ അറ്റത്തെ ദേശമായി അവഗണിയ്ക്കപ്പെടുകയും ചെയ്തു. വൈദേശികവ്യാപാരത്തിൽ ബ്രിട്ടന്റെ കുത്തക സൃഷ്ടിയ്ക്കപ്പെടുന്നതോടെ പൊതുവിൽ ആഭ്യന്തരകയറ്റുമതി കുറഞ്ഞതും കൊച്ചി, കോഴിക്കോട് തുറമുഖങ്ങളുടെ ആധുനികീകരണം മറ്റു തുറമുഖങ്ങളെയെല്ലാം നിഷ്പ്രഭമാക്കിയതും പൊന്നാനി തുറമുഖത്തെ പ്രതികൂലമായി ബാധിച്ചു.

ഏ.ഡി. ആദ്യനൂറ്റാണ്ടുകളിലെ വിദേശസഞ്ചാരികളുടെ കുറിപ്പുകളിലും മധ്യകാലത്തെ നിരവധിഗ്രന്ഥങ്ങളിലും സജീവമായി പരാമർശിയ്ക്കപ്പെടുന്ന ഈ തുറമുഖം പിന്നീട് മലബാറിലെ വാണിജ്യഭൂപടത്തിൽനിന്നും അപ്രത്യക്ഷമായി ത്തുടങ്ങി. 1960–80 കാലഘട്ടത്തിൽ പത്തേമാരികൾവഴി ഗൾഫ് നാടുകളിലേയ്ക്ക് നടന്ന ചരക്കുകടത്തലുകൾ മാത്രമായിരുന്നു ഇതിന് അപവാദമായിട്ടുണ്ടായിരുന്നത്. അവിടെയും മറ്റുദേശങ്ങൾ

തമ്മിലുള്ള ചരക്കുകടത്തലുകളിലെ ഇടനിലക്കാരായി നിൽക്കാനോ അല്ലെങ്കിൽ അന്യദേശങ്ങളിൽ നിന്നും ഇവിടേയ്ക്ക് ചരക്കിറക്കാനോ ആയിരുന്നു പൊന്നാനിക്കാർക്ക് സാധിച്ചിരുന്നത്. നാമമാത്രമെങ്കിലും തുറമുഖത്തിലൂടെയുണ്ടായിരുന്ന ഈ വ്യാപാരങ്ങളും ഇരുപതാംനൂറ്റാണ്ടിന്റെ അവസാനത്തോടെ ഇല്ലാതായി. ആധുനികചരിത്രത്തിലേയ്ക്ക് കടന്നാൽ പൊന്നാനിയുടെ വ്യാപാരബന്ധങ്ങളും കച്ചവടബന്ധങ്ങളും കൂടുതലും പ്രാദേശിക വ്യാപാരത്തെ മുൻനിർത്തിയുള്ളതായിരുന്നെന്ന് കാണാനാകും. നിലവിൽ പുതിയ തുറമുഖം നിർമ്മിയ്ക്കാനുള്ള പദ്ധതിവഴി പൊന്നാനിയുടെ വാണിജ്യബന്ധങ്ങളെ പുനരുജ്ജീവിപ്പിക്കാമെന്ന പ്രതീക്ഷയിലാണ് പൊന്നാനിക്കാർ.

## കുറിപ്പുകൾ

1. പ്രധാനമായും ചെങ്കടൽ, ഏദൻ കടലിടുക്ക് എന്നീ ഭാഗങ്ങളുൾപ്പെട്ട, ആഫ്രിക്കയ്ക്കും തെക്കേ അറേബ്യയ്ക്കും മധ്യേയുള്ള ജലപാതയാണ് എറീത്രിയൻ കടൽ. എന്നാൽ അവിടെനിന്നും അറബിക്കടലിലൂടെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേയ്ക്ക് സഞ്ചരിയ്ക്കുന്ന ഭാഗങ്ങളും പെരിപ്ലസ്സിൽ ഏറീത്രിയൻ കടലിനോട് ചേർത്തുവരയ്ക്കുന്നുണ്ട്.

2. ഏ.ഡി. എട്ടാംനൂറ്റാണ്ടുമുതൽക്ക് ദക്ഷിണേന്ത്യയിലെ വ്യാപാരകുത്തക കയ്യാളിയിരുന്ന രണ്ട് വണിക്സംഘങ്ങളാണ് അഞ്ചുവണ്ണവും മണിഗ്രാമവും. അഞ്ചുവണ്ണം ഒരു ജൂതസംഘവും മണിഗ്രാമം ദ്രാവിഡസംഘവുമായിരുന്നു. കൊല്ലം കേന്ദ്രീകരിച്ചു പ്രവർത്തിച്ചിരുന്ന ഈ കച്ചവടസംഘങ്ങളാണ് കേരളത്തിലെ വൈദേശികവാണിജ്യത്തെ നിയന്ത്രിച്ചിരുന്നതും വിഭവങ്ങളുടെ കേന്ദ്രീകരണം സാധ്യമാക്കിയിരുന്നതും.

3. കേരളത്തിലെ വൈദേശികവ്യാപാരത്തെക്കുറിച്ച് ലഭിയ്ക്കുന്ന ആദ്യകാല തെളിവുകളിൽ ചിലത് ഇത്തരത്തിൽ സ്ഥലമോ നികുതി ഇളവോ കച്ചവടക്കാർക്ക് കൽപ്പിച്ചുനൽകുന്ന രാജശാസനങ്ങളായിരുന്നു. അന്യമതസ്ഥരും പരദേശികളുമായ കച്ചവടക്കാരെ ഇത്തരത്തിൽ സ്ഥലവും ഇളവുകളും നൽകി രാജാക്കന്മാർ സ്വന്തം നാട്ടിൽ താമസിപ്പിയ്ക്കുകയായിരുന്നു പതിവ്. കേരളത്തിലെ ആദ്യകാല ജൂതന്മാരിൽ പ്രധാനിയായിരുന്ന ജോസഫ് റബ്ബാന് കരം പിരിയ്ക്കാനും പല്ലക്കിൽ സഞ്ചരിയ്ക്കാനും അവകാശം നൽകുന്ന ജൂതശാസനം, നസ്രാണി ക്രൈസ്തവരുമായി അന്നത്തെ ചേരരാജാവ് നടത്തിയ തരിസാപ്പിള്ളിശാസനം തുടങ്ങിയവ ഉദാഹരണങ്ങളാണ്.

4. തുറമുഖങ്ങളിലേയ്ക്കാവശ്യമായ വിഭവങ്ങൾ ഉത്പാദിപ്പിയ്ക്കപ്പെടുന്ന പ്രദേശം എന്നതാണ് Hinterland എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. പൊന്നാനി തുറമുഖത്തിന്റെ ഉൾനാടായി ഭാരതപ്പുഴയുടെ ഇരു കരകളും വടക്ക് കോഴിക്കോടും തെക്ക് പറവൂരും വരെയുള്ള ഭൂപ്രദേശങ്ങളും പ്രവർത്തിച്ചിരുന്നു. മാമാങ്കത്തിന്റെ Great Hinterland എന്നു വിശേഷിപ്പിയ്ക്കുന്ന കോഴിക്കോടുതുറയ്ക്ക് വടക്കു കുറുമ്പനാട്ടുഭാഗവും പന്തലായിനിക്കൊല്ലവും മുതൽ പൊന്നാനിതുറക്കുതെക്ക് തിരുമനശ്ശേരി രാജ്യവും പറവൂർ വരെയുള്ള തെക്കേക്കരയും കിഴക്ക് പാലക്കാട്

ചുരവും ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കൂടിയപങ്കും പൊന്നാനിത്തുറയുടെ Hinterland കൂടിയായിരുന്നു(എൻ.എം. നമ്പൂതിരി, 2018: 34).

5. പിൽക്കാലത്ത് സാമൂതിരിയുടെ മാമാങ്കം രേഖകൾ പരിശോധിയ്ക്കുമ്പോൾ പൊന്നാനിയിൽ നിന്നും എടപ്പാൾ വഴി കിഴക്കോട്ടുചെന്ന് പാലക്കാട്ചുരത്തിൽ എത്തുന്ന കച്ചവടപ്പാതയെകുറിച്ചും അങ്ങാടിപ്പുറത്തുനിന്ന് തെക്കോട്ട് സഞ്ചരിച്ച് കുന്നംകുളം ചാവക്കാട് വഴി കൊടുങ്ങല്ലൂർവരെ പോകുന്ന മറ്റൊരു കച്ചവടപ്പാതയെ ക്കുറിച്ചും ഡോ എൻ എം നമ്പൂതിരി പരാമർശിയ്ക്കുന്നുണ്ട്(എൻ.എം. നമ്പൂതിരി, 2018:14).

6. ദൂരമളക്കുന്നതിനുള്ള പഴയ ഗ്രീക്ക് ഏകകമായിരുന്നു സ്റ്റേഡിയ. അന്നത്തെ ഒരു സ്റ്റേഡിയത്തിന്റെ ചുറ്റളവിനോടുപമിച്ചാണ് ഒരു സ്റ്റേഡിയ നിർണ്ണയിച്ചിരുന്നത്. ഏകദേശം 600 ഗ്രീക്ക് അടിയെന്നായിരുന്നു ഒരു സ്റ്റേഡിയയുടെ വലിപ്പം. ഇതുപ്രകാരം ഒരു കി.മീ. 5.45 സ്റ്റേഡിയയായിരിക്കും. 500 സ്റ്റേഡിയയെന്നാൽ ഏകദേശം 92 കി. മീ. ഇത് പൊന്നാനിയിൽ നിന്നും കൊടുങ്ങല്ലൂരിലേയ്ക്കുള്ള ദൂരത്തിന് ഏകദേശം തുല്യമാണ് (ടി.വി.അബ്ദുറഹിമാൻകുട്ടി, 2016:46)

7. മുസിരിസ്സിനടുത്തുള്ള നിട്രിയസിനെയാണ് കടൽകൊള്ളക്കാരുടെ സ്ഥലമായി പ്ലിനി അടയാളപ്പെടുത്തുന്നത്. എന്നാൽ ഇത് തിണ്ടിസിന് വടക്കുഭാഗത്തായാണ് ടോളമി അടയാളപ്പെടുത്തിയിരിക്കുന്നത്. ടോളമിയുടെ ഭൂമിശാസ്ത്രത്തിലെ വസ്തുതാപരമായ പ്രശ്നങ്ങളിലൊന്നാണ് ഈ വ്യത്യാസം(ആദർശ് സി, 2013:62)

8. ടോളമിയുടെ ജ്യോഗ്രഫിയിൽ കൊടുത്തിരിക്കുന്ന ഭൂപടങ്ങളിൽ ഉള്ള സ്ഥലപരമായ പിശകുകൾ കാരണം വിശദീകരിയ്ക്കാൻ ബുദ്ധിമുട്ടായതിനാലാണ് തന്റെ Foreign Notice of South India, from Megasthenes to Mahun എന്ന പുസ്തകത്തിൽ നിന്ന് അത് ഒഴിവാക്കുന്നതെന്ന് നീലകണ്ഠശാസ്ത്രികൾ പറയുന്നുണ്ട്(കെ.എ. നീലകണ്ഠശാസ്ത്രി, 2001:8).

9. തീരദേശങ്ങളും ചതുപ്പുനിലങ്ങളും ഉൾപ്പെട്ട ഭൂപ്രദേശങ്ങൾ അടിസ്ഥാനമാക്കി രചിയ്ക്കുന്ന കാവ്യങ്ങളെയാണ് സംഘസാഹിത്യത്തിൽ നെയ്തൽ എന്നു വിളിയ്ക്കുന്നത്. പ്രണയം സ്നേഹം മുതലായ മനുഷ്യവികാരങ്ങളെ അടിസ്ഥാനമാക്കി രചിയ്ക്കുന്ന അകം കൃതികളിലാണ് ഇവ ഉൾപ്പെടുന്നത്. തൊണ്ടിപ്പട്ടണത്തെക്കുറിച്ച് പരാമർശമുള്ള അകംകൃതികളെല്ലാം തന്നെ നെയ്തൽതിണയിൽ ഉൾപ്പെടുന്നവയാണ്.

10. കുരിശുയുദ്ധങ്ങൾക്ക് ഒടുവിൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയതോടുകൂടി യുറോപ്പിൽ നിന്നുള്ളവർക്ക് ഇന്ത്യയിലേക്കുള്ള കരമാർഗം നിഷേധിക്കപ്പെട്ടു.

11. തുഹ്ഫത്തുൽ മുജാഹിദ്ദീൻ രചിക്കപ്പെട്ട പതിനാറാം നൂറ്റാണ്ടിൽ തന്നെയാണ് കോഴിക്കോടുള്ള ഖാസി മുഹമ്മദ് എന്ന കവി ഫത്ഹുൽ മുബീൻ എന്ന കാവ്യം രചിയ്ക്കുന്നത്. പോർച്ചുഗീസുകാരുടെ കിരാതകൃത്യങ്ങളെക്കുറിച്ച് ഈ കൃതിയിൽ വിവരിയ്ക്കുന്നുണ്ട്(കെ.എം. മുഹമ്മദ്, 2012:154)

12. നാലു തലമുറ സാമൂതിരിയ്ക്ക് ഒപ്പം നിന്ന്, ഒരു നൂറ്റാണ്ടിലേറെക്കാലം തുടർച്ചയായി പോർച്ചുഗീസുകാരോട് യുദ്ധം ചെയ്ത കുഞ്ഞാലി മരയ്ക്കാർ പരമ്പരയിലെ നാലാമനെ പോർച്ചുഗീസുകാർ പിടിച്ചുകെട്ടി ഗോവയിൽകൊണ്ടുപോയി വധിയ്ക്കുന്നത് അന്നത്തെ സാമൂതിരിയുടെ സഹായത്തോടെയായിരുന്നു. കുഞ്ഞാലി മരയ്ക്കാർ നാലാമന്റെ രക്തസാക്ഷിത്വത്തോടുകൂടി മലബാറിലെ പോർച്ചുഗീസുകാർക്കെതിരെയുള്ള പോരാട്ടങ്ങൾ ശോഷിച്ചു(A. Sreedharamenon, 2008:107)

അദ്ധ്യായം 3

# പൊന്നാനിയുടെ വാണിജ്യപാരമ്പര്യം

# പൊന്നാനിയുടെ വാണിജ്യപാരമ്പര്യം

1850-കളിൽ പൊന്നാനിയുടെ പ്രതിവർഷകയറ്റുമതിവരുമാനം നാലര ലക്ഷത്തോളം രൂപ വരുമായിരുന്നുവെന്ന് മലബാർ മാന്വലിൽ വില്യം ലോഗൻ രേഖപ്പെടുത്തിയിട്ടുണ്ട്. തുറമുഖപ്രതാപത്തിൽ കോഴിക്കോട് കഴിഞ്ഞാൽ രണ്ടാം സ്ഥാനത്ത് വരുന്ന ബേപ്പൂർ തുറമുഖത്തിന്റെ അക്കാലത്തെ പ്രതിവർഷകയറ്റുമതി വരുമാനം അഞ്ചുലക്ഷം രൂപയായിരുന്നു(വില്യം ലോഗൻ, 2014:60). അതായത് വലിയ തോതിൽ ചരക്കുകൾ കൈകാര്യംചെയ്യുന്ന മലബാറിലെ തുറമുഖങ്ങളിലൊന്നായിരുന്നു പൊന്നാനി. ഭാരതപ്പുഴവഴിയും തൂതപ്പുഴവഴിയും ഒഴുക്കിക്കൊണ്ട് വന്നിരുന്ന മരത്തടികളായിരുന്നു പൊന്നാനിയിലെ കയറ്റുമതിയിലെ പ്രധാന ഇനം. രണ്ടാം സ്ഥാനത്തുണ്ടായിരുന്നത് കൊപ്രയും കയർ ഉത്പ്പന്നങ്ങളും. പ്രതിവർഷം ഒരുലക്ഷം രൂപയുടെ ഇറക്കുമതി പൊന്നാനിത്തീരത്ത് നടന്നിരുന്നു. തമിഴ്നാട്, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉപ്പ്, ഗോതമ്പ്, കടല, പരിപ്പ് എന്നിവയെല്ലാമായിരുന്നു ഇറക്കുമതിയിൽ പ്രധാനം.

തുറമുഖവ്യാപാരത്തോടൊപ്പംതന്നെ പ്രാദേശികവ്യാപാരത്തിലെ ശക്തമായ വിപണനകേന്ദ്രം എന്ന നിലയിലും പൊന്നാനിയുടെ സമ്പദ്ഘടന അഭിവൃദ്ധി പ്രാപിച്ചു. നദികൾ, കായലുകൾ, കനാലുകൾ എന്നീ ജലമാർഗങ്ങളേയാണ് ഈ കച്ചവടത്തിനായി ഉപയോഗിച്ചിരുന്നത്. ജലഗതാഗതത്തിന് പ്രതാപമുള്ള അക്കാലത്ത് പ്രാദേശിക ചരക്കുനീക്കങ്ങളുടെ പ്രധാനകേന്ദ്രമായി പൊന്നാനി മാറി. വള്ളുവനാട്ടിൽ നിന്നും ഭാരതപ്പുഴയിലൂടെ കൊണ്ടുവരുന്ന കിഴങ്ങുകൾ, മുള, കവുങ്ങ് എന്നിവയുടെയെല്ലാം

വിപണനകേന്ദ്രം പൊന്നാനിയായിരുന്നു. പഴഞ്ഞി, ഗുരുവായൂർ ഭാഗത്തുനിന്നുള്ള കാർഷികോൽപ്പന്നങ്ങൾ, പരമ്പരാഗത ഗൃഹോപകരണങ്ങൾ എന്നിവയും തോണിവഴി പൊന്നാനി അങ്ങാടിയിലെത്തിച്ചേർന്നു. വീട് നിർമ്മാണത്തിനാവശ്യമായ മുള, കവുങ്ങ്, കയർ എന്നിവ ഗുരുവായൂർ, തിരൂർ പ്രദേശങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തിരുന്നത് പൊന്നാനിയിൽ നിന്നായിരുന്നു (അഷ്റഫ്, 2018:150). കയറ്റുമതിത്തുറമുഖം എന്ന നിലയോടൊപ്പംതന്നെ പ്രാദേശിക നിത്യോപയോഗചരക്കുകളുടെ വിപണന കേന്ദ്രീകരണവും പൊന്നാനിയെ സമ്പന്നമാക്കി.

പൊന്നാനിയിലെ ചരക്കുഗതാഗതത്തിന്റെ പാതകൾക്കരികിൽ തന്നെയാണ് ഇവിടത്തെ പ്രധാന നഗരങ്ങളെല്ലാം രൂപംകൊണ്ടത്. ഭാരതപ്പുഴയുടേയും ബിയ്യം കായലിന്റേയും അറബിക്കടലിന്റേയും തീരങ്ങളും കടവുകളുമെല്ലാം കച്ചവട കേന്ദ്രങ്ങളും പട്ടണങ്ങളുമായി മാറി. എന്നാൽ പിൽക്കാലത്ത് ചരക്കുകടത്തുന്നതിനു വേണ്ടി റോഡ് ഗതാഗതത്തെ ആശ്രയിയ്ക്കാൻ തുടങ്ങിയതോടെ ജലഗതാഗതത്തെ അടിസ്ഥാനപ്പെടുത്തി വികസിച്ചുവന്ന വ്യാപാരകേന്ദ്രങ്ങളുടെ പ്രാധാന്യം ഇല്ലാതായി. 1960-കൾക്ക് ശേഷം പൊന്നാനിയിലെ കയറ്റുമതിയും 1970-കൾക്ക് ശേഷം ഇറക്കുമതിയും പൂർണ്ണമായി നിലച്ചു. നിലവിൽ പഴയകാലത്തെ ജനങ്ങളുടെ ഓർമ്മകളിൽ മാത്രമായി പൊന്നാനിയുടെ വാണിജ്യപാരമ്പര്യം ഒതുങ്ങി.

### 3.1 പ്രാദേശികചരിത്രത്തിലെ അങ്ങാടിവഴികൾ

വൻചരിത്രനിർമ്മിതികളുടെ പ്രധാനപ്പെട്ട ന്യൂനതകളിലൊന്നാണ് പ്രാദേശികസത്തയെ ഉൾകൊള്ളാത്ത അതിന്റെ സാമാന്യവത്കരണം. യൂറോപ്പിനു പുറത്തുള്ള ലോകത്തിന്റെ സാമൂഹികക്രമത്തെ അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം എന്നിങ്ങനെയുള്ള യൂറോപ്പിലെ സാമൂഹികക്രമവുമായി സാമാന്യവത്കരിയ്ക്കാൻ സാമ്പത്തികചരിത്രകാരന്മാർ ശ്രമിച്ചത് ഇതിന് ഉദാഹരണമാണ്. യൂറോപ്പിതര ലോകങ്ങളിലെ സാമൂഹികക്രമത്തെ യൂറോപ്പിനോട് സാമാന്യവത്കരിച്ചത് പോലെ തന്നെയാണ് അവിടങ്ങളിലെ സാമ്പത്തികക്രമത്തേയും ചരിത്രകാരന്മാർ യുറോപ്പിലേതിനോട് സാമാന്യവത്കരിച്ചത്. ആഗോളവത്കരണം സാധ്യമാക്കിയ

ആഗോളകമ്പോളം എന്ന സങ്കൽപം ലോകം മുഴുവനുള്ള വിനിമയരീതികളെ ഒന്നായി കാണാൻ നിർബന്ധിച്ചു. ലാഭേച്ഛയും ഉപഭോഗതൃഷ്ണയും കൊണ്ട് നിയന്ത്രിയ്ക്കപ്പെടുന്ന മൂലധനാധിഷ്ഠിതമായ കമ്പോളവ്യവസ്ഥയെ ആഗോളവത്കരണം മെട്രോനഗരങ്ങളിൽ നിന്നും ചെറുഗ്രാമങ്ങൾ വരേയ്ക്കും എത്തിച്ചു. നിലവിൽ മൂന്നാം ലോകരാഷ്ട്രങ്ങളുടെ ചെറുകിടവ്യാപാരത്തെ പ്പോലും നിയന്ത്രിയ്ക്കാൻ വിദേശനിക്ഷേപം വഴി ബഹുരാഷ്ട്ര കമ്പനികൾക്ക് സാധിയ്ക്കുന്നുണ്ട്. ഉത്പാദന മേഖലയിലെ മൂലധനാധിപത്യം ചെറുകിട ഉത്പാദനത്തേയും അതിനെ പിൻതുടർന്ന് കമ്പോളത്തിലെ കുത്തകവത്കരണം ചെറുകിട വിപണന സമ്പ്രദായത്തേയും ഇല്ലാതാക്കി.

പ്രാദേശികതലത്തിൽ ഉത്പാദനവും വിപണനവും സാധ്യമാക്കിക്കൊണ്ട് ആഗോളകമ്പോളത്തിനെതിരെ പ്രതിരോധം തീർക്കാനുള്ള ശ്രമങ്ങൾ ഇന്ന് ലോകമെങ്ങും നടന്നുകൊണ്ടിരിയ്ക്കയാണ്.[1] ഈ സാഹചര്യത്തിലാണ് തങ്ങളുടെ തനതായ വിനിമയരീതികളെ ചരിത്രത്തിൽനിന്നും കണ്ടെത്തേണ്ടത് അനിവാര്യമാണെന്ന ആശയത്തിന് ചരിത്രകാരന്മാർയ്ക്കിടയിൽ പ്രാധാന്യം വർദ്ധിച്ചത്. പ്രാദേശിക ചരിത്രരചന ആഗോളവത്കരണത്തിനെതിരെയുള്ള പ്രതിരോധം ആണെന്നതു പോലെത്തന്നെ പ്രാദേശികവിനിമയരീതികളെക്കുറിച്ചുള്ള ചരിത്രാന്വേഷണം ആഗോളവത്കരണം സൃഷ്ടിച്ച കമ്പോള വ്യവസ്ഥയ്ക്ക് എതിരെയുള്ള പ്രതിരോധപ്രവർത്തനം തന്നെയാണ്.

കേരളത്തെക്കുറിച്ച് നടന്ന ചരിത്രാന്വേഷണങ്ങളിലെല്ലാം കേരളത്തിന്റെ വ്യാപാരബന്ധങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക് സവിശേഷസ്ഥാനം ഉണ്ടായിരുന്നു. നാഗരികതയുടെ ആരംഭകാലം മുതൽ വൈദേശികരാഷ്ട്രങ്ങളുമായി മലബാർതീരത്തിനുള്ള വാണിജ്യബന്ധമാണ് ചരിത്രരചനയിൽ കേരളത്തിലെ വ്യാപാരത്തിന് ഇത്രയും പ്രാധാന്യം കൈവരാൻ കാരണം. കേരളത്തിന്റെ ബൃഹത്തായ ഈ വൈദേശികബന്ധം ചരിത്രരചനയിലെ മുഖ്യ ആകർഷണമായപ്പോൾ തിരസ്കരിയ്ക്കപ്പെട്ടത് കേരളത്തിനകത്തെ ആഭ്യന്തരവ്യാപാരത്തെക്കുറിച്ചുള്ള അന്വേഷണങ്ങളാണ്. മലബാറിലെ ഉൾനാടൻ അങ്ങാടികളെക്കുറിച്ചുള്ള വിദേശീയരുടെ

കുറിപ്പുകളിൽ നിന്ന് പോലും അവിടങ്ങളിലെ വൈദേശികബന്ധങ്ങളെ കുറിച്ച് മാത്രമേ ചരിത്രകാരന്മാർ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുള്ളൂ.[2] അതേ അങ്ങാടികളിൽ വിൽക്കാനും വാങ്ങാനുംവേണ്ടി വന്നിരുന്ന തദ്ദേശീയരായ ജനങ്ങൾ എന്നും ചരിത്രത്തിന് പുറത്തായിരുന്നു.

കേരളത്തിലെ ആഭ്യന്തരവ്യാപാരത്തെക്കുറിച്ചുള്ള ആദ്യകാല അന്വേഷണങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് അങ്ങാടി വരുമാനത്തിലും പ്രയോഗത്തിലിരുന്ന നാണയങ്ങളിലും മറ്റുമായിരുന്നു. നാണയവ്യവസ്ഥ പ്രചാരത്തിൽ വന്നതിന് ഏറെ ശേഷവും കൈമാറ്റവിനിമയരീതി പ്രയോഗത്തിലുണ്ടായിരുന്ന ഒരു പ്രദേശത്തെ വിനിമയ ബന്ധങ്ങളെക്കുറിച്ച് വിലവിവരപട്ടികകൾക്കും നാണയങ്ങൾക്കും നൽകാനാകുന്ന വിവരങ്ങൾ വളരെ കുറവായിരിയ്ക്കും. അതിനാൽതന്നെ മധ്യകാല സാഹിത്യങ്ങ-ളിലൂടെയും സാമൂഹികമായ ആൾക്കൂട്ടഓർമ്മകളിലൂടെയും പഴയകാല വിനിമയ ബന്ധങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങളാണ് ഇന്ന് നടക്കുന്നത്.

കേരളത്തിലെ വ്യാപാരബന്ധങ്ങൾക്ക് സംഘകാലം മുതൽക്കോ ചിലപ്പോൾ അതിനും മുൻപോ ഉള്ള ചരിത്രം പറയാൻ ഉണ്ടെങ്കിലും മധ്യകാലത്തേയും സമീപഭൂത കാലത്തെയും വിനിമയബന്ധങ്ങളാണ് ഇവിടെ പഠനവിധേയമാക്കുന്നത്. കേരളത്തിൽ കാർഷികമേഖല കൂടുതലിടങ്ങളിലേയ്ക്ക് വ്യാപിയ്ക്കുന്നതും നാട്ടുരാജ്യങ്ങളും പുതിയ നഗരങ്ങളും രൂപപ്പെടുന്നതും മധ്യകാലഘട്ടത്തിലാണ്. അവയുടെ സുവർണ്ണകാലവും മധ്യകാലഘട്ടം തന്നെയാകും. ആധുനികതയും മുതലാളിത്തവും ആഗോളവത്കരണവും എല്ലാം വരുന്നതോടെ ഈ വിനിമയബന്ധങ്ങളിലുണ്ടായ തകർച്ചയാണ് സമീപ ഭൂതകാലത്തെ പ്രധാനപ്പെട്ടതാക്കുന്നത്. അതിനോടൊപ്പം മേൽപറഞ്ഞ ആശയങ്ങളോടെല്ലാമുള്ള പ്രതിരോധങ്ങളും ഇതേകാലഘട്ടത്തിൽ കാണാം.

### 3.1.1 മധ്യകാലകേരളത്തിലെ അങ്ങാടികൾ

കേരളത്തിന്റെ ചരിത്രത്തിൽ ക്രിസ്ത്വബ്ദം സുമാർ 1100 മുതൽ 1500 വരെയുള്ള കാലം അതിനു മുമ്പും പിമ്പും ഉള്ള കാലങ്ങളെ അപേക്ഷിച്ച് ഇരുൾ മൂടിയതാണ്.[3] ഈ കാലഘട്ടം ചരിത്രപരമായി ഒരുപാട് പ്രാധാന്യമർഹിയ്ക്കുന്നതുമാണ്. ചേരന്മാരുടെ

പതനവും തുടർന്ന് നാടുവാഴി സ്വരൂപങ്ങൾ വലിയ അധികാരരൂപങ്ങളായി മാറുന്നതും ഈ കാലത്താണ്. നാട്ടുരാജാക്കന്മാരുടെ ഭണ്ഡാരങ്ങൾക്ക് കനം കൂട്ടാനുള്ള വിഭവങ്ങൾക്കായി കാർഷിക നിലങ്ങൾ പുതിയ പുതിയ പ്രദേശങ്ങളിലേയ്ക്ക് അന്ന് വികസിച്ചു. ആ വിഭവങ്ങളുടെ വിനിമയങ്ങൾക്ക് കൂടുതൽ സൗകര്യമരുളിക്കൊണ്ട് പുതുതായി ചന്തകളും അങ്ങാടികളും തുറമുഖങ്ങളും വിദേശക്കമ്പോളങ്ങളും നഗരങ്ങളും രൂപംകൊണ്ടതും അക്കാലത്താണ്. ഉപജീവനത്തിന്റേയും സമൂഹ രൂപീകരണത്തിന്റേയും മേഖലകളിൽ ഈ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിയ്ക്കെ ആ മണ്ണിളക്കങ്ങളിൽ വേരോടിക്കൊണ്ട് മലയാളം ഒരു തനിമൊഴിയായി വന്നു. ജീവിതത്തിന്റെ നാനാതുറകളിലും കേരളത്തിന്റേതായ ഒരു ശൈലി ഉണ്ടായതും ഇപ്പറഞ്ഞ കാലയളവിലാണ്(എം.ആർ. രാഘവവാരിയർ, 1997:78)

മധ്യകാലഘട്ടത്തിൽ കേരളത്തിലുണ്ടായ കാർഷികവളർച്ചയുടെ ആദ്യഘട്ടം നെൽകൃഷിയിൽ തന്നെയായിരുന്നു. എന്നാൽ നെൽവയലുകൾ മാത്രമല്ല കരിമ്പിൻ കണ്ടങ്ങളും തെങ്ങിൻതോപ്പുകളും കുരുമുളക്തോട്ടങ്ങളുമെല്ലാം ഇക്കാലത്തെ ഗ്രന്ഥവരികളിലും മണിപ്രവാളകാവ്യങ്ങളിലും പരാമർശിച്ചുകാണാം. ചക്ക, മാങ്ങ, പുളി തുടങ്ങിയ ഒട്ടനേകം ഫലങ്ങളെക്കുറിച്ചും ചേന, വഴുതിന തുടങ്ങിയ വിവിധ കായ്കറികളെ കുറിച്ചും ഇവയിൽ നിന്നും അറിവ് കിട്ടുന്നു. നാനാതരം വാഴകളുടെ തോട്ടങ്ങളും ഇക്കാലത്ത് വർണ്യവിഷയമാണ്. പതിനാറാം നൂറ്റാണ്ടുമുതൽക്കുള്ള ഗ്രന്ഥവരികളിൽ കാണാനാകുന്ന പറമ്പിന്റെയും പുരയിടത്തിന്റെയും പെരുപ്പമാണ് കാർഷികവളർച്ചയിലെ രണ്ടാം ഘട്ടം. പതിനാറ് മുതൽ പതിനെട്ട് വരെയുള്ള മൂന്ന് നൂറ്റാണ്ടിലെ ഗ്രന്ഥവരികളിൽ പറമ്പിന്റേയും പറമ്പുവിഭവങ്ങളുടേയും പ്രാധാന്യം എടുത്തു കാണിയ്ക്കുന്ന നിരവധി വ്യവഹാര പ്രമാണങ്ങളുണ്ട്(എം.ആർ. രാഘവവാരിയർ, 1997:10, 24)

കൂടുതൽഭൂമി കൃഷിയോഗ്യമാക്കിയതും കൂടുതൽ വിളവുത്പ്പാദിപ്പിക്കാൻ പ്രാപ്തരായതും മാത്രമാകില്ല ഇതിനു പിന്നിലെ കാരണങ്ങൾ. ജനസംഖ്യയിലെ വർദ്ധനവിനനുസരിച്ച് ഉത്പാദനം വർദ്ധിപ്പിയ്ക്കേണ്ടത് അനിവാര്യമായിരിക്കാം. ജനസംഖ്യയിലും വിഭവങ്ങളിലുമുണ്ടായ ഈ വർദ്ധനവാണ് വിപണന

സമ്പ്രദായങ്ങളിലും മാറ്റങ്ങൾ സൃഷ്ടിച്ചത്. അതിനുമുൻപ് കേരളത്തിൽ വിനിമയ രീതികൾ ഒന്നും ഇല്ലായിരുന്നു എന്നർത്ഥമില്ല. എന്നാൽ താരതമ്യേന ജനവാസം കുറവുള്ള ഇവിടങ്ങളിൽ വ്യക്തികൾ തമ്മിൽതമ്മിലുള്ള വിഭവകൈമാറ്റങ്ങൾ കൊണ്ടുതന്നെ അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ സാധിച്ചിരുന്നു. വ്യാപാരത്തിന്റേയും നാണയത്തിന്റേയും സ്ഥാനം വിദേശ കച്ചവടക്കാരുമായുള്ള വിനിമയങ്ങളിൽ മാത്രമായിരുന്നു. പ്രാദേശിക വിനിമയത്തിലേയ്ക്ക് കച്ചവടകേന്ദ്രങ്ങളും വിൽപ്പന രീതികളും കടന്നു വരുന്നത് ജനസംഖ്യയിലും വിഭവങ്ങളിലുമുണ്ടായ ഈ വർദ്ധനവിനെ തുടർന്ന് തന്നെയാകണം.

മധ്യകാലകേരളത്തിലെ വാണിജ്യത്തെ പ്രധാനമായും മൂന്നായി തരംതിരിയ്ക്കാം. ഒന്ന് പ്രാദേശികവാണിജ്യം, രണ്ട് കരമാർഗ്ഗേനെയുള്ള ദേശാന്തരവാണിജ്യം, മൂന്ന് കടൽമാർഗ്ഗേനയുള്ള ദേശാന്തരവാണിജ്യം(K.N.Ganesh, 2016:124). ഇവിടങ്ങളിലെ ചരക്കുകൾ, അവയുടെ ഉത്പാദകർ, ഉത്പാദനകേന്ദ്രങ്ങൾ, കൈമാറ്റകേന്ദ്രങ്ങൾ, വാണിജ്യപാതകൾ, ചന്തകൾ, അങ്ങാടികൾ, നഗരങ്ങൾ, പാണ്ടികശാലകൾ, തുറമുഖങ്ങൾ, ഇടനിലക്കാർ, ഉപഭോക്താക്കൾ തുടങ്ങി നിരവധി ഘടകങ്ങളുടെ പഠനത്തിലൂടെയല്ലാതെ ഈ പ്രദേശങ്ങളിലെ വാണിജ്യത്തെക്കുറിച്ചുള്ള അന്വേഷണം പൂർണ്ണമാകില്ല. ഇതിൽ മലബാർ തീരവും വൈദേശികരുമായി നടന്ന വിനിമയത്തിലെ ചരക്കുകൾ, അവയുടെ ഉത്പാദനകേന്ദ്രങ്ങൾ, വാണിജ്യപാതകൾ, തുറമുഖങ്ങൾ എന്നിവയെക്കുറിച്ച് സാമാന്യേന വിശാലമായ പഠനങ്ങൾ നടന്നിട്ടുണ്ട്. പ്രാദേശിക വാണിജ്യവുമായി ബന്ധപ്പെട്ട അന്വേഷണങ്ങളിലും പഠനങ്ങളിലുമാണ് ഇനിശ്രദ്ധ പതിയേണ്ടത്.

സംഘകാലത്തേയും പെരുമാൾഭരണകാലത്തേയും രേഖകളിൽ സാധനങ്ങൾക്ക് പകരം സാധനങ്ങൾ നൽകുന്ന കൈമാറ്റവിനിമയരീതിയുടെ തെളിവുകൾ കാണാം. കാലക്രമേണ വ്യക്തികൾ തമ്മിൽത്തമ്മിലുള്ള വിനിമയത്തിലേയ്ക്ക് ഇടനിലക്കാർ കടന്നുവരികയും വിനിമയം നടത്തുവാൻ വേണ്ടി സ്ഥിരം സ്ഥലങ്ങൾ ഉരുത്തിരിഞ്ഞു വരികയും ചെയ്തു. ഈ സ്ഥലങ്ങളാണ് ചന്തകൾ. മധ്യകാലത്തെ ചരക്കുഗതാഗതം ഏറെയും ജലമാർഗ്ഗേന ആയിരുന്നതിനാൽ പുഴയോരത്തെ കടവുകൾക്ക്

അടുത്തായിരുന്നു ചന്തകൾ രൂപംകൊണ്ടത്. നദീതീരങ്ങളിൽതന്നെയുള്ള ക്ഷേത്രപരിസരങ്ങൾ, ആളുകൾ തടിച്ചുകൂടാറുള്ള ഉത്സവപ്പറമ്പുകൾ തുടങ്ങിയ സ്ഥലങ്ങളിലും ആദ്യകാലത്തെ വിപണനകേന്ദ്രങ്ങൾ രൂപംകൊണ്ടു.[4]

മധ്യകാലകേരളത്തിലെ വിപണനകേന്ദ്രങ്ങളെ പൊതുവിൽ മൂന്നായി തരംതിരിക്കാം. ഒന്ന് ആഴ്ചയിലൊരിയ്ക്കൽ മാത്രം നടക്കുന്ന ആഴ്ചച്ചന്തകളാണ്. ഇവയിൽ സ്ഥിരം സ്ഥലം ഉള്ളവയും ഇല്ലാത്തവയും ഉണ്ടായിരുന്നു. രണ്ടാമത്തേത് വിശേഷാവസരങ്ങളിൽ മാത്രം നടക്കുന്ന ഉത്സവച്ചന്ത, ഓണച്ചന്ത തുടങ്ങിയവയാണ്. ആഘോഷാവസരങ്ങളിൽ ആവശ്യം വരാറുള്ള പ്രത്യേക ചരക്കുകൾക്കോ അല്ലെങ്കിൽ ആണ്ടിലൊരിക്കൽ മാത്രം വാങ്ങേണ്ടിവരാറുള്ള നിത്യോപയോഗസാധനങ്ങൾക്കോ പ്രസിദ്ധമായവയായിരുന്നു ഇത്തരം ചന്തകൾ. മൂന്ന്, സ്ഥിരം സ്ഥലവും സമയവും ഉള്ള മുഴുവൻ സമയ കച്ചവടസ്ഥലങ്ങളായ അങ്ങാടികളാണ്. ഇവയിൽ തന്നെ വൈകുന്നേരം മാത്രം നടക്കുന്ന അന്തിയങ്ങാടി, പകൽ മുഴുവൻ തുറക്കുന്ന നാലങ്ങാടി തുടങ്ങി പലതരം അങ്ങാടികൾ ഉണ്ടാകാറുണ്ട്. ഇവയൊന്നുമല്ലാതെ ഉത്പന്നങ്ങളുമായി വീടുകളിൽ നടന്ന് വിൽപന നടത്തുന്ന സമ്പ്രദായവും അക്കാലത്ത് നിലനിന്നിരുന്നു.

ഇവയിൽ വലിയ തോതിലുള്ള കച്ചവടം നടക്കുന്ന അങ്ങാടികളിൽ മാത്രമാണ് നാണയങ്ങൾ പ്രയോഗത്തിലുണ്ടായിരുന്നത്. മറ്റിടങ്ങളിലെല്ലാം കൈമാറ്റവിനിമയ രീതിയായിരുന്നു ഉണ്ടായിരുന്നത്. ഇന്നും ഉത്സവച്ചന്തകളും വാണിഭങ്ങളും പോലുള്ള ചുരുക്കം ചിലയിടങ്ങളിൽ കൈമാറ്റവ്യവസ്ഥ നിലനിൽക്കുന്നുണ്ട്. പണ്ടുകാലത്ത് താരതമ്യേന വലിയ ചന്തകളിൽ പോലും തദ്ദേശീയരായ ജനങ്ങൾ തമ്മിൽ കൈമാറ്റ വ്യവസ്ഥയിൽ തന്നെയാണ് കച്ചവടത്തിൽ ഏർപ്പെട്ടിരുന്നത്. രണ്ടു തരത്തിലുള്ള കൈമാറ്റരീതികൾ എല്ലാ കാലഘട്ടത്തിലും ചന്തകളിൽ നിലവിലുണ്ടായിരുന്നു. ഒന്ന് പരസ്പരം വസ്തുക്കൾ വെച്ച് മാറുന്നതും രണ്ടാമത്തേത് നിശ്ചിത തീയതിയ്ക്ക് മുൻപായി അതേവസ്തുതന്നെയോ അല്ലെങ്കിൽ മറ്റൊരു വസ്തുവോ തിരികെ തരാമെന്ന ഉറപ്പിന്മേൽ നടത്തുന്ന കച്ചവടവുമായിരുന്നു. വിനിമയത്തിലേർപ്പെടുന്നവർ തമ്മിലുള്ള വ്യക്തിബന്ധം മാത്രമായിരുന്നു പിന്നീട് നൽകാമെന്ന കരാറുകളുടെ അടിസ്ഥാനം.

ചരക്കുകളുടെ മൂല്യം മറ്റു ചരക്കുകളുമായി താരതമ്യം ചെയ്തുകൊണ്ടാണ് കൈമാറ്റം നടത്തുന്നത്. എന്നാൽ ചരക്കുകളുടെ അളവിലും വൈവിധ്യത്തിലും ഉണ്ടാകുന്ന വർദ്ധനവ് ഇത് ദുഷ്കരമാക്കുന്നു.[5] ചരക്കുകളുടെ വില നിർണയിയ്ക്കാനായാണ് പ്രാദേശികവിപണിയിൽ നാണയങ്ങൾ ആദ്യം പ്രത്യക്ഷപ്പെടുന്നത്. അതേസമയം ചരക്കുകൈമാറ്റങ്ങളുടെ സമയത്തെല്ലാം ഈ നാണയങ്ങൾ പ്രത്യക്ഷപ്പെടണമെന്നില്ല. കാരണം, ചരക്കുകളുടെ മൂല്യം നാണയത്തിൽ തിട്ടപ്പെടുത്തിയാൽ പകരമായി അത്രയും മൂല്യമുള്ള മറ്റു ചരക്കുകൾ നൽകിയാൽ മതി. ഇമ്മട്ടിൽ നേരിട്ട് പ്രത്യക്ഷപ്പെടാതെ തന്നെ പണം ഉപയോഗിയ്ക്കുന്ന പട്ടുവാണിജ്യത്തെ പറ്റി പതിനഞ്ചാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഉണ്ടായ ഒരു ചീനഗ്രന്ഥത്തിൽ പ്രസ്താവം കാണുന്നു. അതേപോലെ ഒമ്പതാംനൂറ്റാണ്ട് മുതൽ പന്ത്രണ്ടാം നൂറ്റാണ്ട്വരെയുള്ള പല രേഖകളിലും പൊന്നും നെല്ലും തമ്മിലുള്ള വിനിമയമൂല്യം കാര്യമായ മാറ്റങ്ങൾ വരാതെ പ്രതിപാദിച്ചു കാണാം. പൊന്ന് നാണയരൂപത്തിൽ പ്രചാരത്തിലുണ്ടായിരുന്നെങ്കിലും അതിന് തൂക്കത്തിന് അനുസൃതമായുള്ള മൂല്യം മാത്രമായിരുന്നു ഇവിടെ പ്രചാരത്തിലുണ്ടായിരുന്നത് എന്നും മനസ്സിലാക്കാൻ സാധിയ്ക്കുന്ന തെളിവുകളുണ്ട് (എം.ആർ. രാഘവ വാരിയർ, 1997:33-35).[6]

പര്യവേഷണങ്ങൾവഴി ലഭ്യമായ നാണയങ്ങളും വിദേശസഞ്ചാരികളുടെ കുറിപ്പുകളിലെ വാണിജ്യപരമായ പരാമർശങ്ങളും കേരളത്തിലെ ആഭ്യന്തര വാണിജ്യത്തെ പൂർണ്ണമായി മനസ്സിലാക്കാൻ അപര്യാപ്തമാണെന്ന് ഇന്ന് അംഗീകരിയ്ക്കപ്പെട്ടിട്ടുണ്ട്.[7] മധ്യകാല സാഹിത്യങ്ങളും, ഗ്രന്ഥവരികളും സമൂഹത്തിന്റെ ഓർമ്മകളുമാണ് കേരളത്തിലെ ചന്തപാരമ്പര്യത്തെക്കുറിച്ചുള്ള അന്വേഷണങ്ങളിലെ പുതിയ ഉപാദാനങ്ങൾ. ഇവയിൽ വളരെ സവിശേഷ പ്രാധാന്യമുള്ള ഒന്നാണ് മധ്യകാലഘട്ടത്തിലെ മണിപ്രവാളകാവ്യങ്ങൾ.

### 3.1.2 മണിപ്രവാളത്തിലെ അങ്ങാടിവർണന

മഹിളാളിമഹാസ്പദങ്ങളായി വിശേഷിപ്പിച്ചിരുന്നവയായിരുന്നു മണിപ്രവാള കൃതികൾ. ശൃംഗാരത്തിനും ഹാസ്യത്തിനും ഭക്തിയ്ക്കും മാത്രം സ്ഥാനമുണ്ടായിരുന്ന

ഈ കൃതികളിൽനിന്ന് ഗൗരവപൂർണ്ണമായ പഠനങ്ങളൊന്നും സാധ്യമാവില്ലെന്നായിരുന്നു പൊതുവേയുള്ള ധാരണ.[8] എന്നാൽ ക്ഷേത്രവർണ്ണനകളും സ്ത്രീവർണ്ണനകളും പോലെ തന്നെ മണിപ്രവാളകൃതികളിൽ ആവർത്തിച്ച് കാണുന്ന ഒന്നായിരുന്നു അങ്ങാടി വർണ്ണനകൾ. പതിമൂന്ന്, പതിനാല് നൂറ്റാണ്ടുകളിലെ കേരളത്തിലെ വിൽപ്പന ചരക്കുകളുടെ വിനിമയരീതി, ജലപ്രകൃതി, ജൈവവൈവിധ്യം എന്നിവയെക്കുറിച്ച് അടയാളപ്പെടുത്തിയ രജിസ്റ്റർ എന്ന നിലയ്ക്ക് ഇന്ന് മണിപ്രവാളകൃതികൾ പരിഗണിയ്ക്കപ്പെടുന്നുണ്ട്.

ലഭ്യമായിടത്തോളം മണിപ്രവാളകൃതികളിൽ ഉണ്ണിയാടീചരിതം, ഉണ്ണിനീലീ സന്ദേശം, അനന്തപുരവർണ്ണനം എന്നീ കൃതികളിലാണ് ഏറ്റവും കൂടുതൽ അങ്ങാടി വർണ്ണനകൾ കാണാനാകുന്നത്. കോകസന്ദേശം, ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീ ചരിതം എന്നീ കൃതികളിലും മധ്യകാലത്തെ അങ്ങാടികളെക്കുറിച്ചുള്ള ചെറിയ വിവരണങ്ങൾ കാണാനാകും. രണ്ട് തരത്തിലാണ് ഈ കൃതികളിൽ അങ്ങാടി വർണ്ണനകൾ കടന്നു വരുന്നത്. ഒന്നാമത്തേത് വിൽപ്പനച്ചരക്കുകളുടെ വിവരണമായിട്ടാണ്.

"അനന്തതീർത്ഥമാടാമ-
ങ്ങനന്തേനൈവ നിർമ്മിതം
പാപഘ്നമാടിനാൽ പിന്നെ
രാവണശ്രേണി കാണലാം"[9] (അനന്തപുരവർണ്ണനം)

എന്ന് കവി കാണിച്ചുതരുമ്പോഴേയ്ക്ക് ഈയ്യവും നെയ്യും ഏലവും വേലവും ചെമ്പുമിരുമ്പുമെല്ലാമായി അങ്ങാടിത്തെരുവുകൾ നിറഞ്ഞുതെളിഞ്ഞുവരികയായി. അതോടൊപ്പം രണ്ടാമത്തേതും കടന്നുവരുന്നു. കൊടുക്കൽ വാങ്ങൽ പ്രക്രിയകളുമായി ബന്ധപ്പെട്ട ഇടപാടുകാരുടെ സംഭാഷണങ്ങളുടെ രൂപത്തിലാണ് അത്.

"മുറിച്ചുനോക്കിയേകൊൾക
മോതിരം പലവാകിലും...
അകം കെട്ടിവൈയുപൂട്ടാതെ

പറയട്ടൊരു വാണിയം

ചരക്കിന്നരിതാരേൻ ഞാൻ

വരകിന്നൊരു മീങ്കൊടു-

തരുവാനേതുമില്ലായ്കിൽ...

വലതാനും വലിപ്പിത്" (അനന്തുപുരവർണ്ണനം)

"കമ്പിയൊരെൺപതു നമ്പി പറൈഞ്ഞതു

ചെമ്പുനിറത്തിനതയ്മ്പതു പോരും

പുക്കൊരു പലമേ വിൽക്കരുതേറൈ

ച്ചർക്കരതരുവൻ തക്കരിതരുകിൽ...

തരുവൻ തരലാം കേട്ടോം"[10] (ഉണ്ണിയച്ചീചരിതം ഗദ്യം 12)

എന്നും പറഞ്ഞും മറ്റും സ്വദേശികളും പരദേശികളും തിക്കിത്തിരക്കുന്നതും ഈ കൃതികളിൽ കാണാം (കെ.വി. ദിലീപ്കുമാർ, 2009:446,447).

ഈ വർണ്ണനകളിൽനിന്നും മധ്യകാലത്തെ കേരളത്തിലെ അങ്ങാടികളുടെ സ്ഥാനവും സ്വഭാവവും മനസ്സിലാക്കാൻ സാധിക്കും. വിൽപനയ്ക്കെത്തുന്ന ചരക്കുകളും വിൽക്കാനും വാങ്ങാനും വരുന്ന ജനങ്ങളും ചരക്കുകളെത്തിയ്ക്കുന്ന വഴികളും എല്ലാം ഈ വർണ്ണനകളിൽ വിശദമായി പ്രതിപാദിയ്ക്കുന്നു.

പൊന്നാനിയുടെ സമീപപ്രദേശങ്ങൾ പരാമർശിയ്ക്കപ്പെടുന്ന ഒരു മണിപ്രവാള കൃതിയാണ് ഉണ്ണിച്ചിരുതേവീചരിതം. ഉണ്ണിച്ചിരുതേവി എന്ന കൂത്തുകാരിയെക്കുറിച്ചുള്ള വർണ്ണനകൾ കേട്ട് ഇന്ദ്രൻ അവരുടെ വീട് തേടിപ്പോകുന്ന യാത്രയാണ് ഉണ്ണിച്ചിരുതേവീ ചരിതത്തിന്റെ ഇതിവൃത്തം. ഭാരതപ്പുഴയ്ക്ക് തെക്കുള്ള വള്ളുവനാട് പ്രദേശങ്ങളിലാണ് ഈ കഥ നടക്കുന്നത്. പൊയിലം എന്ന ഗ്രാമത്തിലുള്ള ഉണ്ണിച്ചിരുതേവിയുടെ തറവാട് അന്വേഷിച്ച് വരുന്ന ഇന്ദ്രൻ യാത്രാമധ്യേ കാണുന്ന സ്ഥലങ്ങളും കാഴ്ചകളും സംഭാഷണങ്ങളുമാണ് കൃതിയിലുള്ളത്.[11]

കാർഷികപ്രാധാന്യമുള്ള പ്രദേശങ്ങളാണ് ഇവിടമെന്ന് ഉണ്ണിച്ചിരുതേവീ ചരിതത്തിലെ ഭൂവർണ്ണനകളിൽ നിന്ന് മനസ്സിലാക്കാം. പ്രധാനമായും മൂന്ന് തരത്തിലുള്ള

ഭൂപ്രകൃതികളാണ് ഈ കൃതിയ്ക്കകത്ത് പരാമർശിച്ച് കാണുന്നത്. തീരദേശത്തിനടുത്ത് കാട് പോലെയുള്ള പ്രദേശങ്ങളുള്ള കനലം, നദീതീരത്തെ പുഞ്ചക്കൃഷി നടക്കുന്ന പുഞ്ചെകഴനി, കരിമ്പും പഴവർഗങ്ങളും വിളയുന്ന സമതലങ്ങൾ എന്നിവയാണ് അവ. ഇന്ദ്രന്റെ യാത്ര പ്രധാനമായും ഭാരതപ്പുഴയുടെ തീരങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ്. പ്രധാനമായും രണ്ട് വ്യത്യസ്ത രീതികളിൽ ഭാരതപ്പുഴയുടെ തീരപ്രദേശത്തെ ഉണ്ണിച്ചിരുതേവീ ചരിതത്തിൽ തരംതിരിയ്ക്കുന്നുണ്ട്. ഒന്ന് വേദകർമ്മങ്ങൾ നടക്കുന്ന, വെള്ളം കുറവുള്ള പുഴയുടെ തീരങ്ങൾ. ക്ഷേത്രങ്ങൾ അധികവും സ്ഥിതിചെയ്യുന്നതും വേദപഠനവും ഉപനയനവും പൂജകളും നടന്നിരുന്നതും 'പേരാറ്പുരം' എന്ന് വിളിയ്ക്കുന്ന ഈ പ്രദേശത്തായിരുന്നു.[12] രണ്ടാമത്തേത് യാത്രാമധ്യേ ജനങ്ങളെ ഒരുപാട് കാണാനാകുന്ന പുഴവക്കത്തുള്ള തെരുവുകൾ. കടവുകളും അങ്ങാടികളും താമസ സ്ഥലങ്ങളും എല്ലാം കേന്ദ്രീകരിച്ചിരുന്നത് 'പേരാറ് വീഥി' എന്ന് വിശേഷിപ്പിച്ചിരുന്ന ഈ പ്രദേശത്താണ്. പുഴയോരം ചേർന്നുകൊണ്ടായിരുന്നു അന്നത്തെ സഞ്ചാരപാതകൾ ഏറെയും നിലനിന്നിരുന്നതെന്നും പ്രധാനപ്പെട്ട അങ്ങാടികളും നഗരങ്ങളും ഇവിടെ തന്നെയായിരുന്നെന്നും ഇതിൽ നിന്നും മനസ്സിലാക്കാം (K.N.Ganesh, 2016:14).

ചിറ്റങ്ങാടി, അയ്യനാർചിറ എന്നിവയാണ് ഉണ്ണിച്ചിരുതേവീ ചരിതത്തിൽ ദൃശ്യമാകുന്ന അങ്ങാടികൾ. ഉണ്ണിച്ചിരുതേവിയുടെ വീട്ടിലേയ്ക്ക് പോകുന്നവഴിക്ക് ഉള്ള ചെറിയ അങ്ങാടിയേയാണ് ചിറ്റങ്ങാടിയെന്ന് വിളിയ്ക്കുന്നത്. സമൂഹത്തിലെ താഴേയ്ക്കിടയിലുള്ളവർ വന്നുചേരുന്ന ഈ അങ്ങാടിയിലെ ദാസിപ്പെണ്ണുങ്ങൾ തമ്മിലുള്ള സംഭാഷണമാണ് കൃതിയിൽ പരാമർശിയ്ക്കുന്നത്. ഉണ്ണിച്ചിരുതേവിയുടെ വീട്ടിലേയ്ക്കുള്ള വഴിയിലെ മറ്റൊരു പ്രധാനസ്ഥലമാണ് അയ്യനാർചിറ എന്ന നഗരം. അയ്യാനാർചിറയിലെ വ്യാപാരികളേയും അവർ നടത്തുന്ന വ്യാപാരങ്ങളും കണ്ട് ഇന്ദ്രൻ വിസ്മയത്തിലാറാടുന്നതാണ് ഈ ഭാഗത്തിൽ പറയുന്നത്. പാലൈക്കാട്, പെരുങ്ങോട്, മറയച്ചേരി, കഴയൂർ എന്നിവയാണ് ഉണ്ണിച്ചിരുതേവീ ചരിതത്തിൽ പരാമർശിച്ചു കാണുന്ന മറ്റു സ്ഥലങ്ങൾ. ഉണ്ണിച്ചിരുതേവിയ്ക്ക് ഒപ്പം കൂത്ത് പഠിക്കുന്ന കൂട്ടുകാരുടെ സ്ഥലങ്ങളായാണ് പാലൈക്കാട്, പെരുങ്ങോട് എന്നിവ പ്രത്യക്ഷപ്പെടുന്നത്. പാലൈക്കാട് ഇന്നത്തെ പാലക്കാടും പെരുങ്ങോട് അതേ പേരിൽ തന്നെ ഇന്നും അറിയപ്പെടുന്ന

പാലക്കാടിനടുത്തുള്ള സ്ഥലവുമായിരിയ്ക്കണം. മായച്ചേരി പൊന്നാനിയ്ക്കടുത്തുള്ള മാറഞ്ചേരി ആയിരിക്കണം. കഴയൂർ എന്ന സ്ഥലം ഏതെന്ന് അറിയില്ലെങ്കിലും ഉപ്പ് നിർമ്മാണമെന്നു അർത്ഥം കൽപ്പിക്കാവുന്ന കഴി എന്ന പേരിൽ നിന്നുമായിരിക്കണം ഈ സ്ഥലനാമം ഉണ്ടായതെന്നും അതിനാൽ പൊന്നാനിയ്ക്ക് അടുത്തുതന്നെയാകാം ഈ സ്ഥലമെന്നും കെ എൻ ഗണേഷ് അഭിപ്രായപ്പെടുന്നുണ്ട് (K.N.Ganesh, 2016:145).

കൈമാറ്റത്തിൽ അധിഷ്ഠിതമായ വിനിമയവ്യവസ്ഥയായിരുന്നു ചിറ്റങ്ങാടിയിലേത്. ചിറ്റങ്ങാടിയെക്കുറിച്ച് പരാമർശമുള്ള ഉണ്ണിച്ചിരുതേവി ഗദ്യം ഇരുപതിൽ ഈ കൈമാറ്റവ്യവസ്ഥയ്ക്ക് ഒരുപാട് ഉദാഹരണങ്ങളുണ്ട്.

> “.....മൂത്തമ്മേ മണൽ
> മൂഴക്കരിയെന്റൂത്തൽകയ്യൻ
> ചൊന്നതുകൊണ്ടമ്മൂത്രക്കുഴിമുട
> വിറ്റതുമുറ്റും കാർത്തിയവാണിയ-
> മെല്ലോ.....”[13]
> “ചിക്കിരമുരിതരുമാറു പറഞ്ഞി-
> ട്ടക്കരെയീയപ്പോയനൊരുക്കാ-
> ലക്കരുമത്തിന്നായിനനാൾ...”[14]

(ചാത്തനാത്ത് അച്യുതനുണ്ണി & എം.ആർ.രാഘവവാരിയർ, 2017:60,61)

മണലമീൻ, അരി, അമരപ്പയർ എന്നിവയാണ് ഈ വരികളിൽ പരാമർശിച്ച് കാണുന്ന ചരക്കുകൾ. മീനുകൾ, ധാന്യങ്ങൾ, പച്ചക്കറികൾ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ ആണ് ഇവിടെ കൈമാറ്റം ചെയ്യപ്പെടുന്നത്. തുണികൾ, നിത്യോപയോഗ സാധനങ്ങൾ, എന്നിങ്ങനെയുള്ള ചരക്കുകൾ ഒന്നും പരാമർശിച്ച് കാണുന്നില്ല എന്നതുകൊണ്ട് മാത്രം അവയൊന്നും വിറ്റിരുന്നില്ല എന്നും ഉറപ്പിയ്ക്കാനാകില്ല. എന്നാൽ ചിറ്റങ്ങാടിയിൽ നടന്നിരുന്ന വിനിമയത്തിന്റെ രീതി ഏതു വിധമായിരുന്നു എന്ന് ഈ വരികളിൽ നിന്നും മനസ്സിലാക്കാൻ സാധിയ്ക്കും. മീനിനു പകരമായി അരി തരാമെന്ന് വാക്ക് പറഞ്ഞിട്ട് അതു തന്നില്ല എന്നാണ് ഒരു ഭാഗത്ത് പരാതിയായി പറയുന്നത്. വിഭവങ്ങൾക്ക് പകരം

വിഭവങ്ങൾ കൈമാറുന്ന കൈമാറ്റവിനിമയ രീതിയിൽ തന്നെയാണ് ചിറ്റങ്ങാടിയിൽ കച്ചവടം നടന്നിരുന്നത് എന്ന് വ്യക്തം. ഉരി അമരപ്പയർ തരാമെന്ന് വാക്ക് പറഞ്ഞിട്ട് അത് തരാമെന്ന് ഏറ്റദിവസം അയാൾ അതു തന്നില്ലെന്ന് ശകാരിയ്ക്കുന്നിടത്ത് നിന്നും പിന്നീട് തന്നുകൊള്ളാം എന്ന ഉറപ്പിലും കൈമാറ്റങ്ങൾ നടക്കുന്നുണ്ടെന്ന് മനസ്സിലാക്കാം. വിനിമയം ചെയ്യുന്നവർ തമ്മിലുള്ള മുൻപരിചയം കൂടിയാണ് ഇത്തരം വിനിമയരീതിയിൽ ദൃശ്യമാകുന്നത്. നാട്ടുചന്തകൾ കച്ചവടസ്ഥാപനങ്ങളിലേയ്ക്ക് മാറിയപ്പോൾ നഷ്ടപ്പെട്ടത് വിനിമയത്തിന് അപ്പുറവും ഇപ്പുറവും ഉള്ളവർ തമ്മിലുള്ള ഈ വ്യക്തിബന്ധം കൂടിയാണ്.

ചിറ്റങ്ങാടിയിൽ നിന്ന് വ്യത്യസ്തമായി കുറച്ചുകൂടി വലിയ നഗരം എന്ന രീതിയിലാണ് അയ്യനാർചിറ പ്രത്യക്ഷപ്പെടുന്നത്. അയ്യനാർചിറയിലെ വാണിജ്യത്തേയും അവിടെ വാണിജ്യത്തിനായി വരുന്ന കച്ചവടക്കാരേയും അവിടത്തെ നാണയങ്ങളെക്കുറിച്ചും മറ്റുമാണ് ഗദ്യം ഇരുപത്തിയൊന്നിലെ വർണനകൾ.

"പാകമരെപ്പണമൊരുപണമേരൊ.....
.................................................ച്ചൊരു
വീശം കാണി കുറൈഞ്ഞരമാവോ-
ടെട്ടോവാതിയരൈത്തിരമം കാല്-
ത്തിരമമിരണ്ടേമുക്കാല്ത്തിരമം
കൈകുറെയറുപലമരെ.....
............................വണ്ണത്തിറ
പേശിനിറുത്തിപ്പഞ്ചച്ളാകയി-
ടൈച്ളാകനട്ടൈച്ച്ളാകയിതച്ചു
മുതൽക്കുന്തട്ടം നെല്ലിന്നിന്റു
ചെലുത്തരുതിനിയിതു പുടമെയ്തടുമിതു
ബഹുഭാഷാഭിഃ പൊന്നുന്തിരമമു-
മച്ചു.....പിന്നയു-

മെല്ലാംകൊണ്ടു വഴങ്ങി വിളമ്പും

വാണിയരാൽ കൃതകോലാഹലമ-

ങ്ങായാനാർചിറയാന്നഗരം ക-

ണ്ടായാനവനഥ വിസ്മയജലധൗ"

(ചാത്തനാത്ത് അച്യുതനുണ്ണി & എം.ആർ.രാഘവവാരിയർ, 2017:60,61)

ചിറ്റങ്ങാടിയെക്കുറിച്ച് വർണ്ണിയ്ക്കുന്നിടത്ത് അങ്ങാടിയിലെ ചരക്കുകളായിരുന്നു കണ്ടതെങ്കിൽ അയ്യനാർചിറയെക്കുറിച്ച് പറയുന്നിടത്ത് അവിടെ ഉപയോഗിച്ചിരുന്ന നാണയങ്ങളാണ് കാണാൻ സാധിയ്ക്കുക. നാണയങ്ങൾ ഉപയോഗിയ്ക്കാത്ത കൈമാറ്റ വിനിമയരീതി ആയിരുന്നു ചിറ്റങ്ങാടിയിലേത്. പാകം, പണം, വീശം, പാണി, തിരമം, പലം, കച്ചു, ച്ളാക, നിറ തുടങ്ങി ഒരുപാട് നാണയങ്ങൾ ഇവിടെ കാണാം. ഇവിടെ പറയുന്ന നാണയങ്ങളിൽ ഭാഗം, പണം മുതലായവ കേരളത്തിൽ മാത്രമല്ല തമിഴകം, കർണ്ണാടകം, ആന്ധ്രദേശം എന്നിവിടങ്ങളിലും നടപ്പിലുള്ളവയായിരുന്നു എന്ന് അതാതിടങ്ങളിലെ ലിഖിതങ്ങളിൽ നിന്നും അറിയാൻ സാധിയ്ക്കും.[15]

അയ്യനാർചിറയിൽ കച്ചവടത്തിനെത്തുന്ന കച്ചവടക്കാരെക്കുറിച്ചാണ് ഇവിടെയുള്ള മറ്റു പരാമർശങ്ങൾ. അളവുതൂക്കങ്ങൾ നടത്തുന്ന ബഹുഭാഷികളായ വാണിയരാൽ നിറഞ്ഞതാണ് ഇവിടമെന്ന് വർണ്ണനയിൽ പറയുന്നു.[16] വാണിയർ എന്നത് അക്കാലത്തെ ഒരു ജാതി രൂപം ആയിരുന്നു. എന്നാൽ ഇവിടെ പരാമർശിച്ചു കാണുന്നത് കച്ചവടം നടത്തുന്നവർ എന്ന അർത്ഥത്തിൽ മാത്രം ആയിരിയ്ക്കണം. ബഹുഭാഷികൾ എന്ന വിശേഷണം കേരളത്തിൽ പ്രാചീനകാലംമുതൽക്ക് സജീവമായിരുന്ന വൈദേശികവ്യാപാരികളുടെ സാന്നിധ്യത്തെയാകാം സൂചിപ്പിക്കുന്നത്. വളഞ്ചിയർ, പാണ്ടിയർ തുടങ്ങി പലതരം വാണിജ്യസംഘങ്ങളെക്കുറിച്ചും ഉണ്ണിയച്ചീ ചരിതത്തിൽ പരാമർശങ്ങൾ ഉണ്ട്.[17] പലതരം നാണയങ്ങളും ഒരുപാട് വ്യാപാരികളും ഒക്കെ വരുന്ന വലിയൊരു നഗരമാണ് അയ്യനാർചിറയെന്ന് ഇതിൽനിന്നും അനുമാനിക്കാം.

ഉണ്ണിച്ചിരുതേവിയുടെ വീട്ടിലേയ്ക്ക് ഇന്ദ്രൻ യാത്രയാകുന്നത് അയ്യനാർ ചിറയിൽ നിന്നാണ്. അയ്യനാർചിറക്ക് സ്ഥലത്തെ പ്രധാന തറവാടുകളുമായി അടുത്ത ബന്ധം

ഉണ്ടായിരുന്നിരിയ്ക്കണം. മധ്യകാലകേരളത്തിലെ പ്രധാന ബ്രാഹ്മണ ഗ്രാമങ്ങളായ ചോകിരത്തിനും പന്നിയൂരിനും വളരെ അടുത്തായിരുന്നു ഈ നഗരം സ്ഥിതി ചെയ്തിരുന്നത്. അവിടെനിന്നാണ് ഉണ്ണിച്ചിരുതേവിയുടെ വീട് സ്ഥിതിചെയ്യുന്ന പൊയിലം എന്ന സ്ഥലത്തേയ്ക്ക് ഇന്ദ്രൻ യാത്രയാകുന്നത്. പൊയിലം ഇന്നത്തെ മലമക്കാവ് എന്ന സ്ഥലമാണ് എന്നാണ് അനുമാനം. ഈ അനുമാനങ്ങൾ ചേർത്തു വെച്ചുകൊണ്ടാണ് അയ്യനാർചിറനഗരത്തിന്റെ സ്ഥാനം ചരിത്രകാരന്മാർ നിർണയിയ്ക്കുന്നത്. ചോകിരത്തു നിന്നും പന്നിയൂരിലേയ്ക്കുള്ള വഴിയെ മലമക്കാവിലേയ്ക്ക് ഉള്ള വഴിയുമായി ബന്ധിപ്പിക്കുന്ന ആനക്കര എന്ന സ്ഥലമാണ് അയ്യനാർചിറ നിലനിന്നിരുന്ന ഇടമായി ഡോ. കെ എൻ ഗണേശ് നിർണയിയ്ക്കുന്നത് (K.N.Ganesh, 2016:148). പൊന്നാനിയിൽ നിന്നും കൊപ്പം വഴി പാലക്കാട്ടേയ്ക്കുള്ള പാതയിലാണ് ഈ സ്ഥലത്തിന്റെ സ്ഥാനം. പൊന്നാനി പാലക്കാട് പാത ഏറെ വാണിജ്യപ്രാധാന്യമുള്ള ഒരു പാതയാണ്. അതുപോലെ ഭാരതപ്പുഴയ്ക്ക് അടുത്തുമാണ് ഈ സ്ഥലം. പണ്ടുകാലത്തെ പ്രധാന ചരക്കുകടത്തുമാർഗങ്ങളിൽ ഒന്നായിരുന്നു നദികൾ. ഇത്തരത്തിലും അയ്യനാർചിറ എന്ന നഗരത്തിന് വളരെയധികം വാണിജ്യപ്രാധാന്യം കൈവരുന്നുണ്ട്.

മണിപ്രവാളസാഹിത്യത്തിൽ പരാമർശിയ്ക്കുന്ന അങ്ങാടികളുടെ സ്ഥാനനിർണയം സാധ്യമായിട്ടുണ്ടെങ്കിലും ഈ അങ്ങാടികൾ ഒന്നും പിന്നീട് ഏതുകാലംവരെ നിലനിന്നിരുന്നു എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല. പഴയ വാണിജ്യ കേന്ദ്രങ്ങൾ പലതും കാലക്രമത്തിൽ ഇല്ലാതാവുകയും പുതിയവ ചിലതെല്ലാം രൂപപ്പെടുകയും ചെയ്തു. ഇന്നും നിലനിൽക്കുന്നതും അല്ലെങ്കിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനകാലംവരെ നിലനിന്നിരുന്നതുമായ വാണിജ്യകേന്ദ്രങ്ങളെക്കുറിച്ച് തദ്ദേശീയരായ ജനങ്ങൾ കൊണ്ടുനടക്കുന്ന ഓർമ്മകളിൽ നിന്നാണ് കേരളത്തിലെ അങ്ങാടികളേയും ചന്തകളേയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്നത്. സുമാർ അമ്പത് വർഷം മുൻപ്വരെ കേരളത്തിലെ പ്രധാനപ്പെട്ട വാണിജ്യകേന്ദ്രങ്ങളിൽ ഒന്നായി നിലനിന്നിരുന്ന പൊന്നാനിയെന്ന പ്രദേശത്തിന് തീർച്ചയായും ഇത്തരം ഓർമകൾ ഒരുപാടുണ്ട്.

### 3.2 പൊന്നാനിയിലെ വാണിജ്യകേന്ദ്രങ്ങൾ

മധ്യകാലഘട്ടത്തിൽ കാർഷികമേഖലയ്ക്കുണ്ടായ വളർച്ചയാണ് വ്യാപാര കേന്ദ്രങ്ങളും സ്ഥിരം കച്ചവടസ്ഥലങ്ങളുമെല്ലാം രൂപപ്പെടാനുള്ള പ്രധാനകാരണം. ഇതേ കാലഘട്ടത്തിൽത്തന്നെയാണ് കേരളത്തിൽ നഗരങ്ങളും പട്ടണങ്ങളും എല്ലാം വർദ്ധിയ്ക്കുന്നതും. പൊന്നാനി മധ്യകേരളത്തിലെ വാണിജ്യ പ്രധാനമായ പ്രദേശം ആയിരുന്നതുകൊണ്ടുതന്നെ ഒരുപാട് കച്ചവടസ്ഥലങ്ങളും വാണിജ്യകേന്ദ്രങ്ങളും ഇവിടെ രൂപംകൊണ്ടു. അവയിൽ പലതും ഇല്ലാതെയാകുകയും പുതിയവ പിൽക്കാലത്ത് ആവിർഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നും തുടരുന്ന എന്നാൽ എന്നുമുതൽ തുടങ്ങിയിരിയ്ക്കാമെന്ന് കണ്ടെത്താൻ സാധിക്കാത്ത, വിപണന കേന്ദ്രങ്ങളുമുണ്ട്.

ആഭ്യന്തരവാണിജ്യത്തെ അത് നിലനിൽക്കുന്ന സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ രണ്ടായി തിരിയ്ക്കാനാകും. ഒന്ന് സ്ഥിരം സ്ഥലമുള്ളവയും മറ്റൊന്ന് സ്ഥിരം സ്ഥലമില്ലാത്തവയും. തങ്ങളുടെ ഉത്പന്നങ്ങളുമായി സഞ്ചരിച്ച് പല ദേശങ്ങളിൽ വിൽപന നടത്തുന്നവരുടേതാണ് രണ്ടാമത് പറഞ്ഞ വിഭാഗം. കൈവേലക്കാരോ അവരിൽനിന്നും സാധനങ്ങൾ വാങ്ങിവന്നിരുന്ന ചെട്ടിച്ചികളോ ആയിരുന്നു ഇക്കൂട്ടരിൽ അധികവും.[18] മിക്കപ്പോഴും ഇക്കൂട്ടർ മറ്റു പ്രദേശങ്ങളിൽ നിന്നും വന്നിരുന്നവരായിരുന്നു. പ്രാദേശിക ജീവിതത്തിൽ കൂടുതൽ അടുത്തിടപെട്ടിരുന്നതും ജനജീവിതവുമായി നേരിട്ടു ബന്ധപ്പെട്ടിരുന്നതും ആദ്യം പറഞ്ഞ സ്ഥിരം സ്ഥാനങ്ങളിൽ കച്ചവടം ചെയ്തിരുന്ന തദ്ദേശീയരായിരുന്നു. പൊതുവിൽ മൂന്ന് തരത്തിലാണ് ഈ കച്ചവടകേന്ദ്രങ്ങൾ നിലനിന്നിരുന്നത്.

ഒന്നാമത്തേത് വലിയ നഗരസ്വഭാവമുള്ള അങ്ങാടികളാണ്. ഒരു വലിയ ഭൂപ്രദേശത്തിന്റെ മൊത്തം കച്ചവടതലസ്ഥാനം ഇവിടമായിരിയ്ക്കും. സ്ഥിരം സ്ഥലമുള്ളതും നിത്യേന പ്രവർത്തിയ്ക്കുന്നതുമായ ഈ അങ്ങാടി വിൽപ്പനക്കാരനും ഉപഭോക്താവും തമ്മിലുള്ള വ്യക്തിബന്ധത്തിന് പകരം കച്ചവടബന്ധത്തിന് പ്രാധാന്യം കൽപ്പിയ്ക്കുന്ന ഇടങ്ങളായിരുന്നു. ഇന്ന് കാണുന്ന മാർക്കറ്റ് എന്ന കച്ചവടസ്ഥലത്തിന്റെ ആദ്യരൂപം ഈ അങ്ങാടികളാണ്. ചരക്കുകളിലും ചരക്കുടമസ്ഥതകളിലും എല്ലാം

ഗണ്യമായ മാറ്റം വന്നെങ്കിലും പഴയ അങ്ങാടികൾ ഇന്നും അതിന്റെ ഘടനയിലും സ്വഭാവത്തിലും വലിയമാറ്റങ്ങൾ വരാതെ നിലനിൽക്കുന്നു.

രണ്ടാമത്തേത് പ്രാദേശികമായ ചന്തകളാണ്. ഒരു പ്രദേശത്തെ വ്യക്തികൾ തമ്മിൽത്തമ്മിൽ നടക്കുന്ന വ്യാപാരത്തിന് നിശ്ചിതമായ സ്ഥലവും സമയവും കൈവരുന്നതിനെയാണ് ചന്തയെന്ന് വിളിയ്ക്കുന്നത്. തദ്ദേശീയരായ ഉത്പാദകർ അവരുടെ വസ്തുക്കൾ വിൽക്കാൻ നേരിട്ട് എത്തുകയും കൈവേലക്കാരും കൃഷിക്കാരും തങ്ങളുടെ ഉത്പന്നങ്ങൾ കൈമാറ്റം ചെയ്യുകയും ചെയ്യുന്നതായിരുന്നു ചന്തയുടെ ആദ്യ രൂപം. സാധനങ്ങളുമായി വരുന്ന മറുനാട്ടുകാരും ഇടനിലക്കാരും പിൽക്കാലത്ത് ചന്തയിൽ ഇടം പിടിച്ചുവെങ്കിലും ഉത്പാദകന് വിപണിയിൽ നേരിട്ടുള്ള പങ്കാളിത്തം ഉണ്ട് എന്നതാണ് ചന്തയുടെ പ്രധാന സവിശേഷതയായി കണക്കാക്കുന്നത്. അങ്ങാടിയിൽ നിന്നും വ്യത്യസ്തമായി, എപ്പോഴും പ്രവർത്തിക്കുന്ന ഒന്നല്ല ചന്ത. ആഴ്ചയിൽ ഒരിയ്ക്കൽ മാത്രം നടക്കുന്ന ആഴ്ചച്ചന്തകളും, വൈകുന്നേരങ്ങളിൽ മാത്രം നടക്കുന്ന അന്തിച്ചന്തകളും ഉണ്ടായിരുന്നു. ചന്ത നടക്കുന്ന സമയം സുനിശ്ചിതമായ ഒന്നായിരുന്നെന്നും അത് അവിടത്തെ ജനങ്ങളുടെ ജീവിതചര്യയുടെ തന്നെ ഭാഗമായിരുന്നെന്നും വേണം മനസ്സിലാക്കാൻ. ആഗോളവത്കരണത്തിന്റെ വരവോടെ ക്ഷയിച്ചുതുടങ്ങിയതും വർത്തമാനകാലത്ത് വലിയ പുനരുജ്ജീവനങ്ങൾക്ക് വിധേയമായതും ആയ രൂപമാണ് ചന്തയുടേത്.

വിശേഷാവസരങ്ങളിൽ മാത്രം നടക്കുന്ന വാർഷികച്ചന്തകളാണ് മൂന്നാമത്തെ തരം. ഉത്സവച്ചന്ത, നേർച്ചചന്ത, ഓണച്ചന്ത, വാണിഭങ്ങൾ എന്നിവയെല്ലാം ഇക്കൂട്ടത്തിൽ പെടും. സാമാന്യജനങ്ങളുടെ ജീവിതവുമായി ഏറ്റവും അടുത്ത് നിൽക്കുന്നത് ഇത്തരം ചന്തകളും വാണിഭങ്ങളുമാണ്. കമ്പോളവത്കരണത്തിന്റേയും ഉപഭോഗ ആസക്തിയുടേയും കാലത്തും തകരാതെ പിടിച്ചുനിൽക്കാനുള്ള ഒരു സാംസ്കാരിക പ്രതിരോധശേഷി ഉള്ളവയാണ് ഈ പ്രാദേശികവിപണികൾ. ഉത്പാദകർക്ക് വലിയതോതിലുള്ള പങ്കാളിത്തം ഉണ്ടായിരുന്ന ഇത്തരം ചന്തകളിലും വാണിഭങ്ങളിലും ഇന്ന് ഇടനിലക്കാരുടെ കടന്നുവരവ് വർധിച്ചിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്.

### 3.2.1 പൊന്നാനി അങ്ങാടി

പൊന്നാനി തുറമുഖത്തിന് തെക്ക്-കിഴക്ക് ദിശയിൽ റോഡിന് ഇരുവശവുമായി സ്ഥിതിചെയ്യുന്ന കടമുറികളുടെ കൂട്ടത്തേയാണ് പൊന്നാനി അങ്ങാടി എന്ന് വിളിയ്ക്കുന്നത്. പൊന്നാനി ഹാർബറിന് തൊട്ട്താഴെ കോടതിപ്പടി മുതൽ ഒന്നര കിലോമീറ്റർ അപ്പുറം ചന്തപ്പടി വരേയുള്ള സ്ഥലങ്ങൾ മുഴുവനും ഒരുകാലത്ത് ഈ അങ്ങാടിയുടെ ഭാഗമായിരുന്നു എന്നാണ് അനുമാനം. ഇന്ന് പൊന്നാനി നഗരമെന്ന ചെറിയ പ്രദേശത്തേയ്ക്ക് മാത്രമായി ചുരുങ്ങിയ, പഴക്കം ചെന്ന് വീഴാറായ കുറേ കടമുറികളും, പഴയകാലത്തെ വാണിജ്യപ്രതാപത്തിന്റെ ഓർമ്മകളും മാത്രമാണ് പഴയപൊന്നാനിയിലെ ഈ അങ്ങാടി.

പൊന്നാനി അങ്ങാടിയെ അങ്ങാടിയാക്കിമാറ്റുന്നത് അതിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പിന്റെ സവിശേഷതകളാണ്. ഹാർബറിനും അഴിമുഖത്തിനും തൊട്ടടുത്തുള്ള കോടതിപ്പടിയാണ് അങ്ങാടിയുടെ വടക്കേ അതിരായി പരിഗണിയ്ക്കപ്പെടുന്നത്. 1888-ൽ ബ്രിട്ടീഷുകാർ സ്ഥാപിച്ച കോടതിയിൽ നിന്നാണ് കോടതിപ്പടി എന്ന് ഈ സ്ഥലത്തിന് പേര് വരുന്നത്. അക്കാലത്തെ പൊന്നാനി പ്രദേശത്തെ പ്രധാന പട്ടണം എന്ന നിലയ്ക്കാകണം കോടതിയും ഭരണകേന്ദ്രവും നിർമ്മിയ്ക്കാൻ ഈ പ്രദേശം തിരഞ്ഞെടുക്കാൻ ബ്രിട്ടീഷുകാരെ പ്രേരിപ്പിച്ചത്. കടൽവഴി കരയ്ക്കെത്തിച്ചിരുന്ന ചരക്കുകൾ ഇറക്കി സൂക്ഷിയ്ക്കാനുള്ള ഗോഡൗണുകളും ഇത്രയും തന്നെ പഴക്കത്തോടെ ഇവിടെക്കാണാം. വേരുകൾ കയറിയും പൊട്ടിത്തകർന്നും ഇരിക്കുന്ന ഈ പാണ്ടികശാലകളുടെ അവശേഷിപ്പുകൾ ഇന്ന് കോടതിപ്പടിയുടെ മുഖമുദ്രയാണ്.[19] ഉന്തുവണ്ടികളിലും തലച്ചുമടായും ആയിരുന്നു ചരക്കുകൾ ഗോഡൗണുകളിൽ എത്തിച്ചിരുന്നതും അവിടെനിന്നും മറ്റ് പ്രദേശങ്ങളിലേയ്ക്ക് കൊണ്ടുപോയിരുന്നതും.

കോടതിപ്പടി കഴിഞ്ഞാൽ പൊന്നാനി നഗരം  എന്ന് വിളിയ്ക്കുന്ന ഇന്നത്തെ അങ്ങാടിയുടെ പ്രധാനഭാഗമായി.[20] നൂറ് വർഷത്തിലേറെ പഴക്കം വരുന്ന കടമുറികൾ റോഡിനിരുവശവുമായി ഇവിടെ നിറഞ്ഞുനിൽക്കുന്നത് കാണാം. ചുരുക്കം ചിലതെല്ലാം പുതുക്കപ്പെടുകയും ഒരുപാടെണ്ണം അടഞ്ഞുകിടക്കുകയും ചെയ്യുന്നതൊഴിച്ചാൽ മറ്റു

കടമുറികളെല്ലാം അതേ പഴക്കത്തോടെയും കച്ചവട പ്രാധാന്യത്തോടെയും അങ്ങാടിയിൽ നിലനിൽക്കുന്നു. കടമുറിയ്ക്ക് തൊട്ടുപുറകിൽ ഇരു വശങ്ങളിലേയ്ക്കും നീളുന്ന കൈവഴികൾ കൂടി ചേർന്നതാണ് പൊന്നാനി നഗരം. നാലുകെട്ടുകളും എട്ടുകെട്ടുകളും അടക്കമുള്ള  പഴയ മുസ്ലീംതറവാടുവീടുകളാണ് ഈ വഴികളിലെല്ലാം. പൊന്നാനി അങ്ങാടിയിലെ കടമുറികളിൽ ഏറെയും ഈ തറവാടുകളുടെ ഉടമസ്ഥതയിൽ ആയിരുന്നു.

പൊന്നാനി നഗരത്തിന് തൊട്ട് താഴെ അങ്ങാടിവഴി കനോലി കനാലിനെ കുറുകെ കടക്കുന്നത് പഴയ മരപ്പാലവഴിയാണ്.[21] കേരളത്തിലെ റോഡ് ഗതാഗതവും ചരക്ക് ലോറികളും ഇന്നത്തെ നിലയിലെത്തുന്നതു വരേയും ആഭ്യന്തര ചരക്കുകടത്തിലെ പ്രധാന ആശ്രയമായിരുന്നു കനോലി കനാൽ. പൊന്നാനിയിൽ തന്നെയോ അല്ലെങ്കിൽ സമീപ പ്രദേശങ്ങളിലോ ഉൽപാദിപ്പിച്ചിരുന്ന ചരക്കുകൾ അങ്ങാടിയിലേയ്ക്കെത്തിച്ചിരുന്നതും കടൽവഴി വന്ന ചരക്കുകളെ വടക്ക് തിരൂർ വരേയ്ക്കും, തെക്ക് ചാവക്കാട് വരേയ്ക്കും വിതരണം ചെയ്തിരുന്നതും ഈ കനാൽ വഴിയായിരുന്നു. കോടതിപ്പടിയിലെ ഗോഡൗണുകളിൽ നിന്നും ഉന്തുവണ്ടികളിലും തലച്ചുമടായും കൊണ്ട് വരുന്ന ചരക്കുകൾ മരപ്പാലത്തിന് സമീപം കടവ് വഴി കനോലികനാലിലെ വഞ്ചികളിൽ കയറ്റി അയച്ചിരുന്നു. ഇന്ന് മരപ്പാലത്തിന് പകരം ഒരു കോൺക്രീറ്റ്പാലവും, നാമാവശേഷമായ കടത്തുമാർഗങ്ങളും മാത്രമാണ് ഈ പ്രദേശത്ത് അവശേഷിയ്ക്കുന്നത്.

മരപ്പാലം കഴിഞ്ഞ് കുറച്ചുചെന്നാൽ വണ്ടിപ്പേട്ടയായി. തങ്ങളുടെ കുട്ടിക്കാലത്ത് അങ്ങാടിയുടെ അതിര് വണ്ടിപ്പേട്ട വരെയായിരുന്നു എന്നാണ് എഴുപത്‌വയസ്സിനപ്പുറം പ്രായമുള്ള തദ്ദേശീയരെല്ലാം ഓർക്കുന്നത്. അങ്ങാടിയ്ക്ക് മുൻപിലായി കാളവണ്ടികൾ നിർത്തിയിട്ടിരുന്ന പ്രദേശമാണ് ഇവിടം. പൊന്നാനിയിലേയ്ക്ക് ചരക്കെത്തിച്ചിരുന്ന പ്രധാന ചരക്കുപാതകൾ കടൽവഴികളും കനോലികനാലും ആയിരുന്നു. അതു കൊണ്ട് തന്നെ കാളവണ്ടികളുടെ ചരക്ക് കടത്തു പ്രാധാന്യം അങ്ങാടിയ്ക്കകത്തേയ്ക്ക് എന്നതിന് പകരം, അങ്ങാടിയ്ക്ക് പുറത്തേയ്ക്ക് എന്നായിരിക്കാനാണ് സാധ്യത. പ്രാദേശിക ചന്തകളിലേയ്ക്കും വാണിഭങ്ങളിലേയ്ക്കും ചരയ്ക്കെത്തിച്ചിരുന്ന ഉൾനാടൻ വ്യാപാരത്തിന്റെ ലോകത്താണ് കാളവണ്ടിയിലും ഉന്തുവണ്ടിയിലും തലച്ചുമടായും

ചരക്കെത്തിച്ചിരുന്നവരും അവർ സഞ്ചരിച്ചിരുന്ന കരവഴികളും സ്ഥിതിചെയ്യുന്നത്. അത്തരത്തിൽ നോക്കിയാൽ വണ്ടിപ്പേട്ട പൊന്നാനിയിൽ നിന്ന് പുറത്തേയ്ക്ക് വ്യാപിയ്ക്കുന്ന വ്യാപാരലോകത്തിന്റെ കവാടമാണ്. സമീപപ്രദേശങ്ങളിലേയ്ക്കാവശ്യമായ ചരക്കുകളെല്ലാം ഒരുകാലത്ത് പോയിരുന്നത് പൊന്നാനി അങ്ങാടിയിൽ നിന്നായിരുന്നു എന്നതും ഇതിനോടൊപ്പം ചേർത്ത് വായിയ്ക്കേണ്ടതാണ്.

വണ്ടിപ്പേട്ടയ്ക്കപ്പുറം ചന്തപ്പടിയെന്ന പ്രദേശം നിലവിൽ പഴയപൊന്നാനിയിലെ പ്രധാനപട്ടണമാണ്. ചന്തപ്പടി എന്നാൽ ചന്തയ്ക്ക് മുൻപുള്ള പടി എന്നാകാനാണ് സാധ്യത. ചന്തപ്പടിയിൽ നിന്നും പടി കടന്നെത്തുന്ന ഇടം മുതൽക്ക് ചന്ത. വണ്ടിപ്പേട്ട തന്നെയാകണം പഴയ പൊന്നാനി അങ്ങാടിയുടെ അതിരെന്ന് ഇതിൽ നിന്നും സ്ഥിരീകരിയ്ക്കാം. കോടതിപ്പടിയ്ക്കും ചന്തപ്പടിയ്ക്കും നടുക്കുള്ള ഈ ഒന്നര കിലോമീറ്റർ റോഡിനിരുവശവുമാണ് ഒരു കാലത്ത് മധ്യകേരളത്തിലെ പ്രധാന വാണിജ്യ കേന്ദ്രത്തിന്റെ സ്ഥാനം. കടൽ വഴികളും കടത്തുവഴികളും ചരക്ക് ഗതാഗതത്തിന്റെ പ്രധാനമാർഗമല്ലാതാകുകയും റോഡ്മാർഗമുള്ള ചരക്ക്കടത്ത് വർദ്ധിയ്ക്കുകയും ചെയ്തതോടെ ഹാർബറിനടുത്തുള്ള കോടതിപ്പടിയും കനാലിനടുത്തുള്ള പൊന്നാനി നഗരവും നാമമാത്രമാകുകയും റോഡുകൾ തമ്മിൽ കൂട്ടിമുട്ടുന്ന ജംങ്ഷനുകൾ പുതിയ പട്ടണങ്ങളാകുകയും ചെയ്തു. ചന്തപ്പടി വലിയപട്ടണമായി രൂപാന്തരപ്പെടുന്നത് ഇക്കാരണത്താലാണ്.

പൊന്നാനി അങ്ങാടിയുടെ പ്രതാപകാലത്ത് അവിടെനിന്നും കയറ്റുമതി ചെയ്തിരുന്നതും ഇറക്കുമതി ചെയ്തിരുന്നതുമായ ചരക്കുകളുടെ വൈവിധ്യം അത്ഭുതാവഹമാണ്. അങ്ങാടിയ്ക്കകത്ത് വിൽപനയ്ക്കെത്തുന്ന പലചരക്കുകൾ, സ്റ്റേഷനറിസാധനങ്ങൾ, നിത്യോപയോഗവസ്തുക്കൾ എന്നിവയാണ് ഒരു വിഭാഗം. പൊന്നാനിയിൽ ഉത്പാദിപ്പിച്ച് മറ്റു പ്രദേശങ്ങളിലേയ്ക്ക് കയറ്റിയയയ്ക്കുന്ന നാളികേരവും കയറും കയറുത്പന്നങ്ങളും അടങ്ങുന്നതാണ് രണ്ടാമത്തെ വിഭാഗം. പൊന്നാനിയിൽ നിന്നും സമീപപ്രദേശങ്ങളിലേയ്ക്കും ദൂരദേശങ്ങളിലേയ്ക്കും കയറ്റി അയച്ചിരുന്ന വിവിധതരം മീനുകളാണ് മറ്റൊരു വിഭാഗം. പത്തേമാരിയിൽ കൊണ്ടുവന്നിറക്കിയിരുന്ന ധാന്യങ്ങളും എണ്ണകളും തുണിത്തരങ്ങളും ഉപ്പും കയറ്റി

അയച്ചിരുന്ന മരഉരുപ്പടികളും അടങ്ങുന്നതാണ് ഇനിയൊരു വിഭാഗം.

പൊന്നാനി അങ്ങാടിയിലെ പ്രധാനവിൽപ്പനച്ചരക്ക് പലചരക്ക് സാധനങ്ങളായിരുന്നു. പുതിയകാലത്ത് സ്റ്റേഷനറിക്കടകളും ബേക്കറികളും അങ്ങാടിയിൽ ഇടംപിടിച്ചെങ്കിലും പൊന്നാനി അങ്ങാടിയിലെ പ്രധാനവിൽപ്പന പലചരക്ക് സാധനങ്ങൾ തന്നെയാണ്. പത്തേമാരിവഴി ഡക്കിലെത്തിയ്ക്കുന്ന ചരക്കുകൾ ഉന്തുവണ്ടിയിലും തലച്ചുമടായും കടകളിലേക്കെത്തിയ്ക്കുകയായിരുന്നു പതിവ്. പത്തേമാരികൾ തദ്ദേശീയരായ ജനങ്ങളുടേതാണെങ്കിലും അതിൽ വരുന്ന ചരക്കുകൾ ഏജൻസികൾ വഴി എത്തിച്ചേരുന്നതാണ്. പൊന്നാനിക്കാരായ മുസ്ലീം പ്രമാണികളും പൊന്നാനിയിൽവന്നു താമസമാക്കിയ സേട്ടുമാരും ആയിരുന്നു മറ്റു നാടുകളിൽ പോയി ചരക്ക് വാങ്ങിയിരുന്ന പ്രധാന ഏജൻസികൾ. പൊന്നാനിയിലെ മീൻ കയറ്റുമതിയിലും പ്രധാന പങ്കാളിത്തം ഉണ്ടായിരുന്നത് ഈ ഏജൻസികൾക്കായിരുന്നു. കെ. വി. കുഞ്ഞുമൊയ്ദീൻ, ഇ. എം. അബ്ദുറഹ്മാൻ, ഡി. എം. കുഞ്ഞുബാബ, കെ. വി. അബ്ദുൾഖാദർ ഹാജി, സി. ശേഷയ്യർ, എസ്. വി. ശേഷയ്യർ തുടങ്ങിയവർ മുൻതലമുറകളിലെ പ്രധാനപ്പെട്ട ഏജൻസികൾ നടത്തിയിരുന്നവരാണ്.

പൊന്നാനി ബ്രിട്ടീഷ് ആധിപത്യത്തിൽ വരുന്നതിനു മുൻപേതന്നെ ഇവിടെ ഗുജറാത്തിലെ കച്ച്, പോർബന്തർ, കുംറ്റാ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും കച്ചവടക്കാർ വന്നു താമസമാക്കിയിരുന്നു. ഭാട്ടിയ, ബനിയ വിഭാഗത്തിൽപെട്ട ഉന്നതകുലരായിരുന്നു ഗുജറാത്തിൽനിന്നും വന്നവരിലധികവും. തൃക്കാവി കോവിലകത്തിന് സമീപത്തായാണ് ഇവർ താമസമാക്കിയത്. ഇവരെക്കൂടാതെ കച്ചുകാരായ ഹാലായിസ്മേമൻ മുസ്ലീങ്ങളും സേട്ടുമാരും ഇവിടെ കച്ചവടത്തിന് വന്നിരുന്നു. ആദം ഹാജി പീർ മുഹമ്മദ് സേട്ട്, ഉസൈൻ കാസിം ദാദ, ഹാജി ഹബീബ്, ഹാജി ദാവൂദ് തുടങ്ങിയവർ പൊന്നാനിക്കാരായി മാറിയ ചില കച്ച് വ്യാപാരികളായിരുന്നു. സ്വാതന്ത്ര്യാനന്തരം ഗുജറാത്ത് വിഭജിയ്ക്കപ്പെട്ടപ്പോൾ ഇവരിൽ പലരും ഇന്ത്യവിട്ട് സ്വദേശമായ പാകിസ്ഥാനിലേയ്ക്ക് പോയി. പൊന്നാനിയിലെ കച്ചിക്കാരായ വ്യാപാരികളുടെ കച്ചവടസ്ഥലം അങ്ങാടിയ്ക്ക് അടുത്തുതന്നെയുള്ള കച്ചിത്തെരുവും കൊച്ചങ്ങാടിയുമായിരുന്നു. പലചരക്കു സാധനങ്ങളുടെ ഇറക്കുമതിയെ

കൂടാതെ നാളികേരം, കയർ തുടങ്ങിയവയുടെ കയറ്റു മതിയിലും ഇവർക്ക് പങ്കുണ്ടായിരുന്നു. പൊന്നാനിയിൽ നിന്നുള്ള കയറ്റുമതികളിലെ പ്രധാനികളും കച്ചിൽ നിന്നും വന്ന ഈ കച്ചവടക്കാർ തന്നെയായിരുന്നു(പി.വി.അബ്ദുറഹിമാൻകുട്ടി, 2016:129-134).

പൊന്നാനിയിൽ ഉത്പാദിപ്പിച്ച് കയറ്റുമതിചെയ്യുന്ന പ്രധാനചരക്കുകൾ നാളികേര ഉത്പന്നങ്ങളും മീനും ആയിരുന്നു. തേങ്ങ, കൊപ്ര, കയറ്, കയറ് ഉത്പന്നങ്ങൾ എന്നിവയായിരുന്നു ഇക്കൂട്ടത്തിൽ ആദ്യത്തേത്. തമിഴ്നാട്ടിൽ നിന്നും വന്ന റാവുത്തന്മാരായിരുന്നു ഈ മേഖലയിലെ പ്രധാനികൾ. തമിഴ്നാട്ടിലെ പള്ളപട്ടി എന്ന നാട്ടിൽ നിന്നും കച്ചവടാവശ്യാർത്ഥം കുടിയേറിയവരായിരുന്നു അവർ. പിൽക്കാലത്ത് പൊന്നാനിയിലെ കയർവ്യവസായം ക്ഷയിച്ചതോടെ അവരെല്ലാം തിരികെ സ്വദേശങ്ങളിലേയ്ക്ക് താമസം മാറി. തദ്ദേശീയരായ ചില കച്ചവടക്കാരും ഈ മേഖലയിൽ മുതൽമുടക്കിയിരുന്നെങ്കിലും റാവുത്തന്മാരുമായി മത്സരിയ്ക്കാൻ ശേഷിയുള്ളവർ ഉണ്ടായിരുന്നില്ല. പത്തേമാരികൾ വഴി അന്യദേശങ്ങളിലേയ്ക്ക് കയറ്റിയയയ്ക്കുക എന്നതായിരുന്നു കയർ കയറ്റുമതിയിലെ പ്രധാനരീതി. കനാൽ വഴിയും കാളവണ്ടികളിലും പ്രാദേശിക വിപണികളിലേയ്ക്ക് കയറ്റി അയയ്ക്കുന്ന രീതിയും ഉണ്ടായിരുന്നു. ഇതിൽ നിന്നും തീർത്തും വ്യത്യസ്തമായിരുന്നു മീൻ കയറ്റുമതിയുടെ രീതികൾ. ഡക്കിൽ വെച്ച് തന്നെ ഉപ്പ് ചേർത്ത് പാക്ക് ചെയ്യുന്ന മീൻ, ഉന്തുവണ്ടികളിൽ കനോലി കനാലിൽ എത്തിയ്ക്കുകയും അവിടെ നിന്ന് വഞ്ചികളിൽ അയയ്ക്കുകയുമാണ് ചെയ്തിരുന്നത്. വഞ്ചിയിൽ തിരൂരിൽ എത്തിച്ച് അവിടെ നിന്നും ട്രെയിനിൽ മറ്റു ദേശങ്ങളിലേയ്ക്ക് മീൻ കയറ്റി അയച്ചിരുന്നു.

പൊന്നാനിയിലെ മീൻ, നാളികേരം എന്നിവയുടെ ഉത്പാദനവും കയറ്റുമതിയുമായി ബന്ധപ്പെട്ട് അങ്ങാടിയിൽ ബേക്കറിക്കട നടത്തുന്ന 67 വയസ്സുള്ള ബഷീർ പങ്കുവെക്കുന്ന ചില ഓർമകൾ പൊന്നാനിയുടെ ഈ വാണിജ്യ പാരമ്പര്യങ്ങളെക്കുറിച്ചുള്ള തെളിവുകൾ നൽകുന്നുണ്ട്. രാത്രികളിൽ ദൂരേനിന്നും കേൾക്കാറുള്ള ഡും.. ഡും.. ഡും.. ശബ്ദത്തെക്കുറിച്ചാണ് അതിൽ ആദ്യത്തേത്. ഒരേ സമയം നാൽപ്പതോളം പേർ ഒരുമിച്ച് നാളികേരം പൊളിക്കുന്നതും ഉടയ്ക്കുന്നതുമാണ്

ഈ ശബ്ദം. രാവിലെ ഡക്കിൽ നിന്ന് കനോലികനാലിലേയ്ക്കും മീൻതെരുവിലേയ്ക്കും മീൻ കൊണ്ടുപോകുന്ന ഉന്തുവണ്ടിക്കാരുടെ ഏലേ.. ഏലേലെ... വിളികളാണ് രണ്ടാമത്തെ ഓർമ. രാത്രിയിൽതന്നെ ഉപ്പ്ചേർത്ത് പെട്ടിയിലാക്കുന്ന മീനുമായി പുലർച്ചെ അങ്ങാടി സജീവമാകുന്നതിന് മുൻപേ കൂലിക്കാർ പോയിരുന്നതിന്റേതാണ് ഈ ശബ്ദം. പൊന്നാനി അങ്ങാടിയുടെ പഴയ വാണിജ്യപാരമ്പര്യം കാലക്രമത്തിൽ കുറഞ്ഞുവരുന്നപോലെ ഇവിടെ നിന്നുള്ള കയറ്റുമതികളും ഗണ്യമായി ഇല്ലാതായിത്തുടങ്ങി. പുതിയ ഹാർബറും അവിടെ തന്നെയുള്ള ലേലം വിളികളും, ഗോഡൗണുകളിൽ നിന്നും ഗോഡൗണുകൾ വരേയ്ക്കും എത്തുന്ന വാഹനങ്ങളുടെ വരവുമെല്ലാം ഈ വാണിജ്യത്തെ പ്രതികൂലമായി ബാധിച്ചു.

### 3.2.2 പൊന്നാനി മീൻചന്ത

കാലക്രമത്തിൽ കച്ചവടകേന്ദ്രങ്ങളുടെ സ്ഥാനത്തിനും സ്വഭാവത്തിനും ഉണ്ടായേയ്ക്കാവുന്ന മാറ്റങ്ങളുടെ ഉദാഹരണമാണ് പൊന്നാനിയിലെ മീൻചന്ത. ഇന്നത്തെ മരക്കടവ് എന്ന പ്രദേശമായിരുന്നു പണ്ടുകാലത്ത് പൊന്നാനിയിലെ പ്രധാന കടപ്പുറം. പൊന്നാനിയിൽ പള്ളി പണിയാൻവേണ്ടി മഖ്ദൂം തങ്ങൾ ഒരു വലിയ മരം കടലിലൂടെ ഒഴുക്കിക്കൊണ്ടുവന്നു കരയ്ക്കടുപ്പിച്ച ഇടമാണ് മരക്കടവെന്നാണ് വിശ്വാസം. 2004-ലെ സുനാമിയ്ക്കു ശേഷം ഇവിടെ കര ഒരുപാട് കടലെടുക്കുകയും പൊന്നാനിയിൽ പുതിയ ഹാർബർ വരികയും ചെയ്തതോടെ ഈ പ്രദേശത്തിന്റെ കച്ചവടപ്രാധാന്യം നഷ്ടപ്പെട്ടു. ഇന്ന് പുതിയ ഹാർബറിലും അഴീക്കൽ പ്രദേശങ്ങളിലുമാണ് പൊന്നാനിയിലെ മീൻചന്തകൾ കേന്ദ്രീകരിച്ചിരിയ്ക്കുന്നത്.

മണൽ കയറിയതും, കടലെടുത്തതുമായ ചാപ്പകൾ മരക്കടവിൽ ഇന്നും കാണാനാകും. പണ്ടുകാലത്ത് കടലിൽപോയി പിടിച്ച്കൊണ്ടുവന്നിരുന്ന മീൻ സൂക്ഷിച്ചുവെയ്ക്കാൻവേണ്ടി നിർമ്മിച്ചവയാണ് ഈ ചാപ്പകൾ. ചാപ്പകൾ പൊതുവേ സ്ഥലത്തെ പ്രധാന പ്രമാണികളുടെ സ്വകാര്യഉടമസ്ഥതയിലോ അപൂർവമായി ഒന്നിലേറെ വ്യക്തികളുടെ പൊതു ഉടമസ്ഥതയിലോ ആയിരുന്നു ഉണ്ടായിരുന്നത്. മുക്കുവർ കടലിലിറക്കുന്ന വഞ്ചികൾ അവരുടെ സ്വന്തംതന്നെയായിരുന്നെങ്കിലും അവരിലധികം

പേരും ചാപ്പയുടെ ഉടമസ്ഥരായ മാപ്പിളമാരിൽനിന്നും കടം വാങ്ങിയവർ ആയിരുന്നു. അതുകൊണ്ട്തന്നെ കടലിൽ നിന്ന് വരുന്ന വഞ്ചികളിൽ നിന്നും ചാപ്പകളിലേയ്ക്ക് മീൻ ഇറക്കിവെയ്ക്കുകയായിരുന്നു പതിവ്. മീൻ പിടിക്കാൻ പോയ തൊഴിലാളികൾക്ക് മുതലാളിമാർ കാശ് നൽകുകയും ചെയ്തിരുന്നു. ചാപ്പകളിൽ ശേഖരിയ്ക്കുന്ന മീൻ ഉപ്പിട്ട് കനോലികനാലിൽ എത്തിയ്ക്കുകയും പ്രാദേശിക വിൽപ്പനയ്ക്ക് വേണ്ടവ മരക്കടവിൽവെച്ചും കോടതിപ്പടിയിൽവെച്ചും വിൽപ്പന നടത്തുകയുമായിരുന്നു പതിവ്.

പുതിയ ഹാർബറിന്റെ വരവും മരക്കടവിന്റെ കടൽകയറ്റവുമാണ് ഈ വ്യവസ്ഥയിൽ ഗണ്യമായ മാറ്റങ്ങൾവരാൻ കാരണം. വഞ്ചികളിൽനിന്നും ബോട്ടുകളിലേയ്ക്കും ചെറിയ കപ്പലുകളിലേയ്ക്കും നീളുന്ന സാങ്കേതിക വികാസങ്ങൾ മുക്കുവർക്ക് അവരുടെ ഉത്പാദനോപാധികളിലുണ്ടായിരുന്ന ഭാഗികമായ അവകാശം പോലും കൈമോശം വരാനിടയാക്കി. നിലവിൽ മീൻ ശേഖരിച്ചു വെയ്ക്കുന്നതും ഐസ് ചേർത്ത് കയറ്റി അയയ്ക്കുന്നതും ഹാർബറിൽ വെച്ച് തന്നെയാണ്. അഴീക്കലിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മീൻചന്തകളിൽ ഇന്ന് പകുതി നേരങ്ങളിലേ കച്ചവടം നടക്കാറുള്ളൂ.

### 3.2.3 മാറഞ്ചേരി ചന്ത

മലപ്പുറം ജില്ലയുടെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന അർദ്ധദ്വീപെന്നു വിശേഷിപ്പിയ്ക്കാവുന്ന സ്ഥലമാണ് മാറഞ്ചേരി. വടക്കും കിഴക്കും ബിയ്യം കായലും പടിഞ്ഞാറ് കനോലികനാലുമാണ് മാറഞ്ചേരിയുടെ അതിരുകൾ. മാറഞ്ചേരിയിൽ പണ്ടുകാലങ്ങളിൽ ശനിയാഴ്ചകളിൽ ആഴ്ചച്ചന്ത നടന്നിരുന്നു. തെക്ക് കുന്നംകുളം, പഴഞ്ഞി പ്രദേശങ്ങളിൽ നിന്നും കിഴക്ക് കൂറ്റനാട്, വട്ടംകുളം വരെയുള്ള പ്രദേശങ്ങളിൽ നിന്നും ആളുകൾ സാധനങ്ങൾ വിൽക്കാനും വാങ്ങാനുമായി വന്നിരുന്ന ചന്തയായിരുന്നു മാറഞ്ചേരി ചന്ത. നിലവിലെ പൊതു മാർക്കറ്റ് നിലനിൽക്കുന്ന ഈ സ്ഥലം ചന്ത എന്ന പേരിൽ തന്നെയാണ് ഇന്നും അറിയപ്പെടുന്നത്.

ഗൃഹോപകരണങ്ങൾ, കാർഷികോപകരണങ്ങൾ, ഭക്ഷ്യവസ്തുക്കൾ, ആഭരണങ്ങൾ, കന്നുകാലികൾ തുടങ്ങി എല്ലാതരം വസ്തുക്കളും ഇവിടെ വിൽപ്പനയ്ക്ക്

എത്തിയിരുന്നു. പടിഞ്ഞാറ്ഭാഗത്ത് നിന്നും കനോലികനാൽ വഴി ഉണക്കമീൻ, കയറുത്പ്പന്നങ്ങൾ, നാളികേരം എന്നീ വസ്തുക്കളും കിഴക്കൻകായൽ വഴി പഴഞ്ഞി, കാട്ടകാമ്പാൽ പ്രദേശങ്ങളിൽ നിന്നുള്ള ചരക്കുകളും ഇവിടേയ്ക്ക് എത്തിയിരുന്നു. കുന്നംകുളത്തു നിന്നുള്ള കച്ചവടക്കാർ സ്വർണാഭരണങ്ങളുമായാണ് ചന്തയ്ക്ക് വന്നിരുന്നത്. എടപ്പാൾ, വട്ടംകുളം ഭാഗത്തുനിന്നുള്ള കുശവന്മാർ മൺചട്ടികളും പറയന്മാർ മുളയുത്പന്നങ്ങളും ആശാരി സ്ത്രീകൾ പനയോലകൊണ്ട് നെയ്ത പായ, വട്ടി, കുട്ട എന്നിവയും തലച്ചുമടായി ഇവിടേക്ക് കൊണ്ടുവന്നിരുന്നു. തദ്ദേശീയരായ കർഷകർ കൊണ്ടുവരുന്ന പയർവർഗങ്ങൾ, കൂർക്ക, കാവത്ത് തുടങ്ങിയ കിഴങ്ങുവർഗങ്ങൾ, റാഗി എന്നിവയും അന്യദേശക്കാരായ കച്ചവടക്കാർ കൊണ്ടുവരുന്ന മുളക്, മല്ലി, പരിപ്പുവർഗങ്ങൾ എന്നിവയും ഇവിടേയ്ക്ക് എത്തിയിരുന്നു. പൊന്നാനി പ്രദേശത്തുള്ള കുംഭാരന്മാരിൽ നിന്നും സാധനങ്ങൾ ശേഖരിച്ച് അവ വിൽക്കാൻ വേണ്ടി വരുന്ന മാപ്പിള കച്ചവടക്കാരും ഇവിടെയെത്തിയിരുന്നു. നാട്ടുചന്തകളിൽ സാധാരണ കാണുംപോലെ തദ്ദേശീയരായ കൈവേലക്കാർ തന്നെയായിരുന്നു മാറഞ്ചേരി ചന്തയിലെയും പ്രാധാന വിൽപ്പനക്കാർ. എന്നാൽ അതിനോടൊപ്പം തന്നെ ഇടനിലക്കാരായ മാപ്പിളമാരും തമിഴ്നാട്ടിൽ നിന്നും വരുന്ന ചെട്ടിച്ചികളും മാറഞ്ചേരി ചന്തയിൽ കച്ചവടം നടത്തിയിരുന്നു.

മധ്യകാലത്തിലെ മറ്റു ചന്തകളെപോലെ കൈമാറ്റ വിനിമയരീതിയായിരുന്നു ഇവിടേയും ഉണ്ടായിരുന്നത്. ചെറുകിട ഉത്പാദകർ തങ്ങളുടെ ഉത്പന്നങ്ങളുമായി വരികയും വ്യത്യസ്ത തൊഴിൽ വിഭാഗങ്ങൾ അവരുടെ ഉത്പന്നങ്ങൾ പരസ്പരം വിൽക്കുകയും വാങ്ങുകയും ചെയ്യുകയും ചെയ്തിരുന്നു. വാങ്ങാൻ ശേഷിയുള്ളവരുടെ എണ്ണത്തിലെ വർദ്ധനവായിരിയ്ക്കണം ഈ കൈമാറ്റ വ്യവസ്ഥയ്ക്ക് അപ്പുറത്തേയ്ക്ക് പിൽക്കാലത്ത് വിനിമയത്തെ കൊണ്ടുപോയത്. നാണയവ്യവസ്ഥ പ്രചാരത്തിൽ വന്നതിന് ശേഷവും ഈ കൈമാറ്റവ്യവസ്ഥ ചന്തകളിലും വാണിഭങ്ങളിലും നിലനിന്നിരുന്നു. കുന്നംകുളത്ത് നിന്ന് വന്നിരുന്ന സ്വർണക്കച്ചവടക്കാർ പഴയ ഉരുപ്പടികൾ വാങ്ങുകയും പുതിയവ വിൽക്കുകയും ചെയ്തിരുന്നു. ഇത് കേരളത്തിലെ ചന്തകളിലെ കൈമാറ്റവിനിമയ രീതി എത്രമാത്രം ശക്തമായിരുന്നു എന്നതിനുള്ള തെളിവാണ്.

പൊന്നാനി അങ്ങാടിയുടേത് പോലെതന്നെ ചന്ത നടക്കുന്ന സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പാണ് മാറഞ്ചേരി ചന്തയുടെയും പ്രാധാന്യം വർദ്ധിപ്പിയ്ക്കുന്നത്. വടക്ക്-കിഴക്ക് ദിശയിൽ നിന്നും പൊന്നാനിക്കായൽ വഴിയും തെക്ക്-പടിഞ്ഞാറ് ദിശയിൽ നിന്നും കനോലികനാൽ വഴിയും ചരക്കെത്തിയ്ക്കാനുള്ള സൗകര്യമാണ് അതിൽ പ്രധാനം. പയ്യപ്പിള്ളി എന്ന മുസ്ലീം കുടുംബത്തിന്റെ കയ്യിലുണ്ടായിരുന്ന വിശാലമായ ഭൂമിയിലായിരുന്നു ചന്ത നടന്നിരുന്നത്. ചന്തയിൽ വിൽപ്പനയ്ക്ക് വരുന്നവർ ഭൂവുടമയ്ക്ക് 'പിടുത്തകാശ്' എന്ന പേരിൽ പണം നൽകിയിരുന്നു. കനോലികനാൽ വഴി ചരയ്ക്കെത്തിച്ചിരുന്നവർ കടവിറങ്ങി രണ്ട് കിലോമീറ്ററോളം ദൂരം തലച്ചുമടായി നടന്നാലാണ് ചന്തയിലെത്തുക. എന്നാൽ കിഴക്കൻ കായൽ വഴി വരുന്നവർക്ക് അതിന്റെ ആവശ്യമില്ലായിരുന്നു. പഴഞ്ഞി, കാട്ടകാമ്പാൽ ഭാഗത്ത് നിന്നും വരുന്നവർ മണ്ണാൻ താഴത്തും മൂക്കോല ഭാഗത്ത് നിന്നും വരുന്നവർ മാറഞ്ചേരി ചന്തയ്ക്ക് കുറച്ച് കൂടി കിഴക്ക് ഭാഗത്തുള്ള ചേലക്കടവിലുമാണ് കടത്തിറങ്ങിയിരുന്നത്. പൊന്നാനി ഭാഗത്തു നിന്നും സാധനങ്ങളുമായി വന്നിരുന്ന മാപ്പിളമാർക്കും കായൽവഴിയുള്ള ഗതാഗതംതന്നെയായിരുന്നു സൗകര്യപ്രദം. പ്രാദേശികമായി ഉത്പാദിപ്പിച്ച ഉത്പന്നങ്ങളുമായി ചന്തയിലേയ്ക്ക് വന്നിരുന്ന കൈവേലക്കാർ അധികവും നാട്ടുപാതകളിലൂടെ തലച്ചുമടായായിരുന്നു ചന്തയ്ക്ക് വന്നിരുന്നതെന്ന് കെ.പി. രാജൻ പറയുന്നു.

കിഴക്കുനിന്നും വരുന്നവർ ചരക്കിറയ്ക്കിയിരുന്ന ചേലക്കടവിൽ പഴയ വാണിജ്യപാത തെളിയിയ്ക്കുന്ന രണ്ട് അത്താണികൾ ഇന്നും കാണാനാകും. മാറഞ്ചേരി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പഴയകാല വാണിജ്യബന്ധത്തിന്റെ ഓർമ്മകളായുള്ള അഞ്ച് അത്താണികൾ നിലവിലുണ്ട്. കിഴക്ക്-പടിഞ്ഞാറേ ദിശയിലുള്ള കച്ചവടക്കാർ വന്നിറങ്ങുന്ന ചേലക്കടവ്, ഒളമ്പക്കടവ് എന്നിവിടങ്ങളിലാണ് ആദ്യത്തെ അത്താണികൾ കാണാനാവുക. അതിൽ ഒളമ്പക്കടവിലെ അത്താണി ഇന്നും നിലനിൽക്കുന്നുണ്ട്. അവിടെനിന്നും പടിഞ്ഞാറോട്ട്നീങ്ങി മുക്കാലയിൽ ഒരത്താണി ഉണ്ടായിരുന്നതായി നാട്ടുകാർ പറയുന്നു. അവിടെനിന്നും കനോലി കനാലിലേയ്ക്ക് പോകുന്ന വഴി കുന്നത്തേല് പീടികയ്ക്ക് അടുത്താണ് അടുത്ത അത്താണി.

ഇവിടെയുള്ള അത്താണി വഴിവിളക്കുകൾ സ്ഥാപിക്കുന്ന കാലഘട്ടത്തിൽ എടുത്തുമാറ്റിയിരിയ്ക്കാം എന്നാണ് നാട്ടുകാർ പറയുന്നത്. ഇന്നും പുതുക്കിപ്പണിത് സംരക്ഷിക്കുന്ന ഒരു അത്താണിയുള്ളത് പരത്തരമുക്ക് എന്ന സ്ഥലത്താണ്. അവിടെ നിന്നും പടിഞ്ഞാറ് കനോലികനാലിലേയ്ക്ക് പോകുന്ന വഴികളിൽ പനമ്പാടിന് പടിഞ്ഞാറ് ഭാഗത്തായി കണ്ണത്തേൽ പീടികയുടെ അടുത്തും അതിന് പടിഞ്ഞാറ് പുന്നക്കൽ പറമ്പിലും ഓരോ അത്താണിയുണ്ട്. ഇത് കഴിഞ്ഞാൽ അടുത്ത അത്താണി വരുന്നത് കനോലികനാലിൽ ചീർപ്പ് പാലത്തിനടുത്താണ്. കനോലികനാലിലേയ്ക്കുള്ള പ്രധാന പാതയിൽ നിന്നുള്ള തിരിവ് തുടങ്ങുന്നത് ഇവിടെനിന്നാണ്. ബിയ്യം കായലിലെ രണ്ട് കടവുകളിൽ നിന്നും കനോലികനാലിലെ മറ്റു രണ്ടു കടവുകളിൽ നിന്നും മാറഞ്ചേരി ചന്തയിലേയ്ക്ക് സഞ്ചരിക്കാൻ വേണ്ടി പണ്ടു നിലനിന്നിരുന്ന പാതകൾക്ക് വശങ്ങളിലായാണ് ഈ അത്താണികളെല്ലാം ഉണ്ടായിരുന്നതെന്ന് വ്യക്തമാണ്. കനോലികനാലിന് അപ്പുറം പൊന്നാനി അങ്ങാടിയിലും കടവനാടും അത്താണികൾ ഉണ്ടായിരുന്നു. മാറഞ്ചേരിയിൽ നിന്നും വെളിയംങ്കോട്ടേയ്ക്കുള്ള വഴിയിൽ കനോലി കനാലിന് കുറുകെയുള്ള പാലത്തിന് സമീപം ഒരു ബസാർ നിലനിന്നിരുന്നു. അതിനടുത്ത് പരിച്ചകം സെന്ററിൽ ഇന്നും ഒരു അത്താണി നിൽക്കുന്നുണ്ട്. ഇതേ വഴിയിൽ ചേലക്കടവിൽ ചരക്കിറക്കിയിരുന്ന പ്രദേശത്ത് ചെറിയ ബസാറുകളും രൂപപ്പെട്ടിരുന്നു. ഇവിടങ്ങളിലെ ചരക്കുപാതകൾ തെളിയിക്കുന്ന മറ്റു ഘടകങ്ങളിലൊന്നാണ് തണ്ണീർപ്പന്തൽ എന്ന സ്ഥലനാമം. പഴയ ചന്ത നടന്നിരുന്ന സ്ഥലം തണ്ണീർപ്പന്തൽ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ചന്തയിൽ എത്തുന്നവർക്ക് ദാഹമകറ്റാനായി ചന്തയുടെ തെക്കുകിഴക്ക് പന്തലിട്ട് തണ്ണീർകുടം വെച്ചതിനാലാണ് ഈ പേര് വന്നത്. മാറഞ്ചേരിയ്ക്ക് സമീപപ്രദേശങ്ങളിലായി കാണാനാകുന്ന ഇത്തരം തെളിവുകൾ എല്ലാം തന്നെ ഇവിടങ്ങളിൽ പണ്ടുകാലത്ത് ഉണ്ടായിരുന്ന വലിയതോതിലുള്ള ചരക്ക് ഗതാഗതത്തെ സൂചിപ്പിക്കുന്നവയാണ്.

ഒരു ചന്തയിൽനിന്നും മറ്റൊരു ചന്തയിലേയ്ക്ക് പോകുന്ന വിൽപ്പനക്കാരുടെ കൂട്ടമാണ് ആഴ്ചച്ചന്തകളുടെ മറ്റൊരു സവിശേഷത. മാറഞ്ചേരിയ്ക്ക് തെക്ക് ആറ്റുപുറത്ത്

വ്യാഴാഴ്ചച്ചന്ത നടന്നിരുന്നു. അതിന് പടിഞ്ഞാറ് പുഴിക്കളയിൽ ദിവസച്ചന്തയാണ് നടന്നിരുന്നത്. വെള്ളിയാഴ്ചച്ചന്ത നടക്കുന്ന സമീപപ്രദേശങ്ങളിൽ എവിടെയെങ്കിലും നിന്നാകാം മാറഞ്ചേരിയിൽ ശനിയാഴ്ചച്ചന്തയിലേയ്ക്ക് കച്ചവടക്കാർ വന്നിരുന്നത്. അത് പോലെതന്നെ മാറഞ്ചേരിയിലെ ശനിയാഴ്ച്ചച്ചന്ത കഴിഞ്ഞ് മറ്റു പ്രദേശങ്ങളിലെ ഞായറാഴ് ചച്ചന്തയും ചൊവ്വാഴ്ചച്ചന്തയും ലക്ഷ്യമാക്കി പോകുന്നവരും ഉണ്ടായിരുന്നു.

**3.2.4 കണ്ണപ്പ് വാണിഭം**

തുലാംമാസത്തിലെ വാവുദിവസം പൊന്നാനി കുറ്റിക്കാട് ക്ഷേത്രത്തിന് സമീപം നടക്കുന്ന വാണിഭമാണ് കണ്ണപ്പ് വാണിഭം. വാവ് വാണിഭം, പതിര് വാണിഭം എന്നീ പേരുകളിലും ഈ വാണിഭം അറിയപ്പെടുന്നുണ്ട്. കൊയ്ത്തുകഴിഞ്ഞതിനു ശേഷം നടക്കുന്ന വാണിഭം എന്ന രീതിയിലും ഒരുപാട് ജനങ്ങൾ വന്നുചേരുന്ന വാണിഭം എന്ന രീതിയിലും വിൽപ്പനയ്ക്കെത്തുന്ന ഉത്പന്നങ്ങളുടെ ബാഹുല്യം കൊണ്ടും ഈ വാണിഭത്തിന് വലിയ പ്രാധാന്യമുണ്ട്. കൊയ്ത്തുകാലം കഴിഞ്ഞ് നടക്കുന്ന വാണിഭം എന്ന അർത്ഥത്തിൽ 'കതിരറ്റ വാണിഭം' എന്നും ഇതിനെ വിളിയ്ക്കാറുണ്ട്.

പൊന്നാനി അങ്ങാടിയ്ക്ക് കിഴക്ക് രണ്ട്കിലോമീറ്റർ നീങ്ങി ഭാരതപ്പുഴയുടെ തീരത്തായാണ് കുറ്റിക്കാട് ഭഗവതിക്ഷേത്രം സ്ഥിതിചെയ്യുന്നത്. കുറ്റിക്കാട് ക്ഷേത്രത്തിനടുത്തുള്ള പാടശേഖരങ്ങളായിരുന്നു ആദ്യകാലത്തെ വാണിഭസ്ഥലം. 'വാവ്കളം' എന്നാണ് വാണിഭം നടക്കുന്ന ഈ സ്ഥലത്തെ ഇവിടത്തുകാർ വിളിച്ചിരുന്നത്. കളം എന്ന വാക്ക് കൊയ്ത്ത് കഴിഞ്ഞ പാടത്തെ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ കാലം മാറിയപ്പോൾ പാടങ്ങൾ പലതും പറമ്പുകളും കെട്ടിടങ്ങളുമായി മാറി. ഇന്ന് ചമ്രവട്ടം മുതൽ പൊന്നാനിപ്പള്ളി വരെയുള്ള റോഡിന്റെ ഇരുപുറവുമായാണ് വാണിഭം നടക്കുന്നത്. വാവ് ദിവസത്തിന് തലേന്നാൾ രാത്രി മുതൽ വാവ് ദിവസവും അതിനടുത്ത ദിവസവും കൂടി മൂന്ന് ദിവസമാണ് വാണിഭം നടക്കാറ്. ഈ ദിവസങ്ങളിൽ സമീപദേശങ്ങളിൽ നിന്നെല്ലാം ആൾക്കാർ സാധനങ്ങൾ വിൽക്കാനും വാങ്ങാനുമായി പൊന്നാനിയിലേയ്ക്ക് വരുന്നു.

കാർഷികവസ്തുക്കളുടേയും നിത്യോപയോഗവസ്തുക്കളുടേയും കൈമാറ്റമായിരുന്നു ഇവിടെ പ്രധാനമായും നടന്നിരുന്നത്. കിഴങ്ങ്, കാവത്ത്, കൂർക്ക, കരിമ്പ്, നെല്ലിക്ക, വെള്ളരിക്ക, ചേന, ചേമ്പ് തുടങ്ങിയ കാർഷികവിളകളും കൊട്ട, വട്ടി, മുറം, കൊമ്പോറം, പായ, ചട്ടി, കലം, കത്തി തുടങ്ങിയ വീട്ടുപകരണങ്ങളും മടവാൾ, നുകം, കൈക്കോട്ടിൻതായ തുടങ്ങിയ കാർഷികോപകരണങ്ങളും കയറും കയറുത്പന്നങ്ങളും ഇവിടെ ധാരാളമായി വിൽപ്പനയ്ക്കെത്തുന്നു. വ്യത്യസ്ത സമുദായങ്ങളിലെ മനുഷ്യർ അവരുടെ കൈവേലകളുമായാണ് വാണിഭത്തിന് വരുന്നത്. പൊന്നാനിയ്ക്ക് സമീപപ്രദേശങ്ങളിലെ കരുവാൻ, പറയൻ, കുംഭാരൻ, ആശാരി തുടങ്ങി വിവിധ തൊഴിൽവിഭാഗങ്ങൾ തങ്ങളുടെ ഉത്പന്നങ്ങൾ തലച്ചുമടായി വാണിഭത്തിന് കൊണ്ടുവരുന്നു. കടവനാട്ട് നിന്നുള്ള സ്ത്രീകൾ തങ്ങളുടെ പണിസ്ഥലത്തുനിന്നും മിച്ചം കിട്ടുന്ന ചകിരി കൊണ്ട് ആ കയറിന് പകരം പച്ചക്കറികളും ധാന്യങ്ങളും വാങ്ങാൻവേണ്ടി ഇവിടേയ്ക്ക് വരും. കാർഷികോത്പന്നങ്ങളുമായി പട്ടാമ്പി, കൂറ്റനാട്, വളാഞ്ചേരി തുടങ്ങിയ ദേശങ്ങളിൽ നിന്നുംവരുന്ന കർഷകരും, തമിഴ്ദേശങ്ങളിൽ നിന്നും തുണിത്തരങ്ങളും ആഭരണങ്ങളുമായി വരുന്ന ചെട്ടിച്ചികളും, കടപ്പുറത്ത്നിന്നും ഉണക്കമീനും കൊണ്ട് വരുന്ന മുക്കുവസ്ത്രീകളുമാണ് വാണിഭത്തിന് വന്നിരുന്ന മറ്റു കച്ചവടക്കാർ. ഓർമ്മവെച്ച കാലം മുതൽക്കേ ഇവിടെ വിൽപ്പനയ്ക്ക് വരാറുണ്ടെന്നും തങ്ങളുടെ പൂർവികരായി ഇവിടെ വർഷാവർഷം മുടങ്ങാതെ വരുന്നതാണെന്നും പറയസമുദായത്തിൽപ്പെട്ട നൊട്ടനും ചീരുവും പറയുന്നു.

തുലാം മാസത്തിലെ വാവ് ദിവസം ഭാരതപ്പുഴയുടെ കടവിൽ പൂർവികർക്ക് ബലിയർപ്പിച്ച് മടങ്ങി വരുന്നവരാണ് വാണിഭത്തിലെ ഉപഭോക്താക്കൾ. ബലിയർപ്പിച്ച് കുറ്റിക്കാട്ടിലെ ദേവീക്ഷേത്രത്തിൽ കുളിച്ച് തൊഴുതതിനു ശേഷം അവർ വാണിഭത്തിൽ പങ്കെടുക്കാൻ വരുന്നു. വർഷാവർഷം മുടങ്ങാതെ പൂർവികർക്ക് ബലിയർപ്പിച്ചുവരുന്ന ഒരു ജനത വാണിഭത്തിന്റെ ഭാഗമാകുന്നു. അതിനൊപ്പം തന്നെ ബലിതർപ്പണത്തിനായല്ലാതെ വാണിഭത്തിൽ പങ്കുചേരാൻ മാത്രമായി മറ്റു മതസ്ഥരും ഇവിടെ എത്തിച്ചേരുന്നു. ഒരു ആചാരത്തോട് ചേർന്ന് ഉടലെടുക്കുകയും അതിന്റെ സമയക്രമത്തിനനുസരിച്ച്

നിലനിൽക്കുകയും ചെയ്യുമ്പോഴും വിവിധവിഭാഗം ജനങ്ങളെ ഉൾക്കൊള്ളുന്ന ഒരു സാംസ്കാരിക ഇടമായി വാണിഭം മാറുന്നു.

വർഷത്തിലൊരിയ്ക്കൽ നടക്കുന്ന വാണിഭം ഒരു വർഷത്തേയ്ക്കുള്ള ഉത്പന്നങ്ങളെല്ലാം വാങ്ങാൻ കിട്ടുന്ന ഇടം എന്ന രീതിയിലായിരുന്നു നിലനിന്നിരുന്നത്. വിളവെടുപ്പിന് ശേഷം നടക്കുന്ന വാണിഭം എന്ന രീതിയിൽ തങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങുവാൻ ജനങ്ങൾ പര്യാപ്തരായിരുന്നു. ചട്ടി, കലം, മുറം, കൊട്ട തുടങ്ങിയ ഗൃഹോപകരണങ്ങളും അടുത്ത വർഷത്തേയ്ക്ക് ആവശ്യമുള്ള കാർഷികോപകരണങ്ങളും ആളുകൾ വാങ്ങിയിരുന്നത് ഇവിടെനിന്നായിരുന്നു. എന്നാൽ നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ വർഷത്തിലൊരിയ്ക്കൽ നടക്കുന്ന വാണിഭങ്ങൾ ആവശ്യം ഇല്ലാതായി വരികയും എന്തും കിട്ടുന്ന ഷോപ്പിംഗ് മാളുകൾ നാടെങ്ങും കടന്നുവരികയും ചെയ്തതോടെ ഉപഭോക്താക്കളെ ആകർഷിയ്ക്കാനുള്ള പുതിയ തരം ചരക്കുകൾ വാണിഭത്തിൽ ഇടം പിടിച്ചു.[22]

കേരളത്തിൽ കൈമാറ്റവിനിമയരീതി ഇന്നും നിലനിൽക്കുന്ന അപൂർവ്വം ഇടങ്ങളിൽ ഒന്നാണ് ഇത്തരം വാണിഭങ്ങൾ. പതിരുമായി വരുന്ന കർഷക ത്തൊഴിലാളികൾ മുക്കുവസ്ത്രീകൾക്ക് പതിര് കൊടുത്ത് പകരം ഉണക്കമീൻ വാങ്ങുന്ന കൈമാറ്റരീതി ഇവിടെ പണ്ടുമുതൽക്കേ നിലനിന്നിരുന്നു. ഇന്ന് പതിരിനു പകരം നെല്ല് കൊടുത്താണ് ഉണക്കമീൻ വാങ്ങുന്നതെങ്കിലും വർഷങ്ങൾക്കിപ്പുറവും ആ കൈമാറ്റ വിനിമയരീതി മുടങ്ങാതെ തുടരുന്നു. ഈ വിനിമയത്തിന് ദരിദ്രരും സാധാരണക്കാരുമായ ജനവിഭാഗങ്ങളുടെ സാന്നിധ്യം പ്രത്യേകം ശ്രദ്ധേയമാണ്. കർഷകത്തൊഴിലാളിയ്ക്ക് ഭൂവുടമസ്ഥത ഇല്ലാതിരുന്ന കാലത്ത് അവർക്ക് കൈമുതലായി കിട്ടിയിരുന്ന പ്രധാനവസ്തുവായിരുന്നു പതിര് എന്നത്. മത്സ്യബന്ധനം മാത്രം തൊഴിലാക്കിയ മുക്കുവകുടുംബങ്ങളെ സംബന്ധിച്ച് അവരുടെ എക്കാലത്തേയും പ്രധാന വിൽപനച്ചരക്കായിരുന്നു ഉണക്കമീൻ. കുടുംബത്തിലെ പുരുഷന്മാർ മത്സ്യബന്ധനത്തിന് പോകുമ്പോൾ വീട്ടാവശ്യങ്ങൾക്കായി കയ്യിൽ മിച്ചമുള്ള മീൻ ഉണക്കി വിൽക്കുന്ന സ്ത്രീകളെ സംഘസാഹിത്യം മുതൽതന്നെ കാണാം. സംഘംകൃതികളിൽ ഉപ്പിന് പകരം

മീൻ നൽകുന്നവരും മണിപ്രവാള സാഹിത്യത്തിൽ നെല്ലിന് പകരം മീൻ നൽകുന്നവരുമായ മുക്കുവസ്ത്രീകളെ കാണാം. ദാരിദ്ര്യത്തിന്റെ കാലങ്ങളിൽ ഉണക്കമീനിന് പകരം ലഭിക്കുന്ന പതിര് ഉപയോഗിച്ച് ഭക്ഷണം ഉണ്ടാക്കുന്ന പതിവ് മുക്കുവർക്കിടയിൽ ഉണ്ടായിരുന്നു. പച്ചമീൻ വാങ്ങാൻ ഉള്ള ശേഷി ഇല്ലാതിരുന്ന കർഷകത്തൊഴിലാളിയ്ക്കും ഈ ഉണക്കമീൻ തന്നെയായിരുന്നു പ്രധാന ഭക്ഷണം.

ഭൂവുടമസ്ഥതയും ഉയർന്ന കൂലിനിരക്കും കർഷകത്തൊഴിലാളികളുടെ ജീവിതത്തിൽ ഗണ്യമായ മാറ്റങ്ങൾ വരുത്തിയെങ്കിലും കടലോരജീവിതം നയിക്കുന്ന മുക്കുവകുടുംബങ്ങളുടെ അവസ്ഥയിൽ കാര്യമായ മാറ്റങ്ങൾ അധികം വന്നിട്ടില്ല. പതിര് വിറ്റിരുന്ന കർഷകർ ഇന്നു നെല്ലുമായി വരുന്നതും എന്നാൽ ഇപ്പോഴും ഉണക്കമീനും ചുമന്ന് വരുന്ന മുക്കുവസ്ത്രീകൾ പഴയതുപോലെ തുടരുന്നതും ഇതിന് തെളിവാണ്. കർഷകരിൽതന്നെ വലിയൊരു വിഭാഗം പഴയ സാമൂഹിക ബന്ധങ്ങളുടെ തുടർച്ചയെന്നോണം നെല്ലുമായി വാണിഭത്തിന് വരുന്നതാണെങ്കിൽ മുക്കുവരെ സംബന്ധിച്ച് ഉണക്കമീൻകച്ചവടം ഇന്നും അവരുടെ ഉപജീവനമാർഗങ്ങളിൽ ഒന്നാണ്.

**3.2.5 കണ്ണേങ്കാവിൽ ഉത്സവവാണിഭം**

പൊന്നാനിക്കായലിന് കിഴക്ക് മൂക്കുതല കണ്ണേങ്കാവിൽക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് നടക്കുന്ന വാണിഭമാണ് കണ്ണേങ്കാവിൽ ഉത്സവവാണിഭം. ക്ഷേത്രത്തിന്റെ സമീപത്തുള്ള വയലിൽവെച്ചായിരുന്നു ഈ വാണിഭം നടന്നിരുന്നത്. മറ്റു വാർഷികച്ചന്തകളെപ്പോലെതന്നെ ഗൃഹോപകരണങ്ങളും കാർഷികോപകരണങ്ങളും കാർഷികോത്പന്നങ്ങളും എല്ലാം ഇവിടെ വിൽപനയ്ക്കെത്താറുണ്ടെങ്കിലും ഇവിടുത്തെ പ്രധാന വിൽപ്പനച്ചരക്ക് സ്രാവ് മീനാണ്.

പൊന്നാനിക്കായലിന് അരക്കിലോമീറ്റർ കിഴക്കും, ചങ്ങരംകുളത്തിന് മൂന്ന് കിലോമീറ്റർ പടിഞ്ഞാറും മാറി നന്നമുക്ക് പഞ്ചായത്തിൽ മൂക്കുതല എന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഭദ്രകാളീക്ഷേത്രമാണ് കണ്ണേങ്കാവ്ക്ഷേത്രം. ഈ ക്ഷേത്രം പണ്ടുകാലത്ത് പ്രദേശത്തെ അവർണജനതയുടെകീഴിലുള്ള കാവായിരുന്നു. പിൽക്കാലത്ത് ഈ കാവ് സവർണവത്കരണത്തിന് വിധേയമായെന്നും അതിനു ശേഷമാണ് ക്ഷേത്രാചാരങ്ങളും

ഉത്സവവും സവർണസ്വഭാവമുള്ളതായതെന്നുമാണ് പ്രദേശവാസികൾ പറയുന്നത് . സമീപത്തുള്ള പകരാവൂർ ക്ഷേത്രത്തിലെ മുഖ്യപ്രതിഷ്ഠയായിരുന്ന ധർമശാസ്താവിനെ ശങ്കരാചാര്യർ പുറത്തേയ്ക്ക് മാറ്റി ശിവലിംഗം പ്രതിഷ്ഠിച്ചു എന്നും ഇതേത്തുടർന്നാണ് ചുറ്റുവട്ടത്തുള്ള മറ്റു കാവുകളെല്ലാം ക്ഷേത്രങ്ങളായി മാറിയതെന്നുമാണ് അവർ പറയുന്നത്. ശങ്കരാചാര്യരുമായി ബന്ധപ്പെട്ട ഈ കഥകളുടെ വാസ്തവം എന്താണെന്നറിയില്ലെങ്കിലും കണ്ണേങ്കാവ് ഉത്സവവുമായി ബന്ധപ്പെട്ട് നടക്കുന്ന വാണിഭത്തിൽ ഇന്നും സവർണേതരമായ സ്വഭാവം നിലനിൽക്കുന്നത് കാണാം.

ക്ഷേത്രവും ക്ഷേത്രസങ്കൽപവും അശുദ്ധമായിക്കരുതുന്ന മീൻ ഇന്നും ക്ഷേത്രോത്സവത്തോടനുബന്ധിച്ച് നടക്കുന്ന വാണിഭത്തിലെ പ്രധാന വിൽപന ച്ചരക്കാണ്. ഉത്സവത്തോടനുബന്ധിച്ച് ക്ഷേത്രക്കമ്മിറ്റി തയ്യാറാക്കിയ ഒരു പോസ്റ്ററിൽ പ്രധാനചിത്രമായി ഉപയോഗിച്ചിട്ടുള്ളതും മീനിന്റെ പടമാണ്. ഉത്സവത്തിന് ആ നാട്ടിലെ ജനങ്ങളുടെ വിശേഷഭക്ഷണവും മീൻ തന്നെയാണ്. മൂക്കോലയിലെ എല്ലാ വീടുകളിലും ഉത്സവദിവസം സ്രാവ്മീൻ കറിവെയ്ക്കുന്നത് ഇന്നും പതിവാണ്.

ക്ഷേത്രാചാരങ്ങൾ എല്ലാം സവർണവത്കരണത്തിന് വിധേയമാകുമ്പോഴും വാണിഭം അതിന്റെ ജനകീയമായ പാരമ്പര്യത്തെ നിലനിർത്തിക്കൊണ്ട് പോകുന്നത് എന്തുകൊണ്ടാണെന്നത് ശ്രദ്ധേയമാണ്. പ്രദേശവാസികളായ ജനങ്ങളുടെ നിത്യോപയോഗ സാധനങ്ങൾ എല്ലാം ലഭിക്കുന്ന വാർഷികച്ചന്തകളാണ് വാണിഭങ്ങൾ. ക്ഷേത്രസങ്കൽപങ്ങൾ മാറുമ്പോളും വാണിഭത്തിന്റെ തനിമ തുടരുന്നത് ഈ സാമൂഹിക ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്. അവർണ്ണസമുദായങ്ങൾക്ക് ഒരു കാലത്ത് കാവുകളിലും അവിടത്തെ പ്രതിഷ്ഠകളിലുമുണ്ടായിരുന്ന അവകാശങ്ങളെല്ലാം നഷ്ടപ്പെട്ടെങ്കിലും വാണിഭവുമായി അവർക്കുണ്ടായിരുന്ന ബന്ധങ്ങൾ തുടർന്നു പോരുന്നു. ഉത്പാദനപ്രവർത്തനത്തിൽ ഏർപ്പെടുന്നവർ നേരിട്ട് വിൽപനയ്ക്കെത്തുന്നു എന്നതാണ് ഈ ജൈവബന്ധത്തിന്റെ കാതൽ. ക്ഷേത്രാചാരങ്ങൾക്കനുസരിച്ച് വാണിഭങ്ങളിൽ മാറ്റം വരാത്തതും ഇതുകൊണ്ട് തന്നെയാണ്.

പറയർ, പുലയർ, കുശവർ, കരുവാന്മാർ, ആശാരിമാർ തുടങ്ങിയ വിഭാഗങ്ങളുടെ

ഉത്പന്നങ്ങൾ ഉത്സവവാണിഭത്തിന് വിൽപ്പനയ്ക്കെത്തിയിരുന്നു. പല സമുദായങ്ങളിൽ നിന്നുള്ള സ്ത്രീകളുടെ കൂട്ടമായിരുന്നു വാണിഭത്തിന് ഉൽപന്നങ്ങളുമായി വന്നിരുന്നത്. അതേസമയം കൂടുതൽ ദൂരത്തുള്ള ചന്തകളിലേയ്ക്ക് ഉത്പന്നങ്ങളുമായി പോയിരുന്നത് സമുദായത്തിലെ പുരുഷന്മാരായിരുന്നു. കൈവേലക്കാരായ സമുദായങ്ങൾ അവരുടെ ഉത്പന്നങ്ങൾ വിൽക്കാനെന്നപോലെ മറ്റുള്ളവരുടേത് വാങ്ങാനുംകൂടിയായിരുന്നു ഇവിടേയ്ക്ക് വന്നിരുന്നത്. വലിയ അളവിൽ ഉത്പാദനം നടത്താൻ സാധിയ്ക്കാതിരുന്ന ഈ ജനവിഭാഗങ്ങളുടെ പരിമിതമായ ഉത്പന്നങ്ങളുടെ കൈമാറ്റമാണ് നാണയവ്യവസ്ഥ പ്രചാരത്തിൽ വന്നിട്ടും വിഭവ കൈമാറ്റത്തെ വാണിഭങ്ങളിലും ചന്തകളിലും നിലനിർത്തുന്നത്. ഇന്നും ചെറുകിട ഉത്പാദന പ്രവർത്തനങ്ങൾ നടത്തുന്ന കൈവേലക്കാർ വാണിഭത്തിന് വന്ന് അവരുടെ ഉത്പന്നങ്ങൾ മറ്റുള്ളവരുടെ ഉത്പന്നങ്ങളുമായി കൈമാറ്റം ചെയ്യുന്നുണ്ട്.

പണ്ടുകാലത്ത് നിത്യോപയോഗത്തിനാവശ്യമായ വീട്ടുപകരണങ്ങളും അടുക്കളയിലേയ്ക്കാവശ്യമായ പാത്രങ്ങളും കാർഷികോപകരണങ്ങളും എല്ലാം വാങ്ങിയിരുന്നത് ഈ വാർഷിക വാണിഭങ്ങൾ വഴിയായിരുന്നു. വർത്തമാനകാലത്ത് സൂപ്പർമാർക്കറ്റുകളും ഓൺലൈൻ ഷോപ്പിംഗുകളും സജീവമായതോടെ വാണിഭങ്ങളുടെ ഇത്തരത്തിലുള്ള പ്രാധാന്യം അസ്തമിച്ചു. ഉത്സവങ്ങളും നേർച്ചകളും പോലുള്ള ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന വാണിഭങ്ങളിൽ ഒരു ആചാരം എന്ന രീതിയിലോ, പഴയ പാരമ്പര്യത്തിന്റെ ഓർമ്മപ്പെടുത്തലായോ ആണ് ഇന്ന് പലരും വിഭവ കൈമാറ്റങ്ങൾ നടത്തുന്നത്.

**3.2.6 പൂരാടവാണിഭം**

എടപ്പാൾ പഴയ ബ്ലോക്കിനടുത്ത് ഓണത്തിനോടനുബന്ധിച്ച് നടക്കുന്ന ഓണവാണിഭമാണ് പൂരാടവാണിഭം. തിരുവോണത്തിന് രണ്ടുനാൾ മുൻപായി ചിങ്ങമാസത്തിലെ പൂരാടം നാളിലാണ് പൂരാടവാണിഭം നടക്കുന്നത്. കാഴ്ചക്കുലകളാണ് ഈവാണിഭത്തിലെ പ്രധാന വിൽപ്പനച്ചരക്ക്. എടപ്പാൾ പഴയബ്ലോക്കിനും ഓവ് പാലത്തിനും ഇടയ്ക്കുള്ള സ്ഥലത്താണ് പഴയ അങ്ങാടി നിലനിന്നിരുന്നത്. എടപ്പാളിലും

സമീപപ്രദേശങ്ങളിലുമുള്ള കർഷകർ തങ്ങളുടെ ഉത്പന്നങ്ങളുമായി ഈ അങ്ങാടിയിലേയ്ക്ക് വന്നിരുന്നു. അങ്ങാടിയ്ക്ക് സമീപം നടന്ന പൂരാട വാണിഭത്തിലും ഇവർ പങ്കെടുത്തിരുന്നു. ഓണാഘോഷത്തിനാവശ്യമായ മറ്റു വസ്തുക്കളും ഇവിടെ വിൽപനയ്ക്കെത്തും. റോഡിനിരുവശങ്ങളിലുമാണ് വിൽപനകൾ നടക്കുന്നത്. പ്രദേശത്തെ കർഷകർ തങ്ങളുത്പാദിപ്പിക്കുന്ന വാഴക്കുലകളും മറ്റു കാർഷികോത്പന്നങ്ങളുമാണ് കൊണ്ടുവന്നിരുന്നത്. ഇപ്പോൾ സമീപത്തെ കച്ചവടക്കാരും പൂരാടവാണിഭത്തിൽ പങ്കെടുക്കുന്നുണ്ട്.

അങ്ങാടികളും ചന്തകളും അതിന്റെ ചരക്കുഗതാഗതമാർഗങ്ങളുമായുള്ള ബന്ധത്തിന് മുകളിലാണ് രൂപപ്പെടുന്നതെങ്കിൽ, വാർഷികച്ചന്തകളും വാണിഭങ്ങളും പോലുള്ളവ പ്രാദേശികമായ വിഭവാവശ്യങ്ങളെ സാക്ഷാത്കരിക്കാൻ വേണ്ടിയാണ് രൂപം കൊള്ളുന്നത്. ഓണം എന്ന കേരളത്തിലെ ഏറ്റവും വലിയ ആഘോഷവും അതിന്റെ ഭാഗമായി ഒരു പ്രദേശത്തുണ്ടാകുന്ന വിഭവാവശ്യങ്ങളുമാണ് പൂരാടവാണിഭത്തിന്റെ ലക്ഷ്യം. ഓണസ്സദ്യയൊരുക്കാൻവേണ്ട പച്ചക്കറികളും ഓണത്തിന് കാഴ്ചവെയ്ക്കാൻ വേണ്ട കാഴ്ചക്കുലകളുമായിരുന്നു ഇവിടത്തെ പ്രധാന ചരക്കുകൾ. ആദ്യകാലത്ത് തദ്ദേശീയരായ കർഷകർതന്നെയായിരുന്നു വിൽപനച്ചരക്കുകളുമായി വാണിഭത്തിനെ–ത്തിയിരുന്നത്. ഓണം മലയാളികൾക്കിടയിലെ സമൃദ്ധിയുടെ ഉത്സവകാലം ആയിരുന്നതുകൊണ്ടും വാണിഭത്തിനെത്തുന്ന ചരക്കുകളിലെ വൈവിധ്യമില്ലായ്മ കൊണ്ടുമാകാം മറ്റു വാണിഭങ്ങളിൽ എല്ലാം ദൃശ്യമാകുന്ന കൈമാറ്റവിനിമയരീതികൾ പൂരാടവാണിഭത്തിൽ കാണാനാകില്ല.

പൂരാടവാണിഭം ഓണം എന്ന ആവശ്യത്തെ മുൻനിർത്തി രൂപംകൊള്ളുന്നതു കൊണ്ട് തന്നെയാകാം ഓണസങ്കൽപങ്ങളിൽ വന്ന മാറ്റങ്ങൾ പ്രകടമായിത്തന്നെ വാണിഭത്തിനകത്തും പ്രതിഫലിച്ചുകാണുന്നതും. വിപണിയുടെ വർദ്ധനവ് വിള വിൽക്കാൻ വരുന്ന കർഷകർക്ക് പുറമേ കച്ചവടക്കാരേയും വാണിഭത്തിന് എത്തിച്ചു എന്നതാണ് ആദ്യത്തെ മാറ്റം. സമീപത്തുള്ള കച്ചവടക്കാർ പലരും അന്യദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത ചരക്കുകളുമായി വാണിഭത്തിനെത്താറുണ്ട്.

കേരളത്തിനകത്തെ കാർഷികമേഖലയുടെ തളർച്ചയും ശരാശരി മലയാളിയുടെ വാങ്ങൽശേഷിയിൽ ഉണ്ടായ വളർച്ചയുംകൊണ്ട് അന്യസംസ്ഥാനങ്ങളിൽനിന്നുള്ള ചരക്കെത്തിയ്ക്കൽ അനിവാര്യമായി മാറിയതാണ് മറ്റൊരു മാറ്റം. നിലവിൽ സ്വന്തം വിള വിൽക്കാൻ വരുന്ന പ്രാദേശിക കർഷകരേക്കാൾ കൂടുതൽ കാണാനാകുക അന്യദേശങ്ങളിൽ നിന്നും ചരക്കിറക്കിയ ഇടനിലക്കാരെയായിരിക്കും.

വാണിഭത്തിന് എത്തുന്ന ചരക്കുകളിലെ വർദ്ധനവാണ് ഏറ്റവും പ്രധാനപ്പെട്ട മാറ്റം. കാഴ്ചക്കുലകളുടെ അളവിലെ വർദ്ധനവാണ് അതിലൊന്ന്. ഇന്ന് ഓണത്തിന് ഗുരുവായൂർ അമ്പലത്തിലേയ്ക്ക് എത്തുന്ന കാഴ്ചക്കുലകളിൽ നല്ല പങ്കും പോകുന്നത് എടപ്പാളിലെ പൂരാടവാണിഭത്തിൽ നിന്നാണ്. പൂക്കൾ ഓണവിപണിയിലെ പ്രധാന ചരക്കായി മാറിയതോടെ പൂരാടവാണിഭത്തിലും അത് ഇടം പിടിച്ചു. പൂക്കളത്തിന് നടുക്ക് വെയ്ക്കാനുള്ള തൃക്കാക്കരയപ്പന്റെ പ്രതിമകൾക്കും വാണിഭത്തിൽ ഇപ്പോൾ സ്ഥാനമുണ്ട്. ഉത്പാദകർക്ക് വിപണിയിലുണ്ടായിരുന്ന പങ്ക്, വിൽപനക്കാരനും വാങ്ങുന്നവനും തമ്മിലുണ്ടായിരുന്ന ജൈവബന്ധം എന്നിങ്ങനെ പ്രാദേശിക വിപണികൾക്ക് ഉണ്ടായിരുന്ന സവിശേഷതകൾ ഓരോന്നായി നഷ്ടപ്പെടുമ്പോഴും പൂരാടവാണിഭം ഇന്നും പൂർവ്വാധികം പ്രൗഢിയോടെ നടന്നുപോരുന്നുണ്ട്. ഒരുപക്ഷേ കയ്യൊഴിഞ്ഞുപോയ ഈ സവിശേഷതകൾതന്നെയാകാം വാണിഭത്തിന്റെ വർത്തമാനകാലപ്രൗഢിയെ നിലനിർത്തുന്നത്.[23]

### 3.3 പൊന്നാനിയുടെ സമ്പദ്ഘടന

കാർഷികവൃത്തിയേയും വാണിജ്യത്തേയും ആശ്രയിച്ചുള്ള സമ്പദ്ഘടനയായിരുന്നു ചരിത്രാരംഭകാലംമുതൽക്ക് ഇരുപതാംനൂറ്റാണ്ടിന്റെ അവസാനപകുതിവരേയ്ക്കും പൊന്നാനിയുടേത്. ഏ.ഡി. ആദ്യനൂറ്റാണ്ടുകളിൽ കേരളത്തിലേയ്ക്ക് വന്നിരുന്ന വൈദേശികവ്യാപാരികളുടെ കുറിപ്പുകളും അതേ കാലഘട്ടത്തിൽതന്നെ രചിയ്ക്കപ്പെട്ട സംഘംകൃതികളും മുതൽ മധ്യകാലത്തെ മണിപ്രവാളകൃതികളും ഗ്രന്ഥവരികളും കോളനിവാഴ്ചക്കാലത്തെ ഭരണരേഖകളും വരെ ഇക്കാര്യം സൂചിപ്പിയ്ക്കുന്നുണ്ട്. കൃഷിയിലും വാണിജ്യത്തിലും പൊന്നാനി ദേശത്തിന് പ്രകൃതിദത്തമായി കൈവന്ന

ആനുകൂല്യങ്ങളും അതിനെ മുതലാക്കാൻ തക്കവണ്ണം ശേഷിയുണ്ടായിരുന്ന പൊന്നാനിയുടെ സാമൂഹികക്രമങ്ങളുമായിരുന്നു സമ്പദ്ഘടനയുടെ ഈ വളർച്ചയ്ക്ക് കാരണം.

ഒരു പ്രദേശത്തിന്റെ കാർഷികാഭിവൃദ്ധിയും അതിനെത്തുടർന്ന് ഉണ്ടാകുന്ന വിനിമയങ്ങളുടെ വളർച്ചയും ലോകത്തെല്ലായിടത്തും ദൃശ്യമായിട്ടുള്ള പ്രതിഭാസമാണ്. എന്നാൽ മേൽസൂചിപ്പിച്ച ചരിത്രപ്രക്രിയ സാധ്യമാകുന്നത് അതത് പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും സാമൂഹികവും സാംസ്കാരികവുമായ സവിശേഷ സാഹചര്യങ്ങൾക്ക് അകത്താണെന്നത് പ്രാദേശിക ചരിത്രരചനയുടെ സൂക്ഷ്മദർശിനി വെച്ചുകൊണ്ട്മാത്രം തിരിച്ചറിയാൻ സാധിയ്ക്കുന്ന കാര്യമാണ്. പൊന്നാനിയുടെ ചരിത്രപഠനത്തിലും ഇത് ഒട്ടും വ്യത്യസ്തമല്ല.

പൊന്നാനിയിലെ കാർഷികാഭിവൃദ്ധിയെ നിർണയിയ്ക്കുന്നത് പ്രധാനമായും രണ്ടു ഘടകങ്ങളാണ്. ഒന്നാമത്തേത് ഭാരതപ്പുഴയുടെ സാന്നിധ്യം കൊണ്ട് സിദ്ധിച്ച ഭൂമിശാസ്ത്രപരമായ ആനുകൂല്യങ്ങളാണ്. നദീതീരങ്ങളിലാണ് കേരളത്തിലെ നെൽവയലുകൾ അധികവും രൂപപ്പെടുന്നതും നെൽക്കൃഷി വ്യാപകമാകുന്നതും. ഭാരതപ്പുഴയ്ക്ക് അധികം അകലെയല്ലാത്ത ജലസമ്പുഷ്ടവും ഫലഭൂയിഷ്ഠവുമായ ഭൂമി അവിടെ കൃഷി ആരംഭിച്ച കാലം മുതൽക്ക് ഇന്ന് വരെ കേരളത്തിലെ പ്രധാന കാർഷികമേഖലയാണ്. എന്നാൽ ഭൂമിശാസ്ത്രപരമായ ആനുകൂല്യങ്ങൾ കൊണ്ടുമാത്രം ഒരു പ്രദേശത്തേയും സമ്പദ്ഘടനയിൽ ഗണ്യമായ മാറ്റങ്ങൾ സംഭവിക്കില്ല. പൊന്നാനിയുടെ കാർഷികവളർച്ചയ്ക്ക് കാരണമായ മറ്റൊരു ഘടകം ബ്രാഹ്മണർക്കും ദേവസ്വങ്ങൾക്കും പ്രാധാന്യമുണ്ടായിരുന്ന ഇവിടത്തെ ഭൂവുടമബന്ധങ്ങളാണെന്ന് പറയാം. ബ്രാഹ്മണഗ്രാമങ്ങളുടേയും ക്ഷേത്രങ്ങളുടേയും ഉടമസ്ഥാവകാശത്തിൻമേലാണ് നെൽവയലുകളും നെൽകൃഷിയും പരിപോഷിപ്പിയ്ക്കപ്പെട്ടത്. വയലുകളിൽ പണിയെടുത്തിരുന്നത് അടിസ്ഥാന ജനവിഭാഗങ്ങൾ ആയിരുന്നു. എന്നാൽ കൊയ്തെടുക്കുന്ന കാർഷികവിളകളിൽ ഉപയോഗിച്ചിരുന്നത് ക്ഷേത്രോത്സവങ്ങൾക്കും മറ്റാചാരങ്ങൾക്കും വേണ്ടിയായിരുന്നെന്ന വസ്തുതകൂടി ഇതിനൊപ്പം പരിശോധനയ്ക്ക്

വിധേയമാക്കണം. അല്ലെങ്കിൽ ഉയർന്ന കാർഷികാഭിവൃദ്ധി പൊന്നാനിദേശത്തെ സുഭിക്ഷമാക്കിത്തീർത്തുവെന്ന് തെറ്റിദ്ധരിയ്ക്കാൻ ഇടയുണ്ട്.

ഇന്നത്തെ പൊന്നാനി എന്ന് വിളിയ്ക്കപ്പെടുന്ന പ്രദേശത്തിന്റെ കിഴക്കൻ ഭാഗങ്ങളിലാണ് നെൽകൃഷിയിൽ വളർച്ചയുണ്ടായതെങ്കിൽ പടിഞ്ഞാറ് അറബിക്കടലിനടുത്തുള്ള പ്രദേശത്തിന്റെ സമ്പദ്ഘടന വികസിയ്ക്കുന്നത് മത്സ്യബന്ധനത്തിലും നാളികേരത്തിലും ഊന്നിക്കൊണ്ടാണ്. മത്സ്യബന്ധനത്തിൽ അധിഷ്ഠിതമായ പൊന്നാനിയിലെ ജനജീവിതത്തെക്കുറിച്ചുള്ള വിവരണങ്ങൾ സംഘസാഹിത്യങ്ങളിൽ യഥേഷ്ടം ദൃശ്യമാണ്. ഏ.ഡി. ആദ്യനൂറ്റാണ്ടുകൾ മുതൽ പൊന്നാനിയ്ക്ക് ഉണ്ടായിരുന്ന മത്സ്യബന്ധനത്തിന്റെ പാരമ്പര്യം ഇന്നും സജീവമായി നിലനിൽക്കുന്നുണ്ട്. നാളികേരം, കയർ, കയറുത്പന്നങ്ങൾ എന്നിവയുടെ ഉത്പാദനം എന്നുമുതൽക്കാണ് പൊന്നാനിയിൽ വ്യാപകമാകുന്നതെന്ന് വ്യക്തമല്ല പക്ഷേ സംഘകാല സാഹിത്യങ്ങളിൽ അന്നത്തെ തൊണ്ടിപട്ടണം നിറയെ തെങ്ങുകൾകൊണ്ട് നിറഞ്ഞതാണെന്ന് വിശേഷിപ്പിയ്ക്കുന്നുണ്ട്.

മധ്യകാലത്തേയ്ക്ക് എത്തുമ്പോഴേയ്ക്കും നാളികേരം തീരദേശഭൂമിയിലെ എറ്റവും സമൃദ്ധമായ കാർഷികവിഭവമായി മാറുന്നുണ്ട്. പൊന്നാനിയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ നെൽകൃഷി ചെയ്യുന്ന പാടങ്ങളേക്കാൾ തെങ്ങിൻ പറമ്പുകളായിരുന്നു കൂടുതൽ. പൊന്നാനിയിലെ പല സമ്പന്നകുടുംബങ്ങളുടേയും പ്രധാനവരുമാനം നാളികേരമായിരുന്നു. കണ്ണെത്താദൂരമുള്ള തെങ്ങിൻപറമ്പുകളിലെ തേങ്ങയിട്ട് വിറ്റ് കിട്ടുന്ന പണംകൊണ്ടുമാത്രം പുലരുന്ന വലിയതറവാടുകളുണ്ടായിരുന്നു. പൊന്നാനിയിലെ ഈ നാളികേരസമ്പത്ത് കൊപ്രയായും വെളിച്ചെണ്ണയായും തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയ പല ഇതരസംസ്ഥാനങ്ങളിലേയ്ക്കും കയറ്റുമതി ചെയ്യപ്പെട്ടു. 1970-80 വരേയ്ക്കുള്ള കാലങ്ങളിൽ നാളികേരക്കൃഷിയിലെ പൊന്നാനിയുടെ കുത്തക നിലനിന്നിരുന്നു. ഇങ്ങിനെ നാളികേരം പൊന്നാനിയുടെ സമ്പദ്ഘടന പുഷ്ടിപ്പെടുത്തുന്നതിൽ വലിയപങ്കാണ് വഹിച്ചത്.

നാളികേരത്തിന്റെ ഉപോത്പന്നമായ ചകിരി സംസ്കരിച്ച് ഉണ്ടാക്കുന്ന കയറാണ്

പൊന്നാനിയുടെ സമ്പദ്ഘടനയെ പുഷ്ടിപ്പെടുത്തിയ മറ്റൊരു ഉത്പന്നം. പൊന്നാനി ത്തുറമുഖത്തുനിന്നുള്ള ആദ്യകാലചരക്കുരേഖകളിലൊന്നും കയർ കയറ്റുമതിയെ ക്കുറിച്ച് കാണാനാകില്ല. എന്നാൽ ചകിരി പൂഴ്ത്താൻ സൗകര്യമുള്ള കായൽ പ്രദേശങ്ങളായ കടവനാട്, പുളിക്കകടവ്, കുണ്ടുകടവ്, ബിയ്യം, വെളിയങ്കോട് പ്രദേശങ്ങളിലെല്ലാം കയർനിർമ്മാണകേന്ദ്രങ്ങളുണ്ടായിരുന്നു. നാളികേരം പൊതിയ്ക്കലും, തൊണ്ട് തല്ലലും, കയർപിരിയ്ക്കലും മറ്റുമായി ഒരുപാട് തദ്ദേശീയർക്ക് തൊഴിൽ നൽകാനും ഇതുവഴി സാധിച്ചു. എന്നാൽ കയർകയറ്റുമതിയുമായി ബന്ധപ്പെട്ട ലാഭവിഹിതം ഏറെയും കേന്ദ്രീകരിച്ചിരുന്നത് മറ്റുപ്രദേശങ്ങളിൽനിന്നും വന്ന ഇടനിലക്കാരുടെ കൈകളിലായിരുന്നു.

പൊന്നാനിത്താലൂക്കിലെ കടവനാട് എന്ന പ്രദേശത്താണ് കയർ വ്യവസായം മുഖ്യമായും കേന്ദ്രീകരിച്ചിരുന്നത്. മുൻകാലങ്ങളിൽ ആയിരത്തോളം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുത്തിരുന്നു. തൊണ്ണൂറ് ശതമാനവും സ്ത്രീകളായിരുന്നു ഈ മേഖലയിൽ പണിയെടുത്തിരുന്നത്. തൊണ്ടു തല്ലലും ചകിരി പിരിക്കലും എല്ലാം ചെയ്തിരുന്നത് സ്ത്രീകൾ തന്നെയായിരുന്നു. ചകിരി കുഴിയിൽ പൂഴ്ത്തലും എടുക്കലും കച്ചവടം ചെയ്യലുമായിരുന്നു പുരുഷന്മാരുടെ പണികൾ. പൊന്നാനിത്താലൂക്കിൽനിന്നു തന്നെയായിരുന്നു ഇവിടേയ്ക്കാവശ്യമായ ചകിരി ലഭിച്ചിരുന്നത്. നിറയെ തോടുകളും ഇടത്തോടുകളും നിറഞ്ഞതാണ് ഇവിടത്തെ ഭൂപ്രകൃതി. ഈ ജലസ്രോതസ്സുകളിൽ ചകിരി പൂഴ്ത്തി ചകിരിക്കുഴികളാക്കി മാറ്റുന്നു.[24] കഴുത്തോളം വെള്ളത്തിൽ ഇറങ്ങി നിന്നാണ് തൊഴിലാളികൾ ഈ ചകിരിക്കുഴികളിൽ പണി ചെയ്യുന്നത്. പരമവധി ഒരു കൊല്ലമായിരുന്നു ചകിരി പൂഴ്ത്തിയിരുന്നത്. ഇവിടെ നിന്നെടുക്കുന്ന ചകിരി മാൽ പ്പുരകളിൽവെച്ച് പോളകളഞ്ഞ് തൊണ്ട്തല്ലി തുമ്പാക്കിയെടുക്കുന്നു.[25] ഇങ്ങനെ കിട്ടുന്ന സ്വർണ്ണനിറമുള്ള നാരുകളിൽ നിന്നും സ്ത്രീകൾ കയർ പിരിച്ചെടുക്കുന്നു.

എസ് കമ്പ, സികമ്പ, മുപ്പിരി, പൊള്ളാച്ചിമുപ്പിരി, മുറുക്കുമുപ്പിരി, വണ്ണക്കയർ, കൊലക്കയർ, ചൂടിക്കയർ, ലോറിക്കയർ, തണ്ണിക്കയർ, നേർമക്കയർ, തലക്കയർ, ചെറുകയർ എന്നീ കയറുകളായിരുന്നു അന്ന് പൊന്നാനിയിൽ ഉണ്ടാക്കിയിരുന്നത്. മേടമാസം മുതൽ

തുലാമാസം വരേയ്ക്കും ഉണ്ടാക്കുന്ന കയറിനെ ഇടക്കാലകയർ എന്ന് വിളിച്ചിരുന്നു. മറ്റുകാലങ്ങളിൽ ആയിരം തേങ്ങക്ക് നൂറ് കിലോ ചകിരിനാര് കിട്ടിയിരുന്നിടത്ത് ഈ കയറിനു എൺപത്തിയഞ്ച് കിലോ മാത്രമേ ലഭിച്ചിരുന്നുള്ളു. ധനു മുതൽ മീനം വരെ നീളുന്ന കാലമായിരുന്നു കൂടുതൽ തുമ്പ് ലഭിച്ചിരുന്ന സമയം.

എല്ലാദിവസവും കയർമേഖലയിലെ സ്ത്രീകൾക്ക് തൊഴിലുണ്ടായിരുന്നു. അരിയും പലചരക്കു സാധനങ്ങളുമായിരുന്നു കൂലിയായി കൊടുക്കുക. ഒരോ മുതലാളിയ്ക്കു കീഴിലും നാൽപ്പതു വരെ തൊഴിലാളികളുണ്ടായിരുന്നു. പ്രൊഫ. കടവനാട് മുഹമ്മദ് സാഹിബിന്റെ പിതാവ് അബ്ദുള്ള സാഹിബ്, പടിപ്പുരക്കൽ മാധവൻ, കെ.സി. കുഞ്ഞുമുഹമ്മദ്, പടന്നവളപ്പിൽ ഗോപു എന്നിവരായിരുന്നു പ്രശസ്തരായ മുതലാളിമാരിൽ ചിലർ. റാവുത്തന്മാരും സേട്ടുമാരും ഇവരിൽ നിന്നും കയർ ശേഖരിച്ച് തമിഴ്നാട്ടിലും മൈസൂരും ബാംഗ്ലൂരും കച്ചവടത്തിനു പോകും. കച്ചവടത്തിന്റെ ലാഭം അധികവും കൈവശമാക്കിയിരുന്നത് ഇവരായിരുന്നു. അതേസമയം തൊഴിലാളികളുടെ കൂലി വളരെ കുറവുമായിരുന്നു.

തനിക്ക് പൊന്നാനിക്കടലോരപ്രദേശത്ത് പെരുമാറേണ്ടി വന്നപ്പോൾ കാണേണ്ടിവന്ന ദുസ്സഹദുഃഖമാണ് ചകിരിക്കുഴികളിലെ തൊഴിലാളികളുടെ ജീവിതമെന്ന് തന്റെ ചകിരിക്കുഴികൾ എന്ന കവിതയിൽ ഇടശ്ശേരി പറയുന്നുണ്ട്.

‘ഇക്കയർ വിളയും ചകിരിപ്പടുകുഴി-
യെക്കാലവുമെൻ ദുഃസ്വപ്നം
ഇക്കയർ പണിയും സോദരിമാർ താ-
നെക്കാലവുമെൻ ദുഃസ്വപ്നം
തലമുറ തലമുറയായ്ക്കൈമാറിയ
മാറാശാപമെഴും ജീവൻ
ദുർവ്വാസനയാൽച്ചകിരിക്കുഴിയുടെ
ചുറ്റും വന്നും മുളയ്ക്കുകയോ?”
“തിരിയുകതെല്ലു കിഴക്കോട്ടവിടെ

ക്കാണാം ദുർഭഗചിത്രങ്ങൾ

നിസ്വതയിങ്കൽദ്ദിനമനുദിനം

നീറിമിടിയ്ക്കും ഹൃദയങ്ങൾ

ഘുമുഘുമെദുർമ്മണമിളകിവമിക്കും

ചകിരിക്കുഴിതൻ വക്കുകളിൽ”

“അപ്പടുകുഴിയിൽക്കൊതുവും പുഴുവും

തത്തിയളിഞ്ഞൊരു വെള്ളത്തിൽ

ചീഞ്ഞുകിടപ്പൂ, സമുദായത്തിൻ

വിഷമതലങ്ങളിലിവർപോലെ

ചകിരികൾ സംസ്കാരത്താൽപ്പാരി-

ന്നുപകൃതിചെയ്യും കയറാവാൻ

അവയെത്തല്ലി സ്വർണ്ണശലാക-

യ്ക്കവമതി ചേർക്കും തുമ്പുകളെ

ഇവരുടെ കൈകളുദിപ്പിക്കുയ്ക്കുന്നൂ

കരിനിശ പുലരിക്കതിർപോലെ

അഥവാ തങ്ങളിലേയ്ക്കു പകർത്തി-

ദുർഭഗദുർമ്മണമെമ്പാടും” (ഇടശ്ശേരി, 2012:276,281)

ഇത്രയേറെ കഷ്ടതകൾ നിറഞ്ഞതാണെങ്കിലും വിധിയുടെ ശാപം പോലെ അവരുടെ കുട്ടികൾ പിന്നെയും ഇതേ തൊഴിലുകളിലേയ്ക്ക് പോകുന്നതായും കവി പറയുന്നുണ്ട്. എന്നാൽ ബാല്യത്തിൽതന്നെ മുതുകിഴവികളായും യൗവ്വനത്തിൽ മരണത്തെ പൂകിയും സ്ത്രീകൾ നരകിച്ചുതീർത്ത ഈതൊഴിലിടം ഇന്ന് പൊന്നാനിയിൽ അപ്രത്യക്ഷമാ-യിരിയ്ക്കുന്നു. ചകിരിയുടെ ലഭ്യതക്കുറവും മോശം തൊഴിൽ സാഹചര്യങ്ങളോട് തൊഴിലാളികൾ പ്രതികരിച്ചുതുടങ്ങിയതുംകൂടിയായപ്പോൾ ആയിരത്തോളം തൊഴിലാളികളിൽ നിന്നും ഇരുപത്തഞ്ച് സ്ത്രീതൊഴിലാളികൾ മാത്രമായി കടവനാട്ടെ കയർവ്യവസായം ശോഷിച്ചു. ഈ പ്രതിസന്ധിയെ തൊഴിലാളികൾ ഏറെക്കുറെ അതിജീവിച്ചത് അന്നത്തെ കയർവ്യവസായ സംഘങ്ങളുടെ സഹായത്താലാണ്.

അമ്പതുകളിൽ കയർവ്യവസായം സജീവമായിരുന്ന കാലത്ത് ധാരാളം കയർസംഘങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് നാമമാത്രസംഘങ്ങൾ ആണ് ശേഷിയ്ക്കുന്നത്. കടവനാട് കയർവ്യവസായസഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ പത്ത് കൊല്ലം മുമ്പ് വരെ പൂഴ്ത്തിയ ഒരു ലക്ഷത്തോളം ചകിരി ഇന്നും തിരിച്ചെടുക്കാതെ ഇവിടെ കിടക്കുന്നു. ഇന്ന് യന്ത്രവത്കരണത്തിന്റെ വരവോടെ ചകിരി പൂഴ്ത്തിവെയ്ക്കുന്നതും തല്ലി തൊണ്ടുകളയുന്നതും ഒന്നും അനിവാര്യമല്ലാതായിരിയ്ക്കുന്നു. അതിനോടൊപ്പം പൊന്നാനിയിലെ കയർ കയറ്റുമതിയും അവസാനിച്ചു. നിലവിൽ പത്ത് സ്ത്രീകൾ മാത്രമാണ് കയർ മേഖലയിലെ തൊഴിലാളികൾ.

കരിമ്പ്, കായ്ഫലങ്ങൾ തുടങ്ങിയ പറമ്പുവിളകളാണ് പൊന്നാനിയിലുണ്ടായിരുന്ന മറ്റു കാർഷികവിളകൾ. മധ്യകാലത്തിന്റെ ആരംഭം മുതൽക്ക് കേരളത്തിൽ തോട്ടം കൃഷികൾ വ്യാപിക്കുന്നതായി ചരിത്രകാരന്മാർ നിരീക്ഷിയ്ക്കുന്നുണ്ട്. അതേകാലത്തിൽ തന്നെ രചിയ്ക്കപ്പെട്ട മണിപ്രവാളകൃതികളിൽ ഇതിനുള്ള തെളിവുകൾ കാണാം. പ്രാദേശിക വിപണിയിൽ കൈമാറ്റം ചെയ്യപ്പെടുകയും ഉത്സവച്ചന്തകളിൽ വിൽപ്പനയ്ക്കെത്തുകയും ചെയ്യുന്നുണ്ടെങ്കിലും പൊന്നാനിയുടെ സമ്പദ്ഘടനയിൽ ഇവ കാര്യമായ സംഭാവനകൾ നൽകിയിട്ടില്ല.

ഇന്ന് പൊന്നാനിയുടെ സമ്പദ്ഘടനയിൽ മത്സ്യബന്ധനത്തിനും അനുബന്ധ തൊഴിൽമേഖലകൾക്കും വലിയ പ്രാധാന്യം ഉണ്ട് എന്നാൽ മുൻകാലങ്ങളിൽ ഈ സ്ഥിതി ആയിരുന്നില്ല. മത്സ്യക്കയറ്റുമതിയും ശീതീകരണസൗകര്യങ്ങളും ഇല്ലാതിരുന്ന കാലത്ത് മത്സ്യവിപണനം പ്രാദേശികവിപണികളിൽ മാത്രമായിരുന്നു. ശേഖരിയ്ക്കുന്ന മത്സ്യങ്ങൾ അന്നന്ന് വിറ്റഴിക്കുകയും ശേഷിയ്ക്കുന്നവ ഉപ്പിലിട്ടും ഉണക്കിയും അതുമല്ലെങ്കിൽ വളമാക്കി മാറ്റിയും ഉപയോഗിച്ചുപോന്നു. ഉണക്കമീൻ ആയിരുന്നു അക്കാലത്തെ മുക്കുവരുടെ പ്രധാന വിനിമയവസ്തു. സംഘകാലം മുതൽക്ക് മധ്യകാലം വരേയ്ക്കും അപൂർവമായി വർത്തമാനകാലത്തും നിലനിൽക്കുന്ന ഉണക്കമീൻ ഉപയോഗിച്ചു കൊണ്ടുള്ള കൈമാറ്റ വിനിമയങ്ങൾ ഇത്തരത്തിൽ ശ്രദ്ധേയമാണ്. അക്കാലത്തെ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നവരുടെ ജീവിതം പിൽക്കാലത്തേത്

പോലെ ദാരിദ്ര്യപൂർണം ആയിരുന്നുവെന്നതിന് തെളിവുകളില്ല. പിൽക്കാലത്ത് ഉപ്പിട്ടുണക്കിയ മീനുകൾ വിൽപനച്ചരക്കാകുന്നതോടെ മത്സ്യബന്ധനം പൊന്നാനിയുടെ സമ്പദ്ഘടനയിൽ കാര്യമായ സംഭാവനനൽകുന്ന ഒന്നായിമാറി. ശീതീകരണോപാധികൾ പ്രയോഗത്തിൽ വന്നതോടെ പാലക്കാട്, തിരൂർ, കുന്നംകുളം തുടങ്ങിയ പ്രദേശങ്ങളിലേയ്ക്കെല്ലാം പൊന്നാനിയിൽനിന്നും മീൻ കയറ്റുമതി ആരംഭിച്ചു. നിലവിൽ പൊന്നാനിയിൽ പിടിക്കുന്ന മത്സ്യത്തിന്റെ വലിയൊരു പങ്ക് ഇന്ന് അന്താരാഷ്ട്ര വിപണികളിലേയ്ക്കാണ് കയറ്റി അയയ്ക്കുന്നത്. കയർ വ്യവസായത്തിൽ നിന്നും വ്യത്യസ്തമായി മത്സ്യബന്ധനമേഖലയിൽ തൊഴിലിടങ്ങളിലും മൂലധന നിക്ഷേപത്തിലും തദ്ദേശീയരുടെ പങ്ക് വ്യക്തമായുണ്ടായിരുന്നു. അക്കാരണത്താൽ കൂടിയാകാം പൊന്നാനിയുടെ സമ്പദ്ഘടനയിൽ ചരിത്രത്തിലുടനീളം പ്രധാന ഘടകങ്ങളിലൊന്നായി മത്സ്യബന്ധനം മാറിയത്.

### 3.3.1 കാർഷികവ്യവസ്ഥയിൽനിന്നും കച്ചവടത്തിലേക്ക്

ഒരു തുറമുഖപട്ടണം എന്ന നിലക്കാണ് പൊന്നാനിയിലെ കച്ചവട പാരമ്പര്യത്തിന്റെ ചരിത്രം ആരംഭിയ്ക്കുന്നത്. ഏ.ഡി. ആദ്യനൂറ്റാണ്ടുകളിലെ മലബാർ തീരത്തെ പ്രധാന തുറമുഖങ്ങളിലൊന്നായി യവനരും തമിഴകത്തെ തുറമുഖപ്പട്ടണമായി തദ്ദേശീയരും കരുതിപ്പോന്ന തിണ്ടി/തൊണ്ടിസ് എന്ന പ്രദേശം പൊന്നാനിയായിരുന്നെന്ന് പറയപ്പെടുന്നു. എന്നാൽ തുറമുഖത്തും അതിന്റെ പരിസരപ്രദേശങ്ങളിലും മാത്രമായിരുന്നു കച്ചവടം നടന്നിരുന്നത്. ശേഷിയ്ക്കുന്ന പ്രദേശങ്ങൾ മധ്യകാലത്തിന്റെ ആരംഭം വരേയ്ക്കും കാർഷികപ്രധാന്യമുള്ളവയായിരുന്നു.

ലോകമെങ്ങുമുള്ള മറ്റ് നാഗരികതകളെപോലെതന്നെ കാർഷികോത്പാദനത്തിലെ വർദ്ധനവ് തന്നെയാണ് പൊന്നാനിയിലേയും വിപണികൾക്ക് സാഹചര്യമൊരുക്കിയത്. ജനസംഖ്യയിലും ഉത്പന്നങ്ങളുടെ എണ്ണത്തിലും തൂക്കത്തിലും ഉണ്ടായ ഈ വർദ്ധനവ് മാത്രമല്ല, അതിനെ പിൻപറ്റി ഉണ്ടാകാൻപോകുന്ന വിപണനസാധ്യതകളുടെ കേന്ദ്രസ്ഥാനത്ത് നിൽക്കാൻ തക്കവണ്ണമുള്ള ഭൂമിശാസ്ത്രപരവും സാമൂഹികവുമായ കാരണങ്ങളും ഇതിനു പിന്നിലുണ്ട്.

### 3.3.1.1 ചരക്കുപാതകളും കച്ചവടകേന്ദ്രങ്ങളും

പൊന്നാനിപ്രദേശത്തെ വാണിജ്യപ്രധാനമാക്കി മാറ്റുന്ന പ്രധാനഘടകം വിവിധ ദേശങ്ങളിൽ നിന്നും വ്യത്യസ്തചരക്കുകൾ പൊന്നാനിയിലേയ്ക്ക് എത്തിച്ചിരുന്ന ചരക്കുപാതകളാണ്. വടക്കുദിക്കിൽ കിഴക്ക് സഹ്യപർവ്വതം മുതൽ പടിഞ്ഞാറ് അറബിക്കടൽ വരെ നീണ്ടുകിടക്കുന്ന ഭാരതപ്പുഴയും, പടിഞ്ഞാറുദിക്കിൽ അറബിക്കടലും. കിഴക്ക് ഭാരതപ്പുഴയ്ക്ക് തെക്കായി സ്ഥിതിചെയ്യുന്ന ബിയം കായലും പൂക്കൈതപ്പുഴയും അതിനു സമാന്തരമായി കനോലികനാലും ഭാരതപ്പുഴയ്ക്ക് സമാന്തരമായി പാലക്കാട് വരെ നീളുന്ന കരമാർഗമുള്ള ചരക്കുപാതകളും എല്ലാം കൊണ്ട് പൊന്നാനി മധ്യകേരളത്തിലെ വിനിമയങ്ങളുടെ കേന്ദ്രസ്ഥാനത്തെത്തി.

ഒരുകാലത്ത് ഭാരതപ്പുഴ അറിയപ്പെട്ടിരുന്നത്തന്നെ പൊന്നാനിയുടെ പേരിലായിരുന്നു. മലബാർ മാന്വൽ ഉൾപ്പെടെയുള്ള കൃതികളിൽ പലയിടത്തും ഈ പുഴയെ പൊന്നാനിപ്പുഴ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. തമിഴ്നാട്ടിലെ ആനമല നിരകളിലെ 1964 മീറ്റർ ഉയരത്തിലുള്ള തിരുമൂർത്തി ശൃംഗത്തിൽനിന്ന് ഉത്ഭവിച്ച് സഹ്യനിരകളിലൂടെ പ്രവഹിച്ച് അനേകം കാട്ടരുവികളും നീർച്ചാലുകളും ചേർന്നാണ് ഈ പുഴ രൂപപ്പെടുന്നത്. തമിഴ്നാട്, കേരളം എന്നീ രണ്ടു സംസ്ഥാനങ്ങളിലായി കോയമ്പത്തൂർ, പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളെ മുറിച്ചുകടന്ന് ഭാരതപ്പുഴ അറബിക്കടലിൽ പതിയ്ക്കുന്നു. തമിഴ്നാട്ടിലൂടെ ഒഴുകുന്ന ഭാഗത്തെ അമരാവതിയെന്ന് വിളിയ്ക്കുന്നു. ഗായത്രി, കണ്ണാടി, കൽപ്പാത്തി, തൂതപ്പുഴ എന്നീ പുഴകളാണ് പ്രധാന പോഷകനദികൾ.

സംഘകാലത്ത് പൊന്നാനിത്തുറമുഖത്തിന്റെ വളർച്ചയ്ക്ക് കാരണമായ ഘടങ്ങളിലൊന്നെന്ന രീതിയിൽ ഭാരതപ്പുഴയുടെ പ്രാധാന്യം അദ്ധ്യായം രണ്ടിൽ പരാമർശിച്ചിട്ടുണ്ട്. കിഴക്ക് നിന്നും പടിഞ്ഞാറ് വരേയ്ക്കും തിരിച്ചും ചരക്ക് കടത്താനുള്ള പ്രധാനമാർഗം ഈ പുഴവഴി തന്നെയായിരുന്നു. പൊന്നാനിയിലെ പ്രധാനകയറ്റുമതി ഉത്പന്നങ്ങളിൽ ചിലതായിരുന്ന മരത്തടികൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ പൊന്നാനിയിലേയ്ക്കെത്തിച്ചിരുന്നത് ഈ വഴിയിലൂടെയായിരുന്നു. എന്നാൽ വർഷം

മുഴുവനും നല്ല ജലനിരപ്പുള്ള, വലിയ വഞ്ചികൾക്കു സഞ്ചരിയ്ക്കാൻ കഴിയുന്ന ഒന്നായി ഭാരതപ്പുഴ ഏതെങ്കിലും കാലത്ത് നിലനിന്നിരുന്നതായി അറിവില്ല. ഇന്ന് കാണുന്ന ഭാരതപ്പുഴയുടെ ശോചനീയാവസ്ഥ അനിയന്ത്രിതമായ മാനുഷികഇടപെടലുകൾവഴി ഉണ്ടായതാണെങ്കിലും പണ്ടുകാലത്തും വെള്ളം കുറഞ്ഞു മണൽപരപ്പുകൾ ദൃശ്യമാകുന്ന ഒന്നായിരുന്നു ഭാരതപ്പുഴയെന്നാണ് വിശ്വാസം. അതുകൊണ്ട് സഹ്യപർവ്വതത്തിൽനിന്നും പൊന്നാനിയിലേയ്ക്ക് നിരന്തരമായ ചരക്കുകൾ എത്തിച്ചിരുന്ന ഒരു നേർരേഖയായിട്ടല്ല ഭാരതപ്പുഴയെ കാണേണ്ടത്. മറിച്ച് സമീപ പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന നിരവധി ചെറുപാതകളുടെ ഒരു ശൃംഖലയായിരുന്നു ഭാരതപ്പുഴ. ഈ ദേശങ്ങൾ തമ്മിലുള്ള തുടർച്ചയായ വിനിമയങ്ങൾ വഴിയാണ് കിഴക്കുനിന്നും ചരക്കുകൾ പടിഞ്ഞാറോട്ട് എത്തിയിരുന്നത്.

പൊന്നാനി താലൂക്കിന്റേയും തൃശ്ശൂർ ജില്ലയുടേയും അതിർത്തി പ്രദേശങ്ങളായ വെട്ടിക്കടവ്-ഒതളൂർ എന്നിവിടങ്ങളിൽ നിന്നും രണ്ട് കൈവഴികളായി ആരംഭിച്ച് ബിയ്യം കായലിൽ ചേർന്ന് പുതുപൊന്നാനി മുനമ്പം അഴിമുഖത്ത്വെച്ച് അറബിക്കടലിൽ ലയിക്കുന്ന പൂക്കൈതപ്പുഴയാണ് മറ്റൊരു ജലപാത. കാർഷികസമൃദ്ധമായ പൊന്നാനിയുടെ കിഴക്കൻപ്രദേശങ്ങളിലെ ആഭ്യന്തരവ്യാപാരത്തിൽ ചരക്ക്കടത്തു വഴികളായി നിലനിന്നിരുന്നത് ഈ കായലും പുഴയുമാണ്. ഈ ജലവഴികളുടെ ഇരു കരകളിലുമായി സ്ഥിതിചെയ്തിരുന്ന കച്ചവടസംബന്ധമായ സ്ഥലനാമങ്ങളും അത്താണികളും തണ്ണീർപ്പന്തലുകളും അടക്കമുള്ള പഴയകാലശേഷിപ്പുകളും ഇതിനു തെളിവുകളാണ്.

പത്തൊമ്പതാം നൂറ്റാണ്ടിൽ മലബാർ കളക്ടറായ കനോലി സായിപ്പ് കനോലി കനാൽ നിർമ്മിയ്ക്കുന്നതോടെ പൊന്നാനിയിലെ ചരക്ക്ഗതാഗതത്തിൽ മറ്റൊരുപാത കൂടി ലഭ്യമായി. തുടക്കത്തിൽ പയ്യോളിപ്പുഴ, അകലപ്പുഴ, എലത്തൂർപ്പുഴ എന്നിവകളെ ബന്ധിപ്പിച്ച് മറ്റു ചെറുപുഴകളേയും തോടുകളേയും പരസ്പരം കോർത്തിണക്കി ഭാരതപ്പുഴയുമായി സംഗമിപ്പിയ്ക്കുന്നതായിരുന്നു കനോലി കനാൽ. തുടർന്ന് ഭാരതപ്പുഴയ്ക്ക് തെക്ക് മൈസൂർ ഭരണകാലത്ത് നിർമിച്ച സുൽത്താൻ തോട് വികസിപ്പിച്ച് പൂക്കൈതപ്പുഴയുമായി ബന്ധിപ്പിച്ച് ചാവക്കാട് വരേയ്ക്കും കൊച്ചി രാജ്യത്തിന്റെ

അതിർത്തിവരേയ്ക്കും കനോലികനാൽ വികസിപ്പിച്ചു. അക്കാലങ്ങളിൽ ഈ കനാലിന് പതിനഞ്ച്അടിയോളം ആഴമുണ്ടായിരുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനം വരേയ്ക്കും പൊന്നാനിയിൽനിന്നും വടക്ക് തിരൂരിലേയ്ക്കും, തെക്ക് ചാവക്കാട്ടേയ്ക്കും ചരക്കുകൾ കടത്തുന്ന പാതയായിരുന്നു കനോലി കനാൽ.

ഭാരതപ്പുഴയ്ക്ക് സമാന്തരമായി ഉണ്ടായിരുന്ന പൊന്നാനി – പാലക്കാട് പാതയാണ് ചരക്കുഗതാഗതത്തിന് ഉപയോഗിച്ചിരുന്ന മറ്റൊരു വഴി. ചരക്കുകടത്തലിന് പ്രധാനമായും ജലപാതകൾ ഉപയോഗത്തിലുള്ള കാലത്ത് ഈ കരപാത പ്രയോഗത്തിൽ വരാൻ കാരണം ഭാരതപ്പുഴയിലെ വരൾച്ചാകാലങ്ങൾ തന്നെയാകാം. ഇതുകൂടാതെ ജലവഴികളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചെറിയ നാട്ടുവഴികളും പലതുണ്ടായിരുന്നു. കാളവണ്ടികളും തലച്ചുമടുമായിരുന്നു ഈ വഴിയിലെ കടത്തുമാർഗങ്ങൾ.

**3.3.1.2 വിപണിയും സമൂഹവും**

കാർഷികാഭിവൃദ്ധി വിൽപ്പനയ്ക്കെത്തേണ്ട ചരക്കുകൾ നിർമ്മിച്ചപ്പോൾ ചരക്കുപാതകൾ അവയെ ഉൾനാടുകളിലേയ്ക്കും പുതുതായുണ്ടായ നഗര കേന്ദ്രങ്ങളിലേയ്ക്കും എത്തിച്ചു. ചരക്കുകൾ വിൽപനയ്ക്കുവെക്കുന്ന പൊതുസ്ഥലങ്ങളും വിൽക്കുവാനും വാങ്ങുവാനും വേണ്ടിവരുന്ന മനുഷ്യരുമാണ് പിന്നീട് വിപണികൾക്ക് മാറ്റു കൂട്ടിയത്.

ഭാരതപ്പുഴയുടെ തീരങ്ങളിലെ ബ്രാഹ്മണസമൂഹവും ദേവസ്വങ്ങളും നെൽകൃഷിയുടെ വളർച്ചയിൽ വലിയ പങ്കുവഹിച്ചത് നമ്മൾ കണ്ടതാണ്. അതുപോലെ തന്നെയാണ് വർദ്ധിച്ച കാർഷികാഭിവൃദ്ധിയുടെ ഫലമായി രൂപപ്പെട്ട വിനിമയങ്ങളുടെ ലോകത്തും അവർ സ്വാധീനം ചെലുത്തുന്നത്. ക്ഷേത്രപരിസരങ്ങളിലോ വലിയ ഭൂവുടമകളുടെ ഭൂമിയിലോ ആണ് ആദ്യകാല വാണിജ്യകേന്ദ്രങ്ങൾ ഉയർന്നുവരുന്നത്. ഉത്സവച്ചന്തകൾ, വാണിഭങ്ങൾ, മണിപ്രവാളസാഹിത്യങ്ങളിൽ കാണുന്ന വലിയ നഗരങ്ങൾ തുടങ്ങിയവയ്ക്കൊക്കെ ക്ഷേത്രങ്ങളോ സമാനമായ ആരാധനാ കേന്ദ്രങ്ങളോ ആയുള്ള ബന്ധം കാണാനാകും. എന്നാൽ ഇതേസമയത്ത്തന്നെ പൂർണമായും സവർണ്ണകേന്ദ്രങ്ങളിൽനിന്നും വിട്ടുനിൽക്കുന്ന ചെറുചന്തകളും നിലനിൽക്കുന്നുണ്ട്.

അവയുടെ സ്വഭാവം കൂടുതലും വ്യക്ത്യാധിഷ്ഠിതമായ കൈമാറ്റങ്ങളും കടംവാങ്ങലുകളും കൊണ്ട് നിറഞ്ഞതാണ്.

മധ്യകാലത്തെ രേഖകളിൽതന്നെ കച്ചവടത്തിൽ ഇടനിലക്കാരായി പ്രത്യക്ഷപ്പെടുന്ന മാപ്പിളമാരെക്കുറിച്ചുള്ള തെളിവുകൾ കാണാം. ഒരു കാലത്ത് മധ്യകേരളത്തിന്റെതന്നെ വാണിജ്യതലസ്ഥാനമായി നിലനിന്നിരുന്ന പൊന്നാനി നഗരത്തിന്റെ സാമൂഹികഘടനയിൽ മാപ്പിളമാരുടെ ഈ സാന്നിധ്യം ദൃശ്യമാണ്. കച്ചവടാവശ്യത്തിനായി മലബാർ തീരത്തെത്തിയ അറബികളിൽ നിന്നാണ് ഇസ്ലാമിന്റെ രൂപീകരണദശയിൽതന്നെ ഇസ്ലാമതം കേരളത്തിൽ വ്യാപിയ്ക്കുന്നത്. ലോകത്തിന്റെ മറ്റേതെങ്കിലും കോണിലില്ലാത്ത വിധം ഇസ്ലാമിനകത്ത് മരുമക്കത്തായം കേരളത്തിൽ നിലനിൽക്കാൻ കാരണവും തദ്ദേശീയരല്ലാത്ത സമൂഹവുമായി ഉണ്ടായിരുന്ന ഈ ബന്ധമാണ്. പൊന്നാനി നഗരത്തിലെ ചെറുകിട വാണിജ്യം അഭിവൃദ്ധിപ്പെടുന്നതിലും ഈ മരുമക്കത്തായസമ്പ്രദായത്തിന് പങ്കുണ്ട്.

നിലവിലെ പൊന്നാനിനഗരത്തിന് ഇരുവശങ്ങളിലുമായി കാണുന്ന കടമുറികളുടെ ഉടമസ്ഥത അതിന് പിൻവശങ്ങളിലായി നിലകൊള്ളുന്ന മുസ്ലീം തറവാടുകളുടെ പേരിലായിരുന്നു. തറവാട്ടിലെ സ്ത്രീകളെ വിവാഹം ചെയ്ത് വരുന്ന വരന്മാർക്കുള്ള ഉപഹാരമായിരുന്നു ഈ കടമുറികളിൽ കട നടത്താനുള്ള അവകാശം. പൊന്നാനിയിലെ കച്ചവടകേന്ദ്രങ്ങളിൽ ചരക്കെത്തിക്കാനുള്ള ഏജൻസികൾ തുടങ്ങുന്നതും അതിനായി വലിയതോതിലുള്ള ചരക്കുകയറ്റിറക്കങ്ങൾ ആരംഭിയ്ക്കുന്നതും ഈ മുസ്ലീം തറവാടുകൾ വഴിയാണ്.

ചരിത്രത്തിൽ ഇടക്കാലത്ത് തീരെ അപ്രസക്തമായിപ്പോയെന്നു തോന്നിപ്പിയ്ക്കുന്ന പൊന്നാനിയിലെ കച്ചവടരംഗത്തെ പുനർജീവിപ്പിയ്ക്കുന്നതിലും ഇവിടത്തെ മുസ്ലീം ജനവിഭാഗങ്ങൾക്ക് പങ്കുണ്ട്. മഖ്ദൂം തങ്ങളുടെ വരവിനു ശേഷം അറേബ്യൻ രാജ്യങ്ങളുമായി അവർക്കുണ്ടായിരുന്ന ബന്ധങ്ങൾ വഴിയാണ് എ.ഡി. ആറാം നൂറ്റാണ്ടിനുശേഷം അപ്രത്യക്ഷമാകുന്ന പൊന്നാനിയുടെ പേര് വ്യാപാരഭൂപടത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുന്നത്.

ഇതിനെല്ലാം പുറമെ കോഴിക്കോട് കേന്ദ്രമാക്കി വാണിരുന്ന സാമൂതിരിയുടെ ഭരണം പൊന്നാനിയിലേയ്ക്കു കൂടി വ്യാപിയ്ക്കുകയും പൊന്നാനി സാമൂതിരിയുടെ രണ്ടാം തലസ്ഥാനമെന്നനിലയിൽ പ്രാധാന്യം കൈവരിയ്ക്കുകയും ചെയ്തതോടെ ഇവിടത്തെ വിനിമയങ്ങളിലും വ്യാപാരങ്ങളിലും അതുവഴി സമ്പദ്ഘടനയിലും വളർച്ച കൈവരിച്ചു. ഇപ്രകാരം ഭൂമിശാസ്ത്രപരവും സാമൂഹികവും രാഷ്ട്രീയവുമായ കാരണങ്ങളുടെ ആകെത്തുകയായിരുന്നു പൊന്നാനിയിലെ വാണിജ്യരംഗത്തിന്റെ വളർച്ച.

### 3.3.2 കച്ചവടപാരമ്പര്യത്തിന്റെ അസ്തമനകാലങ്ങൾ

പൊന്നാനിയിലെ കച്ചവടത്തിന്റെ വളർച്ചയ്ക്ക് ഒരുപാട് കാരണങ്ങൾ നമുക്ക് കണ്ടെത്താനാകുന്നുവെങ്കിൽ ഇതേകച്ചവടത്തിന്റെ തളർച്ചയ്ക്ക് അത്രയധികം കാരണങ്ങളൊന്നും അന്വേഷിയ്ക്കേണ്ടതില്ല. ചരക്കുനീക്കത്തിൽ ജലഗതാഗതത്തിനുള്ള സ്ഥാനം ഒരുകാലത്ത് പ്രധാനമായിരുന്നതിനാലാണ് പൊന്നാനി ചരക്ക് കയറ്റിറക്കങ്ങളുടെ കേന്ദ്രസ്ഥാനത്തെത്തുന്നത്. എന്നാൽ പിൽക്കാലത്ത് റോഡുകൾ വ്യാപകമാവുകയും കരഗതാഗതം ശക്തിപ്പെടുകയും ചെയ്തതോടെ ചരക്കുനീക്കത്തിൽ പൊന്നാനി പോലുള്ള ചെറുതുറമുഖങ്ങളുടെ സ്ഥാനം ഇല്ലാതായി.

ദൂരദേശങ്ങളിൽനിന്നുള്ള ചരക്കുകടത്തലിന് അക്കാലംവരെ ഉപയോഗിച്ചിരുന്ന പത്തേമാരികൾ വലിയ കപ്പലുകൾക്കും, ട്രക്കുകൾക്കും വഴിമാറി. കടവുകളിൽ നിന്നും ഗോഡൗണുകളിലേയ്ക്ക് തലച്ചുമടായും ഉന്തുവണ്ടികളിലും കൊണ്ടുപോയിരുന്ന ചരക്കുകൾ ഗോഡൗണിൽ നിന്നും ഗോഡൗണിലേയ്ക്ക് ഒറ്റ വണ്ടിയിൽ എത്തിക്കാമെന്നത് ജലഗതാഗതത്തിന് അന്ത്യം കുറിച്ചു. ലോകവിപണി മുതലാളിത്തത്തിന്റെ വലുപ്പത്തിനൊപ്പം ചെറുതായിചെറുതായി വന്നപ്പോൾ മീനും നാളികേരവും കയറും തുടങ്ങി പ്രാദേശികമായി ഉത്പാദിപ്പിയ്ക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി നഷ്ടമായിത്തുടങ്ങി. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ പൊന്നാനിയിലെ കച്ചവടരംഗം ചെറുകടകളും, അടഞ്ഞ ഗോഡൗണുകളും മാത്രമായി ചുരുങ്ങി.

ഇതേകാലയളവിലാണ് പുതിയ തൊഴിലുകൾതേടി പൊന്നാനിയിലെ ജനങ്ങൾ മറുനാടുകളിലേയ്ക്ക് പോയിത്തുടങ്ങുന്നത്. ബോംബെനഗരവുമായി പത്തേമാരിക്കാലം മുതൽക്ക് പൊന്നാനിക്കാർക്കുണ്ടായിരുന്ന ബന്ധം ആദ്യം അവിടേയ്ക്കും പിന്നീട് ഗൾഫ് നാടുകളിലേയ്ക്കും പൊന്നാനിക്കാരെയെത്തിച്ചു. ഗൾഫ് നാണയങ്ങൾ വീണ്ടും പൊന്നാനിയുടെ സാമ്പത്തികമേഖലയെ അഭിവൃദ്ധിപ്പെടുത്തി. എന്നാൽ ഗൾഫ് മൂലധനം വ്യവസായങ്ങൾ, കാർഷികമേഖല, സമുദ്രോത്പ്പന്നമേഖല തുടങ്ങിയ ഉത്പാദന മേഖലകളിൽ ഒന്നിലും വിനിയോഗിയ്ക്കപ്പെട്ടില്ല. ഉപഭോഗവസ്തുക്കളുടെ വിൽപനയിലും റിയൽ എസ്റ്റേറ്റ് മേഖലയിലും വിനിയോഗിയ്ക്കപ്പെട്ട ഈ മൂലധനം പൊന്നാനിയെ കാഴ്ചയിൽ സമൃദ്ധമായി തോന്നിപ്പിയ്ക്കുകയും, എന്നാൽ ഒരുകാലത്ത് മധ്യകേരളത്തിലെ പ്രധാന കയറ്റുമതികേന്ദ്രങ്ങളിലൊന്നായ ഈ നാടിനെ ഇറക്കുമതിയുടെ മാത്രം ഇടമാക്കി മാറ്റുകയും ചെയ്തു.

പ്രാദേശികമായ വിപണിയിൽ ഉണ്ടായ ഈ തകർച്ച, അതേ വിപണിയിൽ നിന്നും വരുമാനം കണ്ടെത്തിയിരുന്ന ചെറുകിട ഉത്പാദകരേയും തളർത്തി. വിപണി നഷ്ടമായതോടെ കാർഷികോത്പന്നങ്ങളുടെ വിപണിയും അവയുടെ ഉപോത്പന്നങ്ങളുണ്ടാക്കിയിരുന്ന ചെറുകിട വ്യവസായങ്ങളും അവസാനിപ്പിയ്ക്കേണ്ടി വന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതിവരെ കയർ, തീപ്പെട്ടി, ബീഡി, സോപ്പ്, മര ഉരുപ്പിടികൾ എന്നിങ്ങനെ വിവിധ ഉത്പാദനങ്ങൾ നടന്നിരുന്ന പൊന്നാനിയിൽനിന്ന് ഇന്ന് അവയെല്ലാം അപ്രത്യക്ഷമായിരിയ്ക്കുന്നു. പ്രാദേശികവിപണികളിൽ നിന്നും കൈവേല ചെയ്തുണ്ടാക്കിയ പാത്രങ്ങളും മുറങ്ങളും വിറ്റുനടന്നിരുന്ന തൊഴിൽവിഭാഗങ്ങൾ ഇന്ന് ആ തൊഴിലുകളുപേക്ഷിച്ച് മറ്റിടങ്ങളിലേയ്ക്ക് പോയിത്തുടങ്ങിയിരിയ്ക്കുന്നു. സ്വന്തമായുണ്ടായിരുന്നതെല്ലാം ഉപേക്ഷിച്ച് പുതിയ ഉപഭോഗലോകത്തിന്റെ സ്വപ്നങ്ങൾ തേടിപ്പോയ മധ്യവർഗവും ഇന്ന് അതിന്റെ പൊള്ളത്തരങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയിരിയ്ക്കുന്നു.

പ്രാദേശികമായ ഉത്പാദനത്തേയും അതിന്റെ വിതരണത്തേയും തിരിച്ചു പിടിച്ചുകൊണ്ടല്ലാതെ ആധുനികലോകത്തെ സാമ്പത്തിക പ്രതിസന്ധികളിൽ നിന്നും

മോചനം നേടാനാകില്ലെന്ന് ഇന്ന് ലോകമെങ്ങും ജനങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. പുതിയ ആഴ്ചച്ചന്തകൾ ആരംഭിച്ചും, വാണിഭങ്ങളുടെ പ്രൗഢി വീണ്ടെടുത്തും പൊന്നാനിയും ഈ പ്രതിരോധത്തിൽ ഭാഗഭാക്കാകുന്നു.

ഉപഭോഗാസക്തിയുടെ പ്രത്യക്ഷരൂപങ്ങളായ സൂപ്പർ മാർക്കറ്റുകൾ ഉയർന്നുപൊന്തുന്ന ഈ കാലത്തുതന്നെ റോഡരികുകളിലും പൊതുയിടങ്ങളിലും പുതിയ ആഴ്ചച്ചന്തകൾ ഉയർന്നുവരുന്നത് ഈ കാരണത്താലാണ്. പൊന്നാനിയിലും പരിസരപ്രദേശങ്ങളിലും തന്നെ ഇത്തരത്തിലുള്ള നിരവധി ആഴ്ചച്ചന്തകൾ അടുത്തകാലത്തായി ആരംഭിച്ചിട്ടുണ്ട്. ഒരേ സമയം പ്രാദേശികോത്പാദകനേയും മൊത്തക്കച്ചവടക്കാരേയും ഇടനിലക്കാരേയും ഉൾകൊള്ളുന്ന ഈ ചന്തകളിലേയ്ക്ക് നിത്യോപയോഗസാധനങ്ങൾ വാങ്ങാനായി തദ്ദേശീയർ എത്തിയ്ക്കൊണ്ടിരിക്കുന്നു. ഒരുകാലത്ത് തങ്ങളുടെ ദേശത്തിന്റെ മുഖമുദ്രയായിരുന്ന പഴയ അങ്ങാടികളെ പൈതൃകസമ്പത്തായി പരിഗണിച്ച് സംരക്ഷിയ്ക്കാൻ നിലവിൽ തദ്ദേശഭരണകൂടങ്ങൾ മുൻകയ്യെടുക്കുന്നുണ്ട്. പൊന്നാനി അങ്ങാടിയും എടപ്പാൾ അങ്ങാടിയും എല്ലാം ഇത്തരത്തിൽ സർക്കാർ സഹായത്തോടെ സംരക്ഷിയ്ക്കാൻ തുടങ്ങിയിട്ടുണ്ട്. ഉപഭോഗത്വരയോടൊപ്പം കടന്നുവന്ന പുത്തൻ ഭക്ഷണശീലങ്ങൾ ആരോഗ്യകരമല്ലെന്ന തിരിച്ചറിവാണ് പ്രാദേശികചന്തകൾക്ക് ഉണർവ് നൽകിയ മറ്റൊരുഘടകം. പൊന്നാനിയിലെ കർഷകക്കൂട്ടായ്മകൾ അവരുടെ വിളവുകളുമായി ചന്തകളിലേയ്ക്ക് വരാനും 'നല്ലഭക്ഷണപ്രസ്ഥാനം' പോലെയുള്ള സംഘങ്ങൾ അതിനു പ്രോത്സാഹനം നൽകാനും തുടങ്ങിയിട്ടുണ്ട്. ആരോഗ്യത്തെക്കുറിച്ചുള്ള കരുതൽ മാത്രമല്ല നേരിട്ടുള്ള വിൽപ്പന കർഷകനു നൽകുന്ന അധിക ആദായവും ഇത്തരം പ്രവർത്തനങ്ങൾക്ക് ഊർജം നൽകുന്നു. പ്രാദേശികമായ ഉത്പാദനത്തേയും അതിന്റെ വിതരണത്തേയും തിരിച്ചുപിടിച്ചുകൊണ്ടല്ലാതെ ആധുനികലോകത്തിലെ സാമ്പത്തിക പ്രതിസന്ധികളിൽ നിന്നും മോചനമുണ്ടാകില്ലെന്ന് ഇന്ന് ലോകമെങ്ങുമുള്ള മനുഷ്യർ തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. പുതിയ ആഴ്ചച്ചന്തകൾ തുടങ്ങിയും പഴയവയുടെ പ്രൗഢി വീണ്ടെടുത്തും പൊന്നാനിയിലെ മനുഷ്യരും ഈ പ്രതിരോധത്തിന്റെ ഭാഗമാകുകയാണ്.

# കുറിപ്പുകൾ

1. ആഗോളവത്കരണത്തിന്റെ കമ്പോളയുക്തിയ്ക്കെതിരെ പ്രതിരോധചന്തകളെന്ന ആശയം ലോകമെങ്ങും ഉയർന്നുവരികയാണ്. 'National Farmers Retail and Markets Association' എന്ന ലണ്ടനിലെ സംഘടന 7000 കർഷകരേയും 225 ചന്തകളേയും ഒരുമിപ്പിയ്ക്കുന്ന സംഘടനയാണ്. മുപ്പത് മൈലുകൾക്കുള്ളിലുള്ള ഭക്ഷ്യ ഉത്പന്നങ്ങളാണ് അവിടെ ആഴ്ചച്ചന്തകളിലെത്തുന്നത്(വിജയകുമാർ മേനോൻ, 2008:43). 1973-ൽ ഫ്രാൻസിൽ ആരംഭിച്ച 'ലോങ്കോ മേയ്' എന്ന കാർഷിക സഹകരണസംഘങ്ങളുടെ ശൃംഖല ഇന്ന് യുറോപ്പിലും അമേരിക്കയിലും വ്യാപിച്ചുകിടക്കുന്ന ഒന്നായി മാറിയിരിയ്ക്കുന്നു.

2. മാർക്കോപോളോയുടെ കേരളസന്ദർശനത്തിൽ ഇവിടുത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കുറവിനെക്കുറിച്ചും പ്രാദേശികമായ കൃഷിരീതികളെ ക്കുറിച്ചും ആഭരണങ്ങൾ, വസ്ത്രങ്ങൾ എന്നിവയെക്കുറിച്ചും പരാമർശങ്ങൾ കാണാം(വേലായുധൻ പണിക്കശ്ശേരി, 1984:129-132). സമാനമായ പരാമർശങ്ങൾ മറ്റ് വിദേശസഞ്ചാരികൾ നടത്തുന്നുണ്ടെങ്കിലും ദേശാന്തര വാണിജ്യത്തിന-പ്പുറത്തേയ്ക്ക് ആഭ്യന്തരവിപണിയെക്കുറിച്ചോ വിനിമയങ്ങളെക്കുറിച്ചോ ഉള്ള പഠനങ്ങൾക്ക് ഇവ ഉപയോഗപ്പെടുത്തുന്നില്ല.

3. 1100-1500 കാലഘട്ടം കേരളത്തിലെ രാഷ്ട്രീയമാറ്റത്തിന്റെ കാലമായാണ് പരിഗണിയ്ക്കപ്പെടുന്നത്. പെരുമാൾ ഭരണം അവസാനിയ്ക്കുകയും ചെറിയ നാട്ടുരാജ്യങ്ങൾ അധികാരം സ്ഥാപിയ്ക്കുകയും ചെയ്യുന്നത് ഇക്കാലത്താണ്. ഈ കാലഘട്ടത്തിലെ രാഷ്ട്രീയ അനിശ്ചിതത്വങ്ങളാകണം ചരിത്രത്തിൽ കാര്യമായ പരാമർശങ്ങളില്ലാത്ത കാലമായി അതിനെ മാറ്റുന്നത്. എന്നാൽ പതിനാല്, പതിനഞ്ച് നൂറ്റാണ്ടുകളോടെ ഈ നാട്ടുരാജ്യങ്ങൾ കൂടുതൽ ശക്തിപ്പെടുകയും ഭരണപരമായ രേഖകൾ ധാരാളമായി വീണ്ടും ലഭിച്ചുതുടങ്ങുകയും ചെയ്തു (എം.ആർ. രാഘവവാര്യർ, 1997:7).

4. ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായയിൽവെച്ച് നടന്നിരുന്ന മാമാങ്കം ഇതിനുദാഹരണമാണ്. പെരുമാൾ ഭരണകാലത്തെ ആചാരപരമായിരുന്ന

ഉത്സവത്തിന് വലിയ ജനക്കൂട്ടം തന്നെ സന്നിഹിതരായിരിക്കാം. കാലക്രമത്തിൽ ഇവിടെ വാണിജ്യപ്രവർത്തനങ്ങൾ ഏറിവരുകയും നിളാതീരത്തുള്ള ഈ ഉത്സവം ദക്ഷിണേന്ത്യയിലെത്തന്നെ ഏറ്റവും വലിയ വാണിജ്യോത്സവമായി മാറുകയും ചെയ്തു.

5. നിശ്ചിത തൂക്കം നെല്ലിനു പകരമായി നിശ്ചിത എണ്ണം നാളികേരം കൈമാറ്റം ചെയ്യുന്ന സമ്പ്രദായം ലളിതമായിരുന്നു. കൈമാറേണ്ട വിഭവങ്ങളുടെ എണ്ണം വർദ്ധിച്ചാൽ കൈമാറ്റനിയമങ്ങൾ സങ്കീർണ്ണമായിത്തീരും. അതുപോലെ തന്നെയാണ് അളവിലെ വർധനയും. ഒരാളുടെ കയ്യിലുള്ള നെല്ലിന്റെ അളവ് പതിവിലുള്ളതിനേക്കാൾ പതിന്മടങ്ങ് വർദ്ധിച്ചതായി കരുതുക. അതിനു പകരമായി ലഭിക്കുന്ന അത്രയും നാളികേരം ആ വ്യക്തിയ്ക്ക് അനാവശ്യമായി മാറും. എന്നാൽ വരും വർഷത്തേയ്ക്ക് ഈ വിഭവം സൂക്ഷിച്ചുവെയ്ക്കാനും സാധിയ്ക്കില്ല. നാണയത്തിന്റെ വരവ് ഇത്തരം പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗമാകുന്നു.

6. ഒമ്പതാംനൂറ്റാണ്ടുമുതൽ പന്ത്രണ്ടാംനൂറ്റാണ്ടുവരെയുള്ള പല രേഖകളിലും പൊന്നും നെല്ലും തമ്മിലുള്ള വിനിമയമൂല്യത്തെക്കുറിച്ച് പറയുന്നുണ്ട്. ഈ മൂല്യം നെടുനാളത്തേക്ക് മാറാതെ നിൽക്കുന്നു എന്നാണ് ഇവയിൽനിന്നും മനസ്സിലാകുന്നത്(എം.ആർ.രാഘവവാരിയർ, 1997:35). ഇവിടെ നിശ്ചിത തൂക്കം നെല്ലിന്റെ തുല്യമായ വിലയായിട്ടാണ് പൊന്ന് നിലകൊള്ളുന്നത്. നെല്ല് വാങ്ങാൻ അത്രയും പൊന്നു കൊടുക്കണം എന്നല്ല അർത്ഥം. മറിച്ച് അത്രയും നെല്ലിനു തുല്യമായ മറ്റൊരു വസ്തുവുമായിട്ടാണ് കൈമാറ്റം നടയ്ക്കേണ്ടത് എന്നാണ്.

7. ഒമ്പത്-പതിനഞ്ച് നൂറ്റാണ്ടുകളിൽ മറുനാടൻസഞ്ചാരികളുടെ കുറിപ്പുകളിൽ നിന്നും കാണാൻ സാധിക്കുന്ന നാണയങ്ങൾ പണം, താരം എന്നിവമാത്രമാണ്. ലിഖിതമായ മറ്റ് ഉപാദാനങ്ങൾ വഴി ദീനാരം, കാശ്, പഴങ്കാശ്, അച്ച്, ശലാക തുടങ്ങിയ നാണയങ്ങളും കാണാനാകും. എന്നാൽ ഇവയുടെയെല്ലാം വിനിമയ മൂല്യങ്ങളും അക്കാലത്തുതന്നെ പ്രചാരത്തിലിരുന്ന മറ്റു ചില നാണയങ്ങളെ ക്കുറിച്ചും അറിയണമെങ്കിൽ സാഹിത്യം പോലുള്ള ഉപാദാനങ്ങളെ ആശ്രയിയ്ക്കേണ്ടിവരും(എം.ആർ. രാഘവവാര്യർ, 1997:47).

8. “മണിപ്രവാളവിദ്യേയം
പാഠകേഷ്വതിഷ്ഠതേ

ലംബശിപ്രിപരിപാര

മഹിളാളി മഹാസ്പദം" (പി.കെ.നാരായണപിള്ള, 1971)

9. പതിനാലാം നൂറ്റാണ്ടിൽ രചിയ്ക്കപ്പെട്ടതെന്ന് കരുതുന്ന തിരുവനന്തപുരം നഗരത്തെ വർണ്ണിയ്ക്കുന്ന കൃതിയാണ് അനന്തപുരവർണ്ണനം. തിരുവനന്തപുരത്തെ ക്ഷേത്രങ്ങൾ, കുളങ്ങൾ, അങ്ങാടികൾ എന്നിവയെ ഇവിടെ വർണ്ണിയ്ക്കുന്നു. മഹാവിഷ്ണുവിന്റെ ദശാവതാരങ്ങളും ഇവിടെ വർണ്ണിയ്ക്കുന്നു.

10. പതിമൂന്നാംനൂറ്റാണ്ടിൽ രചിയ്ക്കപ്പെട്ടതെന്ന് അനുമാനിയ്ക്കുന്ന ഉണ്ണിയച്ചീചരിതം മലയാളഭാഷയിലെ ആദ്യത്തെ ചമ്പൂകാവ്യമായി പരിഗണിയ്ക്കപ്പെടുന്നു. ഇന്നത്തെ സേലവും പഴയ കോലത്തുനാടിന്റേയും പുറക്കിഴാനാടിന്റേയും പ്രദേശങ്ങളുമാണ് ഇതിൽ പ്രതിപാദിച്ചിരിയ്ക്കുന്നത്.

11. മേഴത്തൂർ ദേശത്തിന്റെ തെക്ക്-കിഴക്കായും കോടനാട് ദേശത്തിന്റെ കിഴക്കായും സ്ഥിതിചെയ്യുന്ന ഒരു ദേശമാണ് പൊയിലം. കിഴക്കെ പൊയിലം എന്നാണ് പറയുക. എടപ്പാൾ ചുങ്കത്തുനിന്ന് ഒന്നോ രണ്ടോ കിലോമീറ്റർ പടിഞ്ഞാട്ടു പോയാൽ പൊന്നാനി റോഡിന്റെ വടക്കുവശമാണ് പടിഞ്ഞാറെ പൊയിലം. പൊയിലം പ്രദേശത്ത് മേപ്പൊയിലം, ചെറുപ്പൊയിലം എന്നു പേരായ രണ്ടു ഇല്ലങ്ങളുമുണ്ട് (ചെറിയ നാരായണൻ നമ്പൂതിരി, 2015:30-31)

12. ചമ്രവട്ടത്ത് അയ്യപ്പക്ഷേത്രം, നാവാമുകുന്ദക്ഷേത്രം, തിരുനാവായയിലെ ബ്രഹ്മക്ഷേത്രം, പന്നിയൂർ വരാഹമൂർത്തിക്ഷേത്രം തുടങ്ങി പൊന്നാനി പരിസരങ്ങളിലെ പ്രസിദ്ധമായ നിരവധി ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നത് പേരാറ്പുരം എന്ന് വിശേഷിപ്പിയ്ക്കുന്ന ഈ പ്രദേശത്താണ്.

13. മൂത്തമ്മേ (തള്ളേ), മണൽ=മണലമീൻ മൂഴക്ക് അരി (തരാം) എന്ന് ഊത്തക്കയ്യൻ= നീരുവന്നു വീർത്ത കൈയുള്ള അവൻ വിലപറഞ്ഞതുകൊണ്ട്, ആ മൂത്രക്കുഴിയെ= മൂത്രം നാറുന്ന വൃത്തികെട്ട മണലമീനിനെ ഉടൻ വിറ്റത്, മുറ്റും=തീർത്തും, കാർത്തിയവാണിയം ആയല്ലോ (അന്യായമായി തോന്നുംപടി വില പറഞ്ഞുള്ള കച്ചവടമാകാം കാർത്തികച്ചന്തയിൽ നടക്കുന്നത്)(ചാത്തനാത്ത് അച്യുതനുണ്ണി, എം.ആർ. രാഘവവാരിയർ, 2017:60-61).

14. ചിക്കിരം (അമരപ്പയർ) ഉരി തരുമെന്നു വാക്കുപറഞ്ഞിട്ട്, ഒരുകാൽ=ഒരിക്കൽ, അക്കരുമത്തിന്നായിന നാൾ=ആ കർമ്മത്തിന് ആയ നാൾ-തരുമെന്ന്

പറഞ്ഞുറപ്പിച്ച ദിവസം- അക്കരെ (പുഴയ്ക്ക് അക്കരെ) ആയിരുന്ന ഇപ്പറഞ്ഞ ആ പോയൻ=ഭോഷൻ (വാക്കുപാലിച്ചില്ല, തന്നില്ല എന്നു സാരം) (ചാത്തനാത്ത് അച്യുതനുണ്ണി, എം.ആർ. രാഘവവാരിയർ, 2017:61).

15. പാകം (ഭാഗം), പണം (അരപ്പണം, ഒരു പണം), വീശം (ഒരു നെല്ലിടയുടെ പതിനാറിൽ ഒരംശം), പാണി (ഒരു പഴയ നാണയം), തിരമം (പഴയ നാണയം വെള്ളിത്തിരമവും പൊന്നിൻതിരമവും ഉണ്ട്), പലം, കൈ (കചു- രണ്ടരരൂപാത്തൂക്കം), ച്ളാക=ശലാകത്തൂക്കം (പഞ്ചച്ളാക, ഇടച്ളാക, നടച്ളാക ഇത്യാദി) ഒരു ച്ളാക ഇളച്ചാൽ=(കുറവ് വരുത്തിയാൽ അതു മുതലിന്നു തട്ടും (നഷ്ടം വരും), നിറ (ഒരു തൂക്കം) നിറദ്പേശുക=ഒരു നിറ തൂക്കത്തിന്നുവേണ്ടി തർക്കിക്കുക. നെല്ലിന്ന് ഇന്റു ചെലുത്തരുത്=നെല്ലിടത്തൂക്കത്തിന് ഇന്ന് ഇനി കൂടുതൽ വയ്ക്കരുത്; പുടം എയ്തിടും=അധികമായ്പ്പോകും-ഇങ്ങനെ ബഹുഭാഷാഭിഃ =പലഭാഷകളുപയോഗിച്ച് പൊന്നുംതിരമം ഉരച്ചുകൊണ്ടും പല വസ്തുക്കളുടെ തൂക്കങ്ങളും അളവുകളും വഴങ്ങി (പറഞ്ഞ്) വിളങ്ങുന്ന വാണിയരാൽ കൃതകോലാഹലം=കോലാഹലമുണ്ടാക്കപ്പെട്ട് ആയാനാർച്ചിറ നഗരം=വലിയ അങ്ങാടി തന്നേ-തണ്ട അവൻ (ഇന്ദ്രൻ) അഥിഃ പികന്ന വിസ്മയക്കടലിൽ ആയാൽ=വിസ്മയക്കടലിലായി(ചാത്തനാത്ത് അച്യുതനുണ്ണി, എം.ആർ. രാഘവവാരിയർ, 2017:62-63).

16. വാണിയർ എന്നത് അക്കാലത്തെ ഒരു ജാതി രൂപം ആയിരുന്നു. എന്നാൽ ഇവിടെ പരാമർശിച്ചു കാണുന്നത് കച്ചവടം നടത്തുന്നവർ എന്ന അർത്ഥത്തിൽ മാത്രം ആയിരിയ്ക്കണം.

17. വളഞ്ചിയരെന്നത് ക്ഷൗരവൃത്തി കുലത്തൊഴിലായി സ്വീകരിച്ച ജാതി വിഭാഗമായിരുന്നു. എന്നാൽ വലിയ വഞ്ചികളിൽ (കപ്പലുകളിൽ) കച്ചവടം നടത്തുന്നവരെന്ന അർത്ഥത്തിൽ വളർവഞ്ചിയർ വളഞ്ചിയരായി പരിണമിച്ചതാകണം ഇവിടെ കാണുന്ന വിഭാഗം. വളഞ്ചിയർ, കോളാഞ്ചിയർ, കോവാ തല ചെട്ടി, പാണ്ടിയർ, ചൊനവർ, ചെഴിയർ, നാലർ കുടികൾ തുടങ്ങി നിരവധി വാണിജ്യസംഘങ്ങളെക്കുറിച്ച് പതിനഞ്ചാം നൂറ്റാണ്ടിലെ പയ്യന്നൂർപാട്ടിൽ പരാമർശമുണ്ട്.

18. ചെട്ടിച്ചികൾ - തമിഴ്നാട്ടിൽ നിന്നുവരുന്ന കച്ചവടക്കാരായ സ്ത്രീകളെയാണ്

ചെട്ടിച്ചികളെന്നു പറയുന്നത്. ചാന്തും പൊട്ടും കൺമഷിയും കുപ്പിവളകളുമായി പൊന്നാനിയിലേയ്ക്കു വരുന്ന കറുത്ത ചെട്ടിച്ചികളെ കുറിച്ച് ഇടശ്ശേരി 'കറുത്ത ചെട്ടിച്ചികൾ' എന്ന കവിതയെഴുതിയിട്ടുണ്ട്. ഇന്നും കച്ചവടത്തിനായി നാടുനീളെ നടക്കുന്ന ചെട്ടിച്ചികളെ പൊന്നാനിയിലും പരിസരപ്രദേശങ്ങളിലും കാണാനാകും.

19. 'പാണ്ട്യാലക്കൽ' എന്നു പേരായ ചില വീടുകൾ ഇന്നു പൊന്നാനിയിലുണ്ട് പണ്ടുകാലത്തെ പാണ്ടികശാലകൾ പിന്നീട് വീടുകളാക്കി മാറ്റിയതാണ് ഇവ.

20. നഗരം എന്ന വാക്ക് ഇന്ന് പ്രയോഗിയ്ക്കുന്ന അതേ അർത്ഥത്തോടെയല്ല പണ്ടുകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. വർത്തമാനകാലത്ത് നഗരം എന്ന പദം വലിയ കെട്ടിടങ്ങളും കച്ചവടസ്ഥാപനങ്ങളും ഉൾകൊള്ളുന്ന വാണിജ്യലോകം മാത്രമാണ്. എന്നാൽ മധ്യകാല സാഹിത്യങ്ങളിൽ കാണാനാകുന്ന നഗരസങ്കൽപം പലദേശക്കാരായ കച്ചവടക്കാർ വിൽപനയ്ക്കെത്തുന്ന അങ്ങാടിയും, ആ അങ്ങാടിയുമായി ബന്ധമുള്ള തറവാടു വീടുകളും ആരാധനാലയങ്ങളും ചേർന്നതാണ്. പൊന്നാനി നഗരം എന്ന സ്ഥലനാമം രൂപപ്പെട്ടത് മധ്യകാലത്തിലെ ഈ നഗരസങ്കൽപം അനുസരിച്ചായിരിയ്ക്കണം. നിലവിൽ മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിയ്ക്കുന്ന പ്രദേശമാണ് ഈ കടമുറികൾ.

21. പൊന്നാനിയിലെ പാലങ്ങളെല്ലാം ഇവിടത്തെ പ്രധാന ദേശസൂചികകളാണ്. കനോലികനാലിനു കുറുകേ ബ്രിട്ടീഷുകാർ പണിതുപോയ അഞ്ച് പാലങ്ങളാണ് അതിൽ പ്രധാനം: പൊന്നാനി അങ്ങാടിയ്ക്കു സമീപത്തുള്ള ഒന്നാം നമ്പർ പാലം, വലിയ ജുമാഅത്ത് പള്ളിയ്ക്കു സമീപത്തെ രണ്ടാം നമ്പർ പാലം, തെക്കേപ്പുറത്തേയും പള്ളിപ്പുറത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന മൂന്നാം നമ്പർ പാലം, കൈവരികളെല്ലാം തകർന്ന് ചരിത്രസ്മാരകമായി നിലനിൽക്കുന്ന നാലാം നമ്പർ പാലം (കുട്ടിവൈശ്യരിയുടെ പാലം), മെട്രോമാൻ ഇ. ശ്രീധരൻ പുനർനിർമിച്ച അഞ്ചാം നമ്പർ പാലം. ബ്രിട്ടീഷ് ഭരണകാലത്തുതന്നെ പൊന്നാനി കോൾപാടങ്ങളിൽ ഉപ്പുവെള്ളം കയറാതിരിയ്ക്കാൻ പൂക്കൈതപ്പുഴയ്ക്കു കുറുകെ പണിത പാലമാണ് ബിയ്യംകെട്ട് എന്ന ബിയ്യം റെഗുലേറ്റർ കം ബ്രിഡ്ജ്.

22. പുതിയകാലത്തെ ഉത്സവച്ചന്തകളിലെ പ്രധാനചരക്കുകൾ കളിക്കോപ്പുകളും പെൺകോപ്പുകളുമാണ്. കുട്ടികളെ ആകർഷിയ്ക്കാനുള്ള ബലൂണുകളും കളിപ്പാട്ടങ്ങളും കൊണ്ടും പലവിധപലഹാരങ്ങൾ കൊണ്ടും കുപ്പിവള, കൺമഷി

തുടങ്ങിയ ആഭരണങ്ങൾകൊണ്ടുമാണ് ഇന്ന് പൂരപ്പറമ്പുകൾ നിറയുന്നത്.

23. നിലവിൽ എടപ്പാൾഗ്രാമപഞ്ചായത്ത് പഴയഅങ്ങാടിയെ പൈതൃകനഗരമായും പൂരാടവാണിഭത്തെ പൈതൃകോത്സവമായും ഏറ്റെടുത്ത് നടത്തുന്നുണ്ട്.

24. സുലഭമായി വെള്ളം കെട്ടിക്കിടക്കാൻ ഇടയുള്ള സ്ഥലങ്ങളിൽ ആഴത്തിലുള്ള കുഴികളുണ്ടാക്കി അതിൽ ചകരിനിറച്ച് ഓലയിട്ട് മൂടിയാണ് ചകിരിക്കുഴികൾ നിർമിയ്ക്കുന്നത്. ഓലവെച്ച് മറച്ചതിനു മുകളിൽ മണ്ണിട്ടുമൂടി ഒരു ഭാഗത്തുമാത്രം ചെറുതായി തുറന്നുകൊടുക്കും. ഇതിനെ കണ്ണ് എന്നു വിളിക്കുന്നു. ഈ കണ്ണിലൂടെയാണ് കുഴികളിലേയ്ക്ക് വെള്ളം കടത്തിവിടുന്നത്.

25. കെട്ടിയുണ്ടാക്കുന്ന പണിപ്പുരകളാണ് മാൽപ്പുരകൾ. തൊണ്ട് തല്ലലും കയറുപിരിയ്ക്കലും മാത്രമല്ല വഞ്ചിയുണ്ടാക്കിയിരുന്നതും എല്ലാം ഇവിടെയായിരുന്നു.

## അദ്ധ്യായം 4

# കടലോരജീവിതം

# കടലോരജീവിതം

കടൽത്തീരങ്ങൾ, നദീതടങ്ങൾ എന്നിവ മനുഷ്യസംസ്കാരങ്ങളുടെ വിളനിലങ്ങളായിരുന്നു. ഒരു ദേശത്തുനിന്നും മനുഷ്യൻ മറ്റൊരു ദേശത്തേയ്ക്ക് പോകുന്നതും അവരുടെ സംസ്ക്കാരവും വിഭവങ്ങളും കൈമാറ്റം ചെയ്യുന്നതും തീരദേശങ്ങൾ വഴിയായിരുന്നു. എന്നാൽ ഇത്തരം സാമ്പത്തികസാംസ്കാരിക വിനിമയങ്ങൾക്ക് സാക്ഷ്യം വഹിച്ച തീരങ്ങൾക്കും തീരദേശവാസികൾക്കും പുറംലോകം വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ല. തീരദേശവാസികളെ ഒരു പ്രത്യേകതരം ജനതയായി മുഖ്യധാരയിൽ നിന്നും അകറ്റിനിർത്തിയ കാഴ്ചകൾ ഭൂതകാലത്തിൽ മാത്രമല്ല വർത്തമാനകാലത്തും കാണാനാകും. പൊന്നാനിയുടെ തീരദേശത്തും സ്ഥിതിഗതികൾ വ്യത്യസ്തമായിരുന്നില്ല.

പൊന്നാനി കോടതിപ്പടിമുതൽ പുതുപൊന്നാനിമുനമ്പംവരെ ആറര കിലോമീറ്റർ നീളവും അരക്കിലോമീറ്റർ വീതിയുമുള്ള ചെറിയ ഭൂപ്രദേശമാണ് പൊന്നാനിതീരദേശം. തൊഴിൽപരമായും സാംസ്ക്കാരികമായും ആചാരപരമായും മറ്റു പ്രദേശങ്ങളിൽനിന്നും വ്യത്യസ്തത പുലർത്തുന്ന ജനവിഭാഗങ്ങളാണ് ഇവിടെയുള്ളത്. ആറര കിലോമീറ്റർ നീളത്തിലുള്ള ഈ തീരദേശം അരക്കിലോമീറ്ററിൽ താഴെ നീളമുള്ള എട്ട് ഭാഗങ്ങളായി വേർപിരിഞ്ഞ് കിടക്കുന്നു. അഴീക്കൽ, മീൻതെരുവ്, മരക്കടവ്, മുക്കാടി, തെക്കേക്കടവ്, ആനപ്പടി, പള്ളിപ്പടി, പുതുപൊന്നാനി മുനമ്പം എന്നിവയാണവ.

അഴിമുഖത്തോടടുത്ത് കിടക്കുന്ന കോടതിപ്പടി മുതൽ 'ലൈറ്റ് ഹൗസ്' വരെയുള്ള

സ്ഥലമാണ് അഴീക്കൽ എന്നറിയപ്പെടുന്നത്. പൊന്നാനിയിലെ പത്തേമാരി തൊഴിലാളികളിൽ എല്ലാവരുംതന്നെ അഴീക്കൽ സ്വദേശികളായിരുന്നു. പൊന്നാനിയിലെ മറ്റു ദേശക്കാരിൽ നിന്നും ഭാഷയിലും സംസ്ക്കാരത്തിലും ഏറെ വ്യത്യസ്തത പുലർത്തുന്നവരാണ് ഇക്കൂട്ടർ. പോർച്ചുഗീസുകാരും കുഞ്ഞാലി മരയ്ക്കാർമാരും തമ്മിലുള്ള യുദ്ധത്തിൽ പൊന്നാനിയിൽ ഒരുപാട് നാശനഷ്ടങ്ങൾ സംഭവിയ്ക്കുകയും പിന്നീട് കുഞ്ഞാലി മരയ്ക്കാരും കുടുംബവും കോട്ടക്കലേയ്ക്ക് താമസം മാറുകയും ചെയ്തു. മരയ്ക്കാർ കുടുംബത്തിലെ ഏതാനുംപേർ ഈ പലായനത്തിൽ പങ്കാളികളാകാൻ മടിയ്ക്കുകയും പൊന്നാനിയുടെ തീരദേശത്ത് അഴിയുടെ അടുത്തായി താമസമാക്കുകയും ചെയ്തു. ഇവരുടെ പിൻമുറക്കാരാണ് നിലവിലെ അഴീക്കൽ സ്വദേശികളെന്നാണ് വിശ്വാസം. ഈ മരയ്ക്കാർമാർ ആയിരിക്കാം പത്തേമാരി തൊഴിലാളികളായ അഴീക്കൽ പ്രദേശവാസികൾ(ഉമ്മർകുട്ടി, 2018:217). പത്തേമാരിത്തൊഴിലിനെ മരക്കാർപണി എന്ന് ഇവിടത്തുകാർ വിളിയ്ക്കുന്നതും ഇക്കാരണത്താലാണ്. എന്നാൽ അഴീക്കലിലെ നിവാസികളെല്ലാം പത്തേമാരി പണികൾക്കുവേണ്ടി വടക്കൻമലബാറിൽ നിന്നും കുടിയേറിയവരാണെന്നും ഇവിടത്തുകാരുടെ ഭാഷയിലും സംസ്കാരത്തിലും ദൃശ്യമായ വ്യത്യാസങ്ങൾ ഇക്കാരണത്താലാകാം എന്നും മറ്റൊരു അഭിപ്രായമുണ്ട്. പത്തേമാരികളുടെ പ്രതാപകാലം കഴിഞ്ഞതോടെ ഇവിടത്തെ പുതിയതലമുറ ബോട്ടുകളിലേയ്ക്കും ഹാർബറിലേയ്ക്കും തങ്ങളുടെ പണിസ്ഥലം പുനഃപ്രതിഷ്ഠിച്ചു.

അഴീക്കലിന് തൊട്ടടുത്ത് കിടക്കുന്ന ചെറിയ പ്രദേശമാണ് മീൻതെരുവ്. പൊന്നാനിയിലെ ആദ്യത്തെ മീൻസംസ്കരണകേന്ദ്രവും ഉണക്കമീൻവിതരണ കേന്ദ്രവും എല്ലാം ഇവിടെയായിരുന്നു എന്നതിനാലാകാം മീൻതെരുവ് എന്ന പേര് വന്നത്. മുൻകാലത്ത് ഖാൻബഹദൂർ ആറ്റക്കോയ തങ്ങൾ തന്റെ സുരക്ഷിതത്വത്തിനു വേണ്ടി കൊണ്ടുവന്ന് പാർപ്പിച്ചവരാണ് ഈ പ്രദേശത്തുകാർ എന്നാണ് വിശ്വാസം (ഉമ്മർകുട്ടി, 2018:217). ആറ്റക്കോയ തങ്ങൾക്കുവേണ്ടി ഇവർ ജീവൻ വെടിഞ്ഞും പോരാടിയിരുന്നു. 1950ന് ശേഷം മത്സ്യസംസ്കരണവും ഉണക്കമീൻ വിതരണ കേന്ദ്രവും കൂടി സൃഷ്ടിച്ച തൊഴിൽസാധ്യതകൾ ഇവിടത്തുകാർക്ക് ഒരു പുതുജീവിതം സമ്മാനിച്ചു.

മീൻതെരുവിനടുത്തുള്ള കാക്കോച്ചിപറമ്പിൽ പൊന്നാനിത്തീരത്തെ ഏറ്റവും ദയനീയമായ മനുഷ്യജീവിതങ്ങൾ കാണാൻ കഴിയും. കടലോരവാസികൾ എന്ന നിലയിൽ പൊതുവിൽ പൊന്നാനിക്കാർ എല്ലാവരും അനുഭവിയ്ക്കേണ്ടിവന്ന സാമൂഹികാസമത്വങ്ങൾ എല്ലാംതന്നെ ഇവിടത്തുകാർ അളവിലധികമായി അനുഭവിയ്ക്കേണ്ടി വന്നിട്ടുണ്ട്. കലഹിക്കുമ്പോൾ കാക്കകളേയും മൂങ്ങകളേയും പോലെ കലപിലകൂട്ടുന്നവരാണ് ഇവരെന്നതിനാലാകാം കാക്കോച്ചിപ്പറമ്പെന്ന പേര് വന്നത് എന്നുള്ള വിശ്വാസത്തിൽപോലും ഈ വിവേചനം കാണാനാകും. മത്സ്യബന്ധനത്തിന്റെ അനുബന്ധജോലികൾ, തീപ്പെട്ടിക്കമ്പനിയിലേയും ബീഡിക്കമ്പനിയിലേയും തുടങ്ങി പൊന്നാനിയിലെ എല്ലാ തൊഴിൽമേഖലകളിലേയും താഴേത്തട്ടിലുള്ള തൊഴിലുകൾ ചെയ്തിരുന്നവർ കാക്കോച്ചിപ്പറമ്പുകാരായ സ്ത്രീപുരുഷന്മാരായിരുന്നു. പതിര് വാണിഭത്തിൽ ഉണക്കമീൻ നൽകി പതിര് വാങ്ങാൻ വന്നിരുന്നവരിൽ കൂടുതൽ പേരും കാക്കോച്ചിപറമ്പുകാർ തന്നെ.

പരമ്പരാഗത മത്സ്യബന്ധനത്തിന്റെ പൊന്നാനിയിലെ പ്രധാനകേന്ദ്രമാണ് മരക്കടവ്. ആധുനിക മത്സ്യബന്ധനരീതികളും പുതിയ ഹാർബറും വരുന്നത് വരെ പൊന്നാനിയിലെ പ്രധാന മത്സ്യബന്ധനകേന്ദ്രം ഇവിടം തന്നെയായിരുന്നു. വഞ്ചിയും വലയുമായി കടലിൽ പോകുന്നവർ തന്നെയാണ് ഇന്നും മരക്കടവിലെ ജനങ്ങളധികവും. മരക്കടവ് എന്ന പേര് വന്നതിനു പിന്നിൽ മഖ്ദൂം കുടുംബവുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യമാണ് ഇവിടത്തുകാർക്ക് പറയാനുള്ളത്. മഖ്ദൂമുകൾ പൊന്നാനിയിൽ എത്തിയ കാലത്ത് പൊന്നാനി പ്രധാനപ്പെട്ട ഒരുപാട് നമ്പൂതിരി ഗൃഹങ്ങളും നായർ തറവാടുകളും നിറഞ്ഞ സ്ഥലമായിരുന്നു. ഒരിയ്ക്കൽ അവിടത്തെ ധനികരായ തറവാട്ടുകാരിൽ ഒരാളുടെ വീട്ടിലെ പെൺകുട്ടിയ്ക്ക് കലശലായ വയറ്വേദന അനുഭവപ്പെട്ടു. നാട്ടിലെ വൈദ്യന്മാരെല്ലാം ചികിത്സിച്ചിട്ടും മാറാത്ത രോഗം മാറ്റിത്തരാമെന്ന് മഖ്ദൂം അവകാശപ്പെടുകയും പ്രത്യുപകാരമായി തറവാട്ടിനു മുൻപിലെ വലിയ മരം തനിക്കു പള്ളി പണിയുവാൻ വേണ്ടി നൽകണമെന്നുമായിരുന്നു കരാർ. എന്നാൽ ഇത്രയും വലിയ മരം എങ്ങനെയാണ് മുറിച്ച് പള്ളി പണിയുന്നിടത്തേയ്ക്ക് മാറ്റുക എന്ന ജനങ്ങളുടെ സംശയത്തിന് അന്നു രാത്രിയിൽ വലിയ പേമാരിയും വെള്ളപ്പൊക്കവും തീർത്ത് മരത്തെ

കടപുഴയ്ക്കി പൊന്നാനി തീരത്തേയ്ക്ക് ഒഴുക്കിക്കൊണ്ടുവന്നു എന്നാണ് ഐതിഹ്യം. ഈ മരം വന്നടുത്ത കടവാണത്രെ മരക്കടവായി മാറിയത്.

മരക്കടവിന് തെക്ക് മുക്കാടി എന്നുവിളിയ്ക്കുന്ന പ്രദേശം രണ്ടായിരം വർഷം മുൻപ് വരെ മനുഷ്യർ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന നാടായിരുന്നു എന്നാണ് വിശ്വാസം. മുക്കുവന്മാർ താമസിയ്ക്കുന്ന പടി എന്ന വാക്കുകൾ ലോപിച്ചാണ് മുക്കാടി എന്ന പേര് വന്നത്. കടൽസഞ്ചാരികൾക്ക് പൊന്നാനിയുടെ അതിര് കാണിച്ചു കൊടുക്കുന്ന മുദ്രകളിൽ ഒരതിർത്തിക്കല്ല് മുക്കാടിയിൽ നിലകൊള്ളുന്നുണ്ട്. മറ്റൊരതിർത്തിക്കല്ല് അഴിയുടെ മറുകരയിൽ 1970-കൾ വരെ നിലനിന്നിരുന്നു. ഈ രണ്ട് അതിർത്തിക്കല്ലുകളുടേയും കൃത്യം മധ്യത്തിലാണ് ലൈറ്റ്ഹൗസ് നിലകൊള്ളുന്നത് (ഉമ്മർകുട്ടി, 2018:218).

മുക്കാടിയ്ക്ക് തെക്ക് കിടക്കുന്ന പ്രദേശമാണ് തെക്കേക്കടവ്. പരമ്പരാഗതമായി മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ കടവുകളിലൊന്നാണ് ഇത്. തെക്കേക്കടവിന് തെക്ക് ആനപ്പടി എന്ന പ്രദേശമാണ്. പൊന്നാനിയിലെ പ്രസിദ്ധമായ ആനബീഡിക്കമ്പനിയുടെ ഉടമ ഇവിടെ താമസിച്ചിരുന്നതിനാലാണ് ഈ പേര് വന്നത്. ആനപ്പടിയ്ക്ക് പടിഞ്ഞാറ് കിടക്കുന്ന മയിലാഞ്ചിക്കാടും തെക്ക് ഭാഗത്തെ പള്ളിപ്പടിയും ജനവാസം കുറവുള്ള പ്രദേശങ്ങളാണ്. പള്ളിപ്പടിയിൽ പണ്ടുകാലത്ത് പുഞ്ചക്കൃഷി നടത്തിയിരുന്നതായി റവന്യൂ രേഖകളിൽ പറയുന്നു. അതിനും തെക്കുള്ള പ്രദേശം പുതുപൊന്നാനിയും പുതുപൊന്നാനിമുനമ്പവുമാണ്. പൊന്നാനിയുടെ പൊതു സ്വഭാവത്തിൽ നിന്നും വ്യത്യസ്തമായ ജീവിതവ്യവസ്ഥ നിലനിൽക്കുന്ന പ്രദേശമാണ് ഇവിടം. പൊന്നാനിത്തീരത്തിന്റെ തെക്കേ അതിരായി പരിഗണിയ്ക്കുന്നത് പുതുപൊന്നാനി മുനമ്പമാണ് (ഉമ്മർകുട്ടി, 2018 : 219-220).

ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ കടലുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെടുന്നവരാണ് പൊന്നാനിത്തീരത്തെ ജനങ്ങളിലധികവും. ഈ തൊഴിലുകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് തന്നെയാണ് ഇവരുടെ സവിശേഷ സംസ്കാരം

രൂപപ്പെടുന്നതും. മത്സ്യബന്ധനവും പത്തേമാരികളും ആയിരുന്നു പൊന്നാനിയിലെ പ്രധാനപ്പെട്ട തൊഴിലിടങ്ങൾ. മത്സ്യബന്ധനം ചെറിയ തോണികളും വലിയ വഞ്ചികളും മുതൽ യന്ത്രവത്കൃതബോട്ടുകളും കപ്പലുകളും വരെ വന്നു നിൽക്കുന്ന മേഖലയാണ്. കടലിൽ പോകുന്നവർക്ക് മാത്രമല്ല കരയിലുള്ളവർക്കും അത് തൊഴിൽ നൽകുന്നു. വിവിധതരം സംസ്കരണരീതികളിലും അനുബന്ധ മേഖലകളിലുമായി പൊന്നാനിയിലെ ചെറുപ്പക്കാർക്കും സ്ത്രീകൾക്കും തൊഴിൽ നൽകുന്നത് ഈ മേഖലയാണ്. പൊന്നാനിയിലെ സാംസ്കാരികവൈവിധ്യങ്ങൾക്ക് പ്രധാന കാരണമായിട്ടുള്ള തൊഴിലിടമായിരുന്നു പത്തേമാരി. പൊന്നാനിയെ വിവിധ ദേശങ്ങളുമായി ബന്ധപ്പെടുത്തിയത് പത്തേമാരികൾവഴിയായിരുന്നു. മധ്യകേരളത്തിന്റെ കച്ചവട ബന്ധങ്ങളെ ശക്തിപ്പെടുത്തിയതിലും വിവിധ ദേശങ്ങളിൽനിന്നുള്ള ചരക്കുകളെ കേരളത്തിൽ പരിചയപ്പെടുത്തിയതിലും പൊന്നാനിയിലെ പത്തേമാരികൾക്ക് പങ്കുണ്ട്.

ജനജീവിതവും സംസ്കാരവുമായി ഇത്രയേറെ ബന്ധപ്പെട്ടു കിടക്കുന്ന തൊഴിലിടങ്ങളായതിനാൽ തന്നെ ഈ മേഖലകളിലെ ആധുനികീകരണത്തിന്റേയും മുതലാളിത്തയുക്തിയുടേയും കടന്നുവരവ് ഇവിടത്തെ ജനജീവിതത്തേയും ബാധിച്ചിട്ടുണ്ട്. അതിനൊപ്പംചേർന്ന് ജീവിതനിലവാരം വർദ്ധിപ്പിച്ചവരേയും എതിരിട്ട് പരാജയപ്പെട്ടവരേയും പൊരുതി നിൽക്കുന്നവരേയും എല്ലാം പൊന്നാനിയിൽ കാണാം.

### 4.1 മത്സ്യത്തൊഴിലാളികൾ

മരക്കടവ്, മുക്കാടി, പുതുപൊന്നാനി എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ചു കൊണ്ടാണ് പൊന്നാനിയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അധികവും താമസിയ്ക്കുന്നത്. യന്ത്രവത്കൃതമായ ബോട്ടുകൾക്കും വഴിയറിയാനും ആഴമളക്കാനും മറ്റുമുള്ള സാങ്കേതികോപകരണങ്ങൾക്കും മുൻപേ ഇവയുടെയൊന്നും സഹായമില്ലാതെ കടലിൽ പോയിരുന്നവരുടെ നാടായിരുന്നു ഇവിടം. അതുകൊണ്ട് തന്നെ ഇന്നത്തേതിൽ നിന്നും വ്യത്യസ്തമായി കൂടുതൽ അനിശ്ചിതത്വത്തിലായിരുന്നു അവരുടെ കടൽ യാത്രകൾ. സാങ്കേതികവിദ്യകളുടെ അഭാവം കൊണ്ട് തന്നെയാകാം അവരുടെ തൊഴിൽ രീതികളിലെ വൈവിധ്യം ശ്രദ്ധേയമായത്.

### 4.1.1 തൊഴിലുപാധികളും തൊഴിൽ വൈവിധ്യങ്ങളും

"പറഞ്ഞു നോക്കുക വെറുതേ

നിങ്ങൾക്കെത്ര കിളിയുടെ പാട്ടറിയാം?"

എത്ര മരത്തിൻ തണലറിയാം?

എത്ര പുഴയുടെ കുളിരറിയാം?" (പി.മധുസൂദനൻ, 2019:46,47)

എന്നു തുടങ്ങുന്ന കവിതയെ അനുസ്മരിപ്പിക്കുന്നതാണ് പൊന്നാനിയിലെ തീരദേശ വാസികൾ കൊണ്ടുനടക്കുന്ന മീനുകളുടെ പേരുവിവരപ്പട്ടിക. എത്ര സ്രാവിന്റെ പേരറിയാം എന്നും എത്ര ചെമ്മീനിന്റെ പേരറിയാം എന്നും അവർ പരസ്പരം ചോദിയ്ക്കുകയും അതിൽ പലതിനേയും ഇന്ന് കാണാനില്ലെന്ന് പുതുതലമുറകളോട് പരാതി പറയുകയും ചെയ്യും. നിറത്തിലും വലിപ്പത്തിലും രൂപത്തിലും ഉള്ള വ്യത്യാസങ്ങൾക്ക് അനുസരിച്ച് കടലിൽ നിന്നു ലഭിക്കുന്ന എല്ലാ മീനുകൾക്കും കടലോരവാസികളുടെ ഇടയിൽ വ്യത്യസ്ത പേരുകളുണ്ട്. വ്യത്യസ്ത മീനുകളെ പിടിയ്ക്കാൻ വ്യത്യസ്ത തരം മാർഗങ്ങളും ഇവർ അവലംബിക്കുന്നു.

പൊന്നാനിത്തീരത്തെ ഏറ്റവും പ്രസിദ്ധമായ മീൻ സ്രാവാണെന്നാണ് വിശ്വാസം. പൊന്നാനിയിലെ മത്സ്യബന്ധനത്തെക്കുറിച്ച് വിവരം ലഭിക്കുന്ന പഴയകാല സാഹിത്യകൃതികളിലെല്ലാം സ്രാവിന്റെ സാന്നിധ്യം കാണാനാകും.[1] കുയിസ്രാവ്, ചടയൻസ്രാവ്, കാമൽസ്രാവ്, ചുണ്ടൻസ്രാവ്, കള്ളൻസ്രാവ്, നെടുവാൽസ്രാവ്, പൊത്തൻസ്രാവ്, മകരൻസ്രാവ്, ആയിരംപല്ലി എന്നിങ്ങനെ വിവിധതരം സ്രാവുകളെ പണ്ടുകാലത്ത് കിട്ടിയിരുന്നുവെന്ന് മത്സ്യത്തൊഴിലാളിയായ മാമുട്ടി പറയുന്നു. സ്രാവിന്റെ കരളിൽ നിന്നും എടുക്കുന്ന എണ്ണയിൽ വിറ്റമിൻ എ അടങ്ങിയിട്ടുണ്ടെന്ന കാരണത്താൽ സൂപ്പ് വെയ്ക്കാനായി ഇവയെ വേട്ടയാടുന്നത് ഇടക്കാലത്ത് പതിവായിരുന്നു. എന്നാൽ അടുത്തകാലത്ത് സ്രാവുകളെ പിടിച്ച് ചിറകരിഞ്ഞ് കടലിൽ തള്ളുന്ന ഫിന്നിങ്ങ് എന്ന സമ്പ്രദായം സജീവമായിട്ടുണ്ട്. ശസ്ത്രക്രിയകൾക്ക് തുന്നാനുപയോഗിയ്ക്കുന്ന പുതിയതരം നൂലുകൾ ഇവയുടെ ചിറകിൽ നിന്നുമാണ് നിർമ്മിയ്ക്കുന്നത് എന്നതാണ് ഇതിന് പിന്നിലെ കാരണമായി പറയുന്നത്. ഇത്തരത്തിൽ വലിയ കപ്പലുകളിൽ നിന്നും

വലിച്ചെറിയുന്ന സ്രാവുകളുടെ ശവശരീരങ്ങൾ കടലിൽ കൂട്ടമായി പൊങ്ങിക്കിടക്കുന്നത് കണ്ടിട്ടുണ്ട്. പൊന്നാനിക്കാരായ പരമ്പരാഗത മീൻപിടുത്തക്കാരെ സംബന്ധിച്ച് ഇത്തരം കാഴ്ചകൾ വേദനാജനകമായ ഒന്നാണ്. ഒരു കാലത്ത് പൊന്നാനിയിലെ പ്രധാന വിഭവങ്ങളിലൊന്നായിരുന്ന ഈ മീനുകൾ ഇന്ന് മുക്കുവർക്ക് കിട്ടാക്കനിയായി മാറിയിട്ടുണ്ട്.

പൊന്നാനിത്തീരത്തെ മത്സ്യസമ്പത്തിൽ പ്രാധാന്യം അർഹിയ്ക്കുന്ന മറ്റൊരു ഇനമായിരുന്നു തിരണ്ടികൾ. പരന്ന ശരീരവും ഇരുവശത്തും ത്രികോണാകൃതിയിലുള്ള ചിറകുകളുമുള്ള ഈ മത്സ്യങ്ങൾ തീരക്കടലിൽ ആഴം കുറഞ്ഞ മേഖലകളിലാണ് കഴിയുന്നത്. കടലിന്റെ അടിത്തട്ടിലെ പായലുകളും പുറ്റുകളും നിറഞ്ഞ പ്രദേശമാണ് ഇവയുടെ ആവാസസ്ഥലം. അവിടെനിന്നാണ് തിരണ്ടികൾ ഭക്ഷണം സമ്പാദിയ്ക്കുന്നത്. അടുത്ത കാലത്തായി പൊന്നാനിയിൽ കണ്ടുവരുന്ന ചൈനീസ് ബോട്ടുകൾ കടലിന്റെ അടിത്തട്ടിന് ക്ഷതമേൽപ്പിയ്ക്കുന്നു എന്നാണ് പ്രദേശവാസികളുടെ പരാതി. അടിത്തട്ടിൽ ചളിയിളക്കി അവിടത്തെ പായലുകളും പുറ്റുകളും എല്ലാം നശിപ്പിയ്ക്കും വിധമാണ് ഇവരുടെ സഞ്ചാരം. അതിന്റെ ഫലമായിട്ടാകണം കുറച്ചു കാലമായി തിരണ്ടികളേയും കാര്യമായി കിട്ടാതായിട്ടുണ്ട്. പുള്ളിത്തിരണ്ടി, കാക്കത്തിരണ്ടി, ചാട്ടവാലൻ തിരണ്ടി എന്നിങ്ങനെ വിവിധ പേരുകളിൽ പല വലുപ്പത്തിൽ തിരണ്ടികളെ കാണാനാകും. ഇരകളെ പിടിയ്ക്കാനായി വൈദ്യുതി പ്രവഹിപ്പിയ്ക്കുന്നവയും ശത്രുക്കളിൽ നിന്നും രക്ഷനേടാനായി വലിയ മുള്ളുകൊണ്ട് ആക്രമിക്കുന്നവരുമായ തിരണ്ടികളുണ്ട്.

കേരളതീരത്തെ ഏറ്റവും സുലഭമായ മത്സ്യമാണ് മത്തി. ശത്രുക്കളിൽ നിന്ന് രക്ഷനേടാനും ഒറ്റപ്പെട്ടുപോവാതിരിയ്ക്കാനുമായി പറ്റംചേർന്നാണ് ഇവ സഞ്ചരിയ്ക്കുന്നത്. വേനൽക്കാലത്ത് പുറംകടലിലെ വെയിലേറ്റ് ചൂടുപിടിക്കുമ്പോഴാണ് മത്തിക്കൂട്ടങ്ങൾ തീരക്കടലിലേയ്ക്ക് നീങ്ങാൻ ആരംഭിയ്ക്കുന്നത്. തൊലിയൻ മത്തി, പരപ്പൻ മത്തി, കരിമത്തി, നല്ല മത്തി എന്നിങ്ങനെ വ്യത്യസ്തതരം മീനുകൾ ഇക്കൂട്ടത്തിലുമുണ്ട്. കടലിന്റെ അടിത്തട്ടിലെ വിവിധതരം ആൽഗകളും ജീർണിച്ച സസ്യഭാഗങ്ങളുമാണ് മത്തികളുടെ ഭക്ഷണം. തിരണ്ടികളുടെ കാര്യത്തിൽ ഉണ്ടായതു

പോലെ ചൈനീസ് ബോട്ടുകളുടെ വരവ് മത്തികളേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നൂറ്മത്തി കഴിച്ചാലും ശരീരം കേടാകില്ലെന്ന വിശ്വാസം ഇവിടത്തെ തൊഴിലാളി കൾക്കിടയിലുണ്ട്. കനലുണ്ടാക്കി പച്ചമത്തി ചുട്ടുതിന്നുന്നതാണ് തങ്ങളുടെ ആരോഗ്യത്തിന്റെ പ്രധാന കാരണമെന്ന് മത്സ്യത്തൊഴിലാളിയായ ഹംസ വിശ്വസിയ്ക്കുന്നു. ഇവിടത്തെ പുതിയതലമുറയിലെ കുട്ടികളും ഇത്തരത്തിൽ മത്തി ചുട്ട് തിന്നുന്ന ശീലമുള്ളവരാണ്.

തീരക്കടലിൽ ധാരാളമായി കാണുന്ന ചെറുമത്സ്യങ്ങളാണ് നത്തോലി, മുള്ളൻ എന്നിവ. കൂട്ടം ചേർന്നാണ് ഇവ സഞ്ചരിയ്ക്കാറുള്ളത്. ചെറുമുള്ളൻ, പാക്കുമുള്ളൻ, നൊട്ടമുള്ളൻ, നല്ലമുള്ളൻ തുടങ്ങിയ ഇനങ്ങളാണ് മുള്ളനിലുള്ളത്. ചെറിയ വലകളുപയോഗിച്ച് കടലിന്റെ മുകൾഭാഗത്തു നിന്നാണ് ഇവയെ പിടിയ്ക്കുന്നത്. കടലിന്റെ ഉപരിതലത്തിൽ നിന്നുതന്നെ ലഭിക്കുന്ന മറ്റൊരു മത്സ്യമാണ് അയല. സസ്യപ്ലവകങ്ങളും ചെമ്മീനിന്റെ ലാർവകളുമാണ് ഇവയുടെ പ്രധാന ഭക്ഷണം. റിങ്ങ് വലകളുപയോഗിച്ചാണ് ഇവയെ പിടിയ്ക്കാറ്. പണ്ടുകാലത്ത് മീൻപിടിയ്ക്കാൻ പോകുമ്പോൾ കടലിന്റെ ഉപരിതലത്തിൽനിന്നുതന്നെ ഒരുപാട് മീനുകളെ കിട്ടാറുണ്ടെന്നാണ് ഇവിടത്തെ നാട്ടുകാരുടെ അനുഭവം. മത്സ്യബന്ധനത്തിനായി കടലിലേയ്ക്ക് പോകുമ്പോൾ വഞ്ചിക്കടുത്തേയ്ക്ക് വന്നു ഉയർന്നുചാടി നമ്മളെ വിളിയ്ക്കുന്ന മീൻകൂട്ടങ്ങളെ കുറിച്ചുള്ള തദ്ദേശീയരുടെ ഓർമ്മകൾ കുറച്ചെല്ലാം അതിശയോക്തി കലർന്നതാകാമെങ്കിലും ഉപരിതലത്തിൽ നിന്നുതന്നെ പല മത്സ്യങ്ങളേയും അന്ന് ലഭിച്ചിരുന്നു എന്നു വേണം മനസ്സിലാക്കാൻ. ഇത് ആധുനികത കടലിനു വരുത്തിയ നഷ്ടങ്ങളിൽ ഒന്നാണെന്ന് അവർ പറയുന്നു. ഇന്ന് ഉപരിതലത്തിൽ കാണാനാകുന്ന മത്സ്യസമ്പത്ത് വളരെ പരിമിതമായിരിയ്ക്കുന്നു.

ഏട്ട, അയക്കൂറ തുടങ്ങിയ വലിയ മത്സ്യങ്ങളെ ചൂണ്ടയിട്ട് പിടിയ്ക്കുന്ന സമ്പ്രദായവും പൊന്നാനിയിലെ പരമ്പരാഗത മത്സ്യബന്ധനത്തൊഴിലാളികൾക്കിടയിൽ ഉണ്ടായിരുന്നു. തീരക്കടലിലെ തന്നെ ആഴമേറിയ പ്രദേശങ്ങളിലാണ് ഏട്ട കാണാനാവുക. വെള്ളേട്ട, തൂറ്റേട്ട, വെങ്കിടിഏട്ട, മേടേട്ട, നായേട്ട, കുറുന്തലേട്ട, കാരേട്ട, വല്യേട്ട

എന്നിങ്ങനെ വിവിധതരം എട്ടകൾ അവരോർക്കുന്നുണ്ട്. സ്രാവ്, ഏട്ട, അയക്കൂറ തുടങ്ങിയ വലിയ മീനുകളെ ഊക്കല എന്നു വിളിയ്ക്കുന്ന വലയുപയോഗിച്ചും പിടിച്ചിരുന്നു. ഇന്ന് റിങ്ങ്‌വലകളും പഴ്‌സ്‌വലകളും ഉപയോഗിച്ചാണ് ബോട്ടുകളിൽ പോകുന്നവർ ഇത്തരം വലിയ മീനുകളെ പിടിക്കുന്നത്.

കേരളത്തിന്റെ തീരത്ത് കണ്ടുവരുന്ന ഏറ്റവുംഅധികം വൈവിധ്യങ്ങളുള്ള മത്സ്യമാണ് ചെമ്മീൻ. കയന്തൻ ചെമ്മീൻ, വില്ലൻ ചെമ്മീൻ, പൂവാലൻ ചെമ്മീൻ, കരിക്കാടിചെമ്മീൻ, നാരൻ ചെമ്മീൻ, കൊമ്പൻ ചെമ്മീൻ, റാണി ചെമ്മീൻ തുടങ്ങി മുപ്പതോളം ഇനം ചെമ്മീനുകൾ ഇവിടെ ലഭ്യമാണ്. മിക്ക ചെമ്മീൻഇനങ്ങളും അവയുടെ പ്രത്യുത്പാദനം നടത്തുന്നത് കരയിൽ വന്നു മുട്ടയിട്ടുകൊണ്ടാണ്. ആഴക്കടലിൽ നിന്നും മുട്ടയിടാനായി മാത്രം കരയിലേയ്ക്ക് വരുന്ന ചെമ്മീനുകളുണ്ട്. എന്നാൽ യന്ത്രവലകളുമായി വരുന്ന കപ്പലുകൾ പലതും മുട്ടവിരിഞ്ഞ് കടലിൽ പോകുന്ന ചെമ്മീൻകുഞ്ഞുങ്ങളെ പോലും പിടിക്കുകയും ശേഷം ഉപയോഗ്യമല്ലാത്തവയെന്ന കാരണത്താൽ വലിച്ചെറിയുകയും ചെയ്യുന്നു. ഇത് കടലിലെ ചെമ്മീന്റെ അളവ് കുറയാൻ കാരണമായി. അടുത്ത കാലത്തായി ചിലയിനം ചെമ്മീനുകളെ കിട്ടാനേയില്ലെന്നാണ് പരമ്പരാഗതമായി മത്സ്യബന്ധനത്തിലേർപ്പെടുന്ന പൊന്നാനിയിലെ തൊഴിലാളികൾ പറയുന്നത്.

വണ്ണൻകോര, നിലംകോര, പല്ലിക്കോര, തൊള്ളക്കോര, കരിംകോര തുടങ്ങിയ വിവധതരം കോരമീനുകളും, കരി ആവോലി, വെള്ളാവോലി, നൊഞ്ചാവോലി തുടങ്ങിയ ഇനം ആവോലികളും, നെടുംചൂട, പൊട്ടൻചൂട, ചെറിയചൂട എന്നിങ്ങനെ ചൂടയിനങ്ങളും മാന്തൾ, പാര, ചെമ്പല്ലി, കതിരാൻ, തിരുത തുടങ്ങിയ മറ്റു മത്സ്യങ്ങളും കൊണ്ട് സമ്പന്നമാണ് പൊന്നാനിക്കാരുടെ ഓർമ്മകളിലെ മത്സ്യവൈവിധ്യങ്ങൾ. മീനുകളുടെ എണ്ണത്തിലും സ്വഭാവത്തിലും മാത്രമല്ല അവയെ പിടിയ്ക്കാനായി അവലംബിയ്ക്കുന്ന മാർഗങ്ങളിലും കൂടിയുണ്ട് ഈ വൈവിധ്യങ്ങൾ. ചെറിയ വള്ളങ്ങളിൽ കടലിൽ പോകുന്നവർ മുതൽ വലിയ ബോട്ടുകളുമായി കടലിൽ പോകുന്നവർ വരെ ഇവർക്കിടയിലുണ്ട്. രാവിലെ പോയി രാത്രി തിരിച്ചെത്തുന്നവരും നാലോ അഞ്ചോ ദിവസം

ഉൾക്കടലിൽ തുടരുന്നവരും ആഴ്ചകളോളം സഞ്ചരിച്ച് മറ്റ് ദേശങ്ങളിലെ തീരദേശത്തു പോയി വരുന്നവരും ഇക്കൂട്ടരിൽപെടും. കടലിൽ പോയി ചൂണ്ടയിടുന്നവരേയും വളരെ ചുരുക്കമായി പൊന്നാനിയിൽ കാണാം. ഭൂരിപക്ഷവും വലയുപയോഗിച്ച് മത്സ്യബന്ധനത്തിലേർപ്പെടുന്നവരാണ്.[2] ഉപയോഗിയ്ക്കുന്ന വലകളുടെ അളവിലും വലയിടുന്ന രീതിയിലും വരെയുണ്ട് വൈവിധ്യം. ഈ വൈവിധ്യങ്ങളാണ് പൊന്നാനിക്കാരുടെ കടലുമായുള്ള സഹവർത്തിത്വത്തിന്റെ മുഖമുദ്ര.

പതിമൂന്ന് കോൽ മുതൽക്ക് നീളമുള്ള പത്ത് മുതൽ അമ്പത് പേർക്ക് പോകാവുന്ന വള്ളങ്ങളാണ് പൊന്നാനിയിലെ പരമ്പരാഗത മത്സ്യബന്ധന ത്തൊഴിലാളികൾ ഉപയോഗിയ്ക്കുന്നത്. കനോലികനാലും ബിയ്യം കായലും വഴി എത്തിയ്ക്കുന്ന മരത്തടികളിലാണ് ഈ വള്ളങ്ങൾ നിർമ്മിയ്ക്കുന്നത്. ഒറ്റമരത്തിൽ കുഴിച്ചുണ്ടാക്കുന്നതാണ് ഇവിടത്തെ വള്ളങ്ങൾ. ചീനിമരം, ഇലവ്, പുന്ന, മാവ് എന്നീ മരങ്ങളെല്ലാം വഞ്ചിയുണ്ടാക്കാൻ ഉപയോഗിച്ചിരുന്നു. നാല് കള്ളി വള്ളങ്ങളാണ് പഴയ കാലത്ത് ഉണ്ടായിരുന്നത്. വഞ്ചിയുണ്ടാക്കാൻ വേണ്ടി കെട്ടിയുണ്ടാക്കുന്ന മാൽപ്പുരകളിലാണ് ഈ പ്രവൃത്തികളെല്ലാം നടന്നിരുന്നത്. പൊന്നാനിക്കാരായ ആശാരിമാരാണ് ഈ പണികൾ ചെയ്യാറുള്ളത്. അമരത്ത് ഒരാളും ബാക്കിയുള്ളവർ രണ്ട് ഭാഗമായി തണ്ട് വലിയ്ക്കാനും നിൽക്കുന്നതാണ് വഞ്ചി തുഴയലിന്റെ രീതി. അമരം എന്നത് വഞ്ചിയുടെ പിൻഭാഗമാണ്. വഞ്ചിയുടെ മുൻഭാഗത്തെ അണിയമെന്നും വിളിയ്ക്കുന്നു. വഞ്ചിയുടെ ദിശ നിയന്ത്രിയ്ക്കുന്നത് അമരത്തിരിയ്ക്കുന്ന വ്യക്തിയാണ്. ചുക്കാന്റെ സ്ഥാനം നിയന്ത്രിച്ചുകൊണ്ടാണ് ഇത് സാധ്യമാക്കുന്നത്. വഞ്ചിയ്ക്ക് കടലിനെ മുറിച്ച് മുന്നേറാനുള്ള ശക്തി നൽകുന്നത് തണ്ട് വലിയ്ക്കുന്നവരാണ്. വഞ്ചിയുടെ ഇരുവശങ്ങളിലുമിരുന്ന് തുഴയുന്നവരാണ് ഇവർ. ഇന്ന് ചെറിയ വഞ്ചികളിൽ പോലും നല്ല പങ്കും യന്ത്രം പിടിപ്പിച്ച് പ്രവർത്തിപ്പിയ്ക്കുന്നവയായിട്ടുണ്ട്.

വഞ്ചിയിൽ നിന്നും ഒരാൾ കടലിലേയ്ക്കിറങ്ങി വലപിടിയ്ക്കുകയും വഞ്ചി വലയുടെ മറുതലയുമായി മീറ്ററുകളോളം സഞ്ചരിച്ച് ചുറ്റിവരികയും ചെയ്യുന്നതാണ് വ്യാപകമായി ഉപയോഗിയ്ക്കുന്ന മത്സ്യബന്ധനരീതികളിൽ ഒന്ന്. വലയുടെ ഒരുതല

കരയിൽ വെച്ച് തീരപ്രദേശത്ത് നിന്നും വലയിറയ്ക്കി കരയ്ക്ക് വലിച്ചു കയറ്റുന്ന രീതി ചിലയിനം മീൻപിടുത്തങ്ങൾക്ക് ഉപയോഗിയ്ക്കാറുണ്ട്. വഞ്ചികളിൽ ആഴക്കടലിൽ പോയി ചൂണ്ടയിട്ട് വലിയ മീനുകളെ പിടിയ്ക്കുന്നകൂട്ടർ മരക്കടവിലെ ചില കുടുംബ ങ്ങളിലുണ്ടായിരുന്നു എന്നതൊഴിച്ചാൽ വലയുപയോഗിച്ച് തന്നെയായിരുന്നു ഇവിടത്തെ പരമ്പരാഗത തൊഴിലാളികളെല്ലാം മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നത്. പല തരത്തിലുള്ള തൊഴിൽരീതികൾക്കനുസരിച്ച് വ്യത്യസ്ത പേരുകളും ഇത്തരം പണികൾക്ക് നൽകിയിരുന്നു. കൂട്ടത്തിൽ ഒരാൾ വെള്ളത്തിൽ ചാടി വല നീട്ടിക്കൊണ്ട് പോകും. ഇവരെ 'ഒഴുക്ക്വലക്കാർ' എന്നാണ് വിളിയ്ക്കുന്നത്. ഇക്കൂട്ടത്തിൽ വെള്ളത്തിൽ ചാടുന്നവരെ 'ചാട്ടക്കുട്ടികൾ' എന്നും വിളിച്ചിരുന്നു. ഒരു കിലോമീറ്റർ വരെ നീളമുള്ള വലയാണ് ഇക്കൂട്ടർ ഉപയോഗിയ്ക്കുന്നത്. ഉപയോഗിയ്ക്കുന്ന വഞ്ചിയുടെ വലുപ്പത്തിനനുസരിച്ച് രണ്ടാൾ വഞ്ചിക്കാരെന്നും അഞ്ചാൾ വഞ്ചിക്കാരെന്നും വള്ളക്കാരെന്നും തോണിക്കാരെന്നും ബോട്ടുകാരെന്നും എല്ലാം വിവിധ പേരുകൾ പൊന്നാനിയിൽ പ്രയോഗത്തിലുണ്ട്.

മത്സ്യബന്ധനം കടലിൽ പോയിരുന്നവർക്ക് മാത്രമല്ല കരയിലുള്ളവർക്കും തൊഴിൽ നൽകിയിരുന്ന ഒന്നായിരുന്നു. മുക്കുവൻമാർ പിടിച്ചുകൊണ്ട് വരുന്ന മീനുകൾ ശേഖരിയ്ക്കുവാനുള്ള ചാപ്പകൾ പൊന്നാനി തീരങ്ങളിൽ നിരവധിയുണ്ടായിരുന്നു. ഇവിടേയും മീൻസംസ്കരണകേന്ദ്രങ്ങളിലുമായി യുവാക്കളും സ്ത്രീകളും അടക്കമുള്ള നിരവധി തദ്ദേശീയർക്ക് തൊഴിൽ ലഭിച്ചിരുന്നു. ഇന്ന് ചാപ്പകളുടെ സ്ഥാനം ഹാർബർ ഏറ്റെടുത്തിട്ടുണ്ടെങ്കിലും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾക്ക് കുറവ് വന്നിട്ടില്ല.

ചാപ്പകളിൽ മീൻകുട്ട പിടിച്ചുകൊണ്ടായിരുന്നു പൊന്നാനിയിലെ കുട്ടികൾ മത്സ്യബന്ധനമേഖലയിലേയ്ക്ക് കടന്നുവന്നിരുന്നത്. വല കടലിൽ നിന്നും കയറ്റുമ്പോൾ വലയുടെ റോപ്പ് പിടിയ്ക്കുക, വഞ്ചി കയറ്റാനും ഇറക്കാനും സഹായിയ്ക്കുക, വഞ്ചിയിൽ നിന്നും മീൻ ഇറക്കാൻ സഹായിയ്ക്കുക, ചവറ് പെറുക്കുക തുടങ്ങിയ പണികൾ പ്രായത്തിന്റേയും ആരോഗ്യത്തിന്റേയും അടിസ്ഥാനത്തിൽ കുട്ടികൾ

ചെയ്യാറുണ്ടായിരുന്നു.[3] മത്സ്യസംസ്കരണവുമായി ബന്ധപ്പെട്ടവയാണ് കുട്ടികൾ പണിയെടുത്തിരുന്നത്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മേഖലകലിൽ കുട്ടികൾ പണിയെടുത്തിരുന്നു എന്നു പറയുമ്പോൾ തന്നെ മിക്കപ്പോഴും ഇത് കൂലി വാങ്ങിക്കൊണ്ട് ചെയ്യുന്ന നിശ്ചിത പ്രവൃത്തികൾ ആയിരുന്നില്ല. തങ്ങളുടെ രക്ഷിതാക്കൾക്കൊപ്പം തീരത്ത് എത്തുന്ന കുട്ടികൾ ചെറിയ ചെറിയപ്രവൃത്തികളിൽ അവരെ സഹായിച്ചിരുന്നതാണ്. കരയിലെ ഇത്തരം പണികൾ എല്ലാം ചെയ്തുകൊണ്ട് തന്നെ വേണമായിരുന്നു തീരദേശത്തെ കുട്ടികൾ കടലിൽ പോകാനുള്ള കഴിവ് തെളിയിയ്ക്കേണ്ടത്.

മത്സ്യസംസ്കരണമാർഗങ്ങൾ എല്ലാകാലത്തും പൊന്നാനിയിലെ അനുബന്ധ തൊഴിലുകളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു. പച്ചമീനുകൾ ദൂരദേശങ്ങളിലേയ്ക്ക് എത്തിയ്ക്കുന്നത് ദുഷ്കരമായിരുന്ന കാലത്ത് കിഴക്കൻ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ലഭ്യമായിരുന്നത് പുഴമീനും ഉണക്കമീനും മാത്രമായിരുന്നു. പൊന്നാനി കടപ്പുറത്തെ ചാപ്പകൾ കേന്ദ്രീകരിച്ചുകൊണ്ട് തന്നെയായിരുന്നു മീൻ ഉണക്കിയിരുന്നത്. എല്ലാത്തരം മീനുകളും ഉപ്പിട്ട് ഉണക്കിയിരുന്നു. മീൻ നാലഞ്ച്തവണ ഉപ്പുവെള്ളത്തിൽ മുക്കിയെടുത്ത് ഉണക്കുകയായിരുന്നു പതിവ്. വളത്തിനായി മീനുണക്കുന്ന രീതിയും പ്രചാരത്തിലുണ്ടായിരുന്നു. ഉപ്പ് ചേർക്കാതെയാണ് വളത്തിനായുള്ള മീൻ ഉണക്കുന്നത്. ചാപ്പകൾക്ക് അടുത്ത് കെട്ടിയുണ്ടാക്കിയ ടാങ്കുകളിലാണ് മീനുണക്കുന്നത്. ഇന്ന് കടപ്പുറത്തെ മണലിലിട്ട് ഉണക്കുന്ന മീൻ വളനിർമ്മാണത്തിനായി തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നത്. പൊന്നാനിയിലെ സ്ത്രീകളായിരുന്നു ഈ തൊഴിലിടങ്ങളിൽ പണി ചെയ്തിരുന്ന പ്രധാന വിഭാഗം.

### 4.1.2 മത്സ്യത്തൊഴിലാളികളുടെ ജീവിതം

ചരിത്രത്തിൽ എല്ലാ കാലത്തും ചൂഷണങ്ങൾക്ക് വിധേയരായ ഒരു ജനതയാണ് മുക്കുവന്മാർ. കടലിനോട് മല്ലിട്ട് ജീവൻ അപായപ്പെടുത്തി കരയ്ക്കെത്തിക്കുന്ന മത്സ്യസമ്പത്തിൽ ഒരുകാലത്തും ഇവർക്ക് അവകാശമുണ്ടായിരുന്നില്ല. തങ്ങളുപയോഗിക്കുന്ന വഞ്ചികളിലും വലകളിലും ഉടമസ്ഥാവകാശമുള്ള മുക്കുവർ എല്ലാകാലത്തും കുറവായിരുന്നു. മാറി വരുന്ന സാമൂഹികക്രമങ്ങൾ കൂടുതൽ മുക്കുവരെ

ഈ ഉടമസ്ഥാവകാശത്തിൽനിന്നും പുറത്താക്കി. സ്വന്തമായി ഉപകരണങ്ങളുള്ള തൊഴിലാളികൾ പോലും അദൃശ്യമായ സാമ്പത്തിക ബന്ധനങ്ങളാൽ ഉപകരണങ്ങളില്ലാത്ത തൊഴിലാളികൾക്ക് തുല്യമായ ജീവിതം ജീവിയ്ക്കേണ്ടി വന്നവരാണ്. സ്ഥലത്തെ പ്രധാനമുതലാളിമാരുടെ കടക്കാരായിരുന്നു പണ്ട്കാലത്ത് ഇവിടത്തെ തൊഴിലാളികൾ അധികവും. കടൽത്തീരത്ത് കൊണ്ടെത്തിയ്ക്കുന്ന മീനുകൾ ശേഖരിച്ചു വെയ്ക്കാൻ വേണ്ടി നിരവധി ചാപ്പകൾ പണിതു വെച്ചിട്ടുള്ളതും ഇതേ മുതലാളിമാർ തന്നെയായിരിയ്ക്കും. കൂട്ടത്തിൽ സ്വന്തമായി വള്ളവും വലയുമുള്ളവർ പോലും ഇത്തരം കടങ്ങളുടെ ബാധ്യതയാൽ തങ്ങളുടെ മീൻ മൊത്തമായി ഈ ചാപ്പകളിൽ ഇറക്കാൻ നിർബന്ധിതരാകും. മുൻകൂർ വാങ്ങിയ പണം തിരികെ പിടിച്ച് തുച്ഛമായ തുക മാത്രമേ ഈ മീനിന്റെ വിലയായി ഇവർക്ക് നൽകാറുള്ളു. വഞ്ചി വാങ്ങാനും വല വാങ്ങാനും കേടുപാടുകൾ പറ്റിയ സാധനങ്ങൾ നന്നാക്കാനും വേണ്ടിയായിരിയ്ക്കും കൂടുതൽ പേരും കടം വാങ്ങിയിട്ടുണ്ടാവുക. തങ്ങൾ കടലിൽ നിന്നും പിടിച്ചു വരുന്ന മീനിന് അങ്ങാടിയിൽ ലഭിയ്ക്കുന്ന വിലയുടെ ന്യായമായ വിഹിതം ഇതുവഴി മത്സ്യത്തൊഴിലാളികൾക്ക് അന്യമാകുന്നു.

കുറച്ചുകാലങ്ങൾക്ക് മുൻപ് വരെ മത്സ്യബന്ധനത്തിൽ നിന്നും കിട്ടുന്നതിന്റെ എഴുപത് ശതമാനവും ഉടമയ്ക്കും മുപ്പത് ശതമാനം തൊഴിലാളികൾക്കും എന്നായിരുന്നു രീതി. മഴക്കാലത്ത് മുതലാളിമാർ തൊഴിലാളികൾക്ക് പണം കടം നൽകി പിന്നീടങ്ങോട്ടുള്ള കാലത്തേയ്ക്ക് തൊഴിലാളിയുടെ ലാഭവിഹിതം മുഴുവൻ സ്വന്തമാക്കിയിരുന്നു. 1960-കൾക്ക് ശേഷം കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും ട്രേഡ് യൂണിയനുകളുടേയും ഇടപെടലിലൂടെയാണ് ഇതിന് അറുതി വന്നത്. ഇന്ന് ബോട്ടുടമയും തൊഴിലാളികളും അമ്പത്:അമ്പത് അനുപാതത്തിൽ മത്സ്യബന്ധനത്തിലൂടെ കിട്ടുന്ന ആദായം പങ്കുവെയ്ക്കുന്നുണ്ട്. എന്നാൽ ഈ സമയമായപ്പോഴേയ്ക്കും ചൂഷണത്തിന്റെ പുതിയ ഇടത്തട്ടുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. നിലവിൽ മീൻവിൽപനയുടെ ലാഭം കൈക്കലാക്കുന്നത് ബോട്ടുടമയോ തീരദേശത്തെ ഗോഡൗൺ സൂക്ഷിപ്പുകാരോ അല്ല, കുറഞ്ഞ വിലയ്ക്ക് മീൻ ലേലത്തിൽ പിടിച്ച് വൻവിലയ്ക്ക് മാർക്കറ്റുകളിലേയ്ക്കെ-ത്തിയ്ക്കുന്ന ഇടനിലക്കാരാണ്. ഇതേ സമയം അത്യാധുനിക സാങ്കേതിക വിദ്യകളും

കൂടുതൽ മൂലധന നിക്ഷേപവും കൈവശമുള്ള വലിയ കപ്പലുകൾ മത്സ്യബന്ധനത്തിൽ പുതിയ വെല്ലുവിളി സൃഷ്ടിയ്ക്കുന്നുമുണ്ട്.

വിവിധതരം മീനുകൾക്ക് വിവിധതരം വലകളും വഞ്ചികളും മീൻപിടുത്തക്കാരും എന്നതായിരുന്നു പരമ്പരാഗത രീതി. തങ്ങൾക്ക് ആവശ്യമുള്ളത് മാത്രം കടലിൽ നിന്നും കണ്ടെത്തുക എന്ന അടിസ്ഥാനപ്രമാണം ഇവരുടെ തൊഴിൽചര്യയ്ക്കുണ്ടായിരുന്നു. എന്നാൽ ആധുനിക സാങ്കേതികവിദ്യകളും അനന്തമായ ഉത്പാദനമെന്ന മുതലാളിത്തയുക്തിയും ചേർന്ന പുതിയകാലത്തെ മത്സ്യബന്ധനക്കപ്പലുകളും യന്ത്രബോട്ടുകളും കടലിന്റെ ഈ ആവാസവ്യവസ്ഥയെ തകിടം മറിയ്ക്കുന്നു എന്നാണ് ഇവരുടെ പരാതി. കടലിലുള്ളതെല്ലാം കോരിയെടുത്ത് ആവശ്യമില്ലാത്തവയെ തിരികെ വലിച്ചെറിയുന്ന ഭീമൻവലകളും സ്രാവുകളെ ചിറകരിഞ്ഞ് കടലിൽ ഒഴുക്കുന്ന കപ്പലുകളും കടലിന്റെ അടിത്തട്ട് കലക്കി മീനുകളുടെ ആവാസവ്യവസ്ഥ തകർക്കുന്ന ചൈനീസ് ബോട്ടുകളും എല്ലാം പൊന്നാനിയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഭീഷണിയുയർത്തുന്നു. അടുത്ത കാലത്ത് അപ്രത്യക്ഷമായ ഒരുപാട് മീനുകളും കനിവ് കാണിയ്ക്കാത്ത കടലും ഈ ലാഭക്കൊതിയുടെ ഉത്പന്നമാണെന്ന് ഇവർക്ക് തീർച്ചയുണ്ട്.

മത്സ്യബന്ധനത്തിലെ ഈ ആധുനികയുക്തികൾ പൊന്നാനിക്കാർക്ക് അന്യമാക്കിക്കൊണ്ടിരിക്കുന്നത് തൊഴിലിടത്തിലെ അവകാശങ്ങളും ആനുകൂല്യങ്ങളും മാത്രമല്ല മത്സ്യബന്ധനത്തിൽ അവർ പുലർത്തിയിരുന്ന വൈവിധ്യങ്ങളും കൂടിയാണ്. കടലും മനുഷ്യനുംകൂടിയുള്ള സഹവർത്തിത്വത്തിന്റെ അടിസ്ഥാനമായിരുന്നു ഈ വൈവിധ്യങ്ങളും തലമുറ കൈമാറിവന്ന അതിനെക്കുറിച്ചുള്ള നാട്ടറിവുകളും. ഇത്തരത്തിൽ പൊന്നാനിയിലെ ജനജീവിതത്തിലും അവരുടെ ഭാഷയിലും ആചാരങ്ങളിലും തങ്ങളുടെ ചുറ്റുപാടിനെക്കുറിച്ചുള്ള അവരുടെ അറിവുകളിലും കടലുമായി ബന്ധപ്പെട്ട തൊഴിലുകളുടെ സ്വാധീനം കാണാനാകും.

ഇന്നത്തേത് പോലുള്ള ആധുനിക സൗകര്യങ്ങളൊന്നുമില്ലാത്ത കാലത്ത് കടലിലെ നീരൊഴുക്കും നക്ഷത്രങ്ങളും നോക്കിയായിരുന്നു കടലിൽ പോയിരുന്നത്. കടലിന്റെ മുകൾഭാഗത്ത് കാണുന്ന ഒഴുക്കിനെ 'മേനീര്' എന്നും ആഴത്തിലുള്ള

ഒഴുക്കിനെ 'ഉള്ള്നീര്' എന്നുമാണ് പറയുന്നത്. തെക്ക് നിന്നും വടക്കോട്ടുള്ള ഒഴുക്കിനെ 'തെക്കൻനീര് ' എന്ന് പറയും. തെളിഞ്ഞ വെള്ളമായിരിക്കും തെക്കൻനീരിന്. കിഴക്കു നിന്നും വടക്ക് പടിഞ്ഞാറോട്ട് ഒഴുകുന്ന നീരിനെ 'തെങ്ങരനീര് ' എന്ന് പറയും. മത്തിയും അയിലയും ധാരാളമായി കിട്ടുന്ന നീരാണിത്. വടക്ക് നിന്ന് തെക്ക് പടിഞ്ഞാറ് ദിശയിൽ ഒഴുകുന്ന നീരിനെ 'വടക്കരനീര്' എന്ന് വിളിയ്ക്കുന്നു. നിറയെ മീൻ കിട്ടുന്ന കലങ്ങിയ നീരാണ് ഇതെന്നാണ് പൊന്നാനിക്കാർ പറയുന്നത്. കടൽ പരപ്പിൽ കാണുന്ന ചെറിയ ചെറിയ തിരകളെ 'ആമ്പൽ' എന്നും ചിതറിത്തെറിയ്ക്കാത്ത വലിയ തിരകളെ 'മുകിൽ' എന്നും വിളിക്കും. മുകില് നോക്കി കരയിലേയ്ക്കുള്ള ദിശ മനസ്സിലാക്കാൻ കഴിവുള്ളവർ പരമ്പരാഗതമത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന പൊന്നാനിക്കാർക്കിടയിൽ ഉണ്ടായിരുന്നു (ഹരിആനന്ദകുമാർ, 2013:7).

പകൽ നീരുനോക്കിയും സൂര്യനെനോക്കിയും ചിലപ്പോഴെല്ലാം കരയിലെ മരങ്ങളും മലകളും നോക്കിയുമാണ് കടലിൽ ദിശയറിയുന്നത്. എന്നാൽ രാത്രിയായാൽ ഇവയൊന്നും സഹായത്തിനുണ്ടാവില്ല. ആകാശത്തിലെ നക്ഷത്രങ്ങളും ഗ്രഹങ്ങളും മാത്രമായിരുന്നു ദിശയറിയാനുള്ള മാർഗം. പള്ളി, കപ്പല്, ഇരുമ്പ് (നങ്കൂരം) എന്നിങ്ങനെ തങ്ങളുടെ നിത്യജീവിതത്തിൽ നിന്ന് തന്നെയാണ് കടലിൽ പോകുന്നവർ ഈ നക്ഷത്രങ്ങൾക്ക് പേരിട്ടത്. രാത്രിയായാൽ 'കുട്ടമീൻ' ഉദിയ്ക്കും. സപ്തർഷികൾ എന്ന് വിളിയ്ക്കുന്ന നക്ഷത്രക്കൂട്ടത്തെയാണ് കുട്ടമീൻ എന്ന് വിളിയ്ക്കുന്നത്. അഞ്ച് നക്ഷത്രങ്ങൾ ചേർന്ന് കപ്പലിന്റെ രൂപത്തിലും അഞ്ച് നക്ഷത്രങ്ങൾ ചേർന്ന് പള്ളിയുടെ മൂന്ന് മകുടങ്ങളെ ഓർമ്മിപ്പിയ്ക്കും വിധം നക്ഷത്രക്കൂട്ടങ്ങളെ കാണാം. ഓരോ മാസങ്ങളിലും ഈ നക്ഷത്രക്കൂട്ടങ്ങൾ പ്രത്യക്ഷപ്പെടുന്ന ദിക്കുകൾ അവർക്കറിയാം. ചക്രവാളങ്ങളിൽ നിന്നു ഉദിച്ചുയരുന്ന ഗ്രഹങ്ങളേയും ദിശയറിയാനായി ഉപയോഗിച്ചിരുന്നു. നിശ്ചിത സമയത്ത് ഉദിച്ച് വരുന്ന ഈ ഗ്രഹങ്ങളെ 'കൊറ്റികൾ' എന്നാണ് വിളിച്ചിരുന്നത്. ആറുമണിയ്ക്കും ഒരുമണിയ്ക്കും പുലർച്ചെ നാല് മണിയ്ക്കും എല്ലാം ഉദിയ്ക്കുന്ന കൊറ്റികളെ അവർ കണ്ടെത്തിയിരുന്നു. അക്കാരണത്താൽ തന്നെ കൊറ്റി ഉദിയ്ക്കുന്നത് ദിശയറിയാനും സമയമറിയാനും ഒരുപോലെ ഉപയോഗപ്രദമായിരുന്നു.

കടലിലെ മീനുള്ള സ്ഥലങ്ങൾ തിരിച്ചറിയാനും അവർക്ക് പരമ്പരാഗതമായി കൈമാറിക്കിട്ടിയ അറിവുകൾ സഹായിച്ചിരുന്നു. നീരുനോക്കി മീനുണ്ടോയെന്ന് അറിയുന്നതായിരുന്നു ഒരു രീതി. ചില നീരുകളിൽ ചില മീനുകൾ ഉണ്ടാകുമെന്നാണ് വിശ്വാസം. തെങ്ങരനീരിൽ മത്തിയും അയിലയും കിട്ടും. വടക്കരനീരിൽ കോര, ചെമ്മീൻ, പാര എന്നിവയെല്ലാം കാണാം. വെള്ളത്തിന് മുകളിലെ നിറം നോക്കിയാൽ മീനുള്ളത് തിരിച്ചറിയാൻ സാധിയ്ക്കും. കടലിന്റെ അടിത്തട്ടിൽ നിന്നും മീൻ പൊന്തി വരുന്നതിന്റെ സൂചനയാണ് നിറത്തിലുള്ള ആ വട്ടങ്ങൾ. വട്ടത്തിന്റെ വലുപ്പവും നിറവും നോക്കി മീൻ ഏതാണെന്നും എത്രയുണ്ടാകുമെന്നും പറയാൻ കഴിവുള്ളവരുണ്ട്. എല്ലാ മീനും എല്ലാ കാലത്തും കിട്ടാറില്ല. സീസൺ മാറുന്നതിനനുസരിച്ച് മീനുകളുടെ സഞ്ചാരവും മാറും. ചൂട് കൂടുന്ന കാലത്ത് മീനുകൾ അധികം പൊങ്ങി വരാതെയാകും. ചില സീസണുകളിൽ മീനുകൾ കടലിൽ നിന്നും കരയിലേയ്ക്ക് സഞ്ചരിയ്ക്കും. ചിലപ്പോൾ പ്രജനനത്തിനായാകാം ഇത്തരം സഞ്ചാരങ്ങൾ. അതുകൊണ്ട് തന്നെ മീനുകളുടെ സഞ്ചാരകാലം മാത്രമല്ല അതിന്റെ ഉദ്ദേശ്യവും അറിയേണ്ടത് ആവശ്യമാണ്.

മീൻ പിടിയ്ക്കാൻ വേണ്ട അറിവുകൾ പോലെത്തന്നെ പ്രധാനമായിരുന്നു പിടിയ്ക്കാതിരിക്കാൻ വേണ്ടിയുള്ള അറിവുകളും. മത്സ്യങ്ങളുടെ പ്രജനനകാലമാണ് റബ്ബ് മാസം. റബ്ബ്മാസത്തിൽ കടലിൽ പോകരുതെന്ന് പൊന്നാനിയിലെ പരമ്പരാഗത മത്സ്യബന്ധനത്തൊഴിലാളികൾക്ക് അറിയാമായിരുന്നു.[4] ട്രോളിംഗ് നിരോധനം സർക്കാർ നടപ്പിലാക്കിത്തുടങ്ങുന്നതിനു മുൻപേ കടലോരത്ത് മത്സ്യബന്ധനത്തിന് വിലക്കുണ്ടായിരുന്നു. ഈ കാലം ദാരിദ്ര്യത്തിന്റെ കാലമായിരുന്നെങ്കിൽ കൂടി കടലിന്റെ പുനരുത്പാദനശേഷിയെ നശിപ്പിയ്ക്കരുതെന്ന ബോധ്യം അവർക്കുണ്ടായിരുന്നു.

ദാരിദ്ര്യം എല്ലാ കാലത്തും പൊന്നാനിയിലെ കടലോരങ്ങളിൽ ദൃശ്യമായിരുന്നു. മഴ കനത്താൽ കടലിൽ പോകുന്നത് അവസാനിയ്ക്കുകയും അതുവഴി കടലോരത്തെ കുടുംബങ്ങളിൽ പട്ടിണി വർദ്ധിയ്ക്കുകയും ചെയ്യും. കുടുംബത്തിലെ പുരുഷന്മാർ കടലിൽ പോയി തിരികെ വരുന്നതു വരെയുള്ള കാലവും ഇവിടത്തെ കുടുംബങ്ങളിൽ പട്ടിണി തന്നെയാണ്. അതുകൊണ്ട്തന്നെ ദാരിദ്ര്യവും മത്സ്യബന്ധനവും

ചേർന്നുകൊണ്ടാണ് പൊന്നാനിത്തീരത്തെ ഭക്ഷണരീതി രൂപപ്പെടുന്നത്. മീൻ തന്നെയായിരുന്നു എല്ലാ കാലത്തും ഇവിടത്തെ പ്രധാന ഭക്ഷണം. മീൻ വേവിച്ച് അതിലേയ്ക്ക് കൊള്ളിപ്പൊടിചേർത്ത് ഉണ്ടാക്കുന്ന 'ചേലാക്കി' പൊന്നാനിക്കാരുടെ ഇഷ്ടവിഭവങ്ങളിലൊന്നാണ്. ഇന്നും മീനില്ലാതെ ഭക്ഷണം കഴിയ്ക്കുന്നത് പൊന്നാനി തീരത്തെ ജനതയ്ക്ക് സങ്കൽപിയ്ക്കാനാകുന്നതല്ല. അതിനെ ചൂഷണം ചെയ്തുകൊണ്ട് തീരത്തിന് ദൂരെയുള്ള പ്രദേശങ്ങളേക്കാൾ കൂടിയ വിലയിൽ ഇവിടെ മീൻ വിൽക്കാനെത്തുന്ന കച്ചവടക്കാരും ഇന്നുണ്ട്.

ഒരുവശത്ത് ദാരിദ്ര്യവും മറ്റൊരുവശത്ത് ചൂഷണവും പൊന്നാനിയിലെ തൊഴിലാളികൾക്ക് മുകളിൽ ചുമത്തപ്പെട്ടു എന്നതിനാൽതന്നെ ഒരേസമയം രണ്ട് സവിശേഷസ്വഭാവങ്ങൾ പൊന്നാനിയിലെ തിരദേശവാസികൾക്കിടയിൽ ഉയർന്നുവന്നു. ഒന്ന് പരസ്പരസഹകരണത്തിന്റേയും സഹവർത്തിത്വത്തിന്റേയും സ്വഭാവമാണ്. ചുറ്റും നിൽക്കുന്നവരെയെല്ലാം സ്വന്തമെന്ന് കരുതുന്നവരും ഒന്നിച്ച് നിന്ന് വലിയ സാഹസങ്ങൾക്ക് ഇറങ്ങി പുറപ്പെടുന്നവരുമാണ് പൊന്നാനിക്കാർ. കേരളത്തിലെ പത്തേമാരിത്തൊഴിലാളികളിൽ വലിയൊരുപങ്കും പൊന്നാനിയിൽ നിന്നായതിന് പിന്നിലും ഇതേ കാരണമുണ്ട്. രണ്ടാമത്തെ സവിശേഷത പ്രതിരോധത്തിന്റേതാണ്. കേരളത്തിലെ ആദ്യകാലത്തൊഴിലാളി സമരങ്ങൾക്ക് വേദിയാകുന്ന നാടാണ് പൊന്നാനി. മത്സ്യബന്ധനത്തൊഴിലാളികളുടെ സംഘങ്ങൾ രൂപീകരിച്ചും തുറമുഖത്തെ തൊഴിലാളികൾക്ക് വേണ്ടി യൂണിയൻ രൂപീകരിച്ചും പൊന്നാനിക്കാർ അവർക്കുമേൽ ഉയർന്നുവന്ന ചൂഷണത്തെ പ്രതിരോധിച്ചു. ചാപ്പ മുതലാളിമാരും തൊഴിലാളിമാരും തമ്മിലുള്ള ലാഭത്തിന്റെ വീതംവെപ്പ് കൂടുതൽ സമത്വപൂർണമാക്കാനും പത്തേമാരിയും ചരക്ക് കയറ്റിറക്കങ്ങളുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ കൂലിവർദ്ധനവ് സാധ്യമാക്കാനും ഇതുവഴി കഴിഞ്ഞു.

**4.2 പത്തേമാരിക്കാലം**

നൂറുകണക്കിന് പത്തേമാരികൾ നിരന്ന് നിന്നിരുന്ന പഴയ പ്രതാപകാലം ഇന്നും പൊന്നാനിക്കാരുടെ ഓർമ്മകളിൽ സജീവമായി നിൽക്കുന്നുണ്ട്. പത്തൊമ്പതാം

നൂറ്റാണ്ടിന്റെ തുടക്കം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനകാലങ്ങൾ വരേയ്ക്കുള്ള കാലമാണ് മലബാർ തീരത്തു നിന്നും അന്യദേശങ്ങളിലേയ്ക്ക് കച്ചവടാവശ്യങ്ങൾക്കായി പത്തേമാരികൾ സഞ്ചരിച്ചിരുന്നത്. ഇന്നുകാണുന്ന യാതൊരു സാങ്കേതിക സൗകര്യങ്ങളുമില്ലാതെ കാറ്റിന്റേയും നീരൊഴുക്കിന്റേയും ആകാശത്തിലെ നക്ഷത്രങ്ങളുടേയും സഹായത്തോടെ ചരക്കുകൾ കയറ്റി തുറമുഖങ്ങളിൽ നിന്നും തുറമുഖങ്ങളിലേയ്ക്ക് യാത്രയാവുകയായിരുന്നു ഈ പത്തേമാരികൾ. 1825-ൽ തൂത്തുക്കുടിയിൽനിന്ന് ഉപ്പുമായി വന്ന 'കാഞ്ചിതലൈവർ' എന്ന പത്തേമാരിയുടെ വരവോടെയാണ് പൊന്നാനിയുടെ തീരത്ത് പത്തേമാരികൾ സജീവമായി തുടങ്ങുന്നത് എന്നാണ് തദ്ദേശീയർ വിശ്വസിയ്ക്കുന്നത്. ഇത് പൊന്നാനി തുറമുഖത്തിന് പുതിയ ദിശാബോധം നൽകി. പരമ്പരാഗതമായി കടൽവഞ്ചികളിൽ ജോലി ചെയ്തിരുന്നവർ പത്തേമാരിയിലെ സ്രാങ്കുമാരും ഖലാസികളുമായിത്തീർന്നു (കെ എ ഉമ്മർകുട്ടി, 2018:228).

വിവിധതരത്തിലും വലുപ്പത്തിലുമുള്ള പത്തേമാരികൾ അന്ന് ഉണ്ടായിരുന്നു.[5] ഒരു പത്തേമാരിയുടെ നീളം ഇരുപത് മീറ്റർ മുതൽ ഇരുപത്തഞ്ച് മീറ്റർ വരേയും വീതി എട്ട് മീറ്റർ മുതൽ പതിമൂന്ന് മീറ്റർ വരേയുമാണ്. നൂറ് ടൺ മുതൽ നാനൂറ് ടൺ വരെ കേവ് ഭാരമുള്ള, താരതമ്യേന വലുപ്പം കുറഞ്ഞ പത്തേമാരികളായിരുന്നു പൊന്നാനിയിൽ ഉണ്ടായിരുന്നത്.[6] നാല് പായകളിലായാണ് ഒരു പത്തേമാരി ഓടുന്നത്. പായ കെട്ടുന്ന ചെറിയ വടികളെ 'കൊമ്പ്' എന്നും അത് ഉയർത്തുന്ന വലിയ ഭാഗത്തെ 'പരിയാൻ' എന്നുമാണ് ഇവിടത്തുകാർ വിളിയ്ക്കുന്നത്. പത്തേമാരിയുടെ പരിയാൻ ശരാശരി മുപ്പത് മുതൽ മുപ്പത്തഞ്ച് മീറ്റർ വരെ ഉയരമുണ്ടാകും. പായകളും പായ കെട്ടിയ കയറുംകൊണ്ട് നിറഞ്ഞതായിരിയ്ക്കും പത്തേമാരിയുടെ മുകൾഭാഗം. ചില പത്തേമാരികളിൽ അമരത്ത് ചാപ്പ എന്നു വിളിയ്ക്കുന്ന പന്തലുകളും ഉണ്ടാകാറുണ്ട്.

ബേപ്പൂർ കേന്ദ്രീകരിച്ചുകൊണ്ടായിരുന്നു മലബാർ തീരത്തെ പത്തേമാരികളുടെ നിർമ്മാണ പ്രവർത്തനങ്ങളധികവും നടന്നിരുന്നത് പൊന്നാനിയിലും പത്തേമാരികൾ നിർമ്മിച്ചിരുന്നത്. ഭാരതപ്പുഴയുടെ അഴിമുഖത്ത് വെച്ചാണ് പത്തേമാരികൾ നിർമ്മിച്ചിരുന്നത്. പുഴവഴിയും കനാൽവഴിയും എത്തിച്ചിരുന്ന മരത്തടികളായിരുന്നു

നിർമ്മാണത്തിലെ പ്രധാനവസ്തു.[7] എണ്ണയും കുമ്മായവും ചേർത്ത 'ചോപ്പറ' എന്ന മിശ്രിതം കൊണ്ട് പത്തേമാരിയിലെ താഴ്ഭാഗവും കറുപ്പോ ചുവപ്പോ നിറത്തിലുള്ള 'മേപ്പറ' കൊണ്ട് മുകൾഭാഗവും ചായം പൂശിയിരുന്നു. ജലവുമായി സമ്പർക്കത്തിൽ വരുന്ന താഴ്ഭാഗം കേടാകാതിരിയ്ക്കാൻ വേണ്ടിയായിരുന്നു ചോപ്പറ പൂശിയിരുന്നത്. വലുപ്പത്തിലും നിറത്തിലും നാമത്തിലും എല്ലാം വ്യത്യസ്തങ്ങളായ പത്തേമാരികൾ വിവിധതരം ചരക്കുകളുമായി പല തുറമുഖങ്ങളിലേയ്ക്കും സഞ്ചരിച്ചിരുന്നു.

### 4.2.1 പത്തേമാരികളും കച്ചവടവും

ചരക്കുകടത്തിനായി മാത്രം പ്രയോഗത്തിൽ വന്ന ഒന്നായിരുന്നു പത്തേമാരി. തുറമുഖങ്ങളിൽ നിന്നും തുറമുഖങ്ങളിലേയ്ക്ക് ചരക്കുകളുമായി യാത്ര ചെയ്യാൻ വേണ്ടി മാത്രമാണ് ആദ്യകാലത്ത് പത്തേമാരികൾ ഉപയോഗിച്ചിരുന്നത്. പൊന്നാനിയിൽ നിന്നും പുറപ്പെടുന്ന പത്തേമാരികൾ, ചിലപ്പോൾ പൊന്നാനിയിൽ നിന്നും മിക്കപ്പോഴും കോഴിക്കോട് നിന്നും ചരക്കുകൾ കയറ്റി ബോംബെ, മംഗലാപുരം തുടങ്ങിയ വടക്കൻ തീരങ്ങളിലേയ്ക്ക് യാത്രയാകുന്നു. അവിടെനിന്നും തിരികെ മലബാറിലേയ്ക്കും ചിലപ്പോൾ അറബിക്കടലിനു പടിഞ്ഞാറുള്ള അറേബ്യൻ നാടുകളിലേയ്ക്കും അല്ലെങ്കിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ കിഴക്കൻ തീരങ്ങളിലേയ്ക്കും സഞ്ചരിക്കുന്നു. അങ്ങനെ പത്തേമാരികൾ നാനാദേശങ്ങളിലെ ചരക്കുകളും അവിടത്തെ സമ്പത്തും മലബാർ തീരത്തിലേയ്ക്ക് കൊണ്ടുവന്നു.

മരത്തടികൾ, തേങ്ങ, കൊപ്ര, കയർ, കയറുത്പന്നങ്ങൾ തുടങ്ങിയവയായിരുന്നു പൊന്നാനിയിലെ പ്രധാന കയറ്റുമതി ഉത്പന്നങ്ങൾ. ഭക്ഷണാവശ്യത്തിനുവേണ്ടി അയയ്ക്കുന്ന ചകിരികളയാത്ത തേങ്ങയായിരുന്നു നാളികേര കയറ്റുമതിയിലെ പ്രധാന ഇനം. അക്കാലത്ത് നാളികേരകൃഷിയ്ക്ക് പേരുകേട്ടതായിരുന്നു പൊന്നാനി പ്രദേശത്തെ തോട്ടങ്ങൾ. മറുനാടുകളിലെ എണ്ണ ഫാക്ടറികളിലേയ്ക്കായിരുന്നു കൊപ്ര കയറ്റി അയച്ചിരുന്നത്. തേങ്ങ പൊതിയ്ക്കാനും ഉടയ്ക്കാനും ഉണക്കാനും എല്ലാമായി പൊന്നാനിയിലെ നിരവധി പേർക്ക് തൊഴിൽ നൽകിയ വ്യവസായം കൂടിയായിരുന്നു ഈ നാളികേരത്തോട്ടങ്ങൾ. നാളികേരക്കൃഷിയിലെ ഉപോത്പന്നമായിരുന്നു കയറും

കയറുത്പന്നങ്ങളും. നല്ല വിളവ് ലഭിക്കുന്ന നാളികേരത്തോട്ടങ്ങളും ചകിരി ഉണക്കാൻ സൗകര്യപ്രദമായ നിരവധി ജലാശയങ്ങളും കൂടിയാണ് പൊന്നാനിയ്ക്ക് ഒരുകാലത്ത് കയർ വ്യവസായത്തിൽ പ്രാധാന്യം നേടിക്കൊടുത്തത്. ചകിരിതല്ലി നാരെടുക്കാനും കയർപിരിയ്ക്കാനും മറ്റുമായി നിരവധി സ്ത്രീകൾക്ക് തൊഴിൽ നൽകുന്ന വ്യവസായമായിരുന്നു ഇത്.

ഇവയേക്കാളെല്ലാം പൊന്നാനിയിൽ നിന്നും, പൊതുവിൽ മലബാർ തീരത്തു നിന്നും, കൂടുതലായി കയറ്റി അയച്ചിരുന്നത് സിലിഫർ എന്ന് തദ്ദേശീയർ വിളിക്കുന്ന മര ഉരുപ്പടികളായിരുന്നു. വിലകുറവുള്ളതും ചെറുകിട ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിയ്ക്കാവുന്നതുമായ മരങ്ങളെയാണ് ഇവിടത്തുകാർ സിലിഫർ എന്നു വിളിയ്ക്കുന്നത്. ചെറിയ പലകകളായി മുറിച്ച് പത്തേമാരിയിൽ അട്ടിയിട്ടുകൊണ്ടാണ് സിലിഫർ ബോംബെയിലേയ്ക്ക് കടത്തിയിരുന്നത്. അളവിൽ കുറവായിരുന്നെങ്കിലും കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളും പത്തേമാരിവഴി കയറ്റിയയച്ചിരുന്നു.

മുംബൈ തുറമുഖവുമായായിരുന്നു കേരളത്തിലെ പത്തേമാരി വഴിയുള്ള വ്യാപാരങ്ങളിൽ അധികവും നടന്നിരുന്നത്. കേരളതീരം വിട്ടാൽ മംഗലാപുരം, കാർവാർ, ഗോവ, ബോംബെ തുടങ്ങിയ തീരങ്ങളിലെല്ലാം പത്തേമാരികൾ അടുപ്പിച്ചിരുന്നു. കിഴക്കൻ തീരത്തെ തൂത്തുക്കുടി തുറമുഖവുമായും സിലോണിലെ തുറമുഖങ്ങളുമായും കേരളത്തിൽ നിന്ന് പോയിരുന്ന പത്തേമാരികൾക്ക് കച്ചവടബന്ധമുണ്ടായിരുന്നു. ഇരുപതാംനൂറ്റാണ്ടിൽ ഗൾഫ്‌രാജ്യങ്ങൾ പുതിയ സാമ്പത്തിക ശക്തിയായി വളർന്നു തുടങ്ങിയതോടെ പൊന്നാനിയിൽ നിന്നും ഗൾഫ്തീരങ്ങൾ തേടി പത്തേമാരികൾ യാത്രയായി. മസ്കറ്റ്, സലാല, ജിദ്ദ എന്നീ തീരങ്ങളിലേയ്ക്കായിരുന്നു കൂടുതലായും യാത്ര ചെയ്തിരുന്നത്. ലോകത്തിന്റെ വിവിധഭാഗങ്ങളുമായുള്ള ഈ കച്ചവടബന്ധം വഴി അവിടങ്ങളിലെ സമ്പത്ത് കാര്യമായി പൊന്നാനിയിലേയ്ക്കെത്തിയില്ലെങ്കിലും പുറംനാടുകളിലെ ചരക്കുകളും അതിനോടൊപ്പം അവിടത്തെ സംസ്കാരവും പൊന്നാനിയിലേയ്ക്കെത്തിയിരുന്നു.

പുറംനാടുകളിൽ നിന്നും പൊന്നാനിയിലേയ്ക്കെത്തിയ ചരക്കുകളുടെ വൈവിധ്യം വിസ്മയകരമാണ്. മധ്യകേരളത്തിലെ അങ്ങാടികളിലേയ്ക്കെല്ലാം വേണ്ട പലചരക്കുകളും ഭക്ഷ്യധാന്യങ്ങളുമാണ് കൂട്ടത്തിൽ പ്രധാനം. അരി, ഗോതമ്പ്, പഞ്ചസാര, ഉപ്പ്, മറ്റു പലചരക്ക് വസ്തുക്കൾ എന്നിവയെല്ലാം പൊന്നാനി ഡക്കിൽ കൊണ്ടുവന്നിറക്കി. ഡക്കിനടുത്തുള്ള പാണ്ടികശാലകളിൽ ഈ ചരക്കുകൾ സൂക്ഷിയ്ക്കുകയും പിന്നീട് കേരളത്തിനകത്ത് വിവിധ പ്രദേശങ്ങളിലേയ്ക്ക് വിതരണം ചെയ്യുകയും ചെയ്തിരുന്നു. ഈ പാണ്ടികശാലകൾ കോടതിപ്പടിയ്ക്ക് അടുത്ത് വേരു പടർന്നു നശിയ്ക്കാറായി നിൽക്കുന്നത് ഇന്നും കാണാം. പൊന്നാനി അങ്ങാടിയിലെ എല്ലാകാലത്തേയും പ്രധാന കച്ചവടവസ്തുവും ഈ പലചരക്കുകൾ തന്നെയാണ്. ബോംബെ, കാർവാർ എന്നിവിടങ്ങളിൽ നിന്നാണ് ഗോതമ്പ്, പഞ്ചസാര തുടങ്ങിയവ അധികമായും കയറ്റിയിരുന്നത്. തൂത്തൂക്കൂടിയിൽ നിന്ന് ഉപ്പും മംഗലാപുരത്ത് നിന്നും അരിയും ശേഖരിച്ചിരുന്നു.

പലതരത്തിലുള്ള വസ്ത്രങ്ങളുടേയും സൗന്ദര്യവർദ്ധകവസ്തുക്കളുടേയും മാർക്കറ്റ് കൂടിയായിരുന്നു ബോംബെ നഗരം. അവിടെനിന്നും ചരക്കായും പുതിയ സൗന്ദര്യ ബോധങ്ങളായും ഇവ പൊന്നാനിയിലേയ്ക്ക് പ്രവഹിച്ചു. പത്തൊമ്പത് - ഇരുപത് നൂറ്റാണ്ടുകളിൽ തുണിമില്ലുകളാൽ നിറഞ്ഞ 'ഇന്ത്യയുടെ മാഞ്ചസ്റ്റർ' എന്ന് അറിയപ്പെട്ടിരുന്ന നഗരമായിരുന്നു ബോംബെ. അവിടെനിന്നും കുറഞ്ഞ വിലയിൽ വർണ്ണാഭമായ വസ്ത്രങ്ങൾ കേരളത്തിലേയ്ക്ക് വന്നു. പൊതുവെ ഒറ്റമുണ്ടും തോർത്തും മറ്റും വസ്ത്രമായി ഉപയോഗിച്ചിരുന്ന കേരളീയർയ്ക്കിടയിൽ ഇന്നു കാണുന്ന വസ്ത്രസങ്കൽപങ്ങൾ നിർമ്മിയ്ക്കുന്നതിൽ ഇത്തരത്തിൽ പൊന്നാനിയിലെ പത്തേമാരിത്തൊഴിലാളികൾക്കും പങ്കുണ്ട്.

ഇരുപതാം നൂറ്റാണ്ടിൽ ശക്തിപ്പെട്ട അടിസ്ഥാന സൗകര്യവികസനങ്ങൾക്ക് ആവശ്യമായ വസ്തുക്കളായിരുന്നു പത്തേമാരിയിലെ ചരക്കുകളിൽ മറ്റൊന്ന്. യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ബോംബെയിൽ എത്തിച്ചിരുന്നതും ചുരുക്കം സന്ദർഭങ്ങളിൽ ബോംബെയിൽ തന്നെ നിർമ്മിച്ചിരുന്നതുമായ കെമിക്കലുകളും, ടാർ,

എഞ്ചിൻ ഓയിൽ തുടങ്ങിയവ നിറച്ച വീപ്പകളും ഇരുമ്പ്, ഉരുക്ക് തുടങ്ങിയവയുമാണ് ഇക്കൂട്ടത്തിൽ പ്രധാനം. കാർഷികപ്രധാനമായ കേരളംപോലുള്ള സ്ഥലങ്ങളി-ലേയ്ക്കല്ലായിരുന്നു ഇവ കയറ്റി അയച്ചിരുന്നത് എന്നതും പ്രധാനമാണ്. അക്കാലത്ത് ഇന്ത്യയിലെ പ്രധാന നഗരങ്ങളായി വളർന്നുവന്നുകൊണ്ടിരുന്ന ഗോവ, മംഗലാപുരം തുടങ്ങിയ പ്രദേശങ്ങളായിരുന്നു ഇത്തരം വസ്തുക്കളുടെ പ്രധാന വിപണി. വളരെ അപൂർവ്വമായായണെങ്കിലും കേരളതീരങ്ങളിലേയ്ക്കും ഇത്തരത്തിലുള്ള വസ്തുക്കൾ ഇറക്കുമതി ചെയ്തിരുന്നു. ആദ്യകാലത്ത് കേരളത്തിൽ നിന്നും കയറ്റി അയയ്ക്കുകയും പിൽക്കാലത്ത് കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുകയും ചെയ്തിരുന്ന ഓട് ആണ് ഇക്കൂട്ടത്തിലെ മറ്റൊരു വസ്തു. ഒരുകാലത്ത് ഗോവ ഓട്കയറ്റുമതിയുടെ പ്രധാനകേന്ദ്രമായിരുന്നു എന്നാണ് പത്തേമാരി തൊഴിലാളിയായിരുന്ന പുരിയാമാക്കര കുഞ്ഞിമുഹമ്മദ് ഓർക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിലെ ഗൾഫ് യാത്രകളുടെ ആരംഭത്തോടെ കയറ്റുമതിയിലും ഇറക്കുമതിയിലും പുതിയതരം ചരക്കുകൾകൂടി സ്ഥാനംപിടിച്ചു. അക്കാലമാകുമ്പോഴേയ്ക്കും യന്ത്രവത്കൃമായ പത്തേമാരികൾ രംഗത്തെത്തിയിരുന്നു. അത്തരം പത്തേമാരികളാണ് കൂടുതൽ ദൂരത്തുള്ള ഗൾഫ് രാജ്യങ്ങളിലേയ്ക്ക് യാത്ര ചെയ്യാൻവേണ്ടി ഉപയോഗിച്ചിരുന്നത്. ഇന്ത്യയിൽ നിന്നും തദ്ദേശീയർ നിർമ്മിച്ച തുണിത്തരങ്ങളും ഓടക്കുഴലുകളുമാണ് അധികവും കയറ്റിയയച്ചിരുന്നത്. അവിടെ നിന്നും കയറ്റുന്ന കാരയ്ക്കയും പരവതാനികളും ഗൾഫ് രാജ്യങ്ങൾക്ക് അകത്തുള്ള മറ്റു തുറമുഖങ്ങളിലേയ്ക്കും കൂടാതെ ഇന്ത്യൻ തീരത്തുള്ള തുറമുഖങ്ങളിലേയ്ക്കും കൊണ്ടുപോകും. പോകുന്ന രാജ്യങ്ങളിലെല്ലാം തുറമുഖത്തും സമീപപ്രദേശങ്ങളിലും ഇറങ്ങി നടക്കാനുള്ള 'നടത്തപാസ്സ്പോർട്ട്' മുതലാളിമാർ സംഘടിപ്പിച്ച് നൽകും. കേരളത്തിന്റെ വിഖ്യാതമായ ഗൾഫ്ബന്ധങ്ങൾക്ക് തുടക്കമാകുന്നത് ഈ പത്തേമാരി യാത്രകളിലൂടെയായിരുന്നു.

പൊന്നാനിയിലെ പത്തേമാരികളുടെ പ്രതാപകാലത്തെ ഇല്ലാതാക്കിയ രണ്ടു പ്രധാനഘടകങ്ങൾക്ക് പത്തേമാരി വഴിയുള്ള വ്യാപാരം തന്നെ വഴിവെയ്ക്കുന്ന കാഴ്ച

ഇവിടെ കാണാം. കരമാർഗമുള്ള ചരക്കുകടത്തലിന്റെ സാധ്യതകളാണ് അതിൽ ആദ്യത്തേത്. ഗോഡൗണുകളിൽ നിന്നും ഗോഡൗണുകളിലേയ്ക്ക് നേരിട്ട് എത്താവുന്ന വലിയ വാഹനങ്ങളും ആ വാഹനങ്ങൾക്ക് സഞ്ചരിയ്ക്കാൻ യോഗ്യമായ വലുപ്പമുള്ള റോഡുകളും വന്നതോടെ പത്തേമാരി എന്നത് ലാഭകരമല്ലാത്ത ചരക്കുകടത്ത് മാർഗമായി പരിണമിച്ചു. കേരളത്തിൽനിന്നുണ്ടായ ഗൾഫ് കുടിയേറ്റമാണ് രണ്ടാമത്തെ കാരണം. കടലുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന പൊന്നാനി പോലുള്ള മുസ്ലീം ഭൂരിപക്ഷപ്രദേശങ്ങളിൽ നിന്നായിരുന്നു ആദ്യഘട്ടത്തിൽ ഗൾഫിലേയ്ക്കുള്ള കുടിയേറ്റങ്ങൾ നടക്കുന്നത്. അതുവഴി ലഭിച്ച സാമ്പത്തിക ഉന്നതിയും പുതിയ തലമുറയിലെ തൊഴിലാളികളുടെ കുറവും പത്തേമാരികളിലേയ്ക്ക് തൊഴിലാളികളെ കിട്ടാതെയാക്കി. വലിയ സാമ്പത്തികോന്നതി ഇല്ലാത്തതും അപകടസാധ്യത ഏറിയതുമായ പത്തേമാരിയിലെ പണിയിൽ നിന്നും പിൻവലിയാൻ ഇത് കാരണമായി. ഇത്തരത്തിൽ പത്തേമാരി വഴി സാധ്യമായ രണ്ട് വികാസങ്ങൾ പത്തേമാരി എന്ന തൊഴിലിടത്തെ തന്നെ അപ്രസക്തമാക്കി. മറ്റൊരു തരത്തിൽ ചിന്തിച്ചാൽ പത്തേമാരി എന്ന ദുരിതപൂർണമായ തൊഴിലിടത്തിൽ നിന്നും പുറത്ത് കടക്കാൻമാത്രം തക്ക കാരണങ്ങളെ വികസനത്തിന്റെ രൂപത്തിൽ സൃഷ്ടിയ്ക്കാൻ പത്തേമാരികൾക്ക് തന്നെ സാധിച്ചു.

### 4.2.2 മഞ്ചിത്തൊഴിലാളികളുടെ ജീവിതം

കടലുമായി ബന്ധപ്പെട്ട മറ്റുതൊഴിലുകളിൽ ഏർപ്പെടുന്നവരിൽനിന്നും വ്യത്യസ്തമായി കൂടുതൽകാലം കടലിനകത്ത് ജീവിക്കേണ്ടിവരുന്നവരും അക്കാലയളവിൽ മുഴുവൻ കടലുമായി നേരിട്ട് ബന്ധപ്പെടുന്നവരുമായിരുന്നു മഞ്ചിത്തൊഴിലാളികൾ. കടലിൽ മത്സ്യബന്ധനത്തിനായിപോകുന്ന മത്സ്യത്തൊഴിലാളികളിൽ അധികവും ഒരു നേരം മാത്രം കടലിൽ സഞ്ചരിച്ച് തിരികെ വരുന്നവരായിരുന്നു. നാലോ അഞ്ചോ ദിവസങ്ങൾ വരെ കടലിൽ പോയി നിൽക്കുന്നവരും കുറച്ച് ആഴ്ചകൾ ദൈർഘ്യമുള്ള യാത്രനടത്തി മറ്റു തീരപ്രദേശങ്ങളിലേയ്ക്ക് പോയിരുന്നവരും മത്സ്യബന്ധനത്തൊഴിലാളികൾക്ക് ഇടയിൽ ഉണ്ടായിരുന്നു. ഇവരിൽനിന്നും വ്യത്യസ്തമായി മാസങ്ങളോളം കടലിൽ

തുടരുന്നവരും വ്യത്യസ്തതീരങ്ങളിലേയ്ക്കും തുറമുഖങ്ങളിലേയ്ക്കും മാറി മാറിസഞ്ചരിയ്ക്കുന്നവരും ആയിരുന്നു മഞ്ചിത്തൊഴിലാളികൾ. ദീർഘദൂര സഞ്ചാരികളായ കപ്പലോട്ടക്കാരിൽനിന്നും വ്യത്യസ്തമായി കടലുമായി കൂടുതൽ ഇടപെടേണ്ടിവന്നിരുന്നവരും ഇവരാണ്. വളരെയധികം തൊഴിലാളികളും കൃത്യമായ തൊഴിൽ വിഭജനങ്ങളും ഉള്ള ഇടങ്ങളാണ് കപ്പലുകൾ. മഴയിലും വെയിലിലും നിന്ന് രക്ഷനേടാനും കരയിലേത് പോലുള്ള ജീവിതം ഭാഗികമായെങ്കിലും സൃഷ്ടിയ്ക്കാനും കപ്പലിനകത്തുള്ളവർക്ക് സാധിയ്ക്കും. ഇതിൽനിന്നും വ്യത്യസ്തമായി മഴയും വെയിലും കൊണ്ട് രാത്രിയും പകലും എന്നില്ലാതെയും, കടലിനോട് നിർത്താതെ മല്ലിട്ടുകൊണ്ടാണ് പത്തേമാരികൾ സഞ്ചരിയ്ക്കുന്നത്. മേൽപ്പറഞ്ഞ രണ്ടു ഘടകങ്ങളും പത്തേമാരിയ്ക്ക് അകത്ത് തനതായ ഒരു ജീവിതം കണ്ടെത്താൻ മഞ്ചിത്തൊഴിലാളികളെ പ്രേരിപ്പിച്ചു. സാഹസങ്ങൾ നിറഞ്ഞതും അധ്വാനഭാരമേറിയതുമായ തൊഴിലുകൾക്ക് ഇടയിലും സംഘർഷങ്ങളും സന്തോഷങ്ങളും പാട്ടുകളും പ്രതിഷേധങ്ങളുമെല്ലാം നിറഞ്ഞ സവിശേഷമായ ജീവിതം മഞ്ചിത്തൊഴിലാളികൾ ജീവിച്ചുതീർത്തു.

തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാലം അറബിക്കടലിലൂടെയുള്ള പത്തേമാരി യാത്രയ്ക്ക് അനുയോജ്യമായ കാലമല്ല. എന്നാൽ ഈ മൺസൂണിന്റെ അവസാന കാലങ്ങളിൽ തന്നെ മഞ്ചിത്തൊഴിലാളികൾ പത്തേമാരിയുമായി ബന്ധപ്പെട്ട പണികളിലേർപ്പെട്ടുതുടങ്ങും. ഒരു സ്രാങ്കും ആറ് മുതൽ പതിനാല് വരെ ഖലാസികളും ഒരു പണ്ഡാരിയുമായി ആഗസ്റ്റ് മാസത്തിൽ പത്തേമാരികൾ യാത്രയാരംഭിയ്ക്കും. പത്തേമാരിയെ നിയന്ത്രിയ്ക്കുന്ന, ഇന്നത്തെ ക്യാപ്റ്റൻ എന്നു വിശേഷിപ്പിയ്ക്കാവുന്ന, പദവിയാണ് സ്രാങ്കിന്റേത്. പൊന്നാനിയിലെ പല പത്തേമാരികളുടേയും ഉടമസ്ഥർ കൂടിയായിരുന്നു സ്രാങ്കുകൾ. കടലിൽ കാത്തിരിയ്ക്കുന്ന ഏതു പ്രതിസന്ധിയേയും നേരിടാനുള്ള കഴിവും കരുത്തും ഉള്ളവരായിരുന്നു അവർ. ഒരേസമയം പത്തേമാരിയിലെ പണിയെടുക്കുന്ന തൊഴിലാളിയായും ലാഭവിഹിതത്തിൽ അധികം പങ്ക് ലഭിയ്ക്കുന്ന, അതിനായി മറ്റു തൊഴിലാളികളെ ചൂഷണം ചെയ്യുന്ന മുതലാളിയായും സ്രാങ്കുമാർ പൊന്നാനിക്കാരുടെ ഓർമ്മകളിലുണ്ട്. കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിലെ മുതലാളിമാരുടെ പത്തേമാരികളിൽ പലതിലും പൊന്നാനിയിൽ നിന്നുള്ള

സ്രാങ്കുമാരായിരുന്നു ഉണ്ടായിരുന്നത്. തലമുറകളായി സ്വന്തം പത്തേമാരികൾ കൈവശമുള്ളവരും പൊന്നാനിയിലെ സ്രാങ്കുമാരിൽ ഉണ്ടായിരുന്നു.

പത്തേമാരിയിലെ യഥാർത്ഥതൊഴിലാളികൾ എന്ന് വിശേഷിപ്പിയ്ക്കാവുന്നത് ഖലാസികൾ എന്നു വിളിയ്ക്കുന്ന കൂട്ടരെയാണ്. പത്തേമാരികൾ കടലിലേയ്ക്കിറക്കുന്നതും അതിലേയ്ക്ക് ചരക്ക് കയറ്റുന്നതും ഇറക്കുന്നതും പായകൾ മാറ്റിക്കെട്ടുന്നതും രാത്രി കാലങ്ങളിൽ യാമത്തിൽ ഇരിയ്ക്കുന്നതുമെല്ലാം ഖലാസികളാണ്.[8] പൊന്നാനിയ്ക്ക് പുറത്തുള്ള ദേശങ്ങളിലെ പത്തേമാരികളിലും ഇവിടത്തുകാർ ഖലാസികളായി പോയിരുന്നു. പത്തേമാരിയുമായി ബന്ധപ്പെട്ട പാട്ടുകളിലും കഥകളിലുമെല്ലാം കേന്ദ്രസ്ഥാനത്ത് നിൽക്കുന്നത് എണ്ണത്തിൽ കൂടുതലുള്ള ഖലാസികൾ തന്നെയാണ്. ചില സമയങ്ങളിൽ വലിയ അധ്വാനവും മറ്റു സമയങ്ങളിൽ വെറുതെയിരിപ്പും എന്നതായിരുന്നു ഇവരുടെ പതിവ്. പൊന്നാനിയിൽ നിന്നും കോഴിക്കോട് നിന്നും ആവശ്യമായ ഭക്ഷണ സാധനങ്ങളും ചരക്കുകളും നിറച്ച് യാത്ര പുറപ്പെട്ടാൽ ലക്ഷ്യസ്ഥാനത്ത് എത്തുന്നത് വരെ ഉറങ്ങലും വെറുതെയിരിയ്ക്കലും ഭക്ഷണം കഴിയ്ക്കലും തന്നെയായിരുന്നു ഇവരുടെ പ്രധാന പണി. എന്നാൽ കാറ്റ് ദിശമാറിയാൽ കൊടുങ്കാറ്റിനിടയിലും ഉയരത്തിലുള്ള പായ മാറ്റിക്കെട്ടുന്നതും മഴയിലും വെയിലിലും മഞ്ഞിലും മറകളൊന്നുമില്ലാതെ ഉരുവിന്റെ മുകളിൽ ഇരിയ്ക്കുന്നതും രാത്രി ഉറക്കമൊഴിച്ച് മറ്റു കപ്പലുകൾ എതിരേ വരുന്നുണ്ടോയെന്ന് നോക്കലും ഉരുവിൽ വെള്ളം കയറിയാൽ അതു കോരി മാറ്റലുമെല്ലാമായി ഇവരുടെ പണി ഏറെ അധ്വാനഭാരമുള്ളതാണ്.

സ്രാങ്കിനും ഖലാസികൾക്കും വേണ്ട ഭക്ഷണം വെച്ചുനൽകാനായി കൂടെ കൂട്ടുന്ന കുട്ടിയെയാണ് പണ്ടാരിയെന്ന് വിളിയ്ക്കുന്നത്. പത്തേമാരിയിൽ പണിക്കാരായി വരുന്നവർ പലരും ആദ്യം പണ്ടാരികളായാണ് പണി ആരംഭിച്ചിരുന്നത്. ഒരു ഖലാസിയുടെ പകുതിക്കൂലിയായിരുന്നു പണ്ടാരിയുടേത്. മഞ്ചിത്തൊഴിലാളികൾക്ക് വേണ്ട ഭക്ഷണം പാകംചെയ്യുക എന്നതുമാത്രമാണ് പണ്ടാരികളുടെ പണി. പത്തേമാരിയ്ക്കുള്ളിലെ മുകളിലെ കള്ളികളിലൊന്നായ അണിയൻകള്ളിയിൽ 'ചുടുദാൻ'

എന്നു വിളിയ്ക്കുന്നിടമാണ് ഭക്ഷണം പാകം ചെയ്യുന്ന സ്ഥലം. ചുടുദാനിൽ ഒരു മരപ്പെട്ടിയ്ക്ക് അകത്ത് മണ്ണ് നിറച്ച്, കല്ല് വെച്ച്, മൂടിയോട് കൂടിയ സംവിധാനമാണ് പത്തേമാരിയിലെ അടുപ്പ്. പണ്ടാരി അതിരാവിലെ എഴുന്നേറ്റ് ആവശ്യമായ സാധനങ്ങൾ അരയ്ക്കാനും പൊടിയ്ക്കാനും നുറുക്കാനും പാകം ചെയ്യാനും ആരംഭിയ്ക്കും. പകൽ പാകംചെയ്ത ഭക്ഷണങ്ങൾ വിളമ്പി നൽകുകയും രാത്രിയിൽ എല്ലാവർക്കും വേണ്ട ഭക്ഷണം നേരത്തെ ഒരുയ്ക്കിവെയ്ക്കുകയും ചെയ്താൽ പണ്ടാരികളുടെ അന്നത്തെ പണി കഴിഞ്ഞു, നേരത്തെ കിടന്നുറങ്ങാൻ പോകാം. എന്നാൽ ചില പത്തേമാരികളിലെല്ലാം ഇവരുടെ ജീവിതം വളരെ യാതനാ പൂർണമായിരുന്നു. അരി കൂടുതൽ എടുത്തതിന് കൂലി കുറയ്ക്കുന്ന സ്രാങ്കുമാരും പത്തേമാരിയിലെ പീഡനങ്ങളും ഇടുങ്ങിയതും ചൂട് കൂടിയതുമായ പണി സ്ഥലവുമെല്ലാം ഇതിന് കാരണങ്ങളായിട്ടുണ്ട്.

ഭക്ഷണം പാകം ചെയ്യാൻ ആവശ്യമായ സാധനങ്ങളുമായാണ് പൊതുവേ പത്തേമാരികൾ എല്ലാം യാത്ര തിരിയ്ക്കാറുള്ളത്. അരി, പലചരക്കുകൾ എന്നിവ ചാക്കുകളിലാക്കി മറ്റുചരക്കുകൾക്ക് മുകളിൽ മാറ്റി വെയ്ക്കും. മുതലാളിമാരിൽ നിന്നും മുൻകൂർ വാങ്ങിയ പണം കൊടുത്തോ അല്ലെങ്കിൽ ചരക്കെടുക്കുന്ന ഇടങ്ങളിൽ നിന്നും കടമായി വാങ്ങിയിട്ടുള്ളതോ ആയിരിയ്ക്കും കയ്യിലുള്ള ഭക്ഷ്യവസ്തുക്കൾ. രാവിലെ കഞ്ഞിയും മറ്റു നേരങ്ങളിൽ ചോറും ഇടനേരങ്ങളിൽ ചായയും എന്നതായിരുന്നു പത്തേമാരികളിലെ പതിവ് ഭക്ഷണം. യാത്രയ്ക്കിടയിൽ മഞ്ചിയിലെ ചെറിയ തോണി കടലിലിറക്കി മീൻ പിടിയ്ക്കുകയോ മീൻ പിടിച്ചുവരുന്ന മുക്കുവരുടെ കയ്യിൽ നിന്നും മീൻ വാങ്ങുകയോ ചെയ്ത് അത് ഭക്ഷിയ്ക്കാറുമുണ്ട്. തങ്ങൾ സുഭിക്ഷമായി ഭക്ഷണം കഴിച്ചിരുന്നു എന്നാണ് അക്കാലത്ത് മഞ്ചിപ്പണിയ്ക്ക് പോയിരുന്ന പുതിയപുര അബ്ദുറഹിമാൻ പറയുന്നത്. കാരണം അവർക്ക് വേണ്ടിയിരുന്ന ഭക്ഷണ സാധനങ്ങളെല്ലാം തന്നെ അവർ സ്വയം വാങ്ങി കൊണ്ടുപോകുകയായിരുന്നു പതിവ്. അതിനാൽ പലപ്പോഴും പണിയെല്ലാം കഴിഞ്ഞ് തിരികെ വരുമ്പോൾ മുൻകൂർ കൈപ്പറ്റിയ പണം കിഴിച്ചാൽ തുച്ഛമായ പണമായിരുന്നു മിച്ചം ലഭിച്ചിരുന്നത്. വരാൻ പോകുന്ന പണിയില്ലാത്ത മാസങ്ങൾ കഴിഞ്ഞുകൂടാൻ വേണ്ട സമ്പാദ്യം ഇതിൽ നിന്ന് ആർക്കും കിട്ടിയിരുന്നില്ല.

പത്തേമാരിയിൽ പണിയ്ക്ക് പോയിരുന്നവരുടെ പണിയില്ലാത്ത നാളുകൾ വളരെ പ്രയാസം നിറഞ്ഞവയായിരുന്നു. പൊന്നാനിയിലെ മഞ്ചിത്തൊഴിലാളികളിൽ അപൂർവ്വം ചിലർ മാത്രമായിരുന്നു മറ്റുപണികൾക്ക് പോകാറുണ്ടായിരുന്നത്. പത്തേമാരിയിൽ പണിയില്ലാത്ത കാലത്ത് മത്സ്യബന്ധനത്തിന് പോയിരുന്ന ഇക്കൂട്ടരൊഴിച്ചാൽ മറ്റുള്ളവരെല്ലാം തന്നെ വെറുതെ അലഞ്ഞുതിരിഞ്ഞു നടക്കുകയായിരുന്നു പതിവ്. മത്സ്യബന്ധനത്തിന് പോയിരുന്നവരിൽ തന്നെ മിക്കവരും കനത്ത മഴക്കാലത്തെ തുടർന്ന് അധികം ദിവസങ്ങളിലും പണി ഇല്ലാത്തവരായിരുന്നു. മുൻവർഷത്തെ അധ്വാനത്തിന്റെ മൂല്യമായി ലഭിച്ച തുച്ഛമായ തുക കഴിയുമ്പോൾ പത്തേമാരിയിലെ സ്രാങ്കുമാരിൽ നിന്നോ അല്ലെങ്കിൽ മുതലാളിമാരിൽ നിന്നോ മുൻകൂർ പണം വാങ്ങുകയായിരുന്നു ഇവരുടെ പതിവ്. ഇത് നടപ്പുവർഷത്തെ മുന്നോട്ട് നയിയ്ക്കുമെങ്കിലും വരുംവർഷങ്ങളിലെ സാമ്പത്തികസ്ഥിതി കൂടുതൽ മോശപ്പെട്ടതാക്കി മാറ്റുന്നു.

പത്തേമാരിയിലെ പണിയില്ലാത്ത മൺസൂൺകാലം പോലെത്തന്നെ പ്രത്യേകിച്ച് പണിയൊന്നും ഇല്ലാത്തതാണ് പലപ്പോഴും പത്തേമാരിയ്ക്ക് അകത്തെ ഖലാസികളുടെ ജീവിതവും. കാറ്റും കടലും അനുകൂലമായ നല്ല നേരങ്ങളിൽ പായ മാറ്റിയ്ക്കെട്ടാനോ വെള്ളം കോരിക്കളയാനോ ഇല്ലാതിരിയ്ക്കുമ്പോഴും രാത്രികളിൽ എതിരേ വരുന്ന വാഹനങ്ങളെ നോക്കി ഉറങ്ങാതെ യാമത്തിലിരിയ്ക്കുമ്പോഴുമെല്ലാം ഉണ്ടാകുന്ന മിച്ച സമയങ്ങളാണ് മഞ്ചിത്തൊഴിലാളികൾയ്ക്കിടയിൽ പാട്ടിന്റേയും കഥപറച്ചിലിന്റേയും ഒരു സംസ്കാരത്തെ രൂപപ്പെടുത്തിയത്. കാറ്റും കടലും മാത്രം നിരീക്ഷിച്ചുകൊണ്ട് ഉറങ്ങാതിരിയ്ക്കുന്ന രാത്രികളിൽ ഉറക്കം വരാതെ സൂക്ഷിയ്ക്കാൻ അവർ കണ്ടെത്തിയ വഴികളിലൊന്നായിരുന്നു പാട്ടുകൾ. കേട്ടു പഴകിച്ച ഹിന്ദി പാട്ടുകളോ മാപ്പിളപ്പാട്ടുകളോ പാടിയിരുന്നവർ പാടിപ്പാടിമടുത്തപ്പോൾ സ്വന്തമായി പാട്ടു കെട്ടിപ്പാടാൻ തുടങ്ങി. അവർ അവരുടെ ദുരിതങ്ങളും വ്യഥകളും പ്രണയവും പ്രണയനൈരാശ്യവും സമരവും പോരാട്ടവും പ്രതിരോധവും ആശയങ്ങളും ആഗ്രഹങ്ങളുമെല്ലാം പാട്ടാക്കിമാറ്റി. വർഷത്തിലേറെയും കടലിൽ താമസിച്ച് ഇടയ്ക്ക് കരയ്ക്കെത്തുമ്പോൾ ഈ പാട്ടുകളും കഥകളുമെല്ലാം നാട്ടുകാരുമായി പങ്കുവെയ്ക്കാനും അവർ തത്പരരായിരുന്നു. അങ്ങനെയാണ് പത്തേമാരിയെക്കുറിച്ചും അതിനുള്ളിലെ ജീവിതങ്ങളെക്കുറിച്ചും

പൊന്നാനിയിൽ പാട്ടുകളുണ്ടാകുന്നതും ഈ പാട്ടുകൾ പൊന്നാനിക്കാരെല്ലാം മനസ്സിൽ സൂക്ഷിച്ചുതുടങ്ങിയതും.

തങ്ങളുടെ ജീവിതവൈഷമ്യങ്ങളും അതിനോടുള്ള പ്രതിഷേധങ്ങളുമാണ് പത്തേമാരി പാട്ടുകളുടെ പ്രധാന പ്രമേയം.

'ഇറയോൻ വിധിത്ത കടൽ കോപം കൂടി
ഇറയെന്നരാവിൽ കടൽ മേലെ കേറി'[9]

മഞ്ചിത്തൊഴിലാളിയായിരുന്ന ഉമ്പായിക്ക പാടുന്ന വരികളിൽ പത്തേമാരിയാത്രയുടെ സംഘർഷാത്മകമായ സ്വഭാവം കാണാനാകും.

'കാറ്റും കോളുമൊതുങ്ങുന്നു
കടലല കലപില കൂട്ടുന്നു
നാളെ വെളുപ്പിന് വരുമല്ലോ
നിറമനനിറവലമുപ്പായി'

എന്ന് പൊന്നാനിയിലെ കുടിലുകളിൽ നിന്നും താരാട്ടുയരുമ്പോൾ കടലിലേയ്ക്ക് അന്നം തേടിപ്പോകുന്ന കുടുംബത്തിലെ പുരുഷന്മാർ ജീവനോടെ തിരികെയെത്തണേ എന്ന പ്രാർത്ഥനകൂടി അതിനൊപ്പം മുഴങ്ങുന്നു. എല്ലാ വർഷവും യാത്രതുടങ്ങുമ്പോൾ മതാചാരപ്രകാരം ശവസംസ്കാരം നടത്താനുള്ള സാധനങ്ങളും ഇവിടത്തെ തൊഴിലാളികൾ കൂടെ കരുതാറുണ്ട്. കടലിൽ വെച്ച് കൂട്ടത്തിലാരെങ്കിലും മരിച്ചാൽ ഒരു നേരത്തെ യാത്രകൊണ്ട് കരയ്ക്കെത്താനാകുമോ എന്നാണ് കൂടെയുള്ളവർ ആദ്യം നോക്കുക. അതിനുള്ള സാഹചര്യമില്ലെങ്കിൽ മതാചാരപ്രകാരമുള്ള ശവസംസ്കാരങ്ങളെല്ലാം ചെയ്ത് മയ്യത്ത് കല്ലിൽ കെട്ടി കടലിൽ താഴ്ത്തും. ഇങ്ങനെ കടലെടുത്ത ഒരുപാട് പുരുഷന്മാരുടെ വിധവകളേയും കുട്ടികളേയും അഴീക്കലിലെ മിക്ക കുടുംബങ്ങളിലും കാണാനാകും.

അക്കൂട്ടത്തിൽ പൊന്നാനിക്കാരുടെ ഓർമ്മകളിൽ ഇന്നും മായാതെ നിൽക്കുന്ന സംഭവമാണ് 1967-ൽ ഇരുപത്തഞ്ചോളം പത്തേമാരിക്കാരെ കടലെടുത്ത സംഭവം. 1967 മാർച്ച് ആറിന് പൊന്നാനിക്കാരുടെ പ്രിയങ്കരനായ ഇ.കെ. ഇമ്പിച്ചിബാവ രണ്ടാം

ഇ.എം.എസ്. മന്ത്രിസഭയിൽ ഗതാഗതമന്ത്രിയായി സ്ഥാനമേൽക്കുന്ന സമയത്താണ് അത് നടക്കുന്നത്. അന്ന് ഒരുപാട് പൊന്നാനിക്കാർ അതിന്റെ സന്തോഷത്തിൽ പങ്കുചേരാൻ തലസ്ഥാനത്തെത്തിയിരുന്നു. അപ്പോഴാണ് അവരുടെ സന്തോഷത്തെ ഇല്ലാതാക്കുന്ന വാർത്ത ഏവരും അറിയുന്നത്, ബോംബെയിലേയ്ക്ക് ചരക്കുമായി പോയ രണ്ട് പത്തേമാരികൾ തകർന്നിരിയ്ക്കുന്നു. അതിലുണ്ടായിരുന്ന ഇരുപത്തിയഞ്ച് അഴീക്കലുകാരേയും കാണാതായിരിയ്ക്കുന്നു.

പൊന്നാനിയിൽ നിന്നും കൂട്ടമായി ബോംബെയിലേയ്ക്ക് യാത്രതിരിച്ച പത്തേമാരികൾ പാതിവഴിയ്ക്കെത്തിയപ്പോൾ കടൽ രൂപം മാറി. ശക്തമായ തിരയിലും കാറ്റിലും ഉരുമുങ്ങിപ്പോകുമെന്ന ഭീതി വന്നതോടെ എല്ലാവരും ചരക്കുകൾ എടുത്തെറിഞ്ഞ് ജീവൻ മാത്രം രക്ഷിയ്ക്കാനുള്ള വഴിതേടി. കഴിയ്ക്കാൻ ഭക്ഷണമോ കുടിയ്ക്കാൻ വെള്ളമോ ഇല്ലാതെ ദിവസങ്ങൾ നീണ്ട യാത്രയ്ക്കൊടുവിൽ ചില പത്തേമാരികൾ മാത്രം കരയ്ക്കടുത്തു. ശേഷിയ്ക്കുന്നവരേയും കാത്ത് ആദ്യം വന്നവർ അവിടെ നിന്നു. എന്നാൽ ദിവസങ്ങൾ കഴിഞ്ഞിട്ടും രണ്ട് പത്തേമാരികൾ മാത്രം വന്നില്ല, ഗുജറാത്ത്കാരൻ രാംദാസ്സേഠിന്റെ 'വിജയമാല'യും പൊന്നാനിക്കാരൻ അബ്ദുള്ളയുടെ 'ദുൽദുൽ' പത്തേമാരിയും. കാറ്റിലും കോളിലുംപെട്ട ആ രണ്ട് പത്തേമാരികൾ മുങ്ങിപ്പോയോ എന്നും അതിലെ തൊഴിലാളികളെല്ലാം മുങ്ങി മരിച്ചോ അതോ ആരെങ്കിലും ലോകത്തിന്റെ ഏതെങ്കിലും കോണുകളിൽ ജീവിച്ചിരിപ്പുണ്ടോ എന്നും ഇന്നും അഴീക്കലിലെ പഴയ ഖലാസികൾക്കിടയിൽ സംസാരവിഷയമാണ് (മഹ്ബൂബ്, 2018: 96–97).

ഇങ്ങനെ കടലൊരുക്കിവെയ്ക്കുന്ന പ്രതിബന്ധങ്ങളെ തരണം ചെയ്ത് തുറമുഖങ്ങളിൽ നിന്നും തുറമുഖങ്ങളിലേയ്ക്ക് യാത്രചെയ്യുന്ന മഞ്ചിത്തൊഴിലാളികളെ കാത്തിരിയ്ക്കുന്നത് മുതലാളിമാരിൽ നിന്നും സ്രാങ്കുമാരിൽ നിന്നുമുള്ള ചൂഷണങ്ങളായിരുന്നു.

"കേട്ടോളീം സോദരെക്കൂട്ടർ പൊന്നാനി

സ്രാങ്കന്മാർ ചെയ്യും അന്യായമേ

ബന്ധുകുടുംബങ്ങളെ തോൽപിച്ചവർ

സ്വത്തുണ്ടാക്കാനഹങ്കാരമേ.

സാരങ്ങൾ അധ്വാനഭാരങ്ങൾ ചേർക്കുന്നു

സാരമല്ലാത്ത മരങ്ങളും പേറുന്നു.

സ്രാങ്കന്മാർ മെത്തയിൽ ആനന്ദം കൊള്ളുന്നു

തൊഴിലാളി എട്ടോളം തപ്പിട്ടു കോരുന്നു

വെള്ളം വറ്റുന്നില്ല, കണ്ടാലും സ്രാങ്ക് എണീക്കുന്നില്ല...

...സാരം പറയുവാൻ സംഗതി ഏറെയുണ്ട്

സമ്പാദ്യം സ്രാങ്കിന്റെ തല്ല് ഏറെ കൊണ്ട്

വാർത്താചുരുക്കിടുന്നു ഞാനാദുഃഖം മറന്നീടുന്നു."[10]

എന്നാൽ എല്ലാ സ്രാങ്കുമാരും ചൂഷകരാണെന്നും ദുഷ്ടന്മാരാണെന്നും പൊന്നാനിക്കാർക്ക് അഭിപ്രായമില്ല. ഒരുപാട് കാലം ഖലാസികളായി ജോലി ചെയ്ത് പിന്നീട് സ്രാങ്കുമാരായി മാറിയവർ അഴീക്കലുകാർക്കിടയിൽ തന്നെ ധാരാളമുണ്ട്. അവരുടെ അധ്വാനത്തേയും നേതൃത്വത്തേയും കഴിവിനേയും സ്തുതിച്ചുകൊണ്ടും പാട്ടുകൾ കെട്ടിപ്പാടുന്നുണ്ട്.

'സുത്തൻ മിദീൻ സ്രാങ്ക് അസൈനാരുടെ തേട്ടം

ഫത്തഹുൽ സമദാനെന്ന പത്തേമാരിന്റെ ഓട്ടം

ആനന്ദമയിലാട്ടം"

എന്ന് അബ്ദുൾ റസാഖ് പാടുമ്പോൾ തങ്ങളുടെ സ്രാങ്കിന്റെ ഈശ്വരാധീനതയിലാണ് പത്തേമാരി മുന്നോട്ട് പോകുന്നതെന്ന ഖലാസികളുടെ വിശ്വാസം അതിൽ കാണാം.[11] എന്നാൽ തങ്ങളെ ചൂഷണം ചെയ്യുന്നവരെക്കുറിച്ച് ചൊല്ലി പരിഭവിയ്ക്കുകയോ എല്ലാം ദൈവകൃപയ്ക്കായി വിടുകയോ ചെയ്തവരല്ലായിരുന്നു പൊന്നാനിയിലെ മഞ്ചിത്തൊഴിലാളികൾ.

പൊന്നാനിത്തീരത്ത് ഇന്നും പാടിക്കേൾക്കുന്ന പത്തേമാരി പാട്ടുകളിൽ ഏറിയ പങ്കും വിപ്ലവഗാനങ്ങൾ ആണ്. പത്തേമാരിത്തൊഴിലാളികൾ മാത്രമായിരുന്നില്ല

തുറമുഖത്ത് ചരക്കിന്റെ കയറ്റിറക്കങ്ങൾക്ക്വേണ്ടി നിന്നിരുന്ന തൊഴിലാളികളും മുതലാളിമാരുടെ ചൂഷണത്തിന് വിധേയരായിരുന്നു. 1960–കളിൽ 'പോർട്ട് കാർഗോ വർക്കേഴ്സ് യൂണിയൻ' എന്ന ട്രേഡ് യൂണിയൻ രൂപീകരിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടി ഇവരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതോടെ പത്തേമാരികളിൽ നിന്നും വിപ്ലവഗാനങ്ങൾ മുഴങ്ങിക്കേട്ടു.

"മഞ്ചിത്തൊഴിലാളികളേ ജയഭേരി പതാക
കരിഞ്ചന്തക്കാരെപൂട്ടുവാൻ ഇനി നേരിൻ പതാക
വഞ്ചിച്ചിടുംമുതലാളികളേ ഈ വഞ്ചനയെന്താണോ
മേലിൽ ഇതാ ഈ ചെങ്കൊടി പതാക
കരിഞ്ചന്തക്കാരെപൂട്ടുവാൻ ഇനി നേരിൻ പതാക'
'മരണപ്പെട്ടൊഴിവോളമാണ് മാർക്സിസകൊടിനീളം
വഞ്ചിത്തൊഴിലാളികളൈക്യം വേണോന്ന് നാളെസഖ്യം
വഞ്ചിക്കും മുതലാളിമാരുടെ നിർഭാഗ്യം
പി സി വർക്കേഴ്സ്  കണ്ട ചെറു സൗഭാഗ്യം"[12]

എല്ലാ കാലത്തും തൊഴിലാളിവർഗപോരാട്ടങ്ങളുടെ പ്രധാന സമരായുധമായിരുന്നു കലയും സംഗീതവും. ഒരുപാട് സമരപ്പാട്ടുകൾ അക്കാലത്ത് പൊന്നാനിയിൽ പാടിക്കേട്ടു. അത് പാടുന്നതിലും എഴുതുന്നതിലും പ്രധാനിയായിരുന്നു ഇ.കെ ഇമ്പിച്ചിബാവയുടെ സഹോദരനായ ഇ. കെ. അബൂബക്കർ എന്ന ഔക്കർ സഖാവ്. ഇരുപതാം വയസ്സിൽ സ്രാങ്കായി പതിനാറ് വർഷം കടൽജീവിതം അനുഭവിച്ചാണ് അബൂബക്കർ പൊന്നാനിയിലേയ്ക്ക് വരുന്നത്. ഉത്തരേന്ത്യയിലെ നിരവധി ഗുരുമുഖങ്ങളിൽനിന്നും സംഗീതം അഭ്യസിച്ചും ബാബുരാജിനുവേണ്ടി ഹാർമോണിയം വായിച്ചും വലിയ സംഗീതജ്ഞനായി പൊന്നാനിയിലെത്തിയ അബൂബക്കർ അവിടെ തന്റെ സംഗീതത്തെ ഉപയോഗിച്ചത് ആളുകളെ സംഘടിപ്പിയ്ക്കാനും സമരാവേശത്തിലാഴ്ത്താനുമായിരുന്നു. മഞ്ചിത്തൊഴിലാളികൾ ശറഫഞ്ചും പ്രധാനികൾ എന്ന പൊന്നാനിയിലെ ഏറെ പ്രസിദ്ധമായ കടൽപാട്ട് ഔക്കർ സഖാവിന്റേതായിരുന്നു (മഹ്ബൂബ്, 2018: 56–58).

സ്വന്തം ജീവിതാനുഭവങ്ങൾ മാത്രമായിരുന്നില്ല ഇവരുടെ പാട്ടുകളിൽ നിഴലിച്ചിരുന്നത്. സഞ്ചാരസാഹിത്യത്തിന്റെ മാപ്പിളരൂപങ്ങൾ കൂടിയായിരുന്നു പല കടൽപ്പാട്ടുകളും. ഈ പാട്ടിലെ കാഴ്ചകളെല്ലാം യഥാർത്ഥത്തിൽ അവർ കണ്ടതാകണമെന്നു നിർബന്ധമില്ല. കേട്ടറിവുകളും അതിഭാവനകളും എല്ലാ കാലത്തും സഞ്ചാരസാഹിത്യത്തിന്റെ ഭാഗമായിരുന്നു. കണ്ടതും കാണാൻ ആഗ്രഹിച്ചതും ഒരേ സമയം ഇവരുടെ പാട്ടുകളിൽ ഇടം പിടിച്ചു. സഞ്ചാരത്തിനു മാപ്പിളമാർ പറയുന്ന സർക്കീട്ട് എന്ന പേര് ചേർത്താണ് ഈ പാട്ടുകൾ അറിയപ്പെട്ടിരുന്നത്. സഞ്ചാര സാധ്യതകൾ പരിമിതമായിരുന്ന അക്കാലത്ത് കടൽ കടന്ന് അറേബ്യയിലേയ്ക്ക് പോകുന്നതിനെപ്പറ്റിയും തീവണ്ടിയിൽ ഷൊർണൂരിലേയ്ക്ക് പോകുന്നതിനെപ്പറ്റിയും ഒക്കെ ഒരേ കൗതുകത്തോടെ അവർ പാട്ടുപാടി നടന്നു.

മലബാറിലെ മാപ്പിളസാമൂഹികതയുമായി ബന്ധപ്പെട്ടാണ് ഈ കടൽ പാട്ടുകളെല്ലാം രചിയ്ക്കുന്നതെങ്കിലും ഇവയെ മാപ്പിളപ്പാട്ടുകൾ എന്ന രീതിയിൽ പരിഗണിയ്ക്കാറില്ല. മാപ്പിളപ്പാട്ടിന്റെ ഇശൽ-പ്രാസ നിയമങ്ങളോട് വളരെ സാമ്യമുള്ളവയാണ് ഈ കടൽപ്പാട്ടുകളും. മാപ്പിളപ്പാട്ടുകൾ പോലെത്തന്നെ ആലാപനത്തിന് പ്രാധാന്യം കൂടുതലുള്ളവയും ഏറ്റുപാടി കേട്ടുകൊണ്ട് മാത്രം വർഷങ്ങളായി നിലനിൽക്കുന്നവയുമാണ് ഇവ. സങ്കരഭാഷകളിലായിരുന്നു ഈ പാട്ടുകളെല്ലാം രചിച്ചത്. അറബി, മലയാളം, ഉർദു, പേർഷ്യൻ, തമിഴ്, തുളു, ഇംഗ്ലീഷ് തുടങ്ങി തങ്ങൾ കണ്ടുമുട്ടുന്ന എല്ലാ ജനതകളുടേയും വാക്കുകളെ അവർ പാട്ടുകളിലേയ്ക്ക് കൂട്ടിച്ചേർക്കുന്നു. സർവ്വതിനേയും സ്വാംശീകരിയ്ക്കാനും ഉൾക്കൊള്ളാനും കഴിയുന്ന മാപ്പിളസമുദായത്തിന്റെ പ്രകൃതം ഇവിടെ ദൃശ്യമാണ്. ഒരേ സമയം നിരക്ഷരരും ബഹുഭാഷികളുമായി കഴിയുന്ന പത്തേമാരിത്തൊഴിലാളികളുടെ സംഗീതത്തിൽ നിന്നും നിത്യസഞ്ചാരികളുടെ സാംസ്കാരികമായുള്ള കലർപ്പുകളും എന്തിനേയും ഉൾക്കൊള്ളുന്ന ഭാവവും കാണാനാകും. അതിരുകൾക്ക് അപ്പുറത്ത് സാർവ്വദേശീയമായ ഒരുതലം കടൽപ്പാട്ടുകൾ പൊന്നാനിക്കാർയ്ക്കിടയിൽ നിർമ്മിയ്ക്കുന്നു.

**4.3 തീരദേശത്തെ സ്ത്രീജീവിതങ്ങൾ**

പുരുഷന്മാർ കടലിൽ പോകുന്ന നേരത്ത് മീൻ ഉണക്കിയും ഉപ്പ് കുറുക്കിയും അന്നന്നത്തെ ചെലവിനുള്ള വിഭവങ്ങൾ കണ്ടെത്തുന്ന സ്ത്രീകളെക്കുറിച്ചുള്ള പരാമർശങ്ങൾക്ക് സംഘംകൃതികളിലെ തൊണ്ടിനഗരവർണ്ണനകളോളം പഴക്കമുണ്ട്. മണിപ്രവാളകാലം തൊട്ട് ഇന്നും തുടരുന്ന ഉൾനാടൻ കൈമാറ്റവാണിഭങ്ങളിൽ ഉണക്കമീനുമായി കച്ചവടത്തിന് വരുന്ന മുക്കുവസ്ത്രീകളുടെ സാന്നിധ്യമുണ്ട്. അസ്ഥിരതയും അനിശ്ചിതത്വവും നിറഞ്ഞ തീരദേശവാസികളുടെ ജീവിതത്തിൽ കടലോരത്തെ വെയിലുകൊണ്ട് അവിടത്തെ സ്ത്രീകൾ ചെയ്തിരുന്ന ചെറുതൊഴിലുകൾക്കും ആ വെയിലിൽ അവർ നിർമ്മിച്ചെടുത്ത ഉണക്കമീനിനും വലിയ പങ്കുണ്ട്. മത്സ്യബന്ധനത്തെ അടിസ്ഥാനപ്പെടുത്തിയ ജീവിതക്രമങ്ങളും തൊഴിലിടങ്ങളുമായിരുന്നു പൊന്നാനിയിലേത്. അതിനാൽത്തന്നെ മത്സ്യ ബന്ധനത്തിനായി കടലിൽ പോകുന്നവർക്ക് മാത്രമല്ല കരയിലുള്ളവർക്കും തൊഴിൽ നൽകിയത് മത്സ്യബന്ധനത്തിന്റെ അനുബന്ധത്തൊഴിലിടങ്ങളാണ്. പൊന്നാനിയിലെ സ്ത്രീകളുടെ പ്രധാന തൊഴിലിടവും ഇത്തരം തൊഴിലുകൾ തന്നെയായിരുന്നു.

കടലിൽനിന്നും പിടിച്ചുകൊണ്ടുവരുന്ന മീനുകൾ കരയ്ക്കിറക്കുന്നിടത്ത് നിന്നാണ് ജോലികളാരംഭിയ്ക്കുന്നത്. മീൻകൂട്ടത്തിൽ നിന്നും കച്ചറ പെറുക്കുക, ചാപ്പകളിലേയ്ക്ക് മീൻ കൊണ്ടിറക്കുക എന്നിവയെല്ലാമാണ് പ്രധാന പണികൾ. മത്സ്യസംസ്കരണമാണ് അടുത്തമേഖല. ഇന്നത്തേത്പോലെ ശീതീകരണോപാധികൾ ഒന്നുമില്ലാത്ത കാലത്ത് ദൂരദേശങ്ങളിലേയ്ക്ക് പച്ചമീൻ കൊണ്ടുപോകുന്നത് പ്രായോഗികമായിരുന്നില്ല. മീൻ ഉപ്പിട്ട് ഉണക്കുക എന്നതായിരുന്നു തീരദേശത്തെ സ്ത്രീകളുടെ പ്രധാന തൊഴിൽ. ഒരുകാലത്ത് തെങ്ങിൻതോപ്പുകൾ കൊണ്ട് സമ്പന്നമായിരുന്ന പൊന്നാനിയുടെ വിവിധഭാഗങ്ങളിലേയ്ക്ക് അവശ്യംവേണ്ട വളം നിർമ്മിച്ചിരുന്നത് അധികം വരുന്ന മീൻ ഉപയോഗിച്ചായിരുന്നു. ചാപ്പകൾ തോറുമുള്ള വലിയ ടാങ്കുകളിൽ ഒരുപാട് സ്ത്രീകൾ നിന്നാണ് വളം നിർമ്മിച്ചിരുന്നത്.

പൊന്നാനിയിലെ മുസ്ലീങ്ങൾക്കിടയിൽ ഭാഗികമായി ഇന്നും നിലനിൽക്കുന്ന മരുമക്കത്തായ വ്യവസ്ഥയ്ക്ക് സ്ത്രീകളുടെ തൊഴിൽ പ്രാതിനിധ്യം വർദ്ധിപ്പിയ്ക്കുന്നതിൽ കാര്യമായ പങ്കുണ്ട്. ഒരു കുടുംബത്തിലെ പുരുഷന്മാരിൽ പലരും വിവാഹം കഴിച്ച് ഭാര്യവീട്ടിലേയ്ക്ക് താമസം മാറ്റുകയും അവിടേയ്ക്ക് വിവാഹം കഴിച്ച് വന്ന പുരുഷന്മാർ മരിയ്ക്കുകയും ചെയ്താൽ പിന്നെ കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങൾ എല്ലാം മുതിർന്ന സ്ത്രീകളുടെമേൽ വന്നുചേരുന്നു. ഇതേ സമയം വീട്ടിലെ കുട്ടികളെ നോക്കുന്ന ചുമതല അവരുടെ അനുജത്തിമാരോ മുതിർന്ന പെൺകുട്ടികളോ ഏറ്റെടുക്കുന്നു. ഇതുവഴി മറ്റു തടസ്സങ്ങളില്ലാതെ തൊഴിലിടത്ത് നിൽക്കാൻ അവർ പ്രാപ്തരാകുന്നു.

മത്സ്യസംസ്കരണവുമായി ബന്ധപ്പെട്ട ജോലികൾ കഴിഞ്ഞാൽ പൊന്നാനിയിലെ സ്ത്രീകൾ ഏർപ്പെട്ടിരുന്ന തൊഴിലുകൾ വിവിധ ഉത്പാദനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണ്. വീട്ടിൽ തന്നെയിരുന്ന് വല നെയ്യുകയും ബീഡി തെറുക്കുകയും ചെയ്തിരുന്ന സ്ത്രീകൾ പൊന്നാനിത്തീരത്തെ മുക്കുവക്കുടുംബങ്ങളിൽ മാത്രമല്ല, പൊന്നാനി അങ്ങാടിയിലെ തറവാടുകളിലും ഉണ്ടായിരുന്നു. എന്നാൽ നാനാതുറകളിൽ പണിയെടുത്തിരുന്ന, അതുവഴി തങ്ങളുടെ മക്കൾക്ക് അന്നം കണ്ടെത്തിയിരുന്ന സ്ത്രീകൾ ക്രമേണ പൊന്നാനിയുടെ തൊഴിലിടങ്ങളിൽ നിന്നും പിൻവലിഞ്ഞു തുടങ്ങി.

മീൻ മുറിയ്ക്കലും ഉപ്പിലിടലും ഉണക്കലും പരത്തലുമെല്ലാമാണ് ഏറ്റവും അധികം സ്ത്രീകൾക്ക് തൊഴിൽ നൽകിയ സ്ഥലങ്ങൾ. ഒരാൾ പൊക്കത്തിൽ നിർമ്മിച്ച ടാങ്കുകളിലാണ് വളമാക്കാനും വിൽക്കാനും വേണ്ടിയുള്ള മീൻ സംസ്കരിച്ചിരുന്നത്. തലയും ഉടലും മുറിച്ചിട്ടാണ് വലിയ മീനുകളെ ഇത്തരം ടാങ്കുകളിൽ നിക്ഷേപിച്ചിരുന്നത്. ചെറിയ മീനുകളെ മുറിയ്ക്കാതെ നേരിട്ട് ഇടുന്ന പതിവുമുണ്ടായിരുന്നു. മീൻ പിടിയ്ക്കാൻ പോയവർ ഏതെങ്കിലും ഒരു മീൻ അളവിലധികം കൊണ്ടുവന്നാലാണ് വളമുണ്ടാക്കുന്നത്. വിലക്കുറവിന് ലഭിയ്ക്കുന്ന ഇത്തരം മീനുകൾ വട്ടക്കുഴി കുഴിച്ച് അതിൽ തയ്യാറാക്കിയിട്ടുള്ള ടാങ്കിലേയ്ക്ക് മുറിച്ച് ഉപ്പ്ചേർത്ത് നിറയ്ക്കും. രണ്ടോ മൂന്നോ ദിവസങ്ങൾ കൊണ്ട് തന്നെ ഇവ വളമായി മാറും. പിന്നീട് വളം വാങ്ങാൻ വരുന്ന മുതലാളിമാർ ചാപ്പകളിൽ വന്ന് നല്ല വളം നോക്കി വില പേശി വാങ്ങുകയും ചെയ്യും.

ഭക്ഷ്യാവശ്യത്തിനായുള്ള മീൻ ഉണക്കുന്നത് തീരദേശത്തെ മണലിലിട്ടുകൊണ്ട് തന്നെയാണ്. മീൻ പരത്തുക എന്നാണ് ഇവിടെയുള്ളവർ ഈ തൊഴിലിനെ വിളിച്ചിരുന്നത്. ഉപ്പു കലക്കിയ വീപ്പകളിൽ മീൻ മുക്കിയെടുത്ത് മണലിൽ നിരത്തിയിടുകയാണ് ചെയ്യുക. ഓലമെടഞ്ഞ് നിർമ്മിച്ച പായകളും ഇതിനായി ഉപയോഗിയ്ക്കാറുണ്ട്. ഒന്നോ രണ്ടോ ദിവസങ്ങൾ കൊണ്ട്തന്നെ ഇങ്ങനെ മീൻ ഉണങ്ങിക്കിട്ടും. ഉണക്കിയ മീനുകൾ ശേഖരിച്ചുവെയ്ക്കാൻ ചാപ്പകളിൽ സൗകര്യമൊരുക്കാറുണ്ട്. ഏക്കറുകളോളം നിരന്നു കിടക്കുന്ന പൊന്നാനിയുടെ തീരദേശവും അവിടെ ലഭിയ്ക്കുന്ന ഉയർന്ന വെയിലും മീനുണക്കലിനെ പൊന്നാനിയുടെ മുഖമുദ്രയാക്കി മാറ്റി. സ്വന്തമായി കയ്യിലുള്ള മീൻ ഉണക്കി കൊണ്ടുനടന്ന്വിറ്റിരുന്ന ചെറുകിട ഉത്പാദകരും ഇവിടെയുണ്ടായിരുന്നു.

മത്സ്യബന്ധനത്തിന്റെ അനുബന്ധമേഖലകളിൽ തൊഴിലുണ്ടാകുന്നത് മത്സ്യബന്ധനത്തിലെ തൊഴിലിനനുസൃതമായാണ്. കടലിൽ നിന്നും വെറുംകയ്യോടെ വരുന്ന വഞ്ചികൾ കരയിലും പണിയില്ലാതെയാക്കുന്നു. മഴ കനക്കുന്ന കർക്കിടകമാസം മീനിന്റെ വരവ് മാത്രമല്ല മീനുണക്കാനും വളമാക്കാനുമെല്ലാമുള്ള സാഹചര്യങ്ങളേയും ഇല്ലാതാക്കുന്നു. പണിയുള്ള കാലങ്ങളിൽ രാപ്പകൽ ഇടതടവില്ലാതേയും മറ്റു ചിലപ്പോൾ ആഴ്ചകളോളം പണിയില്ലാതേയും ഇവർക്ക് ജീവിയ്ക്കേണ്ടി വരുന്നു. വഞ്ചികളിൽ വരുന്ന മീനിന്റെ വിലയും വളം നിർമ്മാണം പോലുള്ള തൊഴിലുകളെ ബാധിയ്ക്കുന്ന ഘടകമാണ്. ഉയർന്ന വിലയ്ക്ക് മീൻ വാങ്ങി വളമാക്കുക എന്നത് സാമ്പത്തികമായി ലാഭകരമായിരിക്കില്ല. ഇത്തരം ഘടകങ്ങളെല്ലാം ചേർത്ത് മത്സ്യബന്ധനത്തിന്റെ അനുബന്ധത്തൊഴിൽ മേഖല മത്സ്യബന്ധനത്തിന്റേത് പോലെത്തന്നെ അസ്ഥിര സ്വഭാവമുള്ളതായി നിലനിൽക്കുന്നു. എങ്കിലും പൊന്നാനിയിലെ കുടിലുകളിൽ അന്നന്നത്തെ ഭക്ഷണമൊരുക്കുന്നതിൽ അവിടത്തെ സ്ത്രീകൾ ചെയ്തിരുന്ന ഇത്തരം തൊഴിലുകൾക്ക് വലിയ പങ്കുണ്ടായിരുന്നു.

രണ്ട്-മൂന്ന് പതിറ്റാണ്ടുകൾക്ക് മുൻപ് വരെ സജീവമായിരുന്ന ഇത്തരം തൊഴിലുകളിൽ ഒന്നുംതന്നെ ഇന്ന് സ്ത്രീകളുടെ സാന്നിധ്യം കാണാനാകില്ല.

പ്രധാനമായും നാല് ഘടകങ്ങളാണ് ഇതിന് കാരണമായി പ്രവർത്തിച്ചിട്ടുള്ളത്. ഒന്ന് ഗൾഫ് കുടിയേറ്റവും അതുവഴി പൊന്നാനിയിലേയ്ക്കൊഴുകിയ സമ്പാദ്യവുമാണ്. ഇത് തീരദേശത്തെ ദാരിദ്ര്യത്തെ വലിയൊരളവിൽ കുറയ്ക്കുകയും അതു വഴി സ്ത്രീകളുടെ ഇത്തരം തൊഴിലുകൾ കുടുംബത്തിന്റെ സുരക്ഷിതത്വത്തിന് അനിവാര്യമല്ലാതാക്കുകയും ചെയ്തു. അതേ സമയം ആധുനികത മത്സ്യസംസ്കരണത്തിന് പുതിയ രൂപങ്ങൾ നൽകി. ശീതീകരണോപാധികളുടെ വരവ് ഉണക്കമീനിന്റെ ആവശ്യം കുറയ്ക്കുകയും മറ്റു മത്സ്യസംസ്കരണമാർഗങ്ങൾക്ക് ഫാക്ടറിവ്യവസ്ഥയിൽ സ്ഥാപനങ്ങൾ വരികയും അവിടങ്ങളിലെല്ലാം പുരുഷന്മാർ തന്നെ ജോലിക്കാരാവുകയും ചെയ്തു. മൂന്നാമതായി പൊന്നാനിയുടെ തീരദേശത്തിന് വന്ന ഭൂമിശാസ്ത്രപരമായ മാറ്റങ്ങൾ ആ തീരത്തെ തൊഴിൽസാധ്യതകളെ ഇല്ലാതാക്കി. കടലെടുത്ത കടപ്പുറങ്ങൾ മീൻ ഉണക്കാനും സൂക്ഷിയ്ക്കാനുമെല്ലാമുള്ള മണൽപരപ്പുകളെയും ചാപ്പകളെയും കൂടെ കൊണ്ടുപോയി. ഇതേ കാലഘട്ടത്തിൽ തന്നെയാണ് കേരളത്തിലെ മുസ്ലീം സമുദായങ്ങൾക്കകത്ത് സ്ത്രീകൾ പൊതുവിടങ്ങളിൽ നിന്നും വിട്ടുനിൽക്കേണ്ടവരാണെന്ന സങ്കൽപ്പം വളർന്നുവരുന്നതും. കുടുംബത്തിലെ സ്ത്രീകൾ പണിയ്ക്ക് പോകുന്നതും മീൻ വിൽക്കാൻ പോകുന്നതും നല്ലതല്ലെന്ന ആശയത്തിന് സ്വീകാര്യത കൈവന്നതോടെ പൊന്നാനിത്തീരത്തെ സ്ത്രീകൾ പതുക്കെ പതുക്കെ തൊഴിലിടങ്ങളിൽ നിന്നും പുറംതള്ളപ്പെട്ടു.

പൊന്നാനിയിലെ കടലോരസംസ്കാരത്തിന് അവിടത്തെ മതജീവിതവുമായുള്ള ബന്ധം ഇവിടെയെല്ലാം പ്രകടമാണ്. കടലും കടൽയാത്രയും കടൽകടന്നു വന്നവരും എല്ലാം കേരളത്തിലെ മാപ്പിളമാരുടെ ജീവിതവുമായി അത്രമേൽ ബന്ധപ്പെട്ടു കിടക്കുന്നുണ്ട്. കേരളത്തിലേയ്ക്ക് ഇസ്ലാം കടന്നു ചെല്ലുന്നതു തന്നെ കടലു വഴിയായിരുന്നല്ലോ. കടലും കപ്പലും ഇസ്ലാമിന്റെ പ്രഥമ ആശയവാഹകരായ അറബികളുടെ പ്രധാന യാത്രാ മാർഗങ്ങളായിരുന്നു. കേരളത്തിലും കടൽ വഴിയുള്ള സഞ്ചാരങ്ങൾക്ക് മുന്നിൽ നിന്നിരുന്നത് ഇവിടത്തെ മാപ്പിളസമൂഹം തന്നെയായിരുന്നു.

# കുറിപ്പുകൾ

1. സംഘസാഹിത്യകാരനായ അമ്മൂവനാറിന്റെ അകംപാട്ടിൽ (അകം പത്ത്) സ്രാമീൻ കൂട്ടമായി കരയ്ക്കടിയുന്നതിനെക്കുറിച്ച് പരാമർശമുണ്ട്(ആദർശ് സി, 2013:63).
2. വഞ്ചിയിൽപോകുന്നവരും ബോട്ടിൽ പോകുന്നവരും ഉപയോഗിക്കുന്ന വലകൾക്ക് വ്യത്യാസമുണ്ട്. കമ്പവല, ചവിട്ടുവല, പാച്ചുവല, പെയ്ത്തുവല, തട്ടുവല തുടങ്ങിയ വലകൾ പരമ്പരാഗതമായി ഉപയോഗിച്ചിരുന്നു. എന്നാൽ ബോട്ടുകളിൽ വലക്കണ്ണിയുടെ വലുപ്പത്തെക്കുറിയ്ക്കുന്ന പല നമ്പറുകളിലുള്ള വലകളാണ് ഉപയോഗിയ്ക്കുന്നത്(ടി.വി. അബ്ദുറഹിമാൻകുട്ടി, 2016:118).
3. മീൻപിടിയ്ക്കുമ്പോൾ കൂട്ടത്തിൽ ലഭിയ്ക്കുന്ന ചെറിയ മീനുകളോ ഉപയോഗ പ്രദമല്ലാത്ത മീനുകളോ ആണ് ചവറ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.
4. നിലവിൽ ട്രോളിങ്ങ് നിരോധനം ഏർപ്പെടുത്തുന്ന മാസങ്ങളെയാണ് പരമ്പരാഗത തൊഴിലാളികൾ റബ്ബ്മാസമെന്നു വിളിച്ചിരുന്നത്.
5. ബൂം, സമ്പൂക്ക്, ബ്രിഗ്ഗ്, തൂത്തുക്കുടി മോഡൽ, പാക്കിസ്ഥാൻ മോഡൽ എന്നിങ്ങനെ വ്യത്യസ്ത വലുപ്പത്തിലും ആകൃതിയിലുമുള്ള പത്തേമാരികളുണ്ടായിരുന്നു. ഉയർന്നുനിൽക്കുന്ന അമരവും അണിയവുമാണ് ബൂം മാതൃകയുടെ പ്രത്യേകത. സമ്പൂക്ക് വീതികൂടിയവയാണ്. ബ്രിഗ്ഗിന് വളഞ്ഞിരിയ്ക്കുന്ന അമരഭാഗമാണുള്ളത്. ഈ മൂന്നു മാതൃകകൾക്കാണ് കൂടുതൽ ആവശ്യക്കാരുണ്ടായിരുന്നത്(ദിരാർ, 2013, പേജ് 99).
6. പത്തേമാരിയ്ക്ക് അകത്ത് കയറ്റാവുന്ന അനുവദനീയമായ ഭാരത്തിന്റെ അളവാണ് കേവ് ഭാരം. നൂറ് ടൺ കേവ് ഭാരമുള്ള പത്തേമാരികൾ താരതമ്യേന ചെറിയ പത്തേമാരികളായും നാനൂറ്-അഞ്ഞൂറ് ടൺ കേവ് ഭാരമുള്ളവ ഇടത്തരം പത്തേമാരികളായും എണ്ണൂറ്-ആയിരം ടൺ കേവ് ഭാരമുള്ളവ വലിയ പത്തേമാരികളായും പരിഗണിയ്ക്കുന്നു.
7. "തേക്ക്, വെൺതേക്ക്, വാക, വേങ്ങ, കരിമരുത്, വെള്ളമരുത്, തടച്ചി-ചടച്ചി എന്നീ കടുത്ത മരങ്ങളിൽ ഉരുക്കൾ രൂപപ്പെടുന്നു. എല്ലാ കടുമരങ്ങളും ഉപയോഗിക്കാം. ആഞ്ഞിലി ഒഴികെ, അതിൽ ഇരുമ്പാണി പിടിയ്ക്കില്ല. പലകകളും അമരഅണിയങ്ങളും തേക്കുകളിലാണ്, അതിൽ ഇരുമ്പാണി എന്നന്നേയ്ക്കുമായി

കടിച്ചിരിയ്ക്കും. എന്നാൽ റാംഗൂൺ, മലേഷ്യൻ തേക്കുകളിൽ നാലോ അഞ്ചോ ആഴ്ചകൾ പിന്നിടുമ്പോഴേയ്ക്കും ആണികൾക്ക് ഇളക്കം നേരിടുമത്രേ” (ദിരാർ, 2013, പേജ് 100).

8. രാത്രി എതിർദിശയിൽ മറ്റു മഞ്ചികൾ വരുന്നുണ്ടോ എന്നറിയാനായി വിളക്കും കത്തിച്ചുവെച്ച് ഉറങ്ങാതെ ഇരിക്കുന്നതിനെയാണ് യാമത്തിൽ ഇരിക്കുക എന്നു പറയുന്നത്.

9. ഇന്നും പൊന്നാനിയിലെ മഞ്ചിത്തൊഴിലാളികൾക്കിടയിൽ പ്രശസ്തമായ ഈ ഗാനം രചിച്ചത് ആരാണെന്ന് വ്യക്തമല്ല. എന്നാൽ പൊന്നാനിക്കടപ്പുറത്ത് പാട്ടുപാടി നടന്നിരുന്ന പൊള്ള മൊയ്തീൻകാക്കയാണ് ഇതുചിട്ടപ്പെടുത്തിയത്. മരക്കടവിലുള്ള ഉമ്പായിക്കയാണ് ഈ പാട്ട് പാടിത്തന്നത്.

10. അഴീക്കൽകാരനായ അബ്ദുൾ റസാഖ് പാട്ട് കെട്ടിപ്പാടുന്നതിൽ പ്രസിദ്ധനായിരുന്നു. തന്റെ പത്തേമാരി ജീവിതങ്ങൾക്ക് ഇടയിൽ ഇദ്ദേഹം കെട്ടിപ്പാടിയതാണ് ഇന്നും പൊന്നാനിയിൽ കേൾക്കുന്ന മഞ്ചിപ്പാട്ടുകളിൽ അധികവും.

11. പോർട്ട് കാർഗോ വർക്കേഴ്സ് യൂണിയന്റെ സമരകാലത്ത് റസാഖ് ഹാജി എന്ന പാട്ടുകാരൻ എഴുതി ചിട്ടപ്പെടുത്തിയതാണ് ഈ ഗാനം. എന്നാൽ ഇ.കെ അബൂബക്കറിന്റെ ശബ്ദത്തിലൂടെയാണ് പൊന്നാനിക്കാർക്ക് ഈ പാട്ട് സുപരിചിതമാകുന്നത്. ഇന്നും പൊന്നാനിക്കാർ പാടിനടക്കുന്ന സമരഗാനങ്ങളിലധികവും അബൂബക്കർ പാടിനടന്നിരുന്നവയാണ്.

## അദ്ധ്യായം 5

# പൊന്നാനിയുടെ സാമുദായിക ജീവിതം

# പൊന്നാനിയുടെ സാമുദായിക ജീവിതം

പൊന്നാനി എന്ന ദേശത്തെക്കുറിച്ചുള്ള വിശേഷണങ്ങളിൽ എന്നും നിറഞ്ഞുനിൽക്കുന്ന ഒന്നാണ് അതിന്റെ ഇസ്ലാമികപാരമ്പര്യം. പൊന്നാനിയിലെ പ്രസിദ്ധമായ മതപരിവർത്തനകേന്ദ്രത്തിന്റെ പേരിലും അതിനടുത്തുള്ള വലിയ ജമാ അത്ത്പള്ളിയിലെ മതപഠനകേന്ദ്രത്തിന്റെ പേരിലും എല്ലാം ഈ മതപാരമ്പര്യം കൂടുതൽ ശ്രദ്ധേയമാകുന്നു. അതേസമയം കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് ബ്രാഹ്മണഗ്രാമങ്ങൾ പൊന്നാനിയുടെ അതിർത്തികൾക്കകത്താണ് നിലനിന്നിരുന്നത്. ഇത് തികച്ചും വ്യത്യസ്തമായ മറ്റൊരു സാമുദായികസമൂഹത്തെ പൊന്നാനിയുടെ ചരിത്രത്തിൽ ദൃശ്യമാക്കുന്നു. ഒരേസമയം ഈ രണ്ടുപ്രബലസമുദായങ്ങളും മറ്റുസമുദായങ്ങളും നിലനിൽക്കുമ്പോൾത്തന്നെ ഇവതമ്മിൽ കലഹങ്ങളോ സംഘർഷങ്ങളോ ഉണ്ടായിട്ടില്ല. ഇവിടെയാണ് പൊന്നാനിയുടെ സാമുദായിക പാരമ്പര്യം സവിശേഷമാകുന്നത്.

സംഘർഷങ്ങൾക്ക് പകരം സഹവർത്തിത്വമാണ് പൊന്നാനിയിലെ വിവിധ സമുദായങ്ങൾ തമ്മിലുള്ള ഇടപെടലുകളുടെ സ്വഭാവം. കച്ചവടാധിഷ്ഠിതമായ ഒരു സമ്പദ്വ്യവസ്ഥയും തീരദേശത്തെ ചുറ്റിപ്പറ്റിവളർന്ന സാർവദേശീയമായ ഒരു സംസ്കാരവും ഈ സഹവർത്തിത്വത്തിന് കാരണമായിട്ടുണ്ട്. ഓരോ കാലത്തും മതത്തിനകത്തേയ്ക്ക് പുതിയ ആശയങ്ങളെ സന്നിവേശിപ്പിയ്ക്കാനും കാലഹരണപ്പെട്ടതിനെ ഉപേക്ഷിയ്ക്കാനും ഈ സമുദായങ്ങൾ തയ്യാറായിട്ടുണ്ട്. എങ്ങനെയാണ് പൊന്നാനിയിലെ ജാതി-മത ബന്ധങ്ങൾ രൂപംകൊണ്ടതെന്നും അവ

പിന്നീട് പൊന്നാനിയെ എങ്ങനെയെല്ലാം രൂപാന്തരപ്പെടുത്തി എന്നുമാണ് ഈ അദ്ധ്യായത്തിൽ അന്വേഷിയ്ക്കുന്നത്.

### 5.1 കേരളത്തിലെ മക്ക

നാഗരികതകളുടെ ഉദയകാലം മുതൽക്കേ വിദേശനാഗരികതകളുമായി കച്ചവട ബന്ധം പുലർത്തുന്ന മലബാർ തീരത്തേയ്ക്ക് കപ്പലുകൾക്കും ചരക്കുകൾക്കും ഒപ്പമാണ് പുതിയ ആശയങ്ങളും ആരാധനകളും കടന്നുവരുന്നത്. കേരളത്തിലേയ്ക്കുള്ള ഇസ്ലാം മതത്തിന്റെ വരവും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല. കേരളത്തിലെ ഇസ്ലാം വ്യാപനത്തിന്റെ ചരിത്രയാഥാർത്ഥ്യങ്ങൾ എല്ലാംതന്നെ പൊന്നാനിയ്ക്കും യോജിയ്ക്കുന്നതാണ്. അതിലുപരിയായി കേരളത്തിലെ മുസ്ലീം മതവ്യാപനത്തിന്റെ ചരിത്രത്തിലെ സുപ്രധാന കണ്ണിയായി വർത്തിയ്ക്കുന്ന ദേശം കൂടിയാണ് പൊന്നാനി. പൊന്നാനിയെ കേരളത്തിലെ മക്കയെന്നും രണ്ടാമത്തെ മക്കയെന്നും എല്ലാം വിശേഷിപ്പിയ്ക്കുന്നതിനു പിന്നിൽ ഇസ്ലാംമതവ്യാപനത്തിൽ പൊന്നാനി വഹിച്ച പങ്ക് ദൃശ്യമാണ്.

ഏഴാം നൂറ്റാണ്ടിലെ ഇസ്ലാമിന്റെ രൂപീകരണത്തിന് മുൻപ് തന്നെ മലബാർ തീരത്തിന് അറബികളുമായി കച്ചവടബന്ധമുണ്ടായിരുന്നു. ഗ്രീക്ക്-റോമൻ നാഗരികതകളുടെ ഉദയകാലം മുതൽക്ക്തന്നെ ഇന്ത്യൻ തീരങ്ങളിലെ തുറമുഖങ്ങളുമായി അവർ വിനിമയങ്ങളിൽ ഏർപ്പെട്ടിരുന്നു. എന്നാൽ മലബാർ അറേബ്യൻ കച്ചവടബന്ധങ്ങളെക്കുറിച്ച് ചെറുതെങ്കിലും ആദ്യമായി പരാമർശം കാണുന്നത് 'ദി പെരിപ്ലസ് ഓഫ് ദി എറിത്രീയൻ സീ' എന്ന സഞ്ചാരക്കുറിപ്പുകളിൽ നിന്നുമാണ്. പിൽക്കാലത്ത് രചിയ്ക്കപ്പെട്ട സഞ്ചാരവിവരണങ്ങളിലും കച്ചവട ഭൂപടങ്ങളിലുമെല്ലാം കേരളത്തിലെ പൊന്നാനിയുൾപ്പെടെയുള്ള തീരപ്രദേശങ്ങളെ ക്കുറിച്ചും അറേബ്യൻ നാടുകളെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ അറബിക്കച്ചവടക്കാരുടെ താമസസ്ഥലങ്ങളോ കോളനികളോ ഏഴാം നൂറ്റാണ്ടിനു മുൻപ് കേരളത്തിൽ ഉണ്ടായിരുന്നതിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ല. ഏ.ഡി ഒന്ന്, രണ്ട്, മൂന്ന് നൂറ്റാണ്ടുകളിലായി സിലോണിലും ചൈനയിലും അറബികളുടെ കോളനികളും

താമസസ്ഥലങ്ങളും ഉണ്ടായിരുന്നതിന് തെളിവുകളുണ്ട്. കേരളതീരത്തെ തുറമുഖങ്ങൾ വഴിയായിരുന്നു ഇന്ത്യൻ ഉപഭൂഖണ്ഡത്തിന് കിഴക്കുവശത്തുള്ള ചൈനീസ് കച്ചവടക്കാരും പടിഞ്ഞാറുവശത്തുള്ള അറേബ്യൻ കച്ചവടക്കാരും തമ്മിൽ ബന്ധപ്പെട്ടിരുന്നത്. ഈ കാലഘട്ടത്തിൽ തന്നെ കേരളത്തിലും അറബ്കോളനികൾ രൂപപ്പെട്ടു തുടങ്ങിയിരിയ്ക്കണം. ചൈനയിലേത് പോലെ ഇത്തരം കോളനികൾ കേരളത്തിൽ ഉണ്ടായിരുന്നില്ലെങ്കിൽ പോലും കേരളതീരവുമായി അവർക്ക് സജീവമായ ബന്ധമുണ്ടായിരുന്നു. കേരളതീരത്ത് ഇറങ്ങാതെ ചൈനയിലേയ്ക്കും സിലോണിലേയ്ക്കും യാത്രചെയ്യുന്ന പതിവ് അക്കാലത്ത് ഉണ്ടായിരുന്നില്ല. അതിനാൽ ഇസ്ലാംമതത്തിന്റെ ആവിർഭാവത്തിന് മുൻപു തന്നെ അറബികളുമായി ശക്തമായ കച്ചവടബന്ധം കേരളത്തിലെ തുറമുഖങ്ങൾക്ക് ഉണ്ടായിരുന്നു എന്നനുമാനിക്കാം (J.B.P.More, 2011:37-38). ഏ. ഡി. അറുനൂറ്റിപതിനെട്ടിലെ ഇസ്ലാംമതത്തിന്റെ രൂപീകരണത്തെക്കുറിച്ചുള്ള വാർത്തകൾ ഈ നാടുകളിലേയ്ക്കെല്ലാമെത്തുന്നത് ഇത്തരം കച്ചവടക്കാരുടെ കോളനികൾ വഴിയായിരിയ്ക്കണം. മതപ്രചാരണാർത്ഥം കേരളത്തിലേയ്ക്ക് എത്തുന്ന ആദ്യത്തെ മിഷനറിസംഘത്തിനും മുൻപേ ഇസ്ലാം മതവിശ്വാസികൾ കേരളത്തിൽ ഉണ്ടായിരുന്നു എന്നത് അറബിക്കച്ചവടക്കാർ വഴി നടന്നിരിക്കാവുന്ന ഇസ്ലാമിന്റെ കടന്നുവരവിന് തെളിവാണ്.

കേരളത്തിലെ ഇസ്ലാംമതത്തിന്റെ വ്യാപനത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങളിലും അറേബ്യയിൽ നിന്നുള്ള കച്ചവടക്കാരുടെ പങ്ക് പ്രതിപാദിച്ചു കാണുന്നുണ്ട്. കേരളം വാണിരുന്ന രണ്ടാം ചേരവംശത്തിലെ അവസാനത്തെ രാജാവ് രാജ്യമുപേക്ഷിച്ച് മക്കത്ത് പോയെന്നാണ് ഐതിഹ്യം. ചേരമാൻ പെരുമാൾ രാജാവ് ഒരിയ്ക്കൽ സ്വപ്നത്തിൽ ഒരാൾ ചന്ദ്രനെ പിളർത്തുന്നത് കണ്ടു. പിന്നീട് അറേബ്യയിൽ നിന്നും വന്ന കച്ചവടക്കാർ അവരുടെ നാട്ടിൽ പ്രവാചകൻ മുഹമ്മദ് നബി കുതിരപ്പുറത്ത് പറന്നുചെന്ന് ചന്ദ്രനെ പിളർത്തി ദിവ്യത്വം തെളിയിച്ചതും ഇസ്ലാംമതത്തിന്റെ ആവിർഭാവവും എല്ലാം രാജാവിനെ അറിയിച്ചു. ഇതേത്തുടർന്ന് ചേരമാൻ പെരുമാൾ ഇസ്ലാംമതം സ്വീകരിച്ച് അവർക്കൊപ്പം മക്കത്തു പോയി എന്നാണ് കഥ. ഇവിടെയും തങ്ങളുടെ നാട്ടിലുണ്ടായ പുതിയൊരു മതത്തെ കേരളത്തിലേയ്ക്ക് അദ്യമായെത്തിയ്ക്കുന്നത് കച്ചവടക്കാരായ അറബികളാണ്.

ഏ. ഡി. ആദ്യനൂറ്റാണ്ടുകളിൽ കേരളത്തിലെ പ്രധാന തുറമുഖങ്ങളായിരുന്ന മുസിരിസ്സ്, നെൽകിണ്ടെ എന്നിവ യവനന്മാരുടേയും ജൂതന്മാരുടേയും സുറിയാനി ക്രിസ്ത്യാനികളുടേയും ആധിപത്യത്തിലായിരുന്നു. അത് കൊണ്ട് അറബിനാട്ടിൽ നിന്നും വരുന്നവർ കൂടുതൽ ആശ്രയിച്ചിരുന്നത് വടക്കൻ കേരളത്തിലെ തുറമുഖങ്ങളെയായിരുന്നു. "കാറ്റിന്റെ ഗതി കിഴക്കോട്ട് തിരിയുന്ന ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അറബികളുടെ കപ്പൽ മലബാർ തീരത്തേയ്ക്ക് പുറപ്പെടുകയും ഇവിടെ മൂന്നുനാലു മാസക്കാലം വരെ താമസിച്ച് കച്ചവടം നടത്തിയതിനുശേഷം ഡിസംബറിലോ ജനുവരിയിലോ മടങ്ങിപ്പോവുകയുമായിരുന്നു പതിവ്" (പി.കെ.മുഹമ്മദ് കുഞ്ഞി, 1982:234) ഈ കാലയളവിൽ താമസിയ്ക്കാനും സ്വത്തുവകകൾ സൂക്ഷിയ്ക്കാനുമായി സ്ഥലത്തെ സമ്പന്ന കുടുംബങ്ങളിൽ നിന്നും ഇവർ വിവാഹത്തിലേർപ്പെട്ടു. അതുവഴിയാണ് കേരളത്തിലെ ആദ്യകാല മുസ്ലീങ്ങൾ ഉണ്ടാകുന്നത്. കേരളത്തിലേയ്ക്ക് എല്ലാ വൈദേശിക മതങ്ങളും കടന്നുവരുന്നതും ഇവിടെ അവ പ്രചരിയ്ക്കുന്നതും ഈ കൂടിച്ചേരലുകളിലൂടെ തന്നെയാകണം. കേരളത്തിലെ തീരദേശങ്ങളിലെ മുസ്ലീങ്ങൾയ്ക്കിടയിൽ ഇന്നും കണ്ടുവരുന്ന മരുമക്കത്തായ സമ്പ്രദായം അതിനു തെളിവാണ്. മുസ്ലീം സമുദായങ്ങൾയ്ക്കിടയിൽ മരുമക്കത്തായ വ്യവസ്ഥ നിലനിൽക്കുന്ന മറ്റു പ്രദേശങ്ങൾ കേരളത്തിലെ ഉൾനാടൻ മേഖലകളിൽ പോലും കണ്ടെത്താനാകില്ല.[1] കോഴിക്കോട്, പൊന്നാനി, തലശ്ശേരി എന്നിങ്ങനെ വടക്കൻ കേരളത്തിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ഇങ്ങനെ ഉയർന്നു വന്ന ഇസ്ലാമിക വ്യാപനത്തിന്റെ സ്വഭാവം മതപ്രചാരണത്തിന്റേതോ മതപരിവർത്തനത്തിന്റേതോ ആയിരുന്നില്ല മറിച്ച് കച്ചവടത്തിന്റേതും സാമുദായിക സഹവർത്തിത്വത്തിന്റേതും ആയിരുന്നു എന്നതും ശ്രദ്ധേയമാണ്.

കേരളത്തിലെ മുസ്ലീം സമുദായാംഗങ്ങളെ പൊതുവിൽ വിളിയ്ക്കാറുള്ള മാപ്പിള എന്ന പദത്തിനു പിന്നിലും അറബികച്ചവടക്കാരുമായി ഉണ്ടായിരുന്ന കൂടിച്ചേരലുകളുടെ സാന്നിധ്യം കാണാനാകും. 'മാപ്പിള' എന്ന വാക്ക് രൂപപ്പെടുന്നത് തങ്ങളുടെ കുടുംബത്തിലേയ്ക്ക് വിവാഹബന്ധവുമായി വരുന്ന പുരുഷനെ സൂചിപ്പിയ്ക്കുന്ന കല്ല്യാണച്ചെറുക്കൻ, മരുമകൻ എന്നീ അർത്ഥങ്ങളിലാകാം. മലയാളി സ്ത്രീകളെ

വിവാഹം കഴിച്ച് അവരുടെ തറവാടുകളിൽ കഴിയുന്നവരെന്ന നിലയ്ക്കാകണം ഈ പേര് വരുന്നത്. കുടുംബത്തിലെ സ്ത്രീകൾക്ക് വിദേശികളായ പുരുഷന്മാരിൽ ജനിച്ചവർ എന്ന നിലയ്ക്ക് 'മാ' (അമ്മ) 'പിള്ള'(മകൻ) എന്നീ വാക്കുകൾ ചേർന്ന് മാപ്പിള ആയതാകാം എന്നും അഭിപ്രായമുണ്ട്. മലയാളത്തിലും അറബിയിലും നിന്നുള്ള വിവിധ പദങ്ങളോട് സാമ്യം കൽപിച്ച് കൊണ്ട് മാപ്പിള എന്ന വാക്കിന്റെ ഉത്ഭവം വിവരിയ്ക്കുന്ന മറ്റനവധി നിരീക്ഷണങ്ങൾ നിലവിലുണ്ടെങ്കിലും അവയെല്ലാം മലബാർത്തീരത്ത് താമസമാക്കിയ അറബിനാട്ടുകാരെ അടിസ്ഥാനമാക്കിയിട്ടുള്ളവയാണ് (J.B.P.More, 2011:32-33).[2] കേരളത്തിലെ തറവാടുകളിൽ അവിടത്തെ സ്ത്രീകളെ വിവാഹം കഴിച്ച് കടന്നുവന്ന വൈദേശികരും അവരുടെ പിൻതലമുറയുമാണ് കേരളത്തിലെ മുസ്ലീങ്ങളുടെ മുൻഗാമികൾ എന്നത് സംശയാതീതമാണ്. വ്യാപാരാവശ്യാർത്ഥം നേരത്തെ മലബാറിൽ കുടിപാർപ്പുറപ്പിച്ച അറബികൾ ദേശവാസികളായ സ്ത്രീകളെ വിവാഹം ചെയ്യുകയും ഇതിനെത്തുടർന്ന് മാപ്പിളമാർ എന്ന സങ്കരസമൂഹം ഉരുത്തിരിയുകയും ചെയ്തത് പിൽക്കാലത്ത് മതപ്രചാരണത്തിന് വന്ന മാലിക് ദിനാറിനും സംഘത്തിനും അവരുടെ പ്രവൃത്തി എളുപ്പമാക്കി തീർത്തു എന്ന് വില്യം ലോഗൻ മലബാർ മാന്വലിൽ പറയുന്നുണ്ട്. (വില്യം ലോഗൻ, 2014:153) മുകളിൽ സൂചിപ്പിച്ച അറബ് മലബാർ കൂടിച്ചേരലുകൾ സംഭവിച്ച കാലഘട്ടത്തിലെ പ്രധാനപ്പെട്ട തുറമുഖങ്ങളിലൊന്നെന്ന നിലയിൽ പൊന്നാനിയിലും സമാനമായ സംഭവങ്ങൾ നടന്നിരിയ്ക്കണം.

മലബാറിലെ മുസ്ലീം മതവ്യാപനത്തിന്റെ അടുത്തഘട്ടം ആരംഭിയ്ക്കുന്നത് മാലിക്ദിനാറിന്റെ നേതൃത്വത്തിലുള്ള മതപ്രചാരകരുടെ വരവോടെയാണ്. ചേരമാൻ പെരുമാൾ എന്ന അവസാനത്തെ കേരളരാജാവിന്റെ മതപരിവർത്തനവും മക്കത്തുപോക്കും ഇന്നും ചരിത്രകാരന്മാർയ്ക്കിടയിൽ തർക്കവിഷയമാണെങ്കിലും അതിനെ പിൻപറ്റിയുള്ള മാലിക്ദിനാർ സംഘത്തിന്റെ വരവ് നിഷേധിയ്ക്കാനാകുന്നവയല്ല. ചേരമാൻ പെരുമാൾ ശഹർമുഖല്ലായിൽ താമസിയ്ക്കുന്ന കാലത്ത് മലബാറിൽ മതപ്രചാരണം നടത്തുവാൻ വേണ്ടി പുറപ്പെട്ട ഒരു സംഘം അദ്ദേഹത്തോടൊപ്പം കൂടിച്ചേർന്നു.[3] എന്നാൽ അവിടെവെച്ച് അദ്ദേഹത്തിന് രോഗം ബാധിയ്ക്കുകയുണ്ടായി.

“അപ്പോൾ രാജാവ് അദ്ദേഹത്തോടൊപ്പം പുറപ്പെട്ടുവന്ന സംഘത്തിൽപ്പെട്ട ശറഫ് ഇബ്നു മാലിക്ക്, അദ്ദേഹത്തിന്റെ മാതാവൊത്ത സഹോദരൻ മാലിക്ക് ഇബ്നു ദിനാർ, സഹോദരപുത്രൻ മാലിക്ക് ഇബ്നു ഹബീബ് മുതലായവരെ വിളിച്ച് ഇപ്രകാരം പറഞ്ഞു. “ഈ രോഗത്താൽ ഞാൻ മരണപ്പെട്ടാലും നിങ്ങൾ ഇന്ത്യയിലേയ്ക്കുള്ള യാത്ര വേണ്ടെന്നു വയ്ക്കരുത്”. “അങ്ങയുടെ രാജ്യം എവിടെയെന്നും അവിടെ അങ്ങയുടെ അധികാരത്തിന്റെ അതിർത്തി ഏതുവരെയെന്നോ ഞങ്ങൾക്കറിയില്ല. ഞങ്ങളുദ്ദേശിച്ചത് അങ്ങയുടെ കൂടെ വരാനാണ്” എന്നാണ് ഇതിന് അവർ മറുപടി പറഞ്ഞത്. ഇത് കേട്ടപ്പോൾ രാജാവ് അൽപം ആലോചിച്ച ശേഷം അവർക്ക് മലയാളത്തിൽ ഒരു എഴുത്തെഴുതി കൊടുത്തു. കൊടുങ്ങല്ലൂരിലോ ധർമ്മടത്തോ പന്തലായിനിയിലോ കൊല്ലത്തോ ഇറങ്ങാനാണ് രാജാവ് അവരോട് നിർദ്ദേശിച്ചത്. തന്റെ രോഗാവസ്ഥയോ താൻ മരിച്ചാൽ ആ വിവരമോ മലബാറിൽ ആരെയും അറിയിക്കരുതെന്ന് അദ്ദേഹം അവരെ പ്രത്യേകം ഗ്രഹിപ്പിക്കുകയും ചെയ്തു” (ശൈഖ് സൈനുദ്ദീൻ മഖ്ദൂം, 2017:58).

ഈ സംഘം കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങുകയും കേരളത്തിലെ ആദ്യത്തെ മുസ്ലീം പള്ളിയായ ചേരമാൻ മസ്ജിദ് സ്ഥാപിയ്ക്കുകയും ചെയ്തു. സംഘത്തിന്റെ നേതാവായിരുന്ന മാലിക് ഇബ്നു ദിനാർ കൊടുങ്ങല്ലൂർ പള്ളിയുടെ ഖാസി സ്ഥാനം സ്വീകരിയ്ക്കുകയും തന്റെ അനുചരന്മാരെ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. തുടർന്ന് കൊല്ലം, മാടായി, ബർകർ, മംഗലാപുരം, കാസർകോട്, ശ്രീകണ്ഠപുരം, ധർമ്മപട്ടണം, പന്തലായിനി കൊല്ലം, ചാലിയം എന്നിവിടങ്ങളിലായി ഒമ്പത് പള്ളികൾ കൂടി പണികഴിപ്പിച്ചു(വില്യം ലോഗൻ, 2014: 151–152).

മേൽ സൂചിപ്പിച്ച സംഭവങ്ങളുടെ കാലഗണന ലോഗനും ആദ്യകാല മാപ്പിള ചരിത്രകാരന്മാരും നിർണ്ണയിയ്ക്കുന്നത് ഏ. ഡി. ഒമ്പതാം നൂറ്റാണ്ടിലായാണ്. എന്നാൽ കേരളത്തിലെ പെരുമാൾ വാഴ്ചയുമായി ബന്ധപ്പെട്ട് പഠനം നടത്തിയ എം. ജി. എസ് നാരായണൻ പെരുമാൾ ഭരണകാലം പന്ത്രണ്ടാം നൂറ്റാണ്ടുവരെ നിലനിന്നിരുന്നെന്ന് കണ്ടെത്തുകയും പെരുമാളിന്റെ മക്കത്തുപോക്കിന്റെ കാലഘട്ടം ഏ.ഡി. 1124–ലാണെന്ന്

നിർണയിയ്ക്കുകയും ചെയ്യുന്നുണ്ട്(MGS Narayanan, 2013:49) അത് പ്രകാരം എ.ഡി. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് മാലിക് ദിനാറും സംഘവും കേരളത്തിൽ മതപ്രചാരണം നടത്തുന്നത്.

എന്നാൽ പന്ത്രണ്ടാം നൂറ്റാണ്ടിൽ തന്നെ പൊന്നാനിയിലെ ആദ്യത്തെ മുസ്ലീം പള്ളിയായ തോട്ടുങ്ങൽപള്ളി സ്ഥാപിതമായിരുന്നു എന്നാണ് വിശ്വാസം. കച്ചവടക്കാരായ അറബികളോടൊപ്പം കടൽ കടന്നു വന്ന ഫരീദ്ഔലിയ എന്ന അവധൂതസൂഫിവര്യനും അദ്ദേഹത്തിന്റെ ശിഷ്യൻ ശൈഖ് ഹുസൈൻ എന്ന ഉത്താൻ മുസ്ലിയാരും കൂടിയാണ് തോട്ടുങ്ങൽ പള്ളി സ്ഥാപിച്ചത്. ഇദ്ദേഹം മാലിക് ദിനാറിന്റെ സംഘത്തിൽപ്പെട്ട മതപ്രബോധകനായിരുന്നില്ല. ചേരമാൻ പെരുമാളിന്റെ തിട്ടൂരങ്ങളുമായി വന്ന മാലിക്ദിനാറിനും സംഘത്തിനും പള്ളികൾ പണിയാനുള്ള സ്ഥലവും സൗകര്യങ്ങളും നാട്ടുരാജാക്കന്മാർ നൽകിയപ്പോൾ തദ്ദേശവാസികളുടെ സഹായങ്ങളോടെ ദീർഘകാലം ചെലവഴിച്ചാണ് ഫരീദ്ഔലിയ തോട്ടുങ്ങൽ പള്ളി പണിയുന്നത്. കൊടുങ്ങല്ലൂരിൽ ചേരമാൻ മസ്ജിദ് പണികഴിക്കപ്പെടുന്നതിന്റെ സമാനകാലത്തുതന്നെ, അല്ലെങ്കിൽ അതിനു തൊട്ടുമുൻപോ തൊട്ടുപിൻപോ, പൊന്നാനിയിൽ തദ്ദേശീയ താൽപര്യപ്രകാരം മുകളിൽ ഒരു പള്ളി നിർമ്മിയ്ക്കപ്പെട്ടു എന്നത് പൊന്നാനിയിലെ മുസ്ലീം അധിവാസ ചരിത്രത്തിലെ പ്രധാനസംഭവമാണ്. കേരളത്തിലേയ്ക്ക് മതപ്രചാരണാർത്ഥം വന്ന മാലിക്ദിനാറും സംഘവും കേരളത്തിലെ പ്രധാനതുറമുഖങ്ങളിലൊന്നായ പൊന്നാനിയിലേയ്ക്ക് പോകാതിരുന്നത് അവിടെ മുസ്ലീം മതത്തിന് മുൻപേ ഉണ്ടായിരുന്ന സ്വീകാര്യത കൊണ്ടായിരിയ്ക്കാമെന്നും കരുതാവുന്നതാണ്.

കേരളത്തിലെ മുസ്ലീം വ്യാപനത്തിന്റെ ചരിത്രത്തിലെ അടുത്തഘട്ടം ആരംഭിക്കുന്നത് പൊന്നാനി കേന്ദ്രസ്ഥാനമാക്കിക്കൊണ്ടാണ്. പതിനാറാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ മഖ്ദൂം വംശത്തിന്റെ വരവോടുകൂടി ഇസ്ലാമിക വിജ്ഞാനകേന്ദ്രമെന്ന നിലയിൽ പൊന്നാനിയ്ക്കുണ്ടാകുന്ന ദേശപ്രഭാവവും കേരളത്തിലെ ഇതരദേശങ്ങളിൽ അതിനുണ്ടാകുന്ന അനുരണനങ്ങളുമാണ് ആ ഘട്ടം.

### 5.1.1 മഖ്ദൂമും പൊന്നാനിയും

പൊന്നാനിയെ ഒരു ഇസ്ലാമികവിജ്ഞാനകേന്ദ്രമാക്കി ഉയർത്തുന്നതും 'മലബാറിലെ മക്ക' എന്ന വിശേഷണത്തിന് അർഹമാക്കുന്നതും അവിടെ അധിവസിച്ചിരുന്ന മഖ്ദൂം കുടുംബമാണ്. പതിനഞ്ചാം നൂറ്റാണ്ടിന്റെ മുൻപുവരെ തുറമുഖനഗരമായും കച്ചവടകേന്ദ്രമായും മാത്രം അറിയപ്പെട്ടിരുന്ന പൊന്നാനി വിഖ്യാതമായ ആത്മീയനഗരമായി മാറുന്നത് പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിലെ മഖ്ദൂം കുടുംബത്തിന്റെ ആഗമനത്തോട് കൂടിയാണ്.

പതിനഞ്ചാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കൊച്ചിയിലും പിന്നീട് പൊന്നാനിയിലും ഖാസിയായി പ്രവർത്തിച്ച ശൈഖ് സൈനുദ്ദീൻ ഇബ്രാഹീം ഇബനു അഹമ്മദ് മഅ്ബരിയുടെ കുടുംബം പ്രശസ്തമായ ഇസ്ലാമിക പണ്ഡിതന്മാരുടേ തായിരുന്നു. അദ്ദേഹത്തിന്റെ ജ്യേഷ്ഠപുത്രനായ ശൈഖ് സൈനുദ്ദീൻ ഇബ്നു അലിയാണ് വലിയ സൈനുദ്ദീൻ മഖ്ദൂം എന്നും സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ എന്നും അറിയപ്പെട്ട പൊന്നാനിയിലെ ആദ്യത്തെ മഖ്ദൂംസ്ഥാനി. അറബികൾ മഅ്ബർ എന്നു വിളിച്ചിരുന്ന ദക്ഷിണേന്ത്യയുടെ തെക്കുകിഴക്കൻ തീരപ്രദേശത്ത് അറേബ്യയിൽ നിന്നും വന്ന് താമസമുറപ്പിച്ചവരാണ് മഅ്ബരികളുടെ പൂർവികർ. മഅ്ബർ പ്രദേശക്കാരായ പല മുസ്ലീം പണ്ഡിതരും കേരളവുമായി ബന്ധം പുലർത്തിയിരുന്നു. സിലോണിനഭിമുഖമായി കിടക്കുന്ന ദക്ഷിണേന്ത്യയുടെ തെക്കുകിഴക്കൻ തീരം സിലോണിലേയ്ക്ക് കടക്കുന്ന പ്രദേശമായതുകൊണ്ടാണ് അറബികൾ അതിന് കടത്ത് എന്നർത്ഥം വരുന്ന മഅ്ബർ എന്ന പേര് വെച്ചത്. അതല്ല യമനിലും ഖുറാസാനിലും മഅ്ബർ എന്നു പേരുള്ള സ്ഥലങ്ങളുള്ളതിനാൽ അവിടെനിന്നും വന്ന് കുടിയേറിയവരാണ് ഇവരെന്നും വിശ്വാസമുണ്ട്(കെ.വി.അബ്ദുറഹ്മാൻ, 1998:39-40).

സൈനുദ്ദീൻ മഖ്ദൂമിന്റെ പിതാമഹനായ ശൈഖ് അഹമ്മദ് മഅ്ബറിൽ നിന്നും കൊച്ചിയിലെത്തി താമസമാക്കി മതപ്രചാരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന വ്യക്തിയായിരുന്നു. അവരുടെ കുടുംബത്തിന് കേരളത്തിലെ മുസ്ലീങ്ങൾക്കിടയിൽ ലഭിച്ച ഖ്യാതിയെത്തുടർന്ന് പൊന്നാനിയിൽ നിന്നും വന്ന

മതനേതാക്കൾ അവരുടെ കുടുംബത്തിൽ നിന്നുള്ള സൈനുദ്ദീൻ ഇബ്രാഹീമിനെ പൊന്നാനിയുടെ ഖാസിയായി സ്ഥാനമേറ്റെടുക്കാൻ ക്ഷണിക്കുകയും ആ ക്ഷണം സ്വീകരിച്ച് അദ്ദേഹം പോകുകയും ചെയ്തു. കൊച്ചിയിലെ കുടുംബവീട്ടിൽ വെച്ച് സൈനുദ്ദീൻ ഇബ്രാഹീമിന്റെ സഹോദരൻ അലി അൽ മഅ്ബരിയുടെ പുത്രനായാണ് 1467 മാർച്ച് പതിനെട്ടിന് ശൈഖ് സൈനുദ്ദീൻ മഖ്ദൂം ജനിയ്ക്കുന്നത്. തന്റെ സഹോദരന്റെ മരണശേഷം സൈനുദ്ദീൻ ഇബ്രാഹിം സഹോദരപുത്രനായ സൈനുദ്ദീൻ ഇബ്നു അലിയെ പൊന്നാനിയിലേയ്ക്ക് കൊണ്ടുവന്നു.

സ്വന്തം പിതാവായ അലി അൽ മഅ്ബരിയിൽ നിന്നും തുടങ്ങി സൈനുദ്ദീൻ ഇബ്രാഹീമും പിന്നീട് കോഴിക്കോട്ടേയും മക്കയിലേയും ഈജിപ്തിലേയും പ്രസിദ്ധരായ അനേകം മതപണ്ഡിതന്മാർ വരെ നീളുന്ന വലിയ ഗുരുപരമ്പരയാണ് സൈനുദ്ദീൻ ഇബ്നു അലിയെ സൈനുദ്ദീൻ മഖ്ദൂമാക്കി മാറ്റുന്നത്. അദ്ദേഹം പൊന്നാനിയിലും കോഴിക്കോടും വെച്ച് ഖുർആനും കർമ്മശാസ്ത്രവും പഠിച്ചു. അവിടെനിന്നും മക്കത്തും ഈജിപ്തിലെ ഇസ്ലാമിക സർവകലാശാലയായ അൽ അസ്ഹറിലും പോയി ഹദീസിൽ ഉപരിപഠനം നടത്തി.[4] അൽ അസ്ഹറിലേയ്ക്ക് പഠിയ്ക്കാനായി മലബാറിൽ നിന്നും എത്തിച്ചേർന്ന ആദ്യവ്യക്തിയായിരുന്നു ശൈഖ് സൈനുദ്ദീൻ. ഇന്ത്യയിലെ പ്രസിദ്ധമായ സൂഫി പാരമ്പര്യത്തിന്റെ കണ്ണിയായിരുന്ന ശൈഖ് ഖുതുബുദ്ദീനിൽ നിന്നാണ് സൈനുദ്ദീൻ ആത്മീയ രഹസ്യങ്ങൾ അഭ്യസിയ്ക്കുന്നത്. സൂഫിസത്തിലും വൈജ്ഞാനികാ-ന്വേഷണങ്ങളിലും അധിഷ്ഠിതമായതായിരുന്നു സൈനുദ്ദീൻ മഖ്ദൂമിന്റെ ജീവിതം(ഹുസൈൻ രണ്ടത്താണി, 2014:110-117).

വിദ്യാഭ്യാസാനന്തരം പൊന്നാനിയിലെത്തിയ ശൈഖ് സൈനുദ്ദീൻ മതപ്രബോധനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും പിൽക്കാലത്ത് നിരവധി മുസ്ലീംപണ്ഡിതന്മാരുടെ ആസ്ഥാനവും പ്രവർത്തനകേന്ദ്രവുമായി മാറിയ പൊന്നാനിയിലെ വലിയ ജുമാമസ്ജിദ് പണികഴിപ്പിയ്ക്കുകയും ചെയ്തു. അതിനുശേഷമുള്ള നാല് നൂറ്റാണ്ടുകാലം മലബാറിലെ മതപഠനത്തിന്റെ ആസ്ഥാനമായി നിലകൊണ്ടത് ഈ പള്ളിയായിരുന്നു. ശൈഖ് സൈനുദ്ദീൻ ഒന്നാമന്റെ

കാലം മുതൽ പൊന്നാനി വലിയ ജുമഅത്ത് പള്ളിയുടെ ഭരണ കർത്തൃത്വവും നാട്ടിലെ മുസ്ലീങ്ങളുടെ ആത്മീയനേതൃത്വവും എറ്റെടുക്കുന്ന വ്യക്തി 'മഖ്ദൂം' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. സേവനം ചെയ്യുന്നവൻ എന്നർത്ഥം വരുന്ന മഖ്ദൂമെന്ന പദം ബഹുമാനസൂചകമായി നാട്ടുകാർ നൽകിയതായിരിയ്ക്കണം. പിന്നീടുള്ള കാലം പൊന്നാനിയിലെ മുസ്ലീം മതത്തിന്റെ വ്യാപനത്തിന് വഴി വെയ്ക്കുന്നതും സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ച് പൊന്നാനിയിലെ മുസ്ലീങ്ങളെ വഴിനടത്തുന്നതും മഖ്ദൂമുകളായിരുന്നു.

മഖ്ദൂം കുടുംബം പൊന്നാനിയിൽ ആദ്യം താമസിച്ചിരുന്ന വീടിന് കൊച്ചിയിൽ നിന്നും വന്നവർ എന്ന കാരണത്താൽ 'കൊച്ചിലുമ്മാനകം' എന്നായിരുന്നു പേര്. പിന്നീട് നാട്ടിലെ പഴയ തറവാടായ 'പഴയകം' മഖ്ദൂമിന്റെ പാണ്ഡിത്യം കണ്ട് അവരുടെ എട്ടുകെട്ട് വീട് സൈനുദ്ദീൻ മഖ്ദൂമിന് നൽകിയെന്നും അവർ പടിഞ്ഞാറു വശത്തുണ്ടാക്കിയ 'പടിഞ്ഞാറേ പഴയകം' എന്ന വിട്ടിലേയ്ക്ക് താമസം മാറിയെന്നുമാണ് പറയപ്പെടുന്നത്. അങ്ങനെയാണ് മഖ്ദൂമുകൾ താമസിയ്ക്കുന്ന വീടിന് 'മഖ്ദൂം പഴയകം' എന്ന പേര് വരുന്നത്. അതല്ല 'പഴയകം' തറവാട്ടിൽ നിന്നും മഖ്ദൂം വിവാഹം കഴിച്ച് വീട് കയറിയതാണെന്നും വിശ്വാസമുണ്ട്. പിന്നീട് ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ പുത്രനും രണ്ടാമന്റെ പിതാവുമായ അല്ലാമ ഗസാലി മറ്റൊരു ഭവനം പണികഴിപ്പിയ്ക്കുകയും അതിന് 'ഗസാലി മുസ്ല്യാരകം' എന്നു പേര് വരുകയും ചെയ്തു. 'പഴയകം', 'പുതിയകം', 'ചെറിയ പഴയകം', 'വലിയ പുതിയകം', 'ഗസാലി മുസ്ല്യാരകം' എന്നിവയായിരുന്നു മഖ്ദൂമുകളുടെ ആദ്യകാലതറവാടുകൾ. പൊന്നാനി അങ്ങാടിയിലെ ഇതര മുസ്ലീം തറവാടുകളെപ്പോലെത്തെന്നെ ഇന്നും മരുമക്കത്തായ സമ്പ്രദായമാണ് മഖ്ദൂം കുടുംബത്തിനകത്ത് നിലനിൽക്കുന്നത്. മരുമക്കത്തായം നിലനിന്നിരുന്ന കേരളത്തിലെ പഴയ നായർ തറവാടുകളുമായി മഖ്ദൂമുകൾ വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിയ്ക്കാ-മെന്നതിന് ഇത് സാധ്യത കൽപ്പിയ്ക്കുന്നു.

1522 ജൂലൈ 10-ാം തിയതി ശൈഖ് സൈനുദ്ദീൻ മഖ്ദൂം അന്തരിച്ചതോടെ അദ്ദേഹത്തിന്റെ മകൻ അബ്ദുൾ അസീസ് പള്ളിയുടെ ഭരണകർത്തൃത്വവും നാട്ടിലെ

മുസ്ലീങ്ങളുടെ ആത്മീയ നേതൃത്വവും ഏറ്റെടുത്തുകൊണ്ട് മഖ്ദൂം സ്ഥാനിയായി. അദ്ദേഹത്തിന് പുത്രന്മാരില്ലാത്തതിനാൽ അദ്ദേഹത്തിന്റെ മരണശേഷം സഹോദരപുത്രനായ ശൈഖ് അഹ്മദ് സൈനുദ്ദീൻ മഖ്ദൂം എന്ന സൈനുദ്ദീൻ മഖ്ദൂം രണ്ടാമനാണ് മഖ്ദൂം സ്ഥാനിയാകുന്നത്. പോർച്ചുഗീസ് അധിനിവേശശക്തികൾക്ക് എതിരെ സാമൂതിരിയോടൊപ്പം നിന്ന് ജിഹാദിന് (വിശുദ്ധ യുദ്ധം) തയ്യാറാകാൻ ആവശ്യപ്പെടുന്ന 'തുഹ്ഫത്തുൽ മുജാഹിദീൻ ഫീ ബഅ്സി അഖ്ബാറിൽ ബുർത്തഗാലീയ്യീൻ' എന്ന പ്രസിദ്ധമായ ചരിത്രഗ്രന്ഥം രചിച്ചത് ഇദ്ദേഹമാണ്. കേരളത്തെക്കുറിച്ച് രചിയ്ക്കപ്പെട്ട ലക്ഷണമൊത്ത ആദ്യചരിത്രഗ്രന്ഥമായി പരക്കെ അംഗീകരിക്കപ്പെടുന്നത് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ രചിച്ച തുഹ്ഫത്തുൽ മുജാഹിദ്ദീൻ എന്ന ഗ്രന്ഥമാണ്. ഇതേ ഗ്രന്ഥകർത്താവിന്റെ തന്നെ മറ്റനവധി ഗ്രന്ഥങ്ങൾ ഇന്ത്യയ്ക്കു പുറത്തുള്ള വിവിധ ഇസ്ലാമിക രാജ്യങ്ങളിൽ ഇന്നും പ്രചാരത്തിലുണ്ട്.

ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ പുത്രി ഫാത്വിമയുടെ ഭർത്താവായ ശൈഖ് ഉസ്മാനാണ് ശൈഖ് സൈനുദ്ദീൻ രണ്ടാമന്റെ മരണശേഷം മഖ്ദൂം സ്ഥാനിയാകുന്നത്. പോർച്ചുഗീസ് വിരുദ്ധസമരം കത്തിപ്പടർന്ന ഘട്ടത്തിൽ മാപ്പിളപടയാളികൾക്ക് മാർഗദർശനം നൽകിയ വ്യക്തിയായിരുന്നു ഇദ്ദേഹം. ശൈഖ് ഉസ്മാന്റെ മരണശേഷം അദ്ദേഹത്തിന്റെ രണ്ടാമത്തെ പുത്രനായ ശൈഖ് ജമാലുദ്ദീൻ ഖാളിയും പിന്നീട് ശൈഖ് സൈനുദ്ദീൻ രണ്ടാമന്റെ പേരക്കിടാവായ ശൈഖ് അബ്ദുറഹ്മാൻ മഖ്ദൂമും മഖ്ദൂം സ്ഥാനികളായി. പൊന്നാനിയ്ക്ക് പുറത്തുള്ള മലബാറിലെ നിരവധി പള്ളികളുടെ ഖാസിയായിരുന്നു അഞ്ചാമത്തെ മഖ്ദൂമായ ശൈഖ് ജമാലുദ്ദീൻ. ഇവരെല്ലാവരും തന്നെ പാണ്ഡിത്യത്തിലും സാമ്രാജ്യത്വ വിരുദ്ധസമരങ്ങളുടെ നായകത്വത്തിലും മലബാറിലെ മുസ്ലീങ്ങളുടെ ആത്മീയ നേതൃത്വത്തിലും തങ്ങളുടെ പൂർവികരെ പിൻപറ്റുന്നവരായിരുന്നു.

ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ പൊന്നാനിയിൽ മതപ്രബോധനം നടത്തിയിരുന്ന കാലത്താണ് വാസ്കോഡ ഗാമ കേരളതീരത്ത് കപ്പലിറങ്ങുന്നത്. അക്കാലത്ത് അറബിക്കടലിലെ വ്യാപാരത്തിൽ മുസ്ലീങ്ങളായ അറബികൾക്ക് വ്യക്തമായ സ്വാധീനം നിലനിന്നിരുന്നു. മലബാറിലെ കച്ചവടക്കാര്യങ്ങൾ നോക്കിയിരുന്നത്

മാപ്പിളമാരെന്നു വിളിച്ചിരുന്ന മലബാറിലെ മുസ്ലീങ്ങളായിരുന്നു. ഇതിന് അറുതി വരുത്തണമെന്നും മുസ്ലീം സമുദായത്തെ മലബാറിലെ കച്ചവടത്തിൽ നിന്നും അകറ്റി നിർത്തണമെന്നുമായിരുന്നു ഗാമയുടെ നേതൃത്വത്തിലുള്ള പോർച്ചുഗീസ് സംഘത്തിന്റെ ആവശ്യം. ഈ ആവശ്യം സാമൂതിരി നിരസിക്കുന്നു. തുടർന്ന് പൊന്നാനി അടക്കമുള്ള വടക്കൻ മലബാറിലെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിൽ പോർച്ചുഗീസ് സൈന്യം തുടർച്ചയായ അതിക്രമങ്ങൾ അഴിച്ചു വിടുന്നതും സാമൂതിരിയുമായി യുദ്ധത്തിലേർപ്പെടുന്നതും കാണാനാകും. ഈ കാലഘട്ടത്തിൽ മുസ്ലീങ്ങളെ അധിനിവേശശക്തികൾക്ക് എതിരെ അണി നിരത്താൻ അതത് കാലഘട്ടത്തിലെ മഖ്ദൂം സ്ഥാനികൾ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

തദ്ദേശീയർക്കെതിരെ അതിക്രമങ്ങൾ അഴിച്ചുവിടുന്ന പറങ്കികൾക്കെതിരെ യുദ്ധത്തിന് തയ്യാറാകാൻ ആവശ്യപ്പെട്ടുകൊണ്ട് ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ രചിച്ച കാവ്യമാണ് 'തഹിരീള്' എന്നറിയപ്പെടുന്ന 'തഹ്‌രീള് അലാ അഹിലിൽ ഈമാൻ അലാ ജിഹാദി അബദത്തിസ്സുൽബാൻ അൽ മർഗബതുഫിൽ ജിനാൻ അൽമുൽഖിദതു മിനന്നീറാൻ'. സാമ്രാജ്യത്വശക്തികളുടെ ആരംഭദശയിൽത്തന്നെ രചിയ്ക്കപ്പെട്ട് പള്ളി മഹല്ലുകളിൽ വിതരണം ചെയ്യപ്പെട്ട ഈ കാവ്യം സാമ്രാജ്യത്വത്തിനെതിരെ ലോകത്ത് രചിയ്ക്കപ്പെട്ട ആദ്യകാവ്യം ആയിരുന്നിരിയ്ക്കണം.

അറബി ഭാഷയിലെഴുതിയ തഹ്‌രീളിൽ മൊത്തം നൂറ്റിയെഴുപത്തിയേഴ് വരികളാണുള്ളത്. കാവ്യത്തിന്റെ ആദ്യഭാഗത്തിൽ പോർച്ചുഗീസുകാരുടെ ആക്രമണങ്ങൾ വിവരിയ്ക്കുന്നു. അകാരണമായി അറസ്റ്റ് ചെയ്യുക, കൊള്ളയടിയ്ക്കുക, പള്ളികളും വിശുദ്ധഗ്രന്ഥങ്ങളും കത്തിയ്ക്കുക തുടങ്ങി നിരവധി ക്രൂരതകൾ വിവരിച്ച ശേഷം അവർ ചെയ്യുന്നത് മുഴുവൻ പറയാൻ മനുഷ്യന്റെ നാവ് അറച്ചുപോകും എന്നും കവി കൂട്ടിച്ചേർക്കുന്നു. പറങ്കികളോട് യുദ്ധം ചെയ്യാൻ ശക്തമായ ഭാഷയിൽ മഖ്ദൂം ആവശ്യപ്പെടുന്നുണ്ട്. "ആയുധം കൊണ്ടും സമ്പത്ത് കൊണ്ടും പറങ്കികളോട് യുദ്ധം ചെയ്യൽ ഓരോ മുസ്ലീമിന്റെയും നിർബന്ധ കടമയാണ്. അടിമകൾക്ക് ഉടമയുടേയും മക്കൾക്ക് പിതാക്കളുടേയും ഇണകൾക്ക് തുണകളുടേയും അനുവാദം കിട്ടാതെത്തന്നെ

യുദ്ധമുന്നണിയിലേക്ക് വരാം. നിസ്കാരത്തിന്റെ ഇടയിൽ നിന്ന് പോലും യുദ്ധത്തിനിറങ്ങിവരുക. കുടുംബത്തിന്റെ വരുമാനത്തിന് മറ്റു മാർഗങ്ങളില്ലെങ്കിൽ പോലും മാറിനിൽക്കരുത്. ബലഹീനരായാലും നിരായുധരായാലും സാധ്യമായ കാലമത്രയും അവരോടേറ്റുമുട്ടണം" (ഹുസൈൻ രണ്ടത്താണി, 2014:220).

തഹ്‌രീളിന്റെ കയ്യെഴുത്തുപ്രതികൾ കേരളത്തിലെ പ്രധാനരാജാക്കന്മാർക്കും മുസ്ലീം പള്ളികൾക്കും ഈജിപ്ത്, തുർക്കി, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലെ രാജാക്കന്മാർക്കും കൊടുത്തയച്ചിരുന്നു. മൊത്തം മാപ്പിള സമൂഹത്തേയും മുസ്ലീം ഭരണാധികാരികളേയും അധിനിവേശവിരുദ്ധ സമരമുഖത്തെത്തിച്ചത് ഈ കാവ്യമായിരിയ്ക്കണം. കൊച്ചിയിലെ കച്ചവടക്കാരായിരുന്ന മരയ്ക്കാർ കുടുംബത്തെ സാമൂതിരിയ്ക്കു പരിചയപ്പെടുത്തുന്നതും പൊന്നാനിയിൽ വന്നുതാമസിച്ച് പറങ്കികൾക്കെതിരെ പടപൊരുതാൻ ആവശ്യപ്പെടുന്നതും ഈ മഖ്ദൂം ആണെന്ന് പറയപ്പെടുന്നു. മഖ്ദൂമുകളുടേയും മരയ്ക്കാന്മാരുടേയും പൂർവികർ കൊച്ചിയിലായിരുന്നു താമസിച്ചിരുന്നതെന്നതും ഇരുവരും സമകാലീനരാണെന്നതും ഈ നിരീക്ഷണത്തിന് ശക്തിപകരുന്നതാണ്. കേരളത്തിലെ ഉയർന്ന ജാതിയിൽപെട്ട ഹിന്ദുക്കൾക്ക് സമുദ്രയാത്ര നിഷിദ്ധമായിരുന്നതുകൊണ്ട് പറങ്കികൾക്കെതിരെ നടന്നിരുന്ന കടൽപ്പോരുകൾക്ക് സാമൂതിരി ആശ്രയിച്ചിരുന്നത് മലബാറിലെ മാപ്പിളമാരെയായിരുന്നു. അവരുടെ ആത്മീയനേതൃസ്ഥാനം വഹിച്ചിരുന്നതും വിശുദ്ധയുദ്ധത്തിനുള്ള ആവേശം നൽകിയിരുന്നതും മഖ്ദൂമുകളായിരുന്നു.

ചാലിയം കോട്ട പിടിച്ചടക്കുവാൻ പോർച്ചുഗീസുകാരുമായി നടന്ന യുദ്ധത്തിൽ പടക്കളത്തിലിറങ്ങി പടവെട്ടിയ ധീരനാണ് ശൈഖ് സൈനുദ്ദീൻ ഒന്നാമന്റെ മകനും രണ്ടാമത്തെ മഖ്ദൂം സ്ഥാനിയുമായ ശൈഖ് അബ്ദുൾ അസീസ് മഖ്ദൂമെന്ന് ഖാളി മുഹമ്മദിന്റെ 'ഫത്ഹുൽ മുബീൻ' എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട് (ഹുസൈൻ രണ്ടത്താണി, 2014:118). ഖാളി മുഹമ്മദും ശൈഖ് അബ്ദുൾ അസീസ് മഖ്ദൂമും ചേർന്നായിരുന്നു അന്ന് സാമൂതിരിയുടെ സേനാനികളെ നിയന്ത്രിച്ചിരുന്നത്.

പോർച്ചുഗീസുകാരും സാമൂതിരിയും തമ്മിലുണ്ടായ നൂറ്റാണ്ടു നീണ്ട യുദ്ധത്തിലെ

ഏറ്റവും അവിസ്മരണീയമായ പേരാണ് ശൈഖ് സൈനുദ്ദീൻ രണ്ടാമന്റേത്. പതിനഞ്ച് പതിനാറ് നൂറ്റാണ്ടുകളിലെ കേരളത്തിലെ രാഷ്ട്രീയ സാമൂഹികാന്തരീക്ഷങ്ങളും ഒരു നൂറ്റാണ്ട് കാലം പോർച്ചുഗീസുകാർ മലബാർ തീരത്ത് കാണിച്ച അതിക്രമങ്ങളും അവർക്കെതിരെ പോരാടാനുള്ള സമരാഹ്വാനവുമാണ് ഇദ്ദേഹം രചിച്ച തുഹ്ഫത്തുൽ മുജാഹിദ്ദീന്റെ ഇതിവൃത്തം. മലബാറിലെ മുസ്ലീങ്ങളെല്ലാം സ്ത്രീപുരുഷഭേദമില്ലാതെ വൈദേശികാക്രമണത്തിനെതിരായ വിശുദ്ധയുദ്ധത്തിന് തയ്യാറാകണം എന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് സൈനുദ്ദീൻ മഖ്ദൂം ഈ പുസ്തകമെഴുതുന്നത്.

ഭരണാധികാരികളിൽ അതിവിശിഷ്ടനും രാജാക്കന്മാരിൽ അത്യാദരണീയനും സത്യനിഷേധികളോടുള്ള യുദ്ധം ആനന്ദമായെടുക്കുന്നവനും യുദ്ധം ചെയ്ത് അല്ലാഹുവിന്റെ വചനത്തെ ഉയർത്തിക്കാണിയ്ക്കുന്നത് ഒരു അലങ്കാരമായി ഗണിക്കുന്നവനും ആയ സുൽത്താൻ അലി ആദിൽഷാ എന്ന ബീജാപൂർ സുൽത്താന്റെ പേരിലാണ് ശൈഖ് സൈനുദ്ദീൻ ഒന്നാമൻ തുഹ്ഫത്തുൽ മുജാഹിദ്ദീൻ സമർപ്പിയ്ക്കുന്നത്. ബീജാപൂർ കൊട്ടാരത്തിലെ കൊട്ടാര പണ്ഡിതനായി സൈനുദ്ദീൻ മഖ്ദൂം നിയമിയ്ക്കപ്പെട്ടിരുന്നു എന്ന് സൂഫീസ് ഒഫ് ബീജാപൂർ എന്ന ഗ്രന്ഥത്തിൽ മിസ്റ്റർ ഈസ്റ്റൺ രേഖപ്പെടുത്തിയിട്ടുണ്ട് (ഹുസൈൻ രണ്ടത്താണി, 2014:123). കോഴിക്കോട്ടെ സാമൂതിരി മുതൽ മുഗൾ ചക്രവർത്തി അക്ബറും ബീജാപൂരിലെ സുൽത്താന്മാരും വരെ ഇന്ത്യയിലും വിദേശത്തുമുള്ള നിരവധി രാജാക്കന്മാരുമായി മഖ്ദൂമിന് നല്ല ബന്ധമുണ്ടായിരുന്നു. തുർക്കിയിലെ ഉസ്മാനി ഖലീഫമാരുമായും ഈജിപ്തിലെ മംലൂക്ക് ഭരണാധികളുമായി മഖ്ദൂം ബന്ധം സ്ഥാപിക്കുകയും പോർച്ചുഗീസുകാർക്കെതിരായ യുദ്ധത്തിൽ അവരോട് സഹായമഭ്യർത്ഥിയ്ക്കുകയും ചെയ്യുന്നുണ്ട്. മുസ്ലീം രാജാക്കന്മാർക്ക് സാമൂതിരിയ്ക്കു വേണ്ടി യുദ്ധത്തിന് സഹായമഭ്യർത്ഥിച്ച് കത്തയയ്ക്കുന്നത് സൈനുദ്ദീൻ മഖ്ദൂമായിരുന്നു.

ഈ സഹായഭ്യർത്ഥന സ്വീകരിച്ച് പൊന്നാനിയിലേയ്ക്ക് യുദ്ധത്തിനു വന്ന മിസ്രി പട്ടാളക്കാർക്ക് വേണ്ടി പണികഴിപ്പിച്ചതാണ് പൊന്നാനി അങ്ങാടിയിലെ മിസ്രി പള്ളി. ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ അഭ്യർത്ഥനപ്രകാരം ഈജിപ്തിലെ സുൽത്താൻ

തന്റെ യുദ്ധമന്ത്രിയായ മീർ ഹുസൈന്റെ നേതൃത്വത്തിൽ പതിമൂന്ന് കപ്പലുകളിലായി ആയിരത്തഞ്ഞൂറ് മിസ്രി പട്ടാളക്കാരെ പൊന്നാനിയിലേയ്ക്കയച്ചു. സാമൂതിരിയുടെ അനുമതിയോടെ മഖ്ദൂം അവർക്ക് താമസിയ്ക്കാനായി താവളങ്ങളും ആരാധനയ്ക്കായി ഒരു പള്ളിയും പൊന്നാനിയിൽ പണികഴിപ്പിച്ചു. തങ്ങളുടെ രക്ഷയ്ക്കായി കടൽകടന്നു വന്ന സൈനികരോടുള്ള ബഹുമാനാർത്ഥമാണ് ഈ പള്ളിയ്ക്ക് മിസ്രിപ്പള്ളി എന്ന പേര് നൽകിയത്. പൊന്നാനി കേന്ദ്രീകരിച്ചുകൊണ്ട് നടന്ന സാമ്രാജ്യത്വ വിരുദ്ധയുദ്ധങ്ങളുടെ ചരിത്രസ്മാരകം കൂടിയാണ് മിസ്രിപ്പള്ളി.

സൈനുദ്ദീൻ മഖ്ദൂം തന്റെ ഗ്രന്ഥത്തിൽ പ്രതിപാദിച്ച കാലഘട്ടത്തിന് ശേഷം പിന്നെയും കുറച്ച് വർഷങ്ങൾ കൂടി പോർച്ചുഗീസുകാരുമായുള്ള യുദ്ധം തുടർന്നു. ഇടയ്ക്ക് പലപ്പോഴും സാമൂതിരിമാർ യുദ്ധത്തിൽ നിന്നും സന്ധിയിലേയ്ക്കും പിൻവാങ്ങലിലേയ്ക്കും വ്യതിചലിച്ചുവെങ്കിലും മാപ്പിളമാർ പറങ്കികളുമായുള്ള യുദ്ധം തുടർന്നിരുന്നു. സൈനുദ്ദീൻമഖ്ദൂം ഒന്നാമനും രണ്ടാമനും വൈദേശിക ആക്രമണത്തിനെതിരെയുള്ള ചെറുത്തുനിൽപ്പിന് നൽകിയ വിശുദ്ധപരിവേഷവും മഖ്ദൂമുകളും മരയ്ക്കാന്മാരും അടക്കമുള്ള ധീരമായ നേതൃത്വവുമായിരിയ്ക്കണം ഇതിന് കാരണം. പോർച്ചുഗീസുകാർക്ക് ശേഷം വന്ന ഡച്ചുകാരോടും ബ്രിട്ടീഷുകാരോടും എല്ലാം പൊന്നാനിയിലെ മാപ്പിളമാർ സംഘർഷാത്മകമായ നിലപാട്തന്നെ തുടർന്നുപോന്നു. മാറിവന്ന വിദേശശക്തികളും പൊന്നാനിയിലെ മാപ്പിളമാരെ തങ്ങളുടെ പ്രധാന ശത്രുക്കളായാണ് കണ്ടിരുന്നത്. 1847 ലെ ജന്നത്ത് ബീവിക്കേസ് എന്ന് നാട്ടുകാർ വിളിയ്ക്കുന്ന പൊന്നാനി ലഹള ഇതിനുദാഹരണമാണ്.

1847 ഫെബ്രുവരി 16-ാം തിയതി ബോംബെ നേറ്റീവ് ഇൻഫൻട്രി എന്ന സൈനികവിഭാഗത്തിൽപ്പെട്ട 18-ാം റജിമെന്റിലെ ക്യാപ്റ്റൻ എസ് ഡബ്ളിയു പാർട്രിഡ്ജ് എന്ന സൈനികോദ്യോഗസ്ഥൻ സിന്ധിൽ നിന്നും പാലക്കാട് വഴി നീലഗിരിയിലേയ്ക്കുള്ള യാത്രാമധ്യേ പൊന്നാനിയിൽ എത്തിച്ചേർന്നു. പൊന്നാനിയിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ കൂടെ സിന്ധിൽ നിന്നുള്ള ജന്നത്ത് എന്നു പേരായ ഒരു സ്ത്രീ കൂടെയുണ്ടായിരുന്നു. ഈ സ്ത്രീയെ സിന്ധിൽ നിന്നും ക്യാപ്റ്റൻ

തട്ടിക്കൊണ്ടുവന്നതാണെന്ന് അന്നത്തെ മഖ്ദൂമായ പുതിയകത്ത് അഹ് മദ്മുസ്ലീയാർമഖ്ദൂമിനെ ചിലർ അറിയിച്ചതിനെത്തുടർന്ന് അവരെ മോചിപ്പിച്ചു കൊണ്ടുവരാൻ മഖ്ദൂം ഉത്തരവിട്ടു. പൊന്നാനി തുറമുഖത്തിനടുത്തുള്ള മുസാഫരി ബംഗ്ലാവിൽ നിന്നും നാനൂറോളം പേർ വരുന്ന മാപ്പിളമാർ അഹ്മദ്കോയ എന്ന ചെറുപ്പക്കാരന്റെ നേതൃത്വത്തിൽ പോയി ജന്നത്ത് ബീവിയെ പിടിച്ച് ജമാഅത്ത് പള്ളിയിൽ കൊണ്ടുവരികയും ക്യാപ്റ്റൻ പാർട്രിഡ്ജിനെ ആക്രമിയ്ക്കുകയും ചെയ്തു. മഖ്ദൂമിന്റെ ഭാര്യവീടായ കൗട്യാമാക്കാന്റകം തറവാട്ടിൽ ഈ സ്ത്രീയെ പാർപ്പിയ്ക്കുകയും രണ്ടായിരത്തോളം മാപ്പിളമാർ സായുധരായി നഗരത്തിന് കാവൽനിൽക്കുകയും ചെയ്തു.

എന്നാൽ ഈ സ്ത്രീയെ ക്യാപ്റ്റൻ തട്ടിക്കൊണ്ടുവന്നതല്ലെന്നും നാട്ടിലെ ചില പ്രമാണിമാർ ലഹളയുണ്ടാക്കാനായി മഖ്ദൂമിനെ കള്ളം പറഞ്ഞ് ധരിപ്പിച്ചതാണെന്നും അഭിപ്രായമുണ്ട്. ഇവർ ക്യാപ്റ്റന്റെ സുഹൃത്തായിരുന്നെന്നും ബലം പ്രയോഗിച്ച് ഇവരെ മാപ്പിളമാർ തട്ടിക്കൊണ്ടുപോയെന്നുമാണ് ബ്രിട്ടീഷ് രേഖകളിൽ കാണാനാവുന്നത്. തന്റെ തെറ്റ് മനസ്സിലാക്കി മഖ്ദൂം ആ സ്ത്രീയെ വിട്ടുനൽകാൻ തയ്യാറായെന്നും ഈ വിഷയത്തെക്കുറിച്ച് രേഖപ്പെടുത്തിയ അന്നത്തെ കൂറ്റനാട്-ഏറനാട് താഹസിൽദാരുടെ കുറിപ്പുകളിൽ കാണാനാകും. എന്നാൽ ജന്നത്ത് ബീവിയെ വിട്ടുകിട്ടിയതിനു ശേഷം ബ്രിട്ടീഷ് സൈന്യം നഗരം വളയുകയും കലാപകാരികളേയും മഖ്ദൂം അടക്കമുള്ള നേതാക്കളേയും അറസ്റ്റ് ചെയ്യുകയും ചെയ്തു. വലിയ ജാമ്യവ്യവസ്ഥയിൽ മഖ്ദൂമിനെ വിട്ടയച്ചെങ്കിലും പിന്നീട് 1847 ജൂലൈ 27-ന് മഖ്ദൂം അഹ്മദ് മുസ്ലീയാർ അടക്കമുള്ള പതിനെട്ടുപേരെ തടവുശിക്ഷയ്ക്ക് വിധിച്ചുകൊണ്ട് കോഴിക്കോട് കോടതി വിധി പുറപ്പെടുവിച്ചു. മൂന്ന് കൊല്ലക്കാലം ചിങ്കൽപേട്ട ജയിലിൽ കഴിയാനായിരുന്നു കലാപത്തിന്റെ കാരണക്കാരനായി കണ്ടെത്തിയ മഖ്ദൂമിന് നൽകിയ ശിക്ഷ.

ഈ വിധി മദ്രാസ് ഗവൺമെന്റ് അധികൃതരെ അറിയിയ്ക്കുന്നതിനൊപ്പം ജില്ലാ മജിസ്ട്രേറ്റ് മിസ്റ്റർ കൊനോളി നൽകിയ കുറിപ്പിൽ ഇങ്ങനെ പറയുന്നുണ്ട്. "ഈ വിചാരണയുടേയും ശിക്ഷയുടേയും ഫലമായി ഏതു മതപരമായ സ്ഥാനവും ആരെയും നിയമഭഞ്ജനത്തിന്റെ പ്രത്യാഘാതത്തിൽ നിന്ന് രക്ഷപ്പെടുത്തുകയില്ലെന്ന്

വ്യക്തമാകുന്നു." ഒരു കാര്യം തങ്ങളുടെ മതപരമായ കടമയാണെന്ന് പുരോഹിതൻ ബോധ്യപ്പെടുത്തിയാൽ ഇവിടത്തെ മാപ്പിളമാർക്ക് പിന്നെ അധികാരികളോട് യാതൊരു ബഹുമാനവും കാണുകയില്ലെന്ന് വിചാരണവേളയിൽ സമർപ്പിച്ച ജില്ലാ മജിസ്ട്രേറ്റിന്റെ റിപ്പോർട്ടിലും കാണാനാകും. മഖ്ദൂം നേരിട്ട് കലാപത്തിൽ പങ്കാളിയായിരുന്നില്ല എങ്കിലും അദ്ദേഹത്തെ ശിക്ഷിയ്ക്കേണ്ടത് ഈ മനോഭാവത്തെ മറികടക്കാൻ അനിവാര്യമാണെന്ന് ബ്രിട്ടീഷ് ഭരണകൂടത്തിന് ഇക്കാരണങ്ങളാൽ തോന്നിയിരിയ്ക്കണം (കെ.വി.അബ്ദുറഹ്മാൻ, 1998:79–95).

യൂറോപ്പിൽ നിന്നും കടൽ കടന്നുവന്ന പോർച്ചുഗീസുകാരും കേരളത്തിലെ മാപ്പിളമാരും തമ്മിലുണ്ടായ ഈ യുദ്ധങ്ങൾക്ക് മതത്തിന്റേയും ജിഹാദിന്റേയും ഭാവങ്ങൾ എങ്ങനെ സൃഷ്ടിക്കപ്പെട്ടു എന്നത് ചരിത്രപരമായി വിശകലനം ചെയ്യപ്പെടേണ്ട വസ്തുതയാണ്. പോർച്ചുഗീസുകാരുടെ മലബാർ ആഗമനത്തിന് മുൻപോ പിൻപോ മലബാറിലെ മുസ്ലീങ്ങളും ക്രിസ്ത്യാനികളും തമ്മിൽ ലഹള നടന്നതായി തെളിവുകളില്ല. എന്നാൽ പതിനഞ്ചാം നൂറ്റാണ്ടിലെ മലബാറിലേയ്ക്കുള്ള വരവിന് മുൻപുള്ള നൂറ്റാണ്ടുകൾ ആഗോളതലത്തിൽ ഇസ്ലാം ക്രിസ്തു മത വിശ്വാസികൾ തമ്മിൽ പ്രസിദ്ധമായ നിരവധി യുദ്ധങ്ങൾ നടന്നിട്ടുണ്ടായിരുന്നു.

ജറുസലേമിന്റെ ആധിപത്യത്തിനായി പതിനൊന്നാം നൂറ്റാണ്ടിന്റെ അവസാനം മുതൽക്ക് പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനംവരെയുള്ള കാലഘട്ടത്തിൽ പോപ്പിന്റെ നേതൃത്വത്തിലുള്ള ക്രിസ്തുമതവിശ്വാസികളും മുസ്ലീം ഭരണകൂടങ്ങളും തമ്മിൽ നടന്ന യുദ്ധത്തെയാണ് ചരിത്രകാരന്മാർ കുരിശുയുദ്ധങ്ങൾ എന്നു വിളിയ്ക്കുന്നത്. ഇതിന്റെ ഭാഗമായി യൂറോപ്പ് കേന്ദ്രീകരിച്ചുകൊണ്ട് ക്രിസ്തുമത വിശ്വാസികളും മുസ്ലീം വിശ്വാസികളും തമ്മിൽ നിരന്തരമായ ശത്രുതയും സംഘർഷങ്ങളും ഉടലെടുത്തു. എന്നാൽ കേരളത്തിൽ ഉരുത്തിരിഞ്ഞ് വന്ന ഇരുമതങ്ങളിലേയും തദ്ദേശീയരായ വിശ്വാസികൾ എല്ലാംതന്നെ ഈ യുദ്ധത്തിനെ കുറിച്ച് അജ്ഞരായിരുന്നു. കേരളത്തിൽ ഇസ്ലാമിന് മതപരമായ അസ്തിത്വം ലഭിയ്ക്കുന്നത് പതിമൂന്നാം നൂറ്റാണ്ടിലെ മാലിക്ദിനാറിന്റെ വരവോടെ മാത്രമാണ് എന്നതും ഇതിന് കാരണമാണ്. പതിമൂന്നാം

നൂറ്റാണ്ടിന്റെ അവസാന കാലത്ത് ഈ യുദ്ധപരമ്പര അവസാനിച്ചുവെങ്കിലും പതിനാലാം നൂറ്റാണ്ടിൽ ഒട്ടോമൻ സാമ്രാജ്യം രൂപപ്പെടുകയും പിന്നീട് അവർ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കുകയും ചെയ്തതോടെ പാശ്ചാത്യലോകത്തെ ക്രിസ്തു-ഇസ്ലാം മതങ്ങൾ തമ്മിലുള്ള വൈരം വർദ്ധിച്ചു.

കോൺസ്റ്റാന്റിനോപ്പിളിന്റെ തകർച്ച യുറോപ്പിന് ഏഷ്യയുമായുള്ള വാണിജ്യ സാധ്യതകളെ പ്രതികൂലമായി ബാധിയ്ക്കുന്ന ഒന്നായതിനാലാണ് അക്കാലത്ത് ഏഷ്യയിലേയ്ക്കുള്ള കടൽമാർഗങ്ങൾ കണ്ടെത്തേണ്ടത് യുറോപ്യരെ സംബന്ധിച്ച് അനിവാര്യമായി മാറിയത്. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ  വാസ്കോഡ ഗാമ ആ ലക്ഷ്യം നിറവേറ്റുമ്പോൾ മലബാറിലെ തുറമുഖങ്ങളിലെ വ്യാപാരത്തിൽ തദ്ദേശീയരും വിദേശികളുമായ മുസ്ലീങ്ങൾക്ക് വലിയ മേൽക്കോയ്മ ഉണ്ടായിരുന്നു.[6] പുതിയ വ്യാപാരസാധ്യതകൾ തേടി മലബാറിലേയ്ക്ക് യാത്രചെയ്ത പോർച്ചുഗീസ് നാവികർക്ക് ഈ മേൽക്കോയ്മ തകർക്കേണ്ടത് വ്യാപാരാവശ്യമായിരുന്നു. അതേ സമയം യൂറോപ്പിൽ അപ്പോഴും അവസാനിച്ചിട്ടില്ലാതിരുന്ന മതയുദ്ധങ്ങളുടെ തുടർച്ചയായിരുന്നു ആ ഏറ്റുമുട്ടലുകൾ. ഇതേ കാലഘട്ടത്തിലാണ് അറബിനാടുകളിൽ പോയി വിദ്യ അഭ്യസിച്ച് മലബാറിന്റെ ആത്മീയ നേതൃസ്ഥാനത്തേയ്ക്ക് മഖ്ദൂമുകളെ പോലെയുള്ള പണ്ഡിതന്മാർ കടന്നു വരുന്നത്. കേരളത്തിലെ അക്കാലത്തെ ഭരണകൂടങ്ങൾ പ്രവാചകവിശ്വാസികളല്ലാത്ത അവിശ്വാസികൾ ആയിരുന്നെങ്കിലും അവരോട് മാപ്പിളമാർ കാണിച്ചിട്ടില്ലാത്ത അന്യതാബോധം പോർച്ചുഗീസുകാരോട് കാണിക്കണമെന്ന് മാപ്പിളമാരെ ബോധ്യപ്പെടുത്തുന്നത് ഈ മഖ്ദൂമുകൾ ആണ്. മലബാറിന് പുറത്തു പോയി കരസ്ഥമാക്കിയ വിദ്യാഭ്യാസം മലബാറിന് പുറത്തുനിന്ന് വന്ന ശത്രുക്കളെ തിരിച്ചറിയാനും അവരെ സഹായിച്ചു.

വൈദേശികാധിപത്യത്തിനെതിരായ വലിയ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി എന്നതു മാത്രമല്ല മഖ്ദൂം പരമ്പര പൊന്നാനിയ്ക്ക് നൽകിയ സംഭാവനകൾ. ജാതി വ്യവസ്ഥ സാധാരണക്കാരന് അറിവ് നിഷേധിച്ചിരുന്ന മധ്യകാല കേരളത്തിൽ നിന്നും വിജ്ഞാനോത്പാദനത്തിലും അതിന്റെ പങ്കുവെയ്ക്കലിലും ഊന്നിയ,

സാഹോദര്യത്തിൽ അധിഷ്ഠിതമായ, ഒരു ആരാധനാക്രമത്തെ മഖ്ദൂമുകൾ മലബാറിന് പരിചയപ്പെടുത്തി. ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ പൊന്നാനിയിൽ പണി കഴിപ്പിച്ച വലിയ ജുമഅത്ത് പള്ളി നാല് നൂറ്റാണ്ട്കാലം ഇസ്ലാമിക വിജ്ഞാനത്തിന്റെ കേന്ദ്രമായും നാനാദേശത്ത് നിന്നും വന്ന നിരവധി പണ്ഡിതന്മാരുടെ ആസ്ഥാനമായും നിലകൊണ്ടു. ആ കാലഘട്ടത്തിലെല്ലാം മഖ്ദൂം സ്ഥാനികളായി നിലകൊണ്ടവർ സ്വന്തമായി നിരവധി പുസ്തകങ്ങൾ രചിയ്ക്കുകയും പൂർവ്വികരുടെ ഗ്രന്ഥങ്ങൾക്ക് ഭാഷ്യം രചിയ്ക്കുകയും ചെയ്തു. കേരളചരിത്രത്തെ കുറിച്ചുള്ള അന്വേഷണങ്ങൾക്കായി കൊളോണിയൽ ഭരണാധികാരികളുടെ ഔദ്യോഗിക റിപ്പോർട്ടുകൾക്ക് പുറത്തേക്ക് കടന്നാൽ പിന്നെ ലിഖിതരൂപത്തിൽ ലഭിക്കുന്ന പ്രധാന ഉപാദാനങ്ങൾ അറബിയിലും അറബിമലയാളത്തിലും രചിയ്ക്കപ്പെട്ട ആ ഗ്രന്ഥങ്ങൾ തന്നെയായിരിയ്ക്കും.

അറേബ്യയിലും ഈജിപ്തിലും പഠനം പൂർത്തിയാക്കി പൊന്നാനിയിലേയ്ക്ക് തിരികെയെത്തിയ ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ മുഖ്യ ലക്ഷ്യം താൻ നേടിയ അറിവും പാണ്ഡിത്യവും മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുക എന്നതായിരുന്നു. പൊന്നാനിയിലെ വലിയ ജുമഅത്ത് പള്ളി നിർമ്മിയ്ക്കുന്നതും അവിടെ ദർസ് ആരംഭിയ്ക്കുന്നതും ഈ ഉദ്ദേശ്യത്തോടെയാണ്. അക്കാലത്ത് പൊന്നാനിയിലെ ഏക ജുമഅത്ത് പള്ളി പന്ത്രണ്ടാം നൂറ്റാണ്ടിൽ നിർമ്മിയ്ക്കപ്പെട്ട തോട്ടുങ്ങൽ പള്ളിയായിരുന്നു. മഖ്ദൂമിന്റെ തറവാടായ പഴയകത്ത് തറവാടിന്റെ അതിർത്തിയ്ക്ക് അകത്ത് തന്നെ ഒരു ചെറിയ പള്ളി നിർമ്മിച്ച് അവിടെയിരുന്നാണ് വലിയ ജുമഅത്ത് പള്ളിയുടെ നിർമ്മാണം മഖ്ദൂം നിരീക്ഷിച്ചിരുന്നത്. വലിയ ജുമഅത്ത് പള്ളിയ്ക്കു സമീപത്തായി ഇന്നും നിലനിൽക്കുന്ന ഈ പള്ളി മഖ്ദൂമിയ അകത്തെ പള്ളി എന്ന് അറിയപ്പെടുന്നു. ഹിജ്റ 925 (ഏ. ഡി. 1518) ലാണ് ഈ പള്ളിയുടെ നിർമ്മാണകാലമെന്ന് ഗണിയ്ക്കപ്പെടുന്നു. വലിയ ജുമുഅത്ത് പള്ളിയുടെ നിർമ്മാണം പൂർത്തിയായ ശേഷം മഖ്ദൂം പള്ളിക്കകത്ത് തന്നെ മതാദ്ധ്യയനം ആരംഭിച്ചു. മലബാറിലെ പള്ളിദർസ് സമ്പ്രദായം ആരംഭിയ്ക്കുന്നത് ഇവിടെ വെച്ചാണ്. പള്ളിയുടെ നടുത്തളത്തിൽ സ്ഥാപിച്ചിട്ടുള്ള തൂക്കുവിളക്കിന് താഴെയിരുന്നാണ് മതപഠനം ആരംഭിയ്ക്കുക. പഴയകാലത്ത് ഏതുദേശത്തുനിന്നും

മതപഠനം പൂർത്തിയാക്കി വരുന്നവർക്കും പൊന്നാനിയിൽ വന്ന് വിളക്കത്തിരിയ്ക്കൽ എന്ന ബിരുദം കരസ്ഥമാക്കേണ്ടിയിരുന്നു. അധികം വൈകാതെ ഈ ദർസിലേയ്ക്ക് ഭാരതത്തിന്റെ പലഭാഗങ്ങളിൽ നിന്നും ലക്ഷദ്വീപ്, ശ്രീലങ്ക, മലേഷ്യ, ഇന്തോനേഷ്യ, ജാവ, സുമാത്ര തുടങ്ങിയ പൗരസ്ത്യരാജ്യങ്ങളിൽ നിന്നും വിജ്ഞാനദാഹികൾ വന്നുതുടങ്ങി. മലബാറിലെ നാനാദേശങ്ങളിൽ പിന്നീട് വ്യാപിച്ച ഇസ്ലാമിക വിദ്യാഭ്യാസത്തിന്റെ ഘടനയും പാഠ്യപദ്ധതിയും രൂപപ്പെടുന്നത് മഖ്ദൂമുകളുടെ നേതൃത്വത്തിലുള്ള ഈ ദർസിൽ നിന്നാണ്. മഖ്ദൂം കുടുംബത്തിൽ ജനിച്ച പലരുടെയും കബറിടം സ്ഥിതിചെയ്യുന്നത് ഈ പള്ളിയ്ക്കകത്താണ്.

ശക്തമായ ജാതി വ്യവസ്ഥയും ഉച്ചനീചത്വങ്ങളും നിലനിന്നിരുന്ന പതിനഞ്ച് പതിനാറ് നൂറ്റാണ്ടുകളിൽ കേരളത്തിൽ ഉയർന്ന ജാതിയിൽപ്പെട്ട ചിലർക്ക് മാത്രമായിരുന്നു വിദ്യ അഭ്യസിക്കുന്നതിനുള്ള അവകാശമുണ്ടായിരുന്നത്. ഈ കാലഘട്ടത്തിലാണ് സൈനുദ്ദീൻ മഖ്ദൂം പൊന്നാനിയിൽ ദർസാരംഭിയ്ക്കുന്നത്. മഖ്ദൂമുകളുടെ ആത്മീയസ്വാധീനവും അവർ ഒരുയ്ക്കിയ വൈജ്ഞാനികലോകവും ചേർന്ന് നിർമിയ്ക്കപ്പെട്ടതാണ് പൊന്നാനിയിലെ മുസ്ലീം മതവ്യാപനത്തിന്റെ ഏറ്റവും സജീവമായ കാലഘട്ടം. മഖ്ദൂമുകളുടെ വ്യക്തിപ്രഭാവത്തിലും വിജ്ഞാന സമ്പാദനത്തിനായി അവരൊരുയ്ക്കിയ സാഹചര്യത്തിലും ആകൃഷ്ടരായി ഇക്കാലത്ത് നിരവധിപേർ മുസ്ലീം മതത്തിലേയ്ക്ക് പരിവർത്തനം ചെയ്തു. മലബാറിലെ മാപ്പിള സമൂഹത്തെ അറിവും അക്ഷരവും നൽകി പ്രബുദ്ധരാക്കി മാറ്റി എന്നതാണ് മഖ്ദൂമുകൾ നൽകിയ സംഭാവന. വൈദേശിക ശക്തികൾക്കെതിരെ പോരാടാനും കച്ചവടത്തിലൂടെ മുന്നേറാനും പൊന്നാനിയിലെ ജനങ്ങളെ പ്രാപ്തരാക്കിയതിൽ മഖ്ദൂമുകൾക്ക് വലിയ പങ്കുണ്ട്. ഇത്തരത്തിൽ മലബാറിന്റെ സാമൂഹിക രാഷ്ട്രീയ ഭൂപടത്തിൽ പൊന്നാനിയെ സവിശേഷമായി നിലനിർത്തിയത് മഖ്ദൂമുകളുടെ സാന്നിധ്യമാണ്. നിലവിൽ നാൽപ്പതാം സ്ഥാനിയായ സെയ്ദ് മുത്തുക്കോയ തങ്ങളാണ് പൊന്നാനിയിലെ മഖ്ദൂം.

### 5.1.2 പൊന്നാനിയിലെ മുസ്ലീങ്ങൾ

ഇന്ത്യയിലെ മുസ്ലീം മത വ്യാപനത്തിന്റെ ചരിത്രം പടിഞ്ഞാറ് നിന്നും കിഴക്കോട്ട്

പടനയിച്ച രാജാക്കന്മാരുടേയും അവരുടെ യുദ്ധവിജയങ്ങളുടേയും അനുബന്ധമാണ് എന്ന ധാരണ പൊതുവിലുണ്ട്. ഉത്തരേന്ത്യയിലെ മതവ്യാപനത്തിൽ മുസ്ലീം മതാനുയായികളായ സുൽത്താന്മാരുടെ അധിനിവേശങ്ങൾ പങ്ക് വഹിച്ചിട്ടുണ്ടെങ്കിലും ദക്ഷിണേന്ത്യയിലെ, പ്രത്യേകിച്ച് കേരളത്തിലെ മുസ്ലീം മതവ്യാപനത്തിന്റെ ചരിത്രം തികച്ചും വ്യത്യസ്തമാണ്. അറബി കച്ചവടക്കാരുമായി കേരളത്തിനുണ്ടായിരുന്ന വ്യാപാരബന്ധങ്ങളും അതു വഴിവെച്ച വിവാഹബന്ധങ്ങളുമാണ് ഇവിടത്തെ മുസ്ലീം ചരിത്രത്തിന്റെ ആദ്യദശ. ചേരമാൻപെരുമാളിന്റെ മതപരിവർത്തനവും തുടർന്ന് പെരുമാളിന്റെ ആജ്ഞപ്രകാരം മതപ്രചാരണാർത്ഥമുള്ള മാലിക്ദിനാറിന്റെ സംഘത്തിന്റെ വരവുമാണ് അടുത്തഘട്ടം. ഹൈദരലിയുടേയും ടിപ്പുസുൽത്താന്റേയും കാലത്ത് നടന്ന നിർബന്ധിത മതപരിവർത്തനങ്ങളുടെ കാലമാണ് മറ്റൊന്ന്. ഇങ്ങനെ കഥകളുടേയും മിത്തുകളുടേയും യാഥാർത്ഥ്യങ്ങളുടേയും മിശ്രിതമാണ് കേരളത്തിലെ ഇസ്ലാംമതചരിത്രം. എന്നാൽ കേരളത്തിലെ നാനാപ്രദേശങ്ങൾക്കും ഈ ചരിത്രം പൂർണമായും ചേരുന്നതാണെന്ന് പറയാനാകില്ല. പൊന്നാനിയുടെ ഇസ്ലാം മതവ്യാപനത്തിന്റെ ചരിത്രം വലിയൊരളവുവരെ നിലവിലെ കേരളചരിത്രത്തോട് യോജിയ്ക്കുകയും എന്നാൽ പലയിടത്തും വേറിട്ട് സഞ്ചരിയ്ക്കുകയും ചെയ്യുന്നു.

ഇസ്ലാമിന്റെ ആവിർഭാവത്തിനു മുൻപേ പൊന്നാനിയിൽ കച്ചവടത്തിനു വന്നിരുന്ന അറബികളിലൂടെതന്നെയാണ് പൊന്നാനിയിലേയ്ക്ക് ഇസ്ലാംമതം പ്രവേശിയ്ക്കുന്നത്. എന്നാൽ ഇസ്ലാംമതവ്യാപനത്തിന്റെ രണ്ടാംഘട്ടത്തിൽ കരുതിവരുന്ന മാലിക്ദിനാറിന്റെ സംഘം പൊന്നാനിയെ അവരുടെ കർമ്മ മണ്ഡലമായി കണക്കാക്കിയിട്ടില്ല. മറിച്ച് അതേ കാലഘട്ടത്തിൽ തന്നെ കടൽ കടന്നുവന്ന ഒരു സൂഫിവര്യനാൽ പൊന്നാനിയിലെ ആദ്യത്തെ പള്ളി നിർമ്മിയ്ക്കപ്പെട്ടു എന്നാണ് വിശ്വാസം. മാലിക്ദിനാർ സംഘത്തിന്റെ നേതൃത്വത്തിലുള്ള പള്ളി പണിയലുകളെല്ലാം അധികാരരൂപങ്ങളുടെ അനുമതിയോടും സഹകരണത്തോടും കൂടിയുള്ള മതപ്രബോധന പ്രവർത്തനങ്ങളായിരുന്നു. പൊന്നാനിയിലെ ഇസ്ലാം മതത്തിന്റെ വളർച്ചയുടെ ആദ്യ രണ്ടുഘട്ടങ്ങൾ പരിശോധിയ്ക്കുമ്പോൾ അവയെല്ലാം മിഷനറി പ്രവർത്തനത്തിന്റെ ഭാഗമായി പ്രചരിപ്പിയ്ക്കപ്പെട്ട ഒരു അപരമതമായിട്ടല്ല പകരം

പൊന്നാനിയിലേയ്ക്കെത്തിയ വൈദേശികരുമായി തദ്ദേശീയർ നടത്തിയ വിനിമയങ്ങൾവഴി അവർ സ്വാംശീകരിച്ച പുതിയ സംസ്കാരമായാണ് ഇസ്ലാം പൊന്നാനിയിൽ വളർന്നുവന്നത് എന്ന് മനസ്സിലാക്കാൻ സാധിയ്ക്കും.

ആസൂത്രിതമായ മതപ്രചാരണത്തിന്റെ രൂപത്തിൽ ഇവിടെ മുസ്ലീം മതം വ്യാപിയ്ക്കുന്നത് പിന്നീട് വന്ന മഖ്ദൂമുകളുടെ കാലത്താണ്. എന്നാൽ മഖ്ദൂമുകളുടെ നേതൃത്വത്തിൽ പൊന്നാനിയിൽ നടക്കുന്ന മുസ്ലീം മതവ്യാപനത്തിന്റെ പൊതുസ്വഭാവം നിർണയിയ്ക്കുന്നത് രണ്ടുകാര്യങ്ങളാണ്. ഒന്നാമത്തേത് മഖ്ദൂമുകൾ പൊന്നാനിയിലാ-രംഭിയ്ക്കുന്ന മതപഠനത്തിന്റേയും വൈജ്ഞാനിക വ്യവഹാരങ്ങളുടേയും ആധുനിക മണ്ഡലമാണ്. ഇത് ഹിന്ദു മതത്തിലെ ജാതി ബന്ധങ്ങൾ കാരണം അറിവ് നിഷേധിയ്ക്കപ്പെട്ടവരും സമൂഹത്തിൽ രണ്ടാം തരക്കാരായി പരിഗണിയ്ക്കപെട്ടവരുമായ നിരവധി പേരെ മുസ്ലീം മതത്തിലേയ്ക്ക് അടുപ്പിക്കുന്നു. രണ്ടാമത്തേത് വൈദേശികമായ ആക്രമണങ്ങളോട് മഖ്ദൂമുകളുടെ നേതൃത്വത്തിൽ പൊന്നാനിയിലെ മാപ്പിളമാർ നടത്തിയ പോരാട്ടങ്ങളാണ്. ഹിന്ദു കൂടുംബങ്ങളിൽ നിന്നും രണ്ടാമത്തെകുട്ടിയെ മുസ്ലീംമതത്തിലേക്ക് പരിവർത്തനം ചെയ്യാനും അവരെ മാപ്പിളമാർക്കൊപ്പം നാവികസേനയിൽ ചേർക്കാനും സാമൂതിരിയുടെ നിർദേശം ഉണ്ടായിരുന്നു. ഇങ്ങനെ രണ്ട് വിധത്തിൽ പരിശോധിച്ചാലും മഖ്ദൂമുകളുടെ കാലഘട്ടത്തിലെ ഇസ്ലാമിന്റെ വ്യാപനം തദ്ദേശീയരുടെ വിശ്വാസങ്ങൾക്ക് എതിരെ നിന്നുകൊണ്ടല്ല മറിച്ച് അവരെ തങ്ങളിലേയ്ക്കാകർഷിയ്ക്കുകയും അതേസമയം അവർക്കൊപ്പം നിന്നു കൊണ്ടും സാധ്യമാക്കിയതാണ് എന്ന് കാണാനാകും.

പൊന്നാനിയിലെ മുസ്ലീംസമുദായം ശക്തിപ്രാപിയ്ക്കുന്നത് ഇതര സമുദായങ്ങളുമായി സഹവർത്തിത്വത്തിൽ നിന്നുകൊണ്ടാണ് എന്നത് മുസ്ലീം മത വ്യാപനത്തിന്റെ ചരിത്രത്തിൽ നിന്നും ദൃശ്യമാകുന്നതാണ്. ഇവിടത്തെ മുസ്ലീം സമുദായത്തിന്റെ ആചാരങ്ങളിലും ആഘോഷങ്ങളിലും ഇതേ സവിശേഷതകൾ കാണാനാകും. ഇസ്ലാംമതവിശ്വസപ്രകാരമുള്ള പെരുന്നാളുകൾ കഴിഞ്ഞാൽ പള്ളികളിലേയും ജാറത്തിലേയും ആണ്ടുകളും നേർച്ചകളുമാണ് പൊന്നാനിയിലെ പ്രധാന ആഘോഷങ്ങൾ. ഹിന്ദു ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോട് ഏറെ സാമ്യമുള്ളതാണ്

പൊന്നാനിയിലെ നേർച്ചകൾ. ആഗോളഇസ്ലാമിന്റെ വിശ്വാസക്രമങ്ങളിലൊന്നും കേരളത്തിലെ ആണ്ടറുതികൾക്കും പള്ളിനേർച്ചകൾക്കും സമാനമായ ആഘോഷങ്ങളെ കണ്ടെത്താനാകില്ല എന്നതാണ് പ്രാധാന്യമർഹിക്കുന്ന മറ്റൊരു കാര്യം.

ഭാരതപ്പുഴയുടെ തീരത്തുള്ള ഈശ്വരമംഗലം പൈതൽജാറത്തിൽ നടന്നിരുന്ന പള്ളിനേർച്ച പൊന്നാനി അങ്ങാടിയിലെ പ്രധാനപ്പെട്ട നേർച്ചയായിരുന്നു. ഉത്സവ പറമ്പുകളിൽ വിൽപനയ്ക്കെത്താറുള്ള മിഠായികളും കളിപ്പാട്ടങ്ങളും പെൺകോപ്പുകളും നേർച്ച കൊടിയേറുന്ന നാൾ മുതൽ നേർച്ചപ്പറമ്പുകളിൽ വന്നു നിറയും. വലിയ വലുപ്പമുള്ള പച്ചപതാകകൾ വഹിച്ചുകൊണ്ട് ആനകൾ നേർച്ചയ്ക്ക് അണിനിരക്കും. സമ്പന്നകുടുംബങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പള്ളിനേർച്ചയ്ക്ക് പെട്ടിവരവുകൾ വന്നുചേരാറുണ്ട്. അമുസ്ലീങ്ങളും സമ്പന്നരല്ലാത്ത തൊഴിലാളികളും എല്ലാം പലപ്പോഴും പെട്ടിവരവുകളുമായി നേർച്ചയ്ക്ക് എത്താറുണ്ട്. ജാതി-മത വ്യത്യാസങ്ങൾക്ക് അതീതമായി പൊന്നാനിയിലെ ജനങ്ങളുടെയെല്ലാം ആഘോഷങ്ങളായിരുന്നു നേർച്ചകൾ. ഉത്സവങ്ങളായാലും നേർച്ചകളായാലും ആചാരങ്ങളായിരുന്നില്ല അവയുടെ ആഘോഷങ്ങളായിരുന്നു പൊന്നാനിക്കാരുടെ ഓർമ്മകളിൽ നിറഞ്ഞുനിന്നിരുന്നത്.

സ്വസമുദായത്തിന്റെ ഉത്സവം എന്നതിലുപരിയായി പലപ്പോഴും സമൂഹത്തിലെ വിവിധസമുദായങ്ങൾക്ക് പങ്കാളിത്തമുള്ളവ കൂടിയായിരുന്നു ഈ ആണ്ടുനേർച്ചകളിൽ ചിലത്. വെളിയങ്കോട് സൂറത്ത് ജാറത്തിലെ നേർച്ച ഇത്തരത്തിലൊന്നാണ്. പണ്ട് പൊന്നാനിയിലും പരിസരങ്ങളിലും വസൂരി പടർന്നു പിടിച്ചുതുടങ്ങിയ കാലത്ത് ഈ ജാറത്തിലെ പൂർവ്വികർ അതിനെ പ്രതിരോധിക്കാൻ നടത്തിയ ശ്രമങ്ങളാണ് ഈ നേർച്ചയ്ക്കു പിന്നിലുള്ള ഐതിഹ്യം. വസൂരി പിശാചിന്റെ ശാപമാണെന്നായിരുന്നു അക്കാലത്ത് കേരളത്തിൽ പരക്കെയുള്ള വിശ്വാസം. ജാറത്തിൽ അടക്കം ചെയ്തിട്ടുള്ള ശൈഖ് ഹസൻ എന്നു പേരായ ദിവ്യന്റെ പൂർവ്വികർ യമനിൽ നിന്നും വരുമ്പോൾ ഒരു പിച്ചളയുടെ കൈപ്പത്തിപോലെ തോന്നിയ്ക്കുന്ന ഒരു ഫലകം കൂടെ കൊണ്ടുവന്നിരുന്നു. അത് ദേശത്തെ വീടുകളിൽ എല്ലാം കൊണ്ടുനടന്ന് പിശാചിനെ ആവാഹിച്ചൊഴിപ്പി

ക്കാനായിരുന്നു ആദ്യത്തെ ശ്രമം. എന്നാൽ അത് ഫലം ചെയ്തില്ല. പിന്നീട് ഒരു മൂരിയെ വീടുതോറും കൊണ്ടുനടന്ന് കാണിച്ച് അറുത്ത് മാംസം വിതരണം ചെയ്താൽ വസൂരി മാറുമെന്ന് അവർ വിശ്വസിച്ചു. അതും ഫലം കാണാതെ വന്നപ്പോൾ ജാറത്തിലെ അന്നത്തെ കാരണവർ മറ്റൊരു മാർഗം നിർദേശിച്ചു. നാട്ടിലെ പാണരും മുക്കവരും കൂടി വീടുതോറും ചെണ്ടകൊട്ടി നടന്ന് ജാറത്തിലേയ്ക്ക് വരാനായിരുന്നു നിർദ്ദേശം. ചെണ്ടകൊട്ട് പിശാചിന്റെ പ്രിയസംഗീതമാവുകയാൽ കൊട്ടുകേട്ട് പിശാച് കൂടെപ്പോരുമെന്നും തങ്ങളുടെ വളപ്പിലേയ്ക്ക് എത്തിച്ചാൽ പിശാചിനെ പിടിച്ചു കൊള്ളാമെന്നുമായിരുന്നു അന്നത്തെ കാരണവരായ ആറ്റക്കോയ ഉപ്പാവ പറഞ്ഞത്. അങ്ങനെയാണ് ആനയും ചെണ്ടയും ആഘോഷങ്ങളുമായുള്ള ഈ നേർച്ച ആരംഭിയ്ക്കുന്നത്. ദേശത്തെ ദുരിതങ്ങളകറ്റാൻ വേണ്ടി ആരംഭിച്ച നേർച്ചയെന്ന നിലയിൽ അതത് കാലങ്ങളിൽ ദേശത്തെ ദുരിതമനുഭവിയ്ക്കുന്ന സമുദായക്കാരാണ് ഈ നേർച്ചയ്ക്ക് കൊടിയേറ്റാറുള്ളത്. ജാതി-മതഭേദങ്ങളൊന്നും തന്നെ ഇതിനു തടസ്സമായി വരുന്നുമില്ല.

പൊതുവിൽ കേരളത്തിൽ മാത്രം കാണാവുന്ന ചില ആരാധനാരീതികളും മലബാറിലെ മാപ്പിളമാർക്കിടയിൽ കാണാനാകും. ദിവ്യത്വമുള്ളവർ മരിച്ചാൽ അവരുടെ കബറിനുമുകളിൽ കെട്ടിപ്പൊക്കുന്ന സ്മാരകങ്ങളാണ് ജാറങ്ങൾ. ആണ്ടുനേർച്ചകളും മൗലൂദ് പാരായണങ്ങളും പ്രാർത്ഥനകളുമെല്ലാം നടക്കുന്ന ആരാധനാസ്ഥലമാണ് ജാറങ്ങൾ. പ്രസിദ്ധമായ നിരവധി ജാറങ്ങൾ പൊന്നാനിയിലുണ്ട്. കിൽക്കട്ടജാറം, വലിയപള്ളിജാറം, തോട്ടുങ്ങൽ പള്ളിജാറം, മുനമ്പത്ത്ബീവിജാറം, ഇബ്രാഹിമാബീവിയുടെ ജാറം, കുഞ്ഞാറ്റബീവിയുടെ ജാറം തുടങ്ങിയവ ഇവയിൽ ചിലതാണ്. മതപരമായ വേർതിരിവുകളില്ലാതെ വിശ്വാസികൾ പ്രാർത്ഥിയ്ക്കാൻ വരുന്ന പ്രാദേശികകേന്ദ്രങ്ങളാണ് ജാറങ്ങൾ. ഇവയിൽത്തന്നെ സ്ത്രീകൾ ആരാധനാ-പാത്രങ്ങളായി വരുന്ന ജാറങ്ങൾ പൊന്നാനിയുടെ പ്രത്യേകതയാണ്.

മലബാറിലെ സാമൂഹികജീവിതത്തിന്റെ പല ഗുണങ്ങളും സ്വാംശീകരിക്കുന്ന-തോടൊപ്പം സാമൂഹികമായ ഉച്ചനീചത്വങ്ങളും മുസ്ലീം സമുദായം അനുകരിയ്ക്കാ

തിരുന്നില്ല. ജാതിയെന്നതിനുപകരം സമ്പത്തും മതപരിവർത്തനത്തിന്റെ കാലഘട്ടങ്ങളും പറഞ്ഞായിരുന്നു പൊന്നാനിയിലെ മുസ്ലീങ്ങൾയ്ക്കിടയിലുള്ള വേർതിരിവുകൾ നിലനിന്നിരുന്നത്. അങ്ങാടിയിലെ മുസ്ലീങ്ങൾ പണ്ടുതൊട്ടേ മുസ്ലീങ്ങൾ ആയിരുന്നവരാണെന്നും കടപ്പുറത്തെ മുസ്ലീങ്ങൾ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മുസ്ലീമായി മാറിയ പുതിയ മുസ്ലീങ്ങൾ (പുയിസ്ലാം) ആണെന്നുമാണ് അങ്ങാടിക്കാർ വിശ്വസിയ്ക്കുന്നത്. കടപ്പുറത്തെ മുസ്ലീങ്ങളിൽ തന്നെ കുടിയേറിയവരെന്നും പണ്ടുതൊട്ടേ ഇവിടെ വസിയ്ക്കുന്നവരെന്നും പറഞ്ഞുള്ള വേർതിരിവുകൾ ഓരോ ദേശക്കാർക്കും ഇടയിലുണ്ട്. മീൻപിടിയ്ക്കാൻ ബോട്ടിൽ പോകുന്നവരും വഞ്ചിയിൽ പോകുന്നവരും തമ്മിലും കാക്കോച്ചിപറമ്പിലെയും അഴീയ്ക്കലിലെയും മനുഷ്യന്മാർ തമ്മിലും എല്ലാം ഇത്തരത്തിൽ അകാരണമായ മേൽകീഴ് ബന്ധങ്ങൾ ഇവർ സ്ഥാപിച്ചെടുത്തു. കുടിയേറ്റത്തിന്റേയും മതപരിവർത്തനത്തിന്റേയും ചരിത്രമല്ലാതെ മറ്റൊന്ന് പൊന്നാനിയിലെ മുസ്ലീങ്ങൾക്ക് ആർക്കും പങ്കുവെയ്ക്കാനില്ലെങ്കിൽ പോലും അങ്ങാടിയിലേയും അഴീയ്ക്കലേയും മരക്കടവത്തേയും മനുഷ്യർ തമ്മിൽ ഇന്നും ആരാണ് മികച്ചവരെന്നുള്ള തർക്കം നിലനിൽക്കുന്നുണ്ട്. കച്ചവടക്കാരും ധനികരുമായ അങ്ങാടിയിലെ മുസ്ലീം തറവാട്ടുകാർ ഈ മേൽകീഴ് ബന്ധങ്ങളിൽ എന്നും സവർണ ഹിന്ദുമതസ്ഥരുടേതിന് സമാനമായ സ്ഥാനം നിലനിർത്തുകയും ചെയ്യുന്നു.

പൊന്നാനിയുടെ സാമൂഹിക സാംസ്കാരിക ചരിത്രത്തിലെ എടുത്തുപറയേണ്ട പല വ്യക്തികളും സംഭവങ്ങളും ഈ തറവാടുകളുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. ഇന്ന് പൊന്നാനിയിൽ നിലനിൽക്കുന്ന ഏറ്റവും വലിയ തറവാടുകളിൽ ഒന്നാണ് വലിയ ജാറം തറവാട്. പൊന്നാനിയിലെ ഭൂപ്രഭുക്കന്മാരും ബ്രിട്ടീഷ് ഭരണകാലത്തെ പൊന്നാനിയിലെ അധികാരികളുമായിരുന്ന ഖാൻ ബഹദൂർ ആറ്റക്കോയ തങ്ങളുടെ തറവാടാണ് വലിയ ജാറം. കാതനങ്ങാടി, മീൻത്തെരുവ്, പാണ്ടിത്തറ തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങളെല്ലാം പണ്ട്കാലത്ത് വലിയജാറത്തിലെ കുടിയാന്മാരായിരുന്നു.

"സന്നകർ ബുഷ്റാ ന്നബീന്റെ മുപ്പതാം മകനാണോർ
സയ്യിദു അബ്ദുറഹ്മാൻ ഐദുറൂസി എന്ന് ഇസ്മായോർ

ഉന്നുവാൻ ഹളർമൗത്തിൽ ഉൻമയാൽ പിറന്നോർ

ഊരദയ് ബിടുന്തു പൊന്നാനിയിൽ ബന്ന് അണഞ്ഞോർ

അണൈന്തു ഉത്താൻങ്ങാനകത്തു ബോളിയും കാഷിത്തെ

ആനേ പിന്നെ കൊച്ചിയിലും ബിവാഹമൈ മുടിന്തെ

അണിയരാൽ ഇരുതലത്തും അഹ്ലുബൈത്തിൻ ബിത്തെ

അവ്വലും അൽ ആഖിറായേ അള്ളാഹു മുളപ്പിത്തെ

തണിയരോ തകൈ കശ്ഫും താരി ശുഹ്റത്തോ

താനമാം മലയാളമിൽ ബഹുമേനിൽ പ്രകാശിത്തേ

മണിയരാൽ വലിയജാറം യെന്ത നാമദത്തേ

ബന്ന് അവിടെ ബാളുവേർക്ക് ഏഷും വിലായത്തേ"[7]

കേരളത്തിലെ ഹൈദ്രോസി വംശപരമ്പരയ്ക്ക് ആരംഭം കുറിച്ച സയ്യിദ് അബ്ദുറഹ്മാൻ അൽഹൈദ്രോസിയാണ് മുന്നൂറ് വർഷങ്ങൾക്കുമുൻപ് ഈ തറവാട് സ്ഥാപിച്ചത്. കേരളത്തിലെ ഭൂരിഭാഗം പ്രവാചകപരമ്പരകളുടേയും തായ്‌വേര് അവകാശപ്പെടുന്ന യമനിലെ ഹളർമൗത്തിൽ നിന്നാണ് ഇദ്ദേഹം കേരളത്തിലേയ്ക്ക് വന്നതെന്നാണ് വിശ്വസിയ്ക്കുന്നത്. മലബാറിലെ പല പള്ളികളുടേയും നടത്തിപ്പും ആത്മീയനേതൃത്വവും വലിയജാറത്തിന് അവകാശപ്പെട്ടതാണ്. മഖ്ദൂംകുടുംബത്തെ കഴിഞ്ഞാൽ പൊന്നാനിയിൽ മതകാര്യങ്ങളിലെ നേതൃസ്ഥാനം വലിയജാറത്തിന് ആയിരുന്നു. മലബാറിലേയും കൊച്ചിയിലേയും മതവിശ്വാസികൾക്കിടയിൽ മാസപ്പിറവി വിളിച്ചറിയിച്ചിരുന്നത് വലിയജാറത്തിൽ നിന്നായിരുന്നു.

1887 മുതൽ 1908 വരെ ഇരുപത്തിയൊന്നാം സ്ഥാനിയായി മഖ്ദൂം സ്ഥാനം അലങ്കരിച്ച ചെറിയ ബാവ മുസ്ലിയാരും വലിയ ജാറത്തിലെ കാരണവർ ആയിരുന്ന സയ്യിദ് അലി ഇമ്പിച്ചിക്കോയ തങ്ങളും തമ്മിലുണ്ടായ വഴക്കുകൾ വലിയ ജാറത്തിന്റെ പൊന്നാനിയിലെ സ്വാധീനം തെളിയിയ്ക്കുന്നതാണ്. മഖ്ദൂം അനുകൂലികളും മഖ്ദൂം വിരുദ്ധരും ചേർന്ന് 1896 ഫെബ്രുവരി മാസത്തിൽ ഖാസി മൈതാനത്തിൽ വെച്ച് നടന്ന കയ്യേറ്റത്തെ തുടർന്ന് വലിയ ജുമഅത്ത് പള്ളിയിൽ വെച്ചുള്ള ജുമുഅ നമസ്കാരം

പോലും നടക്കാതെയായി. ഇക്കാലത്ത് വലിയ ജാറത്തിൽ പള്ളിയിൽ ആരംഭിച്ച ജുമുഅ നമസ്കാരം ചെറിയ ബാവ മുസ്ലിയാർ മഖ്ദൂമിന്റെ മരണം വരേയ്ക്കും തുടർന്നുപോന്നു (ടി.വി. അബ്ദുറഹിമാൻകുട്ടി, 2016:94).

ജന്മി-കുടിയാൻ ബന്ധം നിലനിന്നിരുന്ന അക്കാലത്ത് പൊന്നാനിയിലെ ക്രമസമാധാനപാലനം നടത്തിയിരുന്നത് വലിയ ജാറത്തിലെ വരാന്തയിലും മുറ്റത്തും ഒരുക്കിയിരുന്ന പ്രത്യേക സദസ്സുകളിലായിരുന്നു. ഈ സഭയിലെ പ്രമുഖ അംഗമായിരുന്ന എം കുട്ടിഹസ്സൻകുട്ടി സാഹിബിന് ബ്രിട്ടീഷ് സർക്കാർ ഹോണററി മജിസ്ട്രേറ്റ് സ്ഥാനം നൽകിയിരുന്നു. കേരള ചരിത്രത്തിൽ ആദ്യമായി ഒരു ഹരിജനെ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കുന്നത് വലിയ ജാറത്തിലെ സദസ്സിൽ വെച്ചാണ്. 1932-ൽ പൊന്നാനി യൂണിയൻ പഞ്ചായത്ത് ബോർഡിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ ചെറുമ ജാതിയിൽ നിന്നുള്ള കണക്കൻ കോത എന്ന വ്യക്തിയെ അന്നത്തെ കാരണവർ വലിയ ജാറത്തിങ്കൽ സയ്യിദ് അഹമ്മദ് ബിൻ അലി ഹൈദ്രോസ് പൂക്കോയതങ്ങളായിരുന്നു നാമനിർദേശം ചെയ്തത്. പൊന്നാനിയുടെ നവോത്ഥാന ചരിത്രത്തിൽ ഇക്കാരണത്താൽ വലിയ ജാറത്തിന് വളരെ പ്രാധാന്യമുണ്ട്. അതേ സമയം പൊന്നാനിയുമായി ബന്ധപ്പെട്ട ചരിത്രത്തിൽ എന്നും ബ്രിട്ടീഷ് പക്ഷപാതികളായി നിന്നതിന്റെ ചരിത്രവും വലിയജാറത്തിനുണ്ട്. ഈ ബ്രിട്ടീഷ് പക്ഷപാതിത്വമാണ് പൊന്നാനിയുടെ അധികാരസ്ഥാനങ്ങളിൽ ഇരിപ്പുറപ്പിയ്ക്കാൻ അവരെ സഹായിച്ചത്. ബ്രിട്ടീഷ് ഭരണത്തോട് സമരസപ്പെടുകയും അതിന്റെ ഭാഗമായുള്ള അധികാരസ്ഥാനങ്ങളിൽ കയറിപ്പറ്റുകയും ചെയ്ത ജന്മികുടുംബങ്ങളുടെ പൊതുപാരമ്പര്യമാണ് ഇവിടെ വലിയജാറവും പങ്കുവെയ്ക്കുന്നത്.

മലബാർലഹളയ്ക്ക് പുഴകടന്നെത്തിയ ലഹളക്കാരെ തടഞ്ഞുനിർത്തി വിവാഹസദ്യ കഴിപ്പിച്ച് തിരിച്ചയച്ച ചരിത്രമുള്ള തറവാടാണ് 1884-ൽ നിർമ്മിച്ച വെട്ടം പോക്കിരിയാനകം തറവാട്. 1921 ആഗസ്റ്റ് 21-ന് അന്നത്തെ റീജിയണൽ ഖിലാഫത്ത് കമ്മിറ്റിയുടെ പ്രസിഡന്റായ ഇമ്പിച്ചിക്കോയതങ്ങളുടെ മകളായ നഫീസ കുഞ്ഞാറ്റ ബീവിയുടെ നിക്കാഹ് നടക്കുന്ന സമയത്താണ് പുഴ കടന്ന് മലബാർ ലഹളക്കാർ

പൊന്നാനിയിലേയ്ക്ക് വരുന്നത്. ലഹളക്കാരെ കെ. കേളപ്പന്റെ നേതൃത്വത്തിൽ ചന്തപ്പടിയിൽ വെച്ച് തടഞ്ഞുനിർത്തി തിരികെ അയയ്ക്കാൻ ശ്രമിച്ചെങ്കിലും അത് ഫലിക്കാതെ വന്നപ്പോഴാണ് ഇമ്പിച്ചിക്കോയ തങ്ങൾ വന്ന് കേളപ്പൻ അടക്കമുള്ള ദേശീയവാദികളുടെ അഭിപ്രായങ്ങൾ മാനിയ്ക്കണമെന്നും മകളുടെ നിക്കാഹ് കൂടി തിരികെ പോകണമെന്നും ഖിലാഫത്ത് ഓഫീസിൽ വെച്ച് നടന്ന യോഗത്തിൽ ആവശ്യപ്പെടുന്നത്. അങ്ങനെ ലഹളക്കാരെ വെട്ടം പോക്കിരിയാനകം തറവാട്ടിൽ കയറ്റി താമസിപ്പിക്കുകയും അടുത്ത ദിവസം വിവാഹത്തിന് ഉപഹാരമായി ലഭിച്ച പണം അവർക്ക് നൽകി പറഞ്ഞയയ്ക്കുകയും ചെയ്തു. പിൽക്കാലത്ത് പൊന്നാനി എം. എൽ എ. ആയിരുന്ന വി. പി. സി. തങ്ങൾ ഈ തറവാട്ടിലെ അംഗമായിരുന്നു.

മൗനത്തുൾ ഇസ്ലാം സഭയ്ക്ക് രൂപം നൽകുകയും അതിനു മുൻപുള്ള കാലം പൊന്നാനിയിലെ മുസ്ലീം മതപരിവർത്തനത്തിന്റെ കേന്ദ്രമായി നിലകൊള്ളുകയും ചെയ്ത തറവാടാണ് കൗടൃാമാക്കാനകം. 1847-ലെ ജന്നത്ത് ബീവി സംഭവത്തിൽ ജന്നത്ത് ബീവിയെ തട്ടിക്കൊണ്ട് വന്ന് പാർപ്പിച്ചിരുന്നതും ഈ തറവാട്ടിൽ ആയിരുന്നു. അന്ന് അവരെ പാർപ്പിച്ചിരുന്ന മുറി ഇപ്പോഴും ആ തറവാട്ടിൽ നിലനിൽക്കുന്നുണ്ട്. അന്നത്തെ മഖ്ദൂമിന്റെ ഭാര്യവീട് കൂടിയായിരുന്നു ഈ തറവാട്. മഖ്ദൂം കുടുംബത്തിൽ നിന്നും വലിയ ജാറത്തിൽ നിന്നും നിരവധി വിവാഹങ്ങൾ കൗടൃാമാക്കാനകത്തേയ്ക്ക് നടന്നിട്ടുണ്ട്.

അങ്ങാടിയിലെ തറവാടുകളിൽ പ്രധാനപ്പെട്ടവയുടെ എല്ലാം പേരിന് കൂടെ അകം എന്ന പദം ചേർത്ത് കാണാം. എന്നാൽ ചില തറവാടുകൾക്ക് അകത്തിന് പകരം വീട് എന്നു ചേർത്താണ് തറവാട്ടുപേര് ഉണ്ടാവുക. ഇതിന്റെ പേരിലും തറവാടുകൾ തമ്മിൽ മേൽകീഴ് വ്യത്യാസങ്ങൾ സൃഷ്ടിക്കാൻ ശ്രമിയ്ക്കുന്നവരുണ്ട്. അകം എന്നു പേരായവർ പഴയ സവർണസമൂഹങ്ങൾ കുടുംബത്തോടെ മതം മാറിയതാണെന്നും വീട് എന്നു പേരുള്ളവർ പിന്നീട് വന്ന് തറവാട് കെട്ടി ഉണ്ടാക്കിയവരാണ് എന്നുമാണ് വാദം. അകം എന്നു പേരുള്ള തറവാട്ടുകാർ മാത്രമേ ഈ വാദം ശരിവെയ്ക്കുന്നുള്ളൂ. പഴയ സവർണസമൂഹങ്ങളുടെ വീട്ടുപേരുകൾ അനുകരിച്ചോ പിൻതുടർന്നോ തന്നെയാണ്

പൊന്നാനിയിലെ തറവാട്ടുപേരുകൾ ഉണ്ടായത് എന്നത് സംശയാതീതമാണ്. പലപ്പോഴും ഒരു വീട് വിലകൊടുത്ത് വാങ്ങുന്നവർ ആ വീടിന്റെ പേരും തറവാട്ടുപേരിനൊപ്പം സ്വീകരിയ്ക്കുന്നതും കാണാനാകും. മഖ്ദൂമുകൾ പൊന്നാനിയിൽ താമസമാക്കുമ്പോൾ വാങ്ങിയ വീടിന്റെ പേരാണ് പിന്നീട് മഖ്ദൂം തറവാടായി മാറിയ പഴയകം. ഒരു തറവാട്ടിൽ അംഗസംഖ്യ കൂടുകയും കുറച്ചുപേർ പുതിയ വീട്ടിലേയ്ക്ക് മാറുകയും ചെയ്യുമ്പോൾ പഴയ തറവാടിനൊപ്പം പുതുതായി വാങ്ങുന്ന വീടിന്റെ പേരും ചേർത്താണ് പുതിയ തറവാട്ടുപേര് രൂപപ്പെടുത്തുന്നത്. ഇത്തരത്തിൽ നോക്കിയാലും പൊന്നാനിയിലെ തറവാട്ടുപേരുകൾ എല്ലാം തന്നെ മതപരിവർത്തനം കൊണ്ട് മാത്രമല്ല ഭൂവസ്തുക്കൾ ദാനംകിട്ടിയവഴിയ്ക്കും വിലകൊടുത്ത് വാങ്ങിയതിലൂടെയും കൈവന്നതാകാമെന്ന് അനുമാനിയ്ക്കാം. എങ്കിലും ജീവിതരീതിയിലും സമ്പത്തിലും തങ്ങൾക്കുണ്ടായിരുന്ന മേൽക്കോയ്മ കാരണം സാമൂഹികമായ ഔന്നത്യം പൊന്നാനി അങ്ങാടിയിലെ തറവാട്ടുകാർ അവകാശപ്പെട്ടതായിരിയ്ക്കണം.

### 5.1.3 പൊന്നാനിയിലെ 'അകം' ജീവിതം

മലബാറിലെ തീരദേശവാസികളായ മുസ്ലീങ്ങൾയ്ക്കിടയിൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനംവരെ മരുമക്കത്തായ സമ്പ്രദായമായിരുന്നു നിലനിന്നിരുന്നത്. ചുരുക്കംചില പ്രദേശങ്ങളിൽ ഇന്നും മാതൃദായക്രമവും പുരുഷന്മാർ വധൂഗൃഹത്തിൽ അന്തിയുറങ്ങുന്ന പുതിയാപ്പിള സമ്പ്രദായവും നിലനിൽക്കുന്നുണ്ട്. അക്കൂട്ടത്തിൽ ഏറ്റവും വൈവിധ്യപൂർണവും സവിശേഷവുമായ മാതൃക കണ്ടെത്താൻ കഴിയുന്ന ഇടമാണ് പൊന്നാനി അങ്ങാടിയിലെ തറവാട് വീടുകൾ. ഹൈന്ദവരുടെ നാലുകെട്ടുകളോടും എട്ടുകെട്ടുകളോടും സാമ്യമുള്ളവയാണ് പൊന്നാനിയിലെ മുസ്ലീംതറവാടുകൾ. സമ്പന്നരായ ഹിന്ദുക്കളുടെ ജീവിതരീതിയുടെ അനുകരണമോ കേരള തച്ചുശാസ്ത്രത്തോടുള്ള ആകർഷണമോ കൊണ്ടാകാം തറവാടുകൾക്ക് ഈ ആകൃതി കൈവന്നത്. പടിപ്പുരയും നടുമുറ്റവും കൊട്ടിലുകളും വരാന്തയും കോലായുമെല്ലാമുള്ള അമ്പതോളം വീടുകൾ പണ്ടുകാലത്ത് പൊന്നാനിയി ലുണ്ടായിരുന്നു. പുതിയാപ്പിള സമ്പ്രദായത്തിന് അനുയോജ്യമായ രീതിയിലായിരുന്നു

ഇത്തരം വീടുകളുടെ ഘടന. ഒരേസമയം ഒന്നിലധികം കുടുംബങ്ങൾക്ക് താമസിയ്ക്കാവുന്ന ഈ തറവാടുകളുടെ ഉൾഭാഗത്തെയാണ് അകം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.

ഒരുവശത്ത് നടുമുറ്റവും മറ്റു മൂന്നു വശങ്ങളിലും കൊട്ടിലുകളുമുള്ള നാലുകെട്ട് മാതൃകയിലും നടുമുറ്റം ഇല്ലാത്ത ഒരു കൊട്ടിൽ മാത്രമുള്ള ഒറ്റ വീട് മാതൃകയിലും തറവാടുകൾ കാണാനാകും. പടിപ്പുരകൾ ഉള്ളതും ഇല്ലാത്തതുമായ വീടുകൾ ഇക്കൂട്ടത്തിലുണ്ട്. മിക്കയിടത്തും തറവാടിന്റെ ഒരുവശം പടിപ്പുരയും അതിനോട് ചേർന്നുള്ള പത്തായപ്പുരയും ആയിരിയ്ക്കും. മറ്റു മൂന്നുവശങ്ങളിൽ മാത്രമാണ് ആൾപാർപ്പ് ഉണ്ടായിരിയ്ക്കുക. പടിപ്പുര കടന്ന് ചെല്ലുന്നത് കോലായ് എന്നു വിളിയ്ക്കുന്ന വരാന്തയിലേയ്ക്ക് ആയിരിയ്ക്കും. അതിനോട് ചേർന്ന് കുറച്ച് ഉയരത്തിലുള്ള പടാപ്പുറം എന്നു പറയുന്ന ഭാഗവുമുണ്ടാകും. കുടുംബത്തിന് പുറത്തുള്ളവർക്ക് പരമാവധി ഇവിടെവരെ മാത്രമേ പണ്ടുകാലത്ത് പ്രവേശനം ഉണ്ടായിരുന്നുള്ളു. വരാന്തയിൽ നിന്നും കടക്കാവുന്ന കൊട്ടിൽ എന്ന വലിയ അകത്തളമാണ് തറവാടിന്റെ കേന്ദ്രഭാഗം. കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുകൂടുന്ന സ്ഥലമാണിവിടം. ഇവിടെ നിന്നാണ് അറകൾ എന്ന തറവാടിനകത്തെ ചെറിയ വീടുകളിലേയ്ക്ക് കടക്കുന്നത്.

ചെറുകുടുംബങ്ങൾ താമസിയ്ക്കുന്ന തറവാടിനകത്തെ ഭാഗങ്ങളെയാണ് അറ എന്നു പറയുന്നത്. മണ്ടകം കടക്കുന്ന മണ്ടകം, തലയ്ക്കലെ മണ്ടകം, അകമണ്ടകം എന്നിങ്ങനെ നാലുഭാഗങ്ങളായി അറകളെതിരിയ്ക്കാം. കൊട്ടിലിൽ നിന്നും അറകളിലേയ്ക്ക് കയറുന്ന ഇടത്തെ മാത്തോക്ക് എന്നു വിളിക്കുന്നു. മാത്തോക്ക് കഴിഞ്ഞാൽ കടക്കുന്നത് മണ്ടകമാണ്. ഒരു ചെറിയ അകത്തളവും അടുത്ത ബന്ധുക്കളോ സുഹൃത്തുക്കളോ വന്നാൽ അവർക്ക് ഇരിയ്ക്കാനുള്ള ഇടവുമാണ് ഈസ്ഥലം. അകമണ്ടകം അറയ്ക്കകത്തെ കിടപ്പുമുറിയാണ്. തലയ്ക്കലെ മണ്ടകത്തിൽ ഒരു ശുചിമുറിയും ചെറിയ കോലായും ഉൾപ്പെടുന്നു. പലപ്പോഴും മൂന്നും നാലും തലമുറകൾ താമസിയ്ക്കാറുള്ള തറവാടുകളിൽ ഓരോ കുടുംബങ്ങൾക്കും അനുവദിച്ചിട്ടുള്ള സ്വകാര്യ

ഇടമായി അറകളെ പരിഗണിയ്ക്കാം. വിവാഹം കഴിച്ച് തറവാട്ടിലേയ്ക്ക് വരുന്ന പുതിയാപ്പിളമാർ അന്തിയുറങ്ങുക ഈ അറകളിലാണ് (H.M.Rahman, 2016:84).

പൊന്നാനിയിലെ പുരുഷന്മാർ സ്വന്തമായി വീടില്ലാത്തവരായിരുന്നെന്ന് പറയാം. വിവാഹം കഴിയുന്നത് വരെ മാതൃഗൃഹമാണ് അവരുടെ വീട്. വിവാഹം കഴിഞ്ഞാൽ അന്തിയുറങ്ങാൻവേണ്ടി അവർ ഭാര്യാഗൃഹത്തിലേയ്ക്ക് പോകുന്നു. രാവിലെ എഴുന്നേറ്റ് പ്രഭാതഭക്ഷണം കഴിച്ചാൽ അവിടെനിന്നും തിരികെ പോകുന്നു. ഇങ്ങനെ ക്രമേണ അവർ ഭാര്യാഗൃഹത്തിലെ അംഗങ്ങളായി മാറുന്നു. മാതാവിന്റെ വീട്ടുപേരാണ് അവർ തങ്ങളുടെ വീട്ടുപേരായി സ്വീകരിയ്ക്കുന്നത്. വീടുകളുടെയെല്ലാം ഉടമസ്ഥാവകാശവും കുടുംബത്തിലെ മുതിർന്നസ്ത്രീയുടെ പേരിലായിരിയ്ക്കും. വയസ്സേറെയായി മരിയ്ക്കുമ്പോൾപോലും കുടുംബത്തിലെ പുതിയാപ്പിള എന്നതു തന്നെയായിരിയ്ക്കും അവരുടെസ്ഥാനവും പലപ്പോഴും അഭിസംബോധന ചെയ്യപ്പെടുന്ന നാമവും.

ജനനം മുതൽ മരണം വരേയും ഒരു വീടിനകത്തുതന്നെ കഴിയുന്നവരാണ് പൊന്നാനിഅങ്ങാടിയിലെ സ്ത്രീകൾ. കല്ല്യാണം കഴിഞ്ഞതിനുശേഷവും വിശേഷാവസരങ്ങളിൽ മാത്രമായിരിക്കും അവർ ഭർതൃഗൃഹത്തിലേയ്ക്ക് പോകുന്നത്. തറവാടിനുപുറത്തുള്ള ലോകം പുരുഷന്മാരുടേതും അകത്തുള്ളലോകം സ്ത്രീകളുടേതും എന്നായിരുന്നു അന്നത്തെ സങ്കൽപം. അതുകൊണ്ട് തന്നെ പൊന്നാനിയിലെ തറവാടുകളേയും അതിനകത്തെ ജീവിതത്തേയും കുറിച്ചുള്ള അന്വേഷണങ്ങൾ അവിടത്തെ സ്ത്രീ ജീവിതത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണ്.

പകൽസമയത്ത് പുറംലോകവുമായി അധികം ബന്ധമില്ലാത്തവരാണ് ഈ തറവാടുകളിലെ സ്ത്രീകൾ. പകൽ സമയത്ത് പുറത്തിറങ്ങാനോ വീടിനകത്ത് തന്നെ അടുത്തബന്ധുക്കളല്ലാത്ത പുരുഷന്മാരെക്കാണാനോ അവർക്ക് അനുവാദമുണ്ടായിരുന്നില്ല. എന്നാൽ അതേസമയം സ്വത്തുടമസ്ഥതകളും രാത്രിനേരങ്ങളിലെ നാടുചുറ്റലുകളും കല്ല്യാണംവിളികളുമടക്കം തങ്ങളുടേതായ പൊതുഇടങ്ങൾ അവർ നിലനിർത്തിയിരുന്നു. ‘ഒല്ലി’ എന്നുപറയുന്ന ഒരുതരം വസ്ത്രം ധരിച്ച് കുടയുംചൂടിയാണ് കൂട്ടംകൂട്ടമായി തറവാടുകളിൽ നിന്നും സ്ത്രീകൾ പുറത്തേയ്ക്ക് പോകുന്നത്. കല്ല്യാണം,

മരണം എന്നീ ചടങ്ങുകൾക്കായാണ് സ്ത്രീകൾ അധികവും പുറത്ത് പോയിരുന്നത്. അതിനു പുറമേ ചിലപ്പോഴെല്ലാം കടപ്പുറത്തേയ്ക്കും അങ്ങാടിയിലെ കടകളിലേയ്ക്കും അവർ പോയിരുന്നു.

ചായയും പലഹാരങ്ങളുമായി കടപ്പുറത്തേയ്ക്കുള്ള യാത്രകളായിരുന്നു അവരുടെ ജീവിതത്തിലെ പ്രധാന ഉല്ലാസവേളകൾ. കുടുംബത്തിലെ ചെറിയകുട്ടികൾ അല്ലാതെ മറ്റ് പുരുഷന്മാർ ആരും കൂടെ ഇല്ലാതെ അവർ കടൽ കാണാൻ ഇറങ്ങുകയും പാതിരാത്രിയോളം അവിടെ ചുറ്റിനടന്ന് തിരിച്ചുവരികയും ചെയ്യുന്നു. ഇതുപോലെ തന്നെ തൊട്ടടുത്ത പറമ്പുകളിലും അവർ കൂടുമായിരുന്നു. 'കൂടൽ ചൂടൽ' എന്നാണ് ഇതിനെ പറയുക. പെരുന്നാളുകാലത്തും നേർച്ചക്കാലത്തും എല്ലാം അവർ അങ്ങാടിയിലേയ്ക്ക് ഇറങ്ങിയിരുന്നതും ഇതുപോലെ രാത്രിസമയങ്ങളിൽ തന്നെയായിരുന്നു. രാത്രി എട്ട് മണിയോടെ കുടുംബത്തിലെ പുരുഷന്മാർക്ക് ഭക്ഷണം വിളമ്പിനൽകി പുറത്തേയ്ക്കിറങ്ങുന്ന സ്ത്രീകൾ പാതിരാത്രി മൂന്നോ നാലോ മണിവരെ പൊന്നാനിയിലെ അങ്ങാടികളിലും കടപ്പുറത്തും കൂട്ടമായി നടന്നിരുന്നു.

മാസങ്ങളോളംനീളുന്ന കല്ല്യാണംവിളികളും രാത്രിയിലെ കല്ല്യാണങ്ങളുമായിരുന്നു സ്ത്രീകൾ പങ്കെടുക്കുന്ന മറ്റൊരു പരിപാടി. ആചാരങ്ങൾ കൊണ്ടും ആഘോഷങ്ങൾ കൊണ്ടും ഏറെവ്യത്യസ്തത പുലർത്തുന്നവയായിരുന്നു പൊന്നാനിയിലെ കല്ല്യാണങ്ങൾ. മുപ്പത് വർഷങ്ങൾക്ക് മുൻപുവരെ പൊന്നാനിയിലെ കല്ല്യാണങ്ങളെല്ലാം രാത്രിയിലായിരുന്നു നടന്നിരുന്നത്. പണികഴിഞ്ഞ് മനുഷ്യർക്ക് കൂടിച്ചേരാൻ സാധിയ്ക്കുന്ന നേരമെന്ന നിലയിലാകണം വിവാഹാഘോഷങ്ങൾക്ക് രാത്രികൾ പരിഗണിക്കപ്പെട്ടത്. അറബിപഞ്ചാംഗം അനുസരിച്ചാണ് കല്ല്യാണത്തിന്റെ തിയതി ഉറപ്പിക്കുക.[8] വിവാഹമുറപ്പിച്ചാൽ ഉടനെത്തന്നെ കല്ല്യാണം വിളികളാരംഭിയ്ക്കും. വധുവിന്റേയോ വരന്റേയോ പിതാവിന്റെ വീട്ടിൽനിന്നായിരിക്കും കല്ല്യാണംവിളിയുടെ ആരംഭം കുറിയ്ക്കുന്നത്. 'ഇല്ലത്തുവിളി' എന്നാണ് ഇതിന് പറയുക. മുൻകൂട്ടി ദിവസം നിശ്ചയിച്ച് ഇല്ലത്ത് അറിയിയ്ക്കും. നൂറിലേറെ പേർവരുന്ന സംഘം അവിടെപ്പോയി കല്ല്യാണം വിളിയ്ക്കും, അവർക്കുള്ള ഭക്ഷണവും അവിടെനിന്നും നൽകും. ആ

വിളികഴിഞ്ഞാൽ പിന്നെ മറ്റുവീടുകളിലെ കല്ല്യാണംവിളികൾ തുടങ്ങും. കുടുംബത്തിലെ ആണുങ്ങളെ ആണുങ്ങളും പെണ്ണുങ്ങളെ പെണ്ണുങ്ങളും പോയി നേരിട്ട്വിളിയ്ക്കുക എന്നതായിരുന്നു കീഴ്വഴക്കം. ഏഴു വയസ്സിനു മുകളിൽ പ്രായമുള്ള ഓരോ ആൺകുട്ടിയേയും പ്രത്യേകം കണ്ട് കല്ല്യാണംവിളിയ്ക്കണം എന്നത് നിർബന്ധമായിരുന്നു. സ്ത്രീകളുടെ കല്ല്യാണം വിളികൾ അവരുടെ ഉല്ലാസയാത്രകൾ പോലെ എപ്പോഴും രാത്രികാലങ്ങളിൽ തന്നെയായിരുന്നു.

മൂന്ന് തരം വിളികളായിരുന്നു പൊന്നാനിയിലെ സ്ത്രീകൾക്കിടയിൽ കല്ല്യാണം വിളിയുടെ ഭാഗമായി ഉണ്ടായിരുന്നത്. ആദ്യത്തെ വിളി കുടുംബത്തിലെ സ്ത്രീകൾ കൂട്ടമായിപ്പോയുള്ള വിളിയാണ്. രാത്രിനമസ്കാരം കഴിഞ്ഞാൽ സ്ത്രീകൾ കൂട്ടമായി കല്ല്യാണംവിളികൾക്കായി പോവുകയായി. പത്തിരുപതുപേരുള്ള കൂട്ടങ്ങളായാണ് അവർ പോവുക. കല്ല്യാണം വിളിയ്ക്കാൻ വരുന്നുണ്ടെന്ന് മുൻപേ അറിയിയ്ക്കുന്നതിനാൽ ചായയും പലഹാരങ്ങളും ഒരുക്കിവെച്ച് മറ്റു തറവാടുകളിലെ സ്ത്രീകൾ ഇവരെ കാത്തിരിയ്ക്കും. ദൂരെനിന്നുതന്നെ കല്ല്യാണം വിളിയ്ക്കാൻ ആളു വരുന്നതിന്റെ ഒച്ച കേൾക്കാം. രാത്രി രണ്ടും മൂന്നും മണി വരെ നീളുന്ന കല്ല്യാണംവിളികൾ മാസങ്ങളോളം നീണ്ടുനിൽക്കും.

തറവാട്ടിലെ വേലക്കാരികളാണ് രണ്ടാമത് കല്ല്യാണം വിളിയ്ക്കുന്നത്. പെണ്ണിന് വാങ്ങിവെച്ച പൊന്നെല്ലാം അണിഞ്ഞുകൊണ്ട് വേലക്കാരികൾ ബന്ധുവീടുകളിൽ കയറി കല്ല്യാണം വിളിയ്ക്കും. 'പൊന്നിട്ട് വിളി' എന്നാണ് ഇതിന് പറയുന്നത്.[9] പൊന്നെല്ലാം ബന്ധുക്കൾക്ക് കാണാനായിട്ടാണ് ഇങ്ങനെ ചെയ്യുന്നത്. കല്ല്യാണത്തിന് അടുത്ത ദിവസങ്ങളിൽ വീട്ടിൽ വരുന്ന അതിഥികൾക്ക് മുന്നിൽ പൊന്നിട്ടിരിക്കുന്നതും വേലക്കാരി തന്നെയായിരിയ്ക്കും. അടുത്ത ബന്ധുക്കൾക്ക് മാത്രമേ കല്ല്യാണത്തിന് മുൻപേ പെണ്ണിനെ കാണാൻ സാധിയ്ക്കുകയുള്ളൂ. പൊന്നിട്ട്വിളിയ്ക്കാനായി ബന്ധുവീടുകളിൽ പോകുമ്പോഴെല്ലാം വേലക്കാരിയ്ക്ക് അവിടെ നിന്നും അഞ്ച്, പത്ത്, ഇരുപത് എന്നിങ്ങനെ ടിപ്പ് ലഭിയ്ക്കും. ഈപണം അവർക്കെടുക്കാമെങ്കിലും കിട്ടിയ കാശിന്റെ കണക്ക് വീട്ടിലെത്തി കൃത്യമായി പറഞ്ഞുകേൾപ്പിയ്ക്കണം. അത് എഴുതിസൂക്ഷിച്ച് പിന്നീട്

മറ്റു തറവാടുകളിൽ നിന്നും ഇതുപോലെ പൊന്നിട്ട്‌വിളിയ്ക്കാൻ വരുമ്പോൾ തിരികെകൊടുക്കുന്ന പതിവുണ്ടായിരുന്നു. ഈ വേലക്കാരി തന്നെ കല്ല്യാണത്തിന്റെ രണ്ടുമൂന്ന് ദിവസംമുൻപ് ബന്ധുവീടുകളിൽ പോയി മൂന്നാമതൊരു വിളിയുംകൂടി വിളിയ്ക്കും. എന്നാൽ 1980കളോടെ ഈ മൂന്നുവിളികളെന്ന രീതി അവസാനിച്ചു. ആദ്യവിളിയ്ക്ക് പോകുമ്പോൾത്തന്നെ ഇനി രണ്ടും മൂന്നും വിളികൾ ഉണ്ടാവില്ലെന്നു പറഞ്ഞുവെയ്ക്കും.

പുരുഷന്മാരുടെ കല്ല്യാണം വിളി അധികവും പകൽ സമയത്തായിരിയ്ക്കും. ചെറുക്കന്റെ വീട്ടിൽ നിന്നും കല്ല്യാണം വിളിയ്ക്കേണ്ടവരുടെ ഒരു ലിസ്റ്റ് കൊടുക്കും. കൂടെ ചെറുക്കൻവീട്ടിൽ നിന്ന് ഒരാളേയും പറഞ്ഞയയ്ക്കും. ഇരുനൂറിലധികം പേർവരുന്ന ആ ലിസ്റ്റിൽ ഒരോരുത്തരേയും നേരിൽ ചെന്നുകണ്ട് ക്ഷണിയ്ക്കണം. ആരെയെങ്കിലും വിളിക്കാൻ മറന്നുപോയാൽ ചിലപ്പോൾ കല്ല്യാണംവരെ മുടങ്ങിപ്പോകും.

കല്ല്യാണത്തിന് സ്ത്രീധനമായി ഒരുപാട് സ്വർണം നൽകുന്ന പതിവ് പൊന്നാനിക്കാർക്കിടയിൽ ഉണ്ടായിരുന്നില്ല. കച്ചവടക്കാരായ കുടുംബങ്ങൾ പൊന്നാനിഅങ്ങാടിയിലെ കടമുറികളോ ഭൂസ്വത്തോ മറ്റെന്തെങ്കിലുമോ ആണ് കല്ല്യാണച്ചെക്കന് പാരിതോഷികം നൽകിയിരുന്നത്. നിലവിലെ പൊന്നാനി അങ്ങാടിയിലെ കടമുറികളെല്ലാം ഇങ്ങനെ പുതിയാപ്പിളമാർക്ക് സമ്മാനം കിട്ടിയവയാണ്.

റാന്തൽവിളക്കും പിടിച്ച് പാട്ടുംപാടി തെരുവിലൂടെ നീങ്ങുന്ന കല്ല്യാണ ഘോഷയാത്രകളാണ് പൊന്നാനിക്കല്ല്യാണത്തിന്റെ മറ്റൊരു പ്രത്യേകത. പലഹാരങ്ങൾ വിതരണം ചെയ്തും പരസ്പരം പാട്ടുപാടി മത്സരിച്ചും എല്ലാമാണ് ഈ ഘോഷയാത്രകളെ കല്ല്യാണവീടുകളിലേയ്ക്ക് സ്വീകരിയ്ക്കുന്നത്. നാട്ടിലെ മികച്ച പാട്ടുകാരെല്ലാം കല്ല്യാണത്തിന് പാട്ടുപാടാനായി എത്തിച്ചേരും. നാനാദേശങ്ങളിൽ നിന്നും കടൽകടന്നുവരുന്ന സംഗീതങ്ങൾ പൊന്നാനിയിലെ മനുഷ്യർക്ക് പരിചിതമാകുന്നത് ഈ ഘോഷയാത്രകളിൽ വെച്ചാണ്. കല്ല്യാണവീടുകളിൽ എപ്പോഴും കലയുടേയും സംഗീതത്തിന്റേയും ബഹളം തന്നെയായിരിക്കും. പെണ്ണിന്റെ വീട്ടിൽ

ഒപ്പനയും ചെക്കന്റെ വീട്ടിൽ മൗത്തളപ്പാട്ടും വട്ടപ്പാട്ടും ഉണ്ടാകും.[10] കല്ല്യാണത്തിന് വീട്ടിൽനിന്നും പുറപ്പെടുന്ന ചെറുക്കനെ മുറ്റത്തിരുത്തി ഒസ്സാൻ പ്രതീകാത്മകമായി താടി വടിച്ചുകൊണ്ടാണ് മൗത്തളപ്പാട്ടു തുടങ്ങുന്നത്. കല്ല്യാണവീടുകളിൽ കോൽക്കളിയും ഉണ്ടാകാറുണ്ട്.

കല്ല്യാണം കഴിഞ്ഞ് പെണ്ണ് ചെറുക്കന്റെ വീട്ടിലേയ്ക്ക് ആദ്യമായികയറുന്ന ചടങ്ങാണ് 'ഇല്ലത്തിരിയ്ക്കൽ'. ഇല്ലത്തിരിയ്ക്കൽ കഴിഞ്ഞതിന് ശേഷംമാത്രമേ പെണ്ണിന് മറ്റുവീടുകളിലെ വിശേഷങ്ങൾക്ക് പോകാൻ സാധിയ്ക്കുകയുള്ളൂ. കല്ല്യാണം കഴിഞ്ഞാലും പുരുഷന്മാർ അവരുടെ വീടുകളിൽ തന്നെയായിരിയ്ക്കും താമസിയ്ക്കുക. രാത്രി പന്ത്രണ്ട് മണിയാകുമ്പോൾ ചെറുക്കൻ സ്വഗൃഹത്തിൽ നിന്നും വധൂ ഗൃഹത്തിലേയ്ക്ക് പോകും. അവിടെ അന്തിയുറങ്ങി രാവിലെ പ്രഭാതഭക്ഷണം കഴിച്ചതിനുശേഷം വീണ്ടും സ്വഗൃഹത്തിലേയ്ക്ക് തന്നെ മടങ്ങും. തുടർച്ചയായി ഏഴുദിവസങ്ങൾ ഇതേ ചടങ്ങ് ആവർത്തിയ്ക്കും. ഓരോ ദിവസവും വ്യത്യസ്ത സംഘങ്ങൾ വരനെ അനുഗമിയ്ക്കുകയും ചെയ്യും. ഇക്കാലയളവിലെല്ലാം വധൂഗൃഹത്തിൽ നിന്നും വരന്റെ വീട്ടിലേയ്ക്ക് പലഹാരങ്ങൾ കൊടുത്തയയ്ക്കുന്ന പതിവും ഉണ്ടായിരുന്നു. ഇതുപോലെ റംസാൻ മാസത്തിലെ നോമ്പുകാലമായാൽ മുപ്പത് ദിവസവും പലഹാരക്കൂടകളുമായി വധൂഗൃഹത്തിൽ നിന്നും വരന്റെ വീട്ടിലേയ്ക്ക് ആൾക്കാരെത്തുമായിരുന്നു.[11] കുറേ കാലം കഴിയുമ്പോൾ പുതിയാപ്പിളമാർ പെണ്ണിന്റെ തറവാട്ടിലെ ഒരംഗത്തെ പോലെയാകും.

വിവാഹമല്ലാതെയുള്ള മറ്റുപല ആഘോഷങ്ങൾക്കും പൊന്നാനിക്കാർ കല്ല്യാണമെന്നു തന്നെയാണ് പേരിട്ടിരുന്നത്. പൊന്നാനിക്കല്ല്യാണം പോലെത്തന്നെ ആർഭാടവും ആഘോഷവും നിറഞ്ഞുനിൽക്കുന്ന ചടങ്ങുകളായിരുന്നു ഇവയെല്ലാം. പെൺകുട്ടികളുടെ കാതുകുത്ത് കല്ല്യാണമായിരുന്നു അതിൽ ആദ്യത്തേത്. കുട്ടികൾ പാവയെ ഉണ്ടാക്കി അവരെത്തമ്മിൽ കല്ല്യാണം കഴിപ്പിയ്ക്കുന്ന കളിയാണ് 'വാവോച്ചിക്കല്ല്യാണം'. പലഹാരങ്ങൾ ഉണ്ടാക്കിയും വീടലങ്കരിച്ചും മുതിർന്നവരും ഇതിൽ പങ്ക് ചേരും. പെൺകുട്ടികൾ പ്രായപൂർത്തിയാകുമ്പോൾ തിരണ്ട്കല്ല്യാണം

നടത്തുന്നു. പ്രായപൂർത്തിയായ പെൺകുട്ടി 'അകംഅടങ്ങുക' എന്ന സമ്പ്രദായവും പൊന്നാനിയിൽ നിലനിന്നിരുന്നു. പ്രായപൂർത്തിയായ പെൺകുട്ടിയെ വീട്ടിലിരുത്തുന്നതാണ് ഈ സമ്പ്രദായം. അകമടങ്ങിയ പെൺകുട്ടി പിന്നീട് കല്ല്യാണം കഴിയുന്നത് വരെ പുറത്ത് പോകാൻ പാടില്ല. അതുപോലെ ആൺകുട്ടികൾക്ക് ചേലാകർമ്മം നടത്തുന്ന ചടങ്ങും ആർഭാടപൂർണമായി സുന്നത്തുകല്യാണമെന്ന പേരിൽ പൊന്നാനിയിൽ നടത്താറുണ്ട്. ആനയും ബാൻഡ്സെറ്റും വരെ ഏർപ്പാടാക്കിയ സുന്നത്തുകല്ല്യാണങ്ങൾ പൊന്നാനിയിൽ നടന്നിട്ടുണ്ട്.[12] ഈ ആഘോഷങ്ങൾക്കെല്ലാം പറമ്പുവിറ്റും സ്ത്രീകളുടെ സ്വർണം വിറ്റുമായിരുന്നു പൊന്നാനിക്കാർ പണം കണ്ടെത്തിയിരുന്നത്. കല്ല്യാണമാകുമ്പോൾ പറമ്പു വിൽക്കുന്നത് പൊന്നാനി അങ്ങാടിയിലെ സമ്പന്നർക്കിടയിൽ പോലും സാധാരണയായിരുന്നു.

നിയമപരമായി പൊന്നാനിയിലെ തറവാടുകളുടെയെല്ലാം ഉടമസ്ഥാവകാശികൾ കുടുംബത്തിലെ സ്ത്രീകളായിരുന്നു. അവരുടെ പേരിൽ വഖഫ് ചെയ്തിട്ടുള്ള ഭൂസ്വത്തുക്കൾ കൈമാറ്റം ചെയ്യാനോ പുരുഷന്മാർക്ക് നൽകാനോ സാധിയ്ക്കില്ലായിരുന്നു. എന്നാൽ സ്ത്രീകളുടെ സ്വത്തിന്റെ നടത്തിപ്പ് അവകാശം പലപ്പോഴും പുരുഷന്മാരുടെ കൈകളിലായിരുന്നു. അതേ സമയം തറവാട്ടിനകത്തെ കാര്യങ്ങളിൽ സ്ത്രീകൾക്ക് പൂർണാധികാരം ഉണ്ടായിരുന്നു. തറവാട്ട് കാരണവർ എന്ന നിലയിൽ മാത്രമല്ല പഠനത്തിലും വൈദ്യത്തിലും മന്ത്രവാദത്തിലും ഒക്കെ കഴിവ് തെളിയിച്ച സ്ത്രീകളും പൊന്നാനിയിലുണ്ടായിരുന്നു.

ഔദ്യോഗികവിദ്യാഭ്യാസം ലഭിച്ചിട്ടില്ലെങ്കിലും അറബിമലയാളത്തിൽ പ്രാവീണ്യം നേടിയിരുന്നവരായിരുന്നു പൊന്നാനിഅങ്ങാടിയിലെ സ്ത്രീകൾ. ആയിരത്തൊന്നു രാവുകളിലെ കഥകളും വിശുദ്ധഖുറാനും അവരിൽ പലർക്കും മനപ്പാഠമായിരുന്നു. തറവാടിനകത്ത് മറവിലിരുന്ന് സ്ത്രീകൾ ഉസ്താദുമാരിൽ നിന്നും ഖുർആൻ അഭ്യസിച്ചിരുന്നു. അറബിമലയാളം, ജ്യോതിഷം, വൈദ്യം, മന്ത്രവാദം എന്നിവയിലെല്ലാം പ്രാവീണ്യം തെളിയിച്ച സ്ത്രീകൾ പൊന്നാനിയിലുണ്ടായിരുന്നു. മന്ത്രിച്ചൂതൽ, പിഞ്ഞാണമെഴുത്ത്, ഉറുക്കുകെട്ടൽ എന്നിവയിലെല്ലാം പ്രാഗൽഭ്യമുള്ളവരും

ഇക്കൂട്ടത്തിലുണ്ടായിരുന്നു.[13] വെട്ടംപോക്കിരിയാനകത്തെ കുഞ്ഞാറ്റബീവി അക്കൂട്ടത്തിൽ കടപ്പുറത്തെ മത്സ്യത്തൊഴിലാളികൾക്കിടയിൽ ഏറെ വിശ്വാസമുണ്ടായിരുന്ന ഒരാളായിരുന്നു. അവരുടെ അടുത്തുപോയി ചരട് മന്ത്രിച്ച്കെട്ടി കടലിൽപോയാൽ നിറയെ മീൻ ലഭിയ്ക്കും എന്നായിരുന്നു വിശ്വാസം. ഇങ്ങനെ കിട്ടുന്ന മീനിൽ ഒരു പങ്ക് മത്സ്യത്തൊഴിലാളികൾ കുഞ്ഞാറ്റബീവിയ്ക്ക് കൊണ്ടുവന്നു കൊടുക്കുകയും ചെയ്യും. അതുപോലെതന്നെ ഗർഭിണികളായ സ്ത്രീകൾക്കും അസുഖമുള്ളവർക്കും ഇവിടെനിന്നും വെടക്കിന്റെ നെയ്യ് നൽകിയിരുന്നു. ഇതു ഭക്ഷിച്ചാൽ അസുഖം കുറയുമെന്ന് അവർ വിശ്വസിച്ചിരുന്നു.[14]

പൊന്നാനിയിലെ പുരുഷന്മാർ അന്യദേശങ്ങളിൽ പോയി വിവാഹം കഴിച്ചുതുടങ്ങുന്നതോടെയാണ് മരുമക്കത്തായ വ്യവസ്ഥ നിലനിന്നിരുന്ന ഇവിടത്തെ തറവാടുവീടുകളിൽ മാറ്റം വന്നു തുടങ്ങിയത്. മറ്റു ദേശങ്ങളിൽ നിന്നും വിവാഹം കഴിയ്ക്കുന്ന മുസ്ലീങ്ങൾ അവരുടെ ഭാര്യമാരെ സ്വഗൃഹത്തിലേയ്ക്ക് കൊണ്ടുവരാനും സ്വന്തം വീടുകളിൽ തന്നെ അന്തിയുറങ്ങാനും തുടങ്ങി. സങ്കീർണമായ സ്വത്തുടമ ബന്ധങ്ങൾ നിലവിലെ തറവാടുകൾ പൊളിയ്ക്കാനോ പുതുക്കിപ്പണിയാനോ എളുപ്പമല്ലാതാക്കിയതോടെ പലരും ചെറുവീടുകൾ പണിത് അങ്ങാടിയ്ക്ക് പുറത്തേയ്ക്ക് താമസം മാറ്റി. എന്നാലിപ്പോഴും പൊന്നാനിയ്ക്ക് അകത്ത് മരുമക്കത്തായ വ്യവസ്ഥയിൽ കല്ല്യാണങ്ങൾ നടക്കുന്നുണ്ട്. നടുമുറ്റങ്ങളും നാലുകെട്ടുകളും ആറോ ഏഴോ അറകളുമുള്ള തറവാടുവീടുകൾ ഭൂരിഭാഗവും വിജനമാണെങ്കിലും തകർന്നടിയാതെ ഇന്നും പൊന്നാനിയിൽ നിലനിൽക്കുന്നുണ്ട്.

### 5.2 പൊന്നാനിയുടെ ബ്രാഹ്മണപാരമ്പര്യം

നമ്പൂതിരിസമുദായത്തെ സംബന്ധിച്ച വിവരണങ്ങളിൽ മലബാറിൽ ഏറ്റവും അധികം ഋഗ്വേദികളും സാമവേദികളും ഉള്ളത് അന്നത്തെ പൊന്നാനി താലൂക്കിലാണെന്ന് വില്യം ലോഗൻ പരാമർശിക്കുന്നുണ്ട്(വില്യം ലോഗൻ, 2014:102). ഭാരതപ്പുഴയുടെ ഇരുകരകളിലുമായി വ്യാപിച്ചുകിടക്കുന്ന യാഗപാരമ്പര്യമുള്ള പുഴയുടെ തീരങ്ങളാകണം പൊന്നാനിയെ ഇത്തരത്തിലൊരു വിശേഷണത്തിന് അർഹമാക്കിയത്.

കേരളത്തിലെ പ്രസിദ്ധമായ ബ്രാഹ്മണഗ്രാമങ്ങളിൽ ശ്രേഷ്ഠ സ്ഥാനത്തു പ്രതിഷ്ഠിക്കാവുന്ന രണ്ടു ഗ്രാമങ്ങൾ ഈ അതിർത്തിയ്ക്കകത്തായിരുന്നു. നിലവിലെ രാഷ്ട്രീയഭൂപടം പൊന്നാനിയെ വളരെ ചെറിയൊരു ഭൂപ്രദേശമായി ചുരുക്കി കളഞ്ഞെങ്കിലും ഈ ബ്രാഹ്മണഗ്രാമങ്ങളിലെ പല ഗൃഹങ്ങളും ഇപ്പോഴും പൊന്നാനിയ്ക്ക് അകമേ തന്നെയാണ്. ചില ഗൃഹങ്ങൾ ഇന്നത്തെ പൊന്നാനി താലൂക്കിന് പുറത്താണെങ്കിൽ പോലും പൊന്നാനിയുടെ സാമൂഹിക സാംസ്കാരികചരിത്രം പരിശോധിയ്ക്കുമ്പോൾ ഒഴിവാക്കാനാവാത്ത സ്ഥാനം അവയ്ക്കുണ്ടെന്നത് തീർച്ചയാണ്. പൊന്നാനിയുടെ രാഷ്ട്രീയചരിത്രത്തിൽ സവിശേഷമായ പല സന്ദർഭങ്ങളിലും ഇന്ന് പൊന്നാനി താലൂക്കിന് അകത്തോ പുറത്തോ ആയി നിലകൊള്ളുന്ന ഈ ഗൃഹങ്ങളുടെ സാന്നിധ്യം കാണാനാകും.

### 5.2.1 ബ്രാഹ്മണഗ്രാമങ്ങളും കൂറുമത്സരവും

ഐതിഹ്യമനുസരിച്ച് പരശുരാമൻ ഉത്തരദേശത്തെ ആര്യപുരങ്ങളിൽ നിന്നുംകൊണ്ടുവന്ന് അറുപത്തിനാല് ഗ്രാമങ്ങളിലായി കുടിയിരുത്തിയവരാണ് കേരളത്തിലെ ബ്രാഹ്മണർ. ക്ഷത്രിയോന്മൂലനത്തിന്റെ പാപംതീർക്കാൻ പരശുരാമൻ ബ്രാഹ്മണർക്ക് നൽകിയ ദാനമാണ് ഈ ഭൂമിയെന്നാണ് ഐതിഹ്യം. ഇതു പ്രകാരം തുളുനാട്ടിലെ മുപ്പത്തിരണ്ട് ഗ്രാമങ്ങളിലും കേരളത്തിലെ മുപ്പത്തിരണ്ട് ഗ്രാമങ്ങളിലുമാണ് പരശുരാമൻ ബ്രാഹ്മണരെ പാർപ്പിച്ചത് (ഐ.വി.ബാബു, 2017:21).[15] ഇവയിൽ പന്നിയൂർ, ശുകപുരം (ചോകിരം) എന്നീ രണ്ട് ഗ്രാമങ്ങൾ മലബാറിന്റെ രാഷ്ട്രീയഭൂപടത്തിൽ സവിശേഷ സ്ഥാനമുണ്ടായിരുന്നവയാണ്.

ഭാരതപ്പുഴയുടെ കിഴക്കേ ഓരത്തുള്ള ഭൂപ്രദേശത്ത് ശുകപുരവും പടിഞ്ഞാറേ ഓരത്തുള്ള ഭൂപ്രദേശത്ത് പന്നിയൂരും സ്ഥിതി ചെയ്യുന്നു. കേരളത്തിലെ ബ്രാഹ്മണഗ്രാമങ്ങളിൽ ആദ്യം പരിപൂർണാവസ്ഥയിലെത്തിയ ഗ്രാമങ്ങളാണ് ഇവ രണ്ടുമെന്ന് കരുതപ്പെടുന്നു. പന്നിയൂർ ഗ്രാമക്കാർ വൈഷ്ണവരും ശുകപുരം ഗ്രാമക്കാർ ശൈവരുമായിരുന്നു. ഈ രണ്ടു ഗ്രാമങ്ങളുടേയും മുഖ്യരെ തമ്പ്രാക്കൾ എന്നാണ് വിളിച്ചിരുന്നത്. ശുകപുരത്തിന്റെതമ്പ്രാക്കൾ ആഴ്‌വാഞ്ചേരിതമ്പ്രാക്കളും പന്നിയൂരിന്റേത്

കൽപകഞ്ചേരിതമ്പ്രാക്കളുമാണ്. ഈ രണ്ടുഗ്രാമങ്ങളും കേരളത്തിലെ മറ്റു ബ്രാഹ്മണർക്കിടയിൽ ആദരണീയരായിരുന്നു. അതുകൊണ്ട് തന്നെ വൈദിക-വൈജ്ഞാനിക മേഖലകളിൽ ഇവർക്കിടയിൽ തുടങ്ങിയ കൂറുമത്സരം പിന്നീട് സാമൂഹിക-രാഷ്ട്രീയ-ഭരണ മേഖലകളിലെ കൂറുമത്സരമായി മാറുന്നത്കാണാം. കേരളത്തിലെ ഇതരബ്രാഹ്മണഗ്രാമങ്ങളും നാട്ടുരാജാക്കന്മാരും നാടുവാഴികളും ആഢ്യന്മാരുമെല്ലാം പിൽക്കാലത്ത് ഏതെങ്കിലും ഒരുഭാഗം ചേർന്ന് കൂറുമത്സരത്തിന് ശക്തിപകർന്നു.

പണ്ടുകാലത്ത് പന്നിയൂർഗ്രാമത്തിന് മറ്റുബ്രാഹ്മണഗ്രാമങ്ങളിൽ മുഖ്യഗ്രാമ സ്ഥാനവും കഴകസ്ഥാനവും ഉണ്ടായിരുന്നു. കേരളത്തിലെ മുപ്പത്തിരണ്ട് ബ്രാഹ്മണ ഗ്രാമങ്ങളിലും നിലനിന്നിരുന്ന ആചാരമര്യാദകൾ പന്നിയൂർ ക്ഷേത്രത്തിലെ തിരുവാണിപ്പടിസത്യം എന്നനിലയ്ക്കാണ് അറിയപ്പെട്ടത്. ഈ ശാസനം വരാഹശാസനം എന്നും അറിയപ്പെട്ടു. ബ്രാഹ്മണർയ്ക്കിടയിൽ ഏറ്റവും ആഢ്യന്മാരെന്നു പറയപ്പെടുന്ന അഷ്ടഗൃഹങ്ങളിലെ ആഢ്യബ്രാഹ്മണരിൽ അഞ്ച് ഗൃഹങ്ങളും പന്നിയൂരിനൊപ്പ-മായിരുന്നു. ബ്രാഹ്മണകാലത്ത് തിരുന്നാവായിൽ വെച്ചുനടക്കുന്ന മഹാജനസഭയുടെ രക്ഷാപുരുഷസ്ഥാനവും മാഘമാസത്തിലെ മഹായാഗത്തിൽ നേതൃസ്ഥാനവും പന്നിയൂർഗ്രാമത്തിലെ വെള്ളഗൃഹക്കാരിൽ നിക്ഷിപ്തമായിരുന്നു (മുകുന്ദൻ കുറുപ്പ്, 2018:57-58). ഇതെല്ലാം വിരൽചൂണ്ടുന്നത് പന്നിയൂർഗ്രാമം ആദ്യകാലത്തെ മറ്റുബ്രാഹ്മണഗ്രാമങ്ങളെ അപേക്ഷിച്ച് ബ്രാഹ്മണർക്കിടയിൽ വളരെയധികം സ്വാധീനമുണ്ടായിരുന്ന ഗ്രാമമായിരുന്നു എന്നാണ്.

ആയിരത്തോളം ഗൃഹങ്ങൾ പഴയകാലത്ത് പന്നിയൂർ ദേശക്കാരായി ഉണ്ടായിരുന്നു. വേങ്ങാട്ടൂര്, തവനൂര്, കറുത്തേടം, കിഴിക്കിനിയകം, കുന്നംപിള്ളി, തിരുമനശ്ശേരി, വെള്ള എന്നിവയെല്ലാം പന്നിയൂരെ പ്രസിദ്ധമായ ഗൃഹങ്ങളാണ്. പന്നിയൂരിലെ പ്രധാന പ്രതിഷ്ഠ വരാഹമൂർത്തിയാണ്. പഴയ വരാഹമൂർത്തി വിഗ്രഹം കലഹംമൂത്ത് ചുട്ടുപൊള്ളിക്കുകയോ കായലിൽതാഴ്ത്തുകയോ ചെയ്തെന്നാണ് വിശ്വാസം. ഇപ്പോൾ നിലവിലുള്ളത് അതിനുശേഷം പ്രതിഷ്ഠിച്ച പുതിയവിഗ്രഹമാണ്.

പണി മുടിയാത്ത കൂത്തമ്പലത്തിന്റെ കാര്യത്തിൽ മടുത്ത് പെരുന്തച്ചൻ വെച്ചതെന്ന് പറയുന്ന ഉളിയും ശ്രീകോവിലിന്റെ പടിഞ്ഞാറുഭാഗത്ത് പടവിനിടയിൽ തിരുകിയ പോലെ ഇരിക്കുന്നുണ്ട് (ചെറിയനാരായണൻ നമ്പൂതിരി, 2015:72–73). പരശുരാമൻ കേരളത്തിൽ പ്രതിഷ്ഠ നടത്തിയ ക്ഷേത്രങ്ങളിൽ ആദ്യത്തെ ക്ഷേത്രമാണ് പന്നിയൂരിലെ വരാഹമൂർത്തി ക്ഷേത്രമെന്നാണ് വിശ്വാസം.

പന്നിയൂർ ഗ്രാമത്തെ പോലെ തന്നെ കേരളത്തിലെ ബ്രാഹ്മണർക്കിടയിൽ വലിയ സ്വാധീനമുണ്ടായിരുന്ന ഗ്രാമമാണ് ശുകപുരം. ചോകിരം (ചൊവ്വരം) എന്നതിന്റെ സംസ്കൃതനാമമാണ് ശുകപുരം എന്നത്. ഇന്നും സജീവമായി യാഗപാരമ്പര്യം നിലനിർത്തുന്ന പ്രദേശമാണ് ശുകപുരം ഗ്രാമം. അക്കിത്തിരിപ്പാട്, സോമയാജിപ്പാട്, അടീതിരിപ്പാട് എന്നീ വിശേഷണങ്ങൾ സ്വന്തമായുള്ളവർ ഇപ്പോഴും ശുകപുരത്ത് നിരവധിപേരുണ്ട്. ഏർക്കര, കൂടല്ലൂർ, ഒളപ്പമണ്ണ, ഒരുപുലാശ്ശേരി, പരിയാനംപറ്റ, പൊൽപാക്കര, പൊൽപായ, അക്കിത്തം, പകരാവൂർ, ചേനാസ്, കാട്ടുമാടം, കുഴിക്കാട്ടിരി, അഴകത്ത് എന്നിവയെല്ലാം ശുകപുരത്തെ പ്രധാന ബ്രാഹ്മണഗൃഹങ്ങളാണ്.

ശുകപുരത്തെ പ്രധാന പ്രതിഷ്ഠ ദക്ഷിണാമൂർത്തിയാണ്. തെക്കോട്ട് നടയായ ശിവനാണ് ദക്ഷിണാമൂർത്തി. കിഴക്കോട്ട് നടയായ ശിവനാണ് അവിടത്തെ പ്രധാന പ്രതിഷ്ഠയെന്നും ദക്ഷിണാമൂർത്തിപ്രതിഷ്ഠ പിന്നീട് വന്നതാണെന്നും വിശ്വാസമുണ്ട്. ക്ഷേത്രത്തിന്റെ ബലിക്കല്ലിന് പത്തടി വടക്കായി അടിവരെ ഇറങ്ങാൻ പടികളോട് കൂടിയ ഒരു കിണറുണ്ട്. ഈ കിണറിനടിയിലെ ഗുഹയിൽ ശുകൻ തപസ്സനുഷ്ഠിച്ചു എന്നും അതു വഴി കാശിക്ക് പോകാൻ വഴിയുണ്ടെന്നുമാണ് ഐതിഹ്യം. കേരളത്തിൽ ശുകപുരം ക്ഷേത്രം, വൈദ്യമഠം കുടുംബം, തൈക്കാട് വൈദികഗൃഹം, ചെറുമുക്ക് വൈദികഗൃഹം എന്നിങ്ങനെ നാലിടത്ത് മാത്രമേ ദക്ഷിണാമൂർത്തി പൂജ സ്ഥിരമായി നടത്തുന്നുള്ളൂ (ചെറിയനാരായണൻ നമ്പൂതിരി, 2015:71–72) ശുകമഹർഷിയ്ക്ക് ജ്ഞാനോപദേശം നൽകുന്ന ജ്ഞാനമൂർത്തീരൂപത്തിലാണ് ദക്ഷിണാമൂർത്തി വിഗ്രഹം നിലകൊള്ളുന്നത്. എന്നാൽ വൈദികപാരമ്പര്യമുള്ള ശുകപുരം ഗ്രാമക്കാർ അവരുടെ വൈദികകർമങ്ങൾക്ക് മുന്നോടിയായി ദക്ഷിണാമൂർത്തിക്ഷേത്രത്തിൽ ഭജനമിരിയ്ക്കാറുണ്ട്.

കാലടി പടിഞ്ഞാറേടത്ത് നമ്പൂതിരിയാണ് ശുകപുരം ക്ഷേത്രത്തിലെ തന്ത്രി. തൈക്കാടും ചെറുമുക്കുമാണ് ഇവിടത്തെ വൈദികന്മാർ. എന്നാൽ നെഢ്ഠം, നെരം എന്നീ രണ്ടു ഇല്ലക്കാരായിരുന്നു ശുകപുരത്തെ ആദ്യകാല വൈദികർ. നെഢ്ഠത്തിന് വൈദികസ്ഥാനം നഷ്ടമാവുകയും നെരം അന്യം നിൽക്കുകയും ചെയ്തതോടെയാണ് തൈക്കാടിനും ചെറുമുക്കിനും വൈദികസ്ഥാനം ലഭിയ്ക്കുന്നത്. നെഢ്ഠം ഇല്ലത്തിന് വൈദികസ്ഥാനം നഷ്ടപ്പെടുന്നതിനു പിന്നിൽ സാമൂതിരി രാജാവുമായുള്ള സ്വരച്ചേർച്ചയില്ലായ്മയുടെ ഒരു കഥയുണ്ട്. അറബികൾ കേരളത്തിലേയ്ക്ക് വ്യാപാരത്തിനു വന്ന കാലത്ത് അവർക്ക് നായർ സ്ത്രീകളെ വിവാഹം കഴിപ്പിച്ചു നൽകാനാകുമോ എന്ന് ആരായാനായി സാമൂതിരി നിരവധി ബ്രാഹ്മണരുടെ യോഗം വിളിച്ചുചേർത്തു. എന്നാൽ നെഢ്ഠം നമ്പൂതിരിമാർ അതിനോട് നിസ്സഹകരിയ്ക്കുകയും അവർ ആ യോഗത്തിൽ നിന്നും ഇറങ്ങിപ്പോരുകയും ചെയ്തു. അതിനാൽ അവരെ വൈദികസ്ഥാനത്ത് നിന്നും മാറ്റി സാമൂതിരിയോട് സഹകരിച്ച തൈക്കാട്, ചെറുമുക്ക് നമ്പൂതിരിമാരെ വൈദികരാക്കി പ്രഖ്യാപിച്ചു എന്നാണ് കഥ.

ഒരുകാലത്ത് ശുകപുരത്തെ ബ്രാഹ്മണകുടുംബങ്ങളിലെ അന്തർജനങ്ങൾ ഈ ക്ഷേത്രത്തിനകത്ത് പ്രവേശിച്ചിരുന്നില്ല. അവർ ദക്ഷിണാമൂർത്തിയെ മനസ്സിൽ ആരാധിച്ചുകൊണ്ട് ക്ഷേത്രത്തിനുപുറത്ത് നിൽക്കുകയായിരുന്നു പതിവ്. അക്കാലത്തെ വസ്ത്രധാരണരീതികൾ ഇവിടത്തെ ക്ഷേത്രസങ്കൽപത്തിനു യോജിക്കാത്തതിനാലാണ് അങ്ങനെചെയ്തിരുന്നത് എന്നാണ് ഐതിഹ്യം. എന്നാൽ ഇന്ന് ഈരീതി പിൻതുടരുന്ന ചിലബ്രാഹ്മണകുടുംബങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ക്ഷേത്രത്തിൽ കയറാൻ താൽപര്യപ്പെടുന്ന അന്തർജനങ്ങൾക്ക് അത്തരത്തിലുള്ള യാതൊരു വിലക്കുകളും നിലനിൽക്കുന്നില്ല. ബ്രാഹ്മണരായ ഒരുപാട് സ്ത്രീകൾ ഇന്ന് ശുകപുരം ദക്ഷിണാമൂർത്തി ക്ഷേത്രത്തിന് അകത്ത് പ്രവേശിയ്ക്കുന്നുമുണ്ട്.

കേരളത്തിലെ ബ്രാഹ്മണ സമൂഹത്തിനിടയിൽ സവിശേഷ സ്ഥാനം അലങ്കരിച്ചിരുന്ന ഈ രണ്ട് ഗ്രാമങ്ങൾ തമ്മിൽ വൈദിക-വൈജ്ഞാനിക വിഷയങ്ങളിൽ ആരംഭിച്ച വിതർക്കങ്ങളാണ് പിന്നീട് കൂറുമത്സരമായി പരിണമിയ്ക്കുന്നത്. മുപ്പത്തിരണ്ട്

ബ്രാഹ്മണഗ്രാമങ്ങൾ കേരളത്തിൽ ഉണ്ടായിരുന്നെങ്കിലും അവയിൽ ഏഴ് ഗ്രാമങ്ങൾക്ക് മാത്രമേ യാഗകർമങ്ങൾക്കുള്ള അവകാശം ഉണ്ടായിരുന്നുള്ളൂ. ഇവയിൽ രണ്ട് ഗ്രാമങ്ങളായിരുന്നു പന്നിയൂരും ശുകപുരവും. പന്നിയൂരിലേയും ശുകപുരത്തിലേയും ബ്രാഹ്മണരിൽ ഏറിയ പങ്കും ഋഗ്വേദികളായിരുന്നു. പത്ത് ശതമാനത്തിൽ താഴെ മാത്രം സാമവേദികളും ഇവർക്കിടയിൽ ഉണ്ടായിരുന്നു. ഇരു ഗ്രാമങ്ങളിലും യജുർവേദികൾ ആരും ഉണ്ടായിരുന്നില്ല. പന്നിയൂരിലെ ഋഗ്വേദികൾ എല്ലാം തന്നെ അശ്വലായനചരണക്കാർ ആയിരുന്നു. ശുകപുരത്തിലേത് കൗഷീതകചരണക്കാരും. പിൽക്കാലത്ത് പന്നിയൂരിൽ നിന്നും ശുകപുരത്തിലേയ്ക്ക് താമസം മാറിയവർ മാത്രമാണ് നിലവിൽ ശുകപുരത്തിലെ അശ്വലായനചരണക്കാർ.[16] മന്ത്രോച്ചാരണത്തിലേയും യാഗവിധികളിലേയും നേരിയ വ്യത്യാസങ്ങൾ മാത്രമേ ഇരുകൂട്ടരും തമ്മിൽ ഉണ്ടായിരുന്നുള്ളുവെങ്കിലും അതിന്റെപേരിൽ അവർ തമ്മിൽനടന്ന അഭിപ്രായ ഭിന്നതയാണ് കൂറുമത്സരത്തിന്റെ ആരംഭം.

കൂറുമത്സരത്തിന്റെ ആരംഭത്തിൽ കേരളത്തിലെ ഏറിയ പങ്ക് ബ്രാഹ്മണരും പല നാട്ടുരാജാക്കന്മാരും പന്നിയൂർ കൂറുകാരായിരുന്നു. മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കേരളം എന്ന ചരിത്രകാവ്യത്തിൽ തെക്കുള്ളവരും ഭൂരിപക്ഷം വടക്കുള്ളവരും പന്നിയൂർ കൂറുകാരാണെന്ന് പറയുന്നുണ്ട് (മുകുന്ദൻകുറുപ്പ്, 2018:57).[17] എന്നാൽ ശുകപുരത്തിനെ ശാസ്ത്രവാദങ്ങളിൽ ജയിയ്ക്കാൻ പന്നിയൂരിന് കഴിഞ്ഞില്ല. പിന്നീട് പന്നിയൂരിൽ ചിലർ പരദേശത്ത് പോയി പഠിയ്ക്കുകയും ഗുരുനാഥനായ പട്ടരെ മലയാളക്കരയിലേയ്ക്ക് ആനയിയ്ക്കുകയും ചെയ്തു. വരാഹമൂർത്തിയുടെ പഴയ ശാസനത്തിനു വിരോധമായി കേരളാചാരം സ്വീകരിയ്ക്കാത്ത അദ്ദേഹത്തെ ഇവിടെ പാർപ്പിയ്ക്കാൻവേണ്ടി പന്നിയൂർകാർ തന്നെ വരാഹമൂർത്തിയുടെ ബിംബം ചുട്ടുപൊട്ടിച്ചുവെന്നും കായലിൽ ഒഴുക്കിയെന്നുമാണ് ഐതിഹ്യം. ഇതിൽ മനംനൊന്ത് പന്നിയൂരിലെ ബ്രാഹ്മണഗൃഹങ്ങളിൽ പലരും പന്നിയൂർവിട്ട് മറ്റുദേശങ്ങളിലേയ്ക്ക് താമസം മാറി. വെള്ള, തിരുമനശ്ശേരി എന്നീ ഗൃഹങ്ങൾ ഇത്തരത്തിൽ കൂറു മാറാതിരുന്ന ചുരുക്കം ചിലഗൃഹങ്ങളിൽപെട്ടവയാണ്. പന്നിയൂർവിട്ടു താമസംമാറിയവരിൽ നല്ലൊരുപങ്കും പിന്നീട് ശുകപുരം കൂറുകാരായിമാറി. ഇതേ കാരണത്താൽതന്നെ സാമൂതിരി

പന്നിയൂർഗ്രാമത്തെ വൈദികവൃത്തികൾ ചെയ്യാൻ അനുവദിയ്ക്കാതെ തരംതാഴ്ത്തുകയും ചെയ്തു (എൻ.എം.നമ്പൂതിരി, 2017:24-26).

ഈ സംഭവങ്ങളെല്ലാം അരങ്ങേറുന്ന കാലഘട്ടത്തിലാണ് സാമൂതിരി രാജാവും കൊച്ചി രാജാവും തമ്മിൽ നിരന്തരയുദ്ധത്തിൽ ഏർപ്പെടുന്നത്. അതിനാൽ തന്നെ പന്നിയൂർ-ശുകപുരം ഗ്രാമങ്ങൾ തമ്മിലുള്ള കൂറുമത്സരത്തെ ഇരുരാജ്യങ്ങളും തമ്മിൽനടന്ന യുദ്ധത്തിന്റെ സാഹചര്യത്തിൽകൂടി പരിശോധിയ്ക്കേണ്ടതാണ്. പെരുമ്പടപ്പുസ്വരൂപക്കാരായ കൊച്ചിരാജാവ് ശുകപുരംകൂറുകാർക്കൊപ്പവും, നെടിയിരിപ്പ് സ്വരൂപക്കാരായ സാമൂതിരിരാജാവ് പന്നിയൂർകൂറുകാർക്കൊപ്പവുമായിരുന്നു. വന്നേരിനാട്ടിലെ പൂക്കൈതയ്ക്കൽ ക്ഷേത്രത്തിൽ വെച്ച് കിരീടധാരണം നടത്താനുള്ള പെരുമ്പടപ്പു മൂപ്പിലെ പരിശ്രമം പന്നിയൂർ കൂറുകാരും സാമൂതിരിയും ചേർന്ന് മുടക്കാൻ നോക്കുകയും ശുകപുരം കൂറുകാരും കൊച്ചിരാജാവും ചേർന്ന് അതിനായി നിരന്തരം പരിശ്രമിയ്ക്കുകയും ചെയ്തുപോന്നു. ഇക്കാലത്ത് ഇരുരാജ്യങ്ങളുമായി നടന്ന നിരവധിയുദ്ധങ്ങൾക്ക് വേദിയായ ഇടമാണ് പന്നിയൂർഗ്രാമം. പന്നിയൂരിൽ നിന്നും ശുകപുരത്തേയ്ക്ക് നിരവധി കുടുംബങ്ങൾ താമസം മാറിയതിനു പിന്നിൽ ഇതും ഒരു കാരണമായി ഭവിച്ചു.

പതിനാലാംനൂറ്റാണ്ടിൽ സാമൂതിരി തിരുമനശ്ശേരി വാണിരുന്ന പൊന്നാനി ദേശത്തിന്റെ രാഷ്ട്രീയാധികാരം പിടിച്ചെടുക്കുന്നതിനു പിന്നിലും ഈ ഗ്രാമങ്ങൾ തമ്മിലുള്ള കൂറുമത്സരത്തിന്റെ സ്വാധീനം കാണാനാകും. ശുകപുരംകൂറുകാരായ വള്ളുവനാട്, കൊച്ചി രാജവംശങ്ങൾ പന്നിയൂർ കൂറുകാർക്കെതിരെ യുദ്ധത്തിന് ഒരുങ്ങുമെന്ന ഭീഷണിയാണ് തിരുമനശ്ശേരിരാജാവിനെ സാമൂതിരിയിലേക്ക് അടുപ്പിയ്ക്കുന്നത്. സാമൂതിരിയുടെ സാമന്തനായ തിരുമനശ്ശേരിരാജാവിനു കീഴിലായിരുന്നു പൊന്നാനി നിലനിന്നിരുന്നത്. എന്നാൽ ശുകപുരം കൂറ്റുകാരിൽ നിന്നുണ്ടായേക്കാവുന്ന ആക്രമണങ്ങൾ ഭയന്ന് തിരുമനശ്ശേരിരാജാവ് പൊന്നാനിയുടെ അധികാരം സാമൂതിരിയ്ക്ക് കൈമാറി. പിൽക്കാലത്ത് മാമാങ്കം പിടിച്ചടക്കലും ഭാരതപ്പുഴയുടെ ഇരുകരകളിലും പാലക്കാട് വരെ നീണ്ട സാമ്രാജ്യം സൃഷ്ടിയ്ക്കലും

വരെ നീളുന്ന സാമൂതിരിയുടെ അധികാരവിപുലീകരണത്തിന്റെ തുടക്കം ഈ കൈമാറ്റമായിരുന്നു.

**5.2.2 പൊന്നാനിയിലെ ബ്രാഹ്മണഗൃഹങ്ങൾ**

കേരളത്തിലെ ബ്രാഹ്മണ ഗ്രാമങ്ങളിൽ ഏറ്റവും പ്രാധാന്യമുണ്ടായിരുന്ന രണ്ട് ഗ്രാമങ്ങൾ പൊന്നാനിയ്ക്ക് സമീപത്തായിരുന്നു ഉണ്ടായിരുന്നത്. അതിനാൽ തന്നെ ഭാരതപ്പുഴയുടെ തീരപ്രദേശങ്ങൾക്ക് വലിയ യാഗപാരമ്പര്യം അവകാശപ്പെടാനുണ്ട്. എന്നാൽ വൈദിക കർമ്മങ്ങളുടെ നേതൃസ്ഥാനങ്ങളിൽ മാത്രമല്ല കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക ചരിത്രങ്ങളിൽ എല്ലാം തന്നെ പൊന്നാനിയിലെ നമ്പൂതിരി സമുദായത്തിന്റെ സാന്നിധ്യം പ്രകടമാണ്. പൊന്നാനിയുടെ രാജാധികാരം വഹിച്ചിരുന്ന തിരുമനശ്ശേരി രാജകുടുംബം ബ്രാഹ്മണരായിരുന്നു. യാഗകർമങ്ങളിലെ ശ്രേഷ്ഠസ്ഥാനീയരായ ബ്രാഹ്മണർക്ക് ഇടയിലും ബ്രാഹ്മണനവോത്ഥാനത്തിന്റെ മുന്നണിപ്പോരാളികൾക്കിടയിലും പൊന്നാനിയിലെ നമ്പൂതിരിമാരെ കാണാം.

മലയാളി ബ്രാഹ്മണർയ്ക്കിടയിലെ ശ്രേഷ്ഠരിൽ ശ്രേഷ്ഠരായി പരിഗണിച്ചിരുന്ന ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ ഇല്ലം പൊന്നാനിയിലെ മാറഞ്ചേരിയിലായിരുന്നു. ആഴ് വാഞ്ചേരി മന നിലവിൽ തിരുന്നാവായയ്ക്ക് അടുത്തുള്ള ആതവനാടാണ് സ്ഥിതിചെയ്യുന്നതെങ്കിലും പണ്ട് ഇവർ മാറഞ്ചേരിയിലാണ് വസിച്ചിരുന്നത്.

> "നേരേകാതം തികയുമവിണ്ണൂരിട്ടൽ പിന്നിട്ടുമാറ-
> ഞ്ചേരിചെല്ലൂ, പുനരവിടെ നീ തേവരെക്കൈവണങ്ങി
> ആഴം കാൺമാൻ പലരുമരുതെന്നീന്റെ സൗജന്യസിന്ധോ-
> രാഴാഞ്ചേരി ക്ഷിതിസുരപതേരാലയം കണ്ടുപോക." [18]

(ചാത്തനാത്ത് അച്യുതനുണ്ണി, എം.ആർ.രാഘവവാര്യാർ, 2007:49)

എന്ന കോകസന്ദേശത്തിലെ കാവ്യഭാഗത്തിൽ മാറഞ്ചേരിയിൽ വന്നു ആഴ്വാഞ്ചേരി തമ്പ്രാക്കളെ കാണാമെന്നു പറയുന്നുണ്ട്. മാറഞ്ചേരിയ്ക്ക് അടുത്ത് അധികാരിപ്പടി എന്ന സ്റ്റോപ്പിൽ നിന്നും വടമുക്കിലേയ്ക്കു സ്വൽപം നടന്നാൽ ആ മനപ്പറമ്പ് ഇന്നും കാണാനാകും. ഇതിനടുത്ത് അന്നത്തെ മനപ്പറമ്പിലേത് ആണെന്നു വിശ്വസിക്കുന്ന

രണ്ടു കിണറുകളും ആഴ്വാഞ്ചേരി തമ്പുരാക്കളുടെ തോണി അടുപ്പിച്ചിരുന്ന ഇടം എന്ന് പറയുന്ന വഞ്ചിക്കുളവും സ്ഥിതിചെയ്യുന്നുണ്ട്. കോകസന്ദേശത്തിൽ ആഴ്വാഞ്ചേരി മനയ്ക്കടുത്ത് സ്ഥിതിചെയ്യുന്നതായി പറയുന്ന ശിവക്ഷേത്രം മാറഞ്ചേരിയ്ക്ക് സമീപത്തായി ഇന്നും നിലകൊള്ളുന്നു. പെരുമ്പടപ്പ് രാജവംശവും സാമൂതിരി രാജവംശവും തമ്മിലുള്ള കലഹത്തിന്റെ കാലത്ത് ബ്രാഹ്മണരിലെ പരമാദരണീയരും ശുകപുരം ഗ്രാമത്തിന്റെ തമ്പ്രാക്കളും ആയിട്ടുള്ള ആഴ്വാഞ്ചേരി തമ്പ്രാക്കളെ സാമൂതിരി തന്റെ ദേശത്തേയ്ക്ക് കൊണ്ടുവന്നു താമസിപ്പിച്ചുവെന്നാണ് കഥ. മാറഞ്ചേരിയിൽ നിന്നും ആതവനാട്ടേയ്ക്ക് പോയ തമ്പ്രാക്കൾ തന്റെ ആശ്രിതരായ ചിലരേയും കൂടെക്കൂട്ടിയെന്നും പറയപ്പെടുന്നുണ്ട്. ഒരേ കുടുംബപ്പേരുള്ള പലരും ഇന്നും മാറഞ്ചേരിയിലും ആതവനാട്ടുമുണ്ട്. അവരിൽ ചിലരെല്ലാം ആതവനാട്ടിൽ നായന്മാരും മാറഞ്ചേരിയിൽ മുസ്ലീങ്ങളുമാണെന്നതും കൗതുകകരമാണ്. ആതവനാട്ടിൽ തന്നെ മാറഞ്ചേരി എന്നു പേരായ ഒരു പ്രദേശവും കാണാനാകും (ദാസൻ, 1994:121).

കോരപ്പുഴയ്ക്കു തെക്ക് സാമൂതിരി മുതൽ തിരുവിതാംകൂർ രാജാവ് വരെ മലയാളത്തിലെ എല്ലാ രാജാക്കന്മാരേയും അരിയിട്ടുവാഴിയ്ക്കാനുള്ള അധികാരം ആഴ്വാഞ്ചേരി തമ്പ്രാക്കൾക്ക് ആയിരുന്നു. ബ്രാഹ്മണർ എന്തെങ്കിലും തെറ്റു ചെയ്താൽ ശിക്ഷിയ്ക്കാനുള്ള അധികാരം രാജാക്കന്മാർക്ക് ഇല്ലാതിരുന്ന കാലത്ത് അതിനു ചുമതലപ്പെട്ടവർ തമ്പ്രാക്കളായിരുന്നു. ബ്രാഹ്മണരുടെ അധികാരങ്ങളിൽ അഭിപ്രായഭിന്നത വന്നാൽ അവസാന വാക്ക് നൽകാനുള്ള അവകാശവും തമ്പ്രാക്കൾക്കായിരുന്നു. അതേ സമയം മധ്യകാല കേരളത്തിലെ രാഷ്ട്രീയാധികാരം ഉറപ്പിയ്ക്കാനായി സാമൂതിരി നടത്തിയ ശ്രമമാണ് ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ അധികാരവലുപ്പങ്ങളും പ്രൗഢികളുമെന്നും വിമർശനമുണ്ട്. പന്നിയൂർ-ചോകിരം കൂറുമത്സരത്തിൽ ലാഭം കൊയ്യുന്നതും പ്രധാനപ്പെട്ട ക്ഷേത്രങ്ങളേയും ബ്രാഹ്മണ ഗൃഹങ്ങളേയും തന്റെ അനുകൂലികളാക്കി മാറ്റുന്നതും സാമൂതിരിയായിരുന്നു. ഈ പരിശ്രമങ്ങളിൽ സാമൂതിരിപക്ഷത്ത് നിന്നവരായിരുന്നു ആഴ്വാഞ്ചേരി തമ്പ്രാക്കൾ.

ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ പുരോഹിതന്മാരായിരുന്നു നാറാത്ത് മനക്കാർ. ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ ക്രിയകൾ ചെയ്യിയ്ക്കാനുള്ള അധികാരം നാറാത്തിനാണ്. ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ പൊതുവെ സോമയാഗത്തിന് പങ്കെടുക്കാറില്ല. സോമയാഗത്തിൽ പശുബലി ഉള്ളതായിരിക്കാം അത്തരത്തിൽ ഒഴിഞ്ഞുനിൽക്കാനുള്ള കാരണം. എന്നാൽ നാറാത്ത് മനക്കാർ യജമാനസ്ഥാനത്തുള്ള യാഗങ്ങൾക്ക് തമ്പ്രാക്കൾ പങ്കെടുത്തിരുന്നതായി പറയപ്പെടുന്നു. 1955, 1965 വർഷങ്ങളിൽ നടന്ന സോമയാഗത്തിൽ ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ പങ്കെടുത്തതായി പറയുന്നു. ഇത് നാറാത്ത് മനയുമായി ആഴ്‌വാഞ്ചേരി തമ്പ്രാക്കൾക്കുള്ള അടുത്ത ബന്ധം തെളിയിയ്ക്കുന്നതാണ്.

വേദ, ശ്രൗത വിഷയങ്ങളിൽ ഇന്നും പഠനകേന്ദ്രമായി തുടരുന്ന ഗൃഹമാണ് നാറാത്ത്മന. ശുകപുരം സോമയാഗം, അതിരാത്രം തുടങ്ങിയവയുടെ പരിശീലനവും സാമഗ്രികൾ തയ്യാറാക്കലും നാറാത്ത് മനയിൽ വെച്ചാണ് നടന്നത്. ശ്രൗത, വൈദീക വിഷയങ്ങളിൽ അഗാധപാണ്ഡിത്യമുള്ള നിരവധിപേർ ഈ പരമ്പരയിൽ നിന്നുമുണ്ടായിട്ടുണ്ട്. സോമയാഗങ്ങൾക്ക് യജമാനസ്ഥാനം അലങ്കരിയ്ക്കാനും വേദപഠനത്തിൽ വലിയ ശിഷ്യസമ്പത്ത് ആർജിക്കാനും ഇവർക്കായിട്ടുണ്ട്.

അനേകം പ്രാചീനഗ്രന്ഥങ്ങളിലായി പരന്നുകിടന്നിരുന്ന കേരളത്തിലെ ക്ഷേത്രാരാധനാക്രമങ്ങൾ സംയോജിപ്പിച്ച് 'തന്ത്രസമുച്ചയം' എന്ന ഗ്രന്ഥം രചിച്ച ചേന്നാസ് നാരായണൻ നമ്പൂതിരിപ്പാട് വന്നേരിക്കാരനാണെന്നു പറയപ്പെടുന്നു. പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇദ്ദേഹം സാമൂതിരി രാജാവിന്റെ വിദ്വത്സദസ്സിൽ അന്ന് പ്രശോഭിച്ചിരുന്ന പതിനെട്ടര കവികളിൽ ഒരാളായിരുന്നു.[19] തന്ത്രവിധികളിൽ മാത്രമല്ല മീമാംസ, വ്യാകരണം, ശാസ്ത്രം എന്നീ വിഷയങ്ങളിലും അഗ്രഗണ്യനായിരുന്നു ചേന്നാസ് നമ്പൂതിരിപ്പാട്.

വളരെ ചുരുങ്ങിയ കാലംകൊണ്ടാണ് ചേന്നാസ് ഈ ഗ്രന്ഥത്തിന്റെ രചന പൂർത്തിയാക്കിയത് എന്നാണ് ഗ്രന്ഥരചനയെ സംബന്ധിച്ചുള്ള കഥ പറയുന്നത്. അന്നത്തെ സാമൂതിരിയ്ക്ക് വസുമതി എന്നു പേരായ ഒരു സ്ത്രീയുമായുള്ള രഹസ്യവേഴ്ച വിഷയമാക്കിക്കൊണ്ട് ചേന്നാസ് നമ്പൂതിരിപ്പാടും മുല്ലപ്പിള്ളി പട്ടേരിയും

ചേർന്ന് ഒരു പ്രഹസനം രചിയ്ക്കുകയും കൊയ്പ്പാമഠം ചാക്യാരുടെ നേതൃത്വത്തിൽ അവതരിപ്പിക്കുകയും ചെയ്തു. ഇരുവരുടേയും പാണ്ഡിത്യത്തിൽ മതിപ്പുള്ള രാജാവിനു അവരെ ശിക്ഷിയ്ക്കാൻ മടി തോന്നുകയും അതേ സമയം ഇരുവരേയും സദസ്സിൽ നിന്നും പുറത്താക്കണം എന്ന ലക്ഷ്യത്തോടെ ഒരു ഉത്തരവിറക്കുകയും ചെയ്തു. ചേന്നാസ് നമ്പൂതിരിപ്പാട് താന്ത്രികവിഷയത്തിലും മുല്ലപ്പള്ളി പട്ടേരി അശൗചത്തിലും ഓരോ ആധികാരികഗ്രന്ഥം രചിച്ച് അടുത്ത പട്ടത്താനത്തിന് മുമ്പായി സമർപ്പിക്കണം എന്നായിരുന്നു ഉത്തരവ്. ഇരുവരേക്കൊണ്ടും ഇതു സാധിക്കില്ലെന്നും അതിനാൽ സദസ്സിൽ നിന്നും പുറത്താക്കാമെന്നും സാമൂതിരി കരുതി. പക്ഷേ ഇരുവരും അത് നിർദ്ദിഷ്ടസമയത്തിനുള്ളിൽ പൂർത്തിയാക്കി സമർപ്പിച്ചു എന്നാണ് കഥ (പി.സി.കെ. നമ്പൂതിരിപ്പാട്, 1994:69).

അക്കാലത്ത് കേരളത്തിൽ വ്യാപകമായി ആരാധിച്ചുപോന്നിരുന്ന ശിവൻ, വിഷ്ണു, ശങ്കരനാരായണൻ, ദുർഗ്ഗ, ഗണപതി, സുബ്രഹ്മണ്യൻ എന്നീ ആറു ദേവന്മാരുടെ ആരാധനാക്രമങ്ങൾ പന്ത്രണ്ട് പടലങ്ങളിലായി ആയിരത്തി അറുനൂറ്റിയെഴുപത്തൊമ്പത് ശ്ലോകങ്ങളിൽ അവതരിപ്പിച്ചിരിക്കുന്ന ഗ്രന്ഥമാണ് തന്ത്രസമുച്ചയം. ചരിത്രപരമായി നോക്കുമ്പോൾ അന്നുവരെയുണ്ടായിരുന്ന വൈവിധ്യമാർന്നതും ചിലപ്പോഴെല്ലാം വൈരുദ്ധ്യമാർന്നതുമായ കേരളത്തിലെ ആരാധനാരീതികളെ ചിട്ടപ്പെടുത്തിയതും അതുവഴി ക്ഷേത്രാരാധനയേയും ഹിന്ദുമതത്തെത്തന്നേയും നിർവ്വചിച്ചതും തന്ത്രസമുച്ചയമായിരുന്നെന്ന് പറയാം. തന്ത്രസമുച്ചയത്തിന്റെ ആവിർഭാവത്തോടെ കേരളത്തിലെ ആരാധനാക്രമങ്ങൾക്ക് ഒരു നിഷ്കർഷ വരികയും ഇതര സമ്പ്രദായങ്ങളെല്ലാം ഈ വിധിയ്ക്കനുസരിച്ച് രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ സ്വയം കൊഴിഞ്ഞുപോകുകയോ ചെയ്തു.

സമകാലീനമായ മറ്റുകൃതികളിൽ നിന്നും വ്യത്യസ്തമായി ഗ്രന്ഥകാരൻ തന്റെ ജന്മദിനം ഈ ഗ്രന്ഥാവസാനത്തിൽ സൂചിപ്പിക്കുന്നുണ്ട്. 'നന്ദനയനേഷം ഭോധിസംഖ്യേഷു' (നന്ദാഃ-9, നയനഃ-3, ഇഷവഃ-5, അംഭോധയഃ-4) എന്ന വചനം കൊണ്ടു 4539 കലിദിനത്തിലാണ് ചേന്നാസ് ജനിച്ചതെന്ന് കാണാം. ഇത് കൊല്ലവർഷം

603-ഉം ക്രിസ്തുവർഷം 1427-മാണെന്ന് നിർണയിയ്ക്കാം. തന്ത്രസമുച്ചയത്തിന്റെ ഗ്രന്ഥകർത്താവ് ചേന്നാസ് നമ്പൂതിരിപ്പാട് ആണെന്ന കാര്യത്തിൽ തർക്കങ്ങൾ ഒന്നും നിലനിൽക്കുന്നില്ല. എന്നാൽ ചേന്നാസ് എന്ന ഇല്ലപ്പേര് പിൻതുടരുന്ന നാല് ശാഖകളിൽ ഏതിലാണ് ഗ്രന്ഥകർത്താവ് ജനിച്ചതെന്ന് നിശ്ചയമില്ല. പെരിങ്ങിരി, പുഴക്കര, പാങ്കോട്ട്, ചെരിയത്ത് എന്നിങ്ങനെ പേരുള്ള നാലു ഗൃഹങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം പൊന്നാനിയിലെ വന്നേരിനാട്ടിലും മറ്റു രണ്ടു ശാഖകൾ കൊച്ചി രാജ്യത്തിലെ ആലുവയ്ക്കടുത്തുമാണ് സ്ഥിതി ചെയ്യുന്നത്. വന്നേരിയിലെ പെരിങ്ങിരി ശാഖ സാമൂതിരിയുടേയും ആലുവായിലെ പാങ്കോട് ശാഖ കൊച്ചി രാജാവിന്റേയും കോവിലകം തന്ത്രിമാരായിരുന്നു. സാമൂതിരിക്കോവിലകത്തെ പ്രധാനതന്ത്രിയായ ചേന്നാസ് നമ്പൂതിരിയുടെ കൃതിയാണ് 'തന്ത്രസമുച്ചയം' എന്ന് പറയപ്പെടുന്നു. ഇത് പെരിങ്ങിരി ഇല്ലത്തെ ചേന്നാസ് നമ്പൂതിരിയാണ്. പൂർവികർ പട്ടത്താനത്തിൽ പങ്കെടുത്തിരുന്നെന്ന കാരണത്താൽ പെരിങ്ങിരി ഇല്ലത്തേയ്ക്ക് കൊല്ലവർഷം 1110 വരെ നടന്ന പട്ടത്താനങ്ങളിൽ ക്ഷണപത്രം അയച്ചിരുന്നു എന്നതും ഗ്രന്ഥകർത്താവ് പെരിങ്ങിരിയിലെ ചേന്നാസ് ആകാൻ സാധ്യത കൽപിക്കുന്നു. ഏതായാലും തന്ത്രസമുച്ചയത്തിന്റെ ഗ്രന്ഥകർത്താവ് പൊന്നാനി ദേശക്കാരനായിരുന്നു എന്നത് നിസ്സംശയമാണ്.

തന്ത്രസമുച്ചയകാരനായ ചേന്നാസ് നമ്പൂതിരിയുടെ പുത്രനും ശിഷ്യനുമായ ചേന്നാസ് ശങ്കരൻ നമ്പൂതിരിപ്പാടാണ് തന്ത്രവിഷയങ്ങളിൽ പൊന്നാനിയിൽ നിന്നുള്ള മറ്റൊരു അഗ്രഗണ്യൻ. പിതാവിന്റെ ഗ്രന്ഥത്തിന് തുടർച്ചയെന്നോണം തന്ത്രസമുച്ചയത്തിൽ പരാമർശവിധേയമായിട്ടില്ലാത്ത ദേവീദേവന്മാരുടെ ക്രിയകൾ ഉൾക്കൊള്ളിച്ചുകൊണ്ട് അദ്ദേഹം 'ശേഷസമുച്ചയം' എന്ന ഗ്രന്ഥം രചിച്ചു. ഉത്തരകേരളത്തിൽ ധാരാളമായി കാണുന്ന 'രുരുജിത്ത്' എന്ന ദേവിയുടെ ക്രിയകൾ ഈ ഗ്രന്ഥത്തിലെ ഒരു പ്രധാനഭാഗമാണ്. തന്ത്രസമുച്ചയത്തിന് 'വിമർശിനി' എന്ന പേരിൽ ഒരു സംസ്കൃതവ്യാഖ്യാനവും ഇദ്ദേഹത്തിന്റേതായുണ്ട്. സമകാലീനരായ മറ്റു കവികളെ പോലെത്തന്നെ ചേന്നാസ് ശങ്കരൻനമ്പൂതിരിപ്പാടിന്റെയും ഇതരകൃതികളെ

കുറിച്ചോ ജീവിതത്തെക്കുറിച്ചോ മറ്റു വിവരങ്ങളൊന്നും ലഭ്യമല്ല (പി.സി.കെ. നമ്പൂതിരിപ്പാട്, 1994:74).

നമ്പൂതിരിസമൂഹത്തിലെ പ്രധാനികളായി അറിയപ്പെട്ടിരുന്ന പൊന്നാനിയിലെ മറ്റൊരു ഗൃഹമായിരുന്നു വെള്ള. "ചെംപാമുരിവെള്ളകലമേമാകുലു" എന്നുള്ള അഷ്ടഗൃഹത്തിലാഢ്യന്മാരിലെ ഒരു ഗൃഹമായിരുന്നു വെള്ളയും.[20] തിരുന്നാവായിൽ വെച്ചു നടന്നിരുന്ന ബ്രാഹ്മണ മഹാജനസഭയുടെ നേതൃസ്ഥാനം ഈ ഗൃഹത്തിനായിരുന്നു. അതിന്റെ തുടർച്ചയെന്നോണം ആകണം മാമാങ്കം നടന്നിരുന്ന കാലത്തും ഈ ഗൃഹക്കാർക്ക് ചില ഭാരവാഹിത്വങ്ങൾ കൽപിച്ച് നൽകിയിരുന്നത്. തിരുന്നാവായിൽപ്പുഴയുടെ തെക്കേക്കര (തിരുമനശ്ശേരി കോട്ട) മുതൽ കോട്ടപ്പടി (പുന്നത്തൂർ കോട്ട) വരെ ഈ വെള്ള ഗൃഹക്കാരുടെ സങ്കേതഭൂമിയായിരുന്നു. ഇതിനകത്ത് മറ്റു പല യോഗ്യരുടേയും ഇല്ലങ്ങളുണ്ടെങ്കിലും അവരെല്ലാം വെള്ളഗൃഹത്തിന്റെ കീഴിലായിരുന്നു എന്നത് വെള്ളയുടെ പ്രതാപം തെളിയിയ്ക്കുന്നു. കേരളത്തെ പയ്യന്നൂർ, പന്നിയൂർ, പറവൂർ, ചെങ്ങന്നൂർ എന്നിങ്ങനെ നാലു കഴകങ്ങളായി തിരിച്ചിരുന്ന ബ്രാഹ്മണ മഹാജനസഭയുടെ കാലത്ത് പന്നിയൂർ കഴകം സ്ഥിരമായി വെള്ളഗൃഹത്തിന്റെ കക്കാട്ശാഖയുടെ അധീനതയിലായിരുന്നു.[21]

എന്നാൽ വെള്ള എന്ന ഗൃഹസ്ഥാനം പിൽക്കാലത്ത് കേരളചരിത്രത്തിൽ പരാമർശിക്കപ്പെടുന്നത് പ്രധാനമായും ആ ഇല്ലത്തെ ഒരു നമ്പൂതിരി തന്റെ ജീവിതകാലത്തു നടന്ന സംഭവവികാസങ്ങളെ സസൂക്ഷ്മം, സവിസ്തരം എഴുതി തയ്യാറാക്കിയ ഒരു ഗ്രന്ഥവരിയുടെ പ്രസക്തിയിലൂടെയാണ്. ഈ ഗ്രന്ഥം രചിയ്ക്കപ്പെടുന്ന കാലത്ത് ഗ്രന്ഥകർത്താവായ നമ്പൂതിരിയ്ക്ക് എഴുപത് വയസ്സാണെന്നാണ് പറയുന്നത്. 1755 മുതൽ 1780 വരെ നടക്കുന്ന ഹൈദരുടെ പൊന്നാനിയിലെ ആക്രമണങ്ങൾക്കും ലഹളകൾക്കും മുഴുവൻ ദൃക്സാക്ഷിയാണ് ഈ ലേഖകൻ. ചരിത്രപരമായ വീക്ഷണത്തോടെ പരമാവധി സത്യസന്ധതയോടെ അദ്ദേഹം ഈവിവരങ്ങൾ രേഖപ്പെടുത്തുന്നു. കേരളത്തിലെ സംഭവങ്ങൾ സാമാന്യമായും മലബാറിലേത് സൂക്ഷ്മമായും കാലാനുക്രമത്തിൽ പശ്ചാത്തലവിവരണങ്ങളോടെ പറയുന്ന രീതിയാണ്

ഗ്രന്ഥത്തിന്റേത്. പന്നിയൂർ ശുകപുരം ഗ്രാമങ്ങൾ തമ്മിലുള്ള കൂറുമത്സരം, അക്കാലയളവിലെ സാമൂതിരി ഭരണം, ഹൈദരുടെ ആക്രമണങ്ങൾ എന്നിങ്ങനെ മൂന്നു ഭാഗങ്ങളായിട്ടാണ് ഈ ഗ്രന്ഥം രചിയ്ക്കപ്പെട്ടിട്ടുള്ളത്.

ചരിത്രപരമായും ഭാഷാപരമായും ഏറെ പ്രാധാന്യമർഹിയ്ക്കുന്ന ഒരു ഗ്രന്ഥമാണ് വെള്ളനമ്പൂതിരി എഴുതിയ ചരിത്രം അഥവാ വെള്ളയുടെ ചരിത്രം. ഹൈദരലിയുടെ സാമൂതിരിയ്ക്കു നേരെയുള്ള ആക്രമണങ്ങൾ കേരളചരിത്രത്തിൽ സവിശേഷസ്ഥാനം വഹിയ്ക്കുന്നുണ്ട്. സാമൂതിരിവംശത്തിന്റെ അപചയത്തിന്റെ ആരംഭം എന്ന നിലയിലും മലബാറിലെ മുസ്ലീംമതവ്യാപനത്തിലെ ഒരേയൊരു നിർബന്ധിത മതപരിവർത്തന ഘട്ടം എന്ന നിലയിലുമാണ് ഈ കാലഘട്ടം രേഖപ്പെടുത്തപ്പെടുന്നത്. സാമൂതിരിയുടെ ഗ്രന്ഥവരികളിലും ബ്രിട്ടീഷ്ഭരണരേഖകളിലും നിന്നും മാത്രമാണ് ഈ കാലഘട്ടത്തെ കുറിച്ചുള്ള അറിവുകൾ ലഭ്യമാകുന്നത്. ഇതുരണ്ടും തികഞ്ഞ ഹൈദർവിരുദ്ധ രാഷ്ട്രീയേച്ഛകൾ പ്രതിഫലിക്കുന്ന രേഖകളായിരുന്നെങ്കിൽ വെള്ളയുടെ ചരിത്രം ഈ കാലഘട്ടത്തെ നിഷ്പക്ഷമായി നോക്കിക്കാണുന്ന ഒരു പ്രാദേശികലേഖകന്റെ ജാഗ്രത പുലർത്തുന്നുണ്ട്. മലയാളഗദ്യത്തിന്റെ ആദ്യരൂപമെന്ന് വിളിയ്ക്കാവുന്ന തനതു ശൈലിയായിരുന്നു വെള്ളയുടെ ചരിത്രത്തിന്റെ ഭാഷാപരമായ പ്രസക്തി. പിൽക്കാല മിഷനറികൃതികളിൽ നിന്നും ഏറെ വ്യത്യസ്തതപുലർത്തുന്ന ഒരു ഗദ്യശൈലി ഈ കൃതിയ്ക്ക് കാണാനാകും. ഹൈദരലിയെ അവതരിപ്പിയ്ക്കുന്ന ഭാഗം സാഹിത്യപരമായി മുന്തിയതും പുതിയ ഉൾക്കാഴ്ചയോടെയുള്ള ഗദ്യശൈലികൊണ്ട് സമ്പന്നവുമാണ്. വെള്ളയുടെ ചരിത്രത്തിന് മുൻപുള്ള മലയാളസാഹിത്യത്തിൽ ഇത്തരം ശൈലികളോ രീതികളോ കാണാനാകില്ല.

വൈദികവൃത്തിയിൽ പേരുകേട്ട പൊന്നാനിയിലെ നമ്പൂതിരിമാർക്ക് ഇടയിൽ തന്നെയായിരുന്നു കേരളത്തിൽ മന്ത്രവാദത്തിൽ പ്രശസ്തിയാർജിച്ച കാട്ടുമാടംമനയും സ്ഥിതിചെയ്യുന്നത്. പരശുരാമൻ മഴുവെറിഞ്ഞ് സൃഷ്ടിച്ച മലയാളമണ്ണിലേയ്ക്ക് നമ്പൂതിരിമാരെ കൊണ്ടുവന്ന് അധികാരങ്ങൾ പകുത്തപ്പോൾ കാട്ടുമാടത്തിന് നൽകിയത് മന്ത്രവാദത്തിനുള്ള അധികാരമാണെന്നാണ് ഐതിഹ്യം. എന്നാൽ വർത്തമാനകാല

കേരളത്തിൽ നാടകനിരൂപണ രംഗത്ത് നിറഞ്ഞുനിന്ന കാട്ടുമാടം നാരായണനിലൂ-ടെയാണ് ഈ മന പ്രശസ്തമാകുന്നത്.

യാഗപാരമ്പര്യത്തിന്റേയും വേദമഹിമയുടേയും മാത്രമല്ല നമ്പൂതിരി സമുദായത്തിലെ നവോത്ഥാനത്തിന്റേയും യശസ്സ് പൊന്നാനിയിലെ ബ്രാഹ്മണ സമൂഹത്തിന് അവകാശപ്പെടാനുണ്ട്. നമ്പൂതിരി സമുദായത്തിലെ ആദ്യ വിധവാവിവാഹം നടത്തി ചരിത്രം സൃഷ്ടിച്ച മുല്ലമംഗലത്ത് മനയ്ക്കലെ എം. ആർ.ബി.യും വിധവാവിവാഹം നടത്തിയ അദ്ദേഹത്തിന്റെ സഹോദരൻ എം. പി. ഭട്ടതിരിപ്പാടും പൊന്നാനിത്താലൂക്കിലെ വന്നേരിക്കാരായിരുന്നു. ഇവരുടെ ഭാവനാസൃഷ്ടിയായ വന്നേരി കെ. സാവിത്രി അന്തർജനം നമ്പൂതിരി സമുദായത്തിന് അകത്ത് സൃഷ്ടിച്ച കോളിളക്കങ്ങൾ ഏറെയാണ്. മലയാളത്തിൽ ആദ്യമായി ഒരു അന്തർജനം എഴുത്തുകാരിയായി പ്രത്യക്ഷപ്പെടുന്നത് ഇരുവരുടേയും ഭാവനയിലൂടെയായിരുന്നു. സാമുദായിക പരിഷ്കരണപ്രവർത്തനങ്ങളുടെ ഭാഗമായി ഇവർ രചിച്ച നാടകങ്ങളും ശ്രദ്ധേയമാണ്.

### 5.3 പൊന്നാനിയിലെ ഇതരജാതിസമൂഹങ്ങൾ

മലബാറിലെ മുസ്ലീംസമുദായത്തിന്റേയും ബ്രാഹ്മണസമൂഹത്തിന്റേയും ചരിത്രത്തിൽ പൊന്നാനി നിറഞ്ഞുനിൽക്കുന്നുണ്ട്. അതുകൊണ്ട് തന്നെയാകാം പൊന്നാനിയിലെ ഇതര ജാതി-മത വിഭാഗങ്ങൾ വേണ്ടത്ര ശ്രദ്ധ പതിയാതെ പോയ വിഷയമായിരുന്നു. പൊന്നാനിയിലെ മതപാരമ്പര്യങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾക്കിടയിൽ മതന്യൂനപക്ഷമെന്നു വിശേഷിപ്പിക്കാവുന്ന ക്രൈസ്തവ ജനതയുടെ വിശദാംശങ്ങൾ അധികം കാണാനാകില്ല. പൊന്നാനി നഗരത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പഠനങ്ങളിൽ അവിടത്തെ മുസ്ലീം സമുദായത്തിന്റെ ആധിക്യം കാരണം ഇതരസമുദായങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾ ഇടംപിടിയ്ക്കാതെ പോവുകയും ചെയ്യാറുണ്ട്. എന്നാൽ ഈ സമൂഹങ്ങൾക്കെല്ലാം പൊന്നാനിയുടെ രാഷ്ട്രീയവും സാംസ്കാരികവുമായ ചരിത്രത്തിൽ ആഴത്തിലുള്ള പ്രാതിനിധ്യം കാണാനാകും.

പൊന്നാനിയിലെ ക്രൈസ്തവജനതയ്ക്ക് ഒന്നര നൂറ്റാണ്ടിലധികം പഴക്കമുണ്ട്. നഗരത്തിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാഭ്യാസസ്ഥാപനമായ ബാസൽമിഷൻ സ്കൂൾ നൂറ്റമ്പതുവർഷങ്ങൾക്ക് മുമ്പ് ജർമ്മൻ മിഷനറിമാരാൽ സ്ഥാപിയ്ക്കപ്പെട്ടതാണ്. ഈ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കായി പൊന്നാനിയിലെത്തിച്ചേർന്ന സി.എസ്.ഐ. സഭാംഗങ്ങളാണ് പൊന്നാനിയിലെ ആദ്യത്തെ ക്രൈസ്തവസമൂഹം. നിലവിൽ റോമൻകത്തോലിക്ക, സി.എസ്.ഐ, യാക്കോബായ, മാർത്തോമ എന്നിങ്ങനെ നാലുപ്രധാന ക്രൈസ്തവവിഭാഗങ്ങൾ പൊന്നാനിയിലുണ്ട്. പൊന്നാനിയിലെ പ്രസിദ്ധമായ സെന്റ് ആന്റണീസ് ചർച്ച് റോമൻകത്തോലിക്ക വിഭാഗത്തിന്റേതാണ് (അഷ്റഫ്, 2018:134).

1907ൽ ചാണ എന്ന സ്ഥലത്താണ് പൊന്നാനിയിലെ ആദ്യ ക്രിസ്ത്യൻ പള്ളി ഉയരുന്നത്. 1919 വരെ ഈ പള്ളി നിലനിന്നെങ്കിലും പിന്നീട് ഇത് പ്രവർത്ത നരഹിതമായി. അതിനുശേഷം പൊന്നാനിയിലെ ക്രൈസ്തവസമൂഹം ആരാധനയ്ക്കായി ചാവക്കാട്ടെ പാലയൂർപള്ളിയിലേയ്ക്കായിരുന്നു പോയിരുന്നത്. ശനിയാഴ്ച രാത്രി കനോലികനാലുവഴി യാത്രചെയ്ത് ഞായറാഴ്ച രാവിലെ അവർ പള്ളികളിലെത്തുന്നു. ഇതിന് പരിഹാരമായാണ് പൊന്നാനിയിലെ കച്ചവടക്കാരും ഉദ്യോഗസ്ഥരും അടങ്ങുന്ന സമ്പന്നവർഗം 1931-ൽ സെന്റ് ആന്റണീസ് ചർച്ച് ആരംഭിയ്ക്കുന്നത്. പൊന്നാനിയുടെ വിദ്യാഭ്യാസ മേഖലയിലും ആതുരപരിപാലന രംഗത്തും ഈ പള്ളി പിന്നീട് സ്തുത്യർഹമായ പങ്ക് വഹിച്ചു (അഷ്റഫ്, 2018:135-136).

ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ സമൂഹങ്ങൾക്ക് പുറമേ കേരളത്തിൽ പലയിടത്തും താമസിച്ചിരുന്ന ബുദ്ധ-ജൈന മതാനുകൂലികളുടെ്യ പൊന്നാനിയിൽ യാതൊരു വാസരേഖകളും കാണാനില്ല. എന്നാൽ ജൈനനിർമ്മിതിയെന്നു ചരിത്രകാരന്മാർ കണ്ടെത്തിയിട്ടുള്ള ഒരു കട്ടിൽമാടം പഴയ പൊന്നാനി താലൂക്കിലെ നാഗലശ്ശേരി പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. പട്ടാമ്പി-ഗുരുവായൂർ പാതയ്ക്ക് സമീപത്തായി സ്ഥിതിചെയ്യുന്ന ഈ കരിങ്കൽനിർമ്മിതി പത്ത്, പതിനൊന്ന് നൂറ്റാണ്ടുകൾക്കടുത്ത് നിർമ്മിയ്ക്കപ്പെട്ടതാവാനാണ് സാധ്യത. വാസ്തുവിദ്യാപരമായി പൊന്നാനിയിലെ പല

പഴയ പള്ളികൾക്കും ജൈനനിർമ്മിതികളോട് സാമ്യമുണ്ടെന്നതും പൊന്നാനിയിൽ ജൈനമതത്തിന്റെ സാന്നിധ്യം സൂചിപ്പിയ്ക്കുന്നു. എന്നാൽ ഇത്തരത്തിലുള്ള തെളിവുകളൊന്നും പൊന്നാനിയിലെ ബുദ്ധമതത്തെക്കുറിച്ച് ലഭ്യമല്ല. ബൗദ്ധ-ബ്രാഹ്മണ കലഹങ്ങളെക്കുറിച്ച് കേരളത്തിൽ എമ്പാടും പ്രചാരത്തിൽ ഉണ്ടായിരുന്നതുപോലുള്ള ചില കഥകൾ പൊന്നാനിയിലും പരിസരങ്ങളിലും പ്രചാരത്തിലുണ്ടായിരുന്നു. അത് പൊന്നാനിയിലെ ബുദ്ധമതാനുയായികളുടെ സാന്നിധ്യത്തേക്കാൾ ഇവിടെ സംഭവിച്ച ബ്രാഹ്മണജനതയുടെ അധികാരത്തിന്റെ ലക്ഷണമായി കരുതാം. പൊന്നാനിയിലെ അടിസ്ഥാന ജാതികളെ സംബന്ധിച്ച ഐതിഹ്യങ്ങളിലും ഈ ബ്രാഹ്മണ മേൽക്കോയ്മയുടെ നിരവധി ലക്ഷണങ്ങൾ കാണാനാകും.

### 5.3.1 നായാടികൾ

ഇന്നും ഗോത്രവർഗ സംസ്കൃതി സൂക്ഷിയ്ക്കുന്ന ഒരു ജനതയാണ് നായാടികൾ. നായാടി നാടുതെണ്ടി മക്കളെ പോറ്റുമെന്നാണ് അവരുടെ വിശ്വാസം. മലപ്പുറം ജില്ലയിൽ പൊന്നാനി, പെരിന്തൽമണ്ണ എന്നീ പ്രദേശങ്ങളിലാണ് നായാടികൾ താമസിയ്ക്കുന്നത്. സ്വന്തമായി വീടില്ലാത്തവരും ജാതിക്കോളനികളിൽ കൂട്ടമായി താമസിയ്ക്കുന്നവരും മാത്രമാണ് ഇന്നും കേരളത്തിലെ നായാടികളെല്ലാം. താരതമ്യേന മെച്ചപ്പെട്ട ജീവിതമോ മറ്റു തൊഴിലുകളോ സ്വന്തമായുള്ളവർ പൊന്നാനിയിലെ നായാടികൾക്ക് ഇടയിലുണ്ടെങ്കിലും സാമൂഹികമായ ഒരു അധമബോധം അവർക്ക് വിട്ടുമാറിയിട്ടില്ല എന്നു കാണാം.

പണ്ടൊരിയ്ക്കൽ ഉപനയനത്തിന് പങ്കെടുക്കാൻപോയ നമ്പൂതിരി വിശന്നപ്പോൾ വഴിയിൽക്കണ്ടൊരു മാമ്പഴം എടുത്തു കഴിച്ചു. അണ്ണാൻകഴിച്ച മാമ്പഴത്തിന്റെ ബാക്കിയായിരുന്നു അത്. ഉച്ഛിഷ്ടം കഴിച്ച ബ്രാഹ്മണനോട് ചുറ്റുമുള്ളവർ "അശ്രീകരം, ഞങ്ങടെ ഇല്ലത്തു നിന്ന് എഴുപതടി മാറി നിൽക്ക്" എന്ന് പറഞ്ഞു. അങ്ങനെയാണ് നായാടികൾ നമ്പൂതിരിവീടുകളിൽ നിന്നും എഴുപതടി മാറി നിന്ന് 'തമ്പ്രാട്ടിയോ, തമ്പ്രാനോ' എന്നു വിളിക്കാൻ ആരംഭിയ്ക്കുന്നത്. അതല്ലാതെ ജാതിയിൽ താണവരെന്ന അയിത്തമല്ല തങ്ങളെ മാറ്റിനിർത്തുന്നത് എന്നാണ് നായാടികൾ വിശ്വസിക്കുന്നത്.

അങ്ങനെ ഇല്ലം പിഴച്ചുപോയ അച്ഛച്ചൻ കാട്ടുവാസിയായ സ്ത്രീയെ വിവാഹം കഴിച്ചതാണ് നായാടികളുടെ തലമുറയെന്നും കഥയുണ്ട്. നായാടികൾക്ക് ഇടയിൽ മാത്രമല്ല കേരളത്തിലെ വിവിധ ജാതിമത വിഭാഗങ്ങൾക്കിടയിൽ ഇത്തരത്തിൽ നമ്പൂതിരിമാർ ജാതിയോ മതമോ മാറുന്നതായുള്ള ഐതിഹ്യങ്ങൾ കാണാനാകും. അത്തരത്തിൽ സ്വസമുദായത്തിന് ശ്രേഷ്ഠതയുണ്ടെന്നു സ്ഥാപിയ്ക്കാനോ അല്ലെങ്കിൽ ബ്രാഹ്മണരിൽ നിന്നാണ് മറ്റു സമുദായങ്ങളെല്ലാം ഉണ്ടായതെന്ന് സൂചിപ്പിയ്ക്കാനോ വേണ്ടി നിർമ്മിച്ച മറ്റൊരു കഥമാത്രമാണ് ഇതും.

ആദ്യകാലത്ത് സ്ഥിരം താമസസ്ഥലങ്ങളില്ലാതെ ഊരു തെണ്ടി നടന്നിരുന്നവരാണ് നായാടികളിൽ അധികവും. വ്യത്യസ്ത നാടുകളിൽ നിന്നും വന്നവർ അവരുടെ ആദ്യകാല താവളങ്ങളെ വീട്ടുപേരായി സ്വീകരിച്ചു. ആറ്റുപുറം, കക്കാട്, പുത്തൂർവളപ്പ് എന്നിങ്ങനെ മൂന്ന് കുടുംബങ്ങളാണ് പൊന്നാനിയിലെ നായാടിക്കോളനിയിലുള്ളത്. ഇവരിൽ ആറ്റുപുറത്ത് താമസമാക്കി പിന്നീട് ഗുരുവായൂർ തമ്പുരാൻപടിയ്ക്ക് അടുത്ത് താമസമാക്കുകയും അവിടെ നിന്നും പൊന്നാനിയിലേയ്ക്ക് എത്തുകയും ചെയ്തവരാണ് ആറ്റുപുറം കുടുംബക്കാർ. കുന്നംകുളത്തിനടുത്തുള്ള കക്കാട് കേന്ദ്രമാക്കിക്കൊണ്ടാണ് മധ്യകേരളത്തിലെ നായാടികളുടെ മറ്റൊരു കൂട്ടർ താമസിച്ചിരുന്നത്. ഇവർ പിന്നീട് ആറ്റുപുറത്തേക്കും അവിടെ നിന്നും പൊന്നാനിയിലേയ്ക്കും താമസം മാറ്റി. വടക്കൻ കേരളത്തിൽ നിന്നും കുടിയേറിയവരാണ് പുത്തൂർവളപ്പ് കുടുംബക്കാർ. പുത്തൂരംവീട്ടിലെ ചേകവരുടെ പരമ്പരയാണ് തങ്ങളുടേതെന്ന് ഇവർ അവകാശപ്പെടുന്നു.

താമസിക്കുകയോ തെണ്ടിനടക്കുകയോ ചെയ്തിരുന്ന ദേശവുമായി നായാടികൾക്കുള്ള ബന്ധം വീട്ടുപേരിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. വിവാഹത്തിന് സ്ത്രീധനമായി അവർനൽകിയിരുന്നത് ദേശത്ത് തെണ്ടാനുള്ള അവകാശമായിരുന്നു. ആ ദേശത്ത് തെണ്ടാനുള്ള അധികാരം അവർക്ക് മാത്രമായിരുന്നു. വധുവിന്റെ അച്ഛൻ വരനോട് ഈ ദേശം നിന്റേതാണ് എന്നു പറഞ്ഞാൽ പിന്നെ ആ ദേശത്ത് മറ്റൊരു നായാടിയുടെ വിളി കേൾക്കാൻ പാടില്ല. വിവാഹം നിശ്ചയിച്ചാൽ മരുമകനെ പെണ്ണിന്റെ അച്ഛൻ ആ

ദേശത്തെ വീടുകളിൽ പോയി പരിചയപ്പെടുത്തുകയും ഇനി മുതൽ ദേശത്തെ നായാടി ഇവനാണെന്ന് അറിയിയ്ക്കുകയും ചെയ്യും.

വീട്ടുപടിയ്ക്കൽ വന്നുനിന്ന് 'തമ്പ്രാനേ' എന്ന് ഉച്ചത്തിൽ വിളിച്ചുകൊണ്ടാണ് നായാടികൾ തെണ്ടിത്തുടങ്ങുക. ഇതിനെ 'എണ്ണംവിളി' എന്നും 'തറവിളി' എന്നും പറയും. നായാടി മറ്റു വീടുകളിൽ ചെല്ലുമ്പോൾ 'വാസുദേവന്റമ്പ്രാ' എന്നു വിളിക്കും. അതിനുശേഷം തെണ്ടാൻ വന്ന വീടിന്റെ കുലമഹിമകളും വംശമഹിമകളും പറഞ്ഞ് അവസാനം 'നായാടിയ്ക്കെന്തെങ്കിലും തരണേ' എന്നു പറയും. വീടുകളിൽ നിന്നും ഉപ്പും മുളകും ലഭിക്കും. ചിലപ്പോൾ എന്തെങ്കിലും കായ്കറികളും കിഴങ്ങുകൾ വിളവെടുക്കുമ്പോൾ കിഴങ്ങുകളും ലഭിക്കും. എല്ലാ വീടുകളിൽ നിന്നും അരിയും കിട്ടും. അവസാനം "മരിച്ച ആത്മാവിന് ശാന്തിപാട് കിട്ടട്ടെ, ഇനിയുള്ള കുട്ടികൾക്ക് കണ്ണീരും ആപത്തും കേടുപാടുകളും ഇല്ലാതെ നന്നായി വരട്ടെ, ആർപ്പോ ആർപ്പോ, നായാടി സന്തോഷപ്പെട്ട് ആർപ്പോ ആർപ്പോ ഹൊയ് ഹൊയ് നായാടിക്ക് കിട്ടിയ അവകാശങ്ങൾ കൊണ്ട് സന്തോഷപ്പെട്ട് ആർപ്പോ ഹൊയ് ഹൊയ്, തമ്പ്രാക്കന്മാർക്ക് കണ്ണേറ് ജാതിശത്രുക്കളൊന്നുമില്ലാണ്ട് കാത്ത് രക്ഷിക്കണേ മലനായാടി മലമുത്തപ്പാ കല്ലടിക്കോട്ട് കരിനീലി മുത്തി" എന്നു പറഞ്ഞ് അനുഗ്രഹിച്ച് ഒടുവിൽ പണ്ടാരടങ്ങിപ്പോകട്ടെ എന്ന് പ്രാകുകയും ചെയ്യും. നായാടി പ്രാകിയാൽ നല്ലതു വരുമെന്നും നായാടിയെ നിരാശരാക്കി അയച്ചാൽ ദുർഗതി വരുമെന്നുമാണ് വിശ്വാസം. നായാടിയ്ക്ക് കൊടുക്കുന്ന വസ്തുക്കൾ നായാടിയുടെ അവകാശമായാണ് കണക്കാക്കുന്നത്. വീട്ടിൽ വിശേഷങ്ങളുണ്ടായാലും ആഘോഷങ്ങൾ വന്നാലും നായാടിയ്ക്കെന്നു പറഞ്ഞ് വീട്ടുകാർ എന്തെങ്കിലും മാറ്റിവെയ്ക്കും. എന്തെങ്കിലും ആഗ്രഹങ്ങൾ നടക്കാൻ വേണ്ടിയും നായാടിയ്ക്ക് എടുത്തുവെയ്ക്കുന്നവരുണ്ട്. വിശേഷാവസരങ്ങളിൽ തമ്പുരാക്കന്മാർ നായാടികൾക്ക് വസ്ത്രങ്ങളും ദാനം കൊടുത്തിരുന്നു. പക്ഷേ നല്ല വസ്ത്രങ്ങൾ ധരിയ്ക്കാൻ പാടില്ലെന്ന അധമബോധം കാരണം വെള്ള മുണ്ടുകളിൽ ചെളി പുരട്ടിക്കൊണ്ടാണ് നായാടികൾ ഉടുത്തിരുന്നത്. നമ്പൂതിരിഗൃഹങ്ങളിൽ മരണം നടന്നാൽ പുലയുള്ള കാലത്ത് ഉടുത്ത വസ്ത്രങ്ങളെല്ലാം നായാടിയ്ക്കുള്ളതാണ്. മരണാനന്തരകർമ്മങ്ങൾ നടത്തുമ്പോൾ ഉടുത്ത വസ്ത്രങ്ങളും നായാടിയ്ക്ക് നൽകും.

നൂറ്റാണ്ടുകളായി ജാതിസമൂഹങ്ങളായിമാത്രം ജീവിക്കുന്നതുകൊണ്ട് വ്യത്യസ്തമായ ആചാരങ്ങളും ആരാധനാരീതികളും പിൻതുടരുന്നവരാണ് നായാടികൾ. തങ്ങളുടേത് മാത്രമായുള്ള അമ്പലങ്ങളിലാണ് നായാടികൾ ആരാധന നടത്തിയിരുന്നത്. നായാടി മുത്തപ്പനാണ് അവരുടെ പ്രധാന ദൈവം. ആറ്റുപുറം അമ്പലത്തിൽ മുത്തപ്പന്റെ പ്രതിഷ്ഠയുണ്ട്. നായാടി മുത്തപ്പനൊപ്പംതന്നെ കള്ളാടിമുത്തപ്പനും നായാടികളുടെ ദൈവമാണ്. കുഴിനഖം പോലുള്ള അസുഖങ്ങൾ വന്നാൽ നായാടി മുത്തപ്പന് വഴിപാടുകൾ നൽകും. നായാടികൾക്ക് പൊതുവായുള്ള മുത്തപ്പൻ പ്രതിഷ്ഠയെ കൂടാതെ ഓരോ തറവാടുകൾക്കും വേറെ വേറെ കുടുംബ ദേവതകളും ഉണ്ടാകും. മീനമാസത്തിലാണ് നായാടി മുത്തപ്പന്റെ ഉത്സവം. ഉത്സവത്തിന് നായാടി മുത്തപ്പന്റെ കൂളി കെട്ടി ബിയ്യം കായലിനു സമീപത്തുള്ള പുഴയിൽ ചാടി മീൻ പിടിച്ച് ചുട്ട് കള്ളു കൂട്ടി കഴിക്കുന്നതാണ് അവിടത്തെ ആഘോഷം.

നായാടിമാർക്ക് ഇടയിലെ ഒരേ കുടുംബക്കാർ തമ്മിൽ വിവാഹ ബന്ധത്തിൽ ഏർപ്പെടാൻ പാടില്ല. നിലവിൽ നായാടി സമൂഹത്തിന് അകത്തുള്ള പുരുഷന്മാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നു തുടങ്ങിയതോടെ നായാടി സ്ത്രീകൾ മറ്റു ജാതികളിൽ നിന്നും വിവാഹം കഴിച്ചു തുടങ്ങിയിട്ടുണ്ട്. വിവാഹവുമായി ബന്ധപ്പെട്ട ചടങ്ങുകളെല്ലാം നായാടികൾക്കിടയിൽ ബന്ധുക്കളും പരിചയക്കാരും എല്ലാം ഒത്തുചേരുന്ന ആഘോഷവേളകളാണ്. “എന്റെ കുട്ടിയെ ഇഷ്ടപ്പെട്ടാണ് അങ്ങോട്ട് തരുന്നത്” എന്നു പറഞ്ഞ് നാല് കാരണവത്തികളും കാരണവന്മാരും കൂടി അടയ്ക്ക നാലായി മുറിച്ച് മുറുക്കി തുപ്പി അച്ചാരപ്പണം വാങ്ങിക്കൊണ്ടാണ് വിവാഹം ഉറപ്പിക്കുക. അതിനു ശേഷം കാരണവന്മാർ ആ പണത്തിന് കള്ളു വാങ്ങി കുടിച്ചിട്ടു വരും. കള്ള് ഇവിടത്തെ എല്ലാ ആഘോഷങ്ങളുടേയും അനിവാര്യഘടകമാണ്. ബന്ധുക്കൾ എല്ലാവരും അവരവരുടെ ദേശങ്ങളിൽ നിന്നും കിട്ടുന്ന അരിയും ഉപ്പും മുളകും കല്ല്യാണത്തിന് വരുമ്പോൾ കൊണ്ടുവരും. ‘സേർ കൂടുക’ എന്നാണ് ഇതിനു പറയുക. വട്ടത്തിൽ കൂട്ടമായി നിന്നുള്ള ചവിട്ട്കളിയും കല്ല്യാണത്തിനുണ്ടാകും. കല്ല്യാണം കഴിഞ്ഞാൽ ആമയെ പിടിച്ച് ചുട്ടു തിന്നുന്നതും ഇവരുടെ ആഘോഷത്തിന്റെ ഭാഗമാണ്.

നായാടികൾക്കിടയിൽ ആചാരം ഏറ്റവും കൂടുതലുള്ളത് മരണത്തോടനുബന്ധിച്ചാണ്. ശവം മറവു ചെയ്താൽ പതിനഞ്ചിന്റെ അന്ന് 'ആട്ടിത്തെളിയ്ക്കുക' എന്നൊരു ചടങ്ങുണ്ട്. ശവം മറവ് ചെയ്തിടത്തു നിന്നും ഒരെല്ല് പൊട്ടിച്ചെടുത്ത് നവധാന്യങ്ങൾ ചേർത്ത് കത്തിക്കുന്നതാണ് ഈ ചടങ്ങ്. പതിനാറിന് രാത്രി തറവിളിച്ച് കിട്ടിയ അരി കൊണ്ടുവന്ന് വട്ടം വളഞ്ഞിരുന്ന് 'നിഴൽ പാട്ട്' പാടും. ആത്മാവിനെ ഉയർത്താനായാണ് ഈ പാട്ടെന്നാണ് സങ്കൽപം.

ഇതുവരെ കണ്ടത് കേരളത്തിലെ പൊതുവായുള്ള നായാടികളുടെ ജീവിത ക്രമങ്ങളാണെങ്കിൽ അക്കൂട്ടത്തിൽ ഏറ്റവും പുരോഗതി പ്രാപിച്ചവരാണ് പൊന്നാനിയിലുള്ളത്. പണ്ട് കാലം മുതൽക്കേ കടപ്പുറത്തെ വല വലിയ്ക്കലും വഞ്ചി കയറ്റലും പോലുള്ള പണികൾക്ക് പൊന്നാനിയിലെ നായാടികൾ പോയിരുന്നു. കൂടാതെ കയറുകൊണ്ട് ഉറി, വെടം മുതലായ വസ്തുക്കളും നിർമ്മിച്ചിരുന്നു. നായാടി സമൂഹത്തിലെ ആദ്യത്തെ അധ്യാപകൻ ഉണ്ടാകുന്നത് പൊന്നാനിയിലെ നായാടി കോളനിയിൽ നിന്നായിരുന്നു. നായാടിയായ ചാത്തൻമാഷ് അധ്യാപകനായതോടുകൂടി വിദ്യാഭ്യാസം നേടേണ്ടതിനെ കുറിച്ച് നായാടി കുട്ടികൾക്കിടയിൽ അവബോധമുണ്ടായി. പൊന്നാനിയിൽ നിന്നുള്ള ഗൾഫ് കുടിയേറ്റത്തിന്റെ കാലഘട്ടത്തിലേ അക്ഷരാ-ഭ്യാസമുള്ള ചിലർ നായാടി കോളനിയിൽ ഉണ്ടായിരുന്നതായി കാണാം. ഗൾഫിൽ നിന്നും വരുന്ന കത്ത് വായിയ്ക്കാനും മറുപടി എഴുതാനുമായി കോളനിയിലേയ്ക്ക് വരുന്ന മുസ്ലീങ്ങൾ നായാടികൾക്ക് പൊന്നാനിയിലുണ്ടായിരുന്ന മെച്ചപ്പെട്ട ജീവിത നിലവാരത്തിന്റെ ലക്ഷണമാണ്.

പൊന്നാനിത്തീരത്തെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളാണ് നായാടി കോളനിയുടെ അയൽദേശങ്ങൾ. തൊഴിലുനൽകാനും കത്തുവായിയ്ക്കാനും വേണ്ടി നായാടി കോളനിയിലേയ്ക്ക് വന്നിരുന്ന മുസ്ലീങ്ങൾ നായാടികളെ മറ്റൊരുജാതി മാറ്റിനിർത്തേണ്ടവരായോ അയിത്തമുള്ളവരായോ കണ്ടിരുന്നില്ല. ഇവിടത്തെ വിവാഹങ്ങളിൽ പങ്കെടുക്കാനും ഭക്ഷണംകഴിയ്ക്കാനും അവർ എല്ലാ കാലത്തും തയ്യാറാകുമായിരുന്നു. ഇത് സ്വന്തം സാമൂഹികനിലയെക്കുറിച്ച് പൊതുവിൽ നായാടികൾ

പേറിവന്ന അധമബോധത്തെ പ്രതിരോധിയ്ക്കാൻ പൊന്നാനിക്കാരായ നായാടികളെ സഹായിച്ചു. ഇന്നും നാടുതെണ്ടാൻ പോകുന്നവർ ഇവർക്കിടയിലുണ്ടെങ്കിലും എഞ്ചിനീയർമാരും വക്കീലന്മാരും സർക്കാർ ഉദ്യോഗസ്ഥന്മാരും അടക്കം സമൂഹത്തിലെ നിരവധി തൊഴിലിടങ്ങളിലേയ്ക്ക് നായാടികളിൽ ചിലർ കുടിയേറിയിട്ടുണ്ട്. കോളനിയ്ക്ക് പുറത്തേയ്ക്ക് താമസം മാറ്റിയും അന്യസമുദായങ്ങളിൽ നിന്നും വിവാഹം കഴിച്ചും നായാടി ജീവിതത്തിൽ നിന്നും പുറത്തു കടക്കാൻ ശ്രമിയ്ക്കുന്നവരുമുണ്ട്.

### 5.3.2 പടന്ന സമുദായം

പൊന്നാനിയിലെ ബിയ്യം, കല്ലിക്കട, കടവനാട് എന്നീ കായലോരപ്രദേശങ്ങളിൽ താമസിയ്ക്കുന്ന സമുദായമാണ് പടന്നസമുദായം. കുലത്തൊഴിലായി വഞ്ചി തുഴഞ്ഞിരുന്നവരുടേതായിരുന്നു ഈ സമുദായം. കോഴിക്കോടുമുതൽ കന്യാകുമാരി വരെ നീളുന്ന കേരളത്തിലെ ഉൾനാടൻജലപാതകളിൽ വഞ്ചി തുഴഞ്ഞിരുന്നവരായിരുന്നു ഇവർ. ഈ വഴികളിലെല്ലാം ചരക്കുകടത്തിയിരുന്നതും ഇവിടങ്ങളിലെ ബ്രാഹ്മണരെ ഒരുദേശത്തുനിന്നും മറുദേശത്തേയ്ക്ക് പൂജാദി കർമ്മങ്ങൾക്കായി കൊണ്ടുപോയിരുന്നതും പടന്നസമുദായമാണ്. സാമൂഹികമായും സാമ്പത്തികമായും പൊന്നാനിയിലെ പട്ടികജാതിക്കാർക്കിടയിൽ മികച്ച ജീവിത നിലവാരം നിലനിർത്തിയിരുന്ന സമുദായമായിരുന്നു ഇവരുടേത്. ജലയാത്രയ്ക്കിടയിൽ പൂണൂൽ അബദ്ധത്തിൽപൊട്ടി വെള്ളത്തിൽ വീണതിനാൽ ബ്രാഹ്മണവിഭാഗത്തിൽ നിന്ന് ഭ്രഷ്ടരാക്കപ്പെട്ടവരാണ് തങ്ങളെന്നാണ് കടവനാട് തുടങ്ങിയ കായൽ തീരങ്ങളിൽ വസിക്കുന്ന പടന്ന വിഭാഗം കരുതിപ്പോരുന്നത് (ടി.വി.അബ്ദുറഹിമാൻകുട്ടി, 2016:324).

കോഴിക്കോട് മുതൽ കന്യാകുമാരിവരെ നീളുന്നതായിരുന്നു പടന്ന സമുദായത്തിന്റെ തൊഴിലിടങ്ങൾ. കനോലികനാലും വേമ്പനാട്ടുകായലും എല്ലാം വഴി ഇവർ ചരക്കുകയറ്റി യാത്രചെയ്തിരുന്നു. യാത്രയിൽ ആവശ്യമായ ഭക്ഷണം പാകം ചെയ്യാനും ദാഹമകറ്റാനും വേണ്ട സന്നാഹങ്ങൾ അവർ വഞ്ചിയിൽ തന്നെ കരുതും. പലപ്പോഴും കടത്തുന്ന ചരക്കിൽ നിന്നും ഒരുഭാഗം അവർ അവരുടെ ചെലവുകൾക്കായി എടുത്തുവെയ്ക്കുന്നു. ഇതുവഴി തമ്പുരാക്കന്മാരുടെ കയ്യിൽ നിന്നും ദാനം കിട്ടാതെയും

അവരുടെ മുറ്റത്ത് പോയിരുന്ന് ഉച്ഛിഷ്ടം കഴിയ്ക്കാതെയും വിശപ്പടക്കാനുള്ള സാഹചര്യം ഇവർക്ക് ലഭിച്ചിരുന്നു. ജന്മിഗൃഹങ്ങളിലൊ അവരുടെ പറമ്പുകളിലൊ പണിയെടുക്കേണ്ടതില്ലാത്തത് കൊണ്ട് ഒരുതരത്തിലുള്ള അടിമബോധവും ഇവർക്കുണ്ടായിരുന്നില്ല. മിക്കപ്പോഴും കടമെടുത്ത കാശുകൊണ്ടാണെങ്കിൽ പോലും സ്വന്തം വഞ്ചികളിലായിരുന്നു ഇവർ തൊഴിലെടുത്തിരുന്നത് എന്നതും ഇതിന് കാരണമാകുന്നുണ്ട്.

ഒന്നോ രണ്ടോ മാസം കൂടുമ്പോൾ മാത്രമാണ് വഞ്ചിപ്പണി ചെയ്യുന്ന കാലത്ത് ഇവർ വീട്ടിലേയ്ക്ക് പോകുന്നത്. ബിയ്യംകായലിന്റെ തീരങ്ങളിലാണ് പൊന്നാനിയിലെ പടന്നസമുദായക്കാർ എല്ലാവരും ജീവിയ്ക്കുന്നത്. പണിമാറ്റി വീട്ടിലേയ്ക്ക് വരുമ്പോൾ വീടരികിൽ തന്നെ വഞ്ചി കെട്ടി വെയ്ക്കാനായാണ് തങ്ങൾ ഇവിടെ താമസമാക്കിയത് എന്നാണ് ഇക്കൂട്ടർ പറയുന്നത്. ഏകദേശം അഞ്ഞൂറ് കുടുംബങ്ങളോളം പടന്ന സമുദായക്കാർ ഇവിടെ താമസിയ്ക്കുന്നുണ്ട്. കുടുംബത്തിലെ പുരുഷന്മാർ പണിയ്ക്ക് പോയി വരുന്ന കാലത്തോളം മറ്റു തൊഴിലുകൾക്കൊന്നും പോകാതെ വീട്ടിൽ ഇരിയ്ക്കുകയെന്നതായിരുന്നു പടന്നസമുദായത്തിലെ സ്ത്രീകളുടെ പതിവ്. എന്നാൽ കരഗതാഗതം സജീവമായി തുടങ്ങിയ കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിൽ ദാരിദ്ര്യത്തിൽ നിന്നും രക്ഷനേടാനായി ഇവിടത്തെ സ്ത്രീകളും പണിയ്ക്ക് പോയിത്തുടങ്ങി. കായലോരത്തുതന്നെയുള്ള കയർവ്യവസായത്തിലായിരുന്നു ഇവർ തൊഴിലിടം കണ്ടെത്തിയത്.

ആഴ്വാഞ്ചേരി തമ്പ്രാക്കളെ മുറജപത്തിനായി തിരുവിതാംകൂറിലേയ്ക്ക് കൊണ്ടുപോയിരുന്നത് പൊന്നാനിയിലെ പടന്നസമുദായക്കാരായിരുന്നു. ഗുരുവായൂരേയ്ക്കും തിരുനാവായയിലേയ്ക്കും പൊന്നാനിയിൽ നിന്നുള്ള ബ്രാഹ്മണരുമായി യാത്ര ചെയ്യുന്നത് പതിവായിരുന്നു. നല്ലമെത്തകളോ തലയിണകളോവെച്ച് വഞ്ചി അലങ്കരിയ്ക്കാനും മോടിപിടിപ്പിയ്ക്കാനും ഇത്തരം സാഹചര്യങ്ങളിൽ അവർ ശ്രദ്ധിച്ചിരുന്നു. പടന്നസമുദായത്തിന്റെ മികച്ച ജീവിത നിലവാരത്തിന് ഇതും ഒരു കാരണമായിട്ടുണ്ട്. അയിത്തവും തൊട്ടുകൂടായ്മയും

തീണ്ടിക്കൂടായ്മയും എല്ലാം നിലനിന്നിരുന്ന കാലത്ത് ബ്രാഹ്മണരുടെ വഞ്ചി തുഴയുന്നവർ എന്ന സ്ഥാനം അവരെ മറ്റുപട്ടികജാതിക്കാരിൽ നിന്നും വ്യത്യസ്തരാക്കി. യാത്രയിൽ കുടിക്കാനായി തങ്ങൾ എടുത്തുനൽകുന്ന വെള്ളം ആഴ്വാഞ്ചേരി തമ്പ്രാക്കൾ കുടിയ്ക്കാറുണ്ടെന്നും പൊന്നാനിയിലെ പടന്നസമുദായക്കാർ അവകാശപ്പെടുന്നു. ഇതും ജാതിശ്രേണിയിൽ താഴെയായിരിയ്ക്കുമ്പോഴും സാമൂഹികമായ അതിന്റെ ന്യൂനതകൾ കാര്യമായി അനുഭവിയ്ക്കാതെ ജീവിക്കുന്നതിനു പടന്നസമുദായത്തെ സഹായിച്ചു.

ആഴ്വാഞ്ചേരിതമ്പ്രാക്കളുമായി പൊന്നാനിയിലെ പടന്നസമുദായത്തിനുള്ള ഈ ബന്ധം അവരുടെ സാമൂഹികജീവിതം അടയാളപ്പെടുത്തുമ്പോൾ ഏറെ പ്രാധാന്യമർഹിയ്ക്കുന്ന ഒന്നാണ്. ആഴ്വാഞ്ചേരിതമ്പ്രാക്കളുടെ വീട് പണ്ടുകാലത്ത് പൊന്നാനിയിലായിരുന്നു എന്നതും ഇതിനോട് ചേർത്ത് വായിയ്ക്കേണ്ടതാണ്. പൊന്നാനിയിൽ തറവാടുണ്ടായിരുന്ന കാലത്തുതന്നെ സ്വന്തംവഞ്ചി വെള്ളത്തിലിറക്കാനായി ഒരു കടവ് തമ്പ്രാക്കൾക്കുണ്ടായിരുന്നു. പിന്നീട് ആതവനാട്ടേയ്ക്ക് താമസം മാറിയെങ്കിലും അന്നത്തെ വഞ്ചിക്കാരായ പൊന്നാനിയിലെ പടന്നസമുദായാംഗങ്ങൾതന്നെ തമ്പ്രാക്കളുടെ തോണിതുഴച്ചിലുകാരായി തുടർന്നു. തമ്പ്രാക്കൾ യാത്രയുണ്ടെന്ന് അറിയിച്ചാൽ അലങ്കരിച്ച അഞ്ചുവഞ്ചികളുമായി പടന്നസമുദായക്കാർ ഗുരുവായൂരടുത്തുള്ള ചക്കംകണ്ടത്ത് കടവിൽ വന്നുനിൽക്കും. അവിടെനിന്നും അവരെ കയറ്റി തിരുവിതാംകൂറിലെ മുറജപത്തിന് കൊണ്ടു ചെന്നെത്തിയ്ക്കുക എന്നതായിരുന്നു പടന്നസമുദായത്തിന്റെ കർത്തവ്യം.

ആഴ്വാഞ്ചേരിതമ്പ്രാക്കൾ സ്വർണമൃഗത്തെ നടത്തിയ പ്രസിദ്ധമായ ഐതിഹ്യത്തിന് പടന്നസമുദായത്തിനിടയിൽ സ്വതന്ത്രമായ മറ്റുചില ഭാഷ്യങ്ങളുണ്ട്. തിരുവിതാംകൂർ രാജവംശം സ്വർണത്തിൽ പണിത ഒരു പശുവിനെ പത്മനാഭ സ്വാമിയ്ക്ക് കാണിക്കയായി നൽകാൻ തീരുമാനിച്ചതിനെ തുടർന്ന് ആഴ്വാഞ്ചേരിതമ്പ്രാക്കളോട് ഉടനെ തിരുവിതാംകൂറിൽ എത്തിച്ചേരാൻ ആവശ്യപ്പെട്ടു. ഒരു ദിവസം കൊണ്ട് തങ്ങളെ ലക്ഷ്യസ്ഥാനത്തെത്തിക്കണം എന്ന്

ചട്ടംകെട്ടിയാണ് അന്ന് തമ്പ്രാക്കൾ തോണിതുഴച്ചിലുകാരായ പടന്ന സമുദായക്കാരെ വിളിയ്ക്കുന്നത്. യാത്രാമധ്യേ വേമ്പനാട്ടുകായലിൽ ഒരിടത്ത് എത്തിയപ്പോൾ തമ്പുരാന് മൂത്രമൊഴിയ്ക്കാൻ തോന്നി. കഴുക്കോലിട്ട് നോക്കിയപ്പോൾ ഒന്നരയാൾക്ക് താഴ്ചയുണ്ട്. തമ്പ്രാക്കൾ കഴുക്കോലിട്ട് കുറച്ച് മണ്ണെടുത്തു നൽകാൻ തുഴച്ചിൽകാരോട് ആവശ്യപ്പെട്ടു. അത് ഒരിലയിലായ്ക്കി അതിലേയ്ക്ക് മൂത്രമൊഴിച്ച് തിരികെ വെള്ളത്തിലേയ്ക്കിട്ടു. ആ പ്രദേശമാണ് പാതിരാമണലായി മാറിയത് എന്നാണ് ഇവരുടെ വിശ്വാസം. അതിനുശേഷം തിരുവനന്തപുരത്ത് വള്ളക്കടവിൽ തമ്പ്രാക്കൾ വഞ്ചിയിറങ്ങുകയും പത്മനാഭസ്വാമി ക്ഷേത്രത്തിൽ ചെന്ന് കറുകപ്പുല്ല് കാട്ടി സ്വർണപ്പശുവിനെ ക്ഷേത്രത്തിനകത്തേയ്ക്ക് നടത്തിയ്ക്കുകയും ചെയ്തു. ഈ യാത്രയിൽ ആഴ്വാഞ്ചേരിതമ്പ്രാക്കൾക്ക് വേണ്ടി പടന്നസമുദായം അലങ്കരിച്ചു കൊണ്ടുവന്ന വഞ്ചികണ്ട് മോഹിച്ച് തിരുവിതാംകൂർരാജാവ് അതുപോലെയുള്ള മറ്റൊരു വഞ്ചി നിർമ്മിയ്ക്കുകയും ചെയ്തു.

ഐതിഹ്യങ്ങൾക്ക് അപ്പുറം മലബാറിലെ രാഷ്ട്രീയ ചരിത്രത്തിലും ആഴ്വാഞ്ചേരിതമ്പ്രാക്കളും പൊന്നാനിയിൽ നിന്നുള്ള പടന്നസമുദായവും തമ്മിലുള്ള ബന്ധം ദൃശ്യമാണ്. ഖിലാഫത്ത്സമരങ്ങളുടേയും മലബാർകലാപത്തിന്റേയും കാലത്ത് ആഴ്വാഞ്ചേരിതമ്പ്രാക്കളുടെ വീടിന് കാവൽ നിന്നത് പൊന്നാനിയിലെ പടന്നസമുദായക്കാരായിരുന്നു. കടത്തുമാർഗങ്ങൾ കരഗതാഗതത്തിലേയ്ക്ക് വഴിമാറിയപ്പോൾ ട്രെയിൻ ഓടിയ്ക്കുന്നവരായി ഇവരിൽ പലർക്കും ജോലി വാങ്ങി നൽകിയത് ആഴ്വാഞ്ചേരിതമ്പ്രാക്കളായിരുന്നു. എന്നാൽ ട്രെയിൻ നിർത്തേണ്ടിടത്ത് നിർത്താതെപോകുകയും പടന്നക്കാർക്ക് അതിനോട് താൽപര്യം ഇല്ലാതെ വരികയും ചെയ്തപ്പോൾ ആഴ്വാഞ്ചേരി ഇല്ലത്തെ കാര്യക്കാരായും തമ്പ്രാക്കൾ ഇവരെ നിയമിച്ചു. പടന്നസമുദായത്തിനകത്ത് വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കാൻ അവരെ പ്രേരിപ്പിച്ചതും തമ്പ്രാക്കളാണെന്നു പറയുന്നു. പുതിയ തലമുറയ്ക്ക് വിദ്യാഭ്യാസം ഉറപ്പുവരുത്താൻ അവർ നടത്തിയ ശ്രമങ്ങളാണ് കുലത്തൊഴിൽ ഇല്ലാതെയായിട്ടും മികച്ച ജീവിതനിലവാരം നിലനിർത്താൻ അവരെ സഹായിച്ച ഘടകം.

സാമൂതിരിയുടെ കളരിക്കാർ എന്ന നിലയ്ക്കായിരുന്നു പടന്നസമുദായത്തിന്റെ മറ്റൊരു അസ്തിത്വം. കളരി പഠിപ്പിയ്ക്കാനായി സാമൂതിരിയാണ് ഇവരെ കടത്തനാട്ടിൽ നിന്നും പൊന്നാനിയിലേയ്ക്ക് കൊണ്ടുവരുന്നത് എന്നൊരു കഥയുണ്ട്. പുളിയക്കോട്ട് കളരി, കോട്ടാമ്മൽ കളരി, തോട്ടുങ്ങൽ കളരി എന്നിങ്ങനെ പൊന്നാനിയിൽ മൂന്ന് നാൽപത്തീരടിക്കളരികൾ പടന്ന സമുദായത്തിന്റേതായുണ്ട്. ഈ കളരികളുടെ അധികാരികളെ വേട്ടുവ കളരിക്കുറുപ്പന്മാർ എന്നാണ് അറിയപ്പെടുന്നത്. ഇവിടെ കുറുപ്പ് എന്നത് ഒരു ജാതിനാമമല്ല ബഹുമാനാർത്ഥം ലഭിച്ച പദവി മാത്രമാണ്.

ആയോധനകലകളോട് വളരെ സാമ്യമുള്ള ഐവർകളിയും പരിചമുട്ടു കളിയുമാണ് പൊന്നാനിയിലെ പടന്നസമുദായത്തിന്റെ കലാരൂപങ്ങൾ. കടവനാട്ടെ പാതാട്ടയിൽമുത്തപ്പൻകാവിൽ കൊടിയേറ്റം മുതൽ ഏഴുദിവസം നടത്തുന്ന കളിയാണ് ഐവർകളി. അരക്കില്ലംചുട്ട് പഞ്ചപാണ്ഡവർ കാട്ടിൽ ഒളിവിൽ കഴിയുന്ന കാലത്ത് കുന്തീദേവി പാണ്ഡവർക്ക് കഥപറഞ്ഞു നൽകുന്നതായാണ് ഐവർകളിയുടെ പിന്നിലുള്ള ഐതിഹ്യം. ശ്രീരാമചന്ദ്രൻ, പഞ്ചപാണ്ഡവന്മാർ, അയ്യപ്പൻ, കൊടുങ്ങല്ലൂരമ്മ എന്നിവരുടെയെല്ലാം കഥകൾ ഈ കളിയ്ക്കിടയിൽ കടന്നു വരുന്നുണ്ട്. അഞ്ചുപേർ ചേർന്ന് ഈ കഥകൾ കളിച്ചുകാണിയ്ക്കുന്നു എന്ന അർത്ഥത്തിലാകണം ഇതിന് ഐവർകളി എന്ന പേര് ലഭിയ്ക്കുന്നത്. പാണ്ഡവർകളി എന്നും ഈ കലാരൂപത്തെ വിളിയ്ക്കാറുണ്ട്. കളരിമുറകളോട് ഏറെസാമ്യമുള്ള ചുവടുകളാണ് എന്നതു തന്നെയാകണം പടന്നസമുദായത്തെ ഐവർകളിയുമായി ബന്ധിപ്പിക്കുന്ന ഘടകം. നിലവിൽ അഞ്ചിലേറെപ്പേർ ഈ കളിയുടെ ഭാഗമാകാറുണ്ട്.

കേരളത്തിൽ മറ്റുചില സമുദായങ്ങൾക്കിടയിലും ഐവർകളി നിലനിൽക്കുന്നു- ണ്ടെങ്കിലും പൊന്നാനിയിൽ പടന്നസമുദായത്തിനാണ് ഇതിന്റെ അവകാശം. പടന്നസമുദായത്തിലെ അംഗങ്ങളെല്ലാം കൂടിയാണ് ഐവർകളി നടത്താനാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നത്. സമുദായാംഗങ്ങളെല്ലാം വഴിപാടായി വീട്ടിൽ ഓലക്കുടകൾ ഒരുക്കിവെയ്ക്കും. ഇത് നടുക്ക് വെച്ചാണ് അതിനു ചുറ്റും നിന്ന് ഐവർകളി നടത്തുന്നത്. പൊന്നാനിയിൽ നിന്നും ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ നിയന്ത്രണ- ത്തിലുള്ള വൈരങ്കോട് ക്ഷേത്രംവരെ നടന്ന് കളിച്ചുകൊണ്ട് പോവുകയാണ് ചെയ്യുക.

"ഉത്തമ ഉത്തമൻ പന്തളാനൃപൻ

പുത്രദുഃഖത്താൽ വാഴുമ്പോൾ

കാട്ടിലെ ദുഷ്ടജന്തുക്കൾ വന്നു

നാട്ടിൽ ശല്യമുണ്ടാക്കിനാൽ"

എന്നു തുടങ്ങുന്ന പാട്ടിനൊപ്പം പതിയെ ചുവടുവെച്ചു തുടങ്ങുന്ന കളിക്കാർ പാട്ട് മുറുകുന്നതിനൊപ്പം ക്രമത്തിൽ ചുവടിന്റെ വേഗതയും കൂട്ടുന്നു. വേഗത കൂടുന്നതോടെ ചുവടിലെ ചെറിയ തെറ്റുകൾ പോലും തൊട്ടടുത്ത കളിക്കാരന്റെ മേലുള്ള പ്രഹരങ്ങളായി മാറുന്നു. ചടുലമായ താളങ്ങളും ശാരീരികക്ഷമത ആവശ്യമുള്ള ചുവടുകളുമാണ് ഐവർകളിയുടേത് എന്നതിനാൽ വളരെയധികം പരിശീലനം ഈ കളിയ്ക്ക് അനിവാര്യമാണ്. മുത്തപ്പൻ കാവിൽ വെച്ചുതന്നെയാണ് ഇതിനു വേണ്ടിയുള്ള പരിശീലനം നടത്തുന്നത്. തുളിശ്ശേരി താമു, വെള്ളാനൂർ താമു, കുഴിമരത്ത് അപ്പുക്കുട്ടി, തരയൻ വേലായുധൻ എന്നിങ്ങനെ പ്രശസ്തരായ നിരവധി പരിശീലകർ പൊന്നാനിയിൽ നിന്നുണ്ടായിരുന്നു. നിലവിൽ കടവനാട്ടിലെ കുണ്ടുകടവിൽ ഗണേശൻ എന്ന വ്യക്തിയാണ് ഇവിടത്തെ പ്രധാനപരിശീലകൻ. പടന്നസമുദായക്കാർ കല്ല്യാണസമയത്ത് നടത്തുന്ന കളിയാണ് പരിചമുട്ട്കളി. ഈ കളിയ്ക്കും ഉയർന്ന ശാരീരികക്ഷമതയും നല്ല പരിശീലനവും അനിവാര്യമാണ്. വാളും പരിചയുമായി വഞ്ചിയിൽ വരുന്നവർ കരയിലേയ്ക്ക് ചാടിയിറങ്ങിക്കൊണ്ടാണ് കളിയ്ക്കാനെത്തുക. പരിചമുട്ട് കളിയ്ക്ക് മുൻപായി ഒരു പൂജയും പതിവുള്ളതാണ്.

### 5.3.3 കാർഷികസമൂഹത്തിനകത്തെ ജാതിബന്ധങ്ങൾ

പറയനും പുലയനും മണ്ണാനും പാണനും ഇല്ലാതെ കാർഷികബന്ധങ്ങൾ നിലനിൽക്കുന്ന ഒരു ദേശത്തെ ആചാരങ്ങളൊന്നും പൂർണമാകില്ല എന്നാണ് വിശ്വാസം. പൊന്നാനിയുടെ തെക്കുകിഴക്കൻ ദിശകളിൽ ബിയ്യം കായലിന് സമീപത്തുള്ള കാർഷികപ്രധാനമായ മേഖലകളുടെ സാമുദായികബന്ധങ്ങളിലും നമുക്ക് ഇത് കാണാനാകും. ദേശത്തെ ആഘോഷങ്ങളിലും ആചാരങ്ങളിലും എല്ലാം ഈ നാല് ജാതിവിഭാഗങ്ങളുടെ പ്രാതിനിധ്യം ദൃശ്യമാണ്.

ചത്തജന്തുക്കളുടെ തോലുരിഞ്ഞ് ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവരാണ് പറയസമുദായക്കാർ. തൊഴുത്തിൽ ചത്തതെല്ലാം പറയനുള്ളതാണ് എന്നാണ് വിശ്വാസം. പറയൻ പശുവിന്റെ തോലുരിഞ്ഞ് തോൽകൊട്ടയുണ്ടാക്കുകയും മാംസം ഭക്ഷിയ്ക്കുകയും ചെയ്യും. ഒരു ദേശത്തിലേയ്ക്കാവശ്യമായ മുളയുത്പന്നങ്ങൾ ഉണ്ടാക്കുന്നതും പറയന്റെ ഉത്തരവാദിത്വമാണ്. കൊട്ട, വട്ടി, മുറം തുടങ്ങിയ ഉത്പന്നങ്ങൾ അവർ നാട് നീളേ നടന്നുവിൽക്കുന്നു. കൃഷിയ്ക്കും നാൽക്കാലിയ്ക്കും നല്ലതു വരുത്താനായി പറയൻ പ്രാർത്ഥിക്കണമെന്നാണ് മറ്റൊരു വിശ്വാസം. അത്തരത്തിൽ ഒരുദേശത്തെ കാർഷികസംസ്കാരവുമായി സജീവമായ ബന്ധം പുലർത്തുന്ന ഒരു അടിസ്ഥാന ജാതിവിഭാഗമാണ് പറയസമുദായം. പൊന്നാനിയിൽ ഈഴവത്തുരുത്തി, മാറഞ്ചേരി, എരമംഗലം തുടങ്ങിയ ഭാഗങ്ങളിലെല്ലാം പറയസമുദായത്തിന്റെ കോളനികളുണ്ട്.

പൊതുവേ ഗോത്രങ്ങളായി താമസിയ്ക്കുന്ന ഇവരെ ഓരോ ദേശത്തേയും നാടുവാഴികൾ തങ്ങളുടെ നാട്ടിൽ താമസിപ്പിച്ചു എന്നാണ് വിശ്വാസം. എന്നാൽ പൊന്നാനിയിലെ പറയ സമുദായത്തിന് ഈ ഭൂമി അന്യാധീനപ്പെടുകയും പിന്നീട് മറ്റുള്ളവരുടെ ഭൂമിയിൽ താമസിയ്ക്കാൻ തുടങ്ങുകയും ചെയ്തു. ഇന്നും ഗോത്രങ്ങളായി തന്നെയാണ് ഇവർ താമസിക്കുന്നത്. ഓരോ പറയസമൂഹത്തിനും അവരവരുടെ ദേശങ്ങളുണ്ട്. ദേശങ്ങളിൽ പറയരുടെ മാത്രമായുള്ള അമ്പലങ്ങളും ഉണ്ടാകും. ഓരോ ദേശങ്ങൾക്കും പൊതുവായുള്ള ദേശക്കാവുകളും കാണും. കാവിലെ വേലയായാൽ അത് ദേശക്കാരെ അറിയിയ്ക്കുന്നതും പറയസമുദായക്കാരാണ്. മേൽമുഴുവൻ അരിമാവ് തേച്ച് വട്ടമുടി വെച്ച് കാളി കെട്ടിയാണ് പറയൻ ഇറങ്ങുന്നത്. കാളീരൂപം കെട്ടി വീടുകയറുമ്പോൾ എല്ലാ വീട്ടുകാരും അരിയും നാളികേരവും നൽകും. നാൽക്കാലികൾക്ക് അസുഖം വരാതെ നോക്കാനും വന്ന അസുഖം വിട്ടുമാറാനും വേണ്ടി വീട്ടുകാർ ഉഴിഞ്ഞുവെച്ച അരിയും നാളികേരവും പറയന് നൽകും. പറയൻ നെല്ലുഴിഞ്ഞ് തൊഴുത്തിലേയ്ക്ക് എറിയും. പിന്നീട് മനുഷ്യനും കൃഷിയ്ക്കും നാൽക്കാലിയ്ക്കും യാതൊരു ആപത്തും വരില്ല എന്നാണ് വിശ്വാസം.

കൃഷി നശിച്ചാലോ നാൽക്കാലിയ്ക്ക് അസുഖം വന്നാലോ പറയനെ കൊണ്ട് കരിങ്കാളി  കെട്ടിയ്ക്കാമെന്ന് നേർച്ച നേരുന്നവരുമുണ്ട്. കാളി കെട്ടാൻ ഏഴുദിവസമാണ് വ്രതമെങ്കിൽ കരിങ്കാളിയ്ക്ക് നാൽപത്തൊന്ന് ദിവസത്തെ കഠിനവ്രതം വേണം. പണ്ട് കാലത്ത് കരിങ്കാളി കെട്ടുന്ന പറയന് ദക്ഷിണ നൽകിയിരുന്നു, എന്നാൽ ഇന്ന് അതിനു കണക്ക് പറഞ്ഞ് കാശ് വാങ്ങുന്ന പതിവ് നിലവിൽ വന്നിട്ടുണ്ട്. ചില അമ്പലങ്ങളിൽ തിത്തേരിക്കുട എന്ന പേരിൽ ഒരു കുടവെയ്ക്കുന്ന പതിവുണ്ട്. അതു നിർമ്മിയ്ക്കുന്നതും ദേശത്തെ പറയനാണ്. ക്ഷേത്രങ്ങളിലെ താഴേക്കാവുകളിൽ ദേശക്കളം വരയ്ക്കാനും പറയൻ വേണം. പുലയൻ ആ കളത്തിനു ചുറ്റും മുല്ലപ്പന്തൽ നിർമ്മിയ്ക്കും. മുളയും കുരുത്തോലയും വെച്ചാണ് ഇത് നിർമിക്കുന്നത്.

പറയന്റെ എല്ലാ ആചാരങ്ങളിലും സജീവമായി പാട്ടിന്റെ സാന്നിധ്യം പ്രകടമാണ്. സംഗീതം തങ്ങൾക്ക് ദേവിയിൽനിന്നും വരദാനം കിട്ടിയതാണെന്നാണ് പറയന്മാർ വിശ്വസിയ്ക്കുന്നത്. പറയസമുദായത്തിൽ ആരെങ്കിലും മരിച്ചാൽ സമുദായാംഗങ്ങൾ മരംകൊട്ടാൻ പോകും. ഒരാൾ മരിച്ചിട്ടുണ്ടെന്ന് നാട്ടുകാരെ അറിയിയ്ക്കുകയാണ് ‘മരംകൊട്ടൽ’ എന്ന കൊട്ടിപ്പാടൽ കൊണ്ട് ഉദ്ദേശിയ്ക്കുന്നത്. മരിച്ച് പതിനാറിന് ‘കൊട്ടിക്കുളി’ എന്നൊരു പ്രത്യേക ചടങ്ങുകൂടിയുണ്ട്. മരിച്ചയാളെ അനുസ്മരിച്ചുകൊണ്ട് ഒരു വിഗ്രഹം നിർമ്മിച്ച് അതും കയ്യിൽ വെച്ച് കൊട്ടും പാട്ടുമായി നടക്കുന്നതാണ് ഈ ചടങ്ങിൽ പ്രധാനം. ഇങ്ങനെ നടക്കുമ്പോൾ ആരുടേയും വീട്ടിൽ കയറാറില്ല. ഒടുവിൽ ഈ വിഗ്രഹം ദേശത്തുള്ള പറയക്കുളത്തിലേയ്ക്ക് കളയും. പഞ്ചപാണ്ഡവരുടെ കഥ പറഞ്ഞുകൊണ്ടാണ് മിക്കപ്പോഴും ഇവർ കൊട്ടിനടക്കുക. അരക്കില്ലംചുട്ടതും യുദ്ധത്തിന്റെ ജയവും പരാജയവും പാടിനടക്കും. കാടുവെട്ടി നാടാക്കി മാറ്റിയതും അവിടെ കൃഷിയിറയ്ക്കിയതും പറഞ്ഞുകൊണ്ടാണ് ഈപാട്ട് അവസാനിപ്പിയ്ക്കാറുള്ളത്. കുറച്ചെല്ലാം സമാനമെന്ന് പറയാവുന്ന ആചാരങ്ങൾ തീണ്ടാരിക്കും കാണാനാകും. പെൺകുട്ടി തീണ്ടാരിയായാൽ പറയന്മാർ കൊട്ടിപ്പാടുകയും മണ്ണുകൊണ്ട് രൂപമുണ്ടാക്കി തീണ്ടാരിക്കുളിയുടെ ദിവസം ഒഴുക്കിക്കളയുകയും ചെയ്യും. അതിനോടനുബന്ധിച്ച് പൂജയും കുളിച്ചു വന്നിരിക്കുമ്പോൾ കിണ്ണത്തിൽ ഗുരുതിയും നടത്തും.

പറയസമുദായത്തിലെ സ്ത്രീകൾ പ്രത്യേകമായി കെട്ടിയുണ്ടാക്കിയ താൽക്കാലിക മാടങ്ങളിൽ വെച്ചാണ് പ്രസവിക്കാറ്. ഒരാൾക്ക് നൂണ്ട് കടക്കാവുന്ന ഉയരംമാത്രമുള്ള ചെറിയപുരകളാണ് മാടങ്ങൾ. ആദ്യത്തെ ഏഴുദിവസം മാടത്തിൽ താമസിച്ചാൽ ആ മാടം തീയിട്ടുകരിച്ച് പുതിയൊരു മാടം പണിയും. പിന്നെയും ഏഴുദിവസം കഴിഞ്ഞാൽ ആ മാടവും കരിച്ചുകളഞ്ഞ് പതിനഞ്ചിന് കുട്ടിയുടെ അമ്മായിമാർ വന്ന് വെള്ളം തളിയ്ക്കും. അതിനു ശേഷമാണ് ഇവരെ വീട്ടിലേയ്ക്ക് കയറ്റുക. പേരിടൽ ചടങ്ങിന് പാട്ടുകളുണ്ടാകും. മുത്തപ്പന്റെ ഒരു വിഗ്രഹം നിർമ്മിച്ച് ആ വിഗ്രഹമാണ് പേരിടുന്നതെന്ന് സങ്കൽപിച്ചാണ് കുട്ടികൾക്ക് പേരിടുന്നത്. മുത്തപ്പന്റെപ്രതിമ ഒരുപീഠത്തിന് മുകളിൽവെച്ചു പാട്ടുപാടിക്കൊണ്ടാണ് ഈ ചടങ്ങുകളെല്ലാം നടത്തുന്നത്.

പറയസമുദായത്തിനകത്ത് നടക്കുന്ന വഴക്കുകൾ പരിഹരിക്കാൻ അവർക്ക് ഒരു ജാതിക്കോടതി സംവിധാനമുണ്ട്. സമുദായത്തിലെ കാരണവന്മാർ കൂടിയിരിയ്ക്കുന്ന, എല്ലാവർക്കും കൂട്ടുത്തരവാദിത്വമുള്ള സംഘമാണ് മുപ്പത്തിയൊന്ന് സഭ എന്നു പേരായ ഈ കോടതികൾ. സഭ കൂടുമ്പോൾ സമുദായാംഗങ്ങളായ എല്ലാവരും തുല്യരാണ്. വാദിയോടും പ്രതിയോടും കാരണവന്മാർ കാര്യം ചോദിച്ചറിയും, തെറ്റുകാരെന്ന് കണ്ടെത്തുന്നവരെ ശിക്ഷിക്കും. ചിലപ്പോൾ ജാതി ഭ്രഷ്ട് ആക്കുന്നതു പോലുള്ള ശിക്ഷാനടപടികളും സ്വീകരിക്കാറുണ്ട്. ഒരിക്കൽ ഭ്രഷ്ട് കൽപിച്ചാൽ സമുദായത്തിലെ മറ്റുവീടുകളിലൊന്നിലും അവർക്ക് പോകാൻ സാധിയ്ക്കില്ല. അന്യസമുദായത്തിൽ നിന്നും കല്ല്യാണം കഴിയ്ക്കുക, പോത്ത് മാംസം ഭക്ഷിയ്ക്കുക തുടങ്ങിയ കാര്യങ്ങൾക്കാണ് പലപ്പോഴും സഭ കൂടി ശിക്ഷിയ്ക്കാറ്.

പറയർ കഴിഞ്ഞാൽ പൊന്നാനിയിൽ നിലനിൽക്കുന്ന മറ്റൊരു ജാതിവിഭാഗമാണ് മണ്ണാൻമാർ. തുണിയലക്കുന്നവരും വൈദ്യം ചെയ്തിരുന്നവരുമായ ജാതിസമുദായമാണ് മണ്ണാൻ. ജാതിവ്യവസ്ഥ നിലനിൽക്കുന്ന ഒരു ദേശത്ത് മണ്ണാനെ കൂടാതെ ജീവിയ്ക്കുക എന്നത് ഒരു സമുദായത്തിനും സാധിക്കുന്ന കാര്യമല്ല. തുണിയലക്കുക എന്നതിനേക്കാൾ മണ്ണാനെ സമൂഹത്തിന് ആവശ്യം ശുദ്ധിമാറാനുള്ള മാറ്റ് നൽകുന്നതിലാണ്.

കുടുംബത്തിൽ ഒരു കുട്ടി ജനിച്ചാൽ മണ്ണാത്തി വന്ന് മാറ്റ് നൽകിയാലല്ലാതെ കുട്ടിയ്ക്ക് കണ്ണെഴുതാൻ സാധിക്കില്ല. നമ്പൂതിരി സമുദായത്തിലുള്ളവർക്ക്പോലും ഈ മാറ്റ് വാങ്ങൽ നിർബന്ധമായിരുന്നു. മണ്ണാത്തി സ്വന്തം കയ്യിലുള്ള തുണിയിൽ നിന്നും കീറിക്കൊടുക്കുന്ന ഒരു കഷ്ണം തുണിയാണ് മാറ്റ്. ജനിയ്ക്കുമ്പോൾ മണ്ണാത്തിയിൽ നിന്നും മാറ്റ് വാങ്ങുകയും മരിച്ചുകഴിഞ്ഞ് ശരീരം മൂടുന്ന തുണി മണ്ണാത്തിയ്ക്ക് പകരം കൊടുക്കുകയും ചെയ്യുന്നു. അസ്ഥി പെറുക്കുന്ന ചടങ്ങിൽ ഉടുക്കാനുള്ള മുണ്ട് കൊണ്ടുപോയിക്കൊടുക്കേണ്ടതും മണ്ണാനാണ്. പകരം അസ്ഥി നിറച്ച കുടം പൊതിയുന്ന തോർത്ത് മണ്ണാനു നൽകും. അസ്ഥി ഒഴുക്കാൻ പോകുമ്പോൾ ദേശത്തെ മണ്ണാനും കൂടെ പോകണം. അസ്ഥി വെച്ചതിനുമുകളിൽ എണ്ണ നനയ്ക്കാത്ത തിരിയും അത്തിക്കൊമ്പും വെയ്ക്കും. ഈ തിരിയും അത്തിക്കൊമ്പും മണ്ണാൻ കൊണ്ടുപോകണം. കൂട്ടത്തിൽ മണ്ണാന് അരിയും നെല്ലും നൽകും.

ജനനം, മരണം തുടങ്ങി അശുദ്ധി കൽപിയ്ക്കപ്പെട്ടിരുന്ന സന്ദർഭങ്ങളിലാണ് ഇത്തരം ചടങ്ങുകൾ എല്ലാം നിലനിന്നിരുന്നത്. മണ്ണാൻ മാറ്റ് കൊടുത്തില്ലെങ്കിൽ അശുദ്ധി മാറില്ലെന്നും അങ്ങനെ ജാതിയിൽ നിന്നും പുറത്തുപോകേണ്ടി വരും എന്നുമാണ് വിശ്വാസം. തങ്ങൾ പറയുന്നതനുസരിയ്ക്കാത്ത തൊഴിലാളികൾക്ക് ഇങ്ങനെ മണ്ണാത്തിയെ വിലക്കി ജാതിയിൽനിന്നും സമൂഹത്തിൽ നിന്നും ഭ്രഷ്ട് കൽപിച്ച് പുറത്താക്കുന്ന രീതി ജന്മികൾ ഉപയോഗിച്ചിരുന്നു. മാറ്റ് കൊടുക്കലിന്റെ ഭാഗമായി ലഭിയ്ക്കുന്ന വിഭവങ്ങൾ മണ്ണാൻമാരുടെ ജീവിതത്തിലും അനിവാര്യമായിരുന്നു.

എന്നാൽ പിൽക്കാലത്ത് ഇത്തരം ആചാരങ്ങൾ ശോഷിച്ചതോടെ മണ്ണാന്മാരുടെ ജീവിതത്തെയും അത് ബാധിച്ചു. സൗജന്യമായി ലഭിച്ചിരുന്ന ഇത്തരം വിഭവങ്ങൾക്ക് പകരം തുണിയലക്കലും നാട്ടുവൈദ്യവും തന്നെ അവരുടെ പ്രധാന തൊഴിലായി മാറി. വൈദ്യം, അലക്ക്, ആട്ടം, പാട്ട്, കൊട്ട്, ഈറ്റ്, മാറ്റ്, തുന്നൽ, മന്ത്രവാദം എന്നിങ്ങനെ പതിനെട്ടര തൊഴിലുകൾ മണ്ണാന്റെ അവകാശമായാണ് പറയുക. ക്ഷേത്രത്തിൽ തിറകൊട്ടിയാടലും ദേശത്തെ മണ്ണാന്റെ അവകാശമാണ്. തിറകെട്ടി ഓരോ വീടുകളിൽ പോകുമ്പോഴും അവിടെയെല്ലാം വിളക്കുവെച്ച് ഒരുനാഴി അരി മണ്ണാന് നൽകും. മണ്ണാൻ വീട്ടിൽ എന്തിനുവന്നാലും ഒരുനാഴി അരി മണ്ണാന് നൽകണം എന്നാണ് വിശ്വാസം.

ദേശത്തെ വീടുകളിൽ കയറിയിറങ്ങി പാട്ടുപാടുന്നവരാണ് പാണസമുദായക്കാർ. പാണൻ എന്നാൽ പാടുന്നവൻ എന്നുതന്നെയാണ് അർത്ഥം. പണ്ട് ശിവനും പാർവതിയും കൂടി ചൂതാടിക്കൊണ്ടിരിയ്ക്കുമ്പോൾ പരാജയഭയത്താൽ ശിവൻ ബോധരഹിത നായെന്നും തുടർന്ന് ശിവനെ ഉണർത്താൻ വിഷ്ണു തിരുവരങ്കത്ത് പാണനാരുടെ രൂപത്തിൽ വന്ന് തുടികൊട്ടി പാടിയുണർത്തി എന്നുമൊരു ഐതിഹ്യമുണ്ട്. തുടികൊട്ടു കേട്ട് ഉണർന്ന ശിവൻ പാണനാർക്ക് തന്റെ തുടി സമ്മാനമായി നൽകി പത്നീസമേതനായി വീടുകളിൽ പോയി തുടികൊട്ടി ജീവിയ്ക്കുവാൻ അനുവാദം കൊടുത്തു. ഈ പാണനാരുടെ പരമ്പരയാണത്രേ പാണന്മാർ.

പൊന്നാനിയിലെ കാഞ്ഞിരമുക്ക് ദേശത്തിലാണ് പാണന്മാർ താമസിയ്ക്കുന്നത്. കാഞ്ഞിരമുക്ക് കാരക്കാട്, പുറങ്ങ്, മാറഞ്ചേരി തുടങ്ങി പത്തരദേശങ്ങളിലെ പാണന്മാർ ഇവരാണ്. ചിങ്ങമാസത്തിൽ തിരുവോണത്തിന്റെ തലേന്ന് വരെ തുയിലുണർത്തു പാട്ടുമായി അവർ ഇവിടങ്ങളിലെ വീടുകളിലേയ്ക്കെത്തും. തിരുവോണനാളിൽ ഓണപ്പാട്ടാണ് പാടുക. തിരുവോണം കഴിഞ്ഞാൽ ആയില്യം വരെ കുറത്തിക്കളി കളിയ്ക്കും. ഒരാൾ കുറത്തിവേഷം കെട്ടി മറ്റെയാൾ ഇലത്താളം കൊട്ടിയാണ് കുറത്തിക്കളി കളിയ്ക്കുക. കർക്കിടകമാസത്തിൽ അവതരിപ്പിയ്ക്കുന്ന കലാരൂപമാണ് പൊട്ടിക്കളി. ചേട്ടയെ ആട്ടിത്തെളിച്ച് ശീപോതിയെ അകത്ത് കയറ്റുന്ന കളിയാണ് പൊട്ടിക്കളി. ദേശത്തെ പൂരം അറിയിയ്ക്കാൻ പൂതംകെട്ടാനുള്ള അവകാശവും പാണൻമാർക്കാണ്. വിഷ്ണുവിന്റെ രൂപമാണെന്ന് നിനച്ചാണ് പാണന്മാർ പൂതം കെട്ടുന്നത്.

കാർഷികസമൂഹത്തിലെ കർഷകത്തൊഴിലാളികളാണ് പുലയസമുദായക്കാർ. അടിമകളെപ്പോലെ പാടങ്ങളിൽ പണിയെടുത്തിരുന്നവർ തന്നെയായിരുന്നു കേരളത്തിലെ ഇതരപ്രദേശങ്ങളിലേത് പോലെ പൊന്നാനിയിലേയും പുലയസമുദായം. എന്നാൽ കാർഷികസമരങ്ങളും കർഷകത്തൊഴിലാളി യൂണിയനുകളും വരുന്നതോടെ മാറ് മറയ്ക്കാനും കുടിയിറക്കപ്പെടാതിരിക്കാനും നല്ല പേരിടാനും മക്കളെ വിദ്യാലയത്തി–ലയയ്ക്കാനും എല്ലാം ഇവർക്ക് കഴിയുന്നുണ്ട്. കാർഷിക പ്രധാനമായ ഒരു കാലഘട്ടത്തിൽ തൊഴിലുകളും അവകാശങ്ങളും നിജപ്പെടുത്ത പ്പെട്ടിരുന്ന ഈ സമൂഹങ്ങൾ ഇന്ന്

സമൂഹത്തിന്റെ നാനാതുറകളിൽ വിഹരിയ്ക്കുന്നത് സംഘടിയ്ക്കാനും വിദ്യയഭ്യ-സിയ്ക്കാനും അവർക്ക് സാധിച്ചതിന്റെ അടിസ്ഥാനത്തിലാണ്.

### 5.3.4 നായർ-അമ്പലവാസി-തിയ്യ സമുദായങ്ങൾ

സാമൂതിരിരാജാവും കൊച്ചിരാജാവും തമ്മിൽ നിരന്തരം യുദ്ധങ്ങളിലേർപ്പെട്ടിരുന്ന ഒരു കാലത്താണ് ഇന്ന് പൊന്നാനിയിൽ കാണുന്ന നിരവധി ജാതി സമൂഹങ്ങൾ ഇവിടെ താമസമാക്കുന്നത്. പൊന്നാനിയിലെ നായന്മാരിൽ അധികവും പടനയിയ്ക്കാനായി സാമൂതിരി വടക്കുനിന്നും കൊണ്ടുവന്നവരാണെന്നാണ് വിശ്വാസം. മേനോൻ, നമ്പ്യാർ, കുറുപ്പ്, പണിക്കർ എന്നിങ്ങനെ ചില ഉപവിഭാഗങ്ങളും നായന്മാർക്കിടയിലുണ്ട്. പൊന്നാനിയ്ക്ക് കിഴക്കുള്ള വള്ളുവനാട്ടിലെ നായർ സമുദായവുമായി ഉള്ളതിനേക്കാൾ വടക്കുപടിഞ്ഞാറെ വെട്ടത്തുനാട്ടിലെ നായൻമാരുമായാണ് ഇവർക്ക് സാമ്യമുള്ളത്. നീണ്ട കാലത്തെ സാമൂതിരിഭരണം നിലനിന്നിരുന്ന നാടെന്ന നിലയിൽ സാമൂതിരിയുടെ സൈനികരായ നായന്മാരായിരുന്നിരിക്കും ഇവരുടെ മുൻഗാമികൾ.

പൊന്നാനി തിരുമനശ്ശേരി രാജാവ് വാണിരുന്ന കാലത്ത് മൂവായിരത്തിലേറെ നായന്മാരുടെപട സാമൂതിരിയ്ക്കുവേണ്ടി ഇവിടെനിന്നും പോയിരുന്നു. അക്കാലത്ത് തന്നെ സാമന്തപ്രഭുക്കന്മാരുടെ മരണാനന്തരകർമ്മങ്ങൾ ചെയ്യാനും വ്യത്യസ്ത തരം നായന്മാർ വേണമെന്ന ആചാരം നിലനിന്നിരുന്നു. സാമന്തൻമാർ മരിച്ചാൽ ശവം എടുക്കാൻ വട്ടേക്കാടൻ നായരും മരം വെട്ടാനും വിളക്ക് പിടിയ്ക്കാനും ചാർന്ന നായരും കുടം നിർമ്മിക്കാൻ ആന്തൂര് നായരും കുടം പിടിയ്ക്കാൻ കിരിയത്ത് നായരും വേണം. ഇങ്ങനെ വിവിധ കർമ്മങ്ങൾക്ക് വേണ്ട നായന്മാരെ സാമൂതിരിയുടെ ഭരണകാലത്ത് കൊണ്ടു വന്നിരുത്തിയതാണ് എന്നും വിശ്വാസമുണ്ട്. പക്ഷേ സാമൂതിരി യുദ്ധാവശ്യങ്ങൾക്കായി വരുത്തിച്ചവരാണ് തങ്ങളുടെ പൂർവ്വികർ എന്നാണ് പൊന്നാനിയിലെ നായർതറവാടുകൾ അധികവും വിശ്വസിക്കുന്നത്.

മൂക്കുതല ദേശത്തെ പെരുമ്പിലാവിൽ മേനോന്മാർ എന്ന പ്രധാന നായർ തറവാടിനെക്കുറിച്ച് അത്തരത്തിലുള്ള ഒരു കഥ പ്രചാരത്തിലുണ്ട്. സാമൂതിരിയും കൊച്ചി

രാജാവും തമ്മിലുള്ള വഴക്കിനിടെ കൊച്ചി രാജ്യത്തെ സൈനികർ രാത്രി പുഴനീന്തിക്കടന്ന് സാമൂതിരി രാജ്യത്തെ പശുക്കളെ മോഷ്ടിച്ചിരുന്നു. ഇത് പതിവായതോടെ കാർഷികപ്രധാനമായ പൊന്നാനിയുടെ തെക്കു-കിഴക്കൻ ഭാഗങ്ങൾ പ്രതിസന്ധിയിലായി. ഇതിൽനിന്നും രക്ഷനേടാനാണ് സാമൂതിരി ഏറാൾപ്പാടിനോട് പൊന്നാനിയിലേയ്ക്ക് പടയെ അയയ്ക്കാൻ ആവശ്യപ്പെടുന്നത്. ഈ പടയുടെ നേതൃസ്ഥാനത്തു നിന്നിരുന്ന വ്യക്തിയാണ് പെരുമ്പിലാവിൽ മേനോൻമാർ. അങ്ങനെയാണ് പെരുമ്പിലാവിൽ മേനോന്മാർ പൊന്നാനിയിൽ താമസമാക്കുന്നത്.

ഇതുപോലെ പൊന്നാനിയിലെ ഷാരടി, മാരാര്, വാര്യർ തുടങ്ങിയ സമുദായങ്ങളേയും സാമൂതിരി മറ്റുദേശങ്ങളിൽ നിന്നും കൊണ്ടുവന്നു പാർപ്പിച്ചതാണെന്നു പറയപ്പെടുന്നു. തൃക്കാവിൽ കോവിലകം, കണ്ടുകുറുമ്പിൽക്കാവ്, ഹരിഹരമംഗലം ക്ഷേത്രം എന്നിങ്ങനെ സാമൂതിരിയ് പൊന്നാനിയിൽ നിരവധി ക്ഷേത്രങ്ങളുണ്ടായിരുന്നു. ഇവിടത്തെ കാര്യങ്ങൾ നോക്കാനായാണ് സാമൂതിരി ഈ സമുദായങ്ങളെ പൊന്നാനിയിൽ കൊണ്ടുവന്ന് താമസിപ്പിച്ചത്. പിൽക്കാലത്ത് പൊന്നാനിയിലെ സാംസ്കാരികമേഖലയിൽ വലിയ സംഭാവനകൾ നൽകിയ ഹരിഹരമംഗലം വാര്യന്മാർ ഇവരിൽ ഒരു കൂട്ടരാണ്.

പൊന്നാനിയിലെ തീയ്യസമുദായത്തിനകത്തും വള്ളുവനാടിനേക്കാൾ വെട്ടത്തുനാടിനോട് സാംസ്കാരികമായുള്ള ഇത്തരം സാമ്യങ്ങൾ ദൃശ്യമാണ്. ഈഴവർ എന്നു വിളിയ്ക്കുന്ന തെക്കൻ കേരളത്തിലെ ജാതിസമൂഹത്തിന് തുല്യരാണ് സ്ഥാനംകൊണ്ട് തീയ്യർ. എന്നാൽ സാമൂഹികമായി ഇരുവരുടെയും ജീവിതരീതി വളരെ വ്യത്യസ്തമാണ്. പൊന്നാനിയിലെ തീയ്യരിൽ അധികവും പണ്ടുകാലത്ത് ആയോധനകല അഭ്യസിപ്പിച്ചിരുന്നവരാണ്. കളരി പഠിച്ചിരുന്ന ചേകവന്മാരുടെ പരമ്പരയാണ് ഇവിടത്തെ തീയ്യരെന്നാണ് പറയുന്നത്. പൊന്നാനിയിലെ നിരവധി തീയ്യഭവനങ്ങളിൽ കളരിത്തറകൾ ഇന്നും കാണാനാകും.

പറയരും പുലയരും മണ്ണാനും പാണനും അടങ്ങുന്ന കാർഷികമേഖലകളിലെ ജാതിസമൂഹങ്ങളാണെങ്കിലും വഞ്ചിതുഴയുന്ന പടന്നനും തെങ്ങുകയറുന്ന വേട്ടുവനും

പടപൊരുതുന്ന നായരും ചേകവരും എല്ലാം അവരുടെ തൊഴിലിടങ്ങളോട് ചേർന്നു നിൽക്കുന്ന സ്ഥലങ്ങളിലാണ് താമസമാക്കിയിട്ടുള്ളത്. നമ്പൂതിരിമാരും രാജാക്കന്മാരും അവരവരുടെ ആവശ്യങ്ങൾക്കായി പല സമുദായങ്ങളെ ഇവിടെയെല്ലാം താമസിപ്പിച്ചു എന്നത് ഈ സാഹചര്യത്തിൽ വിശ്വസനീയമായ കഥകളായി തോന്നാം. എന്നാൽ ബ്രാഹ്മണർ പ്രാദേശികമായ ജീവിതസാഹചര്യങ്ങളിൽ തൊഴിലെടുത്തിരുന്നവരെ ജാതി സമൂഹങ്ങളായി മാറ്റി തുണ്ടുഭൂമികളിൽ കുടികിടപ്പുകാരാക്കി എന്നതാണ് സത്യം. തങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ട ജാതിസമൂഹങ്ങളെയെല്ലാം ജന്മിഗൃഹങ്ങൾക്ക് ചുറ്റും ദൂരത്തിൽ നിലനിർത്തിക്കൊണ്ട് ഇവർ ദേശസങ്കൽപങ്ങൾ തീർക്കുകയും ആ ദേശങ്ങൾക്ക് അകത്ത് ഇതരജാതിക്കാരെ അവകാശങ്ങളുടെ പേരിൽ തളയ്ക്കുകയും ചെയ്തു.

**5.4 പൊന്നാനിയിലെ സാമുദായികജീവിതം**

ജാതി-മത ബന്ധങ്ങൾക്ക് സാമൂഹികജീവിതത്തിൽ വളരെയേറെ പ്രാധാന്യമുണ്ടായിരുന്ന പ്രദേശമാണ് പൊന്നാനി. എന്നാൽ ഇതിനർത്ഥം സാമുദായിക ബന്ധങ്ങളാണ് ഇവിടത്തെ സാമൂഹികജീവിതത്തെ നിർവ്വചിച്ചത് എന്നോ ഈ പ്രദേശത്തെ ജനങ്ങൾ വിവിധ സമൂഹങ്ങളായി വേർതിരിഞ്ഞാണ് ജീവിച്ചിരുന്നത് എന്നോ അല്ല. പരസ്പരം വേർതിരിച്ചെടുക്കാൻ കഴിയാത്ത വണ്ണം ഇവിടത്തെ പല സമുദായങ്ങളുടേയും ആചാരങ്ങളും ജീവിതരീതികളും ഇടകലർന്നിരിയ്ക്കുന്നു. സാമുദായികമായ കലഹങ്ങളോ വിദ്വേഷങ്ങളോ പൊന്നാനിയുടെ ചരിത്രത്തിൽ കാണാനാകാത്തതിനു പിന്നിലെ കാരണവും മറ്റൊന്നല്ല.

കേരളത്തിലെ മുസ്ലീംമതവ്യാപനത്തിന്റെ ചരിത്രത്തിൽ ഏറ്റവും പ്രാധാന്യം അർഹിയ്ക്കുന്ന ഇടങ്ങളിലൊന്നാണ് പൊന്നാനി. മുസ്ലീങ്ങളുടെ ആധ്യാത്മികവും രാഷ്ട്രീയവുമായ അധികാരകേന്ദ്രങ്ങൾ പൊന്നാനിയ്ക്കുള്ളിൽ സമന്വയിക്കുന്നു. കേരളത്തിലെ മുസ്ലീംമതവ്യാപനത്തിന്റെ ചരിത്രം വൈദേശിക കച്ചവടക്കാരുമായുള്ള വിനിമയങ്ങളുടേതായതുകൊണ്ട് ഇവിടത്തെ പ്രാദേശിക തനിമകളെ പരമാവധി സ്വാംശീകരിച്ചുകൊണ്ടാണ് ഇസ്ലാം കേരളത്തിൽ വളരുന്നത്. ഇത്തരത്തിൽ വളരെ പ്രാദേശികമായ ഒരു മതസ്വത്വമായി മലബാറിലെ മാപ്പിളമാർ നിലനിന്നിരുന്ന കാലത്ത്

അവരെ ആഗോള ഇസ്ലാം സമൂഹവുമായി ബന്ധിപ്പിയ്ക്കുന്ന പ്രധാന കണ്ണികളായിരുന്നു പൊന്നാനിയിലെ മഖ്ദൂമുകൾ. എന്നാൽ ഇതേ പൊന്നാനിയിൽ തന്നെയാണ് കേരളത്തിലെ മുസ്ലീങ്ങൾക്കിടയിൽ ഇന്ന് ഏറ്റവുമധികം പ്രാദേശികമായ സവിശേഷതകൾ കാണാനാവുക. ദായക്രമത്തിലും ആരാധനയിലും സാമൂഹിക ജീവിതത്തിലും പൊന്നാനിയിലെ മുസ്ലീങ്ങൾക്കിടയിൽ ഈ തനിമ ദൃശ്യമാണ്.

പൊന്നാനിയിലെ മുസ്ലീങ്ങൾ എന്ന പ്രയോഗം തന്നെ ഏകമാനമായ ഒരു സമൂഹത്തെ അർത്ഥം വെച്ചുകൊണ്ടുള്ളതല്ല. പൊന്നാനി നഗരത്തിലെ തറവാടുകളിൽ വസിയ്ക്കുന്ന ധനാഢ്യരായ മുസ്ലീം കുടുംബങ്ങളും പൊന്നാനി കടപ്പുറത്തെ വ്യത്യസ്ത ദേശക്കാരായ മുക്കുവരും തമ്മിൽ ഹിന്ദുമതത്തിലെ ജാതിവ്യത്യാസങ്ങൾക്ക് സമാനമായ വ്യത്യാസങ്ങൾ കാണാനാകും. പൊന്നാനി നഗരത്തിന് തെക്കും കിഴക്കുമെല്ലാം പോകുംതോറും ഈ വൈവിധ്യങ്ങൾ വർദ്ധിച്ചുവരുന്നു. പൊന്നാനിയിലെ അങ്ങാടിയിൽ താമസിയ്ക്കുന്നവരുടെ ജീവിതരീതികൾക്ക് സവർണഹിന്ദു മതസ്ഥരുടെ ജീവിതവുമായാണ് കൂടുതൽ സാമ്യം കണ്ടെത്താനാവുക. എന്നാൽ കടലിൽപോകുന്ന തീരദേശത്തെ മുസ്ലീങ്ങൾ അങ്ങാടിയിൽ രണ്ടാംതരക്കാരായി പരിഗണിയ്ക്കപ്പെട്ടു. അപ്പോഴും പൊന്നാനിയിലെ ആരാധനാ കേന്ദ്രങ്ങളും ആധ്യാത്മികസമൂഹവും ഇത്തരം വേർതിരിക്കലുകളെ അതിജീവിച്ചിരുന്നു.

കാർഷികപ്രധാനമായ പൊന്നാനിയുടെ കിഴക്കൻ പ്രദേശത്ത് സ്ഥിതി വ്യത്യസ്തമായിരുന്നു. ഹിന്ദുമതത്തിന് പ്രാധാന്യമുള്ള അവിടങ്ങളിൽ ജാതിബദ്ധമായ ഒരു സമൂഹം ഉരുത്തിരിഞ്ഞുവരികയാണ് ചെയ്തത്. എന്നാൽ കാർഷിക വൃത്തിയേക്കാൾ അവിടത്തെ സാമുദായികക്രമങ്ങളിൽ മാറ്റങ്ങൾ സൃഷ്ടിച്ചത് കൊച്ചി - സാമൂതിരി രാജവംശങ്ങളുടെ കലഹങ്ങളായിരുന്നു. പല ജാതിവിഭാഗങ്ങളേയും പൊന്നാനിയിൽ കൊണ്ടുവന്നു താമസിപ്പിച്ചതും അവർക്ക് പ്രാധാന്യം കൽപിച്ചു നൽകിയതും സാമൂതിരി രാജാക്കന്മാരായിരുന്നു. അതേ സമയം ഒരുപാട് ബ്രാഹ്മണ കുടുംബങ്ങളും സമ്പന്നരുടെ തറവാടുകളും ഇതേ കലഹങ്ങൾ കാരണം പൊന്നാനി വിട്ടുപോയിട്ടുണ്ടെന്നും ഇന്നാട്ടുകാർ വിശ്വസിയ്ക്കുന്നു.

പൊന്നാനിയുടെ കിഴക്കും പടിഞ്ഞാറും പ്രദേശങ്ങൾ തമ്മിൽ സാമുദായികമായ വിതരണത്തിൽ വലിയ വ്യത്യാസങ്ങൾ കാണാൻ കഴിയുമ്പോഴും അവയിലെല്ലാം പൊതുവായി കാണാനാകുന്ന രണ്ട് ഘടകങ്ങളുണ്ട്. ആധുനികമെന്ന് വിശേഷിപ്പിയ്ക്കപ്പെട്ടു തുടങ്ങുന്ന ഒരു കാലഘട്ടത്തിൽ ആധുനികതയുടെ മൂല്യങ്ങളെ ഉൾക്കൊള്ളാനും അതിനനുസരിച്ച് സ്വയം പരിഷ്കരിയ്ക്കാനും ഈ സമുദായ ങ്ങളെല്ലാം പരിശ്രമിച്ചതാണ് അതിൽ ഒന്നാമത്തേത്. ഇസ്ലാമിനകത്തേയും നമ്പൂതിരി സമുദായത്തിനകത്തേയും ശക്തമായ ചോദ്യം ചെയ്യലുകളും അടിമബോധം കൈമുതലാക്കിയിരുന്ന അടിസ്ഥാനജാതികൾക്ക് ഇടയിലെ ഉന്നമനവുമാണ് ഇതിന്റെ പ്രകടമായ രണ്ട് ലക്ഷണങ്ങൾ. രണ്ടാമത്തേത് നാനാമത-ജാതി സമുദായങ്ങൾ പൊന്നാനിയിൽ വസിയ്ക്കുമ്പോഴും അവരെല്ലാം തമ്മിലുണ്ടായിരുന്ന സഹവർത്തിത്വത്തിന്റെ സ്വഭാവമാണ്. വർഗീയമായ ചേരിതിരിവുകൾക്ക് ഒരിക്കലും പൊന്നാനി വേദിയായിട്ടില്ലെന്നു തന്നെ പറയാം.

### 5.4.1 മുസ്ലീം നവോത്ഥാനവും പൊന്നാനിയും

മഖ്ദൂമുകളുടെ ആദ്യകാലത്ത് പൊന്നാനി മുസ്ലീം വിജ്ഞാനത്തിന്റെ മലബാറിലെ പ്രധാനകേന്ദ്രമായി നിലനിന്നിരുന്നു. ഇസ്ലാംമതം അറിവ് നേടാനുള്ള അവകാശവും കൂടുതൽ മികച്ച ജീവിതവും പ്രദാനം ചെയ്യും എന്ന വിശ്വാസത്തിനു മുകളിലാകണം അന്ന് പൊന്നാനിയിലെ പലരും ഇസ്ലാം മതത്തിലേയ്ക്ക് പരിവർത്തനം ചെയ്തത്. എന്നാൽ ഈ വൈജ്ഞാനികമായ ഉന്നതി പിൽക്കാലങ്ങളിൽ വന്ന എല്ലാ മഖ്ദൂംസ്ഥാനികളും നിലനിർത്തിയിട്ടുണ്ടെന്നു പറയാനാകില്ല. ബ്രിട്ടീഷ് ഭരണകാലത്ത് ആധ്യാത്മിക പഠനം എന്ന സങ്കൽപത്തെ മറികടന്ന് ആധുനികമായ വിദ്യാഭ്യാസക്രമം പ്രചാരത്തിൽവന്നതും ഇതിനു കാരണമായിരിയ്ക്കും. മഖ്ദൂമുകൾ കേവലം മതമേലധികാരികൾ മാത്രമായതിനു സമാന്തരമായിത്തന്നെ പൊന്നാനിയിലെ മുസ്ലീങ്ങൾക്കിടയിലെ ഉച്ചനീചത്വങ്ങളും വളർന്നുവന്നു. ഹൈദരലിയുടേയും ടിപ്പു സുൽത്താന്റേയും പടയോട്ടക്കാലത്ത് നിർബന്ധപൂർവ്വം മതം മാറ്റത്തിന് വിധേയരായവരാണ് തീരദേശത്തേയും കിഴക്കൻ പ്രദേശങ്ങളിലേയും മുസ്ലീങ്ങളെന്നും

ആദ്യകാല മുസ്ലീങ്ങൾ നഗരപ്രദേശത്തു നിന്നുള്ളവർ മാത്രമാണെന്നും ഇക്കാലത്ത് ഒരു വിശ്വാസം ഉടലെടുത്തു. കച്ചവടക്കാരായ പൊന്നാനി നഗരവാസികൾ അവരുടെ പണത്തിനും പ്രതാപത്തിനും അനുസരിച്ച് മതത്തെ വളച്ചൊടിയ്ക്കാനും തുടങ്ങി. ആ കാലത്ത് പൊന്നാനിയിൽ ജീവിച്ച മുസ്ലീങ്ങൾക്കിടയിൽ നിന്നുതന്നെ ഈ ദുരാചാരങ്ങൾക്കെതിരായ ശബ്ദങ്ങളും ഉയർന്നുവന്നു.

ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ട പേരാണ് 1765-ൽ വെളിയങ്കോട് കാക്കത്തറ വീട്ടിൽ ആമിനുമ്മയുടേയും ആലി മുസ്ലിയാരുടേയും രണ്ടാമത്തെ മകനായി ജനിച്ച ഉമർഖാസിയുടേത്. ബ്രിട്ടീഷുകാർക്ക് എതിരായി ആദ്യമായി നികുതി നിഷേധത്തിന് ആഹ്വാനം ചെയ്യുകയും അതിന്റെ പേരിൽ നീണ്ട ജയിൽജീവിതം അനുഭവിയ്ക്കേണ്ടി വരികയും ചെയ്ത വ്യക്തിയാണ് ഉമർഖാസി. ബാല്യത്തിൽ തന്നെ ഇസ്ലാമിക ദർശനത്തിലും ആദ്ധ്യാത്മികപഠനത്തിലും അതീവതത്പരനായിരുന്നു അദ്ദേഹം. ഉമർഖാസിയുടെ കാലമാകുമ്പോഴേയ്ക്കും പൊന്നാനിയിലെ മാപ്പിളമാർക്കിടയിൽ തറവാട്ടുഘോഷണത്തിന്റേയും ഉച്ചനീചത്വത്തിന്റേയും അഴുക്കുകൾ വർദ്ധിച്ചിരുന്നു. ഇതിനെ കളിയാക്കിക്കൊണ്ട് നിമിഷകവികൂടിയായിരുന്നു ഉമർഖാസി ഒരിക്കൽ പള്ളിമതിലിന്മേൽ ഒരു കവിത എഴുതുകയുണ്ടായി.

"അയഫാഖിറൻ ബിന്നസബി കൈഫത്തഫാഖിറു
വ അസ്വലുക്കുമു മിൻഖല്ലു തിയ്യൻ വ നായരു
വ ആശാരി മൂശാരി വ മണ്ണാനുപാണരു
വ കൊയപ്പാനു ചെട്ടിയും വ നായാടി പറയരും"

(തറവാടിത്തം കൊണ്ട് ഊറ്റം കൊള്ളുന്നവരേ, നിങ്ങളിൽ പലരുടേയും പൂർവ്വികർ തിയ്യർ, നായർ, ആശാരി, മൂശാരി, മണ്ണാൻ, പാണൻ, കുംഭാരൻ, ചെട്ടി, നായാടി തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരായിരുന്നു എന്ന വസ്തുത നിങ്ങൾ ഓർക്കുന്നുണ്ടോ?) (ടി.വി. അബ്ദുറഹിമാൻകുട്ടി, 2016:229-230).

എന്നാൽ അവിടെനിന്നും നൂറ്റാണ്ടുകൾക്ക് ഇപ്പുറവും പൊന്നാനിയിലെ മാപ്പിളമാർ തമ്മിലുള്ള ഈ മേൽകീഴ് വിചാരങ്ങൾ അവസാനിച്ചിട്ടില്ല. പൊന്നാനിയിലെ

അയിത്തജാതിക്കാരുടെ വീടുകളിലേയ്ക്കും ജീവിതത്തിലേയ്ക്കും കടന്നുചെല്ലാൻ തയ്യാറാവുകയും അവരുടെ സാമൂഹികോന്നതിയ്ക്കായി മതപരിവർത്തനം മുന്നോട്ടു വെയ്ക്കുകയും ചെയ്ത ഒരു മതത്തിനകത്താണ് വളരെ പരസ്യമായ തോതിൽതന്നെ ഇത്തരം വേർതിരിവുകൾ നിലനിന്നിരുന്നത് എന്നത് വിരോധാഭാസമാണ്. പണവും ഭൂസ്വത്തുമുള്ള മാപ്പിളമാർ സവർണ ഹിന്ദുക്കളെപ്പോലെ തൊഴിലെടുക്കുന്ന ജനങ്ങളേയും രണ്ടാംകിട പൗരന്മാരായി കണ്ടുതുടങ്ങി എന്നതാണ് യാഥാർത്ഥ്യം. ആചാരപരമായ അയിത്തം ഇസ്ലാമിനകത്ത് നിലവിലില്ലാതിരുന്നതിനാൽ അടിക്കണക്കു നോക്കി മാറിനടക്കേണ്ട അവസ്ഥ മുസ്ലീങ്ങൾക്കിടയിൽ ഉണ്ടായില്ല എന്നു മാത്രം.

മഖ്ദൂമുകൾക്കിടയിലെ വൈജ്ഞാനികതലം ശുഷ്കമായതോടെ സംഭവിച്ച മറ്റൊരു അപചയമായിരുന്നു മാപ്പിളമാർക്കിടയിലെ വിദ്യാഭ്യാസത്തിന്റെ അഭാവം. പതിനാലാം നൂറ്റാണ്ടിൽ ഷൈഖ് സൈനുദ്ദീൻ പൊന്നാനിയിൽ ദർസ് തുടങ്ങുമ്പോൾ അവിടത്തെ ഭൂരിഭാഗം ജനങ്ങളും അജ്ഞരും അക്ഷരാഭ്യാസമില്ലാത്തവരുമായിരുന്നു. വിദ്യ അഭ്യസിയ്ക്കാനുള്ള അവകാശം നിഷേധിയ്ക്കപ്പെട്ടവരായിരുന്നു അമുസ്ലീങ്ങളായ ഇവിടത്തെ ഭൂരിഭാഗം മനുഷ്യരും. ഇവർക്ക് അറിവ് പകർന്നു നൽകിക്കൊണ്ടാണ് ഇസ്ലാംമതം പൊന്നാനിയിൽ വ്യാപിക്കുന്നത്. മലയാളഭാഷ മലയാളികളായ ഭൂരിപക്ഷത്തിനും അപ്രാപ്യമായിരുന്ന ഒരു കാലത്ത് അറബിമലയാളം വിജ്ഞാനത്തിന്റെ വഴിതുറന്നു നൽകി. എന്നാൽ പിൽക്കാലത്ത് ആധുനിക വിദ്യാഭ്യാസം പ്രചാരത്തിൽ വരികയും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളുടെ പഠനം സമൂഹത്തിൽ സാർവത്രികമായി തുടങ്ങുകയും ചെയ്ത കാലത്ത് മാപ്പിളമാർ അതിനോടെല്ലാം പുറംതിരിഞ്ഞുനിന്നു. ഇതിനെ ശക്തമായ രീതിയിൽ ചോദ്യം ചെയ്യുകയും മാപ്പിളസമൂഹത്തിനകത്തെ ആധുനികതയ്ക്ക് തുടക്കം കുറിയ്ക്കുകയും ചെയ്ത വ്യക്തിയാണ് സയ്യിദ് സനാവുല്ല മഖ്ദി തങ്ങൾ.

മലയാളലിപിയിൽ ആദ്യമായി ഒരു ഗ്രന്ഥം രചിക്കുകയും പത്രം പുറത്തിറക്കുകയും ചെയ്ത മലയാളിയാണ് മഖ്ദി തങ്ങൾ. ക്രൈസ്തവ മിഷനറിമാർ കേരളത്തിൽ പ്രവർത്തനം സജീവമായി തുടങ്ങിയ കാലത്ത് അതിനെ

എതിരിടാനെന്നവണ്ണമാണ് അദ്ദേഹം തന്റെ ജീവിതകാലത്തിന്റെ നല്ല പങ്കും ചിലവഴിച്ചത്. കേരളോപകാരി തുടങ്ങിയ മിഷനറി മാസികകൾ നബിയേയും ഇസ്ലാമിനേയും ആക്ഷേപിക്കാൻ തുടങ്ങിയപ്പോൾ അതിനെതിരായാണ് 1884–ൽ തന്റെ 'കഠോര കുഠാരം' എന്ന ആദ്യഗ്രന്ഥം മഖ്ദി തങ്ങൾ രചിയ്ക്കുന്നത്. പിന്നീട് 1885–ൽ പരോപകാരി എന്ന പേരിൽ മലയാളലിപിയിൽ അച്ചടിച്ച ഒരു മാസികയും ഇറക്കി. അറബി-മലയാള ലിപിയിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ പത്രമായ തുഹ്ഫത്തുൽ അഖ്ബാർ വഹിദായത്തുൽ അശ്ഹാറിന്റെ പത്രാധിപരുമായിരുന്നു മഖ്ദി തങ്ങൾ.

ക്രൈസ്തവ മിഷനറിമാരുടെ വാദമുഖങ്ങളെ വിജയകരമായി ഖണ്ഡിച്ചു കൊണ്ടിരിയ്ക്കെതന്നെ സ്വസമുദായത്തിന്റെ ധൈഷണിക ജീർണതയ്ക്കെതിരായും മഖ്ദി തങ്ങൾ ധീരമായി ശബ്ദിച്ചുകൊണ്ടിരുന്നു. ഖുർആൻ പഠനത്തിന് അന്നുവരെ ഉപയോഗിച്ചിരുന്ന മരപ്പലകയ്ക്ക് പകരം സ്ലേറ്റുകളും ബ്ലാക്ക്ബോർഡുകളും ഉപയോഗിയ്ക്കാനും ഭൗതികവിദ്യാഭ്യാസം മതവിദ്യാഭ്യാസം പോലെത്തന്നെ നിർബ്ബന്ധമായും അനുവർത്തിയ്ക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു (പി.പി.കുഞ്ഞുമുഹമ്മദ്, 1994:160). ആധുനികവിദ്യാഭ്യാസത്തെ വേണ്ടവിധത്തിൽ ഉൾക്കൊള്ളാൻ മലബാറിലെ മുസ്ലീങ്ങൾക്ക് കഴിയാതെപോയത് പിൽക്കാലത്ത് അവരുടെ സാമൂഹികനിലവാരം താഴാൻ കാരണമായി. നല്ല കച്ചവടക്കാരും സമ്പന്നരും അടങ്ങുന്ന മുസ്ലീം സമുദായത്തിന് വിദ്യാഭ്യാസവും ഉദ്യോഗവും ഇല്ലാതിരുന്നതിനാൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാന കാലങ്ങളിൽ സാമൂഹികപിന്നാക്കാവസ്ഥ നേരിടേണ്ടി വന്നു എന്ന വസ്തുത പരിശോധിക്കുമ്പോഴേ മഖ്ദി തങ്ങളുടെ പരിഷ്കരണോദ്യമങ്ങളുടെ വില മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

പ്രാദേശികമായ തനിമകളെ മലബാറിലെ മുസ്ലീം സമുദായം പരമാവധി സ്വാംശീകരിയ്ക്കാൻ ശ്രമിച്ചു എന്നത് അതിന്റെ രൂപീകരണഘട്ടത്തിൽത്തന്നെ കാണാൻ സാധിയ്ക്കുന്ന കാര്യമായിരുന്നു. അതിനെ മലബാറിലെ മുസ്ലീം സമുദായത്തിന്റെ മേന്മയായി കാണുമ്പോൾ തന്നെ അതിനൊരു മറുവശവുമുണ്ടായിരുന്നു. ആഘോഷങ്ങളിലും ആചാരങ്ങളിലും പ്രാദേശികമായ മതവിശ്വാസങ്ങളിൽ നിന്നും

ഏറെ വ്യത്യസ്തമായിരുന്നു ഇസ്ലാംമതം. മുസ്ലീം സമുദായത്തിൽ ആഘോഷങ്ങൾ കുറവായിരുന്നു. വലിയ പെരുന്നാളും ചെറിയ പെരുന്നാളും മാത്രം. ആരാധനാ മൂർത്തിയും ഒന്നുമാത്രം. എന്നാൽ പ്രാദേശികമായ വിശ്വാസികൾക്കിടയിൽ എണ്ണിയാലൊടുങ്ങാത്ത ആരാധനാപാത്രങ്ങളും രക്തത്തിൽ മുങ്ങിയതും ആർഭാടപൂർണവുമായ നിരവധി ആചാരങ്ങളും ഉണ്ടായിരുന്നു. ഈ സാഹചര്യത്തിൽ മറ്റു മതങ്ങളിൽ നിന്നും മുസ്ലീം മതം സ്വീകരിച്ച് എത്തുന്നവർക്ക് ഇതൊരു കുറവായി തോന്നാമെന്നും അത് കേരളത്തിൽ മതവ്യാപനത്തിന് എതിരായി മാറാമെന്നും ചില പണ്ഡിതർ ചിന്തിച്ചു. മറ്റു മതങ്ങളിൽ വിവാഹാഘോഷങ്ങൾക്കു പുറമേ തിരണ്ടുകല്ല്യാണം പോലെ ചിലതുണ്ട്, വെളിച്ചപ്പാട് തലതല്ലി നെറ്റിയ്ക്ക് വെട്ടുന്നുണ്ട്. ഇതിനെല്ലാം പകരം നമുക്കും ചിലത് വേണ്ടേയെന്ന് അവർ ചിന്തിക്കുകയും അങ്ങനെ കുത്തുമുറി റാത്തീബും കാതുകുത്തുകല്ല്യാണവും പോലുള്ള ആചാരങ്ങൾ മുസ്ലീങ്ങൾക്കിടയിൽ പടച്ചുവിടുകയും ചെയ്തു.

ഇതിനെതിരെ ശബ്ദിച്ച മതപണ്ഡിതരിൽ പ്രധാനിയായിരുന്നു 'ദുരാചാരമർദ്ദനം' എന്ന മാല രചിച്ച മലയങ്കുളത്തേൽ മരയ്ക്കാർ മുസ്ലീയാർ. മുസ്ലീം സ്ത്രീകളുടെ കാതുകൾ നിറയെ കുത്തിത്തുളയ്ക്കുകയും അതിൽ സ്വർണത്തിന്റേയും വെള്ളിയുടേയും ചിറ്റുകൾ കോർത്തിടുകയും ചെയ്യുന്ന ദുരാചാരത്തെ കളിയാക്കി അദ്ദേഹം ഇങ്ങനെയെഴുതി.

> "വണ്ടുകൾ വർദ്ധിക്കും കാതുത്തും മംഗലത്തേതി കുറിത്താനെ-ഉടനെ
> വല്ലി പറയുന്നു യാറംമൂടാനൊരു നേർച്ചകുടമാണെ
> പണ്ടിവൾ കാതുമ്മൽകണ്ടെ ചൊറിക്ക് ഞാൻ വീണ്ടെനദ് റാനെ-അതൊട്ടും
> പാടില്ല നീട്ടുവാൻ വേഗത്തിൽ പോണ മന്മാരൻ എടുത്താനെ...
> ...അപ്പങ്ങൾ ബീവിക്കുറുപ്പിക കോയക്കും! മങ്കകൊടുത്താളോ-പെരുത്ത്
> ആദരവോടൊരു സൽക്കാരം ചെയ്തന്തെ യാറെ അടുത്താരോ...
> ...കാതുത്തുതന്നെ ഹറാമെന്നു വെയ്ക്കുകിൽ പിന്നെന്തു കല്ല്യാണം
> കാലഫത്ത് ഉൽ മു ഈനും ഇഹ്യാളം മറ്റും ഖുത്തുബാനെ"
>
> (ടി.കെ.മുഹമ്മദ്, 1994:166-167)

കാതുകുത്തുകല്ല്യാണത്തെ ദുരാചാരമായി പരിഗണിയ്ക്കാനോ അതിൽ മാറ്റം വരുത്താനോ അന്നത്തെ മതപ്രമാണിമാർ തയ്യാറായില്ലെങ്കിലും കാലം അദ്ദേഹം പറഞ്ഞ മാറ്റങ്ങൾ അംഗീകരിച്ചു. പക്ഷേ അക്കാലത്തെ യാഥാസ്ഥിതികരും മർക്കടമുഷ്ടിക്കാരുമായ പല മതപണ്ഡിതർക്കും ഒട്ടും അംഗീകരിയ്ക്കാൻ കഴിയുന്നതായിരുന്നില്ല ദുരാചാരമർദ്ദനത്തിലെ മറ്റു ചില വരികൾ.

അക്കാലത്ത് പണക്കാരായ മാപ്പിളമാർ അവരുടെ ഇഷ്ടത്തിന് പള്ളികൾ പണിതു കൂട്ടുന്നത് പതിവായിരുന്നു. ഇന്ന് പൊന്നാനിയിൽ കാണുന്ന ഇത്രയധികം പള്ളികളിൽ മിക്കവാറും പള്ളികൾ പണക്കൊഴുപ്പ് കാണിക്കാനായി കച്ചവടക്കാരായ മാപ്പിളമാർ പണിതുയർത്തിയതാണ്. എന്നാൽ ഈ പള്ളികളുടെയെല്ലാം മുറ്റത്തോ സമീപത്തോ തന്നെ ശ്മശാനങ്ങൾ പണിയാൻ കൂടി ആരംഭിച്ചതോടെ നഗരമധ്യത്തിൽ വരെ ശ്മശാനങ്ങൾ ഉയരുന്ന സ്ഥിതിയായി. പണമുള്ളവർ പള്ളിയുടെ മുറ്റത്ത് തന്നെ ശ്മശാനങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ട സഹായങ്ങളും ചെയ്തു കൊടുത്തു. ഇതിനെ വിമർശിച്ചുകൊണ്ട് അദ്ദേഹം എഴുതി.

"മാനം നടിക്കേണ്ടതീസ്ഥാനത്താണോ
മയ്യത്തുപള്ളിക്കടുപ്പിച്ചു വേണോ?
തോനെയടുത്താൽ സുവർക്കത്തിലാണോ?
ദൂരെപ്പെടുമ്പോൾ പവർക്കത്തിലാണോ?" (ടി.കെ.മുഹമ്മദ്, 1994:167)

പിന്നീട് പൊന്നാനി നഗരത്തിൽ സ്ഥലപരിമിതി നേരിട്ട് തുടങ്ങിയത് കൊണ്ട് കൂടിയാകാം പല പള്ളികളുടേയും ശ്മശാനങ്ങൾ പള്ളിയ്ക്കുമുൻപിൽ സ്ഥാപിക്കുന്നതിൽ നിന്നും ഭാരവാഹികൾ പിൻവാങ്ങി. അവിടേയും കാലം മരക്കാർ മുസ്ലിയാരുടെ വാക്കുകളെ ശരി വെച്ചു. ദുരാചാരങ്ങളെന്ന് അദ്ദേഹം വിളിച്ചാക്ഷേപിച്ചവ പൊന്നാനിയിലെ നല്ലൊരു ശതമാനം മതപണ്ഡിതർക്കും അന്ന് സദാചാരങ്ങളായിരുന്നെങ്കിൽ പിന്നീട് അവയെല്ലാം പരിഷ്കരിക്കേണ്ടി വന്നു. എല്ലാ സമുദായങ്ങളിലേയും നവോത്ഥാന പരിശ്രമങ്ങളുടെ അവസ്ഥ അതുതന്നെയായിരുന്നു.

### 5.4.2 നമ്പൂതിരിനവോത്ഥാനത്തിന്റെ ഈറ്റില്ലം

1931-ൽ ഗുരുവായൂർ സത്യാഗ്രഹകാലത്ത് ക്ഷേത്രത്തിൽ അവർണരെ പ്രവേശിപ്പിയ്ക്കുന്നതിനെ പറ്റിയുള്ള പൊതുജനാഭിപ്രായം അറിയാനായി ഒരു റെഫറണ്ടം സംഘടിപ്പിയ്ക്കുകയുണ്ടായി. ഗുരുവായൂർ ക്ഷേത്രം സ്ഥിതിചെയ്യുന്ന അന്നത്തെ പൊന്നാനി താലൂക്കിലായിരുന്നു ഹിതപരിശോധന നടത്തിയത്. ഈ വോട്ടെടുക്കലിന്റെ ഡയറക്ടറായി കെ. മാധവൻനായരെ നിശ്ചയിച്ചു. കസ്തൂർബാ ഗാന്ധിയും ഊർമ്മിളാദേവിയും ഇക്കാര്യത്തിൽ സഹായത്തിനായി പൊന്നാനിയിൽ എത്തിച്ചേർന്നു. ക്ഷേത്രപ്രവേശനയോഗ്യതയുള്ള സവർണരിൽ പ്രായപൂർത്തി വന്ന 27465 സ്ത്രീപുരുഷന്മാരെ ഇക്കാര്യത്തിൽ സമീപിക്കുകയുണ്ടായി. 7302 പേർ നിഷ്പക്ഷനിലയിൽ വോട്ട് ചെയ്തു. അതുകൂടി പരിഗണിച്ചാൽ സുമാർ എഴുപത്തിയേഴ് ശതമാനം പേർ അവർണരുടെ ക്ഷേത്രപ്രവേശനത്തിന് അനുകൂലമായി വോട്ടുചെയ്തു. (എ.കെ.പിള്ള, 1994:250-253) ചരിത്രപരമായി ആ നാട് ആർജ്ജിച്ച പുരോഗമന ആശയങ്ങളുടെ സ്വാധീനമായിരുന്നു ജാതീയത അതിശക്തമായി നിലനിന്നിരുന്ന ആ കാലഘട്ടത്തിലും അത്തരമൊരു പ്രതികരണത്തിന് അടിസ്ഥാനം.

നമ്പൂതിരിസമുദായത്തിലെ വിപ്ലവങ്ങൾക്കെല്ലാം വഴിതുറന്ന യോഗക്ഷേമ സഭയുടെ രൂപീകരണസമയത്ത് തന്നെ പൊന്നാനിയിൽ നിന്നുള്ള ബ്രാഹ്മണ പ്രമുഖരിൽ നിരവധിപേർ അതിൽ പങ്കാളികളായിരുന്നു. ചെറുമുക്ക് വൈദികൻ, കപ്ലിങ്ങാട്ട് വൈദികന്മാർ, ഒളപ്പമണ്ണ നമ്പൂതിരിപ്പാട്, പൂമുള്ളി നമ്പൂതിരിപ്പാട്, ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ തുടങ്ങി സമുദായത്തിലെ പ്രധാനവ്യക്തികൾ അധികവും 1908-ൽ ആലുവ ചെറമുക്ക് വൈദികന്റെ ഗൃഹത്തിൽ വെച്ച് നടന്ന യോഗക്ഷേമസഭയുടെ രൂപീകരണയോഗത്തിൽ പങ്കെടുത്തിട്ടുണ്ട്. എന്നാൽ രൂപീകരണസമയത്ത് തങ്ങളുടെ സാമൂഹികാധിപത്യത്തിന് അടിസ്ഥാനമായിരുന്ന കുടുംബ ദേവസ്വഭരണങ്ങൾ കാര്യക്ഷമമാക്കുക, വ്യവഹാരങ്ങളും ദേശവഴക്കുകളും തീർക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളേ യോഗക്ഷേമസഭയ്ക്ക് ഉണ്ടായിരുന്നുള്ളൂ. "ആചാരങ്ങൾക്കോ നടപടികൾക്കോ ആഭിജാത്യവ്യവസ്ഥകൾക്കോ വിരോധമായി സഭയിൽ യാതൊന്നും പ്രസംഗിപ്പാനും

പ്രവർത്തിപ്പാനും തീർച്ചപ്പെടുത്താനും പാടില്ല" എന്ന് നിയമാവലിയിലെ അഞ്ചാം വകുപ്പനുസരിച്ച് വ്യവസ്ഥചെയ്യുകയും ചെയ്തിരുന്നു. ഇത് പിന്നീട് നീക്കം ചെയ്തെങ്കിലും സഭയുടെ പ്രവർത്തനമണ്ഡലം ആദ്യകാലത്ത് എത്രകണ്ട് ചുരുങ്ങിയതായിരുന്നെന്ന് മനസ്സിലാക്കാം. എങ്കിലും സംസ്കൃത വിദ്യാഭ്യാസത്തോടൊപ്പം ഇംഗ്ലീഷ് വിദ്യാഭ്യാസവും നേടണമെന്നും അങ്ങനെയേ സമുദായത്തിന്റെ അവശതകൾ പരിഹരിയ്ക്കാൻ കഴിയുകയുള്ളൂവെന്നും സഭ ഉൾക്കൊണ്ടിരുന്നു. എന്നാൽ ഇതേ കാലത്ത് തന്നെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് എതിരുനിൽക്കുന്ന യാഥാസ്ഥിതികരുടെ സംഘവും ഇവിടെയുണ്ടായിരുന്നു. ബ്രാഹ്മണർക്ക് ഇംഗ്ലീഷ് ആവശ്യമില്ല, തീണ്ടൽ നിലനിർത്തണം എന്നെല്ലാം അഭിപ്രായമുള്ള യാഥാസ്ഥിതികവിഭാഗം ശുകപുരം ക്ഷേത്രത്തിൽ ഇതേ കാലഘട്ടത്തിൽ മറ്റൊരു യോഗവും നടത്തിയിരുന്നു (ഐ.വി.ബാബു, 2017:96–97).

യോഗക്ഷേമസഭയുടെ യുവജനവിഭാഗമായിട്ടാണ് നമ്പൂതിരി യുവ ജനസംഘം ആരംഭിക്കുന്നത്. അതിന്റെ മുഖപത്രമായാണ് 'ഉണ്ണിനമ്പൂതിരി' പ്രസിദ്ധീകരിക്കുന്നത്. തീരുമാനിച്ച കാര്യങ്ങൾ നടപ്പാക്കുന്നതിൽ യോഗക്ഷേമ സഭയ്ക്കുള്ള അലംഭാവവും സാമൂഹികപരിഷ്കരണങ്ങളോടുള്ള അഭിപ്രായ വ്യത്യാസവും കാരണം പിൽക്കാലത്ത് നമ്പൂതിരി യുവജനസംഘം സ്വതന്ത്രമായ മറ്റൊരു സംഘമായി രജിസ്റ്റർ ചെയ്തു. കർമ്മം കൊണ്ടോ ജന്മം കൊണ്ടോ പൊന്നാനിക്കാരായി തീർന്ന നിരവധിപേർ ഈ സംഘത്തിന്റെ സജീവപ്രവർത്തകരായിരുന്നു.

നമ്പൂതിരി നവോത്ഥാനത്തിന്റെ നേതൃസ്ഥാനത്ത് വി. ടി. ഭട്ടതിരിപ്പാടായിരുന്നെങ്കിൽ അതിനുള്ള ആശയ അടിത്തറയൊരുക്കുന്നതിൽ പൊന്നാനിക്കാരായ രണ്ട് മഹാരഥന്മാർക്ക് പങ്കുണ്ട്. ഒരുപാടുകാലം വന്നേരിയിലെ ഭാര്യവീടായ ചിറ്റേഴത്ത് താമസിച്ച മഹാകവി വള്ളത്തോൾ നാരായണമേനോനും ജന്മംകൊണ്ടും കർമ്മം കൊണ്ടും അവിടത്തുകാരൻ തന്നെയായിരുന്ന നാലപ്പാട്ട് നാരായണമേനോനും. ''സമുദായത്തിൽ നടന്ന വിപ്ലവാത്മകമായ എല്ലാ സംഭവങ്ങളുടേയും - ഘോഷാബഹിഷ്കരണം, മിശ്രഭോജനം, വിധവാവിവാഹം തുടങ്ങിയ എല്ലാത്തിന്റെയും മുമ്പിൽ ഞാനായിരുന്നെങ്കിൽ പിന്നിൽ നാലപ്പാട്ടുമുണ്ടായിരുന്നു" എന്ന് വി. ടി. തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. വള്ളത്തോളിന്റെ വരികളെ ഗായത്രിപോലെ ഉരുക്കഴിച്ചു

കൊണ്ടാണ് താനും തന്റെ സഹപ്രവർത്തകരും പ്രസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നതെന്നും അദ്ദേഹം പറയുന്നു(എ.പി.പി.നമ്പൂതിരി, 1994:203).

മേൽപറഞ്ഞവരിരുവരും പരോക്ഷമായാണ് പ്രസ്ഥാനത്തിന്റെ ഭാഗമാകുന്നതെങ്കിൽ പ്രത്യക്ഷത്തിൽ അതിന്റെ ഭാഗമാകുകയും നെടുനായകത്വം വഹിക്കുകയും ചെയ്ത നിരവധിപേർക്കും പൊന്നാനി കർമ്മമണ്ഡലമാകുന്നുണ്ട്. സമുദായോദ്ധാരണത്തിന്റെ മുൻനിരയിൽ നിന്ന വി. ടി. ഭട്ടതിരിപ്പാടിന്റെ ജനനം തന്നെ പഴയ പൊന്നാനി താലൂക്ക് പരിധിയിലെ മേഴത്തൂർ ദേശത്തുള്ള മാതൃ ഗൃഹത്തിലായിരുന്നു. എന്നാൽ കർമ്മംകൊണ്ട് വി. ടിയ്ക്ക് കൂടുതലടുപ്പം തൃശ്ശൂരിനോടായിരുന്നു. കർമ്മം കൊണ്ട് വി. ടിയേക്കാൾ പൊന്നാനിയ്ക്കടുപ്പം മുല്ലമംഗലത്തു മനയ്ക്കലെ എം. ആർ. ഭട്ടതിരിപ്പാട്, എം. പി. ഭട്ടതിരിപ്പാട് എന്നീ സഹോദരങ്ങളോടായിരിയ്ക്കും. യഥാക്രമം എം. ആർ. ബി, പ്രേംജി എന്നീ പേരുകളിലായിരുന്നു ഇവരിരുവരും ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ടത്.

''ആദർശം പ്രസംഗിച്ചുനടക്കുന്നവർ നമ്മുടെ ഇടയിൽ ധാരാളമുണ്ട്, അതെളുപ്പമാണ്. സ്വന്തം പ്രവൃത്തികൊണ്ടു മാതൃക സൃഷ്ടിയ്ക്കാൻ വെമ്പുന്ന ധീരാത്മാക്കളെയാണ് പരിവർത്തനത്തിനു ദാഹിക്കുന്ന സമുദായത്തിന് ഇന്നാവശ്യം. ഞാൻ ചോദിയ്ക്കട്ടെ, ഒരനാഥവിധവ പുനർവിവാഹത്തിന് ഒരുമ്പെടുകയാണെങ്കിൽ ആ ഭാഗ്യം കെട്ടവളെ കൈക്കൊള്ളാൻ നിങ്ങളിലാരെങ്കിലും തയ്യാറുണ്ടോ" എന്ന ശ്രീമതി പാർവ്വതി നെന്മിനിമംഗലത്തിന്റെ ചോദ്യത്തിന് മുന്നിൽ സധൈര്യം എഴുന്നേറ്റുനിന്ന രണ്ടു ചെറുപ്പക്കാരായിരുന്നു പ്രേംജിയും എം.ആർ.ബിയും. വർഷങ്ങൾക്കുശേഷം വി. ടിയുടെ ഭാര്യാസഹോദരിയായ ഉമാ അന്തർജനം പുനർവിവാഹത്തിനു തയ്യാറായപ്പോൾ എം.ആർ.ബി തന്റെ വാക്ക് പാലിക്കുകയും അങ്ങനെ നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ വിധവാവിവാഹം നടക്കുകയും ചെയ്തു. ഇതേ വഴിതന്നെ സഹോദരൻ പ്രേംജിയും പിൻതുടർന്നു.

ഇതിനെല്ലാം ഒരുപാട് വർഷങ്ങൾക്ക് മുൻപാണ് ഇവരിരുവരുടേയും ഭാവനാവിലാസത്തിൽ മലയാളത്തിലെ ആദ്യത്തെ എഴുത്തുകാരിയായ അന്തർജനം പിറവിയെടുക്കുന്നത്. നമ്പൂതിരിസ്ത്രീകളെ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേക്ക്

കൊണ്ടുവരാൻ സാഹിത്യപ്രവർത്തനങ്ങളിലൂടെ യുവജനസംഘം പരിശ്രമിച്ചു കൊണ്ടിരുന്ന കാലത്താണ് വന്നേരി കെ. സാവിത്രി അന്തർജനം എന്ന പേരിൽ ചെറുകഥകളും കവിതകളും വി.ടിയ്ക്ക് ലഭിച്ചുതുടങ്ങിയത്. ഒരു കഥാപാത്രമെന്ന നിലയിലെങ്കിലും അന്തർജനങ്ങൾ പുറത്തുവന്നു തുടങ്ങണമെന്നു വി.ടി. ആഗ്രഹിച്ചിരുന്ന സമയത്താണ് ഈ എഴുത്തുകാരി പ്രത്യക്ഷപ്പെടുന്നത്. സമുദായത്തിനകത്ത് നിന്നും സ്ത്രീകൾ പ്രസ്ഥാനത്തിലേയ്ക്ക് ഇറങ്ങിവന്നു തുടങ്ങിയതിൽ എഴുത്തുകാരിയായ ഈ അന്തർജനത്തിന് വലിയ പങ്കുണ്ട്. എന്നാൽ കുറേക്കാലം കഴിഞ്ഞാണ് ഈ എഴുത്തുകാരി എം.ആർ.ബിയുടെയും പ്രേംജിയുടേയും കുട്ടികൃഷ്ണമാരാരുടേയും ഭാവനാ സൃഷ്ടിയാണെന്നു പുറംലോകം തിരിച്ചറിഞ്ഞത്. അയഥാർത്ഥമാണെങ്കിലും നമ്പൂതിരിസമുദായത്തിൽ നിന്നും പുറംലോകം കണ്ട ആദ്യത്തെ എഴുത്തുകാരിയായ അന്തർജനം അങ്ങനെ പൊന്നാനിയ്ക്ക് അവകാശപ്പെട്ടതായിമാറി.

നമ്പൂതിരിസമുദായത്തിലെ അന്തർജനങ്ങൾ സംഘടിയ്ക്കാനും പൊതുരംഗ-ത്തിറങ്ങാനും തുടങ്ങിയപ്പോൾ അതിന്റെ നേതൃനിരയിലും പൊന്നാനിക്കാരായ ചില സ്ത്രീകൾ ഉണ്ടായിരുന്നു. പ്രേംജിയുടേയും എംആർബിയുടേയും സഹോദരപുത്രിയായ മുല്ലമംഗലത്ത് പ്രിയദത്തയായിരുന്നു അതിലൊരാൾ. ഋതുമതിയായതിനുശേഷം വിദ്യാലയത്തിൽ പോയി പഠിക്കുന്ന ആദ്യത്തെ നമ്പൂതിരിസ്ത്രീയായിരുന്നു പ്രിയദത്ത. സമുദായം മുഴുവൻ എതിര് നിന്നപ്പോഴും പ്രേംജിയുടെ പിൻതുണയോടെ അവർ കുന്നംകുളം ഗേൾസ് ഹൈസ്കൂളിൽ ചേർന്ന് പഠനം തുടർന്നു. എസ്.എസ്.എൽ.സി പൂർത്തിയായ്ക്കിയതിനു ശേഷം എറണാംകുളം മഹാരാജാസിൽ ഉന്നതപഠനത്തിന് ചേർന്നു. പിന്നീട് അധ്യാപികയായി ജോലിയും ലഭിച്ചു. നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ ഉദ്യോഗസ്ഥ, ആദ്യത്തെ അദ്ധ്യാപിക എന്നീ വിശേഷണങ്ങളെല്ലാം പ്രിയദത്തയ്ക്ക് സ്വന്തമാണ്. പിന്നീട് അന്തർജനസമാജത്തിന്റെ നേതൃസ്ഥാനത്തും പ്രിയദത്തയുണ്ടായിരുന്നു. അവർ സെക്രട്ടറിയും ആര്യാപള്ളം പ്രസിഡന്റുമാ-യിരിയ്ക്കുന്ന കാലത്താണ് പ്രസിദ്ധമായ പാലിയം സത്യാഗ്രഹം നടക്കുന്നത്. അന്ന് പ്രിയദത്ത അടക്കമുള്ള മൂന്ന് അന്തർജനങ്ങൾ സത്യാഗ്രഹത്തിന്റെ ഭാഗമാവുകയും പോലീസ് മർദ്ദനത്തിന് ഇരയാവുകയും ചെയ്തു.

നമ്പൂതിരി നവോത്ഥാനത്തിന്റെ മുന്നണിയിലുണ്ടായിരുന്ന മറ്റൊരു വനിതയായിരുന്നു ദേവകി നിലയങ്ങോട്. ഔപചാരികമായ വിദ്യാഭ്യാസം ലഭിച്ചിരുന്നില്ലെങ്കിലും പ്രസിദ്ധയായ എഴുത്തുകാരിയായി ദേവകി നിലയങ്ങോട് മാറി. എഴുത്തുകാരനും വിദ്യാഭ്യാസ വിചക്ഷണനുമായ ചിത്രൻ നമ്പൂതിരിപ്പാടിന്റെ സഹോദരിയാണ് ദേവകി നിലയങ്ങോട്. 1948–ൽ അന്തർജനങ്ങളുടെ കൂട്ടായ്മയിൽ പിറന്ന 'തൊഴിൽകേന്ദ്രത്തിലേക്ക്' എന്ന നാടകത്തിന്റെ നേതൃനിരയിൽ ഇവരുണ്ടായിരുന്നു. നവോത്ഥാനശ്രമങ്ങളുടെ ആദ്യഘട്ടം സ്ത്രീയെ അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്കും മറക്കുടയ്ക്ക് പുറത്തേയ്ക്കും എത്തിയ്ക്കുക എന്നായിരുന്നെങ്കിൽ പ്രിയദത്തയേയും ദേവകിയേയും പോലുള്ളവർ അതിനെ പൊതുവിടത്തിലേയ്ക്കും തൊഴിലിടത്തിലേയ്ക്കും വ്യാപിപ്പിച്ചു.

### 5.4.3 മതേതരജീവിതം

കേരളം പരശുരാമനിർമ്മിതമാണെന്നും പിന്നീട് ഇവിടത്തെ ഭരണ കാര്യങ്ങൾക്കായി പരശുരാമൻ നിരവധി ബ്രാഹ്മണഗോത്രങ്ങളേയും അവർ പെരുമാൾമാരേയും കൊണ്ടുവന്നെന്നുമുള്ള ഐതിഹ്യത്തിൽ ഭാരതപ്പുഴയുടെ തീരഭൂമികൾക്ക് വിശേഷപ്രാധാന്യമുണ്ട്. ബ്രാഹ്മണഗ്രാമങ്ങൾ നാടുവാണെന്നു പറയുന്ന കാലത്ത് അവരുടെ ജനസഭകൾ നടന്നിരുന്നതും പിൽക്കാലത്ത് പെരുമാൾവാഴ്ചയും അതിനോടനുബന്ധിച്ച മഹാമഹങ്ങളുമെല്ലാം നടന്നിരുന്നതും ഈ തീരങ്ങളിലായിരുന്നു. പടിഞ്ഞാറ് പൊന്നാനി അഴിമുഖം തൊട്ട് കിഴക്ക് പത്തിരിപ്പാല വരെ നീണ്ടുകിടക്കുന്ന ഭാരതപ്പുഴയുടെ തീരപ്രദേശങ്ങൾക്ക് കേരളത്തിലെ മറ്റൊരു ഐതിഹ്യവുമായും അടുത്ത ബന്ധമുണ്ട്. ഇവിടെയാണ് പണ്ട് വിക്രമാദിത്യ സദസ്സിലെ പണ്ഡിതശ്രേഷ്ഠനായ വരരുചി പറയിയായ തന്റെ ഭാര്യയുമൊന്നിച്ച് നടന്നുനീങ്ങിയതും അവർക്കു ജനിച്ച മക്കളെയെല്ലാം നാനാദേശത്തിലും നാനാകുലത്തിലും വസിയ്ക്കാനായി വഴിയോരത്തും പുഴയോരത്തും ഉപേക്ഷിച്ചുപോകുന്നതും.

മേഴത്തൂർ അഗ്നിഹോത്രി മുതൽ വായില്ലാകുന്നിലപ്പൻവരെ പറയിപെറ്റ പന്ത്രണ്ടുമക്കളിൽ പകുതിയോളംപേരും വളർന്നതും വസിച്ചതും ഭാരതപ്പുഴയുടെ

കരകളോട് ചേർന്ന് പഴയ പൊന്നാനിയുടെ അതിർത്തികൾക്കകത്താണ്. അതിൽ ഉപ്പുകുറ്റൻ പൊന്നാനി അങ്ങാടിയിൽ ഉപ്പുകുറുയ്ക്കി വിൽക്കുന്ന മാപ്പിളയായിരുന്നു. അഗ്നിഹോത്രിയുടെ യാഗപാരമ്പര്യവും അതിൽ തങ്ങളുടെ ഗൃഹങ്ങൾക്കുണ്ടായിരുന്ന പങ്കും ചേർത്തുവെച്ചുകൊണ്ടാണ് ഇവിടത്തെ ബ്രാഹ്മണഗൃഹങ്ങളിൽ ഏറെയും സ്വന്തം പൈതൃകം കണ്ടെത്തുന്നത്. പാക്കനാരുടെ പിൻഗാമികളെന്നു വിശ്വസിക്കുന്ന പറയക്കുടിലുകൾ ഇപ്പോഴും തൃത്താലയ്ക്ക് സമീപമുണ്ട്. മേഴത്തൂരെ മരണങ്ങൾക്ക് ഇന്നും ആ പറയകുടുംബങ്ങൾ പുലയനുഷ്ഠിക്കുന്നു. ഇങ്ങനെ വ്യത്യസ്ത മതങ്ങളിലും ജാതികളിലും പുലർന്നവരെല്ലാം ഒരേ രക്തത്തിൽ പിറന്നവർ തന്നെയാണെന്ന വിശ്വാസം ഐതിഹ്യങ്ങളിലൂടെ ഊട്ടിയുറപ്പിയ്ക്കപ്പെടുന്നു.

ഐതിഹ്യങ്ങൾക്ക് പുറത്ത് പൊന്നാനിയുടെ സാമൂഹികജീവിതത്തിലും മതേതരത്വത്തിന്റേയും സാഹോദര്യത്തിന്റേയും ലക്ഷണങ്ങൾ കാണാനാകും. കേരളത്തിലെ മുസ്ലീം ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലൊന്നായ പൊന്നാനിയിൽ 1921-ലെ മലബാർ ലഹളയുടെ സമയത്ത് പോലും ഹിന്ദു-മുസ്ലീം സംഘട്ടനങ്ങൾ ഉണ്ടായിട്ടില്ല. തികഞ്ഞ ഹൈന്ദവമതവിശ്വാസിയായ സാമൂതിരിയ്ക്ക് ഒപ്പം നിന്നുകൊണ്ട് യുദ്ധം ചെയ്യാൻ പൊന്നാനിയിലെ മുസ്ലീം മതവിശ്വാസികൾക്കും അവരുടെ നേതാക്കൾക്കും യാതൊരു മടിയുമുണ്ടായിരുന്നില്ല. പകരം വെള്ളിയാഴ്ചകളിൽ ജനിയ്ക്കുന്ന ഹിന്ദുബാലകരെ മുസ്ലീമായി മതം മാറ്റാൻ സാമൂതിരി ആവശ്യപ്പെടുന്നുമുണ്ട്. സമീപത്തുള്ള നിരവധി ഹിന്ദുസ്ത്രീകൾ വന്നു മുലയൂട്ടിയ മുസ്ലീം ബാലകർ പൊന്നാനി അങ്ങാടിയിലുണ്ടായിരുന്നു. ഇതേ അങ്ങാടിയിൽ നിന്നും അയിത്തജാതിക്കാരെന്നു വിശേഷിപ്പിക്കുന്നവരുടെ വീടുകളിലേയ്ക്ക് പോകുകയും ചടങ്ങുകളിൽ പങ്കെടുക്കുകയും ചെയ്യുന്ന മാപ്പിളമാരും പൊന്നാനിയിലുണ്ടായിരുന്നു.

മലയാളമാസം അടിസ്ഥാനമാക്കി നേർച്ചയുടെ തിയതി തീരുമാനിക്കുന്ന ജാറങ്ങളും ഹൈന്ദവോത്സവങ്ങളോട് ഏറെ സാമ്യങ്ങളുള്ള ആഘോഷങ്ങളും പൊന്നാനിയിലെ മാപ്പിളമാരുടെ ജീവിതത്തിലുണ്ട്. വെളിയങ്കോട് സൂറത്ത് ജാറത്തിലെ നേർച്ചയ്ക്ക് നാനാജാതിക്കാരായ ഹൈന്ദവരുടെ സാന്നിധ്യം ആചാരപരമായിക്കൂടി

ആവശ്യമായിരുന്നു. സൂറത്ത് ജാറത്തിലെ നേർച്ചയ്ക്ക് മാത്രമല്ല പ്രദേശത്തെ നാനാജാതികളുമായി ബന്ധമുള്ളത്. തിരിച്ച് ദേശത്തെ വിവിധ ക്ഷേത്രങ്ങൾക്കും പ്രതിഷ്ഠകൾക്കും ജാറത്തിലെ കാരണവന്മാരുമായും ബന്ധമുണ്ട്. ജാറത്തിന് സമീപത്തുള്ള വട്ടേക്കാട് ക്ഷേത്രത്തിലെ ദേവിപ്രതിഷ്ഠ നടത്താൻ കാരണക്കാരനായത് മുത്തുണ്ണി തങ്ങൾ എന്നു പേരായ കാരണവരാണെന്നാണ് വിശ്വാസം. ഈ ക്ഷേത്രത്തിലെ വെളിച്ചപ്പാട് ഉറയുമ്പോൾ തന്റെ യജമാനൻ മുത്തുണ്ണി തങ്ങളാണെന്നും തങ്ങൾക്ക് പത്തേകാൽ ഉറുപ്പികയും ഒരു പാത്രം വെളിച്ചെണ്ണയും ഒരു കൂട് ചന്ദനത്തിരിയും ദക്ഷിണവെച്ചാലേ ഉത്സവം നടത്താനാകൂ എന്നും പറയാറുണ്ട്. പതിനഞ്ച് വർഷം മുൻപ് വരെ ഈ ക്ഷേത്രത്തിൽ ഉത്സവം നടത്തിയിരുന്നത് തങ്ങളുടെ ജാറത്തിൽ ചെന്ന് ദക്ഷിണവെച്ചതിനു ശേഷം മാത്രമായിരുന്നു. എന്നാൽ വരുംകാലങ്ങളിലെ സാമുദായികബന്ധങ്ങൾ ഇത്രമേൽ ഊഷ്മളമാകുമെന്ന് ഉറപ്പില്ലാത്തതിനാൽ ദക്ഷിണ കൈപ്പറ്റി ഉത്സവത്തിനുള്ള ആജീവനാന്ത അനുമതി നൽകിക്കൊണ്ട് ജാറത്തിലെ പുതിയ കാരണവർ ഈ ആചാരപരമായ ബന്ധം അവസാനിപ്പിച്ചു. ഇതുപോലെ സമീപത്തുള്ള പാലപ്പെട്ടി അമ്മ, പണിയ്ക്കൻകാവ് ദേവി എന്നീ പ്രതിഷ്ഠകൾക്കും ഈ ജാറവുമായി ബന്ധം ഉണ്ട്.

വെളിയങ്കോട്ടെ നായാടികളെ അവിടെ കുടിയിരുത്തിയതിനു പിന്നിലും മുകളിൽ സൂചിപ്പിച്ച മുത്തുണ്ണി തങ്ങൾക്ക് പങ്കുണ്ട്. കോട്ടയ്ക്കലിന് അടുത്ത് ഒരു ഗ്രാമത്തിൽ മുത്തുണ്ണി തങ്ങൾ പോയപ്പോൾ അദ്ദേഹത്തോട് സങ്കടം പറയുവാൻ വന്നവരായിരുന്നു ആ നായാടികൾ. അവരുടെ ജീവിതാവസ്ഥകൾ വിവരിച്ചപ്പോൾ തങ്ങളവരെ വെളിയങ്കോട്ടേയ്ക്ക് കൊണ്ടുവന്ന് നായാടിത്തറയിൽ താമസിപ്പിച്ചു. ഇന്നും വെളിയങ്കോട്ടെ നായാടിമാർ വീടുവെയ്ക്കാനും ആഘോഷങ്ങൾ നടത്താനും എല്ലാം ജാറത്തിൽ വന്ന് അനുവാദം വാങ്ങിക്കും. ജാറത്തിലെ കാരണവന്മാർ അവർക്ക് എന്തെങ്കിലും ദക്ഷിണ നൽകിയേ ഇപ്പോഴും പറഞ്ഞയയ്ക്കാറുള്ളൂ. നായാടിത്തറയിൽ പുതിയ സന്താനങ്ങൾ പിറന്നാൽ അവരെ ആദ്യം കൊണ്ടുവന്നു കാണിയ്ക്കുന്നത് ജാറത്തിലെ കാരണവരെയായിരിയ്ക്കും. കാരണവർ ആ കുട്ടിയെ കയ്യിലെടുത്ത്

പ്രാർത്ഥിച്ച് തിരികെ നൽകും. തങ്ങളുടെ പൂർവ്വികർ കൊണ്ടുവന്ന് കുടിയിരുത്തിയവരാണ് ഇവരെന്നും അതിനാൽ ആയുരാരോഗ്യത്തോടെ അവരവിടെ വസിക്കേണ്ടത് തങ്ങളുടെ ഉത്തരവാദിത്വമാണെന്നും ഈ ജാറത്തിലുള്ളവർ എല്ലാ കാലത്തും വിശ്വസിച്ചിരുന്നു.

ജാതി-മതചിന്തകൾ അപ്രസക്തമാകുന്ന അനവധി ബന്ധങ്ങൾ പൊന്നാനിയിലും പരിസരപ്രദേശത്തും കാണാനാകും. പൊന്നാനി അങ്ങാടിയിലെ കുട്ടികൾക്ക് ദേശത്തെ മറ്റു സ്ത്രീകൾ വന്നു മുലയൂട്ടിയിരുന്ന ഒരു കീഴ്‌വഴക്കം ഇവിടെ പണ്ടുകാലത്ത് നിലനിന്നിരുന്നു. കുട്ടിയോടുള്ള വാത്സല്യം പ്രകടിപ്പിക്കാനായിട്ടായിരുന്നു ഇങ്ങനെ ചെയ്തിരുന്നത്. പലപ്പോഴും ഇടവേളകളില്ലാതെ വരുന്ന അടുത്തടുത്ത പ്രസവങ്ങൾ ഇത് അനിവാര്യമാക്കിയിരുന്നു. ഇത്തരത്തിൽ മുലയൂട്ടിയ സ്ത്രീകളുടെ കുട്ടികളെല്ലാം സഹോദരങ്ങളാണെന്നായിരുന്നു വിശ്വാസം. ഇസ്ലാമികകർമ്മ ശാസ്ത്രപ്രകാരം രക്തബന്ധംപോലെത്തന്നെ പ്രധാനമായിരുന്നു മുലകുടിബന്ധവും. ഈ സ്ത്രീകളെ 'മൊഞ്ഞമ്മ' എന്നാണ് കുട്ടികൾ വിളിച്ചിരുന്നത്. കടപ്പുറത്തെ കുടിലുകളിൽ നിന്നും സമീപപ്രദേശങ്ങളിലെ ഇതര സമുദായങ്ങളിൽ നിന്നുമുള്ള സ്ത്രീകൾ അങ്ങാടിയിലെ കുട്ടികളെ കാണാൻ വരാറുണ്ടായിരുന്നു. ഇവരെല്ലാം പലപ്പോഴും ഈ മുലയൂട്ടൽ പ്രക്രിയയുടെ ഭാഗമാവുകയും ചെയ്തിരുന്നു. തിരികെ ധനിക കുടുംബങ്ങളിലെ സ്ത്രീകൾ പാവപ്പെട്ടവരുടെ വീടുകളിലേക്ക് പോകാറില്ലെങ്കിലും മതത്തിനും സമ്പത്തിനും ഉപരിയായുള്ള ഒരു സാഹോദര്യബോധം ഇതുവഴി പൊന്നാനിയിൽ രൂപപ്പെട്ടിരുന്നു.

ഒരേ സമയം ഇസ്ലാമിന്റെ വിശ്വാസക്രമത്തിൽ അധിഷ്ഠിതമായ മൂല്യബോധങ്ങളും അതിലുപരിയായി വികസിച്ചുവന്ന പൊന്നാനിയിലെ മാപ്പിളജീവിതത്തിന്റെ വൈവിധ്യങ്ങളും ആധുനികമായ മതേതരമൂല്യങ്ങളെ സ്വാംശീകരിയ്ക്കാൻ പൊന്നാനിയിലെ മുസ്ലീങ്ങളെ പ്രാപ്തരാക്കുന്നുണ്ട്. അയിത്തജാതിക്കാരുടെ വീടുകളിലേക്ക് കയറിച്ചെന്നും അവർക്ക് കടപ്പുറത്ത് തൊഴിലുനൽകിയും സാമ്പത്തികവും സാമൂഹികവുമായ ഉന്നതിയിലേയ്ക്ക് അവരെ നയിച്ചത് പൊന്നാനിയിലെ മാപ്പിളമാരായിരുന്നു. അയിത്തമോ തൊട്ടുകൂടായ്മയോ മുസ്ലീങ്ങൾക്ക് ആചാരപരമായിരുന്നില്ലെന്നതും സാഹോദര്യം ഇസ്ലാം മുന്നോട്ടുവെയ്ക്കുന്ന മൂല്യബോധമാണെന്നതുമായിരുന്നു ഇതിനു പിന്നിലെ കാരണങ്ങൾ.

ആചാരങ്ങൾക്കപ്പുറം ആധുനികമായ ജീവിതരീതികളെ മാപ്പിള സംസ്കാരത്തിലേയ്ക്ക് ഉൾചേർത്തത് കടലും കടലുകടന്നുവരുന്ന കച്ചവടക്കാരും കൂടിയായിരുന്നു. പൊന്നാനിയിലെ മതവ്യാപനത്തിന് പരസ്പര സഹവർത്തിത്വത്തിന്റെ മുഖം നൽകുന്നത് ഈ കച്ചവടബന്ധങ്ങൾ കാരണമായിട്ടുണ്ട്. കാർഷികബന്ധങ്ങളിൽ അധിഷ്ഠിതമായി വികസിച്ച കേരളത്തിലെ ജാതിസമവാക്യങ്ങൾ പൊന്നാനി അങ്ങാടിയിൽ അപ്രസക്തമായി മാറി. വിശ്വസാഹിത്യത്തേയും വിദേശിക ദർശനങ്ങളേയും ഈ കടലും കടൽ കടന്നു വന്നവരും പൊന്നാനിക്കാർക്ക് പരിചയപ്പെടുത്തി. പൊന്നാനി അതിന്റെ സംസ്കാരത്തിലും സമൂഹത്തിലും നിലനിർത്തിയ പുരോഗമനാശയങ്ങളെല്ലാം ഇവിടെ വേരുറക്കുന്നത് ഈ സവിശേഷസാഹചര്യത്തിനകത്ത് നിന്നുകൊണ്ട് തന്നെയാണ്.

# കുറിപ്പുകൾ

1. മക്കത്തായമാണ് ഇസ്ലാം അനുശാസിക്കുന്ന ദായക്രമം. ലോകമെമ്പാടും ഇസ്ലാമിനകത്ത് പ്രചാരത്തിലുള്ളതും ഈ ദായക്രമമാണ്. എന്നാൽ കേരളത്തിലെ തീരദേശങ്ങളിൽ ഇതിന് വിരുദ്ധമായ മരുമക്കത്തായ ദായക്രമമാണ് നിലവിലുണ്ടായിരുന്നത്. നിലവിൽ പല പ്രദേശങ്ങളും മക്കത്തായത്തിലേയ്ക്ക് മാറിയെങ്കിലും പൊന്നാനിയിലെ ചില വീടുകൾ ഇന്നും മരുമക്കത്തായം പിന്തുടരുന്നുണ്ട്.
2. മുസ്ലീങ്ങൾ അല്ലെങ്കിൽ അവരുടെ കൂട്ടം എന്നെല്ലാം അർത്ഥംവരുന്ന 'മഹ്ഫിൽ' 'മൊഹയ്' എന്നീ പദങ്ങളിൽ നിന്നാണ് മാപ്പിളയിലെ 'മാ' എന്ന ഭാഗം രൂപപ്പെടുന്നത് എന്നും പറയപ്പെടുന്നുണ്ട്. വിദേശിയായ മുസ്ലീമിന്റെ കുട്ടി എന്നതു തന്നെയാണ് ഇവിടെയും പ്രതിഫലിപ്പിക്കപ്പെടുന്ന അർത്ഥം(J.B.P.More, 2011:33)
3. ചേരമാൻ പെരുമാളുടെ ഖബർ ഷഹർ മുഖല്ലയിലാണെന്നും അതല്ല സഫർ എന്ന സ്ഥലത്താണെന്നും പറയപ്പെടുന്നുണ്ട്. ആധികാരികമായ തെളിവുകൾ ഇതുമായി ബന്ധപ്പെട്ട് ലഭ്യമല്ല.
4. പ്രവാചകൻ മുഹമ്മദ് നബിയുടെ വചനവും പ്രവൃത്തിയും മൗനാനുവാദങ്ങളുമാണ് ഹദീസ്. ഖുർ ആൻ ദൈവവചനവും ഹദീസ് പ്രവാചക വചനവുമാണ്.
5. നരകത്തിൽനിന്ന് മുക്തി നേടാനും സ്വർഗം ആശിക്കാനും വേണ്ടി കുരിശിന്റെ അടിമകൾക്കെതിരെ വിശുദ്ധയുദ്ധം നടത്താൻ വിശ്വാസികളെ പ്രേരിപ്പിക്കൽ എന്നർത്ഥം.
6. വാസ്കോഡഗാമയ്ക്ക് മുൻപും നിരവധിപേർ യൂറോപ്പിൽനിന്നും ഇന്ത്യയിലേയ്ക്കുള്ള സമുദ്രപാത കണ്ടെത്താൻ ശ്രമിച്ചിരുന്നു. ഭൂമദ്ധ്യരേഖ മുറിച്ചു കടന്ന് ആഫ്രിക്കൻ വരകരയുടെ തെക്കുദിക്കിൽ വരെ വരാനും അവിടെനിന്നും വൻകരയോടു ചേർന്ന് പര്യടനങ്ങൾ നടത്താനും പോർച്ചുഗീസുകാർക്ക് അറിയാമായിരുന്നു. എന്നാൽ ഗുഡ്ഹോപ്പ് മുനമ്പ് മുറിച്ചുകടന്ന് സമുദ്രഭാഗം ഇന്ത്യൻ ഭൂഖണ്ഡത്തിലേയ്ക്ക് സഞ്ചരിക്കാൻ സാധിച്ചതാണ് ഗാമയുടെ വിജയം (വേലായുധൻ പണിക്കശ്ശേരി, 2009:28-30).
7. ടി.വി. അബ്ദുറഹ്മാൻകുട്ടി മാഷിന്റെ ശേഖരണത്തിൽനിന്നും ലഭിച്ചത്.

8. അറബി പഞ്ചാംഗം – ചന്ദ്രനെ അടിസ്ഥാനമാക്കിയിട്ടുള്ള കാലഗണനാരീതിയാണ് അറേബ്യയിൽ നിലനിൽക്കുന്നത്. അറബിപഞ്ചാംഗം എന്നാണിത് അറിയപ്പെടുന്നത്. പൊന്നാനിയിലെ മുസ്ലീം വിഭാഗം അവരുടെ ആചാരാനുഷ്ഠാനങ്ങളും കണക്കാക്കുന്നത് അറബിപഞ്ചാംഗത്തെ അടിസ്ഥാനപ്പെടുത്തിയാണ്.

9. മുല്ലപ്പൂമാല, ഇളക്കത്താലി, അടക്കമണി, കീരിക്കാമണി, കാമല, മുരുദ, പാദസരം, പൂത്താലി, ഏലസ്സ്, മണിയൻമാട, അരയിലേലസ്സ്, ചക്കരപ്പവൻ, ചിറ്റുംപറയും, കാളക്കണ്ണൻ ചിറ്റ്, ഒറ്റമുരുദ, അലിക്കത്ത്, അടക്കിക്കെട്ടി, ഒറ്റ, അരഞ്ഞാണം, ഇളക്ക മിന്നി, കടകവള, പിരിവള, മുടിവള, കാശിമാല, മുഴിച്ചക്രം എന്നിങ്ങനെ വളരെ വൈവിധ്യപൂർണമായ ആഭരണങ്ങളായിരുന്നു പൊന്നാനിയിലെ സ്ത്രീകൾ അണിഞ്ഞിരുന്നത്.

10. വരന്റെ മാതാപിതാക്കളുടെയും ബന്ധുമിത്രാദികളുടെയും പേരെടുത്തു പറഞ്ഞു കൊണ്ടുള്ള സ്വാഗതഗാനത്തോടെയാണ് മൗത്തളപ്പാട്ട് ആരംഭിക്കുക. തലയണയിൽ വെള്ള വിരിച്ച് വരനിരിയ്ക്കാനുള്ള സൗകര്യവും അതിനു മുമ്പിൽ ഒസ്സാന് കാണിക്കയായി നൽകാനുള്ള അരി, വെറ്റില, അടയ്ക്ക, വെള്ളത്തുണി എന്നിവയും ഒരുക്കിവയ്ക്കും. മൂന്ന് തവണ വരന്റെ പേര് പരാമർശിക്കുമ്പോൾ വരൻ അറയിൽനിന്നും വന്ന് തലയിണയിൽ ഉപവിഷ്ടനാകും. ഈ സമയത്ത് ഒസ്സാൻ വരന്റെ മുഖത്ത് ചെറുതായി കത്തികൊണ്ട് മിനുക്കും. മുഖം മിനുക്കുന്ന എന്നർത്ഥത്തിൽ മുഖത്തള എന്ന വാക്കാണ് പിന്നീട് മൗത്തളയായി മാറുന്നത് (ടി.വി. അബ്ദുറഹിമാൻകുട്ടി, 2016:299).

11. അട മുതൽ അലീസ വരെ എന്നായിരുന്നു പൊന്നാനിയിലെ പലഹാരങ്ങളുടെ ക്രമം. കുറൈവത്ത്, മുട്ടമാല, മുട്ടസുർക്ക, അമ്പാലത്തിന്റട, കോഴിയട, പൂവപ്പം, പൂരം വറുത്തത്, വായക്കട, മൂണപ്പം, അള്ളാഹു അഹ്ലം, മയ്യത്തപ്പം, കാരയ്ക്കപ്പം, ചുക്കപ്പം, നിറച്ച പത്തിരി, ബിസ്ക്കറ്റപ്പം, ബിണ്ടി അലുവ, ചക്കപ്പം, വെട്ടപ്പം, വട്ടപ്പം, നൂലപ്പം, ചിരട്ടമാല, കുഴിയപ്പം, കുരുവപ്പം, റവക്കേക്ക്, പഴക്കേക്ക്, തരിയുണ്ട, തൈപ്പോള, കായ്പ്പോള, ഇറച്ചിപ്പിടി, മീൻപിടി, കൈപ്പത്തിരി, നൈസ്പത്തിരി, ചട്ടിപ്പത്തിരി, പാല്യപ്പം, പോള, അലീസ, സമൂസ എന്നിവയെല്ലാം പൊന്നാനിക്കാരുടെ പലഹാരങ്ങളിൽ ചിലതാണ്. ഒരുപാട് അംഗങ്ങളുള്ള വീടും അടുക്കളയും, പുറം

ലോകവുമായി ബന്ധമില്ലാത്ത സ്ത്രീകളുടെ പകൽനേരങ്ങളുമാകാം പലഹാരത്തിലെ ഈ വൈവിധ്യം പൊന്നാനിക്കകത്ത് സൃഷ്ടിച്ചത്.

12. വേലിയേറ്റവും വേലിയിറക്കവും നോക്കിയാണ് ചേലാകർമ്മത്തിനുള്ള സമയം നിശ്ചയിച്ചിരുന്നത്. രക്തപ്രവാഹത്തിന്റെ അളവ് നിയന്ത്രിക്കാൻ ഇത് ഉപകരിക്കുമെന്നാണ് പൊന്നാനിയിലുള്ളവരുടെ വിശ്വാസം (ടി.വി. അബ്ദുറഹിമാൻകുട്ടി, 2016:287).

13. ഇസ്ലാമിനകത്ത് നിലനിൽക്കുന്ന ചില ചികിത്സാരീതികളാണ് മന്ത്രിച്ചൂതരും പിഞ്ഞാണമെഴുത്തും ഉറുക്കുകെട്ടലും. ഖുറാൻ വചനങ്ങൾ എഴുതി കുടിക്കുന്നതാണ് പിഞ്ഞാണമെഴുത്ത്. ചില പച്ചമരുന്നുകൾകൊണ്ടാണ് എഴുതിയിരുന്നത്. ഖുർ ആൻ വചനങ്ങൾ മന്ത്രിച്ച് ഊതുന്നതാണ് മന്ത്രിച്ചൂതൽ. ഏലസ്സിനകത്ത് ഖുർ ആൻ വചനങ്ങൾ എഴുതിയ തകിടുകൾ കെട്ടുന്നതിനാണ് ഉറുക്കുകെട്ടൽ എന്നു പറയുന്നത്.

14. കൗട്യാമാക്കാനകം തറവാട്ടിൽ ഇന്നും വെടക്കിന്റെ നെയ്യ് വിതരണം ചെയ്യുന്നുണ്ട്. തീരദേശത്തെ മാപ്പിളമാർ തങ്ങളുടെ അസുഖം മാറാനായി ഇവിടെവന്ന് നെയ്യും മയ്യും (കൺമഷി) വാങ്ങിപ്പോകുന്നത് ഇന്നും പതിവാണ്.

15. പയ്യന്നൂർ, പെരിഞ്ചല്ലൂർ, ആലത്തൂർ, കാരന്തോൾ, ശുകപുരം, പന്നിയൂർ, കരിക്കാട്, ഈശാനമംഗലം, തൃശ്ശിവപേരൂർ, പെരുവനം, ചാമുണ്ട, ഇരിങ്ങാലക്കുട, അവിട്ടത്തൂർ, പറപ്പുര, ഐരാണിക്കുളം, മൂഴിക്കുളം, കഴവൂർ, അടപ്പൂർ, ചെങ്ങനാട്, ഇളിഭ്യം, ഉളിയന്നൂർ, കഴുതനാട്, ഏറ്റുമാനൂർ, കുമാരനെല്ലൂർ, കാടമറുക്, ആറന്മുള, തിരുവല്ല, കിടങ്ങൂർ, ചെങ്ങന്നൂർ, കവിയൂർ, വെണ്മണി, നീർമണ്ണ് എന്നിവയാണ് കേരളത്തിലെ മുപ്പത്തിരണ്ട് ഗ്രാമങ്ങൾ(ഐ.വി.ബാബു, 2017:21).

16. ഋഗ്വേദം ചൊല്ലുന്ന രണ്ട് വ്യത്യസ്ത രീതികളാണ് അശ്വലായന ചരണവും കൗഷീതകചരണവും. മറ്റു പല രീതികളും നിലവിലുണ്ടെങ്കിലും കേരളത്തിൽ ഈ രീതികൾക്കാണ് കൂടുതൽ പ്രചാരം.

17. ''തെക്കുള്ളോരും ഭൂരിപക്ഷം വടക്കൻ -
ദിക്കുള്ളോരും പന്നിയൂർ കൂറ്റിൽ നിൽപ്പൂ
മുക്കും മുലപ്പാടുമേവം കിഴക്കൻ
വക്കുമാത്രം ചൊവ്വരം കൂറ്റിലത്രേ'' - (മുകുന്ദൻകുറുപ്പ്, 2018:57).

18. ഒരുകാതം നീളമുള്ള അവണൂർ ഇടവഴി കടന്ന് മാറഞ്ചേരിയിൽ എത്തുക. പിന്നീട് അവിടത്തെ തേവരെ വണങ്ങി ആഴം കാണാൻ വയ്യെന്ന് പലരും പറഞ്ഞിട്ടുള്ള സൗജന്യക്കടലായ ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ ഇല്ലം കണ്ടിട്ട് പോവുക (ചാത്തനാത്ത് അച്യുതനുണ്ണി, എം.ആർ.രാഘവവാര്യർ, 2007:49).

19. കോഴിക്കോട് തളി ക്ഷേത്രത്തിൽ തുലാമാസത്തിലെ രേവതി നാൾ മുതൽ ഏഴ് ദിവസം നീണ്ടുനിന്നിരുന്ന വിദ്വൽ സദസ്സായിരുന്നു പട്ടത്താനം. മീമാംസ, വ്യാകരണം, ശാസ്ത്രം എന്നീ വിഷയങ്ങളിലെല്ലാം പെടുന്ന പണ്ഡിതന്മാരെ വിളിച്ചു വരുത്തി പരീക്ഷ നടത്തി ഭട്ടസ്ഥാനം നൽകുന്ന ചടങ്ങായിരുന്നു പട്ടത്താനം. പട്ടത്താനത്തിന്റെ ശുക്രദശയിൽ സദസ്സിനെ അലങ്കരിച്ചിരുന്ന പത്തൊമ്പത് മഹാകവികളാണ് പതിനെട്ടര കവികൾ. പതിനെട്ട് സംസ്കൃത കവികളും ഒരു ഭാഷാകവിയും ചേർന്നാണ് പതിനെട്ടര കവികളാകുന്നത്. കാക്കശ്ശേരിഭട്ടതിരി, പയ്യൂർ പട്ടേരിമാർ, ഉദ്ദണ്ഡശാസ്ത്രികൾ തുടങ്ങിയവരായിരുന്നു ഇക്കൂട്ടത്തിൽ ചിലർ (പി.സി.കെ.നമ്പൂതിരിപ്പാട്, 1994:66-67).

20. അഗ്നിഹോത്രിയുടെ യാഗത്തിൽ പങ്കെടുത്തിരുന്ന എട്ട് ഗൃഹക്കാരെയാണ് അഷ്ട ഗൃഹത്തിൽ ആഢ്യന്മാർ എന്ന് പറയുന്നത്. ചെമ്മങ്ങാട് ഗൃഹം, പാഴൂര് ഗൃഹം, മുരിങ്ങത്ത് ഗൃഹം, വെള്ളാങ്ങല്ലൂർ ഗൃഹം, കലക്കണ്ടത്ത് ഗൃഹം, മേഴത്തോൾ ഗൃഹം, മാത്തൂൾ ഗൃഹം, കുലുക്കല്ലൂർ ഗൃഹം എന്നിവയാണ് ഈ എട്ട് ഗൃഹങ്ങൾ (ചെറിയ നാരായണൻ നമ്പൂതിരി, 2015:44).

21. അതേസമയം ചെങ്ങന്നൂർ, കഴകത്തിൽ, വന്നിപ്പുഴ പണ്ടാരത്തിൽനിന്നും മറ്റു പല പോറ്റി, ബ്രാഹ്മണ വീരപുരുഷന്മാരും, പഴവൂർ കഴകത്തിൽ കാഞ്ഞൂരു കിരിങ്ങാട്ട് കരിങ്ങമ്പിള്ളി മുതലായ നമ്പൂരിപ്പാടന്മാരും പയ്യന്നൂർ കഴകത്തിൽ താഴക്കാട്ടു മനയ്ക്കൽ അമ്മാമൻ തിരുമുമ്പിലും കറുമത്തൂർ മനയ്ക്കൽ നമ്പൂരിപ്പാടും മാറി മാറി ഈ സ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടിരുന്നു.

## അദ്ധ്യായം 6

# സാഹിത്യം, കല, രാഷ്ട്രീയം

# സാഹിത്യം, കല, രാഷ്ട്രീയം

പൊന്നാനിയുടെ സാംസ്ക്കാരികഭൂമിക രൂപപ്പെടുന്നത് ഭാരതപ്പുഴയുടെ തീരദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ്. വർത്തമാനകാലത്തെ പൊന്നാനി നിളയ്ക്ക് തെക്ക്ദിക്കിൽ മാത്രമായി ചുരുങ്ങുമ്പോൾ ചരിത്രത്തിൽ ഈ പുഴയ്ക്ക് ഇരുകരകളിലും ജീവിച്ചവർതമ്മിൽ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ഒരു പൊതുപാരമ്പര്യം പങ്കുവെയ്ക്കുന്നുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതിവരേയ്ക്കും പൊന്നാനിയുടെ അതിരുകളായി ഔദ്യോഗികരേഖകളിൽ പരാമർശിച്ചിരുന്നത് നിളയുടെ ഇരുകരകളും അതിനു തെക്ക് ഇന്നത്തെ തൃശ്ശൂർജില്ലയുടെ വലിയൊരു ഭാഗവും ഉൾക്കൊള്ളുന്ന ഭൂപ്രദേശത്തെയായിരുന്നു. അതത് കാലങ്ങളിലെ സാമൂഹിക മാറ്റങ്ങൾക്ക് മുന്നിൽ നടന്ന, എപ്പോഴും ആധുനികമെന്നു വിശേഷിപ്പിയ്ക്കാവുന്ന ആശയങ്ങളെ ആശ്ലേഷിച്ച, ഒരേസമയം വൈവിധ്യപൂർണവും സഹവർത്തിത്വത്തോടു കൂടിയതുമായ ഒരു സാംസ്ക്കാരികപാരമ്പര്യം ഈ പ്രദേശത്തിന് അവകാശപ്പെടാനുണ്ട്. പൊന്നാനിയുടെ രാഷ്ട്രീയത്തിനും അതിൽനിന്ന് അകന്നുനിന്നുകൊണ്ടുള്ള മറ്റൊരു അസ്തിത്വം അവകാശപ്പെടാനാവില്ല. ചരിത്രത്തിലുടനീളം ഈ ദേശം അതിന്റെ സംസ്ക്കാരത്തിൽ ഉൾചേർത്തുവെച്ച ആധുനികവും മാനവികവുമായ ആ മൂല്യങ്ങളെയാണ് ഈ അദ്ധ്യായത്തിൽ പരിശോധിയ്ക്കുന്നത്.

പൊന്നാനിയുടെ കലാസാംസ്ക്കാരികപാരമ്പര്യങ്ങളുടെ സവിശേഷതകളിലൊന്ന് അതിന്റെ രൂപത്തിലെ വൈവിധ്യങ്ങളും അവയുടെ സമന്വയവുമാണ്. മലയാളം, അറബി, സംസ്കൃതം എന്നീ മൂന്നു ഭാഷകളിലും വിവിധ മേഖലകളിലേയ്ക്ക് നീളുന്നതാണ്

ഈ പാരമ്പര്യം. മലയാളഭാഷയുടെ രൂപീകരണത്തിനുമുൻപ് സംസ്കൃത സാഹിത്യത്തിലും സംസ്കൃതഭാഷയിലുള്ള വൈജ്ഞാനിക വ്യവഹാരങ്ങളിലും നിളാതീരങ്ങൾക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നു. രാഷ്ട്രീയമായ കാരണങ്ങളാൽ നളന്ദയും തക്ഷശിലയും പോലുള്ള ഉത്തരേന്ത്യയിലെ വിജ്ഞാനകേന്ദ്രങ്ങൾ നശിയ്ക്കുകയും ദക്ഷിണേന്ത്യയിലെ സുശക്തമായ സാമ്രാജ്യങ്ങൾ വിഘടിച്ചു തുടങ്ങുകയും ചെയ്ത കാലഘട്ടത്തിലാണ് പെരിയാറിന്റേയും ഭാരതപ്പുഴയുടേയും തീരങ്ങളിൽ വൈജ്ഞാനികപ്രവർത്തനങ്ങളിൽ ആകൃഷ്ടരായ ഒരു പുതിയ തലമുറ വളർന്നുവരുന്നത്. ഈ പ്രദേശങ്ങളിലെ കാർഷികപ്രധാനമായ സാമൂഹികഘടനയും അതിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ബ്രാഹ്മണസമൂഹങ്ങളും ഈ മാറ്റത്തിന് കാരണമായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഗുരുശിഷ്യബന്ധങ്ങളിൽ വികസിച്ചുവന്ന ഇവിടത്തെ വൈജ്ഞാനികമണ്ഡലത്തിൽ സംസ്കൃതസാഹിത്യവും കാർഷികാവശ്യങ്ങൾക്കു വേണ്ടിയുള്ള വാനനിരീക്ഷണവും അതിനനുബന്ധമായി കടന്നുവരുന്ന ജ്യോതിശ്ശാസ്ത്ര-ഗണിതവിജ്ഞാനവുമായിരുന്നു പ്രധാനമായി ഉണ്ടായിരുന്നത്.

ആര്യഭട്ടന്റേയും ഭാസ്കരാചാര്യന്റേയും കൃതികളെ മുൻനിർത്തിയായിരുന്നു കേരളത്തിലെ ജ്യോതിശ്ശാസ്ത്രം-ഗണിതവിജ്ഞാനം വളർന്നുവന്നത്. ആര്യഭട്ടന്റെ സമ്പ്രദായങ്ങളാണ് പിൻതുടർന്നിരുന്നതെങ്കിലും അതിനെ പരിഷ്കരിച്ച് കൂടുതൽ മികച്ച മാതൃകകളെ നിർമ്മിയ്ക്കാനുള്ള ശ്രമങ്ങളും ഇവിടെ നടന്നിരുന്നു. ആകാശഗോളങ്ങളുടെ സ്ഥാനങ്ങളും സമയവും കൂടുതൽ കൃത്യതയോടെ നിർണയിയ്ക്കാനുള്ള 'പരഹിത സമ്പ്രദായം' ആര്യഭട്ടനുശേഷം കേരളത്തിൽ വികസിച്ചുവന്നിരുന്നു. അതിന്റെ സ്രഷ്ടാവായി കരുതുന്ന ഹരിദത്തൻ ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായയ്ക്കടുത്താണ് വസിച്ചിരുന്നതെന്ന് വിശ്വസിയ്ക്കുന്നു. പിൽക്കാലത്ത് കേരളത്തിലെ ജ്യോതിശ്ശാസ്ത്രം-ഗണിതപാരമ്പര്യം പിൻതുടർന്നവരിൽ ഏറെയും ജനിച്ചതും ജീവിച്ചതും ഇതേ പ്രദേശത്തു തന്നെയാണ്. പത്തുമുതൽ പതിനാറുവരെയുള്ള നൂറ്റാണ്ടുകളിൽ കേരളത്തിലെ ഗണിതം, ജ്യോതിശ്ശാസ്ത്രം എന്നിവയുടെ കേന്ദ്രമായി ഈ പ്രദേശം അറിയപ്പെട്ടു.

നിളയ്ക്കു വടക്ക് ആലത്തിയൂരിലെ വടശ്ശേരി ഇല്ലത്തുജനിച്ച വടശ്ശേരി പരമേശ്വരൻ മുതൽ തുടങ്ങുന്ന ഗുരുശിഷ്യപരമ്പര ഇക്കൂട്ടത്തിൽ ശ്രദ്ധേയമാണ്. ജ്യോതിശ്ശാസ്ത്രത്തിലെ 'ദൃഗ്ഗണിതം' എന്ന ഗണിതസമ്പ്രദായം രൂപീകരിച്ച വ്യക്തിയാണ് വടശ്ശേരി പരമേശ്വരൻ. കേരളത്തിലെ ഗണിതശാസ്ത്രപണ്ഡിതരിൽ പ്രധാനിയായിരുന്ന സംഗമഗ്രാമമാധവന്റെ സമകാലീനനായിരുന്നു വടശ്ശേരി പരമേശ്വരൻ. അദ്ദേഹം 'ആര്യഭടീയം' മുതൽ 'ലീലാവതി' വരെയുള്ള അക്കാലത്തെ പ്രസിദ്ധമായ ജ്യോതിശ്ശാസ്ത്ര-ഗണിതഗ്രന്ഥങ്ങൾക്കെല്ലാം ഭാഷ്യം രചിയ്ക്കുകയും 'ഗോളദീപിക', 'ഗ്രഹണാഷ്ടകം', 'ഗ്രഹണമണ്ഡലനം' തുടങ്ങി നിരവധി പുസ്തകങ്ങൾ രചിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ മകനായ വടശ്ശേരി ദാമോദരനിൽ നിന്നാണ് കേളല്ലൂർ സോമയാജി എന്ന കേരളത്തിലെ ഏറ്റവും പ്രസിദ്ധനായ ജ്യോതിർഗണിതശാസ്ത്രജ്ഞൻ വിദ്യയഭ്യസിയ്ക്കുന്നത്.

തിരൂർ തൃക്കണ്ടിയൂരുള്ള ഇടമന ഇല്ലത്താണ് കേളല്ലൂർ സോമയാജി എന്നു പ്രസിദ്ധനായ നീലകണ്ഠസോമയാജി ജനിച്ചത്. 'കാൽക്കുലസ്' എന്ന ഗണിതപദ്ധതി ഐസക് ന്യൂട്ടനും ലിബനിസും രൂപീകരിയ്ക്കുന്നതിനും രണ്ട് നൂറ്റാണ്ടുമുൻപേ അതിന്റെ അടിസ്ഥാനതത്വങ്ങളായ സംഖ്യാശ്രേണികളെക്കുറിച്ച് നീലകണ്ഠസോമയാജി പറയുന്നുണ്ട്.[1] സംഗമഗ്രാമമാധവനുശേഷം കേരളംകണ്ട മികച്ച ഗണിതജ്ഞനായിരുന്നു കേളല്ലൂർ സോമയാജി. അതുവരെയുണ്ടായിരുന്ന അറിവുകളെയെല്ലാം ക്രോഡീകരിയ്ക്കാനും അവയെ മെച്ചപ്പെടുത്താനും സാധിച്ചു എന്നതായിരുന്നു അദ്ദേഹത്തിന്റെ സവിശേഷത. കേളല്ലൂർ സോമയാജി രചിച്ച 'തന്ത്രസംഗ്രഹം' എന്ന ഗ്രന്ഥം ജ്യോതിർഗണിതത്തെക്കുറിച്ച് കേരളത്തിൽ രചിയ്ക്കപ്പെട്ട സമഗ്രമായ ഗ്രന്ഥങ്ങളിലൊന്നായിരുന്നു. കേളല്ലൂർ സോമയാജിയുടേയും അദ്ദേഹത്തിന്റെ ഗുരുവായിരുന്ന വടശ്ശേരി ദാമോദരന്റേയും കീഴിൽ വിദ്യയഭ്യസിച്ച വ്യക്തിയായിരുന്നു ജ്യേഷ്ഠദേവൻ. തന്ത്രസംഗ്രഹത്തിന്റെ മലയാളപരിഭാഷയും ഭാഷ്യവും രചിയ്ക്കുന്നത് ജ്യേഷ്ഠദേവനാണ്.

ജ്യേഷ്ഠദേവന്റെ ശിഷ്യനായ തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയാണ്

പൊന്നാനിയിൽ നിന്നുള്ള മറ്റൊരു ജ്യോതിർഗണിതശാസ്ത്രപണ്ഡിതൻ. 'ഗോളദീപിക', 'ഉപരാഗക്രിയാക്രമം', 'കരണോത്തമം' തുടങ്ങി ഗണിതശാസ്ത്രസംബന്ധമായ നിരവധി ഗ്രന്ഥങ്ങൾ രചിച്ച വ്യക്തിയാണ് തൃക്കണ്ടിയൂർ അച്യുതപ്പിഷാരടി. എന്നാൽ അതിനേക്കാളേറെ അദ്ദേഹം പ്രസിദ്ധനാകുന്നത് നാരായണീയം രചിച്ച മേൽപത്തൂർ നാരായണഭട്ടതിരിയുടെ ഗുരുവെന്ന നിലയ്ക്കാണ്. തന്റെ ഗുരുനാഥനും ഭാര്യാപിതാവും കൂടിയായ അച്യുതപ്പിഷാരടിയിൽ നിന്നാണ് മേൽപത്തൂർ ഭാഷയിലും വ്യാകരണത്തിലും അറിവ് സമ്പാദിയ്ക്കുന്നത്.

ഗുരുവായ അച്യുതപ്പിഷാരടിയുടെ വാതരോഗം മേൽപത്തൂർ കർമ്മവിപാകദാന സ്വീകാരത്തിലൂടെ ഏറ്റുവാങ്ങിയെന്നും അതിൽ നിന്നും രക്ഷയ്ക്കായാണ് വാതരോഗഹരനായ ഗുരുവായൂരപ്പനെ സ്തുതിച്ച് നാരായണീയമെഴുതിയത് എന്നുമുള്ള ഐതിഹ്യം പ്രസിദ്ധമാണ്. നാരായണീയത്തിന്റെ രചനയെക്കുറിച്ച് തുഞ്ചത്ത് എഴുത്തച്ഛനുമായി ബന്ധപ്പെടുത്തി മറ്റൊരു ഐതിഹ്യവുമുണ്ട്. മേൽപത്തൂർ ഭട്ടതിരിയുടെ സമകാലീനൻ തന്നെയായിരുന്നു തുഞ്ചത്ത്എഴുത്തച്ഛനും. വാതരോഗത്താൽ കഷ്ടപ്പെടുന്ന ഭട്ടതിരിയ്ക്ക് പരിഹാരമാർഗമായി മീൻതൊട്ടു കൂട്ടുക എന്ന് എഴുത്തച്ഛൻ നിർദ്ദേശിച്ചു. മത്സ്യാവതാരം മുതൽ എഴുതിത്തുടങ്ങുക എന്ന് മനസ്സിലാക്കിയ മേൽപത്തൂർ നാരായണീയം രചിച്ചെന്നും അതിലൂടെ രോഗശാന്തി ലഭിച്ചെന്നുമാണ് ആ കഥ.

മീൻതൊട്ടുകൂട്ടുക എന്ന പ്രയോഗത്തിന് ബ്രാഹ്മണ്യത്തിന്റെ മേൽത്തട്ടിൽ നിന്നും സാധാരണമനുഷ്യരുടെ ഇടയിലേയ്ക്കിറങ്ങുക എന്നും അർത്ഥം കൽപ്പിയ്ക്കാനാകും. മലയാളഭാഷയിൽ രാമായണംരചിച്ചുകൊണ്ട് തുഞ്ചത്ത്എഴുത്തച്ഛൻ നിർവഹിയ്ക്കുന്നതും ഭാഷയെ സാധാരണക്കാരന്റേതാക്കുക എന്ന രാഷ്ട്രീയപ്രവർത്തനമാണ്. ഈശ്വരസ്തുതിയെ മലയാളത്തിലേയ്ക്ക് പുനഃപ്രതിഷ്ഠിയ്ക്കുന്നതിനൊപ്പംതന്നെ അത് ആർക്കും നിഷേധിയ്ക്കാൻ പാടില്ലാത്തതാണെന്നും കവി പറയുന്നത് ഈ രാഷ്ട്രീയം തിരിച്ചറിഞ്ഞുകൊണ്ടാണ്.

"ഋതുവായപെണ്ണിനുമിരപ്പനും ദാഹകനും

പതിതന്നുമഗ്നിയജനം ചെയ്ത ഭൂസുരനും

ഹരിനാമകീർത്തനമിതൊരുനാളുമാർക്കുമുട-

നരുതാത്തതല്ല ഹരി നാരായണായ നമഃ" (എഴുത്തച്ഛൻ, 2013ബി:4)

എന്ന് എഴുത്തച്ഛൻ ഹരിനാമകീർത്തനത്തിൽ പറയുന്നു.

"ജാതിനാമാദികൾക്കല്ല ഗുണഗണ-

ഭേദമെന്നത്രേ ബുധന്മാരുടെ മതം" (എഴുത്തച്ഛൻ, 2013എ:323)

എന്നു പറയുന്ന എഴുത്തച്ഛനെ കടലോരവാസിയായിരുന്ന മുസ്ലീമിനെ ഭാഷ പഠിപ്പിയ്ക്കാൻ ശ്രമിച്ചതിന്റെ പേരിൽ വധശിക്ഷയ്ക്ക് വിധിച്ചതായും ഒരു കഥയുണ്ട്. ഇതേ കാലഘട്ടത്തിൽ തന്നെയാണ് ഭാരതപ്പുഴയ്ക്ക് തെക്ക് പൊന്നാനി നഗരത്തിൽവെച്ച് ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന ചരിത്രകാവ്യം രചിയ്ക്കുന്നത്. അക്കാലത്ത് മഖ്ദൂമുകളുടെ നേതൃത്വത്തിൽ പൊന്നാനിയിലെ വലിയപള്ളിയിൽ നടത്തിയിരുന്ന ദർസ്സിൽ മതപഠനത്തിന് പുറമെ വൈദ്യം, ഗോളശാസ്ത്രം തുടങ്ങിയ വിഷയങ്ങളും അഭ്യസിപ്പിച്ചിരുന്നു. ജാതിബദ്ധമായ കേരളസമൂഹത്തിൽ അറിവ് നിഷേധിയ്ക്കപ്പെട്ട വലിയൊരു സമൂഹത്തിന് അറിവാർജിയ്ക്കാനുള്ള അവസരമായിരുന്നു അതുവഴി രൂപപ്പെട്ടത്.

ഒരേ സമയം വ്യാകരണം, കരണപദ്ധതി തുടങ്ങിയ വിഷയങ്ങൾ പഠിയ്ക്കുകയും പഠിപ്പിയ്ക്കുകയും ചെയ്യുന്ന സംസ്കൃതപണ്ഡിതന്മാരും ഗണിതശാസ്ത്രം, ജ്യോതിശ്ശാസ്ത്രം തുടങ്ങിയ മേഖലകളിൽ പ്രസിദ്ധരായിമാറിയ മറ്റുചില മഹാപണ്ഡിതരും ഈ ദേശത്ത് വസിച്ചിരുന്നു. ഇവിടെത്തന്നെയാണ് സംസ്കൃതത്തിൽ നിന്നും വേറിട്ട് മലയാളം ഒരു തനതുലിപിയായി രൂപപ്പെടുന്നതും അതിൽ ആദ്യത്തെ കൃതികൾ രചിയ്ക്കപ്പെടുന്നതും. അതോടൊപ്പംതന്നെ അറബി ഭാഷയിൽ കേരളത്തെക്കുറിച്ചുള്ള ആദ്യത്തെ ചരിത്രഗ്രന്ഥം രചിയ്ക്കപ്പെടുന്നതും ഈ പ്രദേശത്താണ്. സംസ്കൃതം, മലയാളം, അറബി എന്നിങ്ങനെ മൂന്നുഭാഷകളുടേയും അതുവഴി മൂന്നുസംസ്കാരങ്ങളുടേയും ഒരു സമന്വയം ഇവിടെ പൊന്നാനിയിൽ കാണാനാകും.

### 6.1 പൊന്നാനിക്കളരിയുടെ സാംസ്ക്കാരികഭൂമിക

കേരളത്തിൽ മൂന്നിടങ്ങളിലാണ് സ്വയമേവ സാഹിത്യക്കളരികൾ രൂപം കൊണ്ടിട്ടുള്ളത്. തിരുവനന്തപുരം, കൊടുങ്ങല്ലൂർ, പൊന്നാനി എന്നിവിടങ്ങളിലാണ് വ്യത്യസ്തകാലങ്ങളിലും രൂപങ്ങളിലും ഇത്തരം കളരികൾ രൂപംകൊണ്ടത്. കേരളത്തിന്റെ മറ്റനവധി പ്രദേശങ്ങളിൽ പല കാലങ്ങളിലും സാഹിത്യ സംഘങ്ങളുണ്ടായിട്ടുണ്ടെങ്കിലും അവയെയൊന്നും ഒരു സാഹിത്യക്കളരിയെന്നു വിശേഷിപ്പിക്കാറില്ല. പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകൾക്കിടയിൽ കൊടുങ്ങല്ലൂർ കോവിലകത്തുവെച്ച് നടന്നിരുന്ന ഗുരുകുലസ്വഭാവമുള്ള സംഘമായിരുന്നു കൊടുങ്ങല്ലൂർക്കളരി. കൊടുങ്ങല്ലൂർ കോവിലകത്തെ സാഹിത്യതത്പരരായ തമ്പുരാക്കന്മാരായിരുന്നു കൊടുങ്ങല്ലൂർ ക്കളരിയിലെ പ്രമുഖർ. തിരുവനന്തപുരത്തെ സാഹിത്യക്കളരി 'കേസരിസദസ്സ്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കേസരി എ ബാലകൃഷ്ണപ്പിള്ളയുടെ നേതൃത്വത്തിൽ 1930-കളിൽ തിരുവനന്തപുരം ശാരദാപ്രസ്സിൽ നടന്നിരുന്ന സാഹിത്യകാരന്മാരുടെ കൂട്ടമായിരുന്നു അത്. വിശ്വസാഹിത്യത്തേയും അവിടത്തെ സാഹിത്യദർശനങ്ങളേയും കേസരി മലയാളിയ്ക്ക് പരിചയപ്പെടുത്തിയത് ആ വേദികളിലൂടെയായിരുന്നു. ഇതേ കാലഘട്ടത്തിൽത്തന്നെ പൊന്നാനിയിൽ ഇടശ്ശേരിയുടേയും ഉറൂബിന്റേയുമെല്ലാം നേതൃത്വത്തിൽ പൊന്നാനിക്കളരി എന്നൊരു സംഘവും രൂപംകൊണ്ടു.

#### 6.1.1 വള്ളത്തോൾ കമ്പനി

പൊന്നാനിക്കളരി എന്ന തന്റെ പുസ്തകത്തിൽ പൊന്നാനിക്കളരി ആരംഭിയ്ക്കുന്നതിനു മുൻപുള്ള പശ്ചാത്തലത്തെ അക്കിത്തം ഇപ്രകാരം വിവരിയ്ക്കുന്നുണ്ട്. "വള്ളത്തോൾ നാരായണമേനോനും ഗോപാലമേനോനും കുറ്റിപ്പുറത്തു കേശവൻനായരും കിട്ടുണ്ണിനായരും നാലപ്പാട്ടു നാരായണമേനോനും ബാലാമണിയമ്മയും അമ്മിണിയമ്മയും കമലാദാസും സുവർണയും കെ സുകുമാരനും കല്ലന്മാർതൊടിയും കുറുവാന്തൊടിയും കെ എൻ എഴുത്തച്ഛനും ചെറുളിയും വിദ്വാൻ എ കൃഷ്ണനും മറ്റും മറ്റും മനസ്സിലേക്ക് തള്ളിക്കയറിവരുന്നു. പിന്നെപ്പിന്നെ ആ സഹൃദയസംഗമങ്ങൾക്ക് വള്ളത്തോൾ കമ്പനി എന്നൊരു പേരും വീണു"(അക്കിത്തം

അച്യുതൻ നമ്പൂതിരി, 1998:9). ഈ പശ്ചാത്തലത്തിലാണ് പൊന്നാനിക്കളരി എന്നൊരു കൂട്ടായ്മ രൂപംകൊള്ളാൻ തുടങ്ങിയതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. മലയാളസാഹിത്യത്തിലെ ആധുനികവത്കരണത്തിന്റെ കാലത്ത് അതിനുമുന്നിൽ നിന്നവരായിരുന്നു ഇവരിലധികവും എന്നത് യാദൃച്ഛികമല്ല.

വള്ളത്തോൾ നാരായണമേനോന്റെ ജന്മദേശം പൊന്നാനിപ്പുഴയ്ക്ക് വടക്ക് ചേന്നരയിലായിരുന്നു. എന്നാൽ വന്നേരിയിലെ ഭാര്യവീടായ ചിറ്റേഴത്തായിരുന്നു അദ്ദേഹം പലപ്പോഴും താമസിച്ചിരുന്നത്. വള്ളത്തോളിനു പൊന്നാനിയുമായുള്ള ബന്ധം ജന്മത്തിന്റേതോ കർമ്മത്തിന്റേതോ എന്നതിനേക്കാളേറെ അനുവാചകരുടേതും ആരാധകരുടേതുമായിരുന്നു എന്നു പറയാം. പിൽക്കാലത്ത് പൊന്നാനിക്കളരിയുടെ നായകസ്ഥാനത്തിരുന്നവരിലേറെയും വള്ളത്തോളിനാൽ ആകൃഷ്ടരായവരായിരുന്നു എന്നതാണ് സത്യം.

"നൂറുനൂറാവാം പൂമാന്നു ഗൃഹിണിമാർ
നാരിയ്ക്കു ചാവോളമേക പത്നീവ്രതം.
ആരാർ സഹിയ്ക്കുമീ ധർമ്മം കുറിച്ചിട്ട
നാരാചമേ, നിന്നിരുതലക്കൂർപ്പുകൾ"

എന്ന വള്ളത്തോളിന്റെ വരികൾ അധിവേദനനിഷേധപ്രസ്ഥാനകാലത്ത് താനും തന്റെ സഹപ്രവർത്തകരും ഗായത്രിപോലെ ഉരുക്കഴിച്ചിട്ടുണ്ടാകുമെന്ന് വി ടി പറയുന്നുണ്ട് (വി ടി ഭട്ടതിരിപ്പാട്, 1997:410). ചെകിട്ടത്തടി എന്ന തന്റെ കവിതയിൽ തനിയ്ക്കിഷ്ടപ്പെട്ട പുരുഷനെ വരണമാല്യം ചാർത്തി സ്വീകരിക്കുന്ന ഒരു പെൺകുട്ടിയെ വള്ളത്തോൾ അവതരിപ്പിയ്ക്കുന്നുണ്ട്. സമ്പന്നനായ ഒരു വൃദ്ധന്റെ പുത്രി വിവാഹവേളയിൽ സഭയിലിരിയ്ക്കുന്ന യുവാവിന്റെ കഴുത്തിൽ വരണമാല്യമണിയിയ്ക്കുന്ന ധീരതയാണ് കവിതയുടെ വിഷയം.

"ഇത്തരം സ്ത്രീരത്നത്തെ വാങ്ങുവാൻ മതിയാമോ
ലുബ്ധനാം ഭവാൻ നേടിക്കൂട്ടിയ പൊൽക്കൂമ്പാരം"

(വള്ളത്തോൾ നാരായണമേനോൻ, 1969:58-62)

എന്ന് സഭയിൽ നിന്നും ചോദ്യമുയരുമ്പോൾ അത് വൃദ്ധധനികന്റെ ചെകിട്ടത്തെ അടിയായി മാറുന്നു എന്ന് കവി പറയുമ്പോഴും യഥാർത്ഥത്തിൽ യാഥാസ്ഥിതികമായ സമൂഹത്തിന്റെ ചെകിട്ടത്ത് വള്ളത്തോൾ നടത്തുന്ന പ്രഹരമായിരുന്നു അത്. വി ടി ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ പിന്നീട് നടന്ന സാമുദായികപരിഷ്കരണശ്രമങ്ങളും നവോത്ഥാനമുന്നേറ്റങ്ങളും വള്ളത്തോളിന്റെ ധൈഷണികപ്രവർത്തനങ്ങളിൽ നിന്ന് ഊർജം സ്വീകരിച്ചുകൊണ്ടാണ് ശക്തിപ്രാപിച്ചത്.

വേദംകേട്ട ശൂദ്രന്റെ ചെവിയിൽ ഈയ്യമൊഴിക്കണമെന്നു വിശ്വസിച്ചിരുന്ന കാലത്ത് ഋഗ്വേദം മലയാളത്തിലേയ്ക്ക് തർജ്ജമചെയ്തും രാമായണം വായിയ്ക്കുന്ന കടത്തുകാരനെക്കുറിച്ച് കവിതയെഴുതിയും വള്ളത്തോൾ മലയാളഭാഷയുടെ മാത്രമല്ല മലയാളനാടിന്റേയും നവോത്ഥാനത്തിനു തുടക്കംകുറിച്ചു. തീവിഴുങ്ങുന്ന തന്റെ വീട്ടിലേക്ക് വെള്ളമൊഴിയ്ക്കാനായി വരുന്ന താഴ്ന്നജാതിക്കാരെ നായർ വിലക്കിയപ്പോൾ കവി പരിഹാസരൂപേണ പറഞ്ഞു “നായരേ ഭവാൻതന്നെ ശുദ്ധരിൽശുദ്ധൻ, വീടുപോയാലെന്ത്, അനർഘമാംജാതിയെ രക്ഷിച്ചല്ലോ”(വള്ളത്തോൾ നാരായണ മേനോൻ, 2003:315). ജാതിബന്ധങ്ങൾക്ക് അകമേകിടന്ന് ക്ഷയിച്ചുകൊണ്ടിരുന്ന ക്ഷേത്രകലകളെ കലാമണ്ഡലത്തിലൂടെ കൈപിടിച്ചുയർത്തുമ്പോഴും ജാതി നാമങ്ങളുടെ പേരിൽ ആർക്കും കലാലോകത്തുയരാൻ കഴിയാതെവരരുതെന്ന ലക്ഷ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

രാമായണം വായിയ്ക്കുന്ന വഞ്ചിക്കാരനെക്കുറിച്ച് വള്ളത്തോൾ കവിതയെഴുതുമ്പോഴും കവിതയുടെ കേന്ദ്രസ്ഥാനത്ത് ആരായിരുന്നെന്ന ചോദ്യം പ്രസക്തമാണ്.

> “ഇവന്നുരാമായണ വായനയ്ക്കെ-
> ന്നനുജ്ഞകിട്ടായ്കിലബദ്ധമെന്തോ?
> സൽഗ്രന്ഥപാഠത്തെ മുടക്കിയേക്കാം
> ഞാനെന്നിവന്നെങ്ങനെ ശങ്ക തോന്നി?”
>
> (വള്ളത്തോൾ നാരായണമേനോൻ, 2003:315)

എന്ന് കവി ആശങ്കപ്പെടുമ്പോൾ അറിവ് നിഷേധിയ്ക്കപ്പെട്ട കീഴ്ജാതിക്കാരനേക്കാൾ കവി ചേർന്നുനിൽക്കുന്നത് അവനുവേണ്ടി വാദിക്കാൻ തയ്യാറായ തന്നോടുതന്നെയാണ്.

അതുവരെയുള്ള മലയാളസാഹിത്യം കണ്ടുശീലിച്ച നായകന്മാർ എല്ലാവരും ഇപ്രകാരമായിരുന്നെങ്കിൽ സാധാരണക്കാരനായ മനുഷ്യനെ സാഹിത്യത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിയ്ക്കുക എന്ന ഘടനാമാറ്റം മലയാള സാഹിത്യത്തിൽ സംഭവിക്കുന്നത് നാലപ്പാട്ടിന്റെ പാവങ്ങൾ തർജ്ജമയിലൂടെയാണ്.

മലയാളത്തിലെ പുരോഗമനസാഹിത്യപ്രസ്ഥാനങ്ങൾക്കും സാഹിത്യത്തിനു പുറത്തുള്ള മറ്റുപല പുരോഗമനപ്രസ്ഥാനങ്ങൾക്കും തുടക്കം കുറിയ്ക്കുന്നത് നാലപ്പാട്ട് നാരായണമേനോന്റെ 'പാവങ്ങൾ' എന്ന പുസ്തകമാണ്. വിക്തർ ഹ്യൂഗോയുടെ 'ലെ മിസറബിൾസ്' എന്ന നോവലിന്റെ മലയാള പരിഭാഷ അതിന്റെ ഘടനകൊണ്ടും പ്രതിപാദ്യവിഷയംകൊണ്ടും വലിയ പൊട്ടിത്തെറികൾ സൃഷ്ടിച്ചു. മലയാളഗദ്യം പാവങ്ങൾക്കു മുൻപും പിൻപുമെന്ന വിധം രണ്ടായി പരിവർത്തനപ്പെട്ടു. ഒരു കള്ളന്റെ കഥ, അവന്റെ മനോവിചാരങ്ങളുടെ നീണ്ട വിവരണങ്ങൾ, വാട്ടർലൂ മുതൽ ഫ്രഞ്ച് വിപ്ലവം വരെയുള്ള ചരിത്രസംഭവങ്ങളുടെ പശ്ചാത്തലം എന്നിങ്ങനെ നിരവധി കാരണങ്ങളാൽ ഈ പുസ്തകം മലയാളസാഹിത്യത്തിൽ പുതുമകൾ സൃഷ്ടിച്ചു. ഫ്രഞ്ച് വിപ്ലവം മുന്നോട്ടുവെച്ച മാനവികതയുടേയും സാഹോദര്യത്തിന്റേയും മുദ്രാവാക്യങ്ങൾക്ക് കേരളത്തിൽ അനുവാചകരുണ്ടാകുന്നതും ഈ പുസ്തകത്തിന് ശേഷമാണ്.

''ആ പുസ്തകം വായിച്ചുതീർത്തപ്പോൾ മനുഷ്യലോകം വളരെയേറെ അടുത്തതുപോലെ എനിയ്ക്കുതോന്നി. ഭൂമിശാസ്ത്രപുസ്തകങ്ങളിലെ വരകൾ മാത്രമാണ് മനുഷ്യസമുദായത്തെ പങ്കിട്ടുനിർത്തുന്നതെന്ന ഒരു ബോധം. ആചാര മര്യാദകളാകുന്ന പുറംതോടുകളെ അടർത്തിനിർത്തിയാൽ ഫ്രാൻസുകാരന്റേയും ജർമ്മൻകാരന്റേയും റഷ്യക്കാരന്റേയും ഇന്ത്യക്കാരന്റേയുമെല്ലാം രക്തം ഒരേ നിറത്തിലും ഒരേ ഗുണത്തിലുമുള്ളതാണ്'' എന്നാണ് പി സി കുട്ടിക്കൃഷ്ണൻ പാവങ്ങളെക്കുറിച്ച് പറയുന്നത് (പി സി കുട്ടിക്കൃഷ്ണൻ, 1994:219). പിൽക്കാലത്ത് പൊന്നാനിക്കളരിയുടെ സത്ത മാനവികതയാണെന്നു പറയുമ്പോൾ ആ മനുഷ്യനെ പൊന്നാനിക്കാർക്കു പകർന്നു നൽകിയത് നാലപ്പാട്ടാണെന്നത് തീർച്ചയാണ്. "അദ്ദേഹം എന്റെ കൈപിടിച്ച്

പുറത്തേക്കുകൊണ്ടുവന്നു. മനുഷ്യത്വത്തിന്റെ മാഹാത്മ്യം എനിക്ക് മനസ്സിലാക്കിത്തന്നു എന്നല്ല ഇരുളടഞ്ഞ ആ ഇടനാഴിയെ തച്ചുതകർക്കലാവണം എന്റെ ജീവിതലക്ഷ്യം എന്ന് എന്നെ പഠിപ്പിക്കുകകൂടിചെയ്തു" എന്നു വി ടി നാലപ്പാട്ടിനെക്കുറിച്ച് പറയുന്നുണ്ട് (വി. ടി. ഭട്ടതിരിപ്പാട്, 1994:216).

നാലപ്പാട്ടിനെ വള്ളത്തോൾകമ്പനിയിൽ ചേർത്തുകൊണ്ട് വായിയ്ക്കാറുണ്ടെങ്കിലും ആരംഭത്തിൽ വള്ളത്തോളും അദ്ദേഹത്തിന്റെ സഹപാഠികളും മാത്രം ചേർന്നതായിരുന്നു വള്ളത്തോൾ കമ്പനി എന്ന സങ്കൽപം. വള്ളത്തോൾ അദ്ദേഹത്തിന്റെ ഗുരുവും മാതുലനുമായ രാമുണ്ണിമേനോന്റെ അടുത്ത് പഠിക്കുന്ന കാലഘട്ടത്തിലെ സതീർത്ഥ്യരായിരുന്നു കുറ്റിപ്പുറത്ത് കേശവൻനായരും കുറ്റിപ്പുറത്ത് കിട്ടുണ്ണിനായരും. ഇവർ രണ്ടുപേരുമായിരുന്നു വള്ളത്തോൾകമ്പനിയിലെ ആദ്യകാലത്തെ അംഗങ്ങൾ. എന്നാൽ പിൽക്കാലത്ത് ഒരു സാഹിത്യശൈലി എന്നതിൽനിന്നുമാറി വള്ളത്തോളിന്റെ സൗഹൃദസദസ്സായി വള്ളത്തോൾകമ്പനി മാറി. നാലപ്പാട്ട് നാരായണമേനോന്റെ അനന്തിരവളായുള്ള ബാലാമണിയമ്മ, അവരുടെ പുത്രി മാധവിക്കുട്ടി എന്നിവർ അങ്ങനെയാണ് ഈ സംഘത്തിന്റെ ഭാഗമാകുന്നത്.

നാലപ്പാട്ടിന്റെ പുസ്തകശേഖരണങ്ങളും വള്ളത്തോളിന്റെ സ്വാധീനവുമാണ് പ്രാഥമികവിദ്യാഭ്യാസമില്ലാതിരുന്ന ബാലാമണിയമ്മയെ കവിയാക്കി മാറ്റിയത്. "ആരുടെ കാലിൽ തറയ്ക്കുന്ന മുള്ളുമെൻ ആത്മാവിനെ കുത്തിനോവിക്കും" എന്നു പറയുന്ന മാനവികതാബോധം വള്ളത്തോളിലും നാലപ്പാട്ടിലും നിന്നുതന്നെ ലഭിച്ചതാകണം (ബാലാമണിയമ്മ, 2005:492).

"വിട്ടയക്കുകകൂട്ടിൽനിന്നെന്നെ ഞാ-

നൊട്ടുവാനിൽ പറന്നുനടക്കട്ടെ" (ബാലാമണിയമ്മ, 2005:262)

എന്ന് പറയുന്ന ബാലാമണിയമ്മയുടെ പിൻതുടർച്ചതന്നെയാണ് മാധവിക്കുട്ടിയും അവകാശപ്പെടുന്നത്. മാനവികതയുടേയും നവോത്ഥാനമൂല്യങ്ങളുടേയും മലയാള സാഹിത്യത്തിലെ ആദ്യകാല വക്താക്കളായിരുന്നു വള്ളത്തോളും അദ്ദേഹത്തിന്റെ

സുഹൃത്തുക്കളുമെന്ന് തീർച്ച. പൊന്നാനി കേന്ദ്രീകരിച്ചുകൊണ്ടുള്ള ഈ സൗഹൃദത്തിന്റെ ധാർമ്മികത്തുടർച്ചയാണ് പൊന്നാനിക്കളരി സാധ്യമാക്കുന്നത്.

### 6.1.2 പൊന്നാനിക്കളരി

വള്ളത്തോളും നാലപ്പാട്ടുമെല്ലാം പകർന്നുനൽകിയ മാനവികതയുടെ മൂല്യങ്ങൾ പങ്കുവെയ്ക്കുന്ന ഒരു കൂട്ടം സാഹിത്യകാരന്മാർ പൊന്നാനിയിലുണ്ടായിരുന്നു. 1930-കളോടെയാണ് ഇവരുടെ നേതൃത്വത്തിൽ പൊന്നാനിക്കളരി എന്നൊരു സംഘം രൂപംകൊള്ളുന്നത്. വി ടിയും ഇടശ്ശേരിയുമായിരുന്നു ഈ പ്രസ്ഥാനത്തിലെ അതികായന്മാർ. പൊന്നാനിയിൽ ഒരു വക്കീൽഗുമസ്ഥനായി വിരുന്നെത്തിയ ഇടശ്ശേരിയുടെ യൗവ്വനകാലമായിരുന്നു പൊന്നാനിക്കളരിയുടെ ആരംഭകാലം. എം ഗോവിന്ദൻ, കുട്ടിക്കൃഷ്ണമാരാർ, എം ആർ ബി, പ്രേംജി, ഇ നാരായണൻ, ഇ പി സുമിത്രൻ തുടങ്ങിയവർ ഈ കൂട്ടായ്മയിലെ പ്രധാനികളായിരുന്നു.

നാലപ്പാട്ടിന്റെ പാവങ്ങളെന്ന പുസ്തകം കാൽപ്പനികതയുടെ അലങ്കാരങ്ങൾക്കകത്തു തളയ്ക്കപ്പെട്ട സാഹിത്യങ്ങളുടെ മുന്നിലേക്ക് മനുഷ്യനെന്ന യാഥാർത്ഥ്യത്തെ തുറന്നുവിട്ടു. ഈ മാനവികതാഭിമുഖ്യം പിൻതുടർന്നിരുന്നവരായിരുന്നു പൊന്നാനിക്കളരിയിലെ സാഹിത്യകാരന്മാരെല്ലാം. അവരിൽ മുന്നിൽ നിൽക്കുന്ന നാമമാണ് ഇടശ്ശേരി ഗോവിന്ദൻനായരുടേത്. മലയാളകവിതയിലെ കാൽപ്പനികതയുടെ അഴകൊഴമ്പൻ ശൈലികളെ കുടഞ്ഞെറിയാൻ തുടങ്ങിയവരായിരുന്നു ഇടശ്ശേരിയും വൈലോപ്പിള്ളിയും(കവടിയാർ രാമചന്ദ്രൻ, 2004:viii). കാൽപ്പനികതയ്ക്കെതിരെ ഘോരഘോരമെഴുതുകയോ പ്രസംഗിച്ചുനടക്കുകയോ ചെയ്ത വ്യക്തിയായിരുന്നില്ല ഇടശ്ശേരി. എന്നാൽ ഇടശ്ശേരിയുടെ കവിതകളിൽ പണിയെടുക്കുന്നവരും ദുരിതമനുഭവിയ്ക്കുന്നവരുമായ സാധാരണക്കാരായ മനുഷ്യർ പ്രത്യക്ഷപ്പെട്ടിരുന്നു. ചകിരിക്കുഴികളിലെ തൊഴിലാളിയും കുടിയിറക്കപ്പെടുന്ന മനുഷ്യനും പുത്തൻ മില്ലുകൾ വരുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന നെല്ലുകുത്തുകാരി പാറുവും ആമീനും കൂട്ടരും കൂടിവന്നു വിളകൊയ്തുപോകുന്നതു നിസ്സഹായനായി കണ്ടുനിൽക്കേണ്ടിവന്ന കോമനും പണിമുടക്കത്തെ തുടർന്നു പട്ടിണികിടക്കുന്ന രാമനുമെല്ലാം

ഇടശ്ശേരിക്കവിതയിലെ കഥാപാത്രങ്ങളാകുന്നു. ഇത്രമാത്രം തൊഴിലാളികൾ കഥാപാത്രങ്ങളാകുന്ന, അവരുടെ മനോഭാഷണങ്ങൾ പങ്കുവെയ്ക്കുന്ന കവിതകൾ അതിനുമുൻപ് ഉണ്ടായിട്ടില്ലെന്നു നിശ്ചയം.

ഒരു വക്കീൽഗുമസ്ഥനെന്ന തന്റെ ഉപജീവനമാർഗമായ തൊഴിലിടത്തിൽ നിന്നാണ് പലപ്പോഴും ഇടശ്ശേരി ദുരിതപൂർണമായ ഈ മനുഷ്യജീവിതങ്ങൾ കണ്ടെടുത്തത്. കുടിയിറക്കൽ, അവകാശത്തർക്കങ്ങൾ, വിളജപ്തി, തൊഴിൽ മുടക്കങ്ങൾ, പട്ടിണിദുരിതങ്ങൾ എന്നിവയെല്ലാം തൊട്ടറിയാവുന്ന തൊഴിലായിരുന്നു അദ്ദേഹത്തിന്റേത്. അവയെ വക്കീൽ ഗുമസ്ഥന്റെ പുറംകണ്ണുകളോടെ നോക്കി കാണുന്നതായിരുന്നില്ല ഇടശ്ശേരിയുടെ കവിതകൾ. അതിൽ എല്ലായ്പ്പോഴും കീഴാള സംസ്കാരത്തിന്റെ പ്രതിഫലനങ്ങൾ കാണാമായിരുന്നു. താൻ കരിമ്പുനട്ടു വളർത്തുന്ന ഒരു കൃഷിക്കാരനാണെന്നും അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് മാധുര്യമുണർത്താനാണ് അവ ഉദ്ദേശിയ്ക്കുന്നതെന്നും കൂട്ടത്തിൽ ആനന്ദ മാത്രാവാദിയായ ഒരു വിദഗ്ധാസ്വാദകന് പാകത്തിൽ നാലഞ്ചു പൂങ്കുലകളെങ്കിലും അതിൽ ബാക്കിനിൽക്കുമെന്നും ഇടശ്ശേരി പ്രസ്താവിയ്ക്കുന്നുണ്ട് (കവടിയാർ രാമചന്ദ്രൻ, 2004:111). പൊന്നാനിക്കളരിയിലെ സാഹിത്യകാരന്മാരുടെ രചനകളിലെല്ലാം ഇത്തരം സാധാരണക്കാരായ മനുഷ്യരെ ധാരാളം കാണാം.

ഇടശ്ശേരി കാൽപ്പനികതകൾക്ക് അപ്പുറം യഥാർത്ഥമനുഷ്യന്റെ ജീവിതത്തെ കുറിച്ച് കവിതകളെഴുതിയെങ്കിലും അദ്ദേഹത്തെ കാൽപ്പനികകവിയെന്നു തന്നെയാണ് പലരും വിളിയ്ക്കാറുള്ളത്. എന്നാൽ റിയലിസത്തിന്റെ വക്താവായി അംഗീകരിയ്ക്കപ്പെടുന്ന ഒരു പൊന്നാനിക്കാരനാണ് 'ഉറൂബ്' എന്ന് തൂലികാനാമമുള്ള പി. സി. കുട്ടിക്കൃഷ്ണൻ. നിത്യയൗവ്വനമുള്ളവൻ എന്നർത്ഥമാക്കുന്ന 'ഉറൂബ്' എന്ന അറബിവാക്കാണ് ഇദ്ദേഹം തൂലികാനാമമായി സ്വീകരിയ്ക്കുന്നത്. ഉമ്മാച്ചുവെന്ന മലയാളത്തിലെ ഏറ്റവും ശക്തയായ മാപ്പിളസ്ത്രീയെ കഥാപാത്രമായവതരിപ്പിച്ചത് ഉറൂബായിരുന്നു. സുന്ദരികളിലും സുന്ദരന്മാരിലും ഉമ്മാച്ചുവിലും രാച്ചിയമ്മയിലുമെല്ലാം ശക്തരായ മനുഷ്യർ കഥാപാത്രങ്ങളായി വരുന്നുണ്ട്.

പൊന്നാനിക്കളരിയിലെ സാഹിത്യകാരന്മാരിലെല്ലാം മാനവികതയുടെ പ്രതിഫലനം കാണാമെന്നു പറയുമ്പോഴും അവരുടെ കൂട്ടത്തിൽ മാനവികതതന്നെ പ്രത്യയശാസ്ത്രമായി സ്വീകരിച്ച വ്യക്തിയായിരുന്നു എം ഗോവിന്ദൻ. "വി. ടി.യിലും ഇടശ്ശേരിയിലും പ്രകാശിച്ചത് പരമ്പരാഗതഭൂതാനുകമ്പയായിരുന്നെങ്കിൽ എം. ഗോവിന്ദനിൽ അത് പുതിയ മനുഷ്യസ്നേഹമായി രൂപാന്തരം പ്രാപിച്ചിട്ടുണ്ടായിരുന്നു" (അക്കിത്തം അച്യുതൻ നമ്പൂതിരി, 1998:10). എം. എൻ. റോയിയുമായുള്ള പരിചയമായിരുന്നു അദ്ദേഹത്തെ റാഡിക്കൽ ഹ്യൂമനിസത്തിന്റെ വക്താവാക്കിമാറ്റിയത്. വളരെയേറെക്കാലം മദ്രാസിലായിരുന്നെങ്കിലും പൊന്നാനിക്കാരായ മറ്റുപലരേക്കാളും അധികം പൊന്നാനിയെ അടയാളപ്പെടുത്തിയ കവിയാണ് എം ഗോവിന്ദൻ.

തുടക്കം മുതൽ പൊന്നാനിക്കളരിയിൽ പ്രവർത്തിച്ചിരുന്നവരും പൊന്നാനിയിലേയ്ക്ക് അതിഥികളായിവന്ന് ഈ സാഹിത്യക്കളരിയുടെ ഭാഗമായി മാറുകയും ചെയ്ത നിരവധി സാഹിത്യകാരന്മാരുടെ സംഭാവനകളിലൂടെയാണ് പൊന്നാനിക്കളരി വളരുന്നത്. കുട്ടികൃഷ്ണമാരാർ, ഇ. പി. സുമിത്രൻ, ഇ. നാരായണൻ, പ്രേംജി, എം. ആർ. ബി., എൻ. പി. ദാമോദരൻ, സി. ജെ. തോമസ്, എൻ. വി. കൃഷ്ണവാരിയർ, എൻ. കൃഷ്ണപ്പിള്ള, ഒ. എം. അനുജൻ, ചിറയ്ക്കൽ ടി. ബാലകൃഷ്ണൻനായർ, പി. എ. സെയ്തുമുഹമ്മദ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, പി. ജെ. ആന്റണി, എം. വി. ദേവൻ, എസ്. കെ. പൊറ്റക്കാട്, കെ. എ. കൊടുങ്ങല്ലൂർ, കടവനാട് കുട്ടിക്ക്യഷ്ണൻ, എൻ. ദാമോദരൻ, ടി. വി. ശൂലപാണിവാരിയർ, ടി. ഗോപാലക്കുറുപ്പ്, ടി. വേണുക്കുറുപ്പ്, കൊളാടി ഗോവിന്ദൻകുട്ടി, എം. ടി. എൻ. നായർ, കാട്ടുമാടം നാരായണൻ, പി. കെ. മുഹമ്മദ്കുഞ്ഞി, പി. എം. പള്ളിപ്പാട്, പി. കെ. എ. റഹീം, താമറ്റാട്ട് ഗോവിന്ദൻകുട്ടി, അക്കിത്തം അച്യുതൻ നമ്പൂതിരി തുടങ്ങി നിരവധി പേരുടെ സാന്നിധ്യം ഈവേളയിൽ ശ്രദ്ധേയമാണ്. കഥ, കവിത, നാടകം, നിരൂപണം തുടങ്ങി സാഹിത്യത്തിന്റെ വിവിധധാരകളിൽ സജീവമായ ഒരുപിടി പേരുകൾ ഇവിടെ കാണാനാകുന്നു.

ഈ രൂപഭേദങ്ങളിലെല്ലാം പരന്നുസഞ്ചരിയ്ക്കുമ്പോഴും പൊന്നാനിക്കളരി അതിന്റെ സ്വത്വമായി നിലനിർത്തിയത് എന്തിനെയാണ്? എം കെ സാനു ഇതിനുത്തരം

നൽകുന്നത് "ധാർമികതയിൽ അധിഷ്ഠിതമായിരിക്കണം സാഹിത്യം എന്ന് ഈ കളരി വിശ്വസിക്കുന്നു'' എന്നാണ് (അക്കിത്തം അച്യുതൻ നമ്പൂതിരി, 1998:11). ഈ ധാർമികബോധമാണ് മാനവികതയുടെ രൂപത്തിലും മതേതരത്വത്തിന്റെ രൂപത്തിലും നവോത്ഥാനാശയങ്ങളുടെ രൂപത്തിലും പൊന്നാനിക്കളരിയിലെ സാഹിത്യ സൃഷ്ടികളിൽ നിന്നും പുറത്തുവന്നത്. രാഷ്ട്രീയവും സാമൂഹികവുമായ കാഴ്ചപ്പാടുകളിൽ വ്യത്യസ്തത പുലർത്തുന്ന പലതലമുറകളിലെ എഴുത്തുകാരെ ഒന്നിച്ചുചേർക്കുന്നത് ഈ ധാർമികതയാണ്.

"വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൾചാറുമ്പോൾ
പൊട്ടിയാട്ടുകതാൻ വരം" (ഇടശ്ശേരി, 2012:535)

എന്ന് ഇടശ്ശേരി പറയുമ്പോൾ വ്യക്തമാകുന്നത് പ്രത്യയശാസ്ത്ര വൈവിധ്യങ്ങൾക്കകമേ പൊന്നാനിക്കളരിയിലെ എഴുത്തുകാർ ഉൾക്കൊണ്ട മാനവികതാബോധമാണ്. ഒരു കള്ളന്റെ കഥ പറഞ്ഞുകൊണ്ട് നാലപ്പാട്ട് തുടങ്ങിവെയ്ക്കുന്ന ഈ മനുഷ്യപക്ഷം ഇടശ്ശേരിയുടെ ദരിദ്രനായകരിലൂടെയും എം ഗോവിന്ദന്റെ റോയിസ്റ്റ് തത്വശാസ്ത്രങ്ങളിലൂടെയും ഉറൂബിന്റെ ഗുണദോഷമിശ്രിതരായ മധ്യവർഗമനുഷ്യരിലൂടെയും വികസിയ്ക്കുന്നു.[2]

"ഒരുകണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം" (അക്കിത്തം, 2009:109)

എന്നെഴുതുമ്പോൾ അക്കിത്തത്തിലും കാണുന്നത് ഈ മാനവികതാബോധമാണ്.

മനുഷ്യപക്ഷത്തുനിൽക്കുന്ന ധാർമ്മികബോധംതന്നെയാണ് മനുഷ്യ വിരുദ്ധമായ മതമേലധികാരങ്ങളെ ചോദ്യംചെയ്യാൻ ഇവരെ പ്രാപ്തരാക്കുന്നതും. അതുകൊണ്ടാണ് പൗരോഹിത്യത്തിന്റെ മനുഷ്യവിരുദ്ധതയെ ചോദ്യംചെയ്യുന്ന

നവോത്ഥാനത്തിന്റെ കാലഘട്ടത്തിൽതന്നെ മനുഷ്യപക്ഷത്തുനിൽക്കുന്ന നല്ല മതവിശ്വാസികളെ ഈ കൃതികളിലെല്ലാം ചിത്രീകരിയ്ക്കുന്നത്. മതേതരത്വമാണ് ഈ ദേശത്തിന്റെ ആത്മാവെന്നു തിരിച്ചറിയുകയും അതിനുവേണ്ടി നിലകൊള്ളേണ്ടത് കവിനിയോഗമാണെന്നു വിശ്വസിയ്ക്കുകയും ചെയ്തതിനാലാകണം മാതൃകയാക്കാവുന്ന നിരവധി ഹിന്ദു-മുസ്ലീം ബന്ധങ്ങളെ പൊന്നാനിക്കളരിയിലെ സാഹിത്യകാരന്മാർ സൃഷ്ടിച്ചിട്ടുള്ളത്. അതിനോടൊപ്പംതന്നെ ഇത്തരം സുഹൃദ്ബന്ധങ്ങൾ പൊന്നാനിയിലും പരിസരപ്രദേശങ്ങളിലും സാധാരണമായിരുന്നെന്നതും ഇതിനു കാരണമാകുന്നുണ്ട്. ഹിന്ദു-മുസ്ലീം സുഹൃദ്ബന്ധങ്ങളിലെ മികച്ച മാതൃകകളിലൊന്നായി ഇന്നും പരിഗണിക്കുന്ന 'ഇസ്ലാമിലെ വന്മല' എന്ന കവിത രചിച്ചത് ഇടശ്ശേരിയാണ്. വിശന്നുവലയുന്ന സുഹൃത്തിനുവേണ്ടി ബാപ്പയുടെ കടയിൽനിന്നും ഭക്ഷണം മോഷ്ടിച്ചു നൽകുകയും ആർക്കുവേണ്ടിയാണ് അതെടുത്തതെന്ന ബാപ്പയുടെ ചോദ്യത്തിനു മുന്നിൽ നിശ്ശബ്ദനായിനിന്ന് പ്രഹരമേൽക്കുകയും ചെയ്യുന്ന മുസ്ലീം ബാലകനെ ഈ കവിതയിൽ കാണാം. കൂട്ടുകാരന്റെ ആത്മാഭിമാനം കാത്തുസൂക്ഷിക്കാനായി മൗനംപാലിച്ച അലവിയെന്ന സുഹൃത്തിനെപ്പറ്റി ആ ആര്യബാലകൻ പറയുന്നതിങ്ങനെയാണ്:

"നൂറുശതമാനം ഞാനൊരാര്യ-
ക്കൂറും കുടുമയുമുള്ള ഹിന്ദു
മാപ്പിളേ, നീയെന്നലവിയെങ്കിൽ-
ത്തോളിൽക്കയ്യിട്ടു നടന്നുകൊള്ളൂ.
കാഫിറെന്നെന്നെ വിളിച്ചുകൊള്ളൂ
കാതു കുത്താതെ കഴിഞ്ഞുകൊള്ളൂ
നൂറുശതമാനം മുസ്ലീം ധർമ്മ-
ക്കൂറും പെരുമയും വച്ചുപോറ്റൂ
നമ്മൾക്കു മുമ്പോട്ടു മുമ്പോട്ടു പോയ്
നന്മയോ തിന്മയോ നേടാമൊപ്പം
കേരളത്തിന്റെ വിളർപ്പുമാറ്റി-

ച്ചേരട്ടെ വർണ്ണ ശബളതകൾ.

കൂറും പൊരുത്തവുമൊത്ത നമ്മൾ

തോളിൽക്കയ്യിട്ടേ നടന്നുകൂടൂ" (ഇടശ്ശേരി, 2012:275).

നല്ല മതാനുയായിയായ മനുഷ്യനെ സൃഷ്ടിയ്ക്കുന്നതിനൊപ്പം തന്നെ മതപൗരോഹിത്യത്തെ വിമർശിയ്ക്കാനും ഈ കവികൾക്ക് കഴിഞ്ഞിരുന്നു. എം ഗോവിന്ദൻ തന്റെ 'പൊന്നാനിക്കാരന്റെ മനോരാജ്യം' എന്ന കവിതയിൽ മതത്തിന്റെ അർത്ഥശൂന്യതയെ സംബന്ധിച്ച് ഇപ്രകാരം പറയുന്നുണ്ട്.

"മതമല്ലല്ലോ മാൺപുമുണ്മയും; മനുഷ്യന്റെ

ഹിതമേ, വിവേകമേ, നീ വിധികർത്താവിനി.

പൂജയും കൂദാശയുമീമാനും പുതുക്കുക

പൂതജീവിതത്തിന്റെ പുത്തരിയങ്കം വെട്ടി" (എം. ഗോവിന്ദൻ, 2017:35)

എന്നാൽ മതനിരാസത്തിലൂടെയല്ല വിവിധമതങ്ങളുടെ സമന്വയത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്.

"മർത്ത്യനെയവന്റേതാം മാർഗത്തിൽ ചേർക്കാനത്ര

പുത്തനായൊരു പള്ളി തീർക്കാമോ പൊന്നാനിയിൽ?

പാറമേലല്ല, പൊള്ളുമാ മണൽക്കാട്ടിലല്ല,

മാളികപ്പുറത്തല്ല, മാനവഹൃദയത്തിൽ" (എം. ഗോവിന്ദൻ, 2017:35)

എന്ന വരികളിൽ സമന്വയത്തിന്റെ ഒരു ബദലിടത്തെ കാണാനാകും. മതത്തെ ആചാരനിഷ്ഠകളിൽ നിന്നും മോചിപ്പിച്ച് മനുഷ്യമനസ്സിന്റെ മൂല്യബോധങ്ങളോട് ചേർത്തുനിർത്തുന്ന പ്രവൃത്തി തന്നെയായിരുന്നു നവോത്ഥാനത്തിന്റേതും. നമ്പൂതിരി തന്റെ സ്വത്വത്തെ ഉപേക്ഷിക്കണമെന്നല്ല പകരം ആ സ്വത്വത്തെ മനുഷ്യന്റേതാക്കണം എന്നായിരുന്നു 'നമ്പൂതിരിയെ മനുഷ്യനാക്കുക' എന്ന ഇ എം എസ്സിന്റെ ആഹ്വാനത്തിന്റെ അർത്ഥം.

ഇത്തരത്തിൽ മാനവഹൃദയത്തിൽ മതത്തെ പ്രതിഷ്ഠിച്ച നിരവധി മാപ്പിളക്കഥാപാത്രങ്ങൾ പൊന്നാനിക്കളരിയ്ക്ക് സ്വന്തമാണ്. ഇതിനെക്കുറിച്ച് എം ടി

വാസുദേവൻനായരുടെ അസുരവിത്തിലെ കുഞ്ഞരയ്ക്കാർ എന്ന കഥാപാത്രത്തെ വിശകലനം ചെയ്യുന്ന വേളയിൽ ഡോ എം ലീലാവതി നടത്തുന്ന ചില നിരീക്ഷണങ്ങളുണ്ട്: "നിളാതീരത്തെ ഗ്രാമപ്രദേശങ്ങളിലും അവയോടു തൊട്ട പ്രദേശങ്ങളിലും ജനിച്ചുവളർന്ന എഴുത്തുകാരെല്ലാം 'ഇസ്ലാമിലെ വന്മല'യെന്നു ഇടശ്ശേരി വിശേഷിപ്പിച്ച കഥാപാത്രത്തെപ്പോലെയുള്ള ചില അനശ്വരരെ സൃഷ്ടിച്ചിട്ടുണ്ട്" (എം ലീലാവതി, 2008:54). ഇടശ്ശേരിയുടേയും എം. ഗോവിന്ദന്റേയും കാവ്യങ്ങളിൽനിന്നും ഉറൂബിന്റെ ഗദ്യത്തിലേയ്ക്ക് കടക്കുമ്പോഴും ഇത്തരം മാതൃകകൾ തുടർന്നുപോരുന്നു, അല്ലെങ്കിൽ കൂടുതൽ ശക്തിപ്പെടുന്നു.

ലഹളക്കാർക്കെതിരെ നിൽക്കുന്ന നിരവധി മാപ്പിളകഥാപാത്രങ്ങളെ പൊന്നാനിയിലെ സാഹിത്യസൃഷ്ടികളിൽ കാണാം. മാപ്പിളലഹളയെ തിരിച്ചയച്ച നാടെന്ന ചരിത്രപശ്ചാത്തലത്തിൽനിന്നാകാം ഇത്തരം കഥപാത്രങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടത്. ലഹളക്കാരെ സത്കരിച്ച് ഒരു വണ്ടി നെല്ലും കൊടുത്തയച്ചാണ് അസുരവിത്തിലെ കോയസ്സൻഹാജി നാട്ടിലെ ഹിന്ദുക്കളെ സംരക്ഷിയ്ക്കുന്നത്.[3] ഉറൂബിന്റെ സുന്ദരികളും സുന്ദരന്മാരിലും കോയസ്സൻഹാജിയ്ക്ക് സമാനമായ കഥാപാത്രങ്ങളുണ്ട്. അതേ സമയം ലഹളക്കാർക്കിടയിൽപ്പെട്ട് മതം മാറുന്ന ഇരുമ്പൻ ഗോവിന്ദൻ നായരും സുന്ദരികളും സുന്ദരന്മാരും എന്ന കൃതിയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇവിടെയെല്ലാം മലബാർ ലഹളയുടെ എതിർസ്ഥാനത്താണ് പൊന്നാനിയിലെ സാഹിത്യകൃതികളും അതിലെ കഥാപാത്രങ്ങളും നിലകൊള്ളുന്നത് എന്നത് കേവലയാദൃച്ഛികതയ്ക്കപ്പുറം സാഹിത്യത്തിന്റെ ദേശകാലബന്ധങ്ങളുടെ തെളിവാണ്.

മലയാളസാഹിത്യത്തിലെ ഏറ്റവും ശക്തരായ ചില മുസ്ലീം കഥാപാത്രങ്ങളെ നിളാതീരത്തെ ഈ സാഹിത്യകാരന്മാരുടെ സൃഷ്ടികളിൽ കാണാനാകും. അസുരവിത്തിലെ കുഞ്ഞരയ്ക്കാർ തന്നെയായിരിക്കും അക്കൂട്ടത്തിലെ ഉന്നതശീർഷൻ. "കായ്കറി കൃഷി ചെയ്തു ജീവിക്കുന്ന കുഞ്ഞരയ്ക്കാർ പള്ളീൽ പോക്കും നിസ്ക്കാരവും മുട്ടിയ്ക്കാത്ത നല്ല ഇസ്ലാം വിശ്വാസിയാണ്. എന്നാൽ ഇസ്ലാമല്ലാത്ത വരോട് സൗഹൃദത്തിനോ ആദരവിനോ കുറവില്ല. മതവിശ്വാസം മനുഷ്യനെ

നന്നാക്കാനും അള്ളായിലേയ്ക്ക് നയിയ്ക്കാനുമുള്ളതാണെന്നു കരുതുന്ന കുഞ്ഞരയ്ക്കാർക്ക് അതിനെ മനുഷ്യരെ തമ്മിൽ തമ്മിൽ അടിപ്പിക്കാനുള്ളതാക്കി തീർക്കുന്നവരോടു പരമപുച്ഛമാണ്. പണക്കാരായ മതശാഠ്യക്കാരാണ് ഗുലുമാലുകൾ സൃഷ്ടിയ്ക്കുന്നതെന്ന് കുഞ്ഞരയ്ക്കാർ ഗ്രഹിച്ചിരുന്നു" (എം ലീലാവതി, 2008:55). വസ്തുതർക്കത്തിന്റെ പേരിൽ മുതലാളിയും ശേഖരൻനായരും തമ്മിലുണ്ടാകുന്ന പകയാണ് അസുരവിത്തിൽ ഇരുമതസ്ഥരുടെ ലഹളകളായി മാറുന്നത്. പണ്ട് ലഹളക്കാരിൽ നിന്നും ആ നാടിനെ രക്ഷിച്ച ബാപ്പയുടെ പാരമ്പര്യം പുതിയകാലത്തെ മുതലാളിയ്ക്ക് നഷ്ടപ്പെടുന്നു. എന്നാൽ നൂറുപേർകൂടി ഒരു മനുഷ്യനെ തല്ലുന്നിടത്ത് തനിയ്ക്ക് കാര്യമുണ്ടെന്നു പറയുന്ന കുഞ്ഞരയ്ക്കാർ യഥാർത്ഥ വിശ്വാസിയുടെ പ്രതീകമായി മാറുന്നു.

'സുന്ദരികളും സുന്ദരന്മാരും' എന്ന ഉറൂബിന്റെ ഇതിഹാസസമാനമായ നോവലിലാണ് അനശ്വരനായ മറ്റൊരു മുസ്ലീം കഥാപാത്രം പ്രത്യക്ഷപ്പെടുന്നത്. രാമൻനായർക്കും കുടുംബത്തിനും രാമൻനായരുടെ മാതുലന്റെ വിലക്കു വകവെയ്ക്കാതെ അഭയംനൽകുന്നുണ്ട് ആ നോവലിലെ ഹാജിയാർ. ആ കഥാപാത്രത്തിന്റെ നന്മയും ശക്തിയും അദ്ദേഹത്തിന്റെ സംഭാഷണത്തിലെ രണ്ടു ഭാഗങ്ങളിൽ ദൃശ്യമാണ്. വേലുമ്മാൻ രാമൻനായർക്കു വീടുകൊടുക്കാതിരിയ്ക്കാൻ പ്രേരിപ്പിച്ചതിനു ശേഷം ഹാജിയാർ രാമൻനായരോട് പറയുന്നുണ്ട്. "ഇങ്ങക്ക് ബാക്ക് ഞമ്മള് തന്ന്. പിന്നെ ഉമ്മ ഞങ്ങളോട് പറഞ്ഞടക്കണത് 'മോനെ അനക്കു ബാപ്പ ഒന്നേള്ളൂ' എന്നാ." "ഇത്തിരി തീ മതി രാജ്യം മുഴുവൻ കത്താൻ" എന്നു പറയുന്ന വേലുമ്മാനോട് ഹാജിയാർ തിരിച്ചടിയ്ക്കുന്നത് "അത് ങ്ങളെ കാണുമ്പൊക്കെ ഞമ്മക്കും തോന്നാറുണ്ട്" എന്നാണ് (എം. ലീലാവതി, 2008:54-55).

ഹാജിയാരെ സൃഷ്ടിച്ച ഉറൂബ് തന്നെയാണ് ഉമ്മാച്ചുവെന്ന മലയാള സാഹിത്യത്തിലെ ഏറ്റവും ശക്തയായ മുസ്ലീം സ്ത്രീകഥാപാത്രത്തേയും സൃഷ്ടിയ്ക്കുന്നത്. ഉമ്മാച്ചുവിലേയ്ക്ക് വരുമ്പോൾ കേവല നന്മകളുടെ പ്രതിബിംബത്തെയല്ല, നവോത്ഥാനം മുന്നോട്ടുവെച്ച മനുഷ്യന്റെ ധാർമ്മികപ്രശ്നങ്ങളേയും സ്ത്രീ

സ്വാതന്ത്ര്യത്തിന്റെ സാക്ഷാത്കാരങ്ങളേയുമാണ് കാണാനാകുന്നത്. മായനെ സ്നേഹിയ്ക്കുകയും ബീരാനെ കല്യാണം കഴിയ്ക്കേണ്ടിവരികയും ചെയ്ത ഉമ്മാച്ചുവാണ് ഈ കഥയുടെ നട്ടെല്ല്. ബീരാന്റെ കരങ്ങൾ തന്നെ സ്പർശിയ്ക്കുമ്പോൾ പാമ്പുകൾ ചുറ്റിയിട്ടുണ്ടെന്നുതോന്നുന്ന ഉമ്മാച്ചുവിൽ അസംതൃപ്തമായ ദാമ്പത്യം തീർത്ത സ്വഭാവസവിശേഷതകൾ കാണാം. ഉമ്മാച്ചു ബീരാനെ അടക്കിഭരിയ്ക്കുന്ന ആജ്ഞാശക്തിയായി മാറുകയും മായൻ കിരാതനായൊരു മനുഷ്യന്റെ ക്രൂരതകൾ സ്വന്തമാക്കുകയും ചെയ്തു. മായൻ ബീരാനെ കൊന്നതറിഞ്ഞിട്ടും മായനൊപ്പം ജീവിതം തുടങ്ങുന്ന ഉമ്മാച്ചുവും തന്റെ പിതാവിന്റെ കൊലപാതകമറിഞ്ഞിട്ടും ഉമ്മയെ വെറുക്കാനാകാതെ ധർമ്മസങ്കടത്തിലാകുന്ന അബ്ദുവുമെല്ലാം നവോത്ഥാനകാലത്തെ മനുഷ്യധാർമ്മികതയെക്കുറിച്ചുള്ള ചോദ്യങ്ങളുടെ ഭാഗമാണ്. അപ്പോഴും തളർന്നു പോകാതെ പിടിച്ചുനിൽക്കുന്ന ഉമ്മാച്ചു സ്ത്രീശക്തിയുടെ അഭൗമപ്രതീകവും.

ജീവിതത്തിന്റെ ദുരിതയാഥാർത്ഥ്യങ്ങൾക്കു മുൻപിൽ പകച്ചിരുന്ന സ്ത്രീകളെ മാത്രം സമൂഹം സങ്കൽപിയ്ക്കുന്ന കാലത്ത് അതിനോട് സധൈര്യം എതിരിട്ട കഥാപാത്രസൃഷ്ടികളെ പൊന്നാനിക്കളരി സാധ്യമാക്കുന്നു. ഇടശ്ശേരിയുടെ പെങ്ങൾ അത്തരത്തിൽ ജീവിതത്തിന്റെ അതിസങ്കീർണമായൊരു ഘട്ടത്തിൽ ജീവിതാന്ത്യം പ്രതീക്ഷിയ്ക്കാതെ നിശ്ചയദാർഢ്യത്തോടെ തെരുവിലേയ്ക്കിറങ്ങുന്നവളാണ്.

> “തെരുവിൽക്കൂർത്ത ചരൽക്കല്ലുകളിൽ-
> ജ്ജീവിതരക്തം പാറ്റിക്കൊണ്ടവൾ
> കരുതിയിറങ്ങി, യൊരിയ്ക്കൽക്കൂടി-
> പ്പിന്തിരിയുകയാണവളുടെ നോട്ടം” (ഇടശ്ശേരി, 2012:326)

ശക്തമായ സ്ത്രീകഥാപാത്രങ്ങളെ സൃഷ്ടിയ്ക്കാൻ സാധിയ്ക്കുമ്പോഴും അവർക്കു വേണ്ടി ശബ്ദിയ്ക്കുമ്പോഴും സ്ത്രീകളായ എഴുത്തുകാർ വിരളമായിരുന്നുവെന്നത് ഈ കളരിയെ സംബന്ധിച്ച വലിയ വിമർശനമാണ്. പൊന്നാനിക്കളരിയിലെ ഏക എഴുത്തുകാരി എന്നു വിശേഷിപ്പിയ്ക്കാവുന്ന വ്യക്തിയാണ് കടവനാട് ആനന്ദവല്ലിയമ്മ. ആനന്ദവല്ലിയമ്മയുടെ ‘അഹല്യ’ ത്രേതായുഗത്തിലെ അഹല്യയുടെ മനോവ്യഥകളും പാതിവ്രത്യത്തിനോടുള്ള അവളുടെ പ്രതിഷേധങ്ങളും വരച്ചുകാട്ടുന്നു.

"യൗവ്വനം തീർത്തും പതിതൻ സചര്യയിൽ
നിർവ്യാജ മാഹൂതിചെയ്തൊരെനിക്കൊരു
ശാപമോ? എങ്കിൽ ശപിച്ചുതുലയ്ക്കേണ്ട-
താദ്ദേവരാജനെ നീചനെയല്ലയോ?
ദേവ ഞാൻ കേഴുന്നതീയപഖ്യാതിയിൽ-
തോരാത്ത കണ്ണീരിൽ നീറുന്ന ഞാനിനി-
പ്പോകുവാൻ തീർത്തും മടിക്കുന്നു ജീവിതം
നാരിയ്ക്കു നിത്യനരകമോ ശാപമോ?
അച്ഛന്റെയിംഗിതം പാലിക്കകാരണം
സ്വച്ഛതയില്ലാക്കളങ്കമായ്ത്തീർന്നു ഞാൻ!
അച്ഛനെൻ കണ്ണീർ തുടക്കാൻ തുനിഞ്ഞീല-
ദുഷ്ടൻ പതിയെ ശപിക്കാൻ മുതിർന്നില്ല
പാതിവ്രത്യത്തിൻ പുതുതാകുമർത്ഥമീ-
നാരിക്കു തീരാത്ത വേദനയെങ്കിലോ?
വീണ്ടുമഹല്യക്കു തൻശിലാരൂപത്തെ-
വീണ്ടു തന്നാലും നമിക്കുന്നതിന്നു ഞാൻ"

(കടവനാട് ആനന്ദവല്ലിയമ്മ, 2007:48)

പാതിവ്രത്യത്തിനും പതിയുടെ മഹത്വത്തിനും നേർക്ക് അഹല്യയുയർത്തിയ ചോദ്യങ്ങളെല്ലാം അന്നത്തെ കുടുംബബന്ധങ്ങളോട് നവോത്ഥാനാശയങ്ങൾ ഉന്നയിച്ച ചോദ്യങ്ങളുടെ തുടർച്ചയായിരുന്നു. അഹല്യ ത്രേതായുഗത്തിലാണെങ്കിൽ കലിയുഗത്തിലെ സ്ത്രീമാതൃകകൾ മാറുകയാണെന്നും കവിത പറയുന്നുണ്ട്. വരുംകാല താത്രിമാർ നിങ്ങളുടെ സ്മാർത്തവിചാരങ്ങൾക്ക് വിധേയരാകില്ലെന്നും അതിനു തുനിഞ്ഞാൽ നിങ്ങളുടെ മസ്തകത്തിന്മേൽ കയറി നൃത്തംചവിട്ടുന്നവരുടെ തലമുറ വരുന്നുണ്ടെന്നും ആനന്ദവല്ലിയമ്മ പ്രത്യാശിയ്ക്കുന്നു.

"തട്ടിയെടുക്കലും വാണിഭംവെക്കലു
മൊക്കെയെതിർക്കു മഹല്യമാർപാരിതിൽ

സംഘടിച്ചീടുമി ചട്ടങ്ങൾ മാറ്റുവാൻ–
അംഗനമാർ വിലപേശീടും കൂട്ടമായ്
സ്മാർത്തവിചാരം നടത്തുന്നദിവ്യൻമാ–
രാർത്തരായ് ചൂടും പുകയും വമിച്ചീടും
താഴുമാമസ്തകത്തിൻ മേൽക്കരേറിനി–
ന്നാനന്ദ നൃത്തം ചവിട്ടീടും 'താത്രി'മാർ"

(കടവനാട് ആനന്ദവല്ലിയമ്മ, 2007:49)

ഇരുപതാംനൂറ്റാണ്ടിന്റെ മധ്യകാലത്തിലാണ് പൊന്നാനിക്കളരി സജീവമാകുന്നത്. ആ കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു അതിന്റെ സോഷ്യലിസ്റ്റ് അനുഭാവം. തൊഴിലാളികളെക്കുറിച്ചും മുതലാളിത്തത്തിന്റെ അർത്ഥശൂന്യതയക്കുറിച്ചുമെല്ലാം കമ്മ്യൂണിസ്റ്റുകൾ സംസാരിച്ചപ്പോൾ പൊന്നാനിക്കളരിയും അതിനോടു ചേർന്നുനിന്നു. പൊന്നാനിക്കളരിയിലെ പ്രധാനിയായ ഇടശ്ശേരിയുടെ കവിതകളിൽ ഈ വർഗബോധം പ്രത്യക്ഷത്തിൽതന്നെ കാണാം. വിത്തിറക്കുന്ന തൊഴിലാളിയും വിളകൊയ്യുന്ന മുതലാളിയും മലയാളസാഹിത്യത്തിൽ എത്രതന്നെ വന്നുപോയതാണെങ്കിലും ജന്മിത്വം ജനാധിപത്യത്തിനു വഴിമാറിയ കാലത്ത് വിളകൊയ്യാൻ എത്തുന്ന കോടതി ആമീനിനെ ഇടശ്ശേരി സൃഷ്ടിച്ചപ്പോൾ അത് പുതിയൊരു ലോകയാഥാർത്ഥ്യത്തെ തുറന്നുകാട്ടി.

"കോമൻപൂട്ടി വിതച്ചതീ പാടം
കോമൻ പൊൻവിളയിച്ചതിപ്പാടം
ആരേകൊയ്ത്തു കഴിച്ചതീയാണ്ടിൽ
കോമൻ വിളയിച്ച പൊന്നാര്യൻ?
കോമനുമല്ല പണിക്കാരും– ഒരു
കോടതിയാമീനുമാൾക്കാരും " (ഇടശ്ശേരി, 2012:252)

പുന്നെല്ലരി വരുന്നതും പ്രതീക്ഷിച്ച് വാങ്ങിവെച്ച പുത്തൻകലവും കൊയ്യാനൊരുക്കിയ അരിവാളും മാത്രം കവിതയിൽ ബാക്കിയാകുമ്പോൾ ജീവിതാന്ത്യംവരെ ഗാന്ധിയനായിത്തുടർന്ന ഇടശ്ശേരി ഇപ്രകാരം പറയുന്നു:

"അധികാരം കൊയ്യണമാദ്യംനാം

അതിനുമേലാകട്ടെ പൊന്നാര്യൻ" (ഇടശ്ശേരി, 2012:254)

യന്ത്രവത്കരണം തൊഴിലില്ലാതാക്കിയ നെല്ലുകുത്തുകാരി പാറുവിനെക്കുറിച്ചുള്ള കവിത മുതലാളിത്തആധുനികത അരികുവത്കരിയ്ക്കുന്ന സാധാരണക്കാരുടെ പ്രതീകമാണ്. മില്ലുകൾ നെല്ലുകുത്തിനെ പുറംതള്ളിയപ്പോൾ തൊഴിലില്ലാതായവരെ ക്കുറിച്ചുള്ള ആകുലതയ്ക്ക് ഒരേസമയം ഗാന്ധിസത്തിന്റേയും സോഷ്യലിസത്തിന്റേയും ഭാവങ്ങളുണ്ട്.

"... ഇല്ല, സാധു-

ജന്തുവിൻ കണ്ണീരിന്നുകാരണം മറ്റൊന്നത്രേ

നെല്ലുകുത്തുവാനില്ലേ മേലിലങ്ങത്രേ, റൈസു-

മില്ലുതാൻ സ്ഥാപിച്ചത്രേ തന്റെ കൊച്ചെജമാനൻ

എന്തൊരു ലാഭം നാട്ടാർ, ക്കെന്തെളുപ്പവുമായീ.

സ്വന്തമാമരിമില്ലിലമ്മയ്ക്കെന്തഭിമാനം!

ആയിരക്കണക്കിനു വെള്ളിക്കാശിങ്ങെത്തുമ്പോൾ

വാലിയക്കാരത്തിതൻ കണ്ണീരോ കിടങ്ങാവാൻ"

(ഇടശ്ശേരി, 2012:394)

മുന്നേറിക്കൊണ്ടിരിയ്ക്കുന്ന യന്ത്രയുഗത്തെ ആവശ്യത്തിലധികം സ്വാഗതം ചെയ്യുന്ന ഒരാളല്ല താനെന്ന മുഖവുരയോടെത്തന്നെയാണ് ഇടശ്ശേരി ഈ കവിതയെഴുതുന്നത്. ഗ്രാമങ്ങൾ നഗരങ്ങൾക്കു വഴിമാറുന്ന പുതിയകാലത്തെക്കുറിച്ച് ആശങ്കപ്പെടുന്ന വള്ളത്തോളിന്റേയും കുറ്റിപ്പുറത്ത് കേശവൻനായരുടേയും പാത തന്നെ ഇവിടെ ഇടശ്ശേരിയും സ്വീകരിയ്ക്കുന്നു. പുതിയ ഫാക്ടറികളും ഫാക്ടറി മുതലാളിമാരും ജന്മിത്വത്തിന്റെ ക്രൂരതകളിൽ നിന്നും ഒട്ടും വിഭിന്നമല്ലെന്ന തിരിച്ചറിവ് ഇടശ്ശേരി പണിമുടക്കമെന്ന കവിതയിൽ പ്രകടിപ്പിയ്ക്കുന്നുണ്ട്. പണിമുടക്കുന്ന തൊഴിലാളിയുടെ കുടുംബത്തിൽ മക്കളോരോരോന്നായി മരിച്ചുവീഴുന്നതും പുത്രഭാഗ്യത്തിനായി മുതലാളി യാഗം നടത്തുന്നതുമായ ദ്വന്ദ്വം ഈ കവിതയെ ഹൃദയസ്പർശിയാക്കുന്നു. എന്നാൽ അതിനേക്കാളെല്ലാം തൊഴിലാളിയുടെ സമരവീര്യത്തെ പണിമുടക്കം പ്രകീർത്തിയ്ക്കുന്നു.

"തുണിനെയ്യുംമില്ലിൽ പണിമുടക്കം
തൊഴിലാളിക്കെന്നും സുദൃഢമൈക്യം
ഒരു മാസമുന്തിയ കൈയ്ക്കൊരാക്കം
വരുമാറു വേർപ്പു തുടച്ച തക്കം
നയവലയത്തെപ്പൊളിച്ചകറ്റി-
ക്കയറിപ്പോയ് മില്ലിൽക്കരിങ്കാലികൾ
തൊഴിലാളി തൂകിയ കണ്ണുനീരിൻ
പുളിനക്കിനൊട്ടും കരിങ്കാലികൾ
തടയാനിറങ്ങിയോർക്കെല്ലൊടിഞ്ഞു
പടയായി ലാത്തിയും തോക്കുമായി" (ഇടശ്ശേരി, 2012:242)

ഫാക്ടറിയിലെ തൊഴിൽമുടക്കത്തോട് ഐക്യപ്പെടുമ്പോഴും യന്ത്രവത്കരണം തൊഴിലില്ലാതാക്കുന്ന സാധാരണക്കാരോട് ചേർന്നുനിൽക്കാൻ ശ്രമിയ്ക്കുമ്പോഴും അടിസ്ഥാനപരമായി ഇടശ്ശേരിക്കവിതകൾ ഒരു കാർഷികപ്രധാനമായ സമൂഹത്തെയാണ് പ്രതിഫലിപ്പിയ്ക്കുന്നത്. ഗ്രാമത്തോടും കൃഷിക്കാരോടുമുള്ള മമതയും നഗരത്തേയും നാഗരികയുക്തിയേയും ചൊല്ലിയുള്ള ആകുലതകളും മലയാളസാഹിത്യത്തിൽ ഏക്കാലവും നിറഞ്ഞുനിൽക്കുന്ന ഒന്നാണ്. പൊന്നാനിക്കളരിയിലെ എഴുത്തുകാരും നാഗരികനായ പുതിയകാല മനുഷ്യന്റെ നേരെ മാനുഷികതയെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉന്നയിക്കുന്നു.

"മലയാളത്തിൻ വള്ളിപോലെ, വളവാർന്നു
വയലിൽക്കുണ്ട കോരും കോരനെക്കണ്ടാലും നീ!
ബോസ്റ്റണിൽ സ്ഫടികത്തിലാക്കിയ സ്കെൽട്ടന്നിത്ര
വ്യക്തമായെല്ലും പല്ലും തുറിച്ചിട്ടുണ്ടോ? ചൊൽക
കുമ്പിളിൽക്കഞ്ഞി മോന്തും പതിതപാരമ്പര്യ-
സ്റ്റാമ്പിളിൻ മുമ്പിൽ, തലയുണ്ടെങ്കിൽ, താഴ്ത്തൂ താങ്കൾ"

(എം. ഗോവിന്ദൻ, 2017:26)

എന്ന പൊന്നാനിക്കാരന്റെ മനോരാജ്യത്തിലെ വരികളിൽ കാർഷികസമൂഹത്തിന്റെ

ദൈന്യതകൾ മാത്രമല്ല, അതിനോട് സഹതപിയ്ക്കാൻ പോലും കഴിയാത്ത നാഗരികമനുഷ്യനോടുള്ള അവജ്ഞയും പ്രകടമാണ്. പൊന്നാനിക്കളരിയുടെ സ്വത്വം ധാർമികതയാണെന്നു പറയുമ്പോൾ വേദനയനുഭവിക്കുന്ന മനുഷ്യനോടെല്ലാം ചേർന്നുനിൽക്കാനും ഒന്നിച്ചുനിന്ന് അതിനെ തരണം ചെയ്യാനുമാണ് ഈ കളരിയുടെ ഭാഗമായ സാഹിത്യകാരന്മാരെല്ലാം ആഹ്വാനം ചെയ്തത്. നിളയുടെ തീരത്തെ കാർഷികപ്രധാനമായ, കേരളത്തിലെ മാപ്പിളസംസ്കാരത്തിന്റെ കേന്ദ്രസ്ഥാനത്തു നിൽക്കുന്ന, മതേതരത്വത്തിനും മാനവികതയ്ക്കും പ്രാധാന്യം കൽപ്പിച്ച ഒരു ദേശവുമായുള്ള ജൈവികബന്ധവും വള്ളത്തോളും നാലപ്പാട്ടും ഇടശ്ശേരിയും പോലുള്ള ജനകീയരായ എഴുത്തുകാർ നേതൃത്വം നൽകിയ സംഘബോധവുമെല്ലാമാണ് പൊന്നാനിക്കളരിയുടെ ശരീരമായി വർത്തിയ്ക്കുന്നത്. മേൽപ്പറഞ്ഞ ഘടകങ്ങളോടെല്ലാമുള്ള പൊന്നാനിക്കാരന്റെ അഭിവാഞ്ഛകൾ എം. ഗോവിന്ദന്റെ പൊന്നാനിക്കാരന്റെ മനോരാജ്യത്തിൽ ദൃശ്യമാകുന്നു.

> "ആരെ നാമേൽപിക്കുമീക്കാര്യങ്ങൾ ഇടശ്ശേരി
> ഗോവിന്ദൻ നായരില്ലേ ഈഴവത്തുരുത്തിയിൽ?
> സങ്കട ഹരജിയാലല്ലാഹു ഹാജരായി-എന്നാലോ?
> "കൂട്ടായ്ക്കൃഷി ചെയ്തൂടേ ദുനിയാവിൽ!"
> എങ്കിലങ്ങിനെത്തന്നെ, യത്തീർപ്പിനപ്പീലുണ്ടോ?
> ഞങ്ങളേവരുമേകലോകക്കാർ-പൊന്നാനിക്കാർ!"

(എം. ഗോവിന്ദൻ, 2017:36)

### 6.1.3 പൊന്നാനിയിലെ നാടകപ്രസ്ഥാനം

> "കത്തിടും വിശപ്പിലും കരുവാളിച്ചീടാതെ
> വിത്തിങ്ങു കതിരായി, മിച്ചമാം വിളവായി.
> ഇവിടെക്കടുംകൃഷി കവിത, വേനൽക്കാല-
> വിള നാടകം, കണി വെള്ളരിയാഖ്യായിക!
> ഏട്ടയും സ്രാവും കുട്ടൻകോരയും കടലിലും;
> ഏട്ടിലും കരളിലും കാവ്യവും കഥകളും!"

(എം. ഗോവിന്ദൻ, 2017:28)

എന്നു പൊന്നാനിക്കാരന്റെ സാഹിത്യപാരമ്പര്യത്തെ എം ഗോവിന്ദന്റെ 'പൊന്നാനിക്കാരന്റെ മനോരാജ്യം' എന്ന കവിതയിൽ വരച്ചുകാട്ടുന്നുണ്ട്. കൊയ്ത്തു കഴിഞ്ഞ പാടത്ത് സ്റ്റേജ് കെട്ടി നാടകംകളിയ്ക്കുന്നതാകാം വേനൽക്കാലത്തെ നാടകം എന്നതുകൊണ്ടുദ്ദേശിയ്ക്കുന്നത്. എന്നാൽ പൊന്നാനിക്കാരെ സംബന്ധിച്ചിടത്തോളം നാടകം എന്നത് കലാപ്രവർത്തനത്തോളം തന്നെ രാഷ്ട്രീയപ്രവർത്തനം കൂടിയായിരുന്നു. കേരളത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടി ശക്തിപ്രാപിച്ച് തുടങ്ങുന്നതിനൊപ്പമാണ് മലബാറിലെ നാടകങ്ങളും ശക്തിപ്പെടുന്നത്. നാടകങ്ങൾ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തേയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ നാടകത്തേയും ശക്തമാക്കി എന്നതായിരിക്കും കൂടുതൽ ശരി. നവോത്ഥാന പ്രസ്ഥാനങ്ങളും അതിന്റെ പ്രവർത്തനത്തിനായി നാടകത്തെ ആശ്രയിച്ചു.

കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ രൂപീകരണത്തോടെ കർഷകപ്രസ്ഥാനങ്ങൾ സജീവമായിത്തുടങ്ങുന്ന കാലത്താണ് 1937-ലെ പൊന്നാനിത്താലൂക്ക് കർഷക സംഘത്തിന്റെ സമ്മേളനത്തിൽ അവതരിപ്പിയ്ക്കാനായി 'പാട്ടബാക്കി' എന്ന നാടകം രചിയ്ക്കുന്നത്. കർഷകരുടെ ജീവിതാനുഭവങ്ങളുമായി ചേർന്നുനിൽക്കുന്ന ഒരു നാടകം രചിയ്ക്കണമെന്ന ഇ എം എസ്സിന്റെ ആവശ്യപ്രകാരം കെ ദാമോദരനാണ് ഈ നാടകം രചിയ്ക്കുന്നത്. പുരാണ-പുരാവൃത്തങ്ങൾ അധികരിച്ചുള്ള സംഗീത നാടകങ്ങളായിരുന്നു മലയാളിയ്ക്ക് മുൻപരിചയമുള്ള നാടകരൂപം. രൂപത്തിൽ വലിയ പരിണാമങ്ങളുണ്ടായില്ലെങ്കിലും വിഷയങ്ങളിൽ മാറ്റം സൃഷ്ടിച്ചുകൊണ്ട് സ്വാതന്ത്ര്യ സമരകാലത്ത് ധാരാളം നാടകങ്ങൾ രചിയ്ക്കപ്പെട്ടു. കുറച്ചുകൂടി ജനകീയ മുഖമുള്ള നാടകങ്ങൾ വരുന്നത് പിൽക്കാലത്ത് വീട്ടകനാടകങ്ങളുടെ രൂപത്തിലാണ്. യോഗക്ഷേമസഭാനാടകങ്ങൾക്കും ഈ വീട്ടകനാടകങ്ങളുടെ സ്വഭാവമുണ്ടായിരുന്നു. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായി സമൂഹത്തിലെ വിവിധതാൽപര്യങ്ങൾ പ്രതിഫലിയ്ക്കുന്നതും അവരോട് ആശയങ്ങൾ സംവദിയ്ക്കാൻ സാധിയ്ക്കുന്നതുമായ നാടകങ്ങൾ സൃഷ്ടിയ്ക്കപ്പെടണമെന്ന ചരിത്രപരമായ ആവശ്യങ്ങളാണ് പാട്ടബാക്കിയെ സൃഷ്ടിയ്ക്കുന്നത്. പാട്ടബാക്കിയ്ക്കു മുൻപേ രചിക്കപ്പെട്ട 'അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്' പോലുള്ള നാടകങ്ങളുടെ സ്വാധീനവും തീർച്ചയായും പാട്ട

ബാക്കിയിലുണ്ടായിരുന്നു. എന്നിരുന്നാലും കേരളത്തിലെ പ്രതിജ്ഞാബദ്ധ നാടകങ്ങളുടെ തുടക്കം എന്നു വിശേഷിപ്പിയ്ക്കാവുന്ന നാടകമായിരുന്നു പാട്ടബാക്കി.

വ്യവസായത്തൊഴിലാളിയായ കിട്ടുണ്ണിയുടെ കഥയാണ് പാട്ടബാക്കി. കിട്ടുണ്ണി, കിട്ടുണ്ണിയുടെ അമ്മ, സഹോദരിയായ കുഞ്ഞിമാളു, ബാലനെന്ന അനുജൻ എന്നിവരുടെ ദുരിതജീവിതമാണ് പാട്ടബാക്കിയുടെ ഇതിവൃത്തം. പാട്ടബാക്കി പിരിയ്ക്കാൻ വരുന്ന ജന്മിയുടെ കാര്യസ്ഥനും കടംപിരിയ്ക്കാൻ വരുന്ന അവറാനെന്ന പലചരക്കുകാരനും ഈ ദാരിദ്ര്യത്തെ തുറന്നുകാണിയ്ക്കുന്നു. വിശപ്പു സഹിയ്ക്കാനാകാതെ അരി മോഷ്ടിച്ചു ജയിലിൽ പോകുന്ന കിട്ടുണ്ണി, നാലപ്പാട്ട് നാരായണമേനോൻ മലയാളിയ്ക്ക് പരിചയപ്പെടുത്തിയ പാവങ്ങളിലെ ഴാങ്‌വാൽഴാങിനെ ഓർമ്മപ്പെടുത്തുന്നു. കുടിയിറയ്ക്കപ്പെട്ട് വഴിയിൽവെച്ചുമരിയ്ക്കുന്ന അമ്മയും നഗരത്തിലെ വേശ്യാലയത്തിലെത്തുന്ന കുഞ്ഞിമാളുവും ദാരിദ്ര്യത്തിന്റെ തീവ്രത വർദ്ധിപ്പിയ്ക്കുന്നു. ജയിലിൽവെച്ച് കിട്ടുണ്ണിയ്ക്ക് സോഷ്യലിസത്തെക്കുറിച്ച് പറഞ്ഞുകൊടുക്കുന്ന മുഹമ്മദ് എന്നു പേരായ സുഹൃത്തും സോഷ്യലിസത്തേയും തൊഴിലാളിസംഘടനകളേയും നശിപ്പിക്കാൻ മുതലാളിയെ സഹായിയ്ക്കുന്ന എഴുത്തുകാരനായ സുഹൃത്തും നാടകത്തിലെ രണ്ട് വിപരീതപ്രത്യയശാസ്ത്രങ്ങളുടെ വക്താക്കളാണ്. ജയിൽമോചിതനാകുന്ന കിട്ടുണ്ണി വിമോചനസ്വഭാവമുള്ള രാഷ്ട്രീയത്തിലേയ്ക്ക് മറ്റുള്ളവരെ വിളിക്കുന്നിടത്ത് നാടകം അവസാനിയ്ക്കുന്നു.

കർഷകരുടെ കഥ നാടകമാക്കണമെന്നു പറയുമ്പോഴും പാട്ടബാക്കിയെന്ന പദത്തിനപ്പുറം നാടകത്തിന് കർഷകരുമായോ ഗ്രാമാന്തരീക്ഷവുമായോ ബന്ധങ്ങളില്ല. വ്യവസായശാലയും പലചരക്കുകടയും ജയിലും മുതലാളിയുടെ വീടും വേശ്യാലയവുമെല്ലാം നഗരസ്വഭാവമുള്ള സ്ഥലങ്ങളാണ്. വ്യവസായവിപ്ലവാനന്തരമുള്ള യൂറോപ്യൻ മുതലാളിത്തത്തെ ഇന്ത്യൻ സാഹചര്യത്തിലേയ്ക്ക് പുനഃക്രമീകരിയ്ക്കാൻ കഴിയാതെവന്നു എന്നത് ഈ നാടകത്തിന്റെ ഒരു പോരായ്മയായി പറയാം. എന്നാൽ മുതലാളിത്ത ചൂഷണത്തിന്റെ കൂടുതൽ വലിയൊരു ലോകത്തെ മലയാളിയ്ക്കു മുൻപിൽ അവതരിപ്പിച്ച ഔന്നത്യമായും ഇതിനെ വായിയ്ക്കാനാകും. നാടകത്തിന്റെ

ഇതിവൃത്തത്തിനേക്കാൾ അതിലെ കഥാപാത്രങ്ങളാണ് കൂടുതൽ ശ്രദ്ധേയമായിട്ടുള്ളത്. പൊന്നാനിയിലെ സാഹിത്യങ്ങളിലെല്ലാം പ്രത്യക്ഷപ്പെടുന്ന നല്ല സുഹൃത്തായ മുസ്ലീം ഇവിടേയും വരുന്നുണ്ട്. കിട്ടുണ്ണിയ്ക്ക് സോഷ്യലിസത്തെക്കുറിച്ച് കൃത്യമായ അറിവുകൾ നൽകുന്നത് ഈ കൂട്ടുകാരനാണ്. തൊഴിൽമുടക്കങ്ങളെ വിമർശിച്ച് മുതലാളിയുടെ സുഹൃത്ത് ഒരു ലേഖനം നൽകിയപ്പോൾ അത് കമ്പോസ് ചെയ്യാൻ മടിയ്ക്കുന്ന കമ്പോസറാണ് ശക്തനായ മറ്റൊരു കഥാപാത്രം. വർഗബോധമെന്ന ആശയത്തെ, ജാതിയാൽ വിഘടിച്ചുനിന്നിരുന്ന കേരളത്തിലെ തൊഴിലാളികൾക്കു മുൻപിൽ അവതരിപ്പിയ്ക്കുകയാണ് ഈ കഥാപാത്രം. സോഷ്യലിസത്തെക്കുറിച്ച് ലേഖനങ്ങളെഴുതുന്ന എഴുത്തുകാരനായ സുഹൃത്ത് വലതുപക്ഷയുക്തികൾക്കൊപ്പം നിൽക്കുന്ന ബുദ്ധിജീവിവർഗത്തെ പ്രതിനിധീകരിയ്ക്കുന്നു. മോഷണവും വ്യഭിചാരവും പോലുള്ള അസന്മാർഗികപ്രവൃത്തികളെ മുതലാളിത്ത വ്യവസ്ഥ അടിച്ചേൽപ്പിയ്ക്കുന്ന അധഃപ്പതനങ്ങളെന്ന രീതിയിൽ ചേദ്യംചെയ്യാനും ഈ നാടകത്തിനു സാധിയ്ക്കുന്നുണ്ട്. പിൽക്കാല കമ്മ്യൂണിസ്റ്റ് നാടകങ്ങളിലെല്ലാം കാണുന്ന സമരാഹ്വാനങ്ങളും ദുരിതജീവിതത്തിന്റെ നേർക്കാഴ്ചകളും മാറ്റിവെച്ചാൽ വർത്തമാനകാലലോകത്തെ സംബന്ധിച്ച വിചാരങ്ങൾക്കും വിശകലനങ്ങൾക്കും വഴിവെയ്ക്കുന്നു എന്നതായിരുന്നു പാട്ടബാക്കിയുടെ പ്രത്യേകത. ആശയ പ്രചാരണമെന്ന നാടകധർമ്മം പ്രസക്തമാകുന്നത് ഇവിടം മുതലാണ്.

പാട്ടബാക്കിയുടെ അവതരണം വ്യത്യസ്തസംഘങ്ങളിലായി ചെറുഗ്രാമങ്ങളിലേയ്ക്ക് വ്യാപിച്ചതോടെയാണ് മലബാറിലെ ഗ്രാമങ്ങളിലെല്ലാം ഗ്രാമീണനാടകസംഘങ്ങളും കലാസമിതികളും രൂപപ്പെട്ടുതുടങ്ങുന്നത്. എന്നാൽ പൊന്നാനിയിലെ പ്രാദേശികകലാസമിതികളുടെ പ്രവർത്തനങ്ങൾ സജീവമാകുന്നത് 1949-ലെ പൊന്നാനിത്താലൂക്ക് കേന്ദ്രകലാസമിതിയുടെ രൂപീകരണത്തോടെയാണ്. “സാംസ്കാരികപ്രവർത്തനവും രാഷ്ട്രീയപ്രവർത്തനവും പരസ്പരംസഹകരിച്ച് മുന്നോട്ട് പോയിരുന്ന സുവർണകാലഘട്ടമായിരുന്നു അത്. 1948-51 കാലത്ത് കമ്മ്യൂണിസ്റ്റ്പാർട്ടി നിരോധിയ്ക്കപ്പെട്ടപ്പോൾ സാംസ്കാരികരംഗത്തും ഒരു നിർജ്ജീവാവസ്ഥയുണ്ടായി. ഈ സാഹചര്യത്തിലാണ് കലാതത്പരരായ കുറേ ചെറുപ്പക്കാരും പ്രമുഖവ്യക്തികളും

ചേർന്ന് പൊന്നാനിത്താലൂക്ക് കേന്ദ്രകലാസമിതി രൂപീകരിയ്ക്കുന്നത്" (ബഷീർ ചുങ്കത്തറ, 2014:96). പൊന്നാനിക്കളരിയിലെ എഴുത്തുകാർ തന്നെയായിരുന്നു ഇതിന്റെ പ്രവർത്തകരിലേറെയും. നേതൃത്വത്തിൽ പൊന്നാനിക്കളരിയിലെ പ്രധാനികളായ ഇടശ്ശേരിയും അക്കിത്തവും. ഇടശ്ശേരിയുടെ കൂട്ടുകൃഷി എന്ന നാടകം എഴുതി അവതരിപ്പിയ്ക്കുന്നത് കേന്ദ്രകലാസമിതിയുടെ ഉദ്ഘാടനത്തിനോടനുബന്ധിച്ചാണ്.

"കവിതയിൽ ചെയ്തതുതന്നെയാണ് ഒരർത്ഥത്തിൽ ഇടശ്ശേരി നാടകത്തിലും ചെയ്തത്. പൊന്നാനിയെ ജീവിതസ്ഥലമായി കാണുക-അവിടത്തെ മാതൃകകൾ കൊണ്ട് സംഘർഷമുണ്ടാക്കുക-അതുവഴി ചില തത്വങ്ങൾക്കു സ്വയം വളരാൻ സാഹചര്യ-മൊരുക്കുക" (ഇ.പി.രാജഗോപാലൻ, 2013:82). പാട്ടബാക്കിയിലേതു പോലുള്ള ആശയ പ്രചാരകർ കൂട്ടുകൃഷിയിൽ കടന്നുവരുന്നില്ല. ഒന്നിച്ചു കൃഷി ചെയ്യുന്നതിലൂടെയാണ് രാമൻനായരെന്ന പഴയ ജന്മികുടുംബാംഗവും വേലുവെന്ന കർഷകത്തൊഴിലാളിയും അബൂബക്കറെന്ന കൃഷിക്കാരനും പുതിയ ആശയങ്ങളെ സ്വാംശീകരിയ്ക്കുന്നത്. ആയിഷയും സുകുമാരനും തമ്മിൽ പ്രണയത്തിലാകുന്നതും ഒന്നിച്ചുള്ള കൃഷിയോടൊപ്പമാണ്. കൂട്ടുകൃഷിയിൽ കാർഷികാധ്വാനം ഒറ്റയ്ക്കുതന്നെ ഒരു മതമാകുന്നെന്നാണ് ഇ.പി.രാജഗോപാലൻ നിരീക്ഷിയ്ക്കുന്നത് (ഇ.പി. രാജഗോപാലൻ, 2013:87).

എം.ടി.യുടെ അസുരവിത്തിലേതിനു സമാനമായി ധനികത്വവും വർഗീയതയുമായുള്ള അനിഷേധ്യമായ ബന്ധവും കൂട്ടുകൃഷിയിൽ കാണാനാകും. ഭൂവുടമയായ പോക്കറുടെ ലക്ഷ്യം വർഗീയതവഴി കൂട്ടായ അധ്വാനത്തെ തകർക്കലും അതുവഴി തന്റെ ഭൂമിയുടെ പ്രാധാന്യം വർദ്ധിപ്പിയ്ക്കലുമാണ്. ഇതിൽ അകപ്പെട്ട് വർഗീയവത്കരിയ്ക്കപ്പെടുന്ന കഥാപാത്രങ്ങളും നാടകത്തിലുണ്ട്. എന്നാൽ കൂട്ടായി തൊഴിലെടുക്കുന്നതിലൂടെ ചിലർ ഇതിനെ അതിജീവിയ്ക്കുന്നു. കുടിയാന്മാർ മാപ്പിളമാരായിരുന്നെങ്കിൽ അവർ അധ്വാനിച്ചിട്ടാണ് ഇത്രയും കാലം ഹിന്ദുക്കളെ പോറ്റിയിരുന്നതെന്ന് കൂട്ടുകൃഷിയിലെ ശ്രീധരൻനായർ പറയുമ്പോൾ അത് പ്രധാനമായും വർഗീയതയ്ക്കപ്പുറം അധ്വാനത്തിന്റെ വിലയെയാണ് അടയാളപ്പെടുത്തുന്നത്.

ഭൂവുടമയുടെ അധികാരത്തിന്റെ പ്രതിനിധിയായി കടന്നുവരാറുള്ള ആമീനും

കൂട്ടുകൃഷിയിൽ വ്യത്യസ്തനായൊരു കഥാപാത്രമായാണ് മാറുന്നത്. അബൂബക്കറെ തറവാട്ടിലേക്കു കൂട്ടിക്കൊണ്ടുപോകാൻ ശ്രീധരൻനായർ പരിശ്രമിയ്ക്കുമ്പോൾ ആമീൻ അതിനെ അഭിനന്ദിയ്ക്കുന്നു. കമ്പോസിങ്ങിനു തയ്യാറാകാതിരുന്ന കമ്പോസറെപ്പോലെ ഇവിടെ ആമീനും ന്യായത്തിനൊപ്പം തൊഴിൽബന്ധനങ്ങൾക്ക് അതീതനായി ചിന്തിയ്ക്കുന്നു. ഇടശ്ശേരി മെനഞ്ഞെടുത്ത വർഗബോധത്തിന്റെ പ്രതിനിധികളാണ് ഈ കഥാപാത്രങ്ങൾ.

കേന്ദ്രകലാസമിതി പൊന്നാനിയിലവതരിപ്പിച്ച മറ്റുരണ്ട് പ്രധാന നാടകങ്ങളായിരുന്നു എം ഗോവിന്ദന്റെ 'നീ മനുഷ്യനെ കൊല്ലരുത്', പി. കെ. മുഹമ്മദ് കുഞ്ഞിയുടെ 'മ്മീം മോളും' എന്നിവ. കേരളത്തിലെ റാഡിക്കൽ ഹ്യുമനിസത്തിന്റെ വക്താവായാണ് എം ഗോവിന്ദൻ അറിയപ്പെടുന്നത്. കേരളത്തിലെ നവോത്ഥാന ശ്രമങ്ങളെല്ലാം ജാതിനവോത്ഥാനത്തിന്റെ വഴികളാകയാൽ നമ്പൂതിരിയുടേയും ഈഴവരുടേയും നായന്മാരുടേയും മാപ്പിളമാരുടേയും നവോത്ഥാനങ്ങളും അവിടത്തെ സ്ത്രീപ്രശ്നങ്ങളും ചർച്ചചെയ്യപ്പെട്ടിരുന്ന കാലത്താണ് എം ഗോവിന്ദൻ കുറച്ചുകൂടി വിശാലമായ മനുഷ്യൻ എന്ന ആശയത്തെ അവതരിപ്പിയ്ക്കുന്നത്.[4] 'നീ മനുഷ്യനെ കൊല്ലരുത്' എന്നത് ഒരു യുദ്ധവിരുദ്ധ നാടകമായിരുന്നു. യുദ്ധവിരുദ്ധസാഹിത്യങ്ങൾക്ക് വലിയ സ്വീകാര്യതയൊന്നും ലഭിച്ചു തുടങ്ങിയിട്ടില്ലാത്ത കാലഘട്ടത്തിലാണ് ഈ നാടകം അവതരിപ്പിയ്ക്കപ്പെടുന്നത്.

പെരുമാക്കന്മാരുടെ സേനാപതിയായ മാനവിക്രമന് കോഴികൂവിയാൽ കേൾക്കുന്ന ചുള്ളിക്കാടും വെട്ടിയും കൊന്നും പിടിച്ചടക്കുവാൻ പടവാളും സമ്മാനിച്ച് പെരുമാൾ പോകുന്നതായുള്ള നിഴലങ്കത്തോടെയാണ് നാടകം ആരംഭിയ്ക്കുന്നത്. ആ മാനവിക്രമന്റെ പിൻതുടർച്ച അവകാശപ്പെടുന്ന വ്യക്തിയാണ് കഥയിലെ കേന്ദ്രകഥാപാത്രമായ അധികാരി. യുദ്ധത്തിലേക്ക് ആളെയന്വേഷിക്കുന്ന വേളയിൽ തന്റെ ഒരു മകനെ യുദ്ധത്തിൽ നഷ്ടപ്പെട്ടിട്ടുള്ള അധികാരി രണ്ടാമത്തെ മകനേയും പട്ടാളത്തിൽ ചേർക്കാൻ ഒരുങ്ങുകയാണ്. യുദ്ധത്തോടും പാരമ്പര്യത്തോടുമുള്ള അമിതാസക്തി കാരണം പറമ്പുനോക്കാൻ അധികാരി നിയമിയ്ക്കുന്ന കാര്യസ്ഥനാണ് നാടകത്തിലെ

വഴിത്തിരിവാകുന്ന കഥാപാത്രം. മനുഷ്യനെ കൊന്ന് മടുത്ത അധികാരിയുടെ മൂത്തമകൻ തനിക്കിനി മനുഷ്യനെ കൊല്ലാനാകില്ലെന്നു പറഞ്ഞ് തോക്കുപേക്ഷിയ്ക്കുമ്പോൾ പട്ടാളമേധാവികളെല്ലാം കൂടി അദ്ദേഹത്തെ കൊല്ലുകയായിരുന്നെന്ന് പട്ടാളത്തിൽ നിന്നും വിരമിച്ച കാര്യസ്ഥൻ പറഞ്ഞു കൊടുക്കുന്നു. പിന്നാലെ കാര്യസ്ഥൻ തന്റെ പുത്രിയെ ഗർഭംധരിപ്പിച്ചെന്ന വാർത്ത അയാളുടെ തറവാടിത്തഘോഷണങ്ങളേയും തകർത്തുകളയുന്നു. ഒടുവിൽ തോക്കുപേക്ഷിച്ച് താൻ ഇനി ആരേയും കൊല്ലില്ലെന്നു തീരുമാനിയ്ക്കുന്ന അധികാരിയിലാണ് നീ മനുഷ്യനെ കൊല്ലരുത് എന്ന നാടകം അവസാനിയ്ക്കുന്നത്.

കേന്ദ്രകലാസമിതിയുടെ പ്രധാനനാടകങ്ങളായി പരിഗണിയ്ക്കുന്നവയിൽ മറ്റൊരു നാടകമാണ് മുസ്ലീംമതത്തിലെ നവോത്ഥാനാശയങ്ങൾ ചേർത്തു കൊണ്ടെഴുതുന്ന 'മ്മീം മോളും'. അതുകൊണ്ടുതന്നെയാകാം നിരവധി മുസ്ലീംഭൂരിപക്ഷ പ്രദേശങ്ങളിൽ പോലീസ് സംരക്ഷണയോടെ ഈ നാടകം കളിയ്ക്കേണ്ടി വന്നതും. നമ്പൂതിരിനവോത്ഥാനനാടകങ്ങൾ നമ്പൂതിരിഗൃഹങ്ങളുടെ വീട്ടകങ്ങളിൽ അവതരിപ്പിച്ചപ്പോൾ കാണാനായ വൈദ്യുതാന്തരീക്ഷമാണ് ഈ നാടകം മുസ്ലീം സമുദായത്തിനിടയിൽ ഉണ്ടാക്കിയതെന്ന് എൻ. വി. കൃഷ്ണവാര്യർ അഭിപ്രായ പ്പെടുന്നുണ്ട് (എൻ.വി.കൃഷ്ണവാരിയർ, 1952). മലബാറിലെ യാഥാസ്ഥിതിക മുസ്ലീംസമുദായത്തിന്റെ വീട്ടകങ്ങളുടെ കാഴ്ചകൾ നാടകത്തിനു വിഷയമായി ഭവിയ്ക്കുന്നത് അക്കാലത്ത് അത്ഭുതകരമായ കാര്യമായിരുന്നു.

പൊന്നാനിയുടെ നാടകചരിത്രത്തിൽ കേന്ദ്രകലാസമിതിയ്ക്കും പാട്ടബാക്കി മുതലുള്ള അവരുടെ നാടകങ്ങൾക്കും വലിയ പങ്കുണ്ടെങ്കിലും ഇവിടത്തെ നാടകങ്ങളിൽ എടുത്തുപറയേണ്ട ചിലത് അതിനെല്ലാം മുൻപ് അവതരിപ്പിയ്ക്കുന്ന യോഗക്ഷേമ നാടകങ്ങളാണ്. വി.ടി.ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്', എം.ആർ.ബിയുടെ 'മറക്കുടയ്ക്കുള്ളിലെ മഹാനരകം', പ്രേംജിയുടെ 'ഋതുമതി' എന്നിവയാണ് യോഗക്ഷേമനാടകങ്ങൾ. നാടകകൃത്തുക്കളായ മൂന്നുപേരും ജന്മംകൊണ്ടും കർമ്മംകൊണ്ടും പൊന്നാനിക്കാരും സഹപ്രവർത്തകരും ആണെന്നതും

മൂന്നുനാടകങ്ങളും സ്ത്രീപക്ഷനാടകങ്ങളാണെന്നതും ശ്രദ്ധേയമാണ്. പിൽക്കാലത്ത് നമ്പൂതിരിസമുദായത്തിലുണ്ടായ പുരോഗതികൾക്കും പരിഷ്കരണങ്ങൾക്കും ഈ നാടകങ്ങൾ കാരണമായി ഭവിച്ചു.

'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്', 'മറക്കുടയ്ക്കുള്ളിലെ മഹാനരകം', 'ഋതുമതി' എന്നീ മൂന്നുനാടകങ്ങളും പരസ്പരബന്ധിതമായ അനാചാരങ്ങളെ അധികരിച്ചാണ് രചിച്ചിട്ടുള്ളത്. നമ്പൂതിരിസമുദായത്തിൽ കുടുംബത്തിലെ മൂത്ത പുരുഷന് മാത്രമാണ് സ്വജാതിയിൽനിന്നും വേളികഴിയ്ക്കാൻ അനുവാദമുണ്ടായിരുന്നത്. മറ്റുള്ളവർ അയിത്തജാതിക്കാരല്ലാത്ത സമുദായങ്ങളിൽ നിന്നും സംബന്ധം നടത്തി അവിടങ്ങളിൽ കഴിഞ്ഞുകൂടണം. ഇതുവഴി നമ്പൂതിരിസ്ത്രീകളിൽ ഏറെപ്പേർക്കും വിവാഹം കഴിയ്ക്കാതെ ജീവിക്കേണ്ട ഗതിവന്നുചേർന്നു. അതേസമയം തറവാട്ടിലെ മൂത്തപുരുഷന്മാർ നാടുനീളെ വേളികഴിച്ചുനടക്കുകയും ചെയ്തു. അങ്ങനെ അവിവാഹിതരായിക്കഴിയുന്ന നമ്പൂതിരിസ്ത്രീകൾ വൃദ്ധബ്രാഹ്മണരുടെ വേളികളായി കഴിയേണ്ടിവന്നു. ഇതിനെ ചോദ്യം ചെയ്തുകൊണ്ടാണ് യോഗക്ഷേമനാടകങ്ങളെല്ലാം ഉണ്ടാകുന്നത്.

അടുക്കളയിൽ നിന്നരങ്ങത്തേയ്ക്കും ഋതുമതിയും സമൂഹത്തിന്റെ യഥാർത്ഥ സാഹചര്യങ്ങൾ വിവരിയ്ക്കുകയും നാടകാന്ത്യത്തിൽ കാൽപ്പനികമായൊരു ശുഭപര്യവസാനം വിഭാവനം ചെയ്യുകയും ചെയ്യുന്ന നാടകങ്ങളായിരുന്നെങ്കിൽ 'മറക്കുടക്കുള്ളിലെ മഹാനരകം' താലി കൊലക്കയറായിമാറുന്ന നമ്പൂതിരിസ്ത്രീയുടെ ദാരുണാന്ത്യമാണ് അവതരിപ്പിയ്ക്കുന്നത്. പിൽക്കാലത്ത് രചിയ്ക്കപ്പെടുന്ന പാട്ടബാക്കി പോലുള്ള കമ്മ്യൂണിസ്റ്റ് നാടകങ്ങളിലും കേന്ദ്രകലാസമിതിയുടെ കൂട്ടുകൃഷിയും മ്മിംമോളും പോലുള്ള നാടകങ്ങളിലും യോഗക്ഷേമനാടകങ്ങളുടെ അനുരണനങ്ങൾ കാണാനാകും. സ്ത്രീവിമോചനപരമായ നാടകങ്ങളിലെല്ലാം വിമോചനത്തിനു കാരണമായിഭവിയ്ക്കുന്ന നായകനെ കാണാനാകും. സോഷ്യലിസ്റ്റ് നാടകങ്ങളിൽ തൊഴിലാളികളെ തേടിവരുന്ന ആശയപ്രചാരകരും ഇതേ ദൗത്യമാണ് നിർവഹിയ്ക്കുന്നത്. ഇതിന് അപവാദമായിട്ടുള്ളത് ഇടശ്ശേരിയുടെ കൂട്ടുകൃഷി മാത്രമായിരിയ്ക്കും.

പൊന്നാനിക്കളരിയിലെ സാഹിത്യകൃതികളുടെ സവിശേഷതയായി കാണുന്ന ഹിന്ദുമുസ്ലീം സൗഹൃദങ്ങൾ ഈ നാടകങ്ങളിലും കാണാനാകും. സാഹിത്യ കൃതികളിൽനിന്നു വ്യത്യസ്തമായി പലപ്പോഴും നാടകത്തിന്റെ കഥാതന്തുതന്നെ പ്രത്യക്ഷത്തിൽ ഈ മതസൗഹാർദ്ദമായി മാറുന്നു. പൊന്നാനിക്കളരിയുടെ പൊതുവിശേഷണങ്ങളായി പറയുന്ന കാർഷികപശ്ചാത്തലവും മാനവികതയും മതേതരത്വവും നവോത്ഥാനമൂല്യങ്ങളുമെല്ലാം പൊന്നാനിയിലെ നാടകങ്ങളിലും പ്രതിഫലിയ്ക്കുന്നു. ഇന്നും അതിനു തുടർച്ചകണ്ടെത്തുന്ന നാടകക്കാരെക്കൊണ്ട് അനുഗ്രഹീതമാണ് പൊന്നാനിയിലെ നാടകപാരമ്പര്യം.

കേന്ദ്രകലാസമിതിക്കുശേഷമാണ് പൊന്നാനിനാടകവേദി രൂപീകരിയ്ക്കുന്നത്. ഇടശ്ശേരിയുടെ കൂട്ടുകൃഷി പോലുള്ള നാടകങ്ങൾ അവർ അരങ്ങിൽ പുനരവതരിപ്പിച്ചു. ടി.ആർ.സി, ജിയോ മാറഞ്ചേരി, വത്സല വേണുഗോപാലൻ, അരവിന്ദൻ തുടങ്ങിയ ശ്രദ്ധേയരായ നിരവധി നാടകപ്രവർത്തകർ അക്കാലത്ത് പൊന്നാനിയിൽ നിന്നുണ്ടായിരുന്നു. നിലവിൽ യുവനാടകകൃത്തായ റിയാസിന്റെ നേതൃത്വത്തിൽ പൊന്നാനിയിലും പരിസരപ്രദേശത്തുമുള്ള നാടകപ്രവർത്തകരുടെ 'ക്ലേ പ്ലേ ഹൗസ്' എന്നു പേരായ നാടകക്കൂട്ടായ്മ പ്രവർത്തിയ്ക്കുന്നുണ്ട്. ആധുനികമലയാളനാടക വേദിയിലെ ശ്രദ്ധേയനായ നാടകകൃത്തും സംവിധായകനുമാണ് ഇദ്ദേഹം. 'പടപ്പാട്ട്', 'ഒച്ച്', 'ആടുപുലിയാട്ടം', 'ഗന്ധകം', 'ശീർഷാസനം', 'നാലാമത്തെ സിംഹം', 'പാവചരിത്രം' തുടങ്ങിയവയാണ് റിയാസിന്റെ പ്രധാനപ്പെട്ട നാടകങ്ങൾ.

### 6.1.4 പൊന്നാനിക്കളരിയുടെ തുടർച്ച

പൊന്നാനിക്കളരി എന്നത് അതിന്റെ സ്ഥാപനവത്കരിച്ച രൂപമായിരുന്നെങ്കിൽ കൃഷ്ണപ്പണിക്കർ ഗ്രന്ഥശാലയിലെയോ മോത്തിലാൽഘട്ടിലെയോ സാഹിത്യ സംഭാഷണങ്ങൾ ഇല്ലാതാകുന്നതോടെ അത് അവസാനിച്ചുവെന്നു കരുതേണ്ടി വരും.[5] ഇടശ്ശേരിയ്ക്കുശേഷം പൊന്നാനിക്കളരിയുടെ ഈ സ്ഥാപനരൂപം ഇല്ലാതായെന്നു തന്നെ പറയാവുന്നതുമാണ്. എന്നാൽ പൊന്നാനിക്കളരി അത് ഉയർത്തിപ്പിടിച്ച

മൂല്യങ്ങളാണെന്നുപറയുമ്പോൾ പൊന്നാനിയുമായി ജൈവികബന്ധം പുലർത്തുന്ന പുതിയ തലമുറയിലെ സാഹിത്യകാരന്മാർ ആ മൂല്യങ്ങളെ എത്രകണ്ട് പിൻതുടരുന്നു, പരിഷ്കരിയ്ക്കുന്നു, എന്നതുകൂടി പരിശോധിയ്ക്കേണ്ടി വരും.

പൊന്നാനിക്കളരിയെന്ന പേരിൽ അക്കിത്തം രചിച്ച കൃതിയിൽ കളരിയെക്കുറിച്ച് പറയുമ്പോൾ മറക്കാനാവാത്ത പുതിയ നാമധേയങ്ങളായി എം. പി. ശങ്കുണ്ണിനായർ, ചാത്തനാത്ത് അച്യുതനുണ്ണി, കെ. പി. രാമനുണ്ണി, സി. വി. ഗോവിന്ദൻ, പി. എം. നാരായണൻ, പി. പി. രാമചന്ദ്രൻ, പി. സുരേന്ദ്രൻ, ആലങ്കോട് ലീലാകൃഷ്ണൻ, വി. ടി. വാസുദേവൻ, രാമകൃഷ്ണൻ കുമരനല്ലൂർ, വിജു നായരങ്ങാടി, ജയചന്ദ്രൻ പൂക്കരത്തറ എന്നിവരെ സ്മരിയ്ക്കുന്നുണ്ട് (അക്കിത്തം അച്യുതൻ നമ്പൂതിരി, 1998:11). ജന്മംകൊണ്ടോ കർമ്മംകൊണ്ടോ പൊന്നാനിക്കാരായവർ തന്നെയാണ് ഇവരേവരും. സി. രാധാകൃഷ്ണൻ, മോഹനകൃഷ്ണൻ കാലടി, ഇ. ഹരികുമാർ, മനോജ് മേനോൻ, ഷൗക്കത്തലിഖാൻ, അഭിരാമി എന്നിവരും ഇതിലുൾപ്പെടുന്നു.

പൊന്നാനിയിലെ ഹിന്ദു മുസ്ലീം സൗഹൃദത്തിന്റെ തുടർച്ച ഇടശ്ശേരിയിലും ഉറൂബിലും നിന്ന് സി. രാധാകൃഷ്ണനിലേയ്ക്കെത്തുന്നു. “സി. രാധാകൃഷ്ണന്റെ എല്ലാം മായ്ക്കുന്ന കടലിലെ അവുതളു ആദ്യം ഒരു കള്ളനും കൊള്ളക്കാരനു മൊക്കെയായി ജീവിച്ചെങ്കിലും അവയെല്ലാം സാഹസികതയുടേയും ധീരതയുടേയും പ്രകടനങ്ങളായിരുന്നു. മുന്നറിയിപ്പ് കൊടുത്തിട്ടാണ് മോഷണം നടത്തുക. ഖിലാഫത്തുകാലത്ത് ഹിന്ദുക്കളായ തന്നാട്ടുകാരെ രക്ഷിയ്ക്കാൻ അയാൾ മുന്നിൽ നിന്നു. പുറംനാട്ടുകാരായ ചിലർ ആക്രമണത്തിനെത്തി പുഴക്കരയിൽ സമ്മേളിച്ചിട്ടുണ്ടെന്നറിഞ്ഞപ്പോൾ അവുതളു കൂട്ടുകാരോടുകൂടി ചൂട്ടും പന്തവുമായി അങ്ങോട്ടുചെന്നു. തന്റെ മയ്യത്തിന്റെ മുകളിലൂടെയല്ലാതെ തന്റെ നാട്ടിലേക്കു വഴിയില്ല എന്നു പ്രഖ്യാപിച്ചു. വന്നവർ വന്നപോലെ പോയി” (എം. ലീലാവതി, 2008:55)

കെ.പി.രാമനുണ്ണിയുടെ സൂഫി പറഞ്ഞ കഥയിലേയ്ക്കെത്തുമ്പോൾ നായികയായ കാർത്തിയ്ക്കുവേണ്ടി തറവാട്ടുഭൂമിയിൽ അമ്പലം പണിതുനൽകുന്ന മാമുട്ടിയെ കാണാം. മതത്തെ ദൈവത്തോടടുക്കാനുള്ള മാർഗമായി മാത്രം മനസ്സിലാക്കിയിട്ടുള്ള

അസുരവിത്തിലെ കുഞ്ഞരയ്ക്കാരെപോലെ മാമൂട്ടിയിലും ചില സവിശേഷതകൾ കാണാനാകും. അമ്പലംപണിത മാമൂട്ടിയെ തല്ലി നാടുകടത്തണമെന്നു കൂട്ടംകൂടി പറയുമ്പോഴും തങ്ങളുടെ ദൈന്യതകളിൽ ആദ്യം ഓടിയെത്തിയ ആ നല്ല മനുഷ്യനെ, നല്ല മുസ്സൽമാനെ, നാട്ടുകാർക്ക് മറക്കാനാകുന്നില്ല. കുഞ്ഞരയ്ക്കാരും ഹാജിയാരും മാമൂട്ടിയും തുടങ്ങി നല്ല മുസൽമാൻമാരായി ചിത്രീകരിയ്ക്കപ്പെട്ട കഥാപാത്രങ്ങളെല്ലാം അന്യന്റെ സങ്കടങ്ങളിൽ ആദ്യം ഓടിയെത്തുന്നവരായത് യാദൃച്ഛികമായിരിയ്ക്കില്ല. യഥാർത്ഥ വിശ്വാസി എന്നും അപരന്റെ സങ്കടങ്ങൾക്ക് കാതോർക്കുന്നവരാകണമെന്ന ആശയം പൊന്നാനിക്കാർ നിലനിർത്തിയിരുന്നു.

സൂഫി പറഞ്ഞ കഥ മുന്നോട്ടുവെയ്ക്കുന്നത് ഹിന്ദു-മുസ്ലീം ദ്വന്ദ്വത്തേക്കാൾ മുസ്ലീം മതത്തിനകത്തുള്ളവരുടെ ആത്മസംഘർഷങ്ങളാണെന്നു പറയേണ്ടി വരും. മാമൂട്ടിയെ വിവാഹം കഴിച്ച് മാർഗംകൂടിയ കാർത്തുവിന് വീട്ടുവളപ്പിൽനിന്നും വിഗ്രഹങ്ങൾ ലഭിയ്ക്കുന്നതോടെയാണ് കഥയുടെ ഗതിമാറുന്നത്. “ഇനിയുമെന്തെങ്കിലും ബാക്കിയുണ്ടോ നിനക്കണിയാൻ” എന്ന മാമൂട്ടിയുടെ ചോദ്യത്തിന് കാർത്തി നൽകുന്ന ഉത്തരം “ഭഗവതി... എന്റെ ഭഗവതി” എന്നായിരുന്നു (കെ. പി. രാമനുണ്ണി, 2019:76). മാധവിക്കുട്ടി കമലാസുരയ്യയായി മാറുമ്പോൾ തന്റെ കൃഷ്ണനേയും കൊണ്ടാണ് താൻ മതം മാറിയതെന്നു പറഞ്ഞതിനെ ഇതനുസ്മരിപ്പിക്കുന്നു. എന്നാൽ ആത്മീയതയ്ക്കപ്പുറം പൗരോഹിത്യത്തിനു പ്രാധാന്യം കൽപ്പിച്ച മതങ്ങൾക്കൊന്നുംതന്നെ ഇതു മനസ്സിലാക്കാൻ സാധിയ്ക്കാതെപോയി.

കാർത്തിയ്ക്ക് വിഗ്രഹം കിട്ടുന്നതോടെ ഈ നോവലിലെ കഥാപാത്രങ്ങളെല്ലാം ഒരു സ്വത്വപ്രതിസന്ധി അനുഭവിയ്ക്കുന്നതായി കാണാം. മാർഗം കൂടിയിട്ടും ഭഗവതിയെ ആവശ്യപ്പെടുന്ന കാർത്തിയുടേത് മാത്രമല്ല ഈ പ്രതിസന്ധി. അവറുമുസ്ലിയാർക്ക് കൊച്ചുണ്ണിത്തമ്പുരാന്റെ ബാധകയറുമ്പോൾ അയാൾ നേരിടുന്നത് താനൊരു യഥാർത്ഥ മുസൽമാനാണോ എന്ന സംശയമാണ്. കാർത്തിയ്ക്ക് ലഭിക്കുന്ന വിഗ്രഹങ്ങൾ കണ്ട് മാമൂട്ടിയുടെ അനിയത്തിയ്ക്കുണ്ടാകുന്ന സംശയങ്ങളിലും ഇതേ പ്രശ്നമാണ് നിഴലിയ്ക്കുന്നത്. പണ്ട് കുടുംബത്തിലെ മുതിർന്നവർ ചവിട്ടാൻ പാടില്ലെന്നുപറഞ്ഞ

ഇടങ്ങളെല്ലാം മറ്റൊരുകാലത്തെ വിഗ്രഹസ്ഥാനങ്ങളായിരുന്നോ എന്ന സംശയം സ്വന്തം തറവാടിന്റെ ഭൂതകാലത്തിനു നേർക്കുള്ളതാണ്. കഥയിലൊരിടത്ത് പൊന്നാനിയിലെ മനുഷ്യരെല്ലാവരും തങ്ങൾ പണ്ട് ഹിന്ദുക്കളായിരുന്നോ എന്ന സംശയത്തിലേയ്ക്ക് വഴുതിവീഴുന്നത് കാണാം. അപ്പോഴും ഈ പ്രശ്നങ്ങൾ ബാധിച്ചിട്ടില്ലാത്ത വ്യക്തിയാണ് മാമൂട്ടി. കാർത്തിയ്ക്ക് വീട്ടുവളപ്പിൽ ക്ഷേത്രം നിർമ്മിച്ചുനൽകുമ്പോഴും സ്വയം മുസൽമാനല്ലെന്ന തോന്നൽ അയാൾക്കുണ്ടാകുന്നില്ല. മതത്തെ അതിന്റെ ആത്മീയ തലത്തിൽ മാത്രം കാണുന്ന നവോത്ഥാനമൂല്യത്തിന്റെ പ്രതിപുരുഷനാകുകയാണ് ഇവിടെ മാമൂട്ടി.

നവോത്ഥാനവും ദേശീയപ്രസ്ഥാനവും കാർഷികസമരങ്ങളുമെല്ലാംകൂടി നവീനമായൊരു മാനവികബോധത്തെ സൃഷ്ടിച്ചെടുത്ത കാലത്താണ് പൊന്നാനിക്കളരി രൂപപ്പെടുന്നതെങ്കിൽ മുതലാളിത്തം അതിന്റെ വളർച്ചയ്ക്കൊപ്പം ഈ മാനവികമായ മൂല്യങ്ങളെ ചോർത്തിക്കളയുന്നു. ആധുനികനാഗരികതയ്ക്കകത്ത് മനുഷ്യൻ യന്ത്രമായിപ്പോകുമോ എന്ന ഇടശ്ശേരിയുടെ ആകുലത പ്രവചനാത്മകമായ ഒന്നായി മാറുമ്പോൾ പൊന്നാനിയിലെ പുതിയതലമുറ എഴുത്തുകാർ മാനവികതയുടെ ഉദ്ഘോഷണമല്ല പകരം അതിന്റെ നഷ്ടപ്പെടലിനെക്കുറിച്ചുള്ള ആകുലതകളാണ് പങ്കുവെയ്ക്കുന്നത്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള അകലം അനുദിനം വർദ്ധിച്ചുകൊണ്ടിരിയ്ക്കുന്നതിനെക്കുറിച്ചാണ് മോഹനകൃഷ്ണൻ കാലടിയുടെ കവിത സംസാരിക്കുന്നത്.

“സുഹൃത്തേ,
മറികടക്കാനിനി ഒരു ശവവണ്ടി
പോലുമില്ല.
തലകീഴായ് മറിഞ്ഞാലും
സീറ്റ് നഷ്ടപ്പെടാതിരിക്കാൻ,
കത്തിക്കരിഞ്ഞാലും
തമ്മിൽത്തമ്മിലെങ്കിലും

തിരിച്ചറിയുവാൻ

ഒന്നു മുറുകെപ്പിടിച്ചിരുന്നുകൊള്ളൂ" (മോഹനകൃഷ്ണൻ കാലടി, 2019:37)

ഒന്നിച്ചിരിയ്ക്കാനും ചർച്ചചെയ്യാനുമുള്ള പൊന്നാനിക്കളരിയുടെ ഭൂമിക ഇന്നില്ലാതായതു പോലെ പൊതുവിടങ്ങൾ ഓരോന്നോരോന്നായി അപ്രത്യക്ഷമാകുന്നു. പി.പി.രാമചന്ദ്രന്റെ കവിതയിലും നഷ്ടപ്പെടുന്ന പൊതുവിടങ്ങളെക്കുറിച്ചുള്ള ഈ ആകുലതകൾ കാണാനാകും.

"നെൽപ്പാടങ്ങളേ...

വായനശാലകളേ...

റേഷൻകടകളേ...

മനുഷ്യരും പുഴുക്കളും ഒരുമിച്ചുവാണ

പൊതുഇടങ്ങളേ...

വിട,

കൈവീശിനിൽക്കുമോർമ്മകളേ...

അകന്നുപോകുന്തോറും

ചെറുതായ്ത്തീരും വലിപ്പങ്ങളേ..." (പി. പി. രാമചന്ദ്രൻ, 2005:56-57)

എന്നാൽ ഇന്നും മനുഷ്യന്റെ ഐക്യത്തെപ്പറ്റിയും അതിന്റെ അനന്തമായ സാധ്യതകളെപ്പറ്റിയും പൊന്നാനിയിലെ എഴുത്തുകാർ പ്രതീക്ഷ പുലർത്തുന്നുണ്ട്. മനുഷ്യനെ അവന്റെ സ്വത്വത്തിൽനിന്നും അകറ്റി മനുഷ്യവംശത്തിനുതന്നെ എതിരുനിർത്തുന്ന ആധുനികതയ്ക്കുനേരെയാണ് ആലങ്കോട് ലീലാകൃഷ്ണൻ കവിതയെഴുതുന്നത്. ദുഷ്പ്രഭുപുലയാടിത്തത്തിനു കാവൽ നിൽക്കുന്ന മനുഷ്യനോട് നീ മനുഷ്യനാണെന്നും നിനക്ക് ചേർന്നുനിൽക്കേണ്ടത് മനുഷ്യത്വത്തോടല്ലാതെ മറ്റൊന്നിനോടുമല്ലെന്നുമാണ് കാവൽക്കാരൻ എന്ന കവിത പറയുന്നത്.

"മരിച്ചുപോയ പാവങ്ങൾ ജാഥയായ് വരുന്നിതാ

അവർക്കൊപ്പമുണ്ട് ഞങ്ങൾ മരിക്കാത്തൊരു മർത്യത

വാതിൽതുറന്നുതന്നാലും മരിക്കാത്ത സഹോദരാ

ദുഷ്പ്രഭുപുലയാടിത്തം തകർക്കും ബലിയാണു നീ"

(ആലങ്കോട് ലീലാകൃഷ്ണൻ, 2016)

കവി പറയുന്നപോലെ മരിക്കാത്ത മർത്യതയ്ക്കൊപ്പംതന്നെയാണ് എന്നും പൊന്നാനിക്കളരി. പൊന്നാനിക്കളരി ധാർമ്മികതയുടെ പക്ഷത്താണെന്ന നിരീക്ഷണം മൂർത്തമായി പരിശോധിയ്ക്കുമ്പോൾ ആ ധാർമ്മികത കേവലമായി മനുഷ്യനോടൊപ്പം നിൽക്കുക എന്നതിനപ്പുറം ഒന്നുമല്ലെന്നു കാണാനാകും.

## 6.2 പൊന്നാനിയിലെ അറബിമലയാളസാഹിത്യം

മലയാളസാഹിത്യത്തെ മുഖ്യധാരാസാഹിത്യമായും മാപ്പിളസാഹിത്യത്തെ അതിന്റെ അനുബന്ധമായും കാണുന്ന രീതി കേരളത്തിലെ സാഹിത്യ ചരിത്രകാരന്മാർക്കിടയിൽ ദൃശ്യമാണ്. പൊന്നാനിയിലേയ്ക്കെത്തുമ്പോഴും പൊന്നാനിയുടെ സാഹിത്യചരിത്രം എഴുത്തച്ഛനിലാരംഭിച്ച് വള്ളത്തോൾ കമ്പനിയിലൂടെ വളർന്ന് പൊന്നാനിക്കളരിയിലെത്തുന്ന ഏകമാനമായൊരു സാഹിത്യശാഖയായി പരിഗണിയ്ക്കപ്പെടുന്നു. എഴുത്തച്ഛന്റെ സമകാലീനനായ ശൈഖ് സൈനുദ്ദീൻ മഖ്ദൂമിലൂടെ ആരംഭിക്കുന്ന പൊന്നാനിയിലെ മുസ്ലീങ്ങളുടെ വൈജ്ഞാനികരംഗത്തെ വളർച്ചയും മക്തി തങ്ങളും കോടഞ്ചേരി മരയ്ക്കാർ മുസ്ലിയാരും തുടങ്ങിവെച്ച നവോത്ഥാനാശയങ്ങളും മാലകളിലും മൈലാഞ്ചിപ്പാട്ടിലും കെസ്സുപാട്ടുകളിലും നിഴലിച്ച മാനവസ്നേഹവുമെല്ലാം ഇക്കൂട്ടത്തിൽ തമസ്കരിയ്ക്കപ്പെട്ടു. എന്നാൽ പൊന്നാനിക്കാരുടെ സാഹിത്യസ്മരണകളിൽ അറബി മലയാളത്തിൽ രചിയ്ക്കപ്പെട്ട സാഹിത്യസൃഷ്ടികൾക്ക് ശുദ്ധമലയാളകൃതികളുടേതിന് തുല്യമായ സ്ഥാനം ലഭിച്ചിരുന്നു. മലബാറിൽ മാപ്പിളസാഹിത്യങ്ങൾക്കുണ്ടായ ആസ്വാദ്യതയെ മലയാളഭാഷയുമായുള്ള അന്തരമായി വ്യാഖ്യാനിക്കപ്പെട്ടു. ശുദ്ധമലയാളം തെക്കൻകേരളത്തിന്റെ ഭാഷയോടും സംസ്കൃതത്തോടും സാമ്യമുള്ളതാവുകയും വടക്കൻ കേരളത്തിലെ മാനകഭാഷ ശുദ്ധമലയാളത്തിന്റെ ഭാഷാഭേദങ്ങളായി മാറുകയും ചെയ്തു. അറബിമലയാളം മാപ്പിളമാരുടെ മാതൃഭാഷയെ മലയാളമല്ലാതാക്കുന്നില്ല. മലയാളത്തിന് അറബിഭാഷയുടെ ലിപി സമ്മാനിക്കുക മാത്രമാണ് അത് ചെയ്യുന്നത്.

“സമ്പൽസമൃദ്ധമായ അറബിമലയാളസാഹിത്യത്തെ പദ്യവിഭാഗം, ഗദ്യവിഭാഗം എന്നിങ്ങനെ പൊതുവേ രണ്ടായി വേർതിരിക്കാം. മാലപ്പാട്ടുകൾ, പടപ്പാട്ടുകൾ, ഖിസ്സപ്പാട്ടുകൾ, കല്യാണപ്പാട്ടുകൾ, മദ്ഹ്പാട്ടുകൾ, തടിഉറുദിപ്പാട്ടുകൾ, വിരുത്തങ്ങൾ, കെസ്സുകൾ തുടങ്ങിയ നിരവധി അവാന്തരവിഭാഗങ്ങളേയും ഉപശാഖകളേയും പദ്യവിഭാഗം ഉൾക്കൊള്ളുന്നു” (ഓ. അബു, 1970:61). പ്രവാചകന്റെ ജീവിതത്തേയും മഹത്വത്തേയും അദ്ദേഹത്തിന്റെ അനുചരന്മാരേയും മറ്റു മഹദ്വ്യക്തികളേയും സ്തുതിച്ചുപാടുന്നവയാണ് മാലപ്പാട്ടുകൾ. ആരാധനയ്ക്കപ്പുറം തത്വചിന്തകളും സമൂഹത്തെപ്രതിയുള്ള ആലോചനകളും ഇതിൽ ഇടംപിടിക്കുന്നു.

### 6.2.1 മാലപ്പാട്ടുകൾ

മലബാറിലെ മാപ്പിളസമുദായത്തിനുള്ളിൽ വളർന്നുവന്ന ഭക്തിപ്രസ്ഥാനമായി മാലപ്പാട്ടുകളെ പരിഗണിയ്ക്കാവുന്നതാണ്. ഇസ്ലാമിലെ മഹദ്വ്യക്തികളുടെ പ്രകീർത്തനങ്ങൾ ആലപിയ്ക്കുന്നത് ഒരു ഭക്തികർമ്മമായി അംഗീകരിയ്ക്കപ്പെട്ടു. ആരംഭത്തിൽ പ്രവാചകന്റേയും പ്രവാചകന്റെ അനുചരന്മാരുടേയും പിൽക്കാലത്ത് ഇസ്ലാമിലെ മഹദ്വ്യക്തികളുടേയും പ്രകീർത്തനങ്ങളാണ് ആലപിച്ചിരുന്നത്. പതിനേഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രചിയ്ക്കപ്പെട്ടതായി കരുതുന്ന കോഴിക്കോട് ഖാസി മുഹമ്മദിന്റെ മുഹ്യിദ്ദീൻമാലയോടെയാണ് മാലപ്പാട്ടുകളുടെ തുടക്കം. അതിന്റെ പകർപ്പുകളെന്നു തന്നെ പറയാൻ തക്കവണ്ണം ആഖ്യാനത്തിലും ആലാപനത്തിലും സമാനങ്ങളായ നിരവധി കൃതികൾ പിന്നീട് മലബാറിൽ രചിയ്ക്കപ്പെട്ടു. നഫീസത്ത് മാല, സഫലമാല, പുതിയമുഹ്യദ്ധീൻമാല തുടങ്ങി നിരവധി കൃതികൾ പൊന്നാനിയിൽ നിന്നും രചിയ്ക്കപ്പെട്ടു. തുടക്കത്തിൽ പാട്ടിൽ പ്രതിപാദിക്കുന്ന പുണ്യാത്മാവിനെ കുറിച്ചുള്ള വിവരണങ്ങളും അവസാനം ആ പുണ്യാത്മാവിനെ മുൻനിർത്തിയുള്ള പ്രാർത്ഥനയുമാണ് മാലപ്പാട്ടിന്റെ രീതി. പൊന്നാനിയിൽ പ്രസിദ്ധമായൊരു മാലപ്പാട്ടായിരുന്ന നഫീസത്ത്മാല ആരംഭിയ്ക്കുന്നത് ഇപ്രകാരമാണ്.

“ബിസ്മിയും ഹംദും സ്വലാത്തും നൽസലാമും മുന്നെ
ബിള്ളി നഫീസത്ത്മാല ഞാൻ തുടങ്ങീടുന്നേ

അശ്റഫുന്നബിക്കും ആൽഅരികോറിലും സ്വലാത്തേ

അമ്പനേ ഉരത്ത് എനിക്ക് ഉറവ് അരുൾപെരുത്തേ

.........................................................................

ചികവരാം ഷാഫി ഇമാമ് യെപ്പളും അടുത്തേ

ചെയ്തീടിക്കും തേട്ടം ഹദീസു യേറയാൽ തെരിത്തെ

ചികവരിൽ ദിനം ഭവിക്കൂൽ ബീവിയാലിടത്തെ

ബിട്ടിടും ആളെ ഷിഫാക്ക് തേട്ടമിൻ ഇടത്തെ”

(ഹുസൈൻ രണ്ടത്താണി, 2014:300)

മിസ്രി സ്വദേശിയായിരുന്ന നഫീസതുൽ മിസ്രിയ ഇസ്ലാമിലെ ഒരു ആത്മീയ വ്യക്തിത്വമായിരുന്നു. സ്ത്രീകഥാപാത്രങ്ങളെ സ്തുതിച്ചുകൊണ്ട് മാലകൾ അധികമില്ലാത്ത സാഹചര്യത്തിലാണ് നാലകത്ത് കുഞ്ഞിമുഹമ്മദ് കുട്ടി ഈ മാല രചിയ്ക്കുന്നത്. അതുതന്നെയാണ് നഫീസത്ത്മാലയുടെ പ്രസക്തിയും. പൊന്നാനിക്കാരനായിരുന്ന നാലകത്ത് കുഞ്ഞിമുഹമ്മദ് കുട്ടി നിരവധി മാലപ്പാട്ടുകൾ രചിച്ചിട്ടുണ്ട്. ‘നഫീസത്ത്മാല’, ‘വലിയജാറംഹൈദ്രോസ്മാല’, ‘ഇബ്രാഹീംമാല’, ‘മദിരപ്പൂമാല’, ‘ഫാത്തിമത്ത്മാല’, ‘സലാമതുൽഉമ്മത്തുമാല’, ‘മഖ്ദൂംമാല’, ‘ഖദീജതുൽഖുബ്റാമാല’ തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ കൃതികളാണ്. ആത്മീയതയിലും വൈദ്യശാസ്ത്രത്തിലും വിദഗ്ധയായിരുന്ന നഫീസതുൽ മിസ്രിയയുടെ പേരിലുള്ള മാല പ്രസവസമയത്ത് ആപത്തുകൾ വരാതിരിയ്ക്കാനായി ചൊല്ലുമായിരുന്നു.

പൊന്നാനിയിലെ ആദ്യമുസ്ലീം പള്ളിയെന്നു കരുതിപ്പോരുന്ന പള്ളിയാണ് തോട്ടുങ്ങൽപള്ളി. ഈ പള്ളി സ്ഥാപിച്ച ശൈഖ് ഫരീദുദ്ദീന്റെ ശിഷ്യനായിട്ടുള്ള ശൈഖ് ഹുസൈൻ എന്ന ഉത്താൻമുസ്ലിയാരെ പ്രകീർത്തിച്ചുകൊണ്ടാണ് തോട്ടുങ്ങൽ പള്ളിമാല രചിയ്ക്കപ്പെട്ടിട്ടുള്ളത്. നാലകത്ത് കുഞ്ഞിമൊയ്തീൻകുട്ടി എന്ന എഴുത്തുകാരനാണ് ഈ മാല രചിയ്ക്കുന്നത്. നഫീസത്ത്മാലയേക്കാൾ കാലപ്പഴക്കം കുറവുള്ളതായി രിക്കണം തോട്ടുങ്ങൽപള്ളിമാല. തോട്ടുങ്ങൽപള്ളിയിൽ തന്നെയാണ് അതിന്റെ സ്ഥാപകരിലൊരാളായ ഉത്താൻമുസ്ലിയാരെ സംസ്കരിച്ചിട്ടുള്ളതും. അതുകൊണ്ടുതന്നെ

പൊന്നാനി എന്ന ദേശത്തെ പ്രതിഫലിപ്പിയ്ക്കുന്ന വരികൾ ധാരാളമായി ഈ കാവ്യത്തിൽ കാണാനാകും.

> "ഉത്താൻ ഇവരെ സമാനദിൽ ഇന്തെ
> പൊന്നാനിയെന്ന പ്രദേശത്തെ
> ഒടിയന്മാർ വല്ലാതെ ഉപദിരം കെണി
> ശർറും ദ്രോഹങ്ങൾ കാണിത്തെ
> ഇരവിൽ ഇവർ ഒരുനാൾ കിടന്തി-
> ട്ടുറങ്ങുന്നേ നേരം മേൽ ഓതിട്ടേ
> ഒടിയർകൾ വന്ത് കിടക്കും കട്ടിൽ
> അതോടെ എടുത്ത് നടന്തിട്ടെ
> കരുവർ ഉണർദപ്പോൾ കയറ്റിയ
> മഹദുഷ്ടരിൽ കൺ കാഴ്ച എങ്കിട്ടെ
> ഹൈറാനം പുക്കുടൽ സൽസലാഇ
> അതി ഖൌഫാലേ സങ്കിടം വിൻകിട്ടെ
> ദുരുദമൈ കേട്ട് ഇവർ കുറികാളരിൽ
> എന്ന ഉമൈകൾ എടുത്തിട്ടെ
> താനമിൽ കൊണ്ട് പോയി വെക്ക് അതുപോലെ
> ചെയ്തപ്പോൾ കണ്ണ് വെളിവായിട്ടെ
> ഒടിയരെ കൊണ്ട് എനിമേലിൽ എങ്കൾ
> ഈ പൊന്നാനി തോടൈ കടന്തിട്ടെ
> അണയൂല എന്ത് ശരിക്ക് സത്തിയം
> ചെയ്യിപ്പിത് ആവശ്യം പ്രായിട്ടെ
> നൊടിന്തെ മുതൽ തൊട്ട് പിന്നെ
> ഇതുവരെ അന്തെ വംശത്തിന്ന് ആരുമാ
> നഗരം സ്വരണാണി തനിലും ആ വരവ്
> ഇയ്യതയ് ഏങ്കും പ്രസിദ്ധമാ"

(ഹുസൈൻ രണ്ടാത്താണി, 2014:304-305)

മേൽസൂചിപ്പിച്ച വരികളിൽ പൊന്നാനിയിൽ നിന്നും ഒടിയന്മാരെ ഓടിയ്ക്കുന്ന ഉത്താൻ മുസ്ലിയാരുടെ വീരകൃത്യങ്ങളാണ് വിവരിയ്ക്കുന്നത്. അദ്ദേഹത്തിന്റെ നിരവധി അത്ഭുതസിദ്ധികളും തോട്ടുങ്ങൽപള്ളിയുടെ പ്രാധാന്യവുമാണ് ഈ വരികളിലെല്ലാം കാണാനാവുക. വീരേതിഹാസങ്ങളുടെ വർണ്ണന എന്ന പൊതുസ്വഭാവത്തിൽ നിന്നും വിട്ടുനിൽക്കുന്ന ചില കാവ്യങ്ങളും മാലപ്പാട്ടുകൾക്കിടയിൽ നിന്നും കണ്ടെത്താനാകും. അത്തരത്തിലുള്ള ഒന്നാണ് സഫലമാല. ഏ ഡി 1861-ൽ പൊന്നാനിയ്ക്കടുത്ത് അണ്ടത്തോട് ദേശത്തിൽ ജനിച്ച ശുജായി മൊയ്തു മുസ്ലിയാരാണ് സഫലമാലയുടെ രചയിതാവ്. ഹിന്ദുസ്ഥാനിഭാഷയിലും ചരിത്രത്തിലും തത്വചിന്തയിലുമെല്ലാമുള്ള കൃതികൾ ഇദ്ദേഹത്തിന്റേതായുണ്ട്.

"കൂടുന്നു കൊല്ലങ്ങൾ മാസങ്ങളാഴ്ച
ഘടികൾ കണക്കിൽ നിൻ ആയുസിൽ തീർച്ച
തേടുന്നു അവർ നിന്നെ മൺവീട്ടിലേക്കേ
തഞ്ചും നീ നോക്കുന്നു പൊൻവീട്ടിലേക്ക്
അകക്കൺ തുറന്നാകെ നോക്കുന്നു മൂഢം
ഉൾസാരം ഓർത്താൽ ഉറങ്ങാമോ കേടാ"[6]

സഫലമാലയേക്കാൾ മുൻപ് അറബിമലയാളസാഹിത്യത്തിൽ ഈ പാരമ്പര്യം തുടങ്ങിവെയ്ക്കുന്നത് കുഞ്ഞായിൻമുസ്ലിയാരുടെ കാവ്യങ്ങളിലൂടെയാണ്. മുഹ് യിദ്ദീൻമാല രചിച്ചതിന്ശേഷം ഒന്നരനൂറ്റാണ്ടിലേറെ കഴിഞ്ഞാണ് കുഞ്ഞായിൻ മുസ്ല്യാരുടെ കൃതികൾ പ്രത്യക്ഷപ്പെടുന്നത്. 'നൂൽമദ്ഹ്', 'കപ്പപ്പാട്ട്', 'നൂൽമാല' എന്നീ കൃതികളാണ് ഇദ്ദേഹത്തിന്റേതായിട്ടുള്ളത്. ഈ കൃതികൾക്ക് മാലപ്പാട്ടിൽ നിന്നും വ്യത്യസ്തമായ ശൈലിയും താളവുമാണുള്ളത്. പുണ്യാത്മാക്കളുടെ പ്രകീർത്തനങ്ങൾക്കു പകരം ഭക്തിപൂർവമായ വിചിന്തനങ്ങളും മനുഷ്യജീവിതത്തെ ക്കുറിച്ചുള്ള ആലോചനകളുമാണ് ഇവയുടെ ഉള്ളടക്കം. പതിനഞ്ച് ഇശലുകളിലായി അറുനൂറ്റിയറുപത്തിയാറ് വരികളുള്ള നൂൽമദ്ഹ് ഏ.ഡി. 1737-ലാണ് രചിയ്ക്കപ്പെടുന്നത്. മലയാളം, അറബി, തമിഴ് ഭാഷകളുടെ ഒരു സങ്കരം ഈ കൃതിയിൽ കാണാം. സാഹിത്യപരമായ മേന്മകൾ ഈ കൃതിയ്ക്കുണ്ടെങ്കിലും കുഞ്ഞായിൻ മുസ്ല്യാരുടെ

പ്രധാനപ്പെട്ട കൃതിയായി വിശേഷിപ്പിയ്ക്കപ്പെടുന്നത് കപ്പപ്പാട്ട് എന്ന മറ്റൊരു കൃതിയാണ്.

മനുഷ്യശരീരത്തെ ഒരു പായക്കപ്പലിനോടും ജീവിതത്തെ അതിന്റെ സഞ്ചാരത്തോടും ഉപമിച്ചുകൊണ്ടുള്ള പ്രതീകാത്മകമായ രചനയാണ് കപ്പപ്പാട്ട്. അതിന്റെ ഇശലുകൾക്ക് പേരുനൽകാത്തതിനാൽ എഴുത്തുകാരന്റെ സ്വന്തം സൃഷ്ടിയായി ഈ ഇശലുകളെ പരിഗണിയ്ക്കുന്നുണ്ട്. പിൽക്കാലത്ത് കപ്പപ്പാട്ടെന്ന പേരിൽതന്നെ ഈ ഇശൽ പ്രയോഗിയ്ക്കപ്പെടുന്നുമുണ്ട്. കപ്പപ്പാട്ടിനുശേഷമുള്ള അറബി മലയാളസാഹിത്യങ്ങളെ കപ്പൽ എന്നർത്ഥമുള്ള 'സഫീന' എന്ന പദംചേർത്ത് സഫീനപ്പാട്ടുകൾ എന്ന് വിളിക്കാറുണ്ടായിരുന്നു. അത്രമേൽ ഈ കാവ്യം അറബി മലയാളസാഹിത്യത്തിൽ സ്ഥാനംപിടിച്ചു. അറബിമലയാളത്തിലെ ആദ്യത്തെ ദാർശനികകാവ്യംകൂടിയാണ് കപ്പപ്പാട്ട്. മനുഷ്യനും കപ്പലുമായുള്ള അതിലെ ഉപമകൾ അത്രമേൽ ദാർശനികമായവയാണ്.

> "ചായൽ ഒരു കപ്പൽ ഉണ്ട് നമുക്ക്
> ചാഞ്ഞുള്ളെ പാണ്ടിച്ചാണൊമ്പത് നീളം
> നീളം അണിയും നടു മല്ലത്തോളം
> നൂലിട്ട പാണ്ടി പുളക്കാമൽ ഈർന്നു
> കോളൊത്തെ പാണ്ടിക്കുറുമ്പതിറ്റൊന്നു
> കൊണ്ടങ്ങ് താർച്ചീല മൂന്നാക്കി വെച്ചാൻ
> താളും മണിക്കാലുണ്ടെട്ടിരു പാകം
> തന്നിൽ പിടിച്ചെ പലകയുമൊന്ന്
> ഏശുണ്ട് ചപ്പാറ അപ്പലാ തന്നിൽ
> എത്തിര കോടി മലർ തറായുണ്ട്
> ഉണ്ട് മലക്കുള്ളിൽ പത്തായമൊന്ന്
> ഉള്ളായം ചൊല്ലുകിൽ ഓരോ ചാണുണ്ട്."[7]

മനുഷ്യശരീരവും കപ്പലുമായുള്ള ഉപമകളേക്കാൾ മനോഹരമാണ് കപ്പപ്പാട്ടിന്റെ ഇടയിൽ പ്രത്യക്ഷപ്പെടുന്ന തത്വചിന്തകൾ.

“കണ്ടിട്ടറിവാനോ കണ്ണില്ലേ പൊട്ടാ,
കാരുണോൻ ചൊന്ന ചൊൽ കേട്ടില്ലേ പൊട്ടാ,
പണ്ടുള്ളോർ ചൊല്ലിൽ പതിരുണ്ടോ പൊട്ടാ
പൈ തന്ന പാലിന് കയ്പുണ്ടോ പൊട്ടാ
കേട്ടാലും കേട്ടാലും കേട്ടില്ലേ പൊട്ടാ
ഉണ്ടോ നീ ഏതാനും യോർത്തിട്ട പൊട്ടാ
ഉൻമീശി കെട്ടെ കുരുടായോ പൊട്ടാ
പട്ടം പൊളിഞ്ഞാൽ പറക്കുമോ പൊട്ടാ
പാലം മുറിഞ്ഞാൽ കടക്കാമോ പൊട്ടാ
പൊട്ടന് യേതാൻ പദമുണ്ടോ പൊട്ടാ
പുണ്ണിയം ചൊല്ലാമൽ കേക്കുമോ പൊട്ടാ
ബോട്ടാളൻ കാതില് കൂടീട്ടോ പൊട്ടാ
ബേദികൾ നാവ് തളർന്നല്ലോ പൊട്ടാ
പാട്ടിൽ പറഞ്ഞാൽ കുശഞ്ഞല്ലോ പൊട്ടാ
പാവീ നിനക്കെന്തറിവില്ലേ പൊട്ടാ
യേട്ടിലും പാവം നിറഞ്ഞല്ലോ പൊട്ടാ
യെന്നും നിനക്ക് നിനവല്ല പൊട്ടാ”[8]

വേറെയും നിരവധി മാലപ്പാട്ടുകാർ പൊന്നാനിയിൽ നിന്നും ഉണ്ടായിട്ടുണ്ട്. ചെറിയഹംസത്ത്മാല, വലിയഹംസത്ത്മാല തുടങ്ങിയ കാവ്യങ്ങൾ രചിച്ച കോടമ്പിയകത്ത് കുഞ്ഞിസീതിക്കോയതങ്ങൾ, കിൽക്കട്ടെജാറം (സംഗീത സൗഭാഗ്യമാല) രചിച്ച പാക്കിനിക്കളത്തിൽ ബാപ്പു, അയ്യൂബ്മാല രചിച്ച കറുപ്പൻവീട്ടിൽ മുഹമ്മദ്കുട്ടി, രസംകൃതമാല രചിച്ച കെ. സി. മുഹമ്മദ്കുട്ടി മൊല്ല, ചന്ദിരസുന്ദരമാല രചിച്ച പി. കെ. ഹലീമബീവി തുടങ്ങിയവർ ഇക്കൂട്ടത്തിൽ ചിലരാണ്.

### 6.2.2 ഖിസ്സപ്പാട്ടുകൾ

വ്യക്തികളേയും സംഭവങ്ങളേയും കുറിച്ചുരചിയ്ക്കുന്ന ചരിത്രകാവ്യങ്ങളാണ്

ഖിസ്സപ്പാട്ടുകൾ. ചരിത്രത്തിനു ആഖ്യാനശൈലി നൽകി അവയെ ആസ്വാദ്യമാക്കി മാറ്റുകയാണ് ഖിസ്സപ്പാട്ടുകളിൽ. വ്യത്യസ്ത ഇശലുകളിലായി നിരവധി പാട്ടുകൾ ഉൾക്കൊള്ളുന്ന ദീർഘകാവ്യമാണ് ഖിസ്സകൾ. പ്രവാചകന്റേയും അദ്ദേഹത്തിന്റെ അനുചരന്മാരുടേയും ജീവിതം തന്നെയാണ് ഖിസ്സകൾക്ക് പ്രചോദനമാകുന്നത്. എന്നാൽ പിന്നീട് മലബാറിലെ മാപ്പിളസമുദായത്തിന്റെ ചരിത്രവും ഇതിൽ ഇടംപിടിയ്ക്കുന്നു. ഒരു സമുദായം അവരുടെ സാമുദായികമായ ചരിത്രബോധത്തെ സർഗാത്മകമായി ആവിഷ്കരിയ്ക്കുന്നതാണ് ഖിസ്സപ്പാട്ടുകൾ.

മലബാറിലെ മതപ്രചാരണപ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ച മാലിക്ക് ഇബ്നു ദീനാറിന്റെ ചരിത്രം പറയുന്ന കാവ്യമാണ് 'മാലിക്ക്ബ്നുദീനാർഖിസ്സപ്പാട്ട്'. ശൈഖ് അബ്ദുല്ലാഹി ഇബ്നു അഹ്മദ് മഖ്ദൂമിയുടെ കാലത്ത് പേരുവെളിപ്പെടുത്താൻ ആഗ്രഹിയ്ക്കാത്ത അദ്ദേഹത്തിന്റെ ഒരു ശിഷ്യനാണ് ഈ ഖിസ്സപ്പാട്ട് രചിയ്ക്കുന്നത്. ഏ.ഡി. 1887 ആണ് ഇതിന്റെ രചനാകാലമായി കണക്കാക്കുന്നത്. പ്രാദേശികമായ ചരിത്രസംഭവത്തെ ഇതിവൃത്തമായെടുത്ത് രചിയ്ക്കുന്ന കാവ്യമാണ് ഈ ഖിസ്സപ്പാട്ട്.

1927-ൽ പൊന്നാനി സ്വദേശി എം. എ. ഇമ്പിച്ചി എന്ന കവി രചിച്ചതാണ് 'ഇബ്റാഹിം ഇബ്നു അദ്ഹം' എന്ന ഖിസ്സപ്പാട്ട്. 'റഈസുസ്സാഹിദീൻ' അഥവാ 'പരിത്യാഗികളുടെ നേതാവ്' എന്നറിയപ്പെട്ടിരുന്ന ഇബ്റാഹിം ഇബ്നു അദ്ഹം രാജാധികാരങ്ങളുപേക്ഷിച്ച് പരിത്യാഗിയായി മാറിയ ഒരു സൂഫിവര്യനായിരുന്നു. മലബാർ ലഹളയ്ക്കുശേഷം പ്രദേശത്തെ മാപ്പിളസമൂഹത്തിൽ സമാധാനം പുനഃസ്ഥാപിയ്ക്കാനുള്ള പരിശ്രമമായും ഈ ഖിസ്സപ്പാട്ടിനെ കാണാനാകും.

> "ബഹുമാനർ ഒരുനാളിൽ നേരം പുലർച്ചക്ക് ബീരിത തഖ്ത്തിൽ നിണ്ടേ
> വെളികൊള്ളാ ഇറങ്ങി ഉലാവി പതിവ് പോൽ പിറെ അങ്ക് മടങ്കി ചെണ്ടേ
> സഹവാസ മുറിയിൽ അടുത്ത സമയത്തിൽ ശറഫുറ്റെ വിരിപ്പ് തന്നിൽ
> ദാസിയാൾ ഒരുത്തി അവളെ തല വെത്ത് ശയനമായ്കനിന്ത് കണ്ണിൽ"[9]

രാജകുമാരന്റെ വിരിപ്പിൽ അൽപനേരം ഉറങ്ങിപ്പോയ ദാസിയെ അദ്ദേഹം ശിക്ഷിയ്ക്കുന്നു. അൽപ്പനേരം ഉറങ്ങിയ ഞാൻ ഇപ്രകാരം ശിക്ഷിയ്ക്കപ്പെട്ടെങ്കിൽ അധികനേരവും ഉറങ്ങുന്ന അങ്ങയുടെ പരലോകത്തെ ശിക്ഷ എപ്രകാരമായിരിയ്ക്കുമെന്ന് ദാസി തിരിച്ചുചോദിയ്ക്കുന്നു. ഈ ചോദ്യത്തിൽനിന്നും ബോധോദയം വന്ന് രാജകുമാരൻ ലളിതജീവിതമാരംഭിയ്ക്കുന്നതാണ് കൃതിയുടെ ഉള്ളടക്കം. ഇത്തരത്തിൽ ശ്രോതാക്കളെ വിചിന്തനം ചെയ്യിയ്ക്കുകയും ആത്മീയമാർഗത്തിൽ ചലിപ്പിയ്ക്കുകയും ചെയ്യുന്നവയാണ് ഖിസ്സപ്പാട്ടുകളേറെയും.

ഖിസ്സപ്പാട്ടുകൾക്കൊപ്പം വികസിച്ച മറ്റൊരുകാവ്യമേഖലയായിരുന്നു പടപ്പാട്ടുകൾ. പേരു സൂചിപ്പിയ്ക്കുന്നപോലെത്തന്നെ പടയെക്കുറിച്ചുള്ള പാട്ടുകളാണ് പടപ്പാട്ടുകൾ എന്നറിയപ്പെടുന്നത്. പടയ്ക്കുപോകുമ്പോൾ പാടുന്നവ എന്നർത്ഥത്തിലും പടപ്പാട്ടെന്ന് ഇവയെ വിളിയ്ക്കാം. ലോകമെങ്ങുമുള്ള മുസ്ലീങ്ങൾ തങ്ങളുടെ ശത്രുക്കളുമായി നടത്തിയ യുദ്ധങ്ങളാണ് ഇതിൽ പ്രതിപാദ്യവിഷയമാകുന്നത്. മുഹമ്മദ് നബിയുടെ കാലഘട്ടത്തിലെ യുദ്ധങ്ങൾ മുതൽ മലബാർലഹളക്കാലത്തെ പോരാട്ടങ്ങൾവരെ പടപ്പാട്ടുകൾക്ക് വിഷയമാകുന്നുണ്ട്. കേരളത്തിലെ വൈദേശികാധിപത്യ ശ്രമങ്ങളെയെല്ലാം കൂട്ടമായി പൊരുതിത്തോൽപ്പിയ്ക്കാൻ മുന്നിൽ നിന്നവരായിരുന്നു മലബാറിലെ മാപ്പിളമാരെന്ന ചരിത്രപരമായ വസ്തുതയോട് ചേർത്തുപരിശോധിച്ചാൽ ആ സമൂഹത്തിനകമേ ഇത്തരത്തിലൊരു കാവ്യശാഖ വികസിച്ചതിന്റെ അനിവാര്യത മനസ്സിലാക്കാനാകും.

പടപ്പാട്ടുകൾക്കിടയിൽ പ്രത്യേകപരിഗണന അർഹിയ്ക്കുന്ന ബൃഹദ്കാവ്യമാണ് 'സഖൂം പടപ്പാട്ട്.' ഇരുപത്തിമൂന്നാമത്തെ മഖ്ദൂമായ സയ്യിദ് അലവിക്കോയ തങ്ങൾ വിവരിച്ചുകൊടുത്തതനുസരിച്ചാണ് സഖൂം പടപ്പാട്ട് രചിച്ചതെന്ന് ആ കൃതിയിൽതന്നെ പരാമർശമുണ്ട്. സഖൂമിന്റെ പുത്രനും ഹസറത്ത് ഇമാം അലിയും തമ്മിലുള്ള ദ്വന്ദ്വയുദ്ധത്തിന്റെ വിവരണം ഈ കാവ്യത്തിലെ പ്രധാനഭാഗമാണ്.

"പൊരുതിടുവാർ അടൽ കഠിനം വിനതന്നിൽ
പലെ ജനം നളറിടുവാർ അതു അത്തരം

തരം ഉരം പരികടിഞ്ഞാണു മുറുക്കലിൽ

തകിർദമെദിമിദി മിദേർകദുൽദുലൂം

ചരിചുമടടി കുതിത്ത് ഓശയാനതിൽ

പലെതരം നളറ് ഉട ചെവിടാകെ വിറച്ചിടയ്

തരണിയിൽ ചുമടടിയിൽ ശുബാറുകൾ

തലം ഉലകത് ഇരുളായ് നിന്നിടയ്

ഇടും അടലുടെ ചൊടിപാടത് യെപ്പടി”

(ഹുസൈൻ രണ്ടത്താണി, 2014:314)

ഇങ്ങനെ ചടുലമായ താളത്തിൽ പടപ്പാട്ടുകളിൽ യുദ്ധവർണ്ണനകൾ കടന്നുവരുന്നു. അതിനൊപ്പംതന്നെ കഥയോട് സത്യസന്ധത പുലർത്താനും കാൽപ്പനികതകൾ അധികം കടന്നുവരാതിരിയ്ക്കാനും കവികൾ ശ്രദ്ധിയ്ക്കുന്നുണ്ട്. മലബാറിലെ പ്രസിദ്ധമായ പടപ്പാട്ടുകളിലേറെയും രചിച്ചിട്ടുള്ളത് മോയിൻകുട്ടി വൈദ്യരാണ്. അദ്ദേഹത്തിന്റെ ബദ്ർ യുദ്ധം വിവരിയ്ക്കുന്ന 'ബദ്റുൾ കുബ്റാ' എന്ന പടപ്പാട്ട് പ്രസിദ്ധമാണ്. ഇതടക്കമുള്ള പടപ്പാട്ടുകൾക്കെല്ലാം മാതൃകയാകുന്നത് സഖൂം പടപ്പാട്ട് തന്നെയാണ്.

പൊന്നാനിയിൽ നിന്നുണ്ടായ മറ്റൊരു പടപ്പാട്ടാണ് 'ഹുനൈൻ പടപ്പാട്ട്'. ഈ പാട്ടിലും അതിന്റെ രചയിതാവിനെ പ്രചോദിപ്പിയ്ക്കുന്നതിനു പിന്നിൽ പൊന്നാനിയിലെ മഖ്ദൂമുകൾക്കുള്ള പങ്ക് പ്രതിപാദിയ്ക്കുന്നുണ്ട്. മാളിയേക്കൽ കുഞ്ഞഹമ്മദ് സാഹിബെന്ന പ്രസിദ്ധനായ കവി തന്നെ കവിയാക്കിയത് ഗുരുവായ അലി ഹസ്സൻ മഖ്ദൂമിന്റെ പ്രചോദനമാണെന്നു നിസ്സംശയം പറയുന്നുണ്ട്.

“നാമം മഅ്ബരി നസ്ബിൽ വാൾവോർ

നാമോ മഖ്ദൂമുമാർ ബന്നീ ആണോവർ

ആ മായികവുടിയ ഗൃഹമിൽ വന്നോർ

അലീ ഹസനുബ്നു അഹ്മദെന്നോർ

അവർ താൻ രിവായത്താൽ തിരിത്തെഖാല

ഇന്തെ ഗസ്വത്ത് ഹുനൈനിമാല” (ഹുസൈൻ രണ്ടത്താണി, 2014:308–309)

പൊന്നാനിക്കാരനായ കുഞ്ഞുസീതിതങ്ങൾ രചിച്ച പടപ്പാട്ടാണ് 'ഫുതൂഹ് താഇഫ്'. മക്കാ യുദ്ധത്തിൽ വിജയിച്ച് പ്രവാചകനും കൂട്ടരും താഇഫ് കോട്ട പിടിച്ചടക്കാൻ ശ്രമിയ്ക്കുകയും അവിടെവെച്ച് സുദീർഘമായ പോരാട്ടങ്ങളുണ്ടാകുന്നതുമാണ് ഈ പാട്ടിന്റെ ഇതിവൃത്തം. ഹസ്റത്ത് അലി, സുബൈറ് ഇബ്നു അവാം എന്നിവർ ചേർന്ന് താഇഫ് കോട്ട പിടിയ്ക്കാൻ നടത്തുന്ന ശ്രമങ്ങൾ ഇപ്രകാരമാണ്:

"പോട്ട് സുബൈറും അന്നേ
പൂട്ടിയെടുത്ത് വീണേ
വാട്ടം പെരിത്തോരായും
കൈമക്കകം വെക്കകലായ്
കൂട്ടർ സഹാബർയെല്ലാം
കൂടി വളഞ്ഞു കൊണ്ട്
കേട്ടാൽ അലി നമ്മോട്
താഹാ മരുവർ പൂവ്വേ
തങ്കൾ റസൂലുള്ളാന്റെ
ബത്തൂലെ മണത്തെ അലിയെ
ഇങ്കെ ഇരിന്ത് മാതായ്
ഇടുകിൽ ശഹീദാകുമേ" (ഹുസൈൻ രണ്ടത്താണി, 2014:312)

നൂറുദീൻസാഹിബ് രചിച്ച 'ഖന്തബ്പടപ്പാട്ട്', 'തബൂഖ്പടപ്പാട്ട്' എന്നിവയും പൊന്നാനിയിൽ പ്രസിദ്ധമായ മറ്റുചില പടപ്പാട്ടുകളായിരുന്നു.[10] പൊന്നാനിയിലെ പടപ്പാട്ടുകളെല്ലാംതന്നെ പ്രവാചകന്റേയും അനുചരന്മാരുടേയും പോരാട്ടങ്ങളുടെ പ്രകീർത്തനങ്ങളാണ്. സാമ്രാജ്യത്വവിരുദ്ധയുദ്ധങ്ങളുടെ മുൻപന്തിയിൽ നിന്നിരുന്നെങ്കിലും പൊന്നാനിയിൽ പോർച്ചുഗീസ് യുദ്ധങ്ങളെക്കുറിച്ചുള്ള പടപ്പാട്ടുകളൊന്നും രചിയ്ക്കപ്പെട്ടതായി കണ്ടിട്ടില്ല. കേരളത്തിലെ മാപ്പിള ജീവിതത്തിന്റെ വീര്യത്തെക്കുറിച്ചുള്ള പല പടപ്പാട്ടുകളും രചിയ്ക്കപ്പെടുന്നത് മലബാർ ലഹളക്കാലത്താണെന്നതും പൊന്നാനി അതിൽ നിന്നും അകലം പാലിച്ചിരുന്ന ദേശമായിരുന്നുവെന്നതും ഇതിന്റെ കാരണമായി പരിഗണിയ്ക്കാവുന്നതാണ്.

### 6.2.3 കല്ല്യാണപ്പാട്ടുകൾ

പൊന്നാനിയിലെ വിവാഹാഘോഷങ്ങളെല്ലാം സംഗീതസാന്ദ്രമായ രാത്രിയാഘോഷങ്ങളായിരുന്നു. മയിലാഞ്ചിയിടൽ, വരനെ വധൂഗൃഹത്തിലേയ്ക്കും വധുവിനെ വരന്റെ വീട്ടിലേയ്ക്കും കൊണ്ടുപോയാക്കൽ, തേടിപ്പോകൽ, അറകയറ്റൽ, സത്കാരങ്ങൾ എന്നിവയെല്ലാം പാട്ടുപാടാനുള്ള വേദികളായിരുന്നു. വരന്റേയും വധുവിന്റേയും സൗന്ദര്യം, ആഭരണങ്ങൾ, അറയലങ്കരിയ്ക്കൽ, പലഹാരങ്ങളുടെ രുചി എന്നിവയെല്ലാം പാട്ടിന്റെ വിഷയമാണ്. വിഷയങ്ങൾക്കും സന്ദർഭങ്ങൾക്കും അനുസരിച്ച് അപ്പപ്പാട്ട്, അമ്മായിപ്പാട്ട്, വെറ്റിലപ്പാട്ട്, മൈലാഞ്ചിപ്പാട്ട്, മൗത്തളപ്പാട്ട്, ഒപ്പനപ്പാട്ട് എന്നിങ്ങനെ പലവിധ പാട്ടുകൾ രൂപപ്പെടുന്നു.

കല്ല്യാണത്തലേന്നാണ് മൈലാഞ്ചിയിടൽ. വധുവിന്റെ ഉപ്പയുടെ വീട്ടിൽവെച്ച് അരച്ച മൈലാഞ്ചി മൈലാഞ്ചിസംഘം പോയി കൊണ്ടുവരും. അവർ വധൂഗൃഹത്തിലെത്തുന്നതോടെ മറ്റൊരു സംഘം മൈലാഞ്ചിപ്പാട്ട് ആരംഭിയ്ക്കും. മൈലാഞ്ചി തേടിപ്പോയ കഥകളും മൈലാഞ്ചി അണിയുന്ന വധുവിന്റെ സൗന്ദര്യവുമെല്ലാം പാട്ടിൽ കാണാം.

"മൈലാഞ്ചിയും കൊണ്ട് മങ്കമ്മാരും വന്നേ
മൈലാഞ്ചി എതിരേൽപ്പാൻ ആരെല്ലാം ഉള്ളത്?
മുമ്പിൽ ജിബ്രീലും മീക്കാ ഈലും മറ്റും
മൈലാഞ്ചി വരവ് കാമാൻ ആരെല്ലാം ഉള്ളത്
മന്നർ റസൂലുല്ലാഹിയും തങ്ങളെതോഴിമാരും
മിക്കാ മലക്കുകൾയെണ്ണം ഇല്ലാതോളം
യെണ്ണം ഇല്ലാതാവോളം വാനവരും കൂടി
യെതിരേറ്റ് കൊണ്ടാടിപ്പാടിവന്നേ മൈലാഞ്ചി"[11]

കല്യാണത്തലേന്ന് അതിഥികളെല്ലാംകൂടി വെറ്റിലമുറുക്കും. കല്യാണത്തിനു വരുന്ന സദസ്യർക്ക് വെറ്റിലയും അടയ്ക്കയും പുകയിലയും കൂട്ടി മുറുക്കാൻ കൊടുക്കുന്നതും എല്ലാവരും വട്ടമിട്ടിരുന്ന് മുറുക്കുന്നതും പൊന്നാനിയിൽ ഒരാഘോഷമായിരുന്നു. എല്ലാ

ആഘോഷങ്ങളിലേയും പോലെ അപ്പോഴും അവർ കൂട്ടമായി പാട്ടുപാടുന്നു. അങ്ങനെ രൂപംകൊണ്ടതാണ് വെറ്റിലപ്പാട്ട്.

"ബഹുമാനസഭയിൽ വച്ചിടും വെറ്റിലാ
ബഹു ജോറിൽ തിന്ന് രസിച്ചിടും വെറ്റിലാ
വട്ടൊത്തെ തട്ടിൽ വയ്ക്കും തളിർ വെറ്റിലാ
വർണ്ണന ബഹുമെച്ചം പച്ച വെറ്റിലാ
എണ്ണമിൽ പല തരം ഉള്ളൊരു വെറ്റിലാ
ഏറിയ പേർകളും തിന്നണ വെറ്റിലാ
ഏറ്റവും കേളി മികന്തൊരു വെറ്റില"[12]

കല്യാണപ്പെണ്ണിനെ അണിയിച്ചൊരുക്കുന്ന ഒപ്പന മാപ്പിളക്കല്ല്യാണത്തിന്റെ പ്രധാനഭാഗമാണ്. എന്നാൽ പൊന്നാനിക്കാർക്ക് ഒപ്പനയ്ക്കു പുറമേ വരനെ അണിയിച്ചൊരുക്കുന്ന മൗത്തളയുമുണ്ട്. പൊന്നാനിയ്ക്ക് മാത്രം സ്വന്തമായ പുരുഷമംഗല്യസദസ്സുകളിലെ ആഘോഷമാണിത്. കല്ല്യാണത്തിനുവന്ന ബന്ധുമിത്രാദികളെ സ്വാഗതം ചെയ്തുകൊണ്ടാണ് മൗത്തളപ്പാട്ട് ആരംഭിയ്ക്കുന്നത്.

"ബിസ്മിയാൽ തുടങ്ങുന്നെ ഞങ്ങളീതാ  മംഗളഗാനം
റഹ്മാനെ നിന്റെ അനുഗ്രഹം ചൊരിയ്യണം ഈസ്ഥലമീൽ
ആലം ഉടയോനേയാറബ്ബുൽ റഹ്മാനെ
അനുദിനം അനുഗ്രഹം നൽകിടണം മീ പരനെ
സന്തോഷം അലതല്ലും ഇന്നിഈ മംഗള സുദിനത്തിൽ
ആദ്യമായി കൂട്ടുകുടുംബത്തിന് സ്വാഗതമരുളിടുന്നെ"[13]

കല്ല്യാണം കഴിഞ്ഞാൽ പിന്നെ പൊന്നാനിയിൽ വിരുന്നുകാലമാണ്. ഒരാഴ്ചക്കാലം വരനെ വ്യത്യസ്തസംഘങ്ങൾ വധൂഗൃഹത്തിൽ രാത്രി കൊണ്ടുചെന്നാക്കും. ഓരോ ദിവസവും വിരുന്നിന്റെ ദിവസമാണ്. വരനെ പലഹാരങ്ങൾ കഴിപ്പിക്കാനായി മത്സരിക്കുന്ന അമ്മായി (വധുവിന്റെ മാതാവ്) പാട്ടുകളിലെ സ്ഥിരം കഥാപാത്രമാണ്. ഹാസ്യാത്മകമായി ഈ സന്ദർഭത്തെ ചിത്രീകരിയ്ക്കുന്ന ധാരാളം പാട്ടുകൾ മലബാറിലെങ്ങും പ്രസിദ്ധമാണ്.

"അപ്പങ്ങൾ പലവിധം കൊടുത്തമ്മായി
അലങ്കാരം മികച്ചേമാൽ കൊടുത്തതുമൂലം
ആടുവാൻ ആളുകൾ പെൺടികൾ യെത്തിരാ
തേടുവാൻ കാക്ക അളിയൻ ഹാജറ്
തേടിയും ചങ്ങാതിമാർ അവർയെത്തിരാ
കൂട്ടിടും കോപ്പുകൾ തീൻപണ്ടം യെത്തിരാ
യെത്തിരെതരം പണ്ടം വിധം വിധമിൽ
യെന്ത്യെന്ത് തരം ചെന്നാൽ അളവില്ലാകേൾ"[14]

പൊന്നാനിയിലെ വിവാഹങ്ങളെല്ലാംതന്നെ ആഘോഷങ്ങളാൽ നിറഞ്ഞതായിരുന്നു. ആഴ്ചകളോളം നീളുന്ന ഈ ആഘോഷങ്ങളിലെ മുഖ്യഇനമായിരുന്നു ഓരോ വേളകളിലും പാടുന്ന കല്ല്യാണപ്പാട്ടുകൾ. പ്രവാചകന്റേയോ അദ്ദേഹത്തിന്റെ അനുചരന്മാരുടേയോ ഒക്കെ വിവാഹവും അതിന്റെ വിശേഷങ്ങളും ഇത്തരം പാട്ടുകളിൽ കടന്നുവരുന്നുണ്ടെങ്കിലും ആരാധനയ്ക്കും ആത്മീയതയ്ക്കുമപ്പുറം അറബി മലയാളസാഹിത്യം ഭൗതികമായ തലം കൈവരിയ്ക്കുന്നത് കല്യാണപ്പാട്ടുകളിലൂടെയാണ്. ഹാസ്യാത്മകവും ലാസ്യരസപ്രധാനവുമായ വരികൾ പലപ്പോഴും ഇവിടെ പ്രത്യക്ഷപ്പെടുന്നു. മിക്കപ്പോഴും ഈ പാട്ടുകൾ പാടാനായി പ്രത്യേക ഗായക സംഘങ്ങൾ തന്നെ പൊന്നാനിയിൽ രൂപംകൊണ്ടിരുന്നു. മറുനാടുകളിൽ നിന്നുള്ള ഗായകർ പോലും ഇവിടേയ്ക്ക് കല്ല്യാണപ്പാട്ടുകൾ പാടാനായി വന്നുചേർന്നു. പൊന്നാനിയിലെ ഗാനപാരമ്പര്യത്തെ ശക്തമാക്കിയതിൽ ഈ ആഘോഷരാവുകൾക്ക് വലിയ പങ്കുണ്ട്.

### 6.2.4 പൊന്നാനിയുടെ ഗാനപാരമ്പര്യം

പൊന്നാനിക്കാരന്റെ ആഘോഷങ്ങളിൽ മാത്രമല്ല വിനോദത്തിലും വിശ്രമത്തിലുമെല്ലാം പാട്ടുകളുണ്ടായിരുന്നു. പാട്ടുകെട്ടിപ്പാടുന്ന നിരവധിപേർ പൊന്നാനിത്തീരത്ത് പണ്ടുണ്ടായിരുന്നു. ഇന്നും പൊന്നാനിയുടെ തീരദേശത്ത് കെട്ടിപ്പാടുന്നവരായ കുറച്ചുപേരെയെങ്കിലും കാണാനാകും. പണ്ടുണ്ടായിരുന്നവർ കെട്ടിപ്പാടിയ പാട്ടുകൾ ഇന്നും ഓർത്തുവെച്ച് ഏറ്റുപാടുന്നവരേയും ഇവിടെ

കാണാനാകും. കെസ്സുപാട്ടുകൾ, സർക്കീട്ടുപാട്ടുകൾ, കത്തുപാട്ടുകൾ എന്നിങ്ങനെ നേരംപോക്കുകളായി കെട്ടിപ്പാടിയ പാട്ടുകളേറെയാണ്. ദൈർഘ്യം കുറഞ്ഞവയും ഭാവനാപരവുമായ രചനകളാണ് കെസ്സുപാട്ടുകൾ. ചെറുതും വലുതുമായ യാത്രാവിവരണങ്ങളാണ് സർക്കീട്ടുപാട്ടുകൾ. കത്തിന്റെ രൂപത്തിൽ എഴുതുന്ന 'കത്തുപാട്ട്' എന്ന ശൈലി പഴക്കമേറെയുള്ളതാണെങ്കിലും ഗൾഫ് കുടിയേറ്റക്കാലത്ത് പ്രചാരം വർദ്ധിച്ചവയാണ്. ലാസ്യരസപ്രധാനമായിരുന്നു ഈ പാട്ടുകൾ എന്നതും ഇതിനു കാരണമായിട്ടുണ്ട്.

അടുത്തകാലംവരെ എവിടേയും എഴുതിവെയ്ക്കപ്പെടാതിരുന്ന കെസ്സുപാട്ടുകളും സർക്കീട്ടുപാട്ടുകളുമെല്ലാം പൊന്നാനിക്കാർ ഇന്നും ഓർമ്മയിൽ സൂക്ഷിയ്ക്കുന്നത് അതു പാടി നടന്ന അവരുടെ പ്രിയപ്പെട്ട ഗായകരുടെ ശബ്ദത്തിലൂടെയാണ്. ഇങ്ങനെ പാട്ടുപാടി പ്രസിദ്ധരായ നിരവധി മനുഷ്യരുണ്ട് പൊന്നാനിയിൽ. പൊന്നാനി അസീസ്, പൊള്ള മൊയ്തീൻ സാഹിബ്, പി വി റസാഖ് ഹാജി, ഇ. കെ. അബൂബക്കർ, മായിൻക്ക, ഉസ്മാൻക്ക, പക്കി മുഹമ്മദ് തുടങ്ങിയവർ പൊന്നാനിക്കാരുടെ പ്രിയപ്പെട്ട ഗായകരാണ്. പൊള്ള മൊയ്തീൻ സാഹിബ് കൊച്ചി സന്ദർശിയ്ക്കാൻ പോയപ്പോൾ കണ്ട കാഴ്ചകളും ആദ്യമായി വിമാനം പറക്കുന്നതുമെല്ലാം പൊന്നാനിക്കാർയ്ക്കിടയിലെ പ്രിയപ്പെട്ട സർക്കീട്ടുപാട്ടുകളാണ്. കൊച്ചി കാണാൻ പോകുന്നതിനെക്കുറിച്ച് രചിച്ച സർക്കീട്ടുപാട്ട് തുടങ്ങുന്നത് ഇപ്രകാരമാണ്.

> "ആദിയായവൻ ഏകനാൽ പൊന്നാനിയിൽ നിന്നാണേ
> ആശയാലെനിക്ക് കൊച്ചി പോകണമെന്നാണേ
> പൂതി മുൻകാലത്തുണ്ട് പോയിടാൻ സാദിക്കകണ്ട്
> മാതിരി ചിലരെയും കണ്ട് മട്ടവും ചോദിക്കലുണ്ട്
> തഞ്ചമേറിയ ഞാനും മഞ്ചികേറിയേ
> ചെന്ന് ചാവക്കാടിറങ്ങി ഊണതും കഴിഞ്ഞേ"[15]

കൊച്ചിയിലിറങ്ങിയ കവി നാടും നഗരവും കണ്ട് അത്ഭുതംകൂറി നിൽക്കുമ്പോഴാണ് ആദ്യമായി വിമാനം കാണുന്നത്.

"ശറഫഞ്ച് ശറഫോടിമ്പമേകവർക്ക്

വല്ലതൊരു തിരിയുന്ന പങ്കതൻ മുന്നിലെ

വല്ലാത്തൊരു ഡ്രൈവറുണ്ടതിൽ മുന്നിലെ

തെല്ലിനു മീതെ ചിറകുണ്ടതിൽ താനെ

തേയുസ്സനമാതാ നബിന്റെ പൊന്നുമോനെ

വല്ലാത്ത ചക്രമുന്നതുണ്ടൻ അടിയിലേ"[16]

കണ്ടകാഴ്ചകളും അറിഞ്ഞലോകങ്ങളും സുഹൃത്തുക്കൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്ന രീതിയിലാണ് സർക്കീട്ടുപാട്ടുകളെല്ലാം രൂപപ്പെടുത്തിയിട്ടുള്ളത്. ഷൊർണ്ണൂരിലേയ്ക്ക് ട്രെയിൻ യാത്ര നടത്തിയതിനെക്കുറിച്ചും ഗൾഫിലേക്ക് ഉരുവിൽ ചരക്കുകയറ്റി പോയതിനെക്കുറിച്ചുമെല്ലാം പൊന്നാനിക്കാർ ഒരേ കൗതുകത്തോടെ സർക്കീട്ട്പാട്ടുകൾ കെട്ടിപ്പാടുന്നു. വ്യക്തികൾ തമ്മിലുള്ള സംഭാഷണത്തിൽ അവസാനിയ്ക്കേണ്ട യാത്രാവിവരണങ്ങൾ പാട്ടുകളായി മാറുന്നതോടെ അത് ദേശക്കാരെല്ലാം പാടി നടക്കുകയും അതിലെ കാഴ്ചകളെല്ലാം ആ ദേശത്തിന്റേതായി മാറുകയും ചെയ്യുന്നു. പൊന്നാനി എന്ന ചെറിയ ലോകം അതിനു പുറത്തുള്ള വലിയ ലോകത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ കണ്ടുതുടങ്ങുന്നത് ഇങ്ങനെയാണ്.

കെസ്സുപാട്ടുകളിലും സർക്കീട്ടുപാട്ടുകളിലുമെല്ലാം കാണാനാകുന്ന ഭാവം കൗതുകമാണ്. പുതിയകാര്യങ്ങൾ അറിയുമ്പോൾ അതു മറ്റുള്ളവരെ അറിയിയ്ക്കാനുള്ള കൗതുകം പൊന്നാനിക്കാരുടെ കൂട്ടായ ജീവിതപരിസരം സൃഷ്ടിയ്ക്കുന്നതാണ്. അറബിമലയാളത്തിലെ സാഹിത്യകാരന്മാരിൽ പ്രസിദ്ധനായിരുന്ന ഉമർഖാസിയുടെ ചില ബൈതുകൾ ഇതിനുദാഹരണമാണ്. കാപ്പിയെന്നൊരു സാധനമുണ്ടെന്ന് പുറംനാട്ടിലെവിടെയോവെച്ച് തിരിച്ചറിഞ്ഞ ഉമർഖാസി അതിനെപ്രതി രചിയ്ക്കുന്ന വരികളിൽ ഈ കൗതുകം കാണാനാകും. കാപ്പിക്കുരുവിന്റെ തൊലിചേർത്ത് വേവിച്ചുണ്ടാക്കുന്ന പാനീയത്തെക്കുറിച്ചാണ് ഈ ബൈത്. എല്ലാ പ്രദേശങ്ങളിലും പ്രചാരത്തിലെത്തിതുടങ്ങിയിട്ടുള്ള ഈ പാനീയത്തെ കാപ്പിയെന്നു വിളിയ്ക്കുന്നു. ജനങ്ങൾ തടിച്ചുകൂടുന്ന സദസ്സുകളിൽ അത് പാനം ചെയ്യാനായി നൽകപ്പെടുന്നു. മഹാന്മാരും പാവപ്പെട്ടവരും അത് സുലഭമായി കുടിക്കുന്നു

"ശറാബുൽ ജറാ ഫീകുല്ലി കുത്വിരിൻ വബൽദതിൻ

ബിത്വബ്ഗിൻ ഖുശൂരിൻ ബുന്നി യുദ്ആ ബി കഹ്വതിൻ" (ഉമർഖാസി, 2018:156)

അറബിമലയാളത്തിന് സമാന്തരമായി അറബിഭാഷയിൽ വികസിച്ചുവന്ന ഗാനസമ്പ്രദായമായിരുന്നു ബൈത്. ഉമർഖാസിയുടെ ബൈതുകളെല്ലാംതന്നെ പൊന്നാനിയിൽ പ്രസിദ്ധമായവയാണ്. ആദ്യമായി തീവണ്ടികണ്ടപ്പോൾ രചിച്ച ബൈത്ത് അത്തരത്തിലൊന്നാണ്. സ്നേഹിതാ ഞാൻ ഇന്നലെ കരയിലൂടെ കാലുകളില്ലാതെ റൈലിലൂടെ സഞ്ചരിയ്ക്കുന്ന ഒരു വാഹനത്തെ കണ്ടു. അത് കൂകൂകൂ ശീശീ എന്ന ശബ്ദത്തോടും പുകയോടും കൂടി ഓടുന്നു. അതിൽ അത്ഭുതകരമായ രീതിയിൽ ജനങ്ങളും ചരക്കുകളുമുണ്ട് എന്നാണ് ഉമർഖാസി ട്രെയിനിനെക്കുറിച്ച് പറയുന്നത്.

"റഐെതു ബിബരിൻ അംസി യാസാഹി മർക്കബൻ

യസീറു ബിലാരിജിൻ അലറൈലി ഹാരിബൻ

ബിസൌത്തിൻ ബികൂകൂകൂ വശീശീ മഅദുഹാനി

വഫീഹിൽ ഇൻസാനു വൽമത്താഉ അജാഇബ" (ഉമർഖാസി, 2018:155)

വസ്തുതാവിവരണങ്ങൾക്കൊപ്പം നർമ്മങ്ങളും വിമർശനങ്ങളും ബൈതുകളുടെ വിഷയമായി മാറുന്നുണ്ട്. അത്യാഗ്രഹമുള്ള ജീവികൾ ആരെല്ലാമാണെന്നാണ് ഒരു ബൈതിൽ പറയുന്നത്. അത്യാഗ്രഹമുള്ള ജീവികൾ ആറെണ്ണമാണ്: നായ, മുല്ല, മുക്രി, കാക്ക, ഒസ്സാൻ, ഈച്ച എന്നിവയാണവ. മുസ്ലീം മതത്തിലെ പൗരോഹിത്യത്തിന്റെ ജീർണതയെ ഇത് ചൂണ്ടിക്കാട്ടുന്നു.

"അഹ്റസുൽ ഹയവാനി സിതുൻ കൽബുൻ മുല്ല മുക്രി

കാക്ക ബഅ്ദഉ വസാനുൻ ഈച്ച ത്വാറ തൻളുറു യാരിഫി"

(ഉമർഖാസി, 2018:156)

സംഗീതത്തോടുള്ള പ്രിയം പൊന്നാനിക്കാർക്ക് സ്വതഃസിദ്ധമായുള്ളതാണെങ്കിലും പത്തേമാരികൾ വഴിയുള്ള ലോകസഞ്ചാരങ്ങൾ അതിലേയ്ക്ക് പുതിയൊരു ഘടകത്തെക്കൂടി ഉൾച്ചേർക്കുന്നു. മറ്റുദേശങ്ങളിലെ സംഗീതവും അവിടത്തെ യാത്രാവിശേഷങ്ങൾക്കൊപ്പം പൊന്നാനിയിലേയ്ക്ക് വരുന്നു. മഞ്ചിത്തൊഴിലാളികൾ

നാട്ടിലെത്തിയാൽ രാവന്തിയോളം വന്നിരുന്ന് അവർക്ക് സൊറ പറയാനും പാട്ടുപാടാനുമുള്ള നിരവധി ക്ലബ്ബുകൾ പൊന്നാനിയിൽ ഉണ്ടായിരുന്നു. ഹിന്ദുസ്ഥാനിസംഗീതവും ഗസലുകളും പൊന്നാനിക്കാർക്ക് പ്രിയങ്കരമാകുന്നത് ഈ ക്ലബ്ബുകൾ വഴിയാണ്.

### 6.3 പൊന്നാനിയിലെ കലാരൂപങ്ങൾ

സാഹിത്യമെന്നതുപോലെ പൊന്നാനിയിലെ കലാരംഗവും വൈവിധ്യങ്ങൾ നിറഞ്ഞതാണ്. കാർഷികപ്രധാനമായ ഒരു ഗ്രാമീണജീവിതം ഈ ദേശം നിലനിർത്തിയിരുന്നു എന്നതുകൊണ്ടുതന്നെ പ്രാദേശികമായ ഒരുപാട് കലാരൂപങ്ങളും ഇവിടെ വളർന്നുവന്നിരുന്നു. ജാതിമതബന്ധങ്ങൾക്കുള്ള സ്വാധീനം ആചാരപരമായ സവിശേഷതകൾക്ക് വഴിവെച്ചു. പൊന്നാനിയിലെ അനുഷ്ഠാനങ്ങളിൽ ഏറെയും ആചാരപരതയേക്കാൾ കലാമൂല്യം തുളുമ്പുന്നവയായിരുന്നു. സംഗീതത്തിലും നൃത്തത്തിലുമെന്നപോലെ ആയോധനകലകളിലും ചിത്രകലയിലും പ്രസിദ്ധരായ പലരും പൊന്നാനിയിൽനിന്നും ഉയർന്നുവന്നു.

#### 6.3.1 ആയോധനകലയിലെ വ്യത്യസ്തസമ്പ്രദായങ്ങൾ

രണ്ട് വ്യത്യസ്തമായ കളരിസമ്പ്രദായങ്ങൾ പ്രചാരത്തിലുള്ള നാടാണ് പൊന്നാനി. ഒന്ന് ‘വടക്കൻകളരി’ സമ്പ്രദായമാണ്. സാമൂതിരിയുടെ യുദ്ധങ്ങളിൽ തിരുമനശ്ശേരി രാജാവിന്റെ മൂവായിരത്തോളം നായർപടയാളികൾ പങ്കെടുക്കുമായിരുന്നു. ഈ പടയാളികൾക്കുവേണ്ടിയാകണം പൊന്നാനിയിൽ കളരികളാരംഭിക്കുന്നത്. സാമൂതിരിയുടേയും കൊച്ചിരാജാവിന്റേയും യുദ്ധാവശ്യങ്ങൾക്കുവേണ്ടി നിരവധി കളരിയാശാന്മാർ ഇവിടെവന്ന് താമസമാക്കിയിട്ടുണ്ട്. വടക്കുദേശത്തുനിന്നുള്ള വരായിരുന്നു അതിലേറെയും. പൊന്നാനി പരിസരത്തുള്ള കളരികളിലധികവും തിരുമനശ്ശേരിയുടേതോ സാമൂതിരിരാജാവിന്റേതോ ആയിരുന്നു. അതേസമയം പൊന്നാനിയ്ക്ക് തെക്ക് വന്നേരിനാട്ടിൽ നിന്നുള്ള കളരികൾ പെരുമ്പടപ്പ് സ്വരൂപത്തോട് കൂറുള്ളവരായിരുന്നു. ഈ കളരികളിലെല്ലാം വടക്കൻ സമ്പ്രദായമായിരുന്നു

അഭ്യസിപ്പിച്ചിരുന്നത്. രണ്ടാമത്തെ സമ്പ്രദായം പ്രാദേശികമായി വികസിച്ചുവന്ന 'കളംചവിട്ട്' സമ്പ്രദായമാണ്. പൊന്നാനിയിലെ അടിസ്ഥാനജനവിഭാഗങ്ങൾക്കും മാപ്പിളമാർക്കുമിടയിലാണ് ഈ സമ്പ്രദായത്തിനു സ്വാധീനമുള്ളത്.

വന്നേരിനാട്ടിലെ പ്രധാനപ്പെട്ട കളരികളാണ് ചെറായികളരി, കോടത്തൂർകളരി, പുന്നൂർകളരി എന്നിവ. വന്നേരി ഹൈസ്കൂളിനു ഒരു കിലോ മീറ്റർ പടിഞ്ഞാറായാണ് ചെറായി കളരി സ്ഥിതിചെയ്യുന്നത്. ചെറായി തറവാട്ടിലെ രണ്ടു സഹോദരന്മാർ അങ്കത്തെക്കുറിച്ചുള്ള വഴക്കുകൾ കാരണം പിരിഞ്ഞുവെന്നും അതിലൊരാൾ കനോലികനാലിനിപ്പുറം താമസമാക്കിയെന്നുമാണ്. കനോലികനാലിനു പടിഞ്ഞാറുവന്ന് താമസമാക്കിയവരെ ചെറായി പടിഞ്ഞാക്കര പണിക്കന്മാർ എന്നും മൂലസ്ഥാനത്തുതന്നെ തുടർന്നവരെ ചെറായി കിഴക്കേക്കര പണിക്കന്മാർ എന്നും വിളിച്ചുപോന്നു.

ഇതിൽ പടിഞ്ഞാക്കര പണിക്കന്മാരുടെ അടുത്തുവന്ന് തച്ചോളി ഒതേനൻ രണ്ടുവർഷക്കാലം വിദ്യയഭ്യസിച്ചിരുന്നതായി ഐതിഹ്യമുണ്ട്. "പതിനെട്ടു തട്ടുകളിലായി പ്രത്യേകം അളവിൽ കുഴിച്ചെടുത്ത വലിയ കിണറിൽ പരിശീലനം നടത്തുന്ന മേലായം കൊള്ളൽ അല്ലെങ്കിൽ പരുന്ത്റാക്ക് എന്നവിദ്യയും മറ്റുചില അപൂർവ്വവിദ്യകളും പഠിക്കാനാണ് ഒതേനൻ ഇവിടെ വന്നത്" (കെ.എസ്.ശശിധരൻ, 1994:147). കൊടുങ്ങല്ലൂർ ഭരണിയുമായും ചെറായി പണിക്കന്മാർക്ക് ചില ബന്ധങ്ങൾ പറഞ്ഞുകേട്ടിട്ടുണ്ട്. കൊടുങ്ങല്ലൂർ അമ്പലത്തിന്റെ വടക്കേനടയിലുള്ള ആൽത്തറയിൽ അവർക്ക് അവകാശങ്ങളുണ്ട്. പെരുമ്പടപ്പ് സ്വരൂപവുമായാണ് ഈ പ്രദേശത്തെ കളരികൾക്കെല്ലാം ബന്ധമെങ്കിലും മാമാങ്കത്തിന്റെ കാലത്ത് സാമൂതിരിയ്ക്ക്വേണ്ടി ചെറായി കളരിയിൽ നിന്നും ചേകവന്മാർ പോയിരുന്നു.

കോടത്തൂർകളരി ആയോധനവിദ്യയിലും വൈദ്യത്തിലും പേരുകേട്ട പണിക്കന്മാരുടെ കളരിയാണ്. "ചേരമാൻപെരുമാൾ കേരളം ഭരിച്ചിരുന്ന കാലത്ത് ഈ കളരിയുടേയും വിദ്യയുടേയും പ്രസിദ്ധിമനസ്സിലാക്കി ഈ കുടുംബത്തിന് പണിക്കൻ എന്ന സ്ഥാനവും പത്ത് ദേശത്തെ അധികാരാവകാശങ്ങളും കൊടുത്ത് തന്റെ

അംഗരക്ഷകനായി നിയമിച്ചു" എന്നു കഥയുണ്ട്(ആർ. സി. പണിക്കർ, 1994:149). 'ഇടിമിന്നൽ' എന്ന വിദ്യ ഇവിടെവന്നു പഠിച്ചതിനു ശേഷമാണ് ഒതേനന്റെ പഠനം പൂർത്തിയാകുന്നത്. ഇത്തരത്തിൽ കേരളത്തിലെ പഴക്കവും പാരമ്പര്യവുമുള്ള കളരികളിലൊന്നാണ് കോടത്തൂർകളരി.

കോടത്തൂർകളരിയ്ക്ക് ആയുർവേദവുമായാണ് ബന്ധമെങ്കിൽ പുന്നൂർകളരിയ്ക്ക് മന്ത്രവിദ്യകളുമായാണ് ബന്ധം. മറുനാട്ടുകാരായ അഭ്യാസികൾക്ക് പണിക്കന്മാരുമായി വിവാഹം വഴി സിദ്ധിച്ച ബന്ധമാണ് പുന്നൂർകളരിയായി മാറുന്നതെന്നാണ് ഐതിഹ്യം. പുന്നൂർ കുറുപ്പന്മാരെന്നാണ് ഇവരെ വിളിച്ചു പോരുന്നത്. ഇവർക്ക് സേവകരായി ചാത്തന്മാരുണ്ടായിരുന്നു എന്നാണ് ദേശത്തെ വിശ്വാസം. ആയോധനകലയിലെ പ്രാഗൽഭ്യവും ചാത്തന്മാരുടെ സഹായവുംകൊണ്ട് ഇവർ ദേശത്തെ ജനങ്ങളെ വളരെയധികം ഉപദ്രവിച്ചിരുന്നെന്നും കഥകളുണ്ട്.

കോടത്തൂർകളരിക്കാരും പുന്നൂർകളരിക്കാരും സ്വന്തമെന്നു വിശ്വസിയ്ക്കുന്ന ഒരു ഐതിഹ്യം വന്നേരിയിലുണ്ട്. ദേശത്തെ വലിയ കിണർ ചാടിക്കടക്കുന്നവർക്ക് സമ്മാനം പ്രഖ്യാപിച്ചിരുന്നകാലം. ഒറ്റച്ചാട്ടത്തിൽ മറികടക്കാൻ കഴിയാത്രത്ര വലുപ്പം കിണറിന്റെ വായ്ഭാഗത്തിനുണ്ടായിരുന്നു. ഇവിടത്തെ കളരിക്കാരും എങ്ങനെ അത് ചാടിക്കടക്കാം എന്നുവിചാരിച്ച് ഇരുന്നിരുന്നു. അപ്പോഴാണ് തറവാട്ടിലെ മുതിർന്ന സ്ത്രീ തന്റെ തോർത്തെടുത്തുനൽകി മത്സരിയ്ക്കാൻ അവരെ ഉപദേശിയ്ക്കുന്നത്. കിണറിന്റെ മധ്യത്തിലേയ്ക്ക് ആദ്യത്തെ ചാട്ടംചാടി അവിടെ തോർത്ത് വിരിച്ച് അതിൽ ചവുട്ടി മറുഭാഗത്തേയ്ക്ക് ചാടാനായിരുന്നു നിർദ്ദേശം. ഇത്തരത്തിലൊരു വിദ്യ മറ്റാരുടേയും പക്കൽ ഇല്ലാതിരുന്നതിനാൽ ആ മത്സരാർത്ഥി തന്നെ വിജയിയ്ക്കുകയും ചെയ്തു. ഈ ഉപദേശം നൽകിയ സ്ത്രീ തങ്ങളുടെ പൂർവികരാണെന്നു കോടത്തൂർ കളരിക്കാരും അല്ല തങ്ങളുടേതാണെന്നു പുന്നൂർകാരും അവകാശപ്പെടുന്നു.

ഈ കളരികളിലെല്ലാം കടത്തനാടൻകളരിസമ്പ്രദായമാണ് പിൻതുടരുന്നതെങ്കിൽ അതിൽനിന്നുംവ്യത്യസ്തമായി പ്രാദേശികവും പഴക്കമേറിയതുമായ മറ്റൊരു കളരിസമ്പ്രദായം പൊന്നാനിയിലുണ്ട്. പൊതുവിൽ മധ്യമേഖലാസമ്പ്രദായം

എന്നുപറയുന്ന കളംചവിട്ട് സമ്പ്രദായമാണത്. ഇവിടത്തെ തദ്ദേശീയരായ മനുഷ്യർ ഗോത്രജീവിതം നയിച്ചിരുന്ന കാലത്ത് തങ്ങളുടെ ദൈനംദിനചര്യകളിൽ നിന്നുംകണ്ടെത്തിയ ചുവടുകളാണ് ഈ സമ്പ്രദായത്തിന്റെ അടിസ്ഥാനം. മൃഗങ്ങളോട് മല്ലിടുന്ന മനുഷ്യൻ ഒഴിഞ്ഞുമാറുന്നതും കുന്തംകൊണ്ടു കുത്തുന്നതും ആക്രമണങ്ങൾ തടുക്കുന്നതും എല്ലാം ചുവടുകളായി മാറുന്നു. നായാടികൾ, പാണർ, പറയർ തുടങ്ങിയ ജാതികളിൽ നിന്നും വികസിച്ചുവന്നതിനാൽതന്നെ പാണത്തല്ല്, പറയത്തല്ല് മുതലായ മുറകളും ഇതിലുണ്ട്. "കൈകാലുകളെത്തുന്ന നാനാവടിവുകളിൽ കയറിയുമിറങ്ങിയും ഏണിച്ചും കോണിച്ചും ഏങ്കോണിച്ചും തിരിച്ചും ചായ്ച്ചും ചെരിച്ചും ചെയ്യാൻ പറ്റുന്ന പതിമൂന്ന് വടിവുകളാണ് ഈ സമ്പ്രദായത്തിന്റെ അടിസ്ഥാനമെന്നു" കോടിയിൽ ഹനീഫഗുരുക്കൾ പറയുന്നു. പ്രാദേശികായുധങ്ങളും വെറുംകൈമുറകളുമാണ് ഈ സമ്പ്രദായത്തിൽ പ്രധാനമായുള്ളത്. പണിയായുധങ്ങളായ അരിവാൾ, വെട്ടുകത്തി, മുടിക്കോല്, നായാടികളുപയോഗിയ്ക്കുന്ന കുന്തങ്ങൾ, മാനിന്റെ കൊമ്പു കൊണ്ടുണ്ടാക്കുന്ന 'ജമധാട', 'ഘഡുമാട്' തുടങ്ങിയവയെല്ലാമായിരുന്നു ഈ സമ്പ്രദായത്തിലെ ആയുധങ്ങൾ. വടക്കൻ കളരിയിൽ ഉപയോഗിച്ചിരുന്ന വാളും പരിചയുമെല്ലാം പിന്നീടാണ് പ്രയോഗത്തിൽ വരുന്നത്.

ഈ കളരിസമ്പ്രദായത്തിന്റെ ആവിഷ്കർത്താക്കൾ അയിത്തജാതിക്കാരായ ജനങ്ങളായതിനാൽ പണിക്കർ, കുറുപ്പന്മാർ മുതലായവരൊന്നും അവരിൽ നിന്നും വിദ്യയഭ്യസിയ്ക്കാൻ തയ്യാറായിരുന്നില്ല. എന്നാൽ പൊന്നാനിയിലെ മുസ്ലീം ജനവിഭാഗത്തിന്റെ സാന്നിധ്യം ഇതിനു മാറ്റം സൃഷ്ടിച്ചു. കച്ചവടക്കാരും പുറംലോകവുമായി ബന്ധമുള്ള മുസ്ലീങ്ങളും അടവുകളറിയുന്ന തദ്ദേശീയരും തമ്മിൽ ചേർന്നപ്പോൾ കളംചവിട്ട്സമ്പ്രദായം ശക്തിപ്രാപിച്ചു. കോടിയിൽ ഹംസത്തലി ഗുരുക്കൾ, മാക്കാട്ടെയിൽ ഹസൻ ഗുരുക്കൾ, കാഞ്ഞിരങ്ങാട്ട് പോക്കർ ഗുരുക്കൾ, അത്തർ ബാപ്പു ഗുരുക്കൾ തുടങ്ങി നിരവധി പ്രശസ്തരായ കളരിഗുരുക്കന്മാർ മാപ്പിളസമുദായത്തിനുള്ളിൽനിന്നും ഉണ്ടായി. അതിൽ ഹംസഹാജി എന്നു പേരായ ഗുരുക്കൾ പിൽക്കാലത്ത് മലേഷ്യയിൽ ചെന്ന് ഈ കളരിവിദ്യ പഠിപ്പിയ്ക്കുകയും അവിടെ പ്രശസ്തനാകുകയും ചെയ്തു.

### 6.3.2 ചിത്രകലാപാരമ്പര്യം

ഇന്ത്യൻ ചിത്രകലാപാരമ്പര്യത്തിന് മൂന്നു പ്രതിഭാധനരെ സംഭാവന ചെയ്യാനായതാണ് ഈ മേഖലയിലെ പൊന്നാനിയുടെ നേട്ടം. ഇന്ത്യൻ ചിത്രകലയ്ക്ക് യൂറോപ്പിനോടു കടപ്പെടാത്ത തനതുശൈലികൾ നിർമ്മിയ്ക്കാനാകുമെന്നു തെളിയിച്ച കെ സി എസ് പണിക്കർ, അദ്ദേഹത്തിന്റെ ശിഷ്യനും രേഖാചിത്രങ്ങൾകൊണ്ട് നിരവധി മലയാളസാഹിത്യകൃതികളെ മനോഹരമാക്കിമാറ്റിയ പ്രതിഭാശാലിയുമായ ആർട്ടിസ്റ്റ് നമ്പൂതിരി, ഇവരിരുവരുടെയും തണലിൽ വളർന്ന് കേവലം ഒരു പതിറ്റാണ്ടുകാലം കൊണ്ട് ചിത്രകലയിൽ സ്ത്രീ ഉടലിനേയും ലൈംഗികതയേയും കുറിച്ചുള്ള പുതിയസങ്കൽപങ്ങൾ സൃഷ്ടിച്ച ടി കെ പത്മിനി എന്നിവർ പൊന്നാനിക്കാരായിരുന്നു.

1911 മെയ് മുപ്പതിന് തമിഴ്നാട്ടിലാണ് കൊവലെഴി ചീരമ്പത്തൂർ ശങ്കരൻ പണിക്കർ എന്ന കെ സി എസ് പണിക്കർ ജനിയ്ക്കുന്നത്. എന്നാൽ അദ്ദേഹത്തിന്റെ ബാല്യകാലം മുഴുവൻ ചെലവഴിക്കുന്നത് പൊന്നാനിയിലെ വെളിയങ്കോടായിരുന്നു. അവിടത്തെ കായലുകളും വയലുകളും വരച്ചുകൊണ്ടാണ് അദ്ദേഹം വരകളാരംഭിയ്ക്കുന്നത്. പൊന്നാനി എ വി ഹൈസ്കൂളിൽ പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി മദ്രാസ് ആർട്സ് & ക്രാഫ്റ്റ് കോളേജിൽ ഉന്നതപഠനത്തിനു ചേർന്നു. പിൽക്കാലത്ത് പൊന്നാനിയിൽ നിന്നും ചിത്രകലാരംഗത്തേയ്ക്ക് വന്ന ആർട്ടിസ്റ്റ് നമ്പൂതിരിയുടേയും പത്മിനിയുടേയും വിദ്യാഭ്യാസം നടന്നതും ഇതേ ക്രമത്തിൽതന്നെയായിരുന്നു എന്നത് യാദൃച്ഛികതയാകാം.

മുപ്പതുകളിലാണ് ചിത്രകലയിലെ പണിക്കരുടെ അരങ്ങേറ്റം. അക്കാലത്ത് ഭാരതീയകലയിൽ രണ്ടുപ്രധാന ധാരകളാണുണ്ടായിരുന്നത്. ഒന്ന്, വിക്ടോറിയൻ അഭിരുചിയുടെ മുദ്രപതിഞ്ഞ പാശ്ചാത്യരീതി. രാജാരവിവർമ്മയും അദ്ദേഹത്തിന്റെ ശിഷ്യന്മാരുമായിരുന്നു ഈ വഴിയിലെ പ്രധാനികൾ. രണ്ട്, ദേശാഭിമാന പ്രചോദിതമായി ബംഗാളിൽരൂപംപൂണ്ട നവീനകലാരീതി. അബനീന്ദ്രനാഥടാഗോറും ശിഷ്യന്മാരു മായിരുന്നു ഈ രീതിയുടെ വക്താക്കൾ. അബനീന്ദ്രനാഥിന്റെ ശിഷ്യന്മാരിലൊരാളും

പിന്നീട് വളരെ പ്രസിദ്ധനുമായിത്തീർന്ന ദേവിപ്രസാദ് റോയി ചൗധരിയുടെ ശിഷ്യനായിരുന്നിട്ടും പണിക്കർ ഈ രീതിയോടോ പാശ്ചാത്യ രീതിയോടോ പ്രത്യേക മമതയൊന്നും കാണിച്ചില്ല (എം. വി. ദേവൻ, 1994:377-378). ഗ്രാമീണമായ പ്രകൃതിയുടെ വർണങ്ങളായിരുന്നു വിക്ടോറിയൻമാതൃകയുടെ പളപളപ്പിനേക്കാളും ഭൂതകാല പ്രൗഢമായ ദേശാഭിമാനത്തേക്കാളും പണിക്കരെ സ്വാധീനിച്ചത്.

വർണാഭമായ പ്രകൃതിദൃശ്യങ്ങൾ തന്നെയാണ് പണിക്കരുടെ വരകളിലെ ആദ്യഘട്ടം. പിന്നീടത് ഒഴുക്കൻമട്ടിലുള്ള മനുഷ്യരൂപങ്ങളിലേയ്ക്ക് വഴിമാറുന്നു. പൊന്നാനിയിലെ മനുഷ്യരെ ഒരുപാട് ചിത്രീകരിച്ചിട്ടുള്ള ഈ ഘട്ടത്തിലും വർണ്ണാഭമായ ശൈലിതന്നെയാണ് പണിക്കർ പിൻതുടരുന്നത്. വസ്തുസദൃശതയും വർണപ്പുളപ്പും തീരെയില്ലെന്നു പറയാവുന്ന മൂന്നാമത്തെ ഘട്ടം സ്വാച്ഛന്ദ്യമാർന്ന വരകളുടേതാണ്. ഭാരതീയ ചിത്രകലയിലെ ആധുനികകാലത്തിന്റെ സൃഷ്ടികളായി ഇന്ന് ലോകമെങ്ങും അറിയപ്പെടുന്നത് വരകളും ലിപികളും കൊണ്ട് സമ്പൂർണമായ പണിക്കരുടെ മൂന്നാംഘട്ടത്തിലെ ചിത്രങ്ങളാണ് (എം. വി. ദേവൻ, 1994:382).

1925ൽ പൊന്നാനി കരുവാട്ടുമനയ്ക്കൽ ജനിച്ച കെ എം വാസുദേവൻ നമ്പൂതിരി എന്ന ആർട്ടിസ്റ്റ് നമ്പൂതിരി ചിത്രകലയിൽ വളരുന്നത് കെ സി എസ് പണിക്കരുടേയും റോയ് ചൗധരിയുടേയും ശിക്ഷണത്തിലൂടെയാണ്. മദ്രാസ് ആർട്സ്കോളേജിലെ പഠനത്തിനുശേഷം 1960-ൽ മാതൃഭൂമിയിൽ രേഖാചിത്രകാരനായി പ്രവേശിച്ചു. ആർട്ടിസ്റ്റ് നമ്പൂതിരിയെ മലയാളികൾക്കിടയിൽ പ്രസിദ്ധനാക്കുന്നത് മലയാളസാഹിത്യ കൃതികൾക്കായി അദ്ദേഹം വരച്ച രേഖാചിത്രങ്ങളാണ്. തകഴി ശിവശങ്കരപ്പിള്ള, ഇടശ്ശേരി ഗോവിന്ദൻനായർ, ഉറൂബ്, എസ്. കെ. പൊറ്റക്കാട്, എം. ടി. വാസുദേവൻനായർ തുടങ്ങി നിരവധിപേരുടെ പുസ്തകങ്ങൾക്ക് അദ്ദേഹം രേഖാചിത്രങ്ങൾ വരച്ചിട്ടുണ്ട്. നമ്പൂതിരിച്ചിത്രങ്ങൾ എന്ന ചിത്രകലാശൈലിയായി അത് പരിഗണിയ്ക്കപ്പെട്ടു.

കെ. സി. എസ്. പണിക്കർ മദ്രാസ് ആർട്സ്കോളേജിന്റെ പ്രിൻസിപ്പാളായി ഇരിക്കുന്ന കാലത്ത് ആർട്ടിസ്റ്റ് നമ്പൂതിരിയുടെ സഹായത്തോടെയാണ് ടി കെ പത്മിനി അവിടെ പ്രവേശനം നേടുന്നത്. 1961-ൽ കോളേജിൽ ചേർന്നതുമുതൽ 1969-ലെ

അവിചാരിതമായ മരണം വരെയുള്ള കുറഞ്ഞ വർഷങ്ങളാണ് പത്മിനിചിത്രങ്ങളുടെ കാലഘട്ടം. പൊന്നാനി താലൂക്കിലെ കാടഞ്ചേരി എന്ന ഗ്രാമത്തിൽ ജനിച്ച പത്മിനിയുടെ ആദ്യകാലവരകളിലെല്ലാം ഗ്രാമീണതയുടെ അടയാളങ്ങൾ കാണാനാകും. ഗ്രാമീണസ്ത്രീകളുടെ വിഷാദം നിറഞ്ഞ ചിത്രങ്ങളായിരുന്നു അതിലധികവും. ഇന്ത്യൻ ചിത്രകലയിൽ സ്ത്രീ ശരീരത്തേയും ലൈംഗികതയേയും കുറിച്ചുള്ള ചർച്ചകൾക്ക് തുടക്കംകുറിച്ച ആദ്യ മലയാളിയായിരുന്നു പത്മിനി.

പത്മിനിയ്ക്ക് ശേഷം പൊന്നാനിയിൽ നിന്നുയർന്നുവന്നിട്ടുള്ള മറ്റൊരു ചിത്രകാരനാണ് അക്കിത്തം നാരായണൻ. അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ അനുജനായ ഇദ്ദേഹം കെ സി എസ് പണിക്കരുടേയും റോയ് ചൗധരിയുടേയും ശിഷ്യനായാണ് ചിത്രകലയിൽ വളർന്നുവരുന്നത്. പിന്നീട് പാരിസിലേയ്ക്ക് ഉന്നതപഠനത്തിനായി പോകുകയും അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. കെ സി എസ് പണിക്കർ ആവിഷ്കരിച്ച താന്ത്രിക് ചിത്രകലാസമ്പ്രദായത്തോട് സാദൃശ്യമുള്ള സൃഷ്ടികളാണ് അക്കിത്തം നാരായണന്റേത്.

### 6.3.3 നാടൻകലകൾ

പൊന്നാനിയിലെ നാടൻകലകളിൽ അധികവും ഇവിടെമാത്രമായി രൂപംകൊണ്ടതും ഇവിടെത്തന്നെ പ്രചാരത്തിലുള്ളവയുമാണ്. പൊന്നാനിയിൽ മാത്രമെന്നു പറയുമ്പോൾതന്നെ നിളാതീരത്തെ ഗ്രാമങ്ങളിലോ അല്ലെങ്കിൽ കാർഷികപ്രധാനമായ തെക്കു കിഴക്കൻ ഭാഗങ്ങളിലോ മാത്രമായാണ് ഇവയിൽ പലതും പ്രചാരത്തിലുള്ളത്. അത്തരത്തിലുള്ള പൊന്നാനിയിലെ തനതു കലാരൂപങ്ങളിൽ ഒന്നാണ് പള്ളിപ്പാന.

മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളുടെ അതിർത്തിയിലുള്ള നിളയുടെ സമീപപ്രദേശങ്ങളിൽ വികസിച്ചുവന്ന ഒരു കലാരൂപമാണ് പാന. കാളീദാരിക യുദ്ധമാണ് പാനയുടെ ഇതിവൃത്തം. ഒരു ഉദയം മുതൽ അടുത്ത ഉദയം വരെയാണ് പാന അരങ്ങേറുന്നത്. മലയാളവും ചെന്തമിഴും കൂടിയ ഭാഷയിൽ നാലായിരത്തി നാനൂറ്റിനാൽപ്പത്തിനാല് പദം വരുന്ന തോറ്റം പാടിക്കൊണ്ടാണ് ഇതിന്റെ പ്രധാന

ഭാഗങ്ങൾ അരങ്ങേറുന്നത്. പാനകളിസംഘത്തിലെ പ്രധാനികൾക്ക് നാലായിരത്തി നാനൂറ്റിനാൽപ്പത്തിനാല് പദങ്ങൾ നീളുന്ന ഈ പാട്ടുകളെല്ലാം ഹൃദിസ്ഥമാണ്. മേഴത്തൂർ അടീതിരിയാണ് ഈ പാട്ടുകൾ എഴുതിയതെന്നാണ് വിശ്വസിയ്ക്കുന്നത്. എടപ്പാൾ ദേശത്തെ മൂതൂര് കല്യാണിക്കാവ്, ശുകപുരം കുളങ്ങര ഭഗവതിക്ഷേത്രം, പെരുമുക്ക് കാരേക്കാട്ടുകാവ് എന്നീ ക്ഷേത്രങ്ങളിലാണ് എല്ലാ വർഷവും പാന അരങ്ങേറാറുള്ളത്. പാനയാശാൻ ഗോവിന്ദൻകുട്ടിനായരുടെ നേതൃത്വത്തിലാണ് ഇവിടങ്ങളിലെല്ലാം പാന നടന്നിരുന്നത്. നിലവിൽ ആലങ്കോട് രാമകൃഷ്ണൻനായർ, ആലങ്കോട് രാമൻനായർ, ആലങ്കോട് കുട്ടൻനായർ, ആലങ്കോട് ഗംഗാധരൻനായർ, ആലങ്കോട് വേണുനായർ എന്നിവരാണ് പാനയിലെ പ്രധാനികൾ.

അത്താഴസമയംവരെ നീളുന്ന ആചാരങ്ങൾക്കുശേഷം തോറ്റംപാട്ട് ആരംഭിയ്ക്കുന്നു. ദേവന്മാരേയും ഗുരുകാരണവന്മാരേയും സ്തുതിച്ചുകൊണ്ടാണ് പാട്ടുതുടങ്ങുന്നത്.

"ഒന്നാമൻ ഏകസ്വരൂപൻ വാഴ്ക
രണ്ട് ശിവശക്തി വാഴ്ക
മൂന്ന് ബ്രഹ്മംവിഷ്ണുമഹേശ്വരന്മാരും
വാഴ്കപോലും ദൈവമേ
നാല് വേദം വാഴ്ക
അഞ്ച് പഞ്ചാക്ഷരം വാഴ്ക
ആറ് കലകൾ വാഴ്ക
ഏഴ് ആഴ്ചകൾ വാഴ്ക
ഏട്ട് തിരുവെട്ടെട്ടക്ഷരങ്ങളും
വാഴ്കപോലും ദൈവമേ
ഒമ്പത് നവഗ്രഹങ്ങൾ വാഴ്ക
പത്ത് ദശ വാഴ്ക
പതിനൊന്ന് രുദ്രൻ വാഴ്ക

പന്ത്രണ്ട് ആദിത്യൻ വാഴ്ക

പതിമൂന്ന് ഗുരുമുഖ്യന്മാരും

വാഴ്കപോലും ദൈവമേ

പതിനാല് ലോകം വാഴ്ക

പതിനഞ്ച് ഭക്തൻ വാഴ്ക

പതിനാറ് കലകൾ വാഴ്ക

പതിനേഴ് ദ്വീപ് വാഴ്ക

പതിനെട്ട് പൂങ്കാവുകളും

വാഴ്കപോലും ദൈവമേ" [17]

എന്ന് സ്തുതിചൊല്ലിക്കഴിഞ്ഞാൽ പാന നടക്കുന്ന ക്ഷേത്രത്തിലെ ദേവിയ്ക്ക് സ്തുതിയർപ്പിക്കും.

"അംബികേ ഹരിമൂലമാതാവേ ലോക-

മാതാവേ പിതാവേ ആറിലുമഴകി-

നാളേ ആരോമലെന്നുടെ കുളങ്ങര-

പൂങ്കാവിലമ്മേ പോലും മൂലതായേ"[17]

എന്നത് കുളങ്ങര ഭഗവതിക്ഷേത്രത്തിലെ ദേവിയ്ക്കുള്ള സ്തുതിയാണ്. മറ്റു ക്ഷേത്രങ്ങളിലും ദേവിയുടെ പേരുമാത്രം മാറ്റിക്കൊണ്ട് ഇതേ സ്തുതിയർപ്പിയ്ക്കും. ശേഷം ഭദ്രകാളിയുടെ ജനനവും ദാരികയുദ്ധവും വിജയവുമെല്ലാം വിവരിയ്ക്കുന്ന പാട്ടുകൾ പാടിത്തുടങ്ങും. തോറ്റംപാടിക്കൊണ്ടുതന്നെ പാന അതിന്റെ വിവിധ ഘട്ടങ്ങളിലേയ്ക്ക് കടക്കുന്നു. ഭദ്രകാളിയുടെ ജനനം ഭൂതഗണങ്ങൾ ആഘോഷിയ്ക്കുന്നതാണ് 'തിരി ഉഴിച്ചിൽ'. സംഘത്തിലെ പ്രധാനി കുളിച്ച് മുണ്ടുടുത്തു വന്ന് പ്രതിഷ്ഠയെ ആരതിയുഴിയുന്നതാണ് ഈ ചടങ്ങ്. കാളിയും ഭൂതഗണങ്ങളും കൂടിയുള്ള യുദ്ധപ്പുറപ്പാടിന്റെ സമയമാണ് 'പാനപിടുത്തം'. പാട്ടിന്റെ താളത്തിനൊപ്പം കളിയുടെ വേഗതയും വർദ്ധിയ്ക്കുന്നു. വെളിച്ചപ്പാടുമാർ വന്ന് 'ഗുരുതി' കഴിയ്ക്കുന്നതോടെ ദാരികന്റെ കോട്ടയ്ക്കുമുന്നിൽ യുദ്ധസജ്ജരായി എല്ലാവരും എത്തിച്ചേരും.

രാത്രി വീണ്ടും പാനപിടുത്തവും ഗുരുതിയും ആവർത്തിയ്ക്കും. പാനയ്ക്കായി കൊണ്ടുവന്നിട്ടുള്ള പാലക്കൊമ്പും അലങ്കാരങ്ങളും നശിപ്പിയ്ക്കുന്ന ചടങ്ങാണ് പിന്നീട്, ഇതിനെ 'ചമ്പന്നം പുറവടി' എന്നു പറയുന്നു. യുദ്ധാവസാനത്തെ അർത്ഥമാക്കി കൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. യുദ്ധാന്ത്യത്തിൽ കൊല്ലപ്പെടുന്ന ദാരികന്റെ മാംസം ഉരലിലിട്ട് ഇടിയ്ക്കുന്ന ഒരു ചടങ്ങും പാനയ്ക്കുണ്ട്. 'പതിനെട്ടാം കർമ്മം' എന്നാണ് ഇതിന്റെ പേര്. ദേശത്തെ ഒരു കന്യകയായിരിയ്ക്കും ഇതു ചെയ്യുന്നത്. അതോടുകൂടി തോറ്റംപാട്ട് അവസാനിയ്ക്കുന്നു. പിന്നീട് യുദ്ധംകഴിഞ്ഞ് വരുന്ന ഭദ്രകാളിയെ സ്ത്രീകൾ താലപ്പൊലിയൊരുക്കി സ്വീകരിയ്ക്കുകയും വെളിച്ചപ്പാടും പാനസംഘവും കനലാട്ടം നടത്തുകയും ചെയ്യുന്നു. ഒടുവിൽ കുരുതി തർപ്പണത്തോടുകൂടി കെട്ടിയുണ്ടാക്കിയ മണ്ഡപങ്ങളും അലങ്കാരങ്ങളും എല്ലാം നശിപ്പിച്ച് പാനകളി അവസാനിപ്പിയ്ക്കുന്നു.

പാന നിളാതീരത്തെ ചില പ്രദേശങ്ങളിൽ മാത്രമായി കാണുമ്പോൾ മധ്യകേരളത്തിൽ പരക്കെ കാണപ്പെടുന്ന കലാരൂപമാണ് അയ്യപ്പൻവിളക്ക്. എന്നാൽ ചില രൂപഭേദങ്ങളോടെ പൊന്നാനിയിൽ സവിശേഷമായ രീതിയിൽ അയ്യപ്പൻവിളക്ക് ആചരിയ്ക്കുന്നു. അയ്യപ്പൻവിളക്കിന്റെ പാട്ടെഴുതിയ താളിയോലകളിൽ പശു ചാണകമിട്ടതിനാൽ എഴുത്തച്ഛൻ ആ ഓലകൾ ഒഴുക്കിക്കളഞ്ഞെന്നും അതിന്റെ വിവിധഭാഗങ്ങൾ കയ്യിൽകിട്ടിയ നാനാദേശക്കാർ അതുപ്രകാരം അയ്യപ്പൻവിളക്ക് ആചരിച്ചുപോന്നെന്നുമാണ് ഇതു സംബന്ധിച്ച ഐതിഹ്യം. ദീപാരാധനയ്ക്കു മുൻപേ പാലക്കൊമ്പ് എഴുന്നെള്ളിച്ച് പിന്നെ പുലരുവോളം അയ്യപ്പന്റെ ചരിത്രം പാടുന്ന പതിവാണ് ഇവിടെയുള്ളത്. എന്നാൽ തെക്കോട്ടുനീങ്ങുമ്പോൾ പാലക്കൊമ്പ് എഴുന്നെള്ളിപ്പ് ദീപാരാധനയ്ക്കു ശേഷമായി ചുരുങ്ങുന്നു. അതിനനുസരിച്ച് പാടുന്ന പാട്ടുകളിലും വ്യത്യാസങ്ങളുണ്ടാകുന്നു.

ദേവിയേയും ഭൂതഗണങ്ങളേയും ആവാഹിച്ചുവരുത്തലാണ് പാലക്കൊമ്പെഴു-ന്നെള്ളിയ്ക്കൽ. അതുകഴിഞ്ഞാൽ ഒൻപതുമണിയോടെ അയ്യപ്പന്റെ ചരിത്രങ്ങൾ പാടിത്തുടങ്ങുകയായി. പാലാഴിമഥനത്തിന്റെ കഥ പറഞ്ഞുകൊണ്ടാണ് ഇവിടത്തെ അയ്യപ്പൻവിളക്കുകൾ ആരംഭിയ്ക്കുന്നത്. ഒരുമണിയോടെ അയ്യപ്പന്റെ ചരിത്രം

അവസാനിയ്ക്കാറാകും. അടുത്തത് പാൽക്കുടമെഴുന്നള്ളിയ്ക്കുന്ന ചടങ്ങാണ്. മാളികപ്പുറത്തമ്മയുടെ വാഴ്ത്തലുകളാണ് ഈ ചടങ്ങ്. അതിനുശേഷം വാവരുസ്വാമിയെ സ്തുതിച്ചുതുടങ്ങുന്നു. അയ്യപ്പൻവിളക്ക് അവസാനിയ്ക്കുന്നത് അയ്യപ്പനും വാവരും തമ്മിലുള്ള യുദ്ധത്തെ സ്മരിക്കുന്ന വെട്ടുംതടവ് എന്ന ചടങ്ങോട് കൂടിയാണ്. ആചാരങ്ങളും കലാവതരണവും ചേർത്തുവെച്ചാൽ ഇരുപത്തിനാല് മണിക്കൂർ ദൈർഘ്യമുള്ളതാണ് അയ്യപ്പൻവിളക്ക്. മണപ്പാടി മാധവൻനായർ, നാരായണൻനായർ, ചന്ദ്രൻനായർ എന്നിവരായിരുന്നു അയ്യപ്പൻവിളക്കിലെ പ്രധാന ആശാന്മാർ. രാമകൃഷ്ണൻനായർ, ഗംഗാധരൻനായർ, പത്മനാഭൻനായർ എന്നിവരാണ് ഇപ്പോൾ അയ്യപ്പൻവിളക്കിലെ ആശാന്മാർ.

പാന, അയ്യപ്പൻവിളക്ക് എന്നീ രണ്ടു കലാരൂപങ്ങളും നായർ സമുദായക്കാരാണ് അവതരിപ്പിയ്ക്കുന്നത്. അതേസമയം കാർഷികജീവിതവുമായി ബന്ധപ്പെട്ടുവരുന്ന ആചാരങ്ങളിൽ പാണരുടേയും പറയരുടേയും സാന്നിധ്യമാണ് കൂടുതലായി കാണാനാവുക. ദേശത്തെ ക്ഷേത്രങ്ങളിൽ ഉത്സവമായാൽ അത് നാട്ടുകാരെ അറിയിയ്ക്കാനുള്ള അവകാശം ഈ സമുദായക്കാർക്കാണ്. ദേശത്തെ മണ്ണാനാണ് പൂതനും തിറയും കെട്ടി ഉത്സവസമയത്ത് വീടുകയറുന്നത്. തിറ ഭദ്രകാളിയാണെന്നും ദാരികനെയന്വേഷിച്ച് വീടുകയറുന്നതാണെന്നുമാണ് വിശ്വാസം. ദാരികവധത്തിനായി പുറപ്പെടുന്ന ഭദ്രകാളിയ്ക്ക് അനുചരന്മാരായി ശിവൻ പറഞ്ഞയയ്ക്കുന്ന ഭൂതഗണങ്ങളാണ് പൂതങ്ങൾ. ഉത്സവം കൂറയിട്ടാൽ ഏഴു ദിവസംകൊണ്ട് പൂതം ദേശത്തെ വീടുകളിലെല്ലാം പോകും. ഉത്സവദിവസം പൂതനും തിറയും കൂടി ഒരുമിച്ച് വീടുകളിൽപോകും. ദാരികന്റെ ഉപദ്രവങ്ങളുണ്ടാവുകയില്ല എന്നർത്ഥത്തിൽ അരിയെറിഞ്ഞ് അനുഗ്രഹിയ്ക്കുകയും ചെയ്യും. തിരികെ അമ്പലത്തിലെത്തി ദേവിയ്ക്ക് മുൻപിൽ കളിച്ച് മുടിയഴിയ്ക്കുന്നതോടുകൂടി തിറയും പൂതനും അവസാനിയ്ക്കുന്നു.

വർണശബളമായ നിറങ്ങളിലാണ് പൂതത്തെയൊരുക്കുന്നത്. മുരിക്ക്, കുമിഴ് എന്നീ മരങ്ങളുപയോഗിച്ചാണ് പൂതത്തിന്റെ മുഖം നിർമ്മിയ്ക്കുന്നത്. അരിപ്പൊടി, കരിമഷി, മഞ്ഞൾ എന്നിവകൊണ്ട് മുഖത്തെഴുതും. കാൽക്കെട്ടി, പൊടിയാട, ഞൊറിമുണ്ട്, താളപ്പട,

ചോന്നകുപ്പായം എന്നിവയാണ് വസ്ത്രങ്ങൾ. കാൽച്ചിലമ്പ്, മരത്താലി, മാറുതാലി, ഏലസ്സ്, തോൾവള, കനകവള, മുള്ളുവള എന്നീ ആഭരണങ്ങളും കയ്യിൽ കുന്തിക്കോല്, പരിച എന്നിവയുമണിയും. തുടിയാണ് പൂതത്തിന്റെ വാദ്യം. ദാരികൻ ഇവിടുണ്ടോ ഇവിടുണ്ടോ എന്നു ചോദിക്കുന്ന തരത്തിലുള്ള ഡും ഡും ഡും ഡും എന്ന താളത്തിലാണ് തുടികൊട്ടുന്നത്. തിറയ്ക്കുപയോഗിക്കുന്ന വാദ്യം പറയാണ്. വരിയ്ക്കപ്ലാവിന്റെ വേരുകൊണ്ട് മുടിയുണ്ടാക്കും. അർദ്ധ വൃത്താകൃതിയിലാണ് മുടി. വ്യാളീരൂപം, ലക്ഷ്മീരൂപം, ആന, കുത്തുവിളക്ക്, ചെണ്ട, കുഴൽ, ഇലത്താളം എന്നിവയെല്ലാം മുടിയിൽ കൊത്തിവെയ്ക്കും. കാൽച്ചിലമ്പ്, തഴ, താക്കം, ചിറ്റാട, ചിറ്റുംപുറം, അരമണി എന്നിവയെല്ലാമണിഞ്ഞാണ് തിറവരുന്നത്.

ദേശത്തെ ഉത്സവത്തോടനുബന്ധിച്ച് പറയസമുദായക്കാർ കെട്ടുന്ന വേഷമാണ് കരിങ്കാളി. കാളിയുടെ ഉഗ്രരൂപമാണ് കരിങ്കാളി. ദിവസങ്ങളോളം നീളുന്ന വ്രതാനുഷ്ഠാനത്തോടെയാണ് കരിങ്കാളി കെട്ടുന്നത്. കറുപ്പും വെളുപ്പും ചുവപ്പും കലർന്ന ഉടയാടകളും പിച്ചളകൊണ്ടുള്ള കൃത്രിമമുലകളും കുരുത്തോലകൊണ്ടുള്ള മുടിയുമാണ് കരിങ്കാളിയുടെ വേഷം. കയ്യിൽ കുരുത്തോലകൊണ്ടുള്ള ഗദയും കോഴിയുമുണ്ടാകും. അമ്പലത്തിനുപുറത്ത് പ്രത്യേകം അലങ്കരിച്ച കോഴിപ്പന്തലിൽ വെച്ച് കോഴിയെ ഗുരുതികൊടുത്തുകൊണ്ട് ഉറഞ്ഞുതുള്ളി കരിങ്കാളിക്കോലം അവസാനിയ്ക്കുന്നു. വന്നേരിയിലേയും പരിസരപ്രദേശങ്ങളിലേയും പ്രധാനപ്പെട്ടൊരു അനുഷ്ഠാനകലാരൂപമാണ് കരിങ്കാളി. കണ്ണേങ്കാവിൽഭഗവതിക്ഷേത്രത്തിൽ രണ്ടായിരത്തിലധികം വരുന്ന കരിങ്കാളികൾ ഓരോ വർഷവും ഉത്സവത്തിന് നേർച്ചയായി അണിനിരക്കാറുണ്ട്.

നന്തുണി എന്ന വാദ്യമുപയോഗിച്ച് മണ്ണാൻ സമുദായക്കാർ അവതരിപ്പിയ്ക്കുന്ന അനുഷ്ഠാനകലയാണ് നന്തുണിപ്പാട്ട്. ക്ഷേത്രങ്ങളിലാണ് നന്തുണിപ്പാട്ട് അരങ്ങേറുന്നത്. “കാളീനാടകം നാലായിരത്തിനാനൂറ്റിനാൽപ്പത്തിനാലദ്ധ്യായം കഥയടക്കംചൊല്ലി പാട്ടെടുക്കുന്നേ” എന്നാണ് നന്തുണിപ്പാട്ടിനെ വിശേഷിപ്പിയ്ക്കുന്നത്. ദാരികവധമാണ് ഇതിലെ ഇതിവൃത്തം. നാൽപത്തിയൊന്ന് ദിവസംകൊണ്ടാണ് ഈപാട്ട് പൂർണമായി

അവതരിപ്പിയ്ക്കുന്നത്. ഒരു ദിവസംകൊണ്ടും ഏഴു ദിവസം കൊണ്ടും നാൽപത്തിയൊന്ന് ദിവസംകൊണ്ടും നന്തുണിപ്പാട്ട് അവതരിപ്പിയ്ക്കാറുണ്ട്. എരമംഗലം കണ്ണേങ്കിൽ ക്ഷേത്രത്തിൽ ഇപ്രകാരം നാൽപ്പത്തിയൊന്നു ദിവസത്തെ നന്തുണിപ്പാട്ട് ഉണ്ടാകാറുണ്ട്.

ദാരികവധത്തിനായി ശിവന്റെ മൂന്നാംകണ്ണിൽ നിന്നും രണ്ടു മക്കൾ പിറക്കുന്നതായാണ് ഇതിലെ കഥ. കണ്ണകിയും കോവിലനുമാണ് ഈ മക്കളെന്നു വിശ്വസിയ്ക്കുന്നു. മകൻ പിറന്ന വഴിയെന്നും മകൾ പിറന്ന വഴിയെന്നും രണ്ട് വ്യത്യസ്ത രീതികൾ നന്തുണിപ്പാട്ടിനുണ്ട്. പൊന്നാനിയടക്കമുള്ള വള്ളുവനാടൻ പ്രദേശങ്ങളിൽ മകൾ പിറന്ന വഴിയാണ് പ്രചാരത്തിലുള്ളത്. തെക്ക് ദേശങ്ങളിൽ മകൻ പിറന്ന വഴി പാടുന്നു. ഈ പാട്ടുകളിൽ ദാരികൻ പാണ്ഡ്യരാജാവും ഭദ്രകാളി കണ്ണകിയുമാകുന്നു. കോവിലനെ വധിച്ച പാണ്ഡ്യരാജാവിനോട് ശിവന്റെ ഭൂതഗണങ്ങളെക്കൂട്ടിച്ചെന്ന് കണ്ണകി പ്രതികാരം ചെയ്യുന്നു.

ക്ഷേത്രങ്ങൾക്കുപകരം വീടുകളിൽചെന്നുപാടുന്ന പാട്ടാണ് പുള്ളുവൻപാട്ട്. പുള്ളുവനും പുള്ളുവത്തിയും ചേർന്നാണ് ഇതവതരിപ്പിയ്ക്കുന്നത്. കുടുംബത്തിലെ രോഗങ്ങളും സർപ്പദോഷങ്ങളുമകറ്റാനായിട്ടാണ് പുള്ളുവൻപാട്ട് നടത്തുന്നത്. അനന്തൻ അനുഗ്രഹിച്ചുനൽകിയ വരംവഴിയാണ് പുള്ളുവർക്ക് ഈ കഴിവുകൾ ലഭിച്ചതെന്നാണ് വിശ്വാസം. ഒരിക്കൽ നാഗഞ്ചേരി ഇല്ലത്തെ നല്ലമ്മച്ചിരുതേവി വെള്ളം കോരുകയായിരുന്നു. അതുവഴി തീയിൽപ്പെട്ട് വെന്തുകൊണ്ട്വന്ന അനന്തന് നല്ലമ്മച്ചിരുതേവി തുണയാകുന്നു. അവർ അനന്തന് കുടത്തിൽ ഇടം കൊടുക്കുകയും വെള്ളം പകർന്നുകൊടുക്കുകയും ചെയ്തു. എന്നാൽ വെന്തനാഗത്തിന് ഇടം കൊടുത്തതിന്റെ പേരിൽ നല്ലമ്മച്ചിരുതേവിയ്ക്ക് ബ്രാഹ്മണസമുദായം ഭ്രഷ്ട് കൽപ്പിയ്ക്കുന്നു. അതിൽ മനംനൊന്ത് മുല്ലത്തറയ്ക്ക് സമീപമിരുന്ന് കരയുന്ന നല്ലമ്മച്ചിരുതേവിയ്ക്ക് അനന്തൻ വരംകൊടുക്കുന്നു. ഇങ്ങനെക്കിട്ടിയതാണ് പുള്ളുവത്തിയ്ക്ക് പാടാനുള്ള സിദ്ധി. വരം ലഭിയ്ക്കുന്നത് പുള്ളുവത്തിയ്ക്കാകയാൽ പുള്ളുവത്തിയെക്കൂടാതെ അവരുടെ കർമ്മങ്ങളൊന്നും പൂർത്തിയാകില്ല. പുള്ളുവൻപാട്ടിനൊപ്പംതന്നെ നാഗക്കളം വരച്ച് പാടുന്ന രീതിയും ഇവർക്കുണ്ട്.

നാഗയക്ഷിക്കളം, സന്താനക്കളം, അഷ്ടനാഗക്കളം, പൂതക്കളം, അനന്തശയനക്കളം എന്നിങ്ങനെ വിവിധ തരത്തിലുള്ള കളങ്ങളുണ്ട്.

കീഴാളജനതയുടെ കലാരൂപങ്ങൾക്ക് കാർഷികോത്സവങ്ങളുമായും അനുഷ്ഠാനങ്ങളുമായുമാണ് ബന്ധമെങ്കിൽ മാപ്പിളസമുദായത്തിലെ കലാരൂപങ്ങൾക്ക് ആഘോഷങ്ങളുമായാണ് കൂടുതൽ ബന്ധം. കല്ല്യാണവീടുകളിലെ ആഘോഷങ്ങൾക്ക് നിറംപകരാനാണ് ഒപ്പനയും കോൽക്കളിയും പോലുള്ള നൃത്തരൂപങ്ങളെല്ലാം അരങ്ങേറുന്നത്. പൊന്നാനിയിൽ ആഘോഷങ്ങളുടെ എണ്ണം അധികമായിരുന്നതിനാൽ തന്നെ അവയ്ക്കനുബന്ധമായ കലാരൂപങ്ങളും ധാരാളമായുണ്ടായിരുന്നു. സീറാപാരായണം, ചീനിമുട്ടുകളി, റിഫാഇൗ റാത്തീബ് എന്നിവ ഇക്കൂട്ടത്തിൽ ചിലതാണ്.

നേർച്ചകൾക്കും ആഘോഷങ്ങൾക്കും മറ്റും വീടുകൾതോറും കയറി അവതരിപ്പിയ്ക്കുന്ന വാദ്യകലയാണ് ചീനിമുട്ടുകളി. പാട്ടുകളുടേയോ വായ്ത്താരികളുടേയോ സാന്നിധ്യമില്ലാതെ ഷെഹനായ്, കൊമ്പ്, ഒറ്റ എന്നീ വാദ്യങ്ങൾ മാത്രമുപയോഗിച്ച് അവതരിപ്പിയ്ക്കുന്ന കലാരൂപമാണിത്. സുന്നത്ത്കല്ല്യാണം നടക്കുന്ന വീടുകളിൽ രാത്രിസമയത്ത് കുട്ടിയുടെ മുറിവിളകാതിരിയ്ക്കാനായി മുതിർന്നവർ കാവലിരിയ്ക്കുമായിരുന്നു. ഇതുപോലെയുള്ള അവസരങ്ങളിൽ നേരംപോക്കിനായി അവതരിപ്പിച്ചിരുന്ന കലാരൂപമാണ് സീറാപാരായണം. 'പാടിപ്പറയൽ' എന്നപേരിലും ഇത് അറിയപ്പെട്ടിരുന്നു. അറബിമലയാളത്തിലെ ഏതെങ്കിലും കാവ്യങ്ങൾ കഥാപ്രസംഗത്തിന് സമാനമായ രീതിയിൽ അവതരിപ്പിയ്ക്കുകയാണ് ചെയ്യുക. ഒരാൾ കാവ്യമാലപിയ്ക്കുകയും മറ്റൊരാൾ അതിന്റെ അർത്ഥം വിശദീകരിയ്ക്കുകയും ചെയ്യുകയാണ് പതിവ്.

കുറച്ചുകൂടി ആചാരപരമായ കലാരൂപമാണ് 'കത്തിക്കുത്ത് റാത്തീബ്' എന്നറിയപ്പെടുന്ന 'റിഫാഇൗ റാത്തീബ്'. സൂഫിവര്യനായ ശൈഖ് അഹമ്മദുൽ കബീർ അൽ റിഫാഇയുടെ പേരിലാണ് ഈ റാത്തീബ് നടത്തുന്നത്. ബൈത്തുകളുടേയും അറബനയുടേയും അകമ്പടിയോടെ ആയുധങ്ങൾക്കൊണ്ട് ശരീരഭാഗങ്ങളിൽ കുത്തി ചോരവരുത്തുന്നതാണ് കത്തിക്കുത്ത് റാത്തീബ്. പണ്ട് വീടുകളിലും പള്ളികളിലും ഇത്

സ്ഥിരമായി നടന്നിരുന്നു. ഇന്ന് അപൂർവ്വമായേ പൊന്നാനിയിൽ റാത്തീബ് നടക്കാറുള്ളൂ. എല്ലാവർഷവും പൊന്നാനി വലിയജാറത്തിൽ ആണ്ടുനേർച്ചയോട് അനുബന്ധിച്ച് കത്തിക്കുത്ത് റാത്തീബ് നടത്താറുണ്ട്. ഈ മൂന്നു കലാരൂപങ്ങളും പഴയകാലത്ത് പൊന്നാനിയിൽ വളരെ സജീവമായി അവതരിപ്പിച്ചിരുന്നതായിരുന്നു എങ്കിലും ഇന്ന് ഇവയെല്ലാം ഏറെക്കുറെ അപ്രത്യക്ഷമായിരിയ്ക്കുന്നു.

എഴുത്തുകലയാണ് കാലിഗ്രഫി. മാപ്പിളമാരാണ് കാലിഗ്രഫിയെ കേരളത്തിന് പരിചയപ്പെടുത്തിയത്. അക്ഷരങ്ങളെ എത്രമേൽ ഭംഗിയിലെഴുതാം എന്നതിലാണ് കാലിഗ്രഫിയുടെ മികവ്. അറബി കാലിഗ്രഫിയിൽ പൊന്നാനിയ്ക്ക് സ്വന്തമായൊരു രീതിയുണ്ട്. വടിവൊത്തതും ലളിതവുമായ ഈ കാലിഗ്രഫി അറബിഭാഷയുടെ ഏറ്റവും മനോഹരമായ രൂപമാണെന്നു പറയാം. എഴുത്തുകലയിലെ സൗന്ദര്യം തുളുമ്പുന്ന ഈ പൊന്നാനി ശൈലി 'പൊന്നാനിലിപി' എന്നാണ് അറിയപ്പെട്ടിരുന്നത്. ഒരുകാലത്ത് പൊന്നാനിയിൽ നിലനിന്നിരുന്ന വൈജ്ഞാനികരംഗത്തെ ഇടപെടലുകൾ ഈ സമ്പ്രദായത്തെ പ്രസിദ്ധമാക്കി. പൊന്നാനിയിലെ നിരവധി പള്ളികളുടെ ചുമരുകളിലും പഴയ അറബിഗ്രന്ഥങ്ങളിലും ഈ കാലിഗ്രഫിയുടെ മാതൃകകൾ കാണാനാകും.

### 6.4 പൊന്നാനിയിലെ രാഷ്ട്രീയം

പൊന്നാനിയിലെ രാഷ്ട്രീയപ്രവർത്തനങ്ങളും കലാസാഹിത്യ പ്രവർത്തനങ്ങളും പരസ്പരബന്ധിതമായി വികസിച്ചുപോന്നവയാണ്. ഇരുപതാംനൂറ്റാണ്ടിന്റെ പകുതിയിൽ ഇവിടത്തെ സാഹിത്യകാരന്മാരെല്ലാം തന്നെ രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നവരായിരുന്നു. പൊന്നാനിയിലെ രാഷ്ട്രീയപ്രവർത്തന ങ്ങൾക്ക് അക്കാലത്ത് രണ്ട് ധാരകളാണ് ഉണ്ടായിരുന്നത്. ഒന്ന് ഗാന്ധിജിയുടെ സ്വാധീനത്തിൽ വികസിച്ചുവന്ന ദേശീയപ്രസ്ഥാനത്തിന്റെ ധാര. മറ്റൊന്ന് തൊഴിലാളി സമരങ്ങളും കാർഷികസമരങ്ങളും വഴി വികസിച്ച സോഷ്യലിസ്റ്റ് ധാര. എന്നാൽ പിൽക്കാലത്ത് മുസ്ലീം ലീഗ് പൊന്നാനിയിലെ പ്രധാനപ്പെട്ട രാഷ്ട്രീയകക്ഷികളിൽ ഒന്നായിമാറി.

### 6.4.1 പൊന്നാനിയിലെ ദേശീയപ്രസ്ഥാനം

അധിനിവേശശക്തികളോട് നിരന്തരമായി സംഘർഷത്തിലേർപ്പെട്ട ചരിത്രമാണ് പൊന്നാനിയുടേത്. മലബാറിലേയ്ക്കുള്ള പോർച്ചുഗീസ്സൈന്യത്തിന്റെ വരവ് മുതൽക്കേ മഖ്ദൂമുകളും കുഞ്ഞാലി മരയ്ക്കാർമാരും സാമൂതിരിയ്ക്കൊപ്പംനിന്ന് ചെയ്ത പോരാട്ടങ്ങൾ പ്രസിദ്ധമാണ്. പിന്നീട് ബ്രിട്ടീഷ്ഭരണം പൊന്നാനി അടക്കമുള്ള പ്രദേശങ്ങളിൽ നിലവിൽവന്നപ്പോൾ അതിനെതിരെ ഇന്ത്യയിൽ തന്നെ ആദ്യമായി നികുതിനിഷേധത്തിന് ആഹ്വാനംചെയ്ത ഉമർഖാസിയുടെ നാടാണ് പൊന്നാനി. പ്രാദേശികവും ഒറ്റപ്പെട്ടതുമായ ഇത്തരം സാമ്രാജ്യത്വവിരുദ്ധപ്പോരാട്ടങ്ങൾ പിൽക്കാലത്ത് ഇന്ത്യയുടെ നാനാദിക്കുകളിൽ അരങ്ങേറുന്നുണ്ട്. ഇവയ്ക്ക് ദേശീയമായൊരു ഐക്യം സാധ്യമാകുന്നതും രാഷ്ട്രീയമായ കാഴ്ചപ്പാട് കൈവരുന്നതും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വളർച്ചയോടെയാണ്. ഇതേകാലഘട്ടത്തിൽതന്നെ പൊന്നാനിയിലെ ദേശീയപ്രസ്ഥാനവും ശക്തി പ്രാപിയ്ക്കുന്നു.

പൊന്നാനിയിലെ ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രം ആരംഭിയ്ക്കുന്നത് 1919-ൽ കെ.കേളപ്പൻ എ.വി.ഹൈസ്കൂളിലെ അദ്ധ്യാപകനായി പൊന്നാനിയിലേയ്ക്കെത്തുന്ന-തോടെയാണ്. ഇക്കാലത്ത് തന്നെ പൊന്നാനിയിലെ കാരക്കുന്നത്തുവീട്ടിൽ കെ.വി.ബാലകൃഷ്ണമേനോൻ, കെ.വി.രാമൻമേനോൻ എന്നിവരോട് ചേർന്ന് പൊന്നാനിയിൽ ദേശീയപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് കേളപ്പൻ നേതൃത്വം നൽകിയിരുന്നു. 1920-ൽ എ.വി. ഹൈസ്കൂളിലെ ജോലി ഉപേക്ഷിച്ച് കേളപ്പൻ നിയമപഠനത്തിനായി ബോംബെയിലേയ്ക്ക് പോയി. അവിടെവെച്ചാണ് ദേശീയ രാഷ്ട്രീയത്തിന്റെ ഊർജം ഉൾക്കൊണ്ട് കേളപ്പൻ മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി നാട്ടിലേയ്ക്ക് തിരികെപ്പോരുന്നത്. തിരികെയെത്തിയ കേളപ്പൻ മദ്രാസിലുള്ള ബാലകൃഷ്ണമേനോനും രാമൻമേനോനും നാട്ടിലേയ്ക്ക് വരാൻ ആവശ്യപ്പെട്ടുകൊണ്ട് കത്തെഴുതി. ഇവർ മൂന്നുപേരും ചേർന്നാണ് പൊന്നാനിയിലെ ദേശീയപ്രസ്ഥാനത്തിന് അടിത്തറയിട്ടത്.

ബാലകൃഷ്ണമേനോൻ മദ്രാസ് മെഡിക്കൽ കോളേജിൽ ഡോക്ടർ പഠനത്തിനും രാമൻമേനോൻ മദ്രാസിൽ ബിരുദപഠനത്തിനും ചേർന്ന് പഠിക്കുന്ന കാലത്താണ് ഇന്ത്യൻ രാഷ്ട്രീയത്തിൽ ദേശീയപ്രസ്ഥാനം ശക്തിപ്പെടുന്നത്. ഒരിയ്ക്കൽ മറീനബീച്ചിൽ വെച്ച് ഗാന്ധിജി നടത്തിയ പ്രസംഗം കേട്ട് ആവേശഭരിതനായാണ് രാമൻമേനോൻ ദേശീയപ്രസ്ഥാനത്തിന്റെ വക്താവായി മാറുന്നത്. ബിരുദപഠനാനന്തരം രാമൻമേനോൻ നാട്ടിലേയ്ക്ക് മടങ്ങാൻ ഒരുങ്ങുന്ന സമയത്താണ് കേളപ്പൻ പൊന്നാനിയിൽ തിരിച്ചെത്തുന്നത്. കേളപ്പൻ ആവശ്യപ്പെട്ടതുപ്രകാരം പഠനം പൂർത്തിയാക്കിയ രാമൻമേനോനും മെഡിക്കൽപഠനം പാതിവഴിയിൽ ഉപേക്ഷിച്ച് ബാലകൃഷ്ണമേനോനും പൊന്നാനിയിലേക്ക് തിരിച്ചു. അക്കാലത്ത് ആരേയും മോഹിപ്പിയ്ക്കുന്ന ഡോക്ടർ എന്ന പദവി വേണ്ടെന്ന് വെച്ചാണ് ബാലകൃഷ്ണമേനോൻ ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമാകാൻ നാട്ടിലേയ്ക്ക് പുറപ്പെട്ടത്.

കേളപ്പൻ, ബാലകൃഷ്ണമേനോൻ, രാമൻമേനോൻ എന്നിവരടങ്ങുന്ന മൂവർസംഘം പൊന്നാനിയിലും പരിസരപ്രദേശങ്ങളിലും കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഈ കാലയളവിൽ മാറഞ്ചേരിയിൽ വെച്ച് നടന്ന ഒരു പൊതുയോഗത്തിൽ പങ്കെടുത്തതിന് പോലീസ് കേളപ്പനേയും ബാലകൃഷ്ണമേനോനേയും സംഭവസ്ഥലത്ത് വെച്ച് അറസ്റ്റുചെയ്തു. കോടതി അവർക്ക് ഒരുമാസത്തെ ജയിൽശിക്ഷ വിധിച്ചു. ഇരുവരുടേയും ആദ്യത്തെ ജയിൽവാസമായിരുന്നു അത്. ഇതിനിടയിൽ രാമൻമേനോൻ തിരുവനന്തപുരം ലോ കോളേജിൽ പോയി നിയമബിരുദം സമ്പാദിച്ചുവന്നതും പൊന്നാനിയിലെ ദേശീയപ്രസ്ഥാനത്തിന് കരുത്തേകി (സി. അഷ്റഫ്, 2018:84-93).

ഈ കാലഘട്ടത്തിലാണ് ഖിലാഫത്ത്സമരം ഇന്ത്യയിൽ ശക്തി പ്രാപിയ്ക്കുന്നത്. ഒന്നാംലോകമഹായുദ്ധത്തിൽ തുർക്കി ബ്രിട്ടന്റെ ശത്രുസ്ഥാനത്തുള്ള ജർമനിയുടെ സഖ്യകക്ഷിയാകുന്നിടത്താണ് ഇന്ത്യൻ മുസ്ലീങ്ങളും ബ്രിട്ടീഷ് സർക്കാരും തമ്മിലുള്ള പുതിയ പ്രശ്നങ്ങൾ ആരംഭിയ്ക്കുന്നത്. ബ്രിട്ടൻ ഇന്ത്യഭരിയ്ക്കുന്ന ശക്തിയും തുർക്കി മുസ്ലീങ്ങളുടെ ലോകനേതാവായ ഖലീഫയുടെ ആസ്ഥാനവുമായിരുന്നു. യുദ്ധാനന്തരം

വിജയിച്ച ബ്രിട്ടനും സഖ്യകക്ഷികളും ഖലീഫയുടെ ആസ്ഥാനപ്രദേശം മാത്രം സ്വതന്ത്രമായി നിലനിർത്തിക്കൊണ്ട് തുർക്കിയുടെ മറ്റുഭാഗങ്ങൾ പങ്കിട്ടെടുത്ത് ഗ്രീസിനു നൽകി. ഇതിനെത്തുടർന്ന് ഖലീഫയുടെ ആസ്ഥാനം സംരക്ഷിയ്ക്കാനായി ആരംഭിച്ച സമരമാണ് ഖിലാഫത്ത് സമരം. ഖിലാഫത്ത് സമരത്തിന്റെ നേതൃത്വം ഏറ്റെടുത്ത ഗാന്ധിജി സത്യാഗ്രഹതത്വപ്രകാരവും നിസ്സഹകരണം, ബഹിഷ്കരണം എന്നീ മാർഗങ്ങളിലൂടെ-യുമാണ് ഈ സമരം നടത്തേണ്ടതെന്ന് ആവശ്യപ്പെട്ടു. ഇത് സമരത്തിന്റെ മുൻപന്തിയിൽ നിൽക്കുന്ന അലി സഹോദരന്മാരും മൗലാനാ അബ്ദുൽകലാം ആസാദ്, ഖാൻ അബ്ദുൾ ഗാഫർഖാൻ തുടങ്ങിയ ദേശീയമുസ്ലീം നേതാക്കളും അനുസരിയ്ക്കാൻ തയ്യാറായി.

പൊന്നാനിയിലെ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ അമരക്കാരൻ മാറഞ്ചേരിക്കാരനായ ഇ. മൊയ്തുമൗലവിയായിരുന്നു. പ്രസിദ്ധ മതപണ്ഡിതനായ കോടഞ്ചേരി മരയ്ക്കാർ മുസ്ലിയാരുടെ മകനായിരുന്നു മൊയ്തുമൗലവി. പിൽക്കാലത്ത് കെ. പി. സി. സി പ്രവർത്തകസമിതി അംഗമായും എ ഐ സി സി അംഗമായും ഇന്ത്യയുടെ ഭരണഘടനാനിർമ്മാണസമിതിയായ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി പ്രതിനിധിയാ യുമെല്ലാം മൊയ്തുമൗലവി പ്രവർത്തിച്ചിട്ടുണ്ട്. മൊയ്തുമൗലവിയുടെ നേതൃത്വത്തിൽ ഖിലാഫത്ത് പ്രസ്ഥാനവും കോൺഗ്രസ് പ്രവർത്തനവും സമാധാനപരമായി ഒന്നിച്ചുനടക്കുന്ന കാലത്ത് അത് ഭരണാധിപന്മാരുടെ ഇടയിൽ വലിയ ആശങ്കയ്ക്ക് ഇടയാക്കി. എങ്ങനെയെങ്കിലും ഈ മുന്നേറ്റങ്ങളെ തകർക്കണമെന്ന ലക്ഷ്യത്തോടെ അധികാരികൾ വലിയ ആക്രമണങ്ങൾ നടത്തുകയും നിരപരാധികളായ പലരേയും ജയിലിലടയ്ക്കുയും ചെയ്തു. ഇക്കാലത്ത് പൊന്നാനിയിൽ വെച്ച് ഖിലാഫത്തിനെതിരായി ഒരു വലിയയോഗം വിളിച്ചുകൂട്ടാൻ ബ്രിട്ടീഷുകാർ തീരുമാനിച്ചു. 1921 ജൂലൈ 24ന് നടത്താൻതീരുമാനിച്ച പ്രസ്തുത സമ്മേളനത്തിലേയ്ക്ക് ജനങ്ങളെ കൂട്ടിക്കൊണ്ടുവരാൻ അംശംഅധികാരികളെ ഏർപ്പാടും ചെയ്തു.

യോഗത്തിന്റെ തിയതി അറിഞ്ഞപ്പോൾ അതേദിവസം ഒരു മറുയോഗം നടത്തണമെന്ന അഭിപ്രായം ഖിലാഫത്തുകാരിൽ ചിലർക്കുണ്ടായി. എന്നാൽ ഒരു മാസത്തേയ്ക്ക് പൊന്നാനിയിൽ കോൺഗ്രസ് ഖിലാഫത്ത് സമ്മേളനങ്ങൾ നടത്താൻ

പാടില്ലെന്ന നിരോധനാജ്ഞയുണ്ടായിരുന്നു. ആകയാൽ എന്തുവേണമെന്ന് ആലോചിയ്ക്കാൻ സംസ്ഥാനകോൺഗ്രസ് കമ്മിറ്റിയുടെ ജനറൽ സെക്രട്ടറി കെ. പി. കേശവമേനോന്റെ നേതൃത്വത്തിൽ ഒരു യോഗം കൂടി. അക്കാലത്ത് നിസ്സഹകരണ പ്രസ്ഥാനത്തെ സഹായിക്കുന്നതിന് മജ്‌ലിസുൽ ഉലമ എന്ന ഒരു സംഘടന ഉണ്ടായിരുന്നു. അതിന്റെ ജനറൽ സെക്രട്ടറി മൊയ്തുമൗലവിയായിരുന്നു. പൊന്നാനി പാതാറിൽ ബ്രിട്ടീഷുകാർ യോഗം നടത്തുന്ന അതേ ദിവസം പുതുപൊന്നാനിയിൽ വെച്ച് മജ്‌ലിസുൽ ഉലമയുടെ യോഗം വിളിയ്ക്കാമെന്ന് തീരുമാനമായി. യോഗത്തിന്റെ അദ്ധ്യക്ഷൻ വെല്ലൂർ ലത്തീഫിയ അറബിക് കോളേജ് സദർ മുദരിസ് മൗലവി അബ്ദുൾ അസീസ് സാഹിബായിരുന്നു. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വിവിധ മാർഗേണ പൊതുജനങ്ങളും മതപണ്ഡിതൻമാരും ആ സമ്മേളനത്തിന് എത്തിച്ചേർന്നു. അതേസമയം ഗവൺമെന്റുദ്യോഗസ്ഥർ വാഹനങ്ങളിൽ പാതാർ യോഗത്തിലേയ്ക്കും ആളുകളെ ഇറക്കുമതി ചെയ്തുകൊണ്ടിരുന്നു. കലക്ടർ, സൂപ്രണ്ട് തുടങ്ങിയ എല്ലാ ഉദ്യോഗസ്ഥന്മാരും അവരുടെ സിൽബന്ധികളും വളരെയേറെ പണിപ്പെട്ടിട്ടും പണം വാരിക്കോരി ചെലവഴിച്ചിട്ടും വിജയകരമായ നിലയിൽ യോഗം നടത്താൻ അവർക്കു സാധിച്ചില്ല (ഹുസൈൻ രണ്ടത്താണി, 2014:390-392).

പുതുപൊന്നാനിയിലെ സമ്മേളനത്തിന്റെ വിജയം പൊന്നാനിയിൽ ബ്രിട്ടീഷ് ഭരണാനുകൂലികളേക്കാൾ ഖിലാഫത്ത്-കോൺഗ്രസ് പക്ഷത്തിനുള്ള സ്വാധീനത്തിന്റെ തെളിവായിരുന്നു. ഭരണാധികാരികളെ പരിഹസിയ്ക്കാനുതകുന്ന ഒരു കാരണമായി ഈ സമ്മേളനങ്ങൾ മാറി. 1921-ലെ മാപ്പിള സമരത്തെക്കുറിച്ച് തിരൂരങ്ങാടി കെ. ടി. മുഹമ്മദ് സാഹിബ് രചിച്ച ചരിത്രകാവ്യത്തിൽ പൊന്നാനി പാതാറിൽ ചേർന്ന ഖിലാഫത്ത് വിരുദ്ധ സമ്മേളനത്തെക്കുറിച്ചും അതിനെതിരെ പുതുപൊന്നാനിയിൽ നടന്ന ഖിലാഫത്ത് അനുകൂലസമ്മേളനത്തെക്കുറിച്ചും പരിഹാസരൂപേണ പറയുന്നുണ്ട്.

"ഭിന്നിപ്പിച്ചിന്ത്യാ ഭരിക്കുന്ന കേന്ദ്രം ബ്രിട്ടീഷ് മന്ത്രം
വിലപോകുന്നില്ലെന്നു കണ്ടൂ കുതന്ത്രം
പൊന്നാനിയിൽ ചേർന്ന സംയുക്തയോഗം
പുഷ്ടികുതുകം പുറം ദിക്കിന്നെത്തീ പ്രതിനിധി വിഭാഗം

വെല്ലൂർ ലത്തീഫി മദ്രസാ പ്രിൻസിപ്പാൾ

അധ്യക്ഷരന്നാൾ – അബ്ദുൽ അസീസ് മൗലാനാ അവർകൾ

ചൊല്ലാൻ ഘടക പ്രതിനിധിമാരെ

ക്ഷണിച്ചുള്ളതേറെ സമ്മേളനത്തിന്റെ മുമ്പിൽ എതിരെ

ബ്രിട്ടീഷ് ഭരണാധികാരികൾ ഏകീ

പ്രേരണ നൽകീ പെട്ടെന്നൊരു യോഗം പ്രത്യക്ഷമായി

ച്ചട്ടമ്പിമാരെ അണിയിൽ ഇറക്കീ

സദസ്സും ഒരുക്കി ചില മൊല്ല മൗലവിമാരെയും ആക്കീ

കോൺഗ്രസ് ഖിലാഫത്ത് ഐക്യം ഹറാമാം

പ്രസംഗം കേമാ കൂറു ഫത്‌വാ പ്രസിദ്ധീകൃതമാം

ആംഗ്ലേയ നാരദ സിൽബന്ധിമാരെ

സിദ്ധാന്തമേറെ' (ഹുസൈൻ രണ്ടത്താണി, 2014:436)

എന്നാൽ സമാധാനപരമായി നടന്നിരുന്ന ഖിലാഫത്ത് പ്രവർത്തനങ്ങളും കോൺഗ്രസ് ഖിലാഫത്ത് ബന്ധവും അധികം തുടർന്നുപോയില്ല. ഖിലാഫത്ത് പ്രസ്ഥാനത്തിലെ ചില നേതാക്കളെ തടവിലാക്കുകയും നാടുകടത്തുകയും ചെയ്തതിന്റെ പേരിൽ 1921 ആഗസ്റ്റ് മാസത്തിൽ മലബാറിൽ കലാപം ആരംഭിച്ചു. കലാപക്കാർ ഏറനാട്ടിലെ സർക്കാർ കേന്ദ്രങ്ങൾ ആക്രമിയ്ക്കുകയും ജയിൽ പൊളിച്ച് അധികാരം പിടിച്ചെടുക്കുകയും ചെയ്തു. ജയിൽതകർന്നതോടെ പുറത്തിറങ്ങിയവരിൽ ചിലർ കൊള്ളകൾക്കും തീവെപ്പുകൾക്കും നേതൃത്വം നൽകി. ബ്രിട്ടീഷ് അനുകൂലികളായ ജന്മിമാരുടെ ഭവനങ്ങൾ പലതും ആക്രമിയ്ക്കപ്പെടുകയും കൊള്ളയടിയ്ക്കപ്പെടുകയും ചെയ്തു. ഇത് പിൽക്കാലത്ത് മലബാർ കലാപത്തെ വർഗീയമായി വ്യാഖ്യാനിക്കാൻ കാരണമായി. ഇക്കാലത്ത് ഭാരതപ്പുഴ മുറിച്ചുകടന്ന് പൊന്നാനിയിലേയ്ക്കും ലഹളക്കാർ പ്രവേശിക്കാൻ ശ്രമിക്കുന്നുണ്ട്. പൊന്നാനിയിലെ ദേശീയപ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും തമ്മിലുള്ള ഐക്യം പൊന്നാനിയെ ഈ കലാപത്തിൽ നിന്നും ഒഴിച്ചുനിർത്തി. മലബാർ കലാപം ബാധിയ്ക്കാതെ പോയ മലബാറിലെ ഏക പ്രദേശം പൊന്നാനിയായിരുന്നിരിയ്ക്കണം.

പൊന്നാനിയെ കലാപത്തിൽനിന്നും രക്ഷിച്ച കാരണങ്ങളിൽ പൊന്നാനിയുടെ മതനിരപേക്ഷതയും കോൺഗ്രസ് ഖിലാഫത്ത് ഐക്യവും എല്ലാം കാരണമായിരിയ്ക്കു മ്പോഴും അതിനു പിന്നിലെ അത്രകണ്ട് പുരോഗമനപരമല്ലാത്ത ചില കാരണങ്ങളും പരിശോധിയ്ക്കേണ്ടതായുണ്ട്. മലബാർ കലാപത്തിനിടയിൽ നിരവധി സവർണ ഭവനങ്ങൾ ആക്രമിയ്ക്കപ്പെടുന്നുണ്ട്. ഹിന്ദുമതസ്ഥരുടെ ഭവനങ്ങളെന്ന നിലയ്ക്കല്ല മറിച്ച് മലബാറിലെ ജന്മിമാരുടേതാണെന്ന നിലയിലാണ് ഇവ ആക്രമിയ്ക്കപ്പെടുന്നത്. കലാപകാരികളും കലാപത്തിനിരയായവരും തമ്മിലുള്ള ബന്ധം ജന്മി-കുടിയാൻ ബന്ധമാണെന്നു വരുമ്പോൾ പൊന്നാനിയിലെ ജനസമൂഹം ഇതിൽ ഏത് ചേരിയിലായിരുന്നു എന്ന ചോദ്യം ശക്തമാകുന്നു. മലബാർകലാപം ഒരു കാർഷിക കലാപവും പൊന്നാനി ഒരു കച്ചവടനഗരവുമാണെന്ന വസ്തുതകൾ പരിശോധി-യ്ക്കുമ്പോൾ കലാപത്തെ തിരിച്ചയച്ചുവെന്ന മഹത്വവത്കരിച്ച ചരിത്രസന്ദർഭത്തിന് മറ്റൊരു വ്യാഖ്യാനം നൽകാൻ കഴിയും. പൊന്നാനി അങ്ങാടിയിലെ സമ്പന്നരും കച്ചവടക്കാരുമായ മാപ്പിളമാരെ അപേക്ഷിച്ച് ആ കലാപം അനാവശ്യമായിരുന്നെന്നോ അല്ലെങ്കിൽ രാഷ്ട്രീയപ്രവർത്തനം അവർക്ക് കൂടുതൽ അവകാശങ്ങൾ നേടിയെടുക്കാനുള്ള ഒന്നുമാത്രമായിരുന്നെന്നോ കാണാം. അതേസമയം തൊഴിലാളികളെ സംബന്ധിച്ച് അത് അടിമത്തത്തിൽ നിന്നും പുറത്തുകടക്കാൻ വേണ്ടി നടത്തുന്ന പോരാട്ടമായിരുന്നു.

വൈദേശികാധിപത്യത്തിനെതിരെ നിരന്തരമായ സമരങ്ങൾ നയിച്ച നാടാണ് പൊന്നാനി എന്നു പറയുമ്പോഴും കലാപകാലത്തെ പൊന്നാനിയിലെ മുസ്ലീങ്ങളെല്ലാം ഇതേ രാഷ്ട്രീയസ്വഭാവം പ്രകടിപ്പിച്ചിരുന്നവർ ആയിരുന്നില്ല എന്നതാണ് വസ്തുത. പൊന്നാനി പാതാർ യോഗത്തിൽ ബ്രിട്ടീഷുകാരെ അനുകൂലിച്ചും ഖിലാഫത്തിനെ തള്ളിക്കളഞ്ഞും പങ്കെടുത്തവരിൽ നിരവധി മുസ്ലീം മതപണ്ഡിതന്മാരും ഉണ്ടായിരുന്നു. മഖ്ദൂമികളായ പണ്ഡിതന്മാരിൽനിന്ന് ഒരു വിഭാഗവും കുഞ്ഞൻബാവ മുസ്ലിയാർ മഖ്ദൂമിയും വെളിയങ്കോട് തട്ടാങ്ങര കുട്ട്യാമു മുസ്ലിയാരും ഇക്കൂട്ടത്തിലെ പൊന്നാനിക്കാരായ ചില പ്രമാണിമാരാണ്. ബ്രിട്ടീഷ് ഭരണത്തിന് പിന്തുണ പ്രഖ്യാപിച്ച് കുട്ടിയാമു മുസ്ലിയാർ അടക്കം നാല് പേർ ഒപ്പുവെച്ച 'മഹക്കുൽ കലാഫത്തി അലാ

ഇസ്മിൽ ഖിലാഫ' എന്നൊരു ഫത്വ ഈ സമ്മേളനം അംഗീകരിയ്ക്കുകയും അതിന്റെ ഇരുപത്തിയയ്യായിരം കോപ്പിയടിച്ച് മലബാറിലാകെ വിതരണം ചെയ്യുകയും ചെയ്തു. ഈ ബ്രിട്ടീഷ് പക്ഷപാതിത്വം തങ്ങളുടെ മതനവീകരണത്തിനും പുരോഗതിയ്ക്കും വഴിവെയ്ക്കുമെന്നു ചിന്തിച്ചിരുന്നവരും അതുവഴി അധികാരവും ആനുകൂല്യങ്ങളും കരസ്ഥമാക്കാം എന്നു ചിന്തിച്ചവരും ഇക്കൂട്ടത്തിലുണ്ടായിരുന്നു. ഇത്തരത്തിൽ ബ്രിട്ടീഷ് പക്ഷപാതിത്വമുള്ള സമ്പന്നമുസ്ലീം വിഭാഗം തങ്ങളുടെ താത്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് കണ്ട് കർഷകത്തൊഴിലാളികളായ മുസ്ലീങ്ങൾ നടത്തിയ കലാപത്തെ ഒറ്റുകൊടുത്തതാണ് പൊന്നാനിയിലെ കലാപത്തിന്റെ തിരിച്ചയയ്ക്കലെന്നും വ്യാഖ്യാനിക്കാം.

എന്നാൽ മതനിരപേക്ഷതയിലും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിലും അടിയുറച്ച് വിശ്വസിച്ചിരുന്ന കേളപ്പനേയും ബാലകൃഷ്ണമേനോനേയും പോലുള്ള ദേശീയ നേതാക്കളുടെ താത്പര്യം ഇത്തരത്തിൽ ഒന്നുമായിരുന്നില്ലെന്ന് വ്യക്തമാണ്. പക്ഷേ ലഹളക്കാരെ തടഞ്ഞതിനും സമാധാനം നിലനിർത്തിയതിനും പകരമായി ആ ദേശീയനേതാക്കൾക്ക് ലഭിച്ചത് ജയിൽശിക്ഷയായിരുന്നു. പോലീസ്സ്റ്റേഷൻ വളഞ്ഞാക്രമിച്ചുവെന്നും കള്ളുഷാപ്പിന് തീയിട്ടെന്നും പറഞ്ഞ് കള്ളക്കേസുണ്ടാക്കി കെ. കേളപ്പൻ, കെ. വി. ബാലകൃഷ്ണമേനോൻ, കെ. വി. രാമൻമേനോൻ എന്നിവരെ അറസ്റ്റ് ചെയ്ത് ജയിലിലിടയ്ക്കാൻ ഉത്തരവുണ്ടായി. ഖിലാഫത്ത് പ്രവർത്തനങ്ങളുടെ പേരിൽ മൊയ്തുമൗലവിയേയും രണ്ടരവർഷത്തെ കഠിനതടവിന് വിധിച്ചു. എന്നാൽ പൊന്നാനിയിൽ വെച്ച് ഇവരെ അറസ്റ്റ് ചെയ്തുനീക്കാനുള്ള ധൈര്യം അവിടത്തെ പോലീസുകാർക്കുണ്ടായിരുന്നില്ല. അതിനാൽ ബാംഗ്ലൂരിൽനിന്നും ബ്രിട്ടീഷ് പട്ടാളത്തെ കൊണ്ടുവരികയും അവർ കാരക്കുന്നത്തുവീട് വളഞ്ഞ് മൂവരേയും അറസ്റ്റ് ചെയ്യുകയും ചെയ്തു. ബ്രിട്ടീഷ് ജയിലുകൾ ചക്രവർത്തി തിരുമനസ്സിന്റെ അതിഥിമന്ദിരമായി പരിഗണിയ്ക്കണമെന്ന ഗാന്ധിജിയുടെ വാക്കുകൾക്ക് കാതോർത്തവരായ ആ സമരസേനാനികൾ പട്ടാളം വീട്ടിലെത്തിയതറിഞ്ഞ് പാഞ്ഞെത്തി അറസ്റ്റ് വരിച്ചുവെന്നാണ് പറയപ്പെടുന്നത് (സി. അഷ്റഫ്, 2018:89).

ഏഴുമാസത്തെ തടവുശിക്ഷയ്ക്കു ശേഷം രാമൻമേനോനും പതിനൊന്ന് മാസത്തെ തടവുകഴിഞ്ഞ് കേളപ്പനും പുറത്തിറങ്ങി. എന്നാൽ ജയിൽവാസം അവസാനിയ്ക്കുന്നതിന് മുൻപ് ബാലകൃഷ്ണമേനോൻ അസുഖബാധിതനായി അന്തരിച്ചു. നീണ്ട ജയിൽജീവിതത്തിനിടയിൽ ടൈഫോയ്ഡ് പിടിപെട്ട് വേണ്ട സമയത്ത് ചികിത്സ ലഭിയ്ക്കാതെയാണ് ബാലകൃഷ്ണമേനോൻ മരിയ്ക്കുന്നത്. മലബാറിലെ ദേശീയപ്രസ്ഥാനത്തിന്റെ ആദ്യ രക്തസാക്ഷിയായി ജന്മം കൊണ്ടും കർമ്മം കൊണ്ടും പൊന്നാനിക്കാരനായ കെ.വി. ബാലകൃഷ്ണമേനോൻ വാഴ്ത്തപ്പെടുന്നു.

പൊന്നാനിയിലെ ദേശീയസ്വാതന്ത്ര്യസമരചരിത്രത്തിലെ മറ്റൊരു രക്തസാക്ഷിയാണ് മാറഞ്ചേരിയിലെ പനമ്പാട് ദേശത്ത് പിറവികൊണ്ട പറയരിയ്ക്കൽ കൃഷ്ണപ്പണിക്കർ. വിദ്യാർത്ഥിജീവിതകാലത്തുതന്നെ ദേശീയപ്രസ്ഥാനത്തിൽ ആകൃഷ്ടനായ കൃഷ്ണപ്പണിക്കർ പൊന്നാനിയിലെ സ്വാതന്ത്ര്യ സമര പ്രവർത്തന ങ്ങളിൽ സജീവമായി പങ്കെടുത്തു. അദ്ധ്യാപക ട്രെയിനിംഗ് കോളേജിൽ ഖദറുടുത്തു വെന്നും പിന്നീട് അദ്ധ്യാപകനായി ജോലിനോക്കുമ്പോൾ കുട്ടികളെ ബ്രിട്ടീഷ് പതാക താഴെയിറക്കാനും ഇന്ത്യൻ പതാക ഉയർത്തിക്കെട്ടാനും പ്രേരിപ്പിച്ചും അദ്ദേഹം അധികാരികളുടെ ശത്രുത സമ്പാദിച്ചു. ബ്രിട്ടീഷ് ഭരണകൂടത്തെ അവമതിച്ചതിന്റെ പേരിൽ ജോലിയിൽനിന്നും പുറത്താക്കപ്പെടുന്നതോടെയാണ് കൃഷ്ണപ്പണിക്കർ മുഴുവൻസമയ രാഷ്ട്രീയപ്രവർത്തനത്തിലേയ്ക്ക് പ്രവേശിയ്ക്കുന്നത്. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിൽശിക്ഷയനുഭവിയ്ക്കുകയും പുറത്തുവന്നതിനുശേഷം ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം മദ്യഷാപ്പ് പിക്കറ്റിങ്ങിൽ വ്യാപൃതനാവുകയും ചെയ്തു. പൊന്നാനിയിൽ കള്ള്ഷാപ്പ് പിക്കറ്റിങ്ങിൽ ധീരമായി പങ്കെടുത്ത കൃഷ്ണപ്പണിക്കരെ ബ്രിട്ടീഷ് പോലീസ് മൃഗീയമായി മർദ്ദിച്ചു. മർദ്ദനമേറ്റ് ആന്തരിക ക്ഷതമേറ്റ കൃഷ്ണപ്പണിക്കർ പിന്നീട് രോഗബാധിതനായി മരണപ്പെട്ടു. പിൽക്കാലത്ത് പൊന്നാനിയിലെ സാമൂഹിക- സാംസ്കാരിക കേന്ദ്രമായി മാറിയ കൃഷ്ണപ്പണിക്കർ വായനശാല 1935-ൽ ഇടശ്ശേരി സ്ഥാപിയ്ക്കുന്നത് ഇദ്ദേഹത്തോടുള്ള ബഹുമാനാർത്ഥമാണ്. കൃഷ്ണപ്പണിക്കർ മരണപ്പെടുന്നതിനും മുൻപാണ്

അദ്ദേഹത്തിന്റെ പേരിലുള്ള വായനശാല യാഥാർത്ഥ്യമാകുന്നത് എന്നതും അദ്ദേഹത്തിന്റെ ഔന്നത്യം വ്യക്തമാക്കുന്നതാണ് (ഏ. ഏ. മലയാളി, 1994:436-437).

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന് നിരവധി സ്ത്രീകളെ സംഭാവനചെയ്ത തറവാടാണ് പഴയ പൊന്നാനിത്താലൂക്കിലെ ആനക്കര വടക്കത്ത് തറവാട്. അക്കാലത്ത് ദേശീയപ്രസ്ഥാനത്തിന്റെ മുഖ്യധാരയിൽ ഉണ്ടായിരുന്ന കുട്ടിമാളുവമ്മയാണ് അവരിലൊരാൾ. കുട്ടിമാളുവമ്മയുടെ സഹോദരിയായിരുന്ന അമ്മു സ്വാമിനാഥൻ ഇന്ത്യൻ ഭരണഘടനാ നിർമ്മാണസഭയിലെ അംഗമായിരുന്നു. അമ്മു സ്വാമിനാഥന്റെ മകളായ ലക്ഷ്മി ചെറുപ്പത്തിൽത്തന്നെ കോൺഗ്രസ്സിന്റെ ഭാഗമാവുകയും പിന്നീട് സുഭാഷ് ചന്ദ്രബോസിനൊപ്പം ഐ എൻ ഏയിൽ ചേർന്ന് ക്യാപ്റ്റൻ ലക്ഷ്മിയാകുകയും ചെയ്തു. അമ്മു സ്വാമിനാഥന്റെ മറ്റൊരു പുത്രിയായ മൃണാളിനി സാരാഭായ് പ്രശസ്ത നർത്തകിയും ഇന്ത്യൻ ബഹിരാകാശശാസ്ത്രത്തിന്റെ പിതാവായ വിക്രംസാരാഭായിയുടെ ഭാര്യയുമായിരുന്നു. ക്യാപ്റ്റൻ ലക്ഷ്മിയുടെ മകളായ സുഭാഷിണി അലി നിലവിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ദേശീയനേതാവാണ്. ഇങ്ങനെ ദേശീയ രാഷ്ട്രീയത്തിൽ ശ്രദ്ധേയരായ ഒരുകൂട്ടം സ്ത്രീകൾ ഈ തറവാട്ടിൽ നിന്നുണ്ട്.

പൊന്നാനിയിൽ നിന്നും ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമാകുന്ന മറ്റൊരു വനിതയായിരുന്നു ത്രേസ്യടീച്ചർ. പൊന്നാനിയിലെ ക്രൈസ്തവസമൂഹത്തിൽ നിന്നുള്ള ഒരേയൊരു സ്വാതന്ത്ര്യസമരപോരാളിയെന്നു വിശേഷിപ്പിയ്ക്കാവുന്ന ത്രേസ്യടീച്ചറാണ് പൊന്നാനിക്കാർക്ക് ചർക്ക പരിചയപ്പെടുത്തുന്നത്. തൃശ്ശൂർ ജില്ലയിലെ ഏനാമാവിൽ നിന്നും പൊന്നാനിയിലെ ഒരു വിദ്യാലയത്തിൽ അദ്ധ്യാപികയായി വന്ന ത്രേസ്യടീച്ചറെ ദേശീയപ്രസ്ഥാനത്തിലേയ്ക്ക് എത്തിയ്ക്കുന്നത് കേരളഗാന്ധി കെ കേളപ്പനും പൊന്നാനി ഗാന്ധി കെ. വി. രാമൻമേനോനും കൂടിയാണ്. കേളപ്പന്റെ നിർദ്ദേശപ്രകാരം പയ്യന്നൂരിൽ ചെന്ന് നൂൽനൂൽപ്പ് പഠിച്ച് ത്രേസ്യടീച്ചർ തിരികെവന്നത് അഞ്ച് ചർക്കകളു മായാണ്. പൊന്നാനിയിലെ ദേശീയനേതാക്കളെയെല്ലാം നൂൽനൂൽക്കാൻ പഠിപ്പിച്ചത് ത്രേസ്യടീച്ചറാണ്. പൊന്നാനിയിലെ അടിസ്ഥാനസമുദായങ്ങൾക്കിടയിൽ വിദ്യാഭ്യാസത്തിന്റെ വെളിച്ചമെത്തിയതിലും അടിസ്ഥാനവിദ്യാഭ്യാസത്തിന്

പൊന്നാനിയിലെ ജനങ്ങൾക്കിടയിൽ പ്രചാരം സിദ്ധിച്ചതിലും ത്രേസ്യടീച്ചറുടെ പരിശ്രമമുണ്ട്. സമകാലീനരായ മറ്റനേകം രാഷ്ട്രീയപ്രവർത്തകരെപ്പോലെ പൊന്നാനിക്കളരിയിലെ നിരന്തരസാന്നിധ്യമായിരുന്നു ജന്മംകൊണ്ട് പൊന്നാനിക്കാരിയല്ലാത്ത ത്രേസ്യടീച്ചർ (അഷ്റഫ്, 2018:96-97).

പൊന്നാനിക്കളരി അക്കാലത്തെ പുരോഗമനവാദികളായ സാമൂഹിക പ്രവർത്തകരുടെയെല്ലാം പ്രവർത്തനമണ്ഡലമായിരുന്നു എന്നതും ശ്രദ്ധേയമാണ്. പൊന്നാനിയിലെ സാഹിത്യകാരന്മാരെല്ലാം സാമൂഹികപ്രവർത്തകരും സാമൂഹിക പ്രവർത്തകർ സാഹിത്യകാരന്മാരുമായിരുന്നു. പൊന്നാനിക്കളരിയ്ക്ക് തുടക്കംകുറിച്ച ഇടശ്ശേരി തന്നെ തികഞ്ഞ ഗാന്ധിയനും ദേശീയപ്രസ്ഥാനത്തിന്റെ സഹചാരിയുമായിരുന്നു. ഗാന്ധിയനായ കെ.വി.രാമൻമേനോന്റെ ഗുമസ്തനായിരുന്നു ഇടശ്ശേരി. അതുകൊണ്ട് തന്നെ രാമൻമേനോനിൽ നിന്നാകാം ഇടശ്ശേരി ഗാന്ധിയൻ ആദർശങ്ങളെ സ്വാംശീകരിച്ചത്. നാടകനടനും പൊന്നാനിയിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ അമരക്കാരനുമായിരുന്ന ടി. ഗോപാലക്കുറുപ്പ് അക്കാലത്തെ സമരങ്ങളിലും സാഹിത്യത്തിലും ഒരേ സമയം നിറഞ്ഞുനിന്ന വ്യക്തിയായിരുന്നു.

പൊന്നാനിയിലെ സാഹിത്യലോകവും സാമൂഹ്യപ്രവർത്തകരും തമ്മിലുണ്ടായിരുന്ന ഈ ബന്ധത്തെ എഴുത്തുകാരനായ സി. അഷ്റഫ് ഇപ്രകാരം വിലയിരുത്തുന്നു.

''ഉറൂബ്, കടവനാട് കുട്ടികൃഷ്ണൻ, ഇ. നാരായണൻ, എ. സി. നാരായണൻ വൈദ്യർ, കെ. വി. രാമൻമേനോൻ, പി. നാരായണൻ വൈദ്യർ, ബി. മൊയ്തീൻകുട്ടി, കുഞ്ഞികൃഷ്ണൻ വൈദ്യർ, ടി. വി. ശൂലപാണി വാര്യർ, ഗോവിന്ദൻ നായർ, ഇ. പി. സുമിത്രൻമാഷ്, ഇടക്കണ്ടി രാഘവൻനായർ, ഇ. കുമാരൻ, കെ. വി. പത്മനാഭൻ, ഡോ. കെ. വി. മേനോൻ, ശങ്കരൻനായർ, രാഘവക്കുറുപ്പ്, എൻ. കൃഷ്ണൻനായർ, എൻ.പി. കുമാരൻ തുടങ്ങി പൊന്നാനിക്കളരിയിലും പൊന്നാനിയുടെ രാഷ്ട്രീയത്തിലും ഒരേസമയം സജീവമായിരുന്നവർ ഏറെയാണ്.

ദേശീയപ്രസ്ഥാനത്തിന്റെ ഇതിഹാസനിറവിൽ സാഹിത്യക്കളരിയ്ക്ക് അതിന്റെ

ഫ്യൂഡൽ ആവരണങ്ങളെ ഭേദിച്ച് അനുഷ്ഠാനജീർണത ഉപേക്ഷിയ്ക്കാനും മാനവികതയുടെ ജനകീയഉത്സവച്ഛായയിൽ പുലരാനും സാധിച്ചു. ദേശീയ പ്രസ്ഥാനത്തിനാകട്ടെ സാഹിത്യക്കളരിയുടെ മാസ്മരിക-സർഗാത്മകപ്രവാഹത്തിൽ സമരഭൂമികളെ സംഗീതാത്മകമാക്കിത്തീർക്കാൻ സാധിച്ചു" (സി. അഷ്റഫ്, 2018:101).

### 6.4.2 സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ പൊന്നാനിയിൽ

1934-ൽ കോൺഗ്രസ് പാർട്ടിയ്ക്കകത്ത് ഉയർന്നുവന്ന സോഷ്യലിസ്റ്റ് കോൺഗ്രസ്സിലൂടെയാണ് പൊന്നാനിയിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ പ്രവർത്തനമാരംഭിയ്ക്കുന്നത്. അന്ന് എ കെ ജിയും ഇ എം എസ്സും പി കൃഷ്ണപ്പിള്ളയും അടക്കമുള്ള കേരളത്തിലെ പ്രധാന കോൺഗ്രസ്നേതാക്കൾ പലരും സോഷ്യലിസ്റ്റ് കോൺഗ്രസ്സിന്റെ ഭാഗമായി മാറി. പൊന്നാനിയിലെ രാഷ്ട്രീയേതിഹാസമായിരുന്ന ഇമ്പിച്ചിബാവയും ഇത്തരത്തിൽ കോൺഗ്രസ്സിൽ നിന്നും സോഷ്യലിസ്റ്റ് കോൺഗ്രസ്സിലേയ്ക്ക് എത്തിയ വ്യക്തിയാണ്. പൊന്നാനിയിലെ വിവിധ തൊഴിൽ മേഖലകളിലെ ചൂഷണങ്ങൾ ചോദ്യംചെയ്തും അതിനെതിരെ തൊഴിലാളികളെ സംഘടിപ്പിച്ച് സമരം നയിച്ചും അവരുടെ പുരോഗതിയ്ക്കായി സഹകരണസംഘങ്ങൾ രൂപീകരിച്ചുമാണ് ഈ പ്രസ്ഥാനങ്ങൾക്ക് പൊന്നാനിയിൽ വേരോട്ടമുണ്ടാകുന്നത്. ബീഡിത്തൊഴിലാളി സമരം, കർഷകസമരങ്ങൾ, മഞ്ചിത്തൊഴിലാളി സമരം, ഭൂസമരം തുടങ്ങിയവയെല്ലാം ഇതിനുദാഹരണങ്ങളാണ്.

ഒരുകാലത്ത് മത്സ്യബന്ധനവും അതിന്റെ അനുബന്ധതൊഴിൽമേഖലകളും കഴിഞ്ഞാൽ പൊന്നാനിയിലെ ഏറ്റവും വലിയ തൊഴിൽമേഖലയായി പരിഗണിയ്ക്കാവുന്നത് ബീഡിവ്യവസായമായിരുന്നു. 1930-കൾ മുതൽതന്നെ ബീഡിവ്യവസായം പൊന്നാനിയിൽ സജീവമായിരുന്നു. പൊന്നാനി അങ്ങാടി കേന്ദ്രീകരിച്ച്കൊണ്ടുതന്നെ വലുതും ചെറുതുമായ നിരവധി ബീഡിക്കമ്പനികൾ ഉണ്ടായിരുന്നു. എ വി കമ്പനി, പി കെ കമ്പനി, ഇ എസ് കെ കമ്പനി, സോപ്പ് കമ്പനി എന്നിവ ഇവയിൽ ചിലതായിരുന്നു. അക്കാലത്തെ പ്രസിദ്ധമായ എല്ലാ ബീഡി കമ്പനികൾക്കും പൊന്നാനിയിൽ ബ്രാഞ്ചുകളുണ്ടായിരുന്നു. ആനബീഡി, ഊർക്കിളിബീഡി എന്നിങ്ങനെ പൊന്നാനി

കേന്ദ്രീകരിച്ച് ഉത്പാദിപ്പിച്ചിരുന്ന ബീഡികൾ കേരളത്തിലെമ്പാടും പ്രസിദ്ധമായിരുന്നു. വെയിലും മഴയുമേൽക്കാതെ ഇരുന്നുചെയ്യാവുന്ന ജോലി എന്നതായിരുന്നു ആൾക്കാരെ ബീഡിതെറുപ്പിലേക്കാകർഷിച്ച പ്രധാന ഘടകം. പുരുഷന്മാർ കടമുറികളിലും സ്ത്രീകൾ വീട്ടിനകത്തും ഇരുന്നുകൊണ്ടാണ് ബീഡിതെറുപ്പിലേർപ്പെട്ടിരുന്നത്.

ആയിരം ബീഡി തെറുത്താൽ അഞ്ചണ എന്നതായിരുന്നു അന്നത്തെ കൂലി. വളരെ തുച്ഛമായ ആ കൂലിപോലും കുറയ്ക്കാനായി മുതലാളിമാർ ശ്രമിച്ചപ്പോൾ പൊന്നാനിയിലെ ബീഡിത്തൊഴിലാളികൾ സംഘടിയ്ക്കാനും സമരം ചെയ്യാനും ആരംഭിച്ചു. കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായിരുന്ന കെ ദാമോദരനാണ് ഈ സമരത്തിന്റെ സംഘാടനത്തിനായി പൊന്നാനിയിലേയ്ക്ക് വന്നത്. ബീഡിത്തൊഴിലാളി യൂണിയന്റെ ദേശീയനേതാവായ സി കണ്ണനും സമരത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്നു. ആയിരം ബീഡിയ്ക്ക് ഒരു രൂപയും പതിനാലണയും കൂലിയായി ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളികൾ പിക്കറ്റിങ് ആരംഭിച്ചു. എന്നാൽ റംസാൻ കാലത്ത് കമ്പനികൾ അടച്ചിട്ടുകൊണ്ട് മുതലാളിമാർ സമരത്തെ തകർക്കാനുള്ള ശ്രമങ്ങൾ നടത്തി. പ്രേംജി രചിച്ച് പൊന്നാനിയിലെ പ്രിയഗായകനായിരുന്ന അസീസ് പൊന്നാനി പാടിനടന്ന സമരഗാനം പൊന്നാനി അങ്ങാടിയിൽ മുഴങ്ങിക്കേൾക്കുന്നത് ഈ കാലഘട്ടത്തിലാണ്.

"കമ്പനി പൂട്ടി കമ്പനിയുടമ
കുംഭ നിറച്ച് സുഖിച്ചിടുമ്പോൾ
ബീഡി തിരച്ചു തിരച്ചിഹനിത്യം
വീട് പുലർത്തും തൊഴിലാളികളോ
പട്ടണനടുവിൽ പണിയില്ലാതെ
പട്ടികളെപ്പോലുഴറീടുന്നു
നിർത്തീടട്ടെ ലോക്കൗട്ടുടനെ
തുറന്നീടട്ടെ കമ്പനിവേഗം
പണികിട്ടട്ടെ തൊഴിലാളർക്കായ്

പണി തീർക്കട്ടെ പണി ചെയ്യുന്നോർ

എങ്ങനെ പോക്കും വീടുകൾ ഞങ്ങൾ

എങ്ങനെപോക്കും റംസാൻകാലം

വേലവിയർപ്പുകൾ വറ്റും മുമ്പേ

കൂലികൊടുക്കണമെന്നരുൾചെയ്തു

കൊല്ലാക്കൊലയെ എതിർത്ത മുഹമ്മദ്

സല്ലല്ലാഹു അലൈവ സെല്ലം

ഇങ്കുലാബ് സിന്ദാബാദ്

തൊഴിലാളി ഐക്യം സിന്ദാബാദ്"

മാസങ്ങളോളം നീണ്ടുനിന്ന സമരത്തിന് അറുതി വരുത്താനായി കെ ദാമോദരൻ അടക്കമുള്ള സമരനേതാക്കളെ അറസ്റ്റ് ചെയ്ത് മാറ്റാനായിരുന്നു ഭരണകൂടത്തിന്റെ പദ്ധതി. എന്നാൽ ദാമോദരനെ അറസ്റ്റ് ചെയ്തതോടെ തൊഴിലാളികൾ കൂട്ടംകൂടി പോലീസ് സ്റ്റേഷനിലേയ്ക്കും കോടതിയിലേയ്ക്കും മാർച്ചുചെയ്യാൻ ആരംഭിച്ചു. "രാത്രിയിലല്ലാതെ പുറത്തിറങ്ങുകപോലും ചെയ്യാത്ത, ഒരിക്കലും വെളിച്ചം കണ്ടിട്ടില്ലാത്ത മുസ്ലീംസ്ത്രീകൾ പോലും അന്ന് തെരുവിലിറങ്ങി. "സഖാവ് ദാമോദരനെ അറസ്റ്റു ചെയ്തു കൊണ്ടുപോകണമെങ്കിൽ ആ വാഹനം തങ്ങളുടെ നെഞ്ചത്തുകൂടെ ഓടിക്കേണ്ടിവരും" എന്ന് പറഞ്ഞ് സ്ത്രീ തൊഴിലാളികൾ റോട്ടിൽ കിടന്നു. അത്ര ധീരോദാത്തമായ തൊഴിലാളി സമരമായിരുന്നു അരിവാളും ചുറ്റികയും അടയാളം വെച്ച ചുവപ്പുകൊടിയുമുയർത്തിക്കൊണ്ട് അന്ന് ആദ്യമായി പൊന്നാനി അങ്ങാടിയിൽ നടത്തിയ ആ സമരം" (ഇ.കെ.ഇമ്പിച്ചിബാവ, 1994:355). ഇങ്ക്വിലാബ് സിന്ദാബാദ്, അള്ളാഹു അക്ബർ എന്നീ വിളികൾ ഒരുമിച്ച് മുഴങ്ങിക്കേട്ട ആ സമരകാലമാണ് പിന്നീട് പൊന്നാനിയിലും പരിസരങ്ങളിലും കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്ക് വളരാനുള്ള ഊർജമായി മാറിയത്.

ദാമോദരന്റെ അറസ്റ്റോടെ സമരം ശോഷിയ്ക്കുകയും ബീഡിക്കമ്പനികൾ അധികവും പൊന്നാനി വിട്ടുപോകുകയും ചെയ്തു. എന്നാൽ ഇ. കെ. ഇമ്പിച്ചിബാവ, എ. പി. എം. കുഞ്ഞിബാവ, എം. എ. ഹംസ, ചെങ്കാളി കുഞ്ഞാവ, സഹോദരൻ കുഞ്ഞാവ,

ടി. കെ. അബ്ദുള്ളക്കുട്ടി തുടങ്ങി നിരവധി പ്രാദേശിക നേതാക്കൾ വളർന്നുവന്നത് ഈ സമരത്തിലൂടെയാണ്. കേരള ദിനേശ്ബീഡി, സാധുബീഡി എന്നീ പേരുകളിൽ സഹകരണാടിസ്ഥാനത്തിൽ ബീഡിക്കമ്പനികൾ തുടങ്ങാനും അതുവഴി തൊഴിലാളികളുടെ തൊഴിൽ സംരക്ഷിയ്ക്കാനും ഇവർക്കു സാധിച്ചു. മധ്യകേരളത്തിൽ ആകെ തൊഴിലാളിയൂണിയനുകളും കർഷകസംഘങ്ങളും സഹകരണസംഘങ്ങളും ആരംഭിയ്ക്കാൻ പ്രചോദനമാകുന്നത് 1939-ലെ പൊന്നാനിയിലെ ബീഡിത്തൊഴിലാളി സമരമാണെന്നു പറയാം.

മത്സ്യത്തൊഴിലാളികൾക്കും പത്തേമാരിത്തൊഴിലാളികൾക്കും കയർ തൊഴിലാളികൾക്കും ഇടയിൽ സഹകരണസംഘങ്ങളും തൊഴിലാളി യൂണിയനുകളും രൂപീകരിച്ചുകൊണ്ടിരുന്ന 1940-കളിലാണ് പൊന്നാനിയിൽ കോളറ പടർന്നു പിടിയ്ക്കുന്നത്. ഇക്കാലത്ത് പൊന്നാനിയിലെ കാർഷികമേഖലകളിൽ കുടിയിറക്കുന്നതിനെതിരേയും മാറുമറയ്ക്കാനുള്ള അവകാശത്തിനുവേണ്ടിയുമെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ പ്രക്ഷോഭങ്ങൾ ആരംഭിച്ചിരുന്നു. ഇവർക്കിടയിൽ രൂപപ്പെട്ട സംഘബോധവും മാനവികതയുമാണ് അക്കാലത്തെ കാരുണ്യപ്രവർത്തനങ്ങൾക്ക് കരുത്തേകുന്നത്. കോളറ ദൈവശാപമാണെന്നും പിശാചിന്റെ ശിക്ഷയാണെന്നും വിശ്വസിച്ചിരുന്ന ആ കാലത്ത് രോഗബാധിതരെ ശുശ്രൂഷിയ്ക്കാനോ മരിച്ചവരുടെ ശവം മറവുചെയ്യാനോ ആരും തയ്യാറായിരുന്നില്ല. കെ.കേളപ്പന്റെ നേതൃത്വത്തിലുള്ള ഗാന്ധിയന്മാരും എ.കെ.ജിയുടെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റുകാരും ഈ പ്രവർത്തനങ്ങളിലേയ്ക്ക് സജീവമായിറങ്ങി. എ കെ ജിയുടെ നേതൃത്വത്തിലുള്ള തൊഴിലാളിസംഘങ്ങളെ ഗോപാലസേന എന്നായിരുന്നു വിശേഷിപ്പിച്ചിരുന്നത്. എ.കെ.ജിയും ഗോപാലസേനയും മരിച്ചവരെ ആളൊഴിഞ്ഞ പറമ്പുകളിൽ കുഴിച്ചുമൂടുകയും ജീവൻ ശേഷിയ്ക്കുന്നവരെ ആശുപത്രിയിലേയ്ക്ക് ചുമന്നുകൊണ്ടുപോകുകയും ചെയ്തു. രോഗികളുടെ എണ്ണം വർദ്ധിച്ചപ്പോൾ മൈതാനങ്ങളിൽ താൽക്കാലികഷെഡ്ഡുകളൊരുക്കി അവിടെ ചികിത്സ ലഭ്യമാക്കാനും അവർ പ്രയത്നിച്ചു. പൊന്നാനിക്കാർക്കിടയിൽ ഈ പ്രവർത്തനം കോളറസമരം എന്ന

പേരിലാണ് അറിയപ്പെട്ടിരുന്നത്. ജനങ്ങൾയ്ക്കിടയിലിറങ്ങിയുള്ള ഈ പ്രവർത്തനങ്ങൾ ഇവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയ്ക്ക് വഴിവെച്ചു (കെ. പി. രാജൻ, 2018:113).

തൊഴിലാളിസമരങ്ങളും ജനകീയഇടപെടലുകളും വഴി കമ്മ്യൂണിസ്റ്റ് പാർട്ടി പൊന്നാനിയിൽ നിർമ്മിച്ചെടുത്ത പിന്തുണ 1957–ലെ പൊതുതെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചു. കേരളത്തിലെ ആദ്യകാലത്തൊഴിലാളി സമരങ്ങളിലൊന്നായ ബീഡിസമരത്തിന് അരങ്ങൊരുങ്ങിയ പൊന്നാനിയിൽ നിന്നായിരുന്നു ഒന്നാം ഇഎംഎസ് സർക്കാറിനെ അധികാരത്തിലേറ്റിയ അവസാനത്തെ വിധിവരുന്നത്. 1957–ലെ തെരഞ്ഞെടുപ്പിൽ മൊത്തം നൂറ്റിയിരുപത്തിയാറ് സീറ്റുകളിൽ നിന്നും അറുപത്തിനാല് എന്ന കേവലഭൂരിപക്ഷമായിരുന്നു സർക്കാർ രൂപീകരിയ്ക്കാൻ ആവശ്യമുണ്ടായിരുന്നത്. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയും കോൺഗ്രസ്പാർട്ടിയും മുസ്ലീംലീഗുമെല്ലാം അന്ന് മത്സരത്തിനുണ്ടായിരുന്നു. ഒടുവിൽ പൊന്നാനി, അണ്ടത്തോട് എന്നീ രണ്ട് മണ്ഡലങ്ങളുടെ ഫലം ബാക്കി നിൽക്കേ കമ്മ്യൂണിസ്റ്റ്പാർട്ടിയ്ക്ക് അറുപത്തിമൂന്ന് സീറ്റും മറ്റുള്ളവർക്ക് ഒരുമിച്ച് അറുപത്തിയൊന്നു സീറ്റും കിട്ടി. നിലവിലെ പൊന്നാനി താലൂക്കിന്റെ ഭൂരിപക്ഷം പ്രദേശങ്ങളും ഉൾക്കൊള്ളുന്ന മണ്ഡലമായിരുന്നു അന്നത്തെ അണ്ടത്തോട് മണ്ഡലം. അധികം വൈകാതെ കമ്മ്യൂണിസ്റ്റ്സ്ഥാനാർത്ഥിയായ കൊളാടി ഗോവിന്ദൻകുട്ടി എതിർസ്ഥാനാർത്ഥി കോൺഗ്രസ്സിന്റെ കെ ജി കരുണാകര മേനോനെ രണ്ടായിരത്തിനാനൂറ് വോട്ടുകൾക്ക് തോൽപ്പിച്ചതായി ഫലം വന്നു. ഈ ഭൂരിപക്ഷത്തിലൂടെയാണ് ലോകത്താദ്യമായി ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ബാലറ്റ് പേപ്പറിലൂടെ അധികാരത്തിലേറുന്നത്. പൊന്നാനിയിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ആദ്യകാലനേതാവും ഇമ്പിച്ചിബാവയുടെ സഹചാരിയുമായിരുന്ന കൊളാടി ബാലകൃഷ്ണന്റെ അനുജനായിരുന്നു കൊളാടി ഗോവിന്ദൻകുട്ടി. ജ്യേഷ്ഠന്റെ മരണത്തെത്തുടർന്ന് മദ്രാസ്സിൽ പഠിച്ചുകൊണ്ടിരുന്ന ഗോവിന്ദൻകുട്ടിയെ നാട്ടിലെത്തിച്ച് തെരഞ്ഞെടുപ്പിൽ നിർത്തുകയായിരുന്നു. തൊട്ടുപിന്നാലെ സംവരണമണ്ഡലമായ പൊന്നാനിയിൽ നിന്നും കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായ ഇ ടി കുഞ്ഞൻ വിജയിച്ചതായി ഫലപ്രഖ്യാപനമുണ്ടായി. അങ്ങനെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിൽ പൊന്നാനി വീണ്ടും അടയാളപ്പെടുത്തപ്പെട്ടു.

പൊന്നാനി കണ്ട ഏറ്റവും വലിയ തൊഴിലാളിസമരങ്ങൾ ആരംഭിയ്ക്കുന്നത് ഈ സർക്കാരിന്റെ കാലത്തായിരുന്നു. 1956-ൽ തെരഞ്ഞെടുപ്പിന് മുൻപേതന്നെ പൊന്നാനിയിലേയും കോഴിക്കോട്ടേയും കാസർഗോഡിലേയും പത്തേമാരി തൊഴിലാളികളും പോർട്ട് തൊഴിലാളികളും കൂടി പോർട്ട്-കാർഗോ യൂണിയൻ എന്ന സംഘം രൂപീകരിച്ചിരുന്നു. 1957-ൽ കൂലിവർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് അവർ സമരമാരംഭിച്ചു. വർഷാരംഭത്തിൽ കടം കൊടുത്തും വർഷാവസാനം ഒന്നിച്ച് കൂലികൊടുത്തും തൊഴിലാളികളെ പറ്റിയ്ക്കുന്ന 'വർഷപ്പറ്റ്' സമ്പ്രദായമായിരുന്നു ഈ മേഖലയിൽ അതിനുമുൻപ് നിലവിലുണ്ടായിരുന്നത്. കയറ്റിയിറക്കുന്ന ചരക്കുകളുടെ അളവുതൂക്കങ്ങൾ തൊഴിലാളികൾ അറിഞ്ഞിരുന്നില്ല. ഇതിനു മാറ്റം വരുത്തി കയറ്റിറക്കുവിവരങ്ങൾ തങ്ങളെക്കൂടി ബോധിപ്പിയ്ക്കണമെന്നും കൂലി വർദ്ധിപ്പിച്ച് അത് മൂന്നുമാസത്തിലൊരിയ്ക്കൽ നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് അവർ സമരമാരംഭിയ്ക്കുന്നത്.

ഇ. കെ. ഇമ്പിച്ചിബാവയുടെ സഹോദരനായ ഇ കെ അബൂബക്കറായിരുന്നു പൊന്നാനിയിലെ പോർട്ട് കാർഗോ യൂണിയന്റെ ഭാരവാഹി. മികച്ച സംഘാടകനും അതിലും മികച്ച ഗായകനുമായിരുന്ന അബൂബക്കർ പത്തേമാരിത്തൊഴിലാളികളെ സംഘടിപ്പിക്കുകയും സമരഗാനങ്ങളിലൂടെ അവർക്ക് ആവേശം പകരുകയും ചെയ്തു. പി. ശേഖരൻ, നടുക്കണ്ടി മുഹമ്മദ്കോയ, കാപ്പിക്കാന്റെ കുഞ്ഞായ, കേരള ഉസ്മാൻ, ഇ. കെ. ബാവക്ക തുടങ്ങിയ പ്രാദേശികനേതാക്കളും സമരത്തിന് നേതൃത്വം നൽകി. തൊഴിലാളികളുടെ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് മുതലാളിമാരുമായി ചർച്ച നടത്തിയത് ഇമ്പിച്ചിബാവയായിരുന്നു. എന്നാൽ ആവശ്യങ്ങളെല്ലാം നിരസിക്കപ്പെട്ടതോടെ സമരം വിജയിയ്ക്കാതെ പത്തേമാരികളൊന്നും വിടണ്ട എന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ബീഡിത്തൊഴിലാളി സമരത്തിന് കമ്പനികളടച്ച് മുതലാളിമാർ തൊഴിലാളിമാരെ സമ്മർദ്ദത്തിലാക്കിയെങ്കിൽ മഞ്ചിത്തൊഴിലാളി സമരമാകുമ്പോഴേയ്ക്കും പുറങ്കടലിൽ നങ്കൂരമിട്ട പത്തേമാരികൾ കയ്യേറി അതിൽ ചെങ്കൊടി നാട്ടുന്ന സമരവീര്യം തൊഴിലാളികൾ അവരുടെ സംഘടിതശക്തികൊണ്ട് നേടിയെടുത്തു. സമരത്തെ അടിച്ചമർത്താൻ കേന്ദ്രസേനയെ കൊണ്ടുവരാൻ മുതലാളിമാർ പരിശ്രമിച്ചെങ്കിലും

കമ്മ്യൂണിസ്റ്റ് ഭരണത്തിൻകീഴിൽ കാക്കിയിട്ടവർ തൊഴിലാളികളെ അടിച്ചമർത്തേണ്ടെന്ന ഇ.എം.എസ്സിന്റെ തീരുമാനത്തോടെ സമരം വിജയത്തിലേയ്ക്കടുത്തു. മറ്റുവഴികളൊന്നുമില്ലാതെ മുതലാളിമാർ പി.സി.വർക്കേഴ്സ് യൂണിയന്റെ ആവശ്യങ്ങളെല്ലാം അംഗീകരിച്ചു. അങ്ങനെ 57-ലെ മഞ്ചിത്തൊഴിലാളി സമരമെന്നു വിശേഷിപ്പിയ്ക്കുന്ന പോർട്ട് കാർഗോ വർക്കേഴ്സ് യൂണിയൻ സമരം പൊന്നാനി കണ്ട ഏറ്റവും വിജയകരമായ സമരമായി മാറി.

പിന്നീട് പൊന്നാനിയിൽ സമരങ്ങൾ ശക്തമാകുന്നത് അറുപതുകളിൽ മിച്ചഭൂമി പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കിടയിലാണ്. ഒന്നാം ഇ എം എസ് സർക്കാരിന്റെ കാലത്തെ മിച്ചഭൂമിനിയമങ്ങൾ പിന്നീടുവന്ന സർക്കാർ ലളിതവത്കരിച്ചു. അതുവഴി മിച്ചഭൂമി ഇഷ്ടദാനം നൽകി അത് പിടിച്ചെടുക്കുന്നതിൽ നിന്നും രക്ഷനേടാനുള്ള മാർഗം ജന്മിമാർക്ക് തുറന്നുകിട്ടി. ഇതിനെ പ്രതിരോധിയ്ക്കാനായി മിച്ചഭൂമികളിലേയ്ക്ക് തൊഴിലാളികളെ സംഘടിപ്പിച്ച് മാർച്ച് ചെയ്യാനും അത്തരം ഭൂമികളിൽ കുടിലുകെട്ടി സമരം നടത്താനും സി പി ഐ (എം) തീരുമാനിച്ചു. കടവനാട്, വെളിയങ്കോട്, മാറഞ്ചേരി, പുതുപൊന്നാനി, ആനപ്പടി തുടങ്ങിയ മേഖലകളിൽ ശക്തമായ മിച്ചഭൂമിസമരങ്ങൾ നടന്നു. കൊളാടി, പുത്തൻപുരയിൽ, ചീതമഠത്തിൽ, തെക്കേലെ മൊയ്തീൻ കോയ തുടങ്ങിയ പ്രമാണികളുടെ ഭൂമികളിലേയ്ക്കെല്ലാം സമരം വ്യാപിച്ചു. സി.കുട്ടികൃഷ്ണൻ, കെ. പി. ചന്ദ്രൻ നവോദയം, എണ്ണാഴിയിൽ കേശവൻ, ദേവസി, അച്യുതൻമാസ്റ്റർ, കെ. രാഘവപ്പണിക്കർ എന്ന കെ. ആർ. ചെറായി, ഗോപുപ്പണിക്കർ തുടങ്ങിയവരായിരുന്നു അന്നത്തെ പ്രധാന സമരനേതാക്കൾ. സ്ത്രീകളും പുരുഷന്മാരുമുൾപ്പെടെ ആയിരത്തോളം പേർ ഓരോ സമരങ്ങളിലും ഭാഗഭാക്കായി. കള്ളക്കേസുകൾ ഉണ്ടാക്കിയും കൃഷിനശിപ്പിച്ചെന്നു പരാതിപ്പെട്ടും പോലീസിനെ ഉപയോഗിച്ച് സമരഭടന്മാരെ ഒഴിപ്പിയ്ക്കുവാൻ ശ്രമമുണ്ടായി. എന്നാൽ കയ്യേറിയ ഭൂമി വിട്ടുനൽകാൻ തയ്യാറാകില്ലെന്നു കർഷകർ ഉറപ്പിച്ചുപറഞ്ഞു. അന്നു കയ്യേറിയ ഭൂമികളിൽ പലതിനും ഇന്നും പട്ടയം ലഭിച്ചിട്ടില്ലെങ്കിലും ആ സമരത്തോടെ പൊന്നാനിയിൽ ഭൂമിയുടെ വിതരണം സാധ്യമായി.

സമരവിജയങ്ങൾക്കൊപ്പം അവയ്ക്കു നേതൃത്വം നൽകിയവരുടെ ത്യാഗോജ്ജ്വലമായ ജീവിതം കൂടിയായിരുന്നു പൊന്നാനിയിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വളർച്ചയ്ക്ക് വഴിവെച്ച പ്രധാനഘടകം. പൊന്നാനിയുടെ രാഷ്ട്രീയഭൂപടത്തിൽ എന്നും നിറഞ്ഞുനിൽക്കുന്ന ആദ്യത്തെ പേര് ഇ കെ ഇമ്പിച്ചിബാവയുടേതാണ്. കോഴിക്കോട് പത്തേമാരിയിലെ സ്രാങ്കായിരുന്നു ഇമ്പിച്ചിബാവയുടെ പിതാവ്. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ അടുത്ത അനുയായിയായിരുന്നു അദ്ദേഹം. അബ്ദുറഹ്മാൻ സാഹിബിന്റെ അനുയായിയായാണ് ഇമ്പിച്ചിബാവ രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിയ്ക്കുന്നത്. എന്നാൽ സോഷ്യലിസ്റ്റ് കോൺഗ്രസ്സിന്റെ വളർച്ചയോടെ സോഷ്യലിസത്തിലേയ്ക്കും അവിടെനിന്നും കമ്മ്യൂണിസത്തിലേയ്ക്കും ആകൃഷ്ടനായ ഇമ്പിച്ചിബാവ പിന്നീട് കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതാക്കളിൽ പ്രധാനിയായി മാറി. പാർട്ടി നിരോധിയ്ക്കപ്പെട്ടിരുന്ന കാലത്ത് പനമ്പാട് വെച്ച് നടന്ന കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സംസ്ഥാനസമ്മേളനം സംഘടിപ്പിച്ചത് അദ്ദേഹമായിരുന്നു. സമ്മേളനത്തിൽ പങ്കെടുക്കേണ്ട നേതാക്കളും പ്രവർത്തകരിലധികവും ഒളിവിലായിരുന്ന കാലത്ത് നാലുദിവസം നീണ്ടുനിന്ന സമ്മേളനം പൊന്നാനിയിൽവെച്ചു നടന്നു.

1952-ൽ രാജ്യസഭാംഗമായും 1962-ൽ ലോകസഭാംഗമായും ഇമ്പിച്ചിബാവ പാർലമെന്റിൽ പ്രവർത്തിച്ചിരുന്നു. പാർലമെന്റിൽ ആദ്യമായി മലയാളത്തിൽ പ്രസംഗിച്ചത് ഇമ്പിച്ചിബാവയായിരുന്നു. എന്നെ തെരഞ്ഞെടുത്തുവിട്ടവരുടെ ഭാഷയിലാണ് ഞാൻ ഇവിടെ സംസാരിയ്ക്കുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. 1967-ൽ ഇഎംഎസ് മന്ത്രിസഭയിൽ ഗതാഗത-തുറമുഖ-ജയിൽ വകുപ്പ് മന്ത്രിയായി. മലബാറിലെ കെ എസ് ആർ ടി സി സർവ്വീസുകൾ വർദ്ധിപ്പിയ്ക്കുന്നതും പൊന്നാനിയിലും പരിസരത്തുമുള്ള നിരവധി ദരിദ്രർക്ക് കോർപ്പറേഷനിൽ ജോലി നൽകുന്നതും ഇമ്പിച്ചിബാവ മന്ത്രിയായിരുന്ന കാലത്താണ്. പൊന്നാനിയിൽ ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയമേഖലകളിലെല്ലാം അടിസ്ഥാന വികസനം ഉണ്ടാകുന്നത് ഇക്കാലത്താണ്. 1980-ൽ കോഴിക്കോട് നിന്നും ലോകസഭയിലേക്കും 1991-ൽ പൊന്നാനിയിൽ നിന്നും നിയമസഭയിലേക്കും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. പാർലമെന്ററി പ്രവർത്തനത്തിനൊപ്പം പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി വരെയുള്ള

നിരവധി ഭാരവാഹിത്വങ്ങളും ഇമ്പിച്ചിബാവ വഹിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പൊന്നാനിയിലെ ആദ്യസെക്രട്ടറി ഇമ്പിച്ചിബാവയായിരുന്നു. മരണത്തിന് വർഷങ്ങൾക്കിപ്പുറവും പൊന്നാനിയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനകീയമുഖമായി ഇമ്പിച്ചിബാവ വർത്തിയ്ക്കുന്നത് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ സ്വീകാര്യതയ്ക്ക് തെളിവാണ്.

ഇമ്പിച്ചിബാവയ്ക്ക് ശേഷം പൊന്നാനിയിലെ പാർട്ടിയുടെ സെക്രട്ടറിസ്ഥാനം അലങ്കരിച്ചത് മാറഞ്ചേരിക്കാരനായ ടി ഇബ്രാഹിമായിരുന്നു. അദ്ദേഹം കമ്മ്യൂണിസ്റ്റ് കലാസാഹിത്യപ്രവർത്തനങ്ങളിൽ സജീവമായിരുന്ന കാലത്ത് അവിടെ പരിപാടികളിൽ പങ്കെടുത്തിരുന്ന പ്രശസ്ത സംഗീതജ്ഞയായ അമ്മു ഭാഗവതരുടെ സഹോദരീ പുത്രിയെയാണ് അദ്ദേഹം വിവാഹം കഴിച്ചത്. തുടർന്ന് കുടുംബത്തിൽ നിന്നും പുറത്താക്കപ്പെട്ട ടി ഇബ്രാഹിം കുടികിടപ്പായി ലഭിച്ച ഭൂമിയിൽ താമസിച്ചാണ് പാർട്ടിച്ചുമതലകൾ നിറവേറ്റിയിരുന്നത്. അദ്ദേഹത്തെപ്പോലെത്തന്നെ ധനിക കുടുംബത്തിൽ നിന്നും ദരിദ്രർക്കിടയിലേയ്ക്ക് വന്ന മറ്റൊരു നേതാവായിരുന്നു ഇ യു ജി മേനോൻ. പൊന്നാനിയിലെ പാർട്ടിയെ വളർത്തുന്നത് ഇമ്പിച്ചിബാവയായിരുന്നെങ്കിൽ പാർട്ടിയുടെ ഭാഗമായ കർഷകപ്രസ്ഥാനത്തിന്റെ അമരത്ത് ഇ. യു. ജി. മേനോനായിരുന്നു. പൊന്നാനിയിലെ പ്രസിദ്ധമായൊരു ജന്മികുടുംബത്തിൽനിന്നും വന്ന ഇ. യു. ജി. മേനോൻ കാൽനടയായി നടന്നും ദേശത്തെ ഓരോ കർഷക തൊഴിലാളിയുടെയും കുടിലുകളിൽ കയറിയിറങ്ങിയുമാണ് പൊന്നാനിയിലെ കർഷകപ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയത്. 'പൊന്നാനി-എടപ്പാൾ' പ്രദേശങ്ങളിൽ അരങ്ങേറിയ കുടികിടപ്പ്സമരങ്ങൾ, മിച്ചഭൂമിസമരങ്ങൾ എന്നിവയുടെയെല്ലാം നേതൃസ്ഥാനത്ത് ഇ യു ജിയായിരുന്നു.

ആദ്യകാലനേതാക്കളിൽ പലരും പൊന്നാനിയിലേയും പരിസരപ്രദേശത്തേയും ജന്മികുടുംബങ്ങളിൽ നിന്നും വന്നവരായിരുന്നെങ്കിലും പൊന്നാനിയിലെ പാർട്ടിയെ പിന്നീട് വളർത്തുന്നത് കടപ്പുറത്തേയും കായലോരത്തേയും തൊഴിലാളിവിഭാഗങ്ങളിൽ നിന്നും നേതൃത്വത്തിലേയ്ക്ക് വന്നവരായിരുന്നു. ഇമ്പിച്ചിബാവയുടെ സഹോദരനായ അബൂബക്കറും

പൊന്നാനിയിലെ മത്സ്യത്തൊഴിലാളികളുടെ നേതാവായിരുന്ന എ പി എം കുഞ്ഞിബാവയും പൊന്നാനിയുടെ പ്രിയപ്പെട്ട പാട്ടുകാരനായ പൊന്നാനി അസീസും എല്ലാം ഇതിനുദാഹരണമാണ്. ഇവർ പാടിയ പാട്ടുകളിലൂടെയും അഭിനയിച്ച നാടകങ്ങളി- ലൂടെയുമായിരുന്നു പൊന്നാനിയിലെ തൊഴിലാളിപ്രസ്ഥാനങ്ങൾ ശക്തി പ്രാപിച്ചത്. കർഷകസമരങ്ങൾക്ക് തുടക്കംകുറിച്ച നാടകങ്ങളിൽ പലതും രൂപപ്പെട്ടതും അവതരിപ്പിച്ചതും പൊന്നാനിയിലും പരിസര പ്രദേശങ്ങളിലുമായിരുന്നു. പിന്നീട് പൊന്നാനിയിൽ വളർന്നുവന്ന സാഹിത്യശാഖകളിലെല്ലാം തൊഴിലാളികളോടും അധ്വാനിയ്ക്കുന്നവരോടും കഷ്ടതയനുഭവിയ്ക്കുന്നവരോടുമുള്ള കരുതൽ ദൃശ്യമാകുന്നതിനു പിന്നിലും ഈ സോഷ്യലിസ്റ്റ് ചിന്താഗതിക്കാരുടെ കലാസാഹിത്യപ്രവർത്തനങ്ങൾ തന്നെയാണ് കാരണം.

### 6.5 പൊന്നാനിയുടെ സാംസ്കാരികമണ്ഡലം രാഷ്ട്രീയത്തിലും സാഹിത്യത്തിലും

പൊന്നാനിയിലെ കലാസാഹിത്യപ്രവർത്തനങ്ങളിലെല്ലാം അതത് കാലത്തെ രാഷ്ട്രീയാദർശങ്ങളുമായുള്ള സമന്വയം ദൃശ്യമാണ്. നവോത്ഥാനവും ദേശീയ പ്രസ്ഥാനവും ശക്തിപ്രാപിക്കുന്ന കാലഘട്ടത്തിലാണ് സാഹിത്യത്തിലെ ആധുനികത പൊന്നാനിയിൽ ദൃശ്യമാകുന്നത്. വള്ളത്തോളും നാലപ്പാട്ടും ചേർന്നൊരുക്കുന്ന മാനവികതയുടെ ആശയമണ്ഡലത്തിലാണ് പിന്നീട് പൊന്നാനിയിലെ സാഹിത്യ ലോകം വികസിക്കുന്നത്. നവോത്ഥാനകാലഘട്ടം മുന്നോട്ടുവെച്ച സാമുദായിക വിമർശനത്തിന്റേയും സ്ത്രീസ്വാതന്ത്ര്യത്തിന്റേയും പ്രതിഫലനങ്ങൾ ഇക്കാലത്തെ സാഹിത്യങ്ങളിലെല്ലാം കാണാനാകും. പിന്നീട് ഇടതുപക്ഷപ്രസ്ഥാനങ്ങൾ ശക്തിപ്പെടുന്ന കാലത്തുതന്നെ തൊഴിലാളിസമരങ്ങളേയും മുതലാളിത്ത വ്യവസ്ഥിതിയേയും കുറിച്ചുള്ള വ്യാകുലതകളും ഈ സാഹിത്യങ്ങളിൽ പ്രകടമാകുന്നു. സാഹിത്യകൃതികളേക്കാൾ ഇത്തരം രാഷ്ട്രീയാശയങ്ങളുടെ പ്രതിഫലനം കാണുന്നത് നാടകങ്ങളിലായിരിക്കും. അടുക്കളയിൽ നിന്നരങ്ങത്തേക്ക് മുതൽ ആരംഭിയ്ക്കുന്ന പൊന്നാനിയിലെ നാടകങ്ങൾക്ക് വിനോദത്തേക്കാൾ ആശയപ്രചാരണമെന്ന ഉദ്ദേശ്യമായിരുന്നു ഉണ്ടായിരുന്നത്.

സാമുദായികമായ വൈവിധ്യങ്ങൾ നിലനിൽക്കുന്ന ഒരു പ്രദേശമെന്ന നിലയിൽ

ഈ വൈവിധ്യങ്ങൾ പൊന്നാനിയിലെ കലാസാഹിത്യരംഗങ്ങളെ എങ്ങനെ സ്വാധീനിച്ചുവെന്ന് പരിശോധിയ്ക്കേണ്ടതുണ്ട്. സാമുദായിക സൗഹാർദത്തിന്റെ ഒരു തലം എല്ലായ്പ്പോഴും പൊന്നാനിയിലെ സാഹിത്യരംഗത്ത് പ്രവർത്തിയ്ക്കുന്നതു കാണാം. മതേതരമായ കഥാപാത്രങ്ങളെ സൃഷ്ടിക്കാനും നല്ല മതാനുയായികളുടെ മാതൃക മുന്നോട്ടുവെയ്ക്കാനും പൊന്നാനിയിലെ സാഹിത്യകാരന്മാർ ശ്രദ്ധിച്ചിരുന്നു. പരസ്പരാശ്രിതരായി ജീവിക്കുന്ന വിവിധ സമുദായങ്ങളെ നമുക്ക് ഇവിടത്തെ സാഹിത്യങ്ങളിൽ കാണാൻ കഴിയും. മലയാളത്തിലെ ഏറ്റവും ശക്തമായ മുസ്ലീം കഥാപാത്രങ്ങളെ സൃഷ്ടിയ്ക്കുന്നത് ഉറൂബെന്നു പേരുള്ള പി. സി. കുട്ടികൃഷ്ണ മേനോനാണ്. അദ്ദേഹം ഹിന്ദുവാണെന്നത് പൊന്നാനിയ്ക്കകത്തുനിന്നു നോക്കുമ്പോൾ അത്ഭുതാവഹമായ കാര്യമാകുന്നില്ല. പൊന്നാനിയിലെ കളരി സമ്പ്രദായത്തിൽ മാപ്പിളമാരായ ഗുരുക്കന്മാർ ഉണ്ടാകുന്നതും ഇത്തരത്തിൽ ഒരു സാംസ്കാരിക വിനിമയത്തിലൂടെയാണ്. എന്നാൽ അതേ സമയം പ്രാദേശികമായ ഒരു അറബിമലയാള സംസ്കാരം രൂപപ്പെടുകയും തനതുമലയാളത്തിന്റെ ശാഖ അതിൽ നിന്നും അകന്ന് മറ്റൊരു വഴി സ്വീകരിയ്ക്കുന്നതും കാണാനാകും. ഭാഷയിൽ ഈ വ്യത്യാസമുണ്ടാകുമ്പോഴും ആധുനികമായൊരു ലോകവീക്ഷണം ഇരുശാഖകളും പിൻതുടരുന്നുണ്ട്. ഈ ലോകവീക്ഷണം തന്നെയാണ് കലയിലും സാഹിത്യത്തിലും സംസ്കാരത്തിലും പൊന്നാനിയ്ക്ക് പൊതുവായി അവകാശപ്പെടാനുള്ളത്. മാനവികമായ ഈ മൂല്യങ്ങളിൽ നിന്നുള്ള വ്യതിചലനത്തെപ്പറ്റിയാണ് പുതിയകാലത്തെ പൊന്നാനിയിലെ സാഹിത്യകാരന്മാരും സംസാരിയ്ക്കുന്നത്.

## കുറിപ്പുകൾ

1. അനന്തഗുണോത്തര അഭിസാരിശ്രേണിയുടെ (infinitive convergent geometrical progression) തുക കാണാനുള്ള സൂത്രവാക്യം ആദ്യമായി രൂപീകരിക്കുന്നത് ഇദ്ദേഹമാണ്. പൈ ഒരു അഭിന്നക സംഖ്യയായിരിക്കുമെന്ന നിരീക്ഷണവും നീലകണ്ഠസോമയാജി നടത്തുന്നുണ്ട്. ജാമിതീയമായ രൂപങ്ങളുടെ സഹായത്തോടെയാണ് ആര്യഭടീയത്തിനെഴുതിയ ഭാഷ്യത്തിൽ ഈ ആശയങ്ങളെല്ലാം അദ്ദേഹം അവതരിപ്പിക്കുന്നത്.

2. രണ്ടാംലോക മഹായുദ്ധാനന്തരം എം.എൻ.റോയ് എന്ന ഇന്ത്യയിലെ ഏറ്റവും പ്രസിദ്ധനായ മാർക്സിസ്റ്റ് മാർക്സിസത്തിൽനിന്നകന്ന് റാഡിക്കൽ ഹ്യൂമനിസത്തിന്റെ വക്താവായി മാറി. മനുഷ്യവംശത്തിന്റെ അനന്തമായ സാധ്യതയേയാണ് റാഡിക്കൽ ഹ്യൂമനിസം മുന്നോട്ടു വയ്ക്കുന്നത്. ഈ ആശയത്തിന്റെ വക്താവായിരുന്നു എം.ഗോവിന്ദൻ. മനുഷ്യന് സ്വയമേവ വികസിച്ച് ലോകത്തെ മുഴുവനും സമാധാനപൂർണമാക്കി മാറ്റാനാകും എന്ന് ഇവർ വിശ്വസിച്ചു.

3. ലഹളക്കാരെ ഭയന്ന് ഒഴിഞ്ഞുപോകാൻ ചിന്തിക്കുന്ന നാട്ടുകാരോട് കോയസ്സൻഹാജി പറയുന്നത് ''ആരും പോണ്ട, ഞമ്മള് പടച്ചോന്റെ വേണ്ടുക ഉണ്ടായിട്ട് കണ്ണടക്കാണ്ട് ഇരിക്കണുണ്ടെങ്കിൽ ഒറ്റ മാപ്ലേം ഒരു ഹിന്ദൂനെ തൊടില്ല'' എന്നാണ്. ഒടുവിൽ ലഹളക്കാർക്ക് വിരുന്ന് നൽകി പറഞ്ഞയയ്ക്കുന്നേരം അവരുടെ മൂപ്പരോട് കോയസ്സൻഹാജി പറയുന്നുണ്ട്: ''ഇനി തിരിഞ്ഞുനോക്കാണ്ട് ശേല്ക്ക് നടത്തം കാട്ടിക്കാ! ഇവടെ നമ്മടെ കുട്ട്യോളാ. ശിറ്റുവട്ടത്ത്. ഓൾക്ക് വല്ല ദുല്മും ണ്ടാക്ക്യാ.... കണ്ടത്തെ കോയസ്സനാചീന്റെ കളി മാറും.'' (എം.ലീലാവതി, 2008:39)

4. കേരളത്തിലെ നവോത്ഥാനപരിശ്രമങ്ങളെല്ലാം പ്രത്യക്ഷത്തിൽ ജാതിയ്ക്കകത്തെ പരിഷ്കരണങ്ങൾക്കാണ് പ്രാധാന്യം കൽപിച്ചിരുന്നത്. അയിത്തോച്ചാടനം, വിധവാവിവാഹം, ക്ഷേത്രപ്രവേശനം എന്നിവയെല്ലാം ആചാരപരിഷ്കരണങ്ങളായിരുന്നു.

5. ഇടശ്ശേരിയുടെ നേതൃത്വത്തിൽ സ്ഥാപിയ്ക്കുന്ന കൃഷ്ണപ്പണിക്കർ ഗ്രന്ഥശാലയായിരുന്നു പൊന്നാനിയിലെ സാഹിത്യകാരന്മാരുടെ പ്രധാന സംഗമ സ്ഥലം. പൊന്നാനിക്കളരി കൂടിയിരുന്ന നിളാതീരത്തിനടുത്തുള്ള മണൽപ്പരപ്പായിരുന്നു മോത്തിലാൽ ഘട്ട്. അക്കിത്തം, ഇ.നാരായണൻ, ഉറൂബ്, കടവനാട് കുട്ടികൃഷ്ണൻ തുടങ്ങിയ മലയാളത്തിലെ പ്രധാന എഴുത്തുകാരെല്ലാം ഇവിടെ എത്താറുണ്ടായിരുന്നു.
6. ടി.വി.അബ്ദുറഹിമാൻകുട്ടിയുടെ ശേഖരണത്തിൽനിന്നാണ് ഈ കൃതി.
7. ടി. ശേഖരണത്തിൽനിന്ന്
8. ടി. ശേഖരണത്തിൽനിന്ന്
9. ടി. ശേഖരണത്തിൽനിന്ന്
10. പ്രവാചകൻ നേരിട്ട് പങ്കെടുത്ത യുദ്ധങ്ങളിൽ ഒന്നാണ് തബൂഖ് യുദ്ധം. റോമാ സാമ്രാജ്യത്തോട് യുദ്ധംചെയ്യാൻ മുപ്പതിനായിരത്തോളം വരുന്ന സൈന്യത്തിന്റെ അകമ്പടിയോടുകൂടിയാണ് പ്രവാചകൻ തബൂഖിലേക്ക് പുറപ്പെടുന്നത്. പ്രവാചകൻ അവസാനമായി പങ്കെടുത്ത യുദ്ധമാണ് ഈ യുദ്ധമെന്നും പറയുന്നുണ്ട്.
11. ടി.വി.അബ്ദുറഹിമാൻകുട്ടിയുടെ ശേഖരണത്തിൽനിന്നാണ് ഈ കൃതി.
12. ടി. ശേഖരണത്തിൽനിന്ന്
13. ടി. ശേഖരണത്തിൽനിന്ന്
14. ടി. ശേഖരണത്തിൽനിന്ന്
15. ടി. ശേഖരണത്തിൽനിന്ന്
16. ടി. ശേഖരണത്തിൽനിന്ന്
17. പാന കലാകാരൻ സന്തോഷ് ആലങ്കോട് പാടിത്തന്നത്.
18. പാന കലാകാരൻ സന്തോഷ് ആലങ്കോട് പാടിത്തന്നത്.

# ഉപദർശനം

# ഉപദർശനം

പൊന്നാനി എന്ന പ്രദേശത്തിന്റെ സാമൂഹികസാംസ്ക്കാരികചരിത്രമാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കിയിട്ടുള്ളത്. പൊന്നാനിയുടെ ഭൂമിശാസ്ത്രം, തൊഴിൽബന്ധങ്ങൾ, സാമുദായികബന്ധങ്ങൾ, രാഷ്ട്രീയം എന്നിവയിലൂടെയെല്ലാം രൂപപ്പെട്ടിട്ടുള്ള സാമൂഹികസാംസ്ക്കാരികജീവിതത്തെയാണ് ഇതിലൂടെ വിശദീകരിയ്ക്കാൻ ശ്രമിയ്ക്കുന്നത്. പൊന്നാനി എന്ന ദേശത്തേയും അവിടത്തെ മനുഷ്യജീവിതത്തേയും സമഗ്രമായി അടയാളപ്പെടുത്താൻ ഈ പ്രബന്ധത്തിന് സാധിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുന്നില്ല. എങ്കിലും ചരിത്രത്തിന്റെ നാനാതുറകളിൽ ഈ ദേശം എങ്ങനെയാണ് അടയാളപ്പെടുത്തപ്പെട്ടിട്ടുള്ളതെന്നും അതിന്റെ ആന്തരികമായ സവിശേഷതകളും വൈവിധ്യങ്ങളും അതിനു വഴിവെച്ചതെങ്ങനെയെന്നും ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യാൻ ശ്രമിയ്ക്കുന്നുണ്ട്.

ആറ് അദ്ധ്യായങ്ങളിലായാണ് 'പൊന്നാനിയുടെ സാമൂഹിക സാംസ്ക്കാരിക ചരിത്രം' എന്ന വിഷയത്തെ ക്രമീകരിച്ചിട്ടുള്ളത്. പൊന്നാനി എന്ന സ്ഥലം മൂർത്തമായ അതിരുകളോട് കൂടിയ ഒരു നഗരസഭയായോ നിയോജക മണ്ഡലമായോ താലൂക്കായോ അല്ല ഇവിടെ പഠനവിധേയമാക്കുന്നത്. ഭൂമിശാസ്ത്രപരമായി അറബിക്കടലിനോടും ഭാരതപ്പുഴയോടും ബിയ്യംകായലിനോടും ചേർന്ന് സ്ഥിതിചെയ്യുന്ന ഒരു പ്രദേശത്തെയാണ് പൊന്നാനി എന്നതുകൊണ്ട് വിവക്ഷിയ്ക്കുന്നത്. സാമൂഹികവും സാംസ്ക്കാരികവുമായ പൊന്നാനിയുടെ ചരിത്രമെന്താണെന്നും ഭൂമിശാസ്ത്രം മുതൽ രാഷ്ട്രീയം വരെ നീളുന്ന വിവിധ ഘടകങ്ങൾ അതിനെ എങ്ങനെ സ്വാധീനിയ്ക്കുന്നു എന്നും ഇവിടെ അടയാളപ്പെടുത്തുന്നു. ഈ പഠനത്തിലൂടെ എത്തിച്ചേർന്ന നിഗമനങ്ങളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

- പ്രാദേശികമായ തനിമകളെയെല്ലാം ഇല്ലാതാക്കുന്ന ആഗോളവത്കരണ യുക്തിയുടെ കാലത്ത് ഒരു പ്രദേശത്തിന്റെ ചരിത്രമന്വേഷിയ്ക്കുക എന്നത് ഒരു പ്രതിരോധ പ്രവർത്തനമാണ്. എന്നാൽ സാമൂഹികമോ സാംസ്ക്കാരികമോ രാഷ്ട്രീയമോ ആയ വിവിധഘടകങ്ങളെ വിസ്മരിച്ചുകൊണ്ടും വസ്തുതകളേക്കാളേറെ മിത്തുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടും പ്രാദേശികചരിത്രങ്ങൾ രചിയ്ക്കാനുള്ള ശ്രമങ്ങൾ ഇന്ന് നടക്കുന്നുണ്ട്. ചുറ്റുപാടുമുള്ള വലിയ ലോകത്തിൽ നിന്നും പ്രദേശത്തെ അടർത്തിയെടുത്തു കൊണ്ടും ചരിത്രാന്വേഷണങ്ങൾ നടക്കുന്നു. ചരിത്രത്തിൽ നിന്നും അടർത്തിമാറ്റിയ വർത്തമാനകാലത്തെപ്പോലെ അർത്ഥശൂന്യങ്ങളാണ് ഇവയെല്ലാം.

- സാമൂഹികസാംസ്ക്കാരികചരിത്രം പഠനവിധേയമാക്കുമ്പോൾ ക്ലാസ്സിക്കൽ ചരിത്രകാരന്മാർ അവഗണിച്ചിരുന്ന സാഹിത്യകൃതികളും മിത്തുകളും നാട്ടറിവുകളും വാമൊഴികളും ഉപാദാനങ്ങളായി പരിഗണിയ്ക്കപ്പെടുന്നു. മൂർത്തമായ ഉപാദാനങ്ങൾ പ്രത്യക്ഷത്തിൽ വസ്തുതയെ പ്രതിഫലിപ്പിയ്ക്കുന്ന തെളിവുകളെന്ന നിലയിൽനിന്നും വ്യത്യസ്തമായി ചരിത്രസന്ദർഭത്തിനകമേനിന്ന് വിശകലനം ചെയ്യേണ്ട പാഠങ്ങളായിത്തീരുന്നു.

- ചരിത്രപരമായി നോക്കുമ്പോൾ ദേശാതിർത്തി സ്ഥിരമായി നിലനിൽക്കുന്ന താണെന്ന സങ്കൽപത്തിന് സാധുതയില്ല. പൊന്നാനിയുടെ ഭൂമിശാസ്ത്രപരമായ അതിർത്തി അതിനെ മറ്റുദേശങ്ങളുമായി വേർതിരിയ്ക്കുന്ന ജലാശയങ്ങൾ വഴിയാണ് രൂപപ്പെടുന്നതെങ്കിൽ രാഷ്ട്രീയമായി ഇന്നു കാണുന്ന അതിർത്തിയ്ക്ക് സാമൂതിരിഭരണത്തിലെ ദേശവ്യാപനത്തോളമേ പഴക്കമുള്ളൂ. ഈ അതിർത്തികളേയും അവയുമായി സാമൂഹികക്രമങ്ങൾക്കുള്ള ബന്ധത്തേയും മനസ്സിലാക്കാൻ സാധിച്ചാലേ ചരിത്രപഠനം സൂക്ഷ്മമാകുകയുള്ളൂ.

- തീരപ്രദേശങ്ങളും സമതലങ്ങളും നിറഞ്ഞതാണ് പൊന്നാനിയുടെ ഭൂമിശാസ്ത്രം. ചെറിയകുന്നുകളും ചതുപ്പുപ്രദേശങ്ങളും ഇവിടെയുണ്ട്. ജനവാസയോഗ്യമല്ലാത്ത പ്രദേശങ്ങൾ ഇവിടെ കുറവാണെന്നതും ഉള്ളവതന്നെ കൃഷിയോഗ്യമാണെന്നതും

പൊന്നാനിയിലെ സാമൂഹികജീവിതത്തെ രൂപപ്പെടുത്തുന്നതിൽ കാരണമായിട്ടുണ്ട്. കേരളത്തിലെ നെൽക്കൃഷിയിലെ പ്രധാനകേന്ദ്രങ്ങളിലൊന്നായി ബിയ്യംകായലിന് സമീപത്തുള്ള പ്രദേശങ്ങൾ മാറുന്നു. തീരദേശത്തിനടുത്ത് നാളികേരം സമൃദ്ധമായി വിളയുന്ന പറമ്പുകളും രൂപപ്പെടുന്നു.

- മഹാശിലായുഗം മുതൽക്കാണ് പൊന്നാനിയിൽ മനുഷ്യവാസമുള്ളതായി കണ്ടെത്തിയിട്ടുള്ളത്. ചരിത്രാതീതകാലമെന്നു വിളിയ്ക്കുന്ന ഈ കാലഘട്ടം കഴിഞ്ഞാൽ തൊണ്ടിപ്പട്ടണം അഥവാ തിണ്ടിസ് എന്നറിയപ്പെടുന്ന തുറമുഖമായി പൊന്നാനി പ്രത്യക്ഷപ്പെടുന്നു. ഈ കാലഘട്ടത്തിലെല്ലാം കൃഷി, മത്സ്യബന്ധനം എന്നിവയിൽ തത്പരരായ ജനസമൂഹത്തെ പൊന്നാനിയിലെ സാമൂഹിക ജീവിതത്തിൽ കാണാം. പൊന്നാനിയിലെ കച്ചവടസമൂഹം വളർന്നുവരുന്നത് പിൽക്കാലത്താണ്.

- പൊന്നാനി എന്ന ദേശത്തെ ചരിത്രത്തിൽ അടയാളപ്പെടുത്തുന്ന പ്രധാനഘടകം മലബാറിലെ പ്രശസ്തമായ തുറമുഖം എന്നതാണ്. യവനരേഖകളിൽ തിണ്ടിസ് എന്നും സംഘകാലസാഹിത്യങ്ങളിൽ തൊണ്ടിപ്പട്ടണം എന്നും അറിയപ്പെട്ടിരുന്ന തുറമുഖനഗരമാണ് ഇന്നത്തെ പൊന്നാനിയെന്നാണ് കരുതപ്പെടുന്നത്.

- മലബാറിലെ തുറമുഖങ്ങൾ രൂപപ്പെടുന്നതിനു പിന്നിൽ ഭൂമിശാസ്ത്രപരമായ ചില കാരണങ്ങൾ പൊതുവായി നിലനിൽക്കുന്നത് കാണാം. വലിയ ജലയാനങ്ങൾക്ക് അടുക്കാനുള്ള സൗകര്യം മാത്രമല്ല ഈ തുറമുഖങ്ങളുടെ സവിശേഷത. പുഴവഴിയും കരവഴിയും ചരക്കുകൾ എത്തിയ്ക്കാനുള്ള സൗകര്യം, ചരക്ക് ഉത്പാദിപ്പിയ്ക്കുന്ന ഉൾപ്രദേശത്തിന്റെ സാന്നിധ്യം എന്നിവയെല്ലാം അതിൽ ചിലതാണ്.

- ഭാരതപ്പുഴയും ബിയ്യംകായലും ഒരുക്കിയിരിയ്ക്കുന്ന ജലപാതകൾ, ചരക്കുകൾ ഉത്പാദിപ്പിയ്ക്കുന്ന പശ്ചിമഘട്ടപ്രദേശം, മുസിരിസ്സിനും തമിഴ്നാടിനും ഇടയിലെ കരപാതയുമായുള്ള ബന്ധം എന്നിവയാണ് പൊന്നാനിത്തുറമുഖത്തിന്റെ പ്രശസ്തിയ്ക്കു കാരണം. അതിനൊപ്പം വികേന്ദ്രീകൃതമായ കേരളത്തിലെ കച്ചവടരംഗത്തെ കേന്ദ്രീകരിയ്ക്കാൻ ശ്രമിച്ചിരുന്ന വിദേശസഞ്ചാരികളുടെ

അധിവാസകേന്ദ്രങ്ങളും പൊന്നാനിയിൽ കാണാം.

- സംഘസാഹിത്യങ്ങൾ അവസാനിയ്ക്കുന്ന എട്ടാംനൂറ്റാണ്ടിനും സാമൂതിരി പൊന്നാനികീഴടക്കുന്ന പതിനാലാംനൂറ്റാണ്ടിനുമിടയിൽ പൊന്നാനിത്തുറമുഖം അപ്രസക്തമായി മാറുന്നുണ്ട്. ഇതിനുപിന്നിലുള്ള ഭൂമിശാസ്ത്രവും രാഷ്ട്രീയവുമായ കാരണങ്ങൾ വ്യക്തമല്ല. കേരളത്തിലെ പുഴ വഴിമാറുന്നതിനേയും തീരം കരകയറുന്നതിനേയും സംബന്ധിച്ചുള്ള ഭൂമിശാസ്ത്രപരമായ പഠനങ്ങളുടെ അഭാവമാണ് ഇതിനു കാരണം.

- പൊന്നാനിത്തുറമുഖത്തിന്റെ കച്ചവടപ്രാധാന്യമാണ് സാമൂതിരി പൊന്നാനി പിടിച്ചടക്കുന്നതിനുപിന്നിലെ കാരണങ്ങളിലൊന്ന്. കാർഷികാഭിവൃദ്ധിയുള്ള പ്രദേശം, പാലക്കാട് വരെ നീളുന്ന ചരക്കുപാത, നിരവധി നാട്ടുരാജ്യങ്ങളുടെ അതിർത്തിപ്രദേശം എന്നിവയെല്ലാമാണ് മറ്റു കാരണങ്ങൾ.

- പോർച്ചുഗീസുകാർ മുതൽ ബ്രിട്ടീഷുകാർ വരെയുള്ള അധിനിവേശശക്തികൾ പൊന്നാനിയുമായി ബന്ധംസ്ഥാപിയ്ക്കാൻ ശ്രമിയ്ക്കുകയും പൊന്നാനിയിലെ വർധിച്ച മാപ്പിളജനസംഖ്യകാരണം ഈ ദേശത്തിനെതിരെ യുദ്ധത്തിനൊരുങ്ങുകയും ചെയ്തിട്ടുണ്ട്. എല്ലാ കാലഘട്ടത്തിലും അവർക്കെതിരെ പോരാടുക എന്നതായിരുന്നു പൊന്നാനിക്കാരുടെ രീതി. പൊന്നാനിയിൽ വളർന്നുവന്ന മുസ്ലീംസമുദായത്തിന്റെ സാന്നിധ്യം ഈ യുദ്ധങ്ങളിൽ പ്രധാനമാണ്.

- സാമൂതിരിയുടെ കച്ചവടം, യുദ്ധം തുടങ്ങിയ ആവശ്യങ്ങൾക്ക് പൊന്നാനിയിലെ മാപ്പിളസമുദായം പങ്ക് വഹിയ്ക്കുന്നുണ്ട്. ജാതിപരമായി കടൽയാത്ര നിഷിദ്ധമായിരുന്ന അക്കാലത്ത് കപ്പലിലൂടെ പോയിരുന്ന പടയാളികളും കച്ചവടക്കാരും മാപ്പിളമാരായിരുന്നു. ഈ കച്ചവടബന്ധം പിൽക്കാലത്ത് പോർച്ചുഗീസ്സൈന്യവും സാമൂതിരിയും തമ്മിലുള്ള കലഹങ്ങൾക്ക് കാരണമായി.

- ഈ യുദ്ധങ്ങളിൽ പ്രശംസനീയമായ സ്ഥാനം വഹിച്ചിരുന്നവരാണ് കുഞ്ഞാലിമാർ. പൊന്നാനി ആസ്ഥാനമാക്കിയിരുന്ന മഖ്ദൂമുകൾ വഴിയാണ് അവർ

പൊന്നാനിയിലെത്തുന്നത്. സാമൂതിരിയുടെ കടൽയുദ്ധങ്ങളുടെ തലവനായി കുഞ്ഞാലി മരയ്ക്കാർമാർ പരിഗണിക്കപ്പെടുന്നു. തുടർച്ചയായ യുദ്ധങ്ങളും അതുവഴിയുണ്ടായിട്ടുള്ള രാഷ്ട്രീയമായ അസ്ഥിരതയും പൊന്നാനി തുറമുഖത്തിന്റെ കച്ചവടപ്രാധാന്യത്തെ ദുർബ്ബലപ്പെടുത്തി.

- സാമൂതിരിയും കൊച്ചിരാജ്യവംശവും തമ്മിലുള്ള യുദ്ധങ്ങൾ, മൈസൂർ സൈന്യവും സാമൂതിരിയുമായുള്ള യുദ്ധങ്ങൾ എന്നിങ്ങനെ ആഭ്യന്തരമായുള്ള നിരവധി സംഘർഷങ്ങൾക്കും പൊന്നാനി വേദിയാകുന്നുണ്ട്. ഈ സമരങ്ങളും സംഘർഷങ്ങളും പൊന്നാനിയിലെ സാമൂഹികജീവിതത്തെ നിർണയിയ്ക്കുന്നതിൽ പ്രധാന പങ്ക് വഹിയ്ക്കുന്നു.

- കേരളചരിത്രത്തിലെ വൈദേശികവ്യാപാരബന്ധങ്ങൾ വലിയതോതിലുള്ള പഠനങ്ങൾക്ക് വിധേയമായപ്പോൾ അരികുവത്കരിയ്ക്കപ്പെട്ട വിഷയമാണ് ഇവിടത്തെ ആഭ്യന്തരവാണിജ്യത്തിന്റെ ചരിത്രം. അന്വേഷണ വിധേയമായിടത്തോളം കാര്യങ്ങൾ നാണയങ്ങൾ, രേഖീയമായ തെളിവുകൾ എന്നിവയിൽ കേന്ദ്രീകരിച്ചാണ് നടന്നത്. സാഹിത്യകൃതികളിലെ അങ്ങാടിവർണനകൾ ഈ പഠനത്തിന്റെ ഭാഗമായിമാറുന്നത് പ്രാദേശികചരിത്രത്തെക്കുറിച്ചുള്ള അന്വേഷണങ്ങളിലൂടെയാണ്.

- കൈമാറ്റവ്യവസ്ഥയിൽ വിനിമയങ്ങളിലേർപ്പെട്ടിരുന്ന സമൂഹം ഈ വിനിമയങ്ങൾക്കായി സ്ഥിരമായ സ്ഥലവും സമയവും നിശ്ചയിച്ച് അതിനെ സ്ഥാപനവത്കരിയ്ക്കുന്ന പ്രക്രിയയാണ് ചന്ത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വിശേഷാവസരങ്ങളിൽ മാത്രം നടക്കുന്ന ഉത്സവച്ചന്ത പോലുള്ള വാർഷികച്ചന്തകൾ, ആഴ്ചച്ചന്തകൾ, ദിവസവും പ്രവർത്തിക്കുന്ന കുറച്ചുകൂടി വലിയ അങ്ങാടികൾ എന്നിങ്ങനെ മൂന്ന് തരത്തിലാണ് ചന്തകൾ നിലനിന്നിരുന്നത്.

- പഴയകാലത്തെ പ്രധാന ചരക്കുകടത്തുമാർഗം ജലപാതകളായിരുന്നു. ജലപാതകൾക്ക് സമീപത്തായാണ് ചന്തകൾ രൂപപ്പെട്ടത്. പൊന്നാനി തുറമുഖത്തുനിന്നും കനോലികനാലിലേയ്ക്ക് നീങ്ങുന്ന വഴിയിലാണ് പൊന്നാനി

അങ്ങാടിയുടെ സ്ഥാനം. ഈ അങ്ങാടി വളർന്നുവരുന്നതിൽ തുറമുഖത്തിനും കനോലി കനാലിനും പങ്കുണ്ട്. എന്നാൽ ജലഗതാഗതം കരഗതാഗതത്തിന് വഴിമാറിയപ്പോൾ അതിനൊപ്പം ഈ അങ്ങാടിയിലെ കച്ചവടവും ക്ഷയിയ്ക്കുന്നത് കാണാം.

- ചന്തകളിൽനിന്നും വ്യത്യസ്തമായി ജനങ്ങളുമായി കൂടുതൽ ബന്ധമുള്ള രൂപമാണ് വാണിഭത്തിന്റേത്. വിൽപനക്കാരിലധികവും ഉത്പാദകരാവുകയും വിൽപനവസ്തു നിത്യജീവിതത്തിൽ ഉപയോഗപ്രദമായവയായിരിയ്ക്കുകയും ചെയ്യുന്നതിനാലാകണം ഈ ജൈവികബന്ധം ഉരുത്തിരിയുന്നത്. വർഷത്തിലൊരിയ്ക്കൽ നടക്കുന്ന ഈ വിൽപ്പനകൾക്ക് ആ വർഷത്തേയ്ക്കുള്ള വീട്ടുപകരണങ്ങൾ വാങ്ങിയ്ക്കാനുള്ള ദിവസമെന്ന പ്രാധാന്യവുമുണ്ട്. എന്നാൽ പുതിയ കാലത്ത് ഉപഭോഗസ്വഭാവമുള്ള ചരക്കുകൾ വാണിഭത്തിൽ ഇടം പിടിക്കുന്നു. മത്സ്യം പ്രധാനവിൽപ്പനച്ചരക്കായി തുടരുന്ന കണ്ണേങ്കാവ് വാണിഭത്തിലേത് പോലെ പഴയസവിശേഷതകൾ നിലനിർത്തുന്ന വാണിഭങ്ങളും പൊന്നാനിയിലുണ്ട്.

- പ്രാദേശികവ്യാപാരത്തിൽ നിന്നും കൈമോശം വന്ന ഘടകങ്ങളിൽ ഏറ്റവും പ്രധാനം അതിലെ ചെറുകിട ഉത്പാദകരുടെ സ്ഥാനമാണ്. നിലവിൽ നാട്ടുചന്തകളെ പുനരുജ്ജീവിപ്പിയ്ക്കാനുള്ള ശ്രമങ്ങൾ നടക്കുമ്പോഴും ചെറുകിട ഉത്പാദകരെ പുനഃസൃഷ്ടിയ്ക്കാൻ ഇതിലൂടെ സാധിയ്ക്കുന്നില്ല.

- ആഗോളവത്കരണം സൃഷ്ടിച്ച കമ്പോളസംസ്കാരത്തിനുനേരെയുള്ള പ്രതിരോധപ്രവർത്തനമാണ് പ്രാദേശികവ്യാപാരത്തിന്റെ വീണ്ടെടുപ്പുകൾ. പഴയ അങ്ങാടികളേയും ആഴ്ചച്ചന്തകളേയും പൈതൃകപ്രൊജക്റ്റുകളായി പ്രഖ്യാപിച്ചും പുതിയചന്തകൾ തുറന്നും പൊന്നാനിക്കാർ ഈ പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നുണ്ട്. ആഗോളവത്കരണം ഒരു പ്രാദേശിക പ്രതിഭാസമല്ലാത്ത പോലെ ഈ പ്രതിരോധപ്രവർത്തനങ്ങളും ഒറ്റപ്പെട്ട സംഭവങ്ങളല്ല. ലോകമെങ്ങും സമാനമായ പരിശ്രമങ്ങൾ നടക്കുകയും അതിന്റെ ഭാഗമായി നാട്ടുചന്തകളെ

കുറിച്ചുള്ള ചരിത്രപഠനത്തിന് പുതിയതലങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

- പൊതുവിൽ തീരദേശത്തെ ജനജീവിതം ഉൾനാടുകളിലേതിൽനിന്നും ഏറെ വ്യത്യാസങ്ങളുള്ളവയാണ്. എന്നാൽ പൊന്നാനിയിലെ തീരദേശത്ത് അതിനു പുറമേ ആന്തരികമായ ചില വ്യത്യാസങ്ങളും നിലനിൽക്കുന്നു. അവിടത്തെ വ്യത്യസ്തദേശക്കാർ തമ്മിൽ പൊന്നാനിത്തീരത്തെ മാപ്പിളമാർ എന്നതിലുപരി അഴീക്കലുകാർ, മുക്കാടിക്കാർ, മരക്കടവുകാർ എന്ന രീതിയിലുള്ള പ്രാദേശിക സ്വത്വവാദമാണ് നിലനിൽക്കുന്നത്. തൊഴിൽരീതികളിലും സംസ്കാരത്തിലും ഭാഷയിൽപ്പോലും ഇവർ തമ്മിൽ വ്യത്യാസങ്ങളുണ്ട്.

- പൊന്നാനിത്തീരത്തെ മുക്കുവരിലൊരുവിഭാഗം പരമ്പരാഗതമത്സ്യ ബന്ധന ത്തൊഴിലാളികളാണ്. സംഘകാലംമുതൽ ഇവിടുത്തെ ജനങ്ങൾ മത്സ്യബന്ധനത്തിനു പോയിരുന്നുവെന്നതിന് തെളിവുകളുണ്ട്. കടലിലെ മത്സ്യസമ്പത്തിനെക്കുറിച്ചും അവയെ പിടിക്കാനുപയോഗിക്കുന്ന വലകൾ, വഞ്ചികൾ എന്നിവയെക്കുറിച്ചും ഏറെ വൈവിധ്യങ്ങളായ അറിവുകൾ സൂക്ഷിയ്ക്കുന്നവരാണ് പൊന്നാനിയിലെ പരമ്പരാഗതമത്സ്യത്തൊഴിലാളികൾ. മത്സ്യബന്ധനമേഖലയിലെ ആധുനികതയുടെ കടന്നുവരവ് ഇല്ലായ്മചെയ്തത് ഈ അറിവുകളെയാണ്.

- പൊന്നാനിത്തീരത്തെ മറ്റൊരു തൊഴിൽമേഖലയാണ് പത്തേമാരികൾ. പൊന്നാനിയിലെ കാർഷികോത്പന്നങ്ങളെ പുറം ലോകത്തേയ്ക്കെത്തി യ്ക്കുന്നതും അവിടെനിന്നും പുതിയ ചരക്കുകൾ പൊന്നാനിയിലേയ്ക്ക് കൊണ്ടുവരുന്നതും പത്തേമാരികൾവഴിയാണ്. പൊന്നാനിയെ ഒരു വാണിജ്യനഗരമാക്കിമാറ്റുന്നതിൽ ഈ പത്തേമാരികൾ വലിയപങ്ക് വഹിച്ചിട്ടുണ്ട്. പത്തേമാരിവഴിയുള്ള വ്യാപാരം അവസാനിച്ചതോടെ ചരക്ക് കയറ്റിറക്കു മേഖലകളിൽ പൊന്നാനിയ്ക്ക് വലിയ പ്രാധാന്യമില്ലാതായി.

- ഇന്ത്യയിലെ അടിസ്ഥാനസൗകര്യവികസനം സാധ്യമാക്കുന്നതിലും അറേബ്യൻ നാടുകളുമായി മലയാളികളെ ബന്ധിപ്പിയ്ക്കുന്നതിലും പത്തേമാരികൾക്ക് പങ്കുണ്ട്.

പത്തേമാരികളുടെ പ്രതാപകാലത്തിന് അറുതിവരുത്തുന്നതും ഇതേ അടിസ്ഥാന സൗകര്യവികസനങ്ങളും അറേബ്യൻ നാടുകളിലേക്കുള്ള കുടിയേറ്റവുമാണ്.

- ദൈർഘ്യമേറിയതും ദുർഘടവുമായ യാത്രകളും യാത്രയ്ക്കിടയിലെ മിച്ചസമയവും ചേർന്ന് പത്തേമാരികൾക്കകത്ത് സവിശേഷമായൊരു സംസ്കാരം രൂപപ്പെട്ടു. പുറംനാട്ടിലെ കാഴ്ചകളും വഴിയിലെ സംഘർഷങ്ങളുമെല്ലാം പാട്ടുകളായാണ് രൂപാന്തരപ്പെട്ടത്. തിരികെ നാട്ടിലെത്തുന്നകാലത്ത് യാത്രാവിവരണങ്ങൾ നാട്ടുകാരുമായി പങ്കുവെയ്ക്കുന്നിടത്താണ് ഈ പാട്ടുകൾ പൊന്നാനിയിൽ പ്രചരിയ്ക്കുന്നത്. ഈ സംഗീതത്തിൽ പലഭാഷകളുടെ സങ്കരവും അവിടത്തെ സംസ്കാരങ്ങളെക്കുറിച്ചുള്ള സൂചനകളുമുണ്ടായിരുന്നു. പൊന്നാനിയിലെ സാംസ്കാരികവിനിമയത്തിന്റെ ചാലകങ്ങളായിരുന്നു ഈ പാട്ടുകളും പത്തേമാരിയിലെ തൊഴിലാളികളും.

- കുറച്ചുവർഷങ്ങൾക്ക് മുൻപുവരെ മത്സ്യബന്ധനത്തിന്റെ അനുബന്ധത്തൊഴിൽ മേഖലയിൽ സ്ത്രീകൾ സജീവമായി ജോലിചെയ്തിരുന്നു. സ്ത്രീകളുടെ ചെറുതൊഴിലുകളിലൂടെയായിരുന്നു തീരദേശത്തെ വീടുകളിൽ ദൈനംദിന ചെലവുകൾ നടത്തിപ്പോന്നിരുന്നത്. എന്നാൽ പിൽക്കാലത്ത് ഗൾഫ്കുടിയേറ്റം സ്ത്രീകളുടെ തൊഴിലുകൾ കുടുംബത്തിന്റെ നിലനിൽപിന് അനിവാര്യമല്ലാതാക്കി, ഫാക്ടറി സമ്പ്രദായത്തിലേയ്ക്ക് അനുബന്ധതൊഴിൽമേഖലകളിൽ ചിലത് വന്നപ്പോൾ ആ തൊഴിലുകളും പുരുഷന്മാരിലേയ്ക്ക് പറിച്ചുനട്ടു, ഒപ്പം സ്ത്രീകൾ തൊഴിൽ ചെയ്യുന്നതിനെതിരായ ഒരു മതസംസ്കാരം പൊന്നാനിയിലെ മുസ്ലീങ്ങൾക്കിടയിൽ വളർന്നുവന്നു.

- പൊന്നാനിയിലെ മതവിഭാഗങ്ങളിൽ മുന്നിൽനിൽക്കുന്ന വിഭാഗമാണ് ഇസ്ലാം. കേരളവുമായി വ്യാപാരബന്ധമുണ്ടായിരുന്ന അറബികൾ വഴിയാണ് ഇസ്ലാംമതം പ്രചരിച്ചുതുടങ്ങുന്നത്. മാലിക്ദിനാറിന്റെ സംഘത്തിന്റെ വരവുവരെ കേരളത്തിലെ മുസ്ലീംമതവ്യാപനത്തിന് പരസ്പരവിനിമയങ്ങളിലൂടെ വളരുന്ന സ്വഭാവമായിരുന്നു

നിലനിന്നിരുന്നത്. പിന്നീട് അത് പരസ്പരസഹകരണത്തോടെ നടക്കുന്ന മിഷനറി പ്രവർത്തനമായി മാറി. എന്നാൽ അതിൽനിന്നു വ്യത്യസ്തമായി പ്രാദേശികമായ ഒരാവശ്യമെന്ന രീതിയിലാണ് പൊന്നാനിയിൽ ഇസ്ലാംമതം വ്യാപിയ്ക്കുന്നത്.

- പൊന്നാനിയിലെ മിഷനറിപ്രവർത്തനത്തിന്റെ ആരംഭം മഖ്ദൂമുകളിലൂടെയാണ്. ജാതിവ്യവസ്ഥയ്ക്കകത്ത് അറിവ് നിഷേധിയ്ക്കപ്പെടുന്നവർക്ക് വിദ്യാഭ്യാസത്തിന് അവസരംനൽകിയും സാമ്രാജ്യത്വ അധിനിവേശത്തിന്റെ കാലത്ത് അതിനോടെ- തിരിടാൻ മുന്നിൽ നിന്നുമാണ് മഖ്ദൂമുകൾ പൊന്നാനിയിൽ സ്വാധീനം വർദ്ധിപ്പിച്ചത്.

- കുരിശുയുദ്ധങ്ങളുടേയും കോൺസ്റ്റാന്റിനോപ്പിൾ തുർക്കികൾ പിടിച്ചടക്കിയ തിന്റേയുമെല്ലാം രാഷ്ട്രീയകാരണങ്ങൾ ഉൾക്കൊണ്ടുകൊണ്ട് യൂറോപ്പ്യൻ സാമ്രാജ്യത്വശക്തികളുടെ നീക്കങ്ങളെ മനസ്സിലാക്കാൻ സാധിച്ചു എന്നതും അതിനെതിരെപോരാടാൻ അന്താരാഷ്ട്രതലത്തിൽനിന്നും സഖ്യകക്ഷികളെ കണ്ടെത്താൻ ശ്രമിച്ചു എന്നതും മഖ്ദൂമുകളുടെ സവിശേഷതയാണ്. മഖ്ദൂമുകളിലൂടെ കേരളത്തിലേയ്ക്കെത്തിയ അന്തർദേശീയമായ അറിവുകളും തിരിച്ചറിവുകളുമാണ് സാമ്രാജ്യത്വവിരുദ്ധസമരങ്ങളിൽ മലബാറിന്റെ നയം രൂപപ്പെടുത്തിയത് എന്ന് വ്യക്തമാണ്.

- പൊന്നാനിയിൽ നിർബന്ധപൂർവ്വമായ മുസ്ലീംമതപരിവർത്തനം നടക്കുന്നത് മൈസൂർഭരണാധികാരികളുമായിട്ടുള്ള യുദ്ധകാലത്ത് മാത്രമാണ്. എന്നാൽ അതിനുമുൻപുതന്നെ പൊന്നാനിയിൽ ഇസ്ലാംമതം ശക്തിപ്പെട്ടിരുന്നു. ഇത്തരത്തിൽ നോക്കിയാൽ പൊന്നാനിയിലെ മുസ്ലീംമതവ്യാപനത്തിന്റെ പൊതുസ്വഭാവം പരസ്പരസഹകരണത്തോടെയും സഹവർത്തിത്വത്തോടെയും നടന്ന ഒന്നാണെന്നു വ്യക്തമാകും.

- ഈ സഹവർത്തിത്വം കാരണമാണ് ഇസ്ലാംമതജീവിതത്തിന്റെ ഭാഗമായി പറഞ്ഞുകാണാത്ത പല ഘടകങ്ങളും പൊന്നാനിയിലെ മുസ്ലീങ്ങൾയ്ക്കിടയിൽ

കാണാനാകുന്നത്. മരുമക്കത്തായം, മേൽകീഴ്ബന്ധങ്ങൾ, നേർച്ചപോലുള്ള ആഘോഷങ്ങൾ, ജാറങ്ങൾ (അതിൽത്തന്നെ സ്ത്രീകളുടെ ജാറങ്ങൾ) എന്നിവിടങ്ങളിലെല്ലാം പ്രാദേശികമായ ഈ ഉൾചേർക്കലുകൾ കാണാം.

- ♦ തറവാടിനകത്തുതന്നെ തളയ്ക്കപ്പെട്ടിരുന്നവരായിരുന്നു പൊന്നാനിയിലെ സ്ത്രീകളെങ്കിലും തങ്ങളുടേതായ ഒരു പൊതുഇടത്തെ രാത്രികളിൽ കണ്ടെത്താൻ അവർക്കുസാധിച്ചിരുന്നു. രാത്രി അങ്ങാടിയിലേയ്ക്കും, കടപ്പുറത്തേയ്ക്കും, വിവാഹം ക്ഷണിക്കാൻ പോകാനും, കൂട്ടമായി യാത്രചെയ്യാനുമെല്ലാം അവർക്ക് സാധിച്ചിരുന്നു.

- ♦ പൊന്നാനിയിലെ വിവാഹങ്ങൾ ഏറെ സവിശേഷതകളുള്ളതായിരുന്നു. ആചാരങ്ങളേക്കാൾ ആഘോഷങ്ങൾക്കായിരുന്നു അവിടെ പ്രാധാന്യം. പൊന്നാനിയിലെ ഗാനപാരമ്പര്യത്തിന് വേദിയായിമാറിയിരുന്നതും പൊന്നാനിക്കല്ല്യാണങ്ങളായിരുന്നു.

- ♦ പന്നിയൂർ, ശുകപുരം എന്നീ പ്രസിദ്ധമായ ബ്രാഹ്മണഗ്രാമങ്ങൾ പൊന്നാനിയുടെ ഭാഗമായിരുന്നു. ഈ ഗ്രാമങ്ങൾ തമ്മിൽ നടന്ന കൂറുമത്സരം പൊന്നാനിയുടെ സാമുദായികവും രാഷ്ട്രീയവുമായ പരിണാമങ്ങൾക്ക് കാരണമാകുന്നുണ്ട്. ഈ കൂറുമത്സരത്തിലെ ഇടപെടലിൽകൂടിയാണ് സാമൂതിരി പൊന്നാനിയുടെ അധിപനാകുന്നതും. ബ്രാഹ്മണഗ്രാമങ്ങൾ തമ്മിലുള്ള തർക്കവും തർക്കത്തിൽ പന്നിയൂർ ഗ്രാമത്തിന് സംഭവിച്ച അപചയവും കൂടിയാണ് പൊന്നാനിയിലെ സാമുദായികവിന്യാസം ഇന്നുകാണുന്ന നിലയിലാക്കുന്നത്.

- ♦ കാർഷികപ്രധാനമായ പൊന്നാനിയുടെ തെക്കുകിഴക്കൻ മേഖലകളിൽ ശക്തമായ ജാതിവ്യവസ്ഥ നിലനിന്നിരുന്നു. കർഷകത്തൊഴിലാളികളായ കീഴാളജനത അയിത്തവും തൊട്ടുകൂടായ്മയും പോലുള്ള ജാതിപ്രശ്നങ്ങൾ പ്രത്യക്ഷമായി അനുഭവിച്ചവരാണ്. അവിടങ്ങളിലെ മുസ്ലീം ജന്മിമാരും ഇക്കാര്യത്തിൽ വ്യത്യസ്തരല്ലായിരുന്നു. എന്നാൽ നായാടി, പടന്ന മുതലായ മറ്റു ജാതികൾക്കിടയിൽ വിദ്യാഭ്യാസവും നവീകരണവും താരതമ്യേന നേരത്തേയായി.

- ജാതിമതങ്ങൾക്കകത്തെ നവോത്ഥാനശ്രമങ്ങൾക്ക് മുൻപിൽ നിന്നിരുന്ന നാടായിരുന്നു പൊന്നാനി. എല്ലാം ജാതിമതങ്ങളിലും ഇത് കാണാനാകും. വിദ്യാഭ്യാസത്തിന് പ്രാധാന്യം കൽപിയ്ക്കുന്നതും സ്ത്രീകളുടെ സ്ഥാനത്തെ ക്കുറിച്ച് ചിന്തിച്ചിരുന്നതും മനുഷ്യർ തമ്മിലുള്ള മേൽകീഴ്ബന്ധങ്ങളുടെ അർത്ഥ ശൂന്യതയെക്കുറിച്ച് ചർച്ചചെയ്യുന്നതുമായിരുന്നു ഈ നവോത്ഥാനശ്രമങ്ങൾ.

- പൊന്നാനിയുടെ കലാസാഹിത്യവൈജ്ഞാനികരംഗങ്ങളിലെ വൈവിധ്യവും സഹവർത്തിത്വവുമാണ് അതിന്റെ പ്രധാന സവിശേഷത. മലയാളം, സംസ്കൃതം, അറബി, അറബിമലയാളം എന്നീ നാലുഭാഷകളിലും സമാന്തരമായി വികസിയ്ക്കുന്ന വൈജ്ഞാനികരംഗത്തെ പൊന്നാനിയിൽ കാണാം. പത്തേമാരികൾ വഴി മറ്റുപലദേശങ്ങളിലേയും ഭാഷകളും ഇവിടെ വന്നുചേർന്നിരുന്നു.

- പൊന്നാനിയിലെ സാഹിത്യത്തിലെ ഏറ്റവും പ്രശസ്തമായ കാലഘട്ടം പൊന്നാനിക്കളരിയുടേതാണ്. വള്ളത്തോൾ, നാലപ്പാട്ട് മുതലായവരുടെ ആധുനികചിന്തകളാണ് പൊന്നാനിക്കളരിയ്ക്ക് ദിശാബോധം നൽകുന്നത്. വി.ടി, ഇടശ്ശേരി, ഉറൂബ് തുടങ്ങിയവരിലൂടെ ഇത് വളർന്ന് വികസിയ്ക്കുന്നു. പൊന്നാനിക്കളരിയുടെ മുഖമുദ്ര ധാർമ്മികതയാണ്. മാനവികത, മതേതരത്വം, സ്ത്രീസ്വാതന്ത്ര്യം മുതലായ മൂല്യങ്ങളെല്ലാം ഇതിലുൾച്ചേർന്നിരിയ്ക്കുന്നു.

- നാലപ്പാട്ടിന്റെ പാവങ്ങളിലൂടെ മലയാളി പരിചയപ്പെടുന്ന സാധാരണക്കാരനായ മനുഷ്യൻ പിന്നീട് പൊന്നാനിക്കളരിയിലെ സാഹിത്യസൃഷ്ടികളുടെയെല്ലാം കേന്ദ്രസ്ഥാനത്ത് വരുന്നു. കർഷകൻ, കർഷകത്തൊഴിലാളി, തൊഴിലാളി തുടങ്ങിയവരോടെല്ലാം പൊന്നാനിക്കളരി ചേർന്നുനിൽക്കുന്നു. അക്കാലത്ത് കേരളത്തിൽ വളർന്നുവന്ന സോഷ്യലിസ്റ്റ് ആശയങ്ങളോട് ചേർന്നുനിന്നു കൊണ്ടാണ് ഇത് മുന്നേറുന്നത്. കാർഷികപ്രധാനമായ ഒരു ദേശത്തിന്റെ സൂചനകളും ഈ സാഹിത്യങ്ങളിലെല്ലാം പശ്ചാത്തലമായി വരുന്നുണ്ട്

- മതേതരത്വം പൊന്നാനിക്കളരിയുടെ മറ്റൊരു സവിശേഷതയാണ്.

മതത്തിനതീതമായി ചിന്തിക്കുന്ന മനുഷ്യർ ഇവിടത്തെ കഥാപാത്രസൃഷ്ടികളിൽ എപ്പോഴും ദൃശ്യമാണ്. അത്തരത്തിലുള്ള മനുഷ്യർ പൊന്നാനിയിലെ ജനജീവിതത്തിൽ ധാരാളമുണ്ടായിരുന്നതിനാലാണ് എഴുത്തിലും അതിനു പ്രതിഫലനങ്ങളുണ്ടാകുന്നത്.

- ♦ സാഹിത്യസൃഷ്ടികളിൽ മാത്രമല്ല സമാനമായ ആശയാവിഷ്കാരങ്ങൾ പൊന്നാനിയിലെ നാടകങ്ങളിലും ഉണ്ടായിട്ടുണ്ട്. നമ്പൂതിരി നവോത്ഥാനത്തിന്റെ ഭാഗമായുണ്ടായ മൂന്ന് യോഗക്ഷേമനാടകങ്ങളും സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിക്കുന്നവയായിരുന്നു. മ്മീം മോളും എന്ന നാടകം ഇസ്ലാമിനകത്തെ പരിഷ്കരണശ്രമങ്ങളെക്കുറിച്ച് ചർച്ചചെയ്തു.

- ♦ ദാമോദരന്റെ 'പാട്ടബാക്കി' തൊഴിലാളികളെ സംഘടിപ്പിയ്ക്കാൻ സഹായിച്ചപ്പോൾ ആ സംഘാടനത്തിന് മതത്തിന്റെ അതിരുകൾ തടസ്സമാകരുതെന്ന് ഇടശ്ശേരി കൂട്ടുകൃഷിയിലൂടെ പറഞ്ഞു. ഗോവിന്ദന്റെ 'നീ മനുഷ്യനെ കൊല്ലരുത്' യുദ്ധത്തിന്റെ അർത്ഥശൂന്യതയെക്കുറിച്ച് സംസാരിച്ചു. ആധുനികവും മാനവികവുമായ ആശയങ്ങളിലൂന്നിയുള്ളവയായിരുന്നു ഈ നാടകങ്ങളെല്ലാം.

- ♦ അറബിമലയാളസാഹിത്യത്തിന്റെ സമാന്തരമായ ശാഖ പൊന്നാനിയിൽ സജീവമായി നിലനിന്നിരുന്നു. പൊന്നാനിയിലെ മാപ്പിളജീവിതത്തിന്റെ ഉത്പന്നമായാണ് ഈ സാഹിത്യം വികസിച്ചത്. മാലപ്പാട്ടുകൾ, ഖിസ്സപ്പാട്ടുകൾ, കെസ്സുപാട്ടുകൾ തുടങ്ങിയ മാപ്പിളപ്പാട്ടുശാഖകളാണ് പൊന്നാനിയിൽ കൂടുതലും വികസിച്ചത്. വിശ്വാസവുമായാണ് കൂടുതൽ ബന്ധമെങ്കിലും മാലപ്പാട്ടുകളും ഖിസ്സപ്പാട്ടുകളും പോലുള്ളവയ്ക്ക് ഒരു വിദ്യാഭ്യാസപ്രക്രിയയുടെ സ്വഭാവം കൂടിയുണ്ട്. അത് മാപ്പിളസമുദായത്തിനകത്തെ ചരിത്രബോധത്തെ വികസിപ്പിച്ചു. പടപ്പാട്ടുകൾ ഒരേ സമയം ചരിത്രത്തെ ഓർത്തെടുക്കൽ മാത്രമായിരുന്നില്ല സാമ്രാജ്യത്വവിരുദ്ധസമരങ്ങളുടെ കാലത്തെ മാപ്പിളസമുദായത്തിന് ഊർജം പകർന്നിരുന്നവ കൂടിയായിരുന്നു.

- ആത്മീയമായ വിഷയങ്ങളിൽനിന്നും പാട്ടുകൾ പുറത്തുകടക്കുന്നത് കല്ല്യാണപ്പാട്ടുകളിലൂടെയാണ്. പലപ്പോഴും പ്രവാചകന്റേയും അനുചരന്മാരുടേയും വിവാഹങ്ങൾ വർണിയ്ക്കപ്പെടുന്നുണ്ടെങ്കിലും ഭൗതികമായൊരു തലം കല്ല്യാണപ്പാട്ടുകൾ കൈവരിയ്ക്കുന്നുണ്ട്.

- വടക്കൻകേരളം, മധ്യകേരളം എന്നീ രണ്ട് സമ്പ്രദായപ്രകാരമുള്ള കളരികൾ പൊന്നാനിയിൽ പ്രചാരത്തിലുണ്ട്. വടക്കൻകേരളസമ്പ്രദായം സാമൂതിരി-കൊച്ചി വൈരത്തിന്റെ കാലത്ത് കൊണ്ടുവന്ന പോരാളികളിലൂടെ വികസിയ്ക്കുന്നതാണ്. പൊന്നാനിയിലെ പല നായർ, പണിക്കർ തറവാടുകളും ഇങ്ങനെ യുദ്ധകാലത്തു വന്ന് താമസമാക്കിയവരുടേതാണ്. മധ്യകേരളസമ്പ്രദായം തദ്ദേശീയരായ ജനങ്ങൾ വികസിപ്പിച്ച കീഴാളസ്വഭാവമുള്ള ഒന്നാണ്. അവരോട് അയിത്തമില്ലാതിരുന്ന മാപ്പിളമാരും പിന്നീട് ഈ സമ്പ്രദായത്തിന്റെ ഗുരുക്കന്മാരായി.

- കെ സി എസ് പണിക്കർ, ആർട്ടിസ്റ്റ് നമ്പൂതിരി, ടി കെ പത്മിനി എന്നിങ്ങനെ ഭാരതീയചിത്രകലയിൽ പ്രസിദ്ധരായ ചിലർ പൊന്നാനിക്കാരാണ്. പൊന്നാനിയുടെ ഗ്രാമീണാന്തരീക്ഷവും കൃഷിസ്ഥലവും അങ്ങാടിയിലെ മുസ്ലീം ജീവിതവുമെല്ലാം അവരുടെ ചിത്രങ്ങളിൽ പ്രതിഫലിച്ചിരുന്നു.

- ജാതിമതബന്ധങ്ങൾ ശക്തമായിരുന്ന പ്രദേശമെന്ന നിലയിൽ വ്യത്യസ്ത സമുദായങ്ങളുടെ കലാരൂപങ്ങൾ പൊന്നാനിയിൽ വികസിച്ചുവന്നു. കാർഷികോത്സവങ്ങളോട് ബന്ധപ്പെട്ട കീഴാളകലകളും സമാന്തരമായി നിളാതീരത്ത് വികസിച്ചുവന്ന അനുഷ്ഠാനകലകളും മുസ്ലീംഭൂരിപക്ഷ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന മാപ്പിളകലകളും ഇത്തരത്തിലുള്ളതാണ്.

- പൊന്നാനിയിലെ കലാസാഹിത്യപ്രവർത്തനങ്ങൾക്ക് രാഷ്ട്രീയവും സാമൂഹികവുമായ പ്രസ്ഥാനങ്ങളുമായി കൊടുക്കൽവാങ്ങലുകൾ സജീവമായി നിലനിന്നിരുന്നു. പൊന്നാനിയിലെ നാടകത്തിലും സാഹിത്യത്തിലും നവോത്ഥാനം, ദേശീയപ്രസ്ഥാനം, തൊഴിലാളിപ്രസ്ഥാനം എന്നിവയുടെ ആശയങ്ങൾ

കാണാനാകും. ഇതേ സാഹിത്യസൃഷ്ടികളെ സാമൂഹിക പ്രസ്ഥാനങ്ങൾ അവരുടെ ആശയപ്രചാരണത്തിനായും ഉപയോഗിച്ചിരുന്നു.

- ♦ പോർച്ചുഗീസുകാരുടെ വരവുമുതൽ തുടങ്ങുന്ന സാമ്രാജ്യത്വ വിരുദ്ധസമരങ്ങളുടെ തുടർച്ചയാണ് പൊന്നാനിയിലെ ദേശീയപ്രസ്ഥാനം. ഗാന്ധിജിയുടെ വരവിനുശേഷം കോൺഗ്രസ്സിനകത്ത് സംഭവിച്ച വ്യത്യാസങ്ങൾ ഇവിടേയും സ്വാധീനിച്ചു. മുസ്ലീംഭൂരിപക്ഷപ്രദേശമാകയാൽ ഖിലാഫത്ത്പ്രസ്ഥാനത്തിനും പൊന്നാനിയിൽ വേരോട്ടമുണ്ടായി.

- ♦ മലബാർ ലഹളക്കാലത്ത് പൊന്നാനികാണിച്ച സംയമനം പ്രസിദ്ധമാണ്. പൊന്നാനിയുടെ മതേതരത്വസ്വഭാവത്തിനപ്പുറം മറ്റുചില കാരണങ്ങൾകൂടി അതിനുപിന്നിലുള്ളതായി നിരീക്ഷിയ്ക്കാവുന്നതാണ്. പൊന്നാനിയിലെ മാപ്പിളമാരിലധികവും കർഷകരോ കർഷകത്തൊഴിലാളികളോ ആയിരുന്നില്ല, അതിനാൽ കാർഷികകലാപമായിരുന്ന മലബാർലഹളയോട് അവർ പുറംതിരിഞ്ഞുനിന്നു. മറ്റൊന്ന് മധ്യവർഗസ്വഭാവമുള്ളവരും ബ്രിട്ടീഷ് പക്ഷപാതികളുമായ സാമുദായികനേതാക്കൾ പൊന്നാനിയിലുണ്ടായിരുന്നു എന്നതാണ്, അവരും കലാപത്തിനെതിരായി നിലപാടെടുത്തു.

- ♦ മധ്യവർഗസ്വഭാവമുള്ള രാഷ്ട്രീയം തൊഴിലാളികളുടെ പ്രശ്നങ്ങളെ വേണ്ടത്ര പരിഗണിക്കാത്ത സാഹചര്യത്തിലാണ് കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ പ്രവർത്തനം ആരംഭിയ്ക്കുന്നത്. പൊന്നാനിയിലെ ബീഡിത്തൊഴിലാളി, മഞ്ചിത്തൊഴിലാളി, കർഷകത്തൊഴിലാളി തുടങ്ങിയവരുടെ സമരങ്ങൾക്ക് നേതൃത്വം നൽകിയാണ് ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടി വളർന്നത്. കലാസാഹിത്യരംഗത്തെ സാധ്യതകളെ രാഷ്ട്രീയപ്രവർത്തനത്തോട് ഉൾച്ചേർത്തതിലും കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വലിയ പങ്കുണ്ട്.

- ♦ ഭൂമിശാസ്ത്രപരമായ സവിശേഷതകൾക്കകത്താണ് പൊന്നാനിയുടെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ സ്വഭാവങ്ങളെല്ലാം ഉരുത്തിരിയുന്നത്. കടലോരം

മത്സ്യബന്ധനത്തിലധിഷ്ഠിതമായ ഒരു ജനത രൂപപ്പെടുന്നതിനും അവിടത്തെ തുറമുഖം മുസ്ലീംമതവ്യാപനം, കച്ചവടത്തിലെ പ്രസിദ്ധി, പുറംലോകവുമായുള്ള വിനിമയങ്ങൾ, വൈദേശികരുമായുണ്ടായ യുദ്ധങ്ങൾ എന്നിവയ്ക്കും ഇവയെല്ലാം ചേർന്ന് സൃഷ്ടിക്കുന്ന സംസ്കാരത്തിനും വഴിവെയ്ക്കുന്നു. പുഴയും കായലും കനാലും ചേർന്നൊരുക്കുന്ന ജലഗതാഗതമാർഗങ്ങൾ ആഭ്യന്തരവാണിജ്യത്തേയും കൃഷിയേയും പരിപോഷിപ്പിയ്ക്കുന്നു.

- വലിയതോതിലുള്ള മുസ്ലീംസമുദായത്തിന്റെ സാന്നിധ്യമാണ് പൊന്നാനിയെ സ്വാധീനിച്ച മറ്റൊരു ഘടകം. പൊന്നാനിയിലെ വൈജ്ഞാനികരംഗത്തേയും കച്ചവടത്തേയും കലാസാഹിത്യങ്ങളേയും ഈ മാപ്പിളസമൂഹം സമ്പുഷ്ട മാക്കിയിട്ടുണ്ട്. ജാതിരഹിതമായ മുസ്ലീംജീവിതം പ്രദേശത്തെ കീഴാളജനതയുമായി വിനിമയങ്ങളിലേർപ്പെടുകയും അറിവിലും സമ്പത്തിലും ഇരുവിഭാഗവും നേടിയ പുരോഗതികൾക്ക് പരസ്പരം വഴിവെയ്ക്കുകയും ചെയ്തു.

- ആചാരപരമായി അയിത്തമോ ജാതിയോ മുസ്ലീങ്ങൾക്കില്ലെങ്കിലും തദ്ദേശീയമായി മറ്റൊരു മേൽകീഴ്ബന്ധത്തെ പൊന്നാനിയിലെ മുസ്ലീങ്ങൾ നിർമ്മിച്ചെടുക്കുന്നുണ്ട്. പണമുള്ളവനും പണമില്ലാത്തവനും തമ്മിലുള്ള അന്തരം തന്നെയായിരുന്നു ഇതിന്നടിസ്ഥാനം. പൊന്നാനിയിലെ കാർഷികമേഖലകളിലെ മുസ്ലീം ഭൂപ്രഭുക്കന്മാരും സവർണരായ ജന്മിമാരുടേതിനു സമാനമായാണ് ജീവിച്ചിരുന്നത്.

- പൊന്നാനിയിലെ മുസ്ലീംമതവ്യാപനം പ്രധാനമായും വൈജ്ഞാനികരംഗത്തിൽ ഊന്നിക്കൊണ്ടുള്ളതായിരുന്നു. ആത്മീയതയോട്ചേർന്നുനിൽക്കുന്ന തനതായൊരു ജീവിതക്രമം വികസിപ്പിക്കാൻ അവർക്കായിരുന്നു. എന്നാലിന്ന് ആ വൈജ്ഞാനിക തലം പൂർണമായും നഷ്ടപ്പെടുകയും മതം കൂടുതൽ പൗരോഹിത്യത്തിനോട് ചേർന്നുനിൽക്കുന്നതായി മാറുകയും ചെയ്തിരിയ്ക്കുന്നു. പൊന്നാനിയിൽ വികസിച്ച തനതുജീവിതത്തെ ആഗോളമായ മുസ്ലീം ജീവിതവുമായി സമീകരിയ്ക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. പൊന്നാനിയിൽ നിന്നുണ്ടായ ഗൾഫ് കുടിയേറ്റവും ഇതിന് വഴിതെളിയിച്ചു.

- മുസ്ലീംമതത്തിലെ ഈ മാറ്റങ്ങൾ സ്ത്രീകളെ പൊതുവിടങ്ങളിൽനിന്നും കൂടുതലായി അകറ്റി. പരമ്പരാഗതതൊഴിലിടങ്ങളിൽ നിന്നും സ്ത്രീകൾ പുറത്തുപോയി. പഴയ തൊഴിലിടങ്ങൾ പുതിയവയ്ക്കു വഴിമാറിയപ്പോൾ അവിടെ പുരുഷന്മാർ മാത്രമായിമാറുകയും സമൂഹമെന്നനിലയ്ക്ക് സ്ത്രീകൾക്ക് പ്രദേശത്തിനകത്ത് തൊഴിലില്ലാതാവുകയും ചെയ്തു.

- പൊന്നാനിയെ സമൂലമായി പരിഷ്കരിച്ച മറ്റൊരുഘടകം കരഗതാഗതത്തിന്റെ വർദ്ധനവാണ്. അതുവഴി കച്ചവടത്തിലും തുടർന്ന് ഉത്പാദനത്തിലും പൊന്നാനി പിന്നോട്ടുപോയി. ഉപഭോഗസ്വഭാവമുള്ള പുതിയകാലത്തെ കച്ചവടരംഗത്ത് മാത്രമാണ് നിലവിൽ പൊന്നാനിയ്ക്ക് പങ്കാളിത്തമുള്ളത്. നാളികേരം, കയർ തുടങ്ങിയവയുടെ ഉത്പാദനവും ഏതാണ്ടില്ലാതായി.

- ഇസ്ലാമിലെ വൈജ്ഞാനികതലവും പൊന്നാനി കേന്ദ്രീകരിച്ചുള്ള കച്ചവടവും ശോഷിച്ചപ്പോൾ കൂട്ടത്തിൽ ഇല്ലാതായത് അറബിമലയാളസാഹിത്യശാഖ കൂടിയാണ്. നിലവിൽ പഴയ കൃതികളുടെ ഓർത്തെടുക്കലുകൾ മാത്രമാണ് പൊന്നാനിയിൽ നിന്നും അറബിമലയാളത്തിൽ നടക്കുന്നത്. പത്തേമാരി തൊഴിലാളികളുടെ ഓർമ്മകളും അവർ പങ്കുവെച്ച സംസ്കാരവും നിലവിൽ പുനരാവിഷ്കാരങ്ങൾ മാത്രമാകുന്നു.

അപഗ്രഥനാത്മകമായ പഠനത്തിലൂടെയും വിശകലനത്തിലൂടെയും ഇത്തരത്തിലുള്ള ഉപദർശനങ്ങളിൽ എത്തിച്ചേരാൻ കഴിയുന്നുണ്ട് എങ്കിലും എടുത്തുപറയേണ്ട ഒരു വസ്തുത കൂടിയുണ്ട്. നഷ്ടപ്പെട്ടുപോയ പഴയകാലത്തെ പലതിനേയും പൈതൃകമായി സംരക്ഷിക്കാനുള്ള ശ്രമങ്ങൾ നിലവിൽ പൊന്നാനിയിൽ നടക്കുന്നുണ്ട്. എന്നാൽ ചരിത്രപരമായും സാമൂഹികമായും പൊന്നാനിയെ തിരിച്ചറിയാതെ നടക്കുന്ന ഈ പ്രവർത്തനങ്ങളെല്ലാം പ്രദർശനപരമായ പ്രവൃത്തികൾ മാത്രമായി മാറുന്നു. നഷ്ടപ്പെട്ടവയെ വീണ്ടെടുക്കുവാനോ പുതിയതൊന്നിനെ സൃഷ്ടിയ്ക്കുവാനോ ഉള്ള ശേഷി ഇതിനില്ലാതാകുന്നു. ചരിത്രപരമായി പൊന്നാനിയുടെ അസ്തിത്വം എന്തായിരുന്നെന്ന തിരിച്ചറിവ് ഈ പ്രതിസന്ധിയെ തരണം ചെയ്യാൻ ആർജിയ്ക്കേണ്ടതായുണ്ട്.

മാനവികമായിട്ടുള്ള എല്ലാ ആശയങ്ങളേയും സ്വീകരിക്കുകയും കാലോചിതമായി പരിഷ്കരിയ്ക്കുകയും ചെയ്ത നാടാണ് പൊന്നാനി. വൈവിധ്യങ്ങൾ വളരെയേറെയുണ്ടാകുകയും അവയെല്ലാം ശക്തമായി നിലനിൽക്കുകയും ചെയ്യുമ്പോൾത്തന്നെ ഇവ തമ്മിലുള്ള വിരുദ്ധതയോ പരസ്പരസംഘർഷങ്ങളോ പൊന്നാനിയിൽ കാണാനാകില്ല. എല്ലാവരേയും ഉൾക്കൊള്ളുകയും ആ കലർപ്പുകളെ തനതുസംസ്കാരമായി മാറ്റുകയും ചെയ്ത ദേശമാണ് പൊന്നാനി. പൊന്നാനി അതിന്റെ ചരിത്രത്തിൽ പൊതുവായി നിലനിർത്തിയ മൂല്യബോധം ഈ ഏകലോകസങ്കൽപമാണ്. ചരിത്രത്തിലും വർത്തമാനത്തിലും അപവാദങ്ങൾ കാണാമെങ്കിലും അതിനെ പരിഷ്കരിയ്ക്കാനുള്ള ആർജവം പൊന്നാനിയ്ക്കുണ്ടായിരുന്നു.

# ഗ്രന്ഥസൂചി

# ഗ്രന്ഥസൂചി


അച്യുതൻ നമ്പൂതിരി, അക്കിത്തം., *പൊന്നാനിക്കളരി,* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1998.

——————. *അക്കിത്തം തെരഞ്ഞെടുത്ത കവിതകൾ*, കോട്ടയം: ഡി സി ബുക്സ്, 2009.

അച്യുതനുണ്ണി, ചാത്തനാത്ത്., രാഘവവാരിയർ, എം. ആർ., (വ്യാഖ്യാ.) *കോകസന്ദേശം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2007.

——————. (വ്യാഖ്യാ.) *ഉണ്ണിച്ചിരുതേവീ ചരിതം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2017.

അപ്പൻ തമ്പുരാൻ, തിരുമനസ്സുകൊണ്ട്., *അഞ്ചാം പാഠം. ബോധിനിപാഠാവലി,* 1932.

അബു, ഓ., *അറബിമലയാളസാഹിത്യചരിത്രം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1970.

അബ്ദുറഹിമാൻകുട്ടി, ടി. വി., *മഊനത്തുൽ ഇസ്ലാം സഭ - ചരിത്രവും വസ്തുതകളും.* പൊന്നാനി: നഫീസ പബ്ലിക്കേഷൻസ്, 2015.

——————. *പൊന്നാനി പൈതൃകവും നവോത്ഥാനവും.* കോഴിക്കോട്: പൂങ്കാവനം ബുക്സ്, 2016.

അബ്ദുറഹ്മാൻ, കെ. വി., *മാപ്പിള ചരിത്രശകലങ്ങൾ.* പൊന്നാനി: മുസ്ലീം സർവീസ് സൊസൈറ്റി, 1998.

അഷ്റഫ്, സി., (എഡി.) *പൊന്നാനി ഒരു ഇതിഹാസപൈതൃകത്തിന്റെ സുവർണരേഖ.* പൊന്നാനി: പൊന്നാനി പൗരസമൂഹസഭ, 2018.

ആദർശ്, സി., *വിഭാവനകൾ, വിനിമയങ്ങൾ, കൊടുങ്ങല്ലൂരിന്റെ വ്യാവഹാരിക ഭൂമിശാസ്ത്രം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2013.

ആനന്ദവല്ലിയമ്മ, കടവനാട്., *ഗുരുദക്ഷിണ.* അയങ്കലം: നവകം പബ്ലിഷേഴ്സ്, 2007.

ഇമ്പിച്ചിബാവ, ഇ. കെ., ''*ശോഭനമായിരുന്ന കാലം", വന്നേരിനാട്,* എഡി. റഹീം, പി.കെ. പെരുമ്പടപ്പ്: ശ്രീ കാട്ടുമാടം നാരായണൻ ഷഷ്ടിപൂർത്ത്യാഘോഷ സമിതി, 1994.

ഇളങ്കോവടികൾ., *ചിലപ്പതികാരം.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1989.

ഉമ്മർകുട്ടി, കെ. എ., “കടലോരജീവിതം, സംസ്കാരം”, എഡി. അഷ്റഫ്, സി. *പൊന്നാനി ഒരു ഇതിഹാസപൈതൃകത്തിന്റെ സുവർണ്ണരേഖ,* പൊന്നാനി: പൊന്നാനി പൗര സമൂഹ സഭ, 2018.

ഉമ്മർകുട്ടി, കെ. എ., “പത്തേമാരിക്കാലം”. എഡി. അഷ്റഫ്, സി; *പൊന്നാനി ഒരു ഇതിഹാസപൈതൃകത്തിന്റെ സുവർണ്ണരേഖ,* പൊന്നാനി: പൊന്നാനി പൗര സമൂഹ സഭ, 2018.

ഉമർഖാസി. *വെളിയങ്കോട് ഹസ്രത്ത് ഉമർഖാസി(റ)യുടെ ജീവചരിത്രവും കൃതികളും.* വെളിയങ്കോട്: വെളിയങ്കോട് മഹല്ല് ജമാഅത്ത് കമ്മറ്റി, 2018.

ഉറൂബ്. *സുന്ദരികളും സുന്ദരന്മാരും,* തൃശൂർ: കറന്റ് ബുക്സ്, 2000.

എഴുത്തച്ഛൻ, തുഞ്ചത്ത്., *അദ്ധ്യാത്മരാമായണം.* തിരുവനന്തപുരം: സായാഹ്ന ഫൗണ്ടേഷൻ, 2013.

എഴുത്തച്ഛൻ, തുഞ്ചത്ത്., *ഹരിനാമകീർത്തനം.* തിരുവനന്തപുരം: സായാഹ്ന ഫൗണ്ടേഷൻ, 2013.

കുട്ടികൃഷ്ണൻ, കടവനാട്., *കടവനാടിന്റെ ഓർമ്മകൾ.* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 2010.

കുട്ടിക്കൃഷ്ണൻ, പി. സി., “പാവങ്ങൾ”, എഡി. റഹീം, പി. കെ. *വന്നേരിനാട്,* പെരുമ്പടപ്പ്: ശ്രീ കാട്ടുമാടം നാരായണൻ ഷഷ്ഠിപൂർത്ത്യാഘോഷ സമിതി, 1994.

കുഞ്ഞഹമ്മദ് പി.പി., “സയ്യിദ് സനാവുല്ലാ മഖ്ദി തങ്ങൾ”, എഡി. റഹീം, പി. കെ. *വന്നേരിനാട്,* പെരുമ്പടപ്പ്: ശ്രീ കാട്ടുമാടം നാരായണൻ ഷഷ്ഠിപൂർത്ത്യാഘോഷ സമിതി, 1994.

കുറുപ്പ്. കെ. കെ. എൻ., *പ്രാദേശികചരിത്രം രചനയും രീതിശാസ്ത്രവും.* തൃശൂർ: കേരള സാഹിത്യ അക്കാദമി, 2018.

കൃഷ്ണവാരിയർ, എൻ. വി., മുഹമ്മദ്കുഞ്ഞി, പി. കെ. *മ്മീം മോളും.* എനാമാക്കൽ, എസ്. മലബാർ: ആമിന ബുക് സ്റ്റാൾ, 1952.

—————————. *പോർച്ചുഗീസ് അധിനിവേശവും കുഞ്ഞാലി മരയ്ക്കാർമാരും.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2019.

ഗോപാലൻകുട്ടി, കെ., *മലബാർ പഠനങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2007.

ഗോവിന്ദൻ, എം., *എം ഗോവിന്ദന്റെ കവിതകൾ.* കോട്ടയം: ഡി സി ബുക്സ്, 2017.

ഗോവിന്ദൻ നായർ, ഇടശ്ശേരി., *ഇടശ്ശേരിക്കവിതകൾ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2012.

ഗോവിന്ദൻ നായർ, ഇടശ്ശേരി., *കൂട്ടുകൃഷി.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1955.

ഗോവിന്ദപ്പിള്ള, പി., "വെളിച്ചം നിറഞ്ഞ പുതുവഴി", എഡി. എൻ. എം. നമ്പൂതിരി; ശിവദാസ്, പി. കെ. *കേരളചരിത്രത്തിലെ നാട്ടുവഴികൾ*, കോട്ടയം: ഡി സി ബുക്സ്, 2009.

——————————. *വൈജ്ഞാനിക വിപ്ലവം ഒരു സാംസ്കാരിക ചരിത്രം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014.

ചെറിയ നാരായണൻ നമ്പൂതിരി. *ആൽബത്തിലെ ഓർമ്മകൾ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2015.

ജലീൽ, കെ. ടി., *മലബാർ കലാപം ഒരു പുനർവായന.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2016.

ടി. എച്ച്. പി. ചെന്താരശ്ശേരി., *കേരളചരിത്രം സത്യവും മിഥ്യയും.* തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്, 2016.

——————————. *കേരളചരിത്രധാര.* തിരുവനന്തപുരം: മൈത്രി ബുക്സ്, 2018.

ദാസൻ. "ആഴ്വാഞ്ചേരി തമ്പ്രാക്കൾ", എഡി. റഹീം, പി. കെ. *വന്നേരിനാട്,* പെരുമ്പടപ്പ്: ശ്രീ കാട്ടുമാടം നാരായണൻ ഷഷ്ടിപൂർത്ത്യാഘോഷ സമിതി, 1994.

ദിരാർ, വി. എച്ച്., *നാടൻ ശാസ്ത്രസാങ്കേതിക പാരമ്പര്യം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013.

ദിലീപ്കുമാർ, കെ. വി., "അങ്ങാടിപ്പെരുമ അഥവാ ഉപഭോഗത്തിന്റെ ചരിത്രം", എഡി. എൻ. എം. നമ്പൂതിരി; ശിവദാസ്, പി. കെ. *കേരളചരിത്രത്തിലെ നാട്ടുവഴികൾ*, കോട്ടയം: ഡി സി ബുക്സ്, 2009.

ദേവൻ, എം. വി., "കെ. സി. എസ്. പണിക്കർ", എഡി. റഹീം, പി. കെ. *വന്നേരിനാട്,* പെരുമ്പടപ്പ്: ശ്രീ കാട്ടുമാടം നാരായണൻ ഷഷ്ടിപൂർത്ത്യാഘോഷ സമിതി, 1994.

നമ്പൂതിരി. ഏ.പി.പി., നമ്പൂതിരി സമുദായവിപ്ലവത്തിന്റെ ഈറ്റില്ലം, എഡി. റഹീം.പി.കെ. *വന്നേരിനാട്,* പെരുമ്പടപ്പ്: ശ്രീ കാട്ടുമാടം നാരായണൻ ഷഷ്ടിപൂർത്ത്യാഘോഷ സമിതി, 1994.

നമ്പൂതിരി. എൻ.എം., കേരളസംസ്കാരം അകവും പുറവും. മലപ്പുറം: കാലിക്കറ്റ് സർവ്വകലാശാല, 2003.

നമ്പൂതിരി. എൻ.എം., *മലബാർ പഠനങ്ങൾ - സാമൂതിരിനാട്.* തിരുവനന്തപുരം: കേരള

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2007.

————————. *മാമാങ്കം രേഖകൾ.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2018.

————————. *വെള്ളയുടെ ചരിത്രം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2017.

————————. ശിവദാസ്, പി. കെ., *കേരളചരിത്രത്തിലെ നാട്ടുവഴികൾ.* കോട്ടയം: ഡി സി ബുക്സ്, 2009.

നമ്പൂതിരിപ്പാട്. പി.സി.കെ., "ചേന്നാസ് നാരായണൻ നമ്പൂതിരി", എഡി. റഹീം, പി. കെ. *വന്നേരിനാട്,* പെരുമ്പടപ്പ്: ശ്രീ കാട്ടുമാടം നാരായണൻ ഷഷ്ടിപൂർത്ത്യാഘോഷ സമിതി, 1994.

നാരായണപിള്ള, പി.കെ., *പദ്യരത്നം.* തിരുവനന്തപുരം: കേരള സർവ്വകലാശാല പ്രസിദ്ധീകരണവകുപ്പ്, 1971.

നാരായണമേനോൻ, വള്ളത്തോൾ., *സാഹിത്യമഞ്ജി 9-ാം ഭാഗം.* ചെറുതുരുത്തി: വള്ളത്തോൾ ഗ്രന്ഥാലയം, 1969.

————————. *സാഹിത്യമഞ്ജരി സമ്പൂർണം.* കോട്ടയം: ഡി സി ബുക്സ്, 2003.

————————. *വള്ളത്തോൾ കവിതകൾ.* കോട്ടയം: ഡി സി ബുക്സ്, 2011.

നാരായണൻ, ഇ., *ഇടയന്റെ നിക്ഷേപം.* തൃശൂർ: കേരള സാഹിത്യ അക്കാദമി, 2009.

നീലകണ്ഠശാസ്ത്രികൾ, കെ. എ., *ദക്ഷിണഭാരതചരിത്രം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1975.

പണിക്കൻ, ആർ. സി., *"കോടത്തൂർ പണിക്കന്റെ കളരിയും പണിക്കസ്ഥാനവും", വന്നേരിനാട്,* റഹീം, പി. കെ; (എഡി.) പെരുമ്പടപ്പ്: ശ്രീ കാട്ടുമാടം നാരായണൻ ഷഷ്ടിപൂർത്ത്യാഘോഷ സമിതി, 1994.

പത്മനാഭമേനോൻ, പി.കെ., *കൊച്ചിരാജ്യചരിത്രം.* കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് ഹൗസ്, 1989.

പത്മനാഭൻ നായർ, പി. കെ., *എരിത്രിയൻ കടലിലൂടെയുള്ള കപ്പൽയാത്ര.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1982.

പരമേശ്വരൻപിള്ള, വി. ആർ., *പുറനാനൂറ്.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1969.

പ്രമോദ് ദാസ്, എൻ., (എഡി.) *ഇമ്പിച്ചിബാവ ഒരു ഓർമ്മപ്പുസ്തകം.* കോഴിക്കോട്:

നീലാംബരി, 2012.

ബഷീർ, ചുങ്കത്തറ., "മലപ്പുറത്തിന്റെ നാടകപാരമ്പര്യം", എഡി. മണമ്പൂർ രാജൻ ബാബു. *മലപ്പുറം ഗരിമ,* മലപ്പുറം: പുരോഗമനകലാസാഹിത്യസംഘം, 2014.

ബാബു, ഐ.വി., *കേരളീയനവോത്ഥാനവും നമ്പൂതിരിമാരും.* കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം, 2017.

ബുക്കാനൻ, ഫ്രാൻസിസ്., *ഫ്രാൻസിസ് ബുക്കാനന്റെ കേരളം.* കരീം, സി. കെ; (വിവ.), തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1981.

ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, മോഴികുന്നത്ത്., *ഖിലാഫത്ത് സ്മരണകൾ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2015.

ഭട്ടതിരിപ്പാട്. എം.ആർ, *മറക്കുടക്കുള്ളിലെ മഹാനരകം.* തൃശൂർ: കറന്റ് ബുക്സ്, 1958.

ഭട്ടതിരിപ്പാട്. വി. ടി, "നാലപ്പാട്-ഒരു ഉൽപതിഷ്ണു", എഡി. റഹീം, പി. കെ. *വന്നേരിനാട്,* പെരുമ്പടപ്പ്: ശ്രീ കാട്ടുമാടം നാരായണൻ ഷഷ്ടിപൂർത്ത്യാഘോഷ സമിതി, 1994.

ഭാസ്കരനുണ്ണി. *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം.* തൃശൂർ: കേരള സാഹിത്യ അക്കാദമി, 1988.

———————. *കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ.* തൃശൂർ: കേരള സാഹിത്യ അക്കാദമി, 2006.

മലയാളി. ഏ. ഏ., "പി. കൃഷ്ണപ്പണിക്കർ", എഡി. റഹീം, പി. കെ. *വന്നേരിനാട്,* പെരുമ്പടപ്പ്: ശ്രീ കാട്ടുമാടം നാരായണൻ ഷഷ്ടിപൂർത്ത്യാഘോഷ സമിതി, 1994.

മുകുന്ദൻ കുറുപ്പ്., *കേരളസംസ്കാരചരിത്രം ബ്രാഹ്മണഗ്രാമങ്ങളിലൂടെ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2018.

മുജീബ് റഹ്മാൻ, എം. പി., "മൈസൂരിന്റെ പടയോട്ടം", എഡി. അഷ്റഫ്, സി. *പൊന്നാനി ഒരു ഇതിഹാസപൈതൃകത്തിന്റെ സുവർണരേഖ*, പൊന്നാനി: പൊന്നാനി പൗരസമൂഹസഭ, 2018.

മുഹമ്മദ്കുഞ്ഞി, പി. കെ., *മ്മീം മോളും.* ഏനാമാക്കൽ, എസ്. മലബാർ: ആമിന ബുക്സ്റ്റാൾ, 1952.

———————. *മുസ്ലിമിങ്ങളും കേരളസംസ്കാരവും.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1982.

മുഹമ്മദ്, കെ. എം., *അറബി സാഹിത്യത്തിന് കേരളത്തിന്റെ സംഭാവന.* തിരൂരങ്ങാടി: അഷ്റഫി ബുക് സെന്റർ, 2012.

മുഹമ്മദ് മരയ്ക്കാർ, പി. വി., “കുഞ്ഞാലിമരയ്ക്കാരുടെ ജന്മഗൃഹം”, എഡി. എൻ. എം. നമ്പൂതിരി; ശിവദാസ്, പി. കെ. *കേരളചരിത്രത്തിലെ നാട്ടുവഴികൾ*, കോട്ടയം : ഡി സി ബുക്സ്, 2009.

മോഹനകൃഷ്ണൻ, കാലടി., *പാലൈസും മഴപ്പൊട്ടനും.* കോട്ടയം: ഡി സി ബുക്സ്, 2019.

രമേശൻ നായർ, എസ്., *ചിലപ്പതികാരം* (വിവ.), തൃശൂർ: കറന്റ് ബുക്സ്, 1978.

രവീന്ദ്രൻ, പി. പി., *സംസ്കാരപഠനം ഒരു ആമുഖം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2013.

രാഘവവാരിയർ, എം. ആർ., *മധ്യകാല കേരളം: സമ്പത്ത്, സമൂഹം, സംസ്കാരം.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1997.

————————. *സ്ഥാനാരോഹണം: ചടങ്ങുകൾ.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2004.

രാജൻ, കെ. പി., “പൊന്നാനിയിലെ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ചരിത്രം”, എഡി. അഷ്റഫ്, സി. *പൊന്നാനി ഒരു ഇതിഹാസപൈതൃകത്തിന്റെ സുവർണരേഖ*, പൊന്നാനി: പൊന്നാനി പൗരസമൂഹസഭ, 2018.

രാജൻ, ഗുരുക്കൾ., രാഘവവാര്യർ, എം. ആർ., *കേരളചരിത്രം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 1992.

രാജഗോപാലൻ, ഇ. പി., “കെ ദാമോദരൻ, ഇടശ്ശേരി, (പാട്ടബാക്കിയും കൂട്ടുകൃഷിയും)”, എഡി. പന്മന രാമചന്ദ്രൻ നായർ. *നാടകപഠനങ്ങൾ,* പൂജപ്പുര: പി കെ പരമേശ്വരൻ നായർ ട്രസ്റ്റ്, 2013.

രാധാകൃഷ്ണൻ, സി., *പുഴമുതൽ പുഴവരെ.* കൊച്ചി: ഹൈ-ടെക് ബുക്സ്, 2015.

രാമചന്ദ്രൻ, കവടിയാർ., (സമ്പാ.) *ഇടശ്ശേരിക്കവിത.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2004.

രാമചന്ദ്രൻ, പി. പി., *രണ്ടായ് മുറിച്ചത്.* തൃശൂർ: കറന്റ് ബുക്സ്, 2005.

രാമനുണ്ണി, കെ. പി., *സൂഫി പറഞ്ഞ കഥ.* കോട്ടയം : ഡി സി ബുക്സ്, 2019.

ലീലാകൃഷ്ണൻ, ആലങ്കോട്., *സൈബർ നിലാവ്.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2011.

ലീലാവതി, എം., *അസുരവിത്ത് ഒരു പഠനം.* കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2008.

ലോഗൻ, വില്യം., *മലബാർ മാന്വൽ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2014.

വസന്തൻ, എസ്. കെ., *നമ്മൾ നടന്ന വഴികൾ – കേരളചരിത്രവും സംസ്കാരവും.* തൃശ്ശൂർ: മലയാളപഠനഗവേഷണകേന്ദ്രം, 2011.

വിജയകുമാർ, മേനോൻ., "ചന്തലാവണ്യം", എഡി. സി.ആർ. രാജഗോപാലൻ. *നാട്ടുചന്തകൾ*, കോട്ടയം: ഡി.സി. ബുക്സ്, 2008.

—————. *വി ടിയുടെ സമ്പൂർണകൃതികൾ.* കോട്ടയം: ഡി സി ബുക്സ്, 1997.

വിശ്വനാഥൻമേനോൻ, പി., *അകനാനൂറ്.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1981.

വേണുഗോപാലൻ, ടി. ആർ., *സമ്പത്തും അധികാരവും തൃശ്ശൂരിൽനിന്നുള്ള ഒരു കാഴ്ച.* തൃശൂർ: കറന്റ് ബുക്സ്, 2012.

വേലായുധൻ, പണിക്കശ്ശേരി., *സഞ്ചാരികളും ചരിത്രകാരന്മാരും (ഒന്നാം ഭാഗം).* കോട്ടയം: നാഷനൽ ബുക്ക്സ്റ്റാൾ, 1984.

—————. *സഞ്ചാരികളും ചരിത്രകാരന്മാരും (രണ്ടാം ഭാഗം).* കോട്ടയം: നാഷനൽ ബുക്ക്സ്റ്റാൾ, 1985.

—————. *കേരളചരിത്രം.* കോട്ടയം: ഡി സി ബുക്സ്, 2008.

—————. *പോർട്ടുഗീസ്-ഡച്ച് ആധിപത്യം കേരളത്തിൽ.* കോട്ടയം: കറന്റ് ബുക്സ്, 2009.

ശശിധരൻ, കെ. എസ്., "ചെറായിക്കളരി", എഡി. റഹീം, പി. കെ. *വന്നേരിനാട്,* പെരുമ്പടപ്പ്: ശ്രീ കാട്ടുമാടം നാരായണൻ ഷഷ്ടിപൂർത്ത്യാഘോഷ സമിതി, 1994.

ശിവരാമൻ, കൂമുള്ളി., (എഡി.) *അക്കിത്തത്തിന്റെ ലോകം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2006.

ഷെബീൻ, മഹ്ബൂബ്., *കടൽ പാടിയ പാട്ടുകൾ.* നിലമ്പൂർ: പെൻഡുലം ബുക്സ്, 2018.

ഷൗക്കത്തലിഖാൻ. *വന്നേരിയുടെ വഴിയടയാളങ്ങൾ – മലബാറിന്റെ പ്രതിരോധ പാഠങ്ങൾ.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2014.

സിദ്ധീഖ് അഹ്സനി, ടി. ടി., *മഖ്ദൂമും ചരിത്രവും.* പൊന്നാനി: മഖ്ദൂമിയ ബുക്ക്സ്റ്റാൾ, 2016

സുലോചന, നാലാപ്പാട്ട്., (എഡി.) *ബാലാമണി അമ്മയുടെ കവിതകൾ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2005.

സൈനുദ്ദീൻ മഖ്ദൂം, ശൈഖ്., *കേരളം 15, 16 നൂറ്റാണ്ടുകളിൽ.* വേലായുധൻ പണിക്കശ്ശേരി; (വിവ.), കോട്ടയം: കറന്റ് ബുക്സ്, 2015.

സൈനുദ്ദീൻ മഖ്ദൂം, ശൈഖ്., *തുഹ്ഫത്തുൽ മുജാഹിദീൻ.* ഹംസ, സി. (പരി.), കോഴിക്കോട്: അൽഹുദാ ബുക്സ്റ്റാൾ, 2017.

— — —; *സംസ്കാരപഠനം - ചരിത്രം, സിദ്ധാന്തം, പ്രയോഗം*, മലയാളപഠന സംഘം, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2017.

ഹരി, ആനന്ദകുമാർ., *കാറ്റന്റകത്ത് മാമുവിന്റെ കടലനുഭവങ്ങൾ.* കണ്ണൂർ: കൈരളി ബുക്സ്, 2013.

ഹരിദാസ്, വി. വി., *സാമൂതിരിപ്പെരുമ.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2012.

————————. *സാമൂതിരികാലത്തെ കോഴിക്കോട് - കഥയും ചരിത്രവും.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 2018.

ഹുസൈൻ രണ്ടത്താണി. *മഖ്ദൂമും പൊന്നാനിയും.* കോഴിക്കോട്: പൂങ്കാവനം ബുക്സ്, 2014.

റഹീം, പി. കെ., (എഡി.), *വന്നേരിനാട്.* പെരുമ്പടപ്പ്: ശ്രീ കാട്ടുമാടം നാരായണൻ ഷഷ്ഠിപൂർത്ത്യാഘോഷ സമിതി, 1994.

റെയ്മൺ, എസ്., (എഡി.), *പെരുമ്പടപ്പ് ഗ്രന്ഥവരി.* തിരുവനന്തപുരം: സംസ്ഥാനപുരാരേഖാവകുപ്പ്, കേരളസർക്കാർ, 2005.

## English

Bahauddin, K. M., *Kerala Muslims History a Revisit.* Calicut: Other Books, 2012.

Champakalakshmi, R., *Trade, Ideology and Urbanization*. Oxford: Oxford University Press, 1999.

Ganesh, K. N., *Reflection on Pre Modern Kerala*. Thrissur : CosmoBooks, 2016.

Krishna Ayyar, K. V., *Zamorins of Calicut.* Calicut : Publication Division University of Calicut, 1999.

More, J. B. P., *Origin and Early History of the Muslims of Kerala 700 AD - 1600 AD.* Calicut: Other Books, 2011.

Narayanan, M. G. S., *Perumals of Kerala.* Thrissur : Cosmo Publications, 2013.

Neelakanta Sasthri, K.A., *Foreign Notices of South India from Megasthenes to Mahuan*, Kollam: Madras University, Madras, 2001.

Rahman, H. M., *Traditional Muslim Tarawads of Ponnani Town*. Unpublished B.Arch Dissertation, School of Architecture, Thrissur: GEC Thrissur, 2016.

Raghava Varrier, M. R., *Coins and Money use in Medievel Kerala 800-1500.* Ed. C.K. Kareem. Golden Jubilee Souviner of the Kerala History Association.

Rajan Gurukkal., Raghava Varier, M. R., *Cultural History of Kerala.* Tiruvananthapuram:Dept. of Cultural Publication, Govt. of Kerala, 1999.

Shinas, A. M., Vincent, P. J., *Local History - Quest for Theories and Method.* Kottayam: Sahithya Pravarthaka Co-operative Society Ltd, 2016.

Sreedhara Menon, A., *Kerala History & It's Makers*. Kottayam : DC Books, 2008.

**ആനുകാലികങ്ങൾ**

അജിത്കുമാർ, കെ. കെ., "പൊന്നാനിയിൽ നിന്ന് വന്ന ഭൂതം", *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 81(10), 2003 ഏപ്രിൽ 27.

അനിലാൽ, വി., "മുമ്പേ നടന്ന ഒരു പൊന്നാനിക്കാരൻ", *കുങ്കുമം,* 29(22), 1994 ജനുവരി 23.

അബ്ദുറഹിമാൻകുട്ടി, ടി. വി., "പൊൻവാനി ഒഴുകിയ നാട്-പൊന്നാനി", *വിജ്ഞാന കൈരളി,* 46(7), 2015 ജൂലൈ 5.

അഷ്റഫ്, സി., "കാലരാശിയിലെ സുവർണ്ണവെളിച്ചത്തിൽ ഒരു അധീതദേശം", *മാധ്യമം ഓണപ്പതിപ്പ്*, 2008.

അഹമ്മദ്, ഇ., "അറബിമലയാളത്തിന്റെ ഈടുവെപ്പുകൾ", *സമകാലികജനപദം*, 11(4), 2014 ഡിസംബർ.

അഹമ്മദ്കുട്ടി, ഇ. കെ., "മലയാളത്തിന് അറബിഭാഷയുടെ സംഭാവനകൾ", *ചന്ദ്രിക ആഴ്ചപ്പതിപ്പ്,* 42(2021), 1999 ജനുവരി 2.

ടി. കെ പൊന്നാനി., "സാംസ്കാരികനവോത്ഥാനത്തിലെ പൊന്നാനി", *ചന്ദ്രിക ആഴ്ചപ്പതിപ്പ്,* 45(2021), 1999 ജനുവരി 4.

തിലക്, പി. കെ., "എം ഗോവിന്ദന്റെ പൊന്നാനി", *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 95(36), 2017 നവംബർ 19.

നമ്പൂതിരി, ആർട്ടിസ്റ്റ്., "ജീവിതത്തിന്റെ നിറങ്ങൾ", *ഭാഷാപോഷിണി വാർഷികപ്പതിപ്പ്,* 38(6), 2014 ജൂൺ.

നയനതാര, എൻ. ജി., "പൊന്നാനി പറഞ്ഞ കഥ", *ഇന്ത്യ ടുഡേ*, 22(43), 2011 ഒക്ടോബർ 26

നാരായണൺ, പി. എം., "ഇടശ്ശേരിയുടെ പൊന്നാനിത്തം", *ഗ്രന്ഥാലോകം*, 56(7), 2004 ജൂലൈ.

രാജകൃഷ്ണൻ, വി., "പൊന്നാനിക്കാരന്റെ മനോരാജ്യത്തിലെ ചമയത്തെക്കുറിച്ച്", *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 95(5), 2017 ഏപ്രിൽ 6.

ലീലാകൃഷ്ണൻ, ആലങ്കോട്., "പൊന്നാനിക്കളരിയുടെ കാവൽക്കാരൻ", *സമകാലിക മലയാളം ഓണപ്പതിപ്പ്,* 2010.

ശങ്കരൻ, കെ. പി., "ഉറൂബിന്റെ കഥാലോകംഃ പൊന്നാനികളരിയുടെ കരുത്തുറ്റ പൊടിപ്പ്", *കവനകൗമുദി*, 2012 ഓഗസ്റ്റ്-ഒക്ടോബർ.

ശ്യാംകൃഷ്ണൻ, പി. കെ., "കരയറിയാത്ത കടലറിവുകൾ", *സമകാലികമലയാളം*, 10(21). 2006 ഒക്ടോബർ 6.

ശശിഭൂഷൺ, എം. ജി., "ദേശചരിത്രത്തിന്റെ പുനർവായന", *സാഹിത്യപോഷിണി,* 16(5), 2016 മെയ്.

ഷൗക്കത്തലിഖാൻ., "പൂതപ്പാട്ടുകാരന്റെ കൂട്ടുകാർ", *ദേശാഭിമാനി വാരിക*, 43(38), 2012 ഫെബ്രുവരി 12.

സത്യൻ മാടക്കര., "ചിന്തയുടെ വേഗം നേടിയ പൊന്നാനിക്കാരൻ", *മാധ്യമം ദിനപ്പത്രം വാരാദ്യം*, 1989 മാർച്ച് 5.

സന്തോഷ്കുമാർ, ടി. കെ., "പൊന്നാനിക്കളരി", *കലാകൗമുദി*, 12(27), 1999 മാർച്ച് 14.

സുകുമാരൻ, പി., "ഉറൂബും പൊന്നാനിക്കളരിയും", *സാഹിത്യലോകം,* 24(4), 1999 ജൂലൈ-ആഗസ്റ്റ്.

സുനിൽ, കെ. ആർ., "പൊന്നാനിയിലെ കാലവും ജീവജാലങ്ങളും", *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 94(51), 2017 മാർച്ച് 5.

റഫീഖ്, പട്ടേരി., "പൊന്നാനി", *മാധ്യമം ആഴ്ചപ്പതിപ്പ്,* 19(990), 2017 ഫെബ്രുവരി 20.

## വെബ്സൈറ്റ്

ആലങ്കോട് ലീലാകൃഷ്ണൻ, 2016, നമ്മുടെ കവികൾ20-/, http://www.mutemini.me/2016/07/20_13.html?m=1

## ആവേദകസൂചി

1. അബൂബക്കർ, ആലിയാമാക്കാന്റകത്ത്, മരക്കടവ്, പൊന്നാനി, 67 വയസ്സ്, മത്സ്യ ത്തൊഴിലാളി.
2. അബ്ദുറഹിമാൻ, പുതിയപുര വീട്, അഴീക്കൽ, പൊന്നാനി, 72 വയസ്സ്, പത്തേമാരിത്തൊഴിലാളി.
3. അബ്ദുറഹിമാൻകുട്ടി മാസ്റ്റർ ടി. വി., അൽഫത്താഹ്, പൊന്നാനി സൗത്ത്, 74 വയസ്സ്, റിട്ട. അദ്ധ്യാപകൻ.
4. അമീൻ ഹൈദ്രോസ് തങ്ങൾ, വലിയജാറം, പൊന്നാനി, 50 വയസ്സ്, മാനേജർ, വലിയ ജാറം.
5. ആമിനു, കണ്ടത്തുവീട്ടിൽ പുതിയനാലകം, പൊന്നാനി, 82 വയസ്സ്.
6. ആറ്റബീവി, വലിയജാറം, 65 വയസ്സ്, പൊന്നാനി.
7. ആറ്റുണ്ണി തങ്ങൾ, പുത്തൻമാളിയേക്കൽ, വെളിയംങ്കോട്, 42 വയസ്സ്, പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പെരുമ്പടപ്പ്, പെരുമ്പടപ്പ്.
8. ഇന്ദിര പി., തെഞ്ചേരി ഇല്ലം, തൃക്കാവ്, പൊന്നാനി, 50 വയസ്സ്, എഞ്ചിനീയർ.
9. ഇമ്പിച്ചിക്കോയ, കൗട്യാമാക്കാനകം, പൊന്നാനി, 54 വയസ്സ്, കോളേജ് അധ്യാപകൻ.
10. ഇമ്പിച്ചിബീവി ഷെരീഫ, കൗട്യാമാക്കാനകം, പൊന്നാനി, 73 വയസ്സ്, വീട്ടമ്മ.
11. ഉമ്പായി, സ്രാങ്കിന്റകത്ത്, മരക്കടവ്, പൊന്നാനി, 84 വയസ്സ്, പത്തേമാരിസ്രാങ്ക്.
12. കറപ്പു എം, മേലാറയിൽ വീട്, മാറഞ്ചേരി, പൊന്നാനി, 73 വയസ്സ്, റിട്ട. ഉദ്യോഗസ്ഥൻ.
13. കുഞ്ഞൻബാവ, ഫാറൂക്കാന്റകത്ത്, മരക്കടവ്, പൊന്നാനി, 63 വയസ്സ്, മത്സ്യ ത്തൊഴിലാളി.
14. കുഞ്ഞിബാവ, ബീരാൻകുട്ടിനകത്ത്, അഴീക്കൽ, പൊന്നാനി, 77 വയസ്സ്, പത്തേമാരി ത്തൊഴിലാളി.
15. കുഞ്ഞുമുഹമ്മദ്, പരിയാമാക്കര വീട്, അഴീക്കൽ, പൊന്നാനി, 67 വയസ്സ്, പത്തേമാരി സ്രാങ്ക്.
16. കുമാരൻ, കൊളത്തേരി വീട്, മൂക്കുതല, 80 വയസ്സ്, കർഷകത്തൊഴിലാളി.
17. കൃഷ്ണകുമാർ മാസ്റ്റർ, എ.വി. ഹൈസ്കൂൾ പൊന്നാനി, 50 വയസ്സ്, അധ്യാപകൻ.
18. കൃഷ്ണൻകുട്ടി, തേറ്റിൻഞ്ചേരി വീട്, ഈഴവത്തിരുത്തി, പൊന്നാനി, 82 വയസ്സ്.
19. ഖദീജ, പടിഞ്ഞാറകം എന്ന കൊല്ലാനകം, 87 വയസ്സ്, പൊന്നാനി.

20. ഖലീമുദ്ദീൻ പി കെ, പടിഞ്ഞാറകം എന്ന കൊല്ലാനകം, പൊന്നാനി, 42 വയസ്സ്, വക്കീൽ.
21. ഗണേശൻ, കുണ്ടുകടവിൽ വീട്, കടവനാട്, പൊന്നാനി, 65 വയസ്സ്, ഐവർകളി കലാകാരൻ.
22. ചന്ദ്രൻ, കരുവടിയിൽ വീട്, കടവനാട്, പൊന്നാനി, 74 വയസ്സ്, കയർത്തൊഴിലാളി.
23. ചീരു, പൂരത്തറയിൽ വീട്, ഈശ്വരമംഗലം, പൊന്നാനി, 82 വയസ്സ്, പറയസമുദായത്തിന്റെ പരമ്പരാഗതതൊഴിലായ മുളയുത്പന്നങ്ങളുടെ നിർമ്മാണം.
24. ജമീല, പടിഞ്ഞാറകം എന്ന കൊല്ലാനകം, 55 വയസ്സ്, പൊന്നാനി.
25. ജയ, കോലോത്തുപടിക്കൽ, പുള്ളുവൻ പടി, എടപ്പാൾ, 37 വയസ്സ്, പുള്ളുവൻപാട്ട് കലാകാരി.
26. ജയൻ, മണ്ണാരുപറമ്പിൽ, വെള്ളാളൂർ, 45 വയസ്സ്, പൂതം-തിറ കലാകാരൻ
27. ജയരാജൻ പി.കെ., പുതുമന വളപ്പിൽ, മൂക്കുതല, 56 വയസ്സ്, എൽ ഐ സി ഏജന്റ്.
28. ജാനകി, മണ്ണാരുപറമ്പിൽ, വെള്ളാളൂർ, 72 വയസ്സ്, വീട്ടമ്മ.
29. നാരായണൻ കെ. ടി., കളത്തിപ്പറമ്പിൽ, കടവനാട്, പൊന്നാനി, 70 വയസ്സ്, റിട്ട. സർക്കാർ ഉദ്യോഗം.
30. നാസർ, ഏഴുപുരയ്ക്കൽ, മരക്കടവ്, പൊന്നാനി, 52 വയസ്സ്, മത്സ്യത്തൊഴിലാളി.
31. നൊട്ടൻ, പൂരത്തറയിൽ, ഈശ്വരമംഗലം, പൊന്നാനി, 80 വയസ്സ്, പറയസമുദായത്തിന്റെ പരമ്പരാഗതതൊഴിലായ മുളയുത്പന്നങ്ങളുടെ നിർമ്മാണം.
32. പരമേശ്വര രാജ, തിരുമനശ്ശേരി കോട്ട, കോട്ടത്തറ, പൊന്നാനി, 85 വയസ്സ്.
33. പാത്താട്ടി, ബീവിന്റകത്ത്, മരക്കടവ്, പൊന്നാനി, 77 വയസ്സ്, മത്സ്യത്തൊഴിലാളി.
34. പി.ടി.എം. ആനക്കര, പുലാക്കൽ തെക്കേതിൽ, മോതൂർ, വട്ടംകുളം, 52 വയസ്സ്, അധ്യാപകൻ, മാപ്പിളകലാ ഗവേഷകൻ, പരിശീലകൻ.
35. പൂവിച്ചി, ബീവിന്റകത്ത്, മരക്കടവ്, പൊന്നാനി, 73 വയസ്സ്, മത്സ്യത്തൊഴിലാളി.
36. പ്രസാദ്, മണ്ണാരുപറമ്പിൽ, വെള്ളാളൂർ, 50 വയസ്സ്, പൂതം-തിറ കലാകാരൻ.
37. ബഷീർ, അലുവക്കാരന്റെ കട, പൊന്നാനി അങ്ങാടി, 67 വയസ്സ്.
38. ഫാത്തിമ, പടിഞ്ഞാറകം എന്ന കൊല്ലാനകം, 67 വയസ്സ്, പൊന്നാനി
39. ഫാത്തിമടീച്ചർ, ലാൽ ഭവൻ, പൊന്നാനി. 72 വയസ്സ്, മുൻ മുൻസിപ്പൽ ചെയർപേഴ്സൺ പൊന്നാനി.

40. ഭാസ്കരൻ, പാണൻവളപ്പിൽ, കാഞ്ഞിരമുക്ക്, മാറഞ്ചേരി, 73 വയസ്സ്, വൈദ്യൻ.
41. മനോഹരൻ മലബാർ, പാണൻവളപ്പിൽ, കാഞ്ഞിരമുക്ക്, മാറഞ്ചേരി, 70 വയസ്സ്, കലാകാരൻ.
42. മാജിത, പടിഞ്ഞാറകം എന്ന കൊല്ലാനകം, പൊന്നാനി, 40 വയസ്സ്, വക്കീൽ.
43. മാമുട്ടി, തെക്കേവീട്ടിൽ, മരക്കടവ്, പൊന്നാനി, 84 വയസ്സ്, മത്സ്യത്തൊഴിലാളി.
44. മുംതാസ്, കോടമ്പിയകം ഹസൻമൻസിൽ, പൊന്നാനി, 62 വയസ്സ്.
45. മൊയ്തീൻകുട്ടി, കാദളാനകത്ത് വീട്, അഴീക്കൽ, പൊന്നാനി, 64 വയസ്സ്, പത്തേമാരി ത്തൊഴിലാളി.
46. രവീന്ദ്രൻ നമ്പൂതിരി, നാറാത്ത്മന, എടപ്പാൾ, 67 വയസ്സ്, ഡോക്ടർ.
47. രാജൻ കെ.പി., കല്ലേപ്പറമ്പിൽ, മാറഞ്ചേരി, 59 വയസ്സ്, പൊതുപ്രവർത്തകൻ.
48. രാജേഷ്, വൈദ്യമഠം, മേഴത്തൂർ, 50 വയസ്സ്.
49. വാസു എ.പി., അല്ലിപ്പറമ്പിൽ, മാറഞ്ചേരി, 66 വയസ്സ്, പൊതുപ്രവർത്തകൻ.
50. വാസുദേവൻ നമ്പൂതിരി, കുറുങ്ങാട്ട് മന, പോത്തനൂർ, 45 വയസ്സ്, സർക്കാർ ഉദ്യോഗസ്ഥൻ.
51. വാസുദേവൻ നമ്പൂതിരി, മയിലങ്കോട്മന, മാറഞ്ചേരി, 60 വയസ്സ്, പൊതുപ്രവർത്തകൻ
52. വാസുപുള്ളുവൻ, കോലോത്തുപടിക്കൽ, പുള്ളുവൻപടി, എടപ്പാൾ, 67 വയസ്സ്, പുള്ളുവൻപാട്ട് കലാകാരൻ.
53. ശങ്കരനാരായണൻ നമ്പൂതിരി, കവുപ്രമാറാത്ത്, ശുകപുരം, എടപ്പാൾ, 50 വയസ്സ്, വൈദികവൃത്തി.
54. ശിവദാസ് ആറ്റുപുറത്ത്, ആറ്റുപുറം വീട്, പൊന്നാനി, 57 വയസ്സ്, റിട്ട. ഉദ്യോഗസ്ഥൻ.
55. ഷൺമുഖൻ, മാണുപ്പറമ്പിൽ, വടമുക്ക്, മാറഞ്ചേരി, 72 വയസ്സ്, വാദ്യകലാകാരൻ.
56. ഷെറീഫാബീവി, വലിയജാറം, 52 വയസ്സ്, പൊന്നാനി.
57. സതി, കക്കാട്ട് വീട്, പൊന്നാനി, 57 വയസ്സ്, നായാടി സമൂഹത്തിന്റെ പരമ്പരാഗത തൊഴിൽ.
58. സന്തോഷ്, ഇല്ലത്തുപറമ്പിൽ, ആലങ്കോട്, 37 വയസ്സ്, പാനകലാകാരൻ.
59. സാവിത്രി, കക്കാട്ട് വീട്, പൊന്നാനി, 74 വയസ്സ്.
60. സിദ്ദിക്കുട്ടി, ചേരിന്റകത്ത് വീട്, അഴീക്കൽ, പൊന്നാനി, 65 വയസ്സ്, പത്തേമാരി ത്തൊഴിലാളി.

61. സിദ്ദിഖ്, കണ്ടത്ത് വീട്ടിൽ, മരക്കടവ്, പൊന്നാനി, 55 വയസ്സ്, മത്സ്യത്തൊഴിലാളി.
62. സിദ്ദിഖ്, കുറിയൻമാക്കാനകത്ത്, മരക്കടവ്, പൊന്നാനി, 68 വയസ്സ്, മത്സ്യ ത്തൊഴിലാളി.
63. സുഭദ്ര, പുത്തൂർവളപ്പിൽ, പൊന്നാനി, 67 വയസ്സ്.
64. ഹനീഫ ഗുരുക്കൾ, കോടിയിൽ വീട്, അയിലക്കാട്, എടപ്പാൾ, 50 വയസ്സ്, കളരി ഗുരുക്കൾ.
65. സി. ഹരിദാസ്, ചാലപ്പുറത്ത് വീട്, സ്വപ്ന, പൊന്നാനി, 75 വയസ്സ്, പൊന്നാനി മുൻ എം.പി., എം.എൽ.എ., മുൻസിപ്പൽ ചെയർമാൻ
66. ഹരിദാസൻ നമ്പൂതിരി, മഞ്ഞപ്പറ്റ മന, മേഴത്തൂർ, 72 വയസ്സ്, സ്വകാര്യസ്ഥാപനത്തിൽ ജോലി.
67. ഹംസ, കുഞ്ഞിമാക്കാനകത്ത്, മരക്കടവ്, പൊന്നാനി, 75 വയസ്സ്, മത്സ്യത്തൊഴിലാളി.
68. ഹംസ കെ, മയിലിശ്ശേരി വീട്, പൊന്നാനി, 74 വയസ്സ്, കച്ചവടം.
69. റഷീദ് കുമരനെല്ലൂർ,പുലാക്കൽ തെക്കേതിൽ, മോതൂർ, വട്ടംകുളം, 52 വയസ്സ്, മാപ്പിളകലാ പരിശീലകൻ.

# അനുബന്ധങ്ങൾ

# അനുബന്ധം -1

## പൊന്നാനിയിലെ വിവിധ സമൂഹങ്ങളുടെ പാട്ടുകൾ

### മണ്ണാർപാട്ട്

ആഴ്‌വാഞ്ചേരി മനക്കേന്ന്

അതാതു ജാതി പകുത്തിട്ട്

വാഴ് വതിലുള്ളൊരു വംശങ്ങൾ

മണ്ണാൻ വംശം ഞാനല്ലോ

പെരുവണ്ണാൻ വംശം ഞാനല്ലേ

ആടയലക്കു പിഴിച്ചിലുകൾ

അയ്യോ നമ്മുടെ തൊഴിലല്ലോ

നാനാ ജാതി കുളിക്കുന്നുള്ളൊരു

മാനാം പുഴയുടെ വക്കത്ത്

ഞാനിതൊരു വണ്ണാൻ പുഴവക്കിൽ

താനതു നിന്നങ്ങലക്കുമ്പോൾ

നെല്ലിനു പോകുന്ന കണ്ണാളസ്ത്രീ

തല്ലതു കേട്ടങ്ങു നിന്നല്ലോ

ചിരിച്ചു പറഞ്ഞാ കണ്ണാള സ്ത്രീ

ചിരിച്ചു കല്ലിന്നലക്കെടാ

മുട്ടുകൊടുത്തു ചരിച്ചട്ടലക്കിയാൽ

ചുട്ടന്ന് പോകും മുണ്ടിലെ ചളിയും മണ്ണും

ഒട്ടും മടിക്ക വേണ്ട കെട്ടുകളഴിക്കവേഗം

ചട്ടിയിൽ നീലവും കഞ്ഞി ചിട്ടയായ് പിഴിഞ്ഞു.

മുറ്റത്തും വെയിലത്തുമിട്ട് ഉണക്കിയിട്ടുണക്കാൻ

പട്ടുപോലെ മടക്കി ഞാൻ കൊട്ടുവടി കൊണ്ടടിച്ചിടും

ചേരാമൻ നാടുവാഴും തമ്പുരാന്റെ

ചേല ദൂരെ നിന്നു തൃപ്പടിന് മേൽ വച്ചു കൊടുത്തു

ഓടി വന്നു തമ്പുരാനും ആടയെടുത്തു
ആരുടെയലക്കിതെന്നു ചോദിച്ചു
ആരും അലക്കിതല്ല അടിയന്റെ അലക്കുതന്നെ
പാരിലുള്ള കണ്ണാള സ്ത്രീ പറഞ്ഞുതന്നു.

**പാണസമുദായത്തിന്റെ തുയിൽ ഉണർത്തു പാട്ട്**

നാഥാ നാഥാ തുയിലുണരേണം
അഴകൊടുനാഥാ തുയിലുണരേണ
സന്ധ്യയുമെപ്പെട്ടുനാളുകിൽ
അവരുടെ വാതിലടച്ചുതാ (നാഥാ...)
നാഴികാലേ മുപ്പതേ ഒരു
അഞ്ചര നാഴിക ചെല്ലുമ്പോൾ
മയ്യലുറക്കം തുകിൽ പാടുവാൻ
തിരുവരങ്കനു മിടകൊണ്ടേ (നാഥാ...)
കേട്ടല്ലോ കിടന്നാളമ്മ
ജ്യേഷ്ഠ ഭഗവതിയായവളെ
കേട്ടല്ലോ കിടന്നാളമ്മ
ലോകം വാഴും ശീപോതി (നാഥാ...)
ഉരുണ്ടു പിരണ്ട് എഴുന്നേറ്റമ്മ
അടുക്കളശാല അകം പൂക്കേ
വെള്ളിവിളക്കും പൊൻവിളക്കും
രണ്ടു വിളക്കുമെടുത്തിതാ (നാഥാ...)
വെള്ളി വിളക്കുകൊളുത്തിയമ്മ
പടിതിണ്ണമേൽ വെച്ചുതാ,
പൊൻവിളക്കു കൊളുത്തിയമ്മ
പൊന്നരശാലയിൽവെച്ചുതാ

വെള്ളി ചൂല് എടുത്തിട്ടമ്മ

അടുക്കള ശാല അടിക്കുന്നേ

അടിച്ചു തളിച്ചു വിളക്കു കൊളുത്തി

കണിയൊരുക്കുന്നു ശീപോതി

പൊന്നും കക്കരി പൊന്നും വെള്ളരി

മിന്നും മാതള നാരങ്ങ

മെത്തമേൽ കിടക്കും കൂറ

തട്ടി മടക്കി വെച്ചുതാ

ആൽവിളക്കൊടുകോൽ വിളക്കുമെ

മാടമ്പി നിലവിളക്ക്

കേഴും വിളക്കുണ്ടേ ആൽമണി വിളക്കുണ്ടേ

ആൽമണിവിളക്കുണ്ടേ

ആയിരത്തൊന്നു തിരിയെരിയുന്ന

കനകരത്ന വിളക്കുണ്ടേ

വിളക്കിന്റെ പേരെഴു ചൊല്ലി

വിളക്കേഴും തെളിച്ചുതാ

ഉണ്ണിയെ തയിലുണുക വേഗം

ഉലകുണ്ണി  നാഥാ തുയിലുണരാ

കടൽ വർണരെ തുയിലുണരാ ഹരി

ഇന്ദ്രാദികളെ തുയിലുണരാ  (ഇതുവരെ...)

**തിരുവോണപ്പാട്ട്**

തെക്കു തെക്കു തൃക്കാക്കരെ നല്ല
കണ്ണാന്തളി മതിലകത്തേ ദേവാ
തെക്കുന്ന് വടക്കോട്ടേയ്ക്ക് ഒരുങ്ങുന്ന
മഹാദേവൻ വരുമ്പോഴുതാ മാനുഷർക്കുള്ള
ദേവരും അലങ്കാരങ്ങളും.

ചിത്രമാനം ചെറുമുറ്റത്തെ കളമെഴുതി
പൂവിടുന്നേ മക്കളെന്നുള്ളവരെ നിങ്ങൾ
മനം കുളിരെ പൂവിടുക
ഭർത്താക്കന്മാരുള്ളവരെ നിങ്ങൾ
കോടിയാട പൂങ്ങീടുക മഹാദേവനെ
എഴുന്നെള്ളിച്ചാൽ ചന്തത്തിൽ കുറിയരച്ചു.
എടുക്കെട്ടിയണച്ചില്ലിട്ടെ നല്ല
പതിനാർ കെട്ടണിഞ്ഞും കൊണ്ടേ
നാഗക്കെട്ടണിഞ്ഞും കൊണ്ടേ പീഠക്കോൽ
എറിഞ്ഞും കൊണ്ടേ ആഴിവർണ്ണനെ
ഭാവിച്ചിട്ടേ നിറപറയും വിളക്കും വെച്ചുതാ
ആദിത്യനെ ഭാവിച്ചിട്ടേ ആവണപ്പലക
വെച്ചുതാ ഭൂമിദേവിയെ ഭാവിച്ചിട്ടേ
നല്ല നാക്കില സൂര്യം വെച്ചുതാ.
മഹാദേവനെ ഭാവിച്ചിട്ടേ മൻപിടിയാൽ
പിടിച്ചും വെച്ചുതാ അരിച്ചാന്തും
ചാറണിഞ്ഞ് ശിരസ്സിൽ ആണായ കുഞ്ഞി
അടയോടു പഴങ്ങൾ വെച്ചുതാ പുഷ്പ
ദളങ്ങളിട്ട് അലങ്കരിച്ചുതാ ഗണപതിയെ
ഭാവിച്ചിട്ടേ നാളികേരം വെട്ടിവെച്ചുതാ

വെട്ടിവെച്ചേ നല്ല അരിയിട്ട ലങ്കറിപ്പേ

ഉത്രാടം പാതിരായ്ക്ക് തിരുവോണം പുലരെ

കണ്ട്

എന്തെല്ലാം അലങ്കാരങ്ങളും കണ്ടിരുന്നു മഹാദേവരും

കണ്ണെഴുത്തും മൈലാഞ്ചിയുമേ പെൺപിള്ളേർക്കല

ങ്കാരങ്ങളും കൈക്കൊട്ടും പാട്ടും കളിപാട്ടും കളി

പെൺപിള്ളേർക്കലങ്കാരം ആണ്ട വില്ലും

ചെറുതുടിയുമേ ആൺപിള്ളേർക്കലങ്കാരങ്ങളു

പകിടകളിയൊടും ചതുരംഗമേ ആൺപിള്ളേ

ക്കലങ്കാരങ്ങളെ അലങ്കാരം പലതും കണ്ട്

ഹര ഇരുന്നേ മഹാദേവരും

## പത്തേമാരിപ്പാട്ടുകൾ

**1**

വഞ്ചിത്തൊഴിലാളികൾ ശറഫഞ്ചും പ്രധാനികൾ

മൊഞ്ചായുള്ള ജീവിതം മൊഞ്ചായുള്ള ജീവിതം

തഞ്ചത്തിൽ പൂർവികർ വഞ്ചിച്ചബർകൾ

കെഞ്ചി മുതലാളിമാരെ കൊഞ്ചിഅന്നാളുകൾ

വഞ്ചനയിൽ ഒന്നൊഴിവാക്കിയ പോർട്ട്

കാർഗോവർക്കേഴ്സ് യൂണിയൻ പതാക, യൂനിയൻ പതാക.

വഞ്ചിത്തൊഴിലാളർ വസിക്കുന്ന നാട്

കഞ്ചക തുറമുഖമാം കോഴിക്കോട്

പൊന്നാനിയും കാസർകോടും

പി.സി വർക്കേഴ്സ് സ്ഥാപിച്ച നാട്

പുഞ്ചിരിതൂകിയ പൂഞ്ചോലക്കാട്

പ്രവർത്തകർക്കുള്ള അലങ്കാരനാട്

പൂഞ്ചോല തൂകിയ പൂഞ്ചോലക്കാട്

ചെൻചുടൽകാട്ടിയ പോർട്ട് വർക്കേഴ്സുകാർക്കുള്ള

യൂനിയൻ പതാകയിതാ യൂണിയൻ പതാകയിതാ

മുതലാളി സ്രാങ്ക് ഖലാസി ഇവർ മൂന്നും

മര്യാദ ജീവിതം കൈക്കൊള്ളുവാനും

മുരടിട്ട പി.സി വർക്കേഴ്സ് പറയുന്നു

മൂടി തുറന്ന് പാടിയ ഞാനും

സ്തുതി ഇ.കെ പാടിയ പോർട്ട് വർക്കേഴ്സ്

കാർഗോ യൂണിയൻ പതാകയിതാ, യൂനിയൻ പതാകയിതാ.

**പത്തേമാരിപാട്ട് – 2.**

വഞ്ചിത്തൊഴിലാളികളെ ജയഭേരി പതാകാ

കരിഞ്ചന്തക്കാരെ പൂട്ടുവാൻ ഇനിമേൽ പതാക

ജോലി വിയർപാറും ജനം കൂലിശരിയായി വാങ്ങാൻ

കൂലിശരിയായി വാങ്ങാൻ

മേലിലിതാ ഈ ചെങ്കൊടി പതാകാ.

കടലോട് യുദ്ധം ചെയ്തൂടികിൻ മരണപ്പെടുവാൻ എളുപ്പം

മരണപ്പെടുവാൻ എളുപ്പം

അടരാടിടും തൊഴിലാളികളെ ജയഭേരി പതാകാ

കരിഞ്ചന്തക്കാരെ പൂട്ടുവാൻ ഇനിമേൽ പതാക.

മരണപ്പെട്ടൊഴിവോളം ആണ് മാർക്കിസക്കൊടിനീളം

സാക്ഷാൽ മാർക്കിസക്കൊടിനീളം

വഞ്ചിത്തൊഴിലാളികൾ ഐക്യം വേണം എന്നാലെ സൗഭാഗ്യം

വഞ്ചിയും മുതലാളിമാരുടെ നിർഭാഗ്യം

പി.സി വർക്കേഴ്സിൽ കണ്ട ചെറുസൗഭാഗ്യം

മരണപെട്ടൊഴിവോളം...

ആണ് മാർക്കിസക്കൊടി നീളം

ചോപ്പെന്ന കുട്ടിതത്ത ചിങ്കാരപാട്ടുകൾ

കേട്ടാൽ ചോപ്പോട് എതിർക്കുവാൻ വരേണ്ട പൊന്നിഷ്ടാ...

മരണപ്പെട്ടൊഴിവോളം... മാർക്കിസക്കൊടിനീളം

വരൂ വരൂ വഞ്ചിത്തൊഴിലാളികളെ അവകാശങ്ങൾ നേടാൻ

പി.സി വർക്കേഴ്സിന്റെ തണലിൽ അവകാശങ്ങൾ നേടാനായി

വരൂ വരൂ...

ജീവിത ജോലി സുരക്ഷിതമാക്കാൻ നമ്മുടെ നാടിൻ ഐക്യം വേണം

നല്ലവരായ തൊഴിലാളികളെ പി.സി വർക്കേഴ്സിൽ അണിഅണിയായി

വരൂ വരൂ....

പൈശാചികമാം വഞ്ചനവേലയെ എതിർക്കുക നാം അണിഅണിയായി

പരസ്യമായ ചൂഷണചരിതം ചെറുത്ത് നിൽക്കാൻ നാം അണി അണിയായി

ചേരുക നാം

വരൂ വരൂ....

**പത്തേമാരിപാട്ട് – 3.**

കേട്ടോളിം സോദരെ കൂട്ടർ പൊന്നാനി

സ്രാങ്കൻമാർ ചെയ്യും അന്യായമേ

ബന്ധുകുടുംബങ്ങളെ തോൽപ്പിച്ചവർ

സ്വത്തുണ്ടാക്കാനഹങ്കാരമേ

(കേട്ടോളീ)

സാരങ്ങൾ അധ്വാനഭാരങ്ങൾ ചേർക്കുന്നു

സാരമല്ലാത്ത മരങ്ങളും പേറുന്നു.

സ്രാങ്കൻമാർ മെത്തയിൽ ആനന്ദം കൊള്ളുന്നു.

തൊഴിലാളി എട്ടോളം തപ്പിട്ട് കോരുന്നു.

വെള്ളം വറ്റുന്നില്ല കണ്ടാലും സ്രാങ്ക് എണീക്കുന്നില്ല.

സ്രാങ്ക് പറഞ്ഞു മലപ്പക്ക് പോണെന്ന്

സാരമിൽ തൊഴിലാളി തെമ്മാനിളക്കുന്നു

സങ്കടത്താലെ കരക്കവൻ പോകുന്നു.

നാലുപേരും കൂടി ചുറ്റി നടക്കുന്നു.

കണ്ടല്ലോ ഈർച്ചപ്പൊടി അതുടൻ

കൊണ്ടല്ലോ സംഘം കൂടി.

സാരം പറയുവാൻ ഘോര സമുദ്രത്തിൽ

സാധുക്കൾ മുങ്ങി മഞ്ചിന്റടിവാരത്തിൽ

വിട്ടല്ലോ ഈർച്ചപ്പൊടി അതുടൻ

ചെന്നങ്ങ് ഓട്ടമൂടി

അന്ന് സുഖമായി ഊണു കഴിഞ്ഞ്

സന്ധ്യക്ക് പാവങ്ങൾ ഒന്ന് ചരിഞ്ഞ്

സുബഹിക്ക് തെങ്ങരക്കാറ്റു അണഞ്ഞ്

സ്രാങ്കിനെ നാട്ടിവിടി കൂട്ടമായ്

ആലാത്തി വേഗം പിടീ.

സാരം പറയുവാൻ സംഗതി ഏറെയുണ്ട്

സമ്പാദ്യം സ്രാങ്കിന്റെ തല്ലേറെ കൊണ്ട്

വാർത്താ ചുരുക്കിടുന്നു. ഞാനാദുഃഖം മറന്നിടുന്നു.

**പത്തേമാരിപാട്ട് –4.**

ആദിയായവൻ ഏകനാൽ പൊന്നാനിയിൽ നിന്നാണേ

ആശയാലെനിക്ക് കൊച്ചി പോകണ മെന്നാണേ

പൂതി മുൻകാലത്തതുണ്ട് പോയിടാൻ സാദിക്കകണ്ട്

മാതിരി ചിലരെയും കണ്ട് മട്ടവും ചോദിക്കലുണ്ട്

തഞ്ചമേറിയേ ഞാനും മഞ്ചികേറിയേ

ചെന്ന് ചാവക്കാടിറങ്ങി ഊണതും കഴിഞ്ഞേ

ചാവക്കാടെട്ടു മണി കമ്പനിയിലുദിച്ചെ

അപ്പോ ഇരഞ്ച് പേർ വന്നെന്നേയും വിളിച്ചു

ഉണ്ണി നിങ്ങളെ നാടെവിടെ

ഉടൻ പറഞ്ഞു ഞാനണ്ടത്തോട്

വന്നിരുന്നവനെന്റെ കൂടെ കിസ്സ ഓമാതിരിതരം

മോരെ ചോടെ കമ്പനീ തെറ്റി ഒടുവിൽ

ഞങ്ങളിരുത്തീ ചുറ്റിയതിനെല്ലനേരം

ഉണ്ട് ഫാഹിദോരെ

പൂരിതപ്പെട്ടുള്ള മഞ്ചലാൽ ഊതകേട്ടു ഞാനേ

മുട്ടി വേഗം മഞ്ചിൽ കയറി മൂന്ന് പേരല്ലാതെ

മറ്റുകാരെ കണ്ടു കൂടയും മറ്റുകര ഞാൻ കണ്ടപാടെ

കണ്ടു തനാതുരുത്തീ നാമം വിണ്ടയിടത്തുതുരുത്തീ

ഇടതുരുത്തിയിൽ ഇറങ്ങി ചായകുടിച്ചു

മഞ്ഞാനകമേ ഹിതംപോൽ ചായ

കുടിക്കാൻ തക്ക ഇടമില്ലാതെ ഉഴഞ്ഞേ

പതി കല്ലിക്കോട്ടെ മെയ്തീൻകോയ

അറിയാൻ കുറത്തെ അവർക്കും മറ്റു

സ്നേഹിതർക്കും സലാമത്തേകീടട്ടേ..

# ചിത്രങ്ങൾ

**മഹാശിലാസംസ്കാരത്തിന്റെ ശേഷിപ്പുകൾ**



ശിലാഗുഹ-ശുകപുരം ദക്ഷിണാമൂർത്തി ക്ഷേത്രപരിസരത്തുള്ളത്.



തൊപ്പിക്കല്ല് - പൊന്നാനിത്താലൂക്കിൽ നിന്നുള്ളത്

(ചിത്രങ്ങൾക്ക് കടപ്പാട്: മുഹമ്മദ് ഫസലു)



കുടക്കല്ല് - തവനൂർ പഞ്ചായത്ത് അന്ത്യാളംകുടം സ്കൂൾപരിസരത്തുനിന്നുള്ളത്



കുടക്കല്ല് -ആലങ്കോട് ഒരു സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ നിന്നുള്ളത്

# പൊന്നാനി പഴയ മത്സ്യബന്ധനത്തുറമുഖം





# പുതിയ മത്സ്യബന്ധനത്തുറമുഖം





# പുതിയ മത്സ്യബന്ധനത്തുറമുഖം





## കനോലികനാൽ







കനോലികനാൽ



അറബിക്കടലുമായി പൂക്കൈതപ്പുഴ
ചേരുന്ന ഭാഗം



പഴയ തുറമുഖത്തിന്റെ
അതിർത്തിക്കല്ല്

## പൊന്നാനി അങ്ങാടി



## കുറ്റിക്കാട് കണ്ണപ്പ് വാണിഭം



## കുറ്റിക്കാട് കണ്ണപ്പ് വാണിഭം





# കുറ്റിക്കാട് കണ്ണപ്പ് വാണിഭം





**കണ്ണേങ്കാവിൽ വാണിഭം**



**പാണ്ടികശാല**






## സെന്റ് ആന്റണീസ് ദേവാലയം




## കണ്ടകുറുമ്പക്കാവ് ക്ഷേത്രം



**തൃക്കാവ് ക്ഷേത്രം**



**ഗുജറാത്ത് സേട്ടുമാരുടെ ക്ഷേത്രം**



**ശുകപുരം ദക്ഷിണാമൂർത്തി ക്ഷേത്രം**




**പന്നിയൂർ വരാഹമൂർത്തി ക്ഷേത്രം**



## തോട്ടുങ്ങൽ പള്ളി





**തെരുവത്ത് പള്ളി**



**വലിയ ജുമാ അത്ത് പള്ളി**



## വലിയ ജുമാ അത്ത് പള്ളി ഉൾവശം







ഈ തൂക്കുവിളക്കിന് ചുറ്റുമിരുന്നാണ് പ്രാചീനകാലത്ത് വിളക്കത്തിരിക്കൽ ഡിഗ്രി സമ്പാദിച്ചിരുന്നത്

# വലിയ ജുമാ അത്ത് പള്ളി





**വലിയ ജുമാ അത്ത് പള്ളി**



**മിസ്‌രിപള്ളി**



**മിസ്‌രിപള്ളി**



**മഖ്ദൂമിയ അകത്തെപ്പള്ളി**



**മഖ്ദൂമിയ അകത്തെപ്പള്ളി**



**മൗനത്തുൽ ഇസ്ലാംസഭ**



## കിൽക്കട്ട ജാറം






**സൂറത്ത് ജാറം വെളിയങ്കോട്**





**യമനിലെ ഹളർ മൗത്തിൽ നിന്നും കൊണ്ട് വന്നതെന്ന് പറയുന്ന പിച്ചളയിൽ തീർത്ത വസ്തു**


**സൂറത്ത് ജാറത്തിലെ പൂർവ്വികർ യമനിലെ ഹളർ മൗത്തിൽ നിന്നും വരുമ്പോൾ കൊണ്ടുവന്ന അറബിഗ്രന്ഥം (കയ്യെഴുത്ത്)**



**കുഞ്ഞാറ്റബീവിയുടെ ജാറം**




## പള്ളികളുടെ വാതിൽപ്പുറങ്ങളിൽ എഴുതിയ അറബിലിപികൾ













**വെട്ടം പോക്കിയിയാനകം തറവാട്**




**കുഞ്ഞാറ്റബീവി**



**കാരക്കുന്നത്ത് തറവാട്**



**കസ്തൂർബാഗാന്ധി കാരക്കുന്നത്ത് തറവാട്ടിൽ വന്നപ്പോൾ ഉപയോഗിച്ച ചർക്ക**



## കോടമ്പിയകം തറവാട്




## ഹരിഹരമംഗലം വാരിയം



**തവനൂർ മന**



**കാട്ടുമാടം മന**



**വെള്ള ഗൃഹം**



**പുഴക്കര ചേന്നാസ് മന**



**പുളിയക്കോട്ട് കളരി**



**കൗട്യാമാക്കാനകം തറവാട്**



**അകങ്ങളുടെ ഉൾഭാഗങ്ങൾ - മത്തോക്ക്**




**കൊട്ടിൽ**



**പടാപ്പുറം**



**നാലകങ്ങളുടെ രൂപരേഖ**



**ഉറിയുണ്ടാക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിയ്ക്കുന്ന നായാടിസമൂഹം**



**കയർ നിർമ്മാണം**



**കയർ നിർമ്മാണം**





**കയർ നിർമ്മാണം**





**പൊന്നാനിയിലെ പുതിയാപ്ല സത്ക്കാരത്തിന്റെ വിഭവങ്ങൾ**



## പൊന്നാനിയിലെ അപ്പത്തരങ്ങൾ







**കരിങ്കാളി**





**പാന**





പൂതനും തിറയും




## പൂതനും തിറയും

മുഖം




ആട



നന്തുണി



## 1932ലെ പൊന്നാനി യൂണിയൻ പഞ്ചായത്ത് ബോർഡിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന്റെ നോട്ടീസ്



പൊന്നാനി,
4–6–32.


മാന്യ ബഹുജനങ്ങളെ!

പൊന്നാനി യൂനിയൻപഞ്ചായത്ത് ബോർഡിലേക്കു അംഗങ്ങളെ തിരഞ്ഞെടുത്തതിൽ നികൃഷ്ടവർഗ്ഗത്തിലെ പ്രതിനിധി എന്ന നിലയിൽ ചെറുമജാതകനായ എന്നെ തിരഞ്ഞെടുത്ത് നിശ്ചയിച്ചതിൽ എനിക്കുണ്ടായിട്ടുള്ള അതിരററബഹുമാനഭക്തി ഞാൻ ഇവിടെ വിനയപുരസ്സരം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു. ചെറുമകുലത്തിൽനിന്നു ഈ തരത്തിലുള്ള മഹാപ്രസ്ഥാനത്തിൽ പ്രാധിനിത്യം വഹിക്കുന്നതു നമ്മുടെ രാജ്യത്ത് ഇദം പ്രഥമമായിട്ടുള്ളതാകയാൽ ഞങ്ങളുടെ കുലത്തോടു സ്നേഹിക്കുന്ന എല്ലാമാന്യമഹാജനങ്ങളും എന്റെ നിശ്ചയത്തിൽ സന്തോഷിച്ചു പൊതുജനഗുണത്തിന്നായി പൊന്നാനി യൂനിയൻ പഞ്ചായത്ത്ബോർഡ് മുഖേന എന്റെ പ്രവൃത്തി ഗുണപ്രദമാക്കിത്തീർക്കുവാൻ എനിക്കു എല്ലാസഹായവും ചെയ്തുതരേണമെന്നു വിനയപുരസ്സരം അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്, വിനീതകുലജാതകനായ ചെറുമൻ.

കണക്കൻ കോത.

Ponani Press, Ponani.



പൊന്നാനി സർക്കിളിലെ വോട്ടർമാരോടു

ഒരഭ്യർത്ഥന.


മാന്യരെ,

അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ പൊന്നാനി സർക്കിളിൽ നിന്നു എന്റെ സ്നേഹിതന്മാരായ മെ: എൻ. പത്മനാഭമേനോൻ, കെ. വി. നൂർദ്ദീൻ എന്നിവർ സ്ഥാനാർത്ഥികളായിനില്ക്കുന്ന വിവരം നിങ്ങളും അറിഞ്ഞിരിക്കുമല്ലോ. പ്രസ്തുതരണ്ടുപേരും പൊതുജനങ്ങളുടെ പ്രതിനിധികളായി ബോർഡിൽ പോകുവാൻ പ്രാപ്തന്മാരും യോഗ്യന്മാരുമാണു. ബോർഡുകൾ പൊതുജനങ്ങളുടെ ക്ഷേമാഭിവൃദ്ധിക്കു ആവശ്യമായ കേവലം നാട്ടുകാര്യങ്ങൾമാത്രം പറയുവാനും നേടുവാനുമുള്ള സ്ഥാപനങ്ങളാണു. അങ്ങിനെയുള്ള കാര്യങ്ങൾ സാദ്ധ്യമാകുവാൻ നല്ല പ്രാപ്തന്മാരേയും സമർത്ഥന്മാരേയും തിരഞ്ഞെടുത്തയക്കുകയാണ് നമ്മുടെ ചുമതല. ഇതു മതകാര്യമല്ലാത്തതുകൊണ്ടു, ഹിന്തുവെന്നോ മുസ്ലിമെന്നോ നോക്കേണ്ടതില്ലതന്നെ. ഇപ്പോൾ സ്ഥാനാർത്ഥികളായി നില്ക്കുന്നവരിൽ മേൽപ്പടി രണ്ടുപേരും നമ്മുടെ പ്രതിനിധികളാകുവാൻ എല്ലാംകൊണ്ടും യോഗ്യന്മാരായതുകൊണ്ടു, നിങ്ങളുടെ വോട്ടുകൾ രാജ്യത്തിന്റെ ക്ഷേമൈശ്വര്യത്തെ ഓർത്തു അവർക്കുകൊടുക്കുവാൻ ഞാൻ നിങ്ങളോടു അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്നു,

പൊന്നാനി, 14–10–32 } വലിയജാറത്തിങ്ങൽ സെയ്യിദ് അഹമ്മദ് ബിൻ അലീ ഹൈദ്രോസ് പൂക്കോയതങ്ങൾ (ഒപ്പ്)

Ponani Press, Ponani.



L. No. 15/32.


ഒരു അറിയിപ്പ്.

മാന്യരെ.

താലൂക്കു ബോർഡിലേക്കും, ഡിസ്ട്രിക്ട ബോർഡിലേക്കുമുള്ള വോട്ടർമാരുടെ കരട് ലീസ്റ്റ് ഇതാ പുറത്തായിരിക്കുന്നു. വല്ലവരുടേയും പേര് ചേർക്കുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ വരുന്ന ആഗസ്റ്റ 7–ാംനു-ക്കകം ആക്ഷേപിച്ചു ലീസ്റ്റിൽ ചേർപ്പിക്കാവുന്നതാണ്. പുതിയ ഭേദഗതി ആക്ടപ്രകാരം ഒരണ നികുതി കൊടുക്കുന്നവർക്കുകൂടി വോട്ടറാകുവാൻ അവകാശമുണ്ടു. ആക്ഷേപത്തിന്നുള്ള ഫോറങ്ങൾ പഞ്ചായത്തു ആപ്പീസിൽ നിന്നോ വോട്ടർ സംഘം ആപ്പീസിൽ നിന്നോ ആവശ്യക്കാർക്കു വെറുതെ കിട്ടുന്നതാണ്. അതുകൊണ്ടു വോട്ടർമാർ അവരുടെ പേര് വിട്ടിട്ടുണ്ടെങ്കിൽ ആക്ഷേപിച്ചു ഉടനെ പേര് ലീസ്റ്റിൽ ചേർപ്പിക്കേണ്ടതാണ്.

പൊന്നാനി, 13–7–'32. } സെക്രട്ടെരി, വോട്ടർസംഘം.

പൊന്നാനി പ്രസ്സ്, പൊന്നാനി.



പൊന്നാനി യൂനിയൻ പഞ്ചായത്ത്.

5–ാം വാർഡ്.


പോളിംഗ് സ്റ്റേഷൻ: യൂനിയൻ ആഫീസ്

മാന്യരെ,

നിങ്ങളുടെ വിലയേറിയ വോട്ട് എനിക്കുതന്നു (ബോക്സ് പെട്ടിയിലിട്ടു) എന്നെ സഹായിക്കുവാൻ സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

എന്നു, വിനീതവിധേയൻ,
കെ. വി. നൂറുദ്ദീൻകുട്ടി

**1930 ജൂലായ് മാസം പൊന്നാനിയിൽ ചേർന്ന ബ്രിട്ടീഷ് അനുകൂലികളുടെ യോഗത്തിന്റെ നോട്ടീസ്**



# NOTICE.

It is proposed to hold a public meeting at the ware-house of Mr. [redacted] of Ponani Town, opposite the Taluk office, at 4-30 p. m, on Saturday, the 26th July 1930 to give expression to our feeling of loyalty to the British Throne, to welcome the announcement of the 9th July 1930 of His Excellency the Viceroy and to condemn the Congress activities in connection with the Civil disobedience movement and also to formulate steps for combating the movement and for thanking His Excellency the Viceroy for the sympathetic and sincere attitude taken by him in the matter of Indian National Aspirations.

The undersigned request the public of Ponnani and neighbouring places to attend the meeting in large numbers.

[redacted] Averga' has kindly consented to preside.

# നോട്ടീസ്.

നമ്മുടെ ബ്രിട്ടീഷകോയ്മയോട്ട നമുക്കുള്ള വാത്സല്യപൂർവ്വമായ രാജഭക്തിയെ പ്രദർശിപ്പിപ്പാനും, ബഹുമാനപ്പെട്ട ഇന്ത്യാ വൈസറോയി അവർകളുടെ 1930 ജൂലായി 9 ാംനു-ത്തെ പ്രഖ്യാപനത്തെ സഹൃദയം അഭിനന്ദിപ്പാനും, ഇന്ത്യക്കാരുടെ അഭ്യുദയകാംക്ഷയിൽ അദ്ദേഹത്തിനുള്ള ദയാപൂർവ്വവും നിഷ്കളങ്കവുമായ അഭിരുചിക്കു അദ്ദേഹത്തോട്ട നമുക്കുള്ള നന്ദിയെ കാണിപ്പാനും, ഇപ്പോഴുള്ള സിവിൽ നിയമലംഘനപ്രസ്ഥാനത്തെ ബഹിഷ്കരിപ്പാനും, ഇന്ത്യൻ കാൺഗ്രസ്സുകാരുടെ ന്യായരഹിതമായ പ്രവൃത്തികളെ അധിക്ഷേപിക്കുവാനും, വേണ്ടുന്നതു ആലോചിപ്പാനായി 1930 ജൂലായിമാസം 26-ാംനു ശനിയാഴ്ച വൈകുന്നേരം 4½ മണിക്കു പൊന്നാനി താലൂക്കുകച്ചേരിയുടെ മുൻവശത്തുള്ള മിസ്റ്റർ [redacted] പാണ്ടികശാലയിൽവെച്ചു ഒരു പൊതുജനയോഗം കൂടുവാനായി തീർച്ചപ്പെടുത്തിയിരിക്കയാൽ തദവസരത്തിൽ തദ്ദേശിയർ എല്ലാവരും വന്നുചേരുവാൻ താല്പര്യപ്പെടുന്നു.

[redacted] അവർകൾ സഭാനാഥനായിരിപ്പാൻ സദയം സമ്മതിച്ചിട്ടുണ്ടു.